Q 2:495
32 E7

MUL
034792

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number Q2:495

Accession Number 34792. 32E7

Available for loan from

This book should be returned on or before the date last marked below.

23 DEC.

061



# കാവേരിമാഹാത്മ്യം.

---

ഗ്രന്ഥകർത്താവ്
കടീയാക്കുളത്ത് ശ്രുപ്പുമേനോൻ.

---

പ്രസാധകൻ
കെ. എൻ. കൃഷ്ണയ്യർ,
കുത്തനൂർ—പാലക്കാട്.

[രണ്ടാം പതിപ്പ്]

1092

(Copy-right)

---

PRINTERS:
THE MANGALODAYAM CO., LTD.,
TRICHUR.

[... 1—4—0]    [വില ക. 1—4—0]

Q2:495
~~Q 210 ʊ 216:3155~~
32E7

34792
Q2:495
32 E7
UNIVERSITY ... 2 DEC 1926

ശ്രീമദ്ധേമാംബികായൈ നമഃ.

# കാവേരീമാഹാത്മ്യം.

---

ഷൾപദമുഖരിതഗണ്ഡംകോടിരഭരാവബദ്ധശശിഖണ്ഡം
പ്രണമതവാരണതുണ്ഡംപദകമലപ്രണതസകലസുരഷണ്ഡം.

ദോൎഭിൎയ്യുക്താ ചതുൎഭിസ്ഫടികമണിമയീമക്ഷമാലാന്ദധാനാ
ഹസ്തേനൈകേനപത്മംസ്ഥിതമപി ചശുകം പുസ്തകഞ്ചാപ
ഭാസാകുന്ദേന്ദുശംഖസ്ഫടികമണിനിഭാഭാസമാനാസമാനാ
സാമേവാഗ്ദേവതേയംനിവസതുഹൃദയേ സൎവ്വദാസുപ്രസന്നാ.

സൎവ്വകല്യാണനിലയേ സ്വസ്തിശ്രീസ്വരൂപിണി
ശൎമ്മാന്ന്യേമഹാദേവി കാവേൎയ്യംബനമോസ്തുതേ.

ശ്രീഗോവിന്ദായനമോനാരായണായനമഃ ശ്രീഗോവിന്ദായനാമോനാരായണായനമഃ * ശ്രീഗോവിന്ദായശ്രീനാരായണായാനന്തായ ശ്രീഗോവിന്ദായമഹാവിഷ്ണവേനമോസ്തുതേ * ഗോവിന്ദൻതിരുവടിതിരുനാമങ്ങൾപാടി ഗോവിന്ദൻകനിവിനുപാത്രമാംകിളിപ്പെണ്ണേ * ഗോവിന്ദൻപ്രസാദിപ്പാനുള്ളൊരുസാരധൎമ്മം ഗോവിന്ദഗുണമറിട്ടുനീചൊല്ലീടേണം * ഗോവിന്ദപ്രിയയായപൈങ്കിളിപ്പൈതൽതാനും ഗോവിന്ദധ്യാനത്തോടെചൊല്ലുവാൻതുടങ്ങിനാൾ * ഗോവിന്ദസ്വസ്രീയനാംശ്രീമഹാഗണേശനും ഗോവിൻദേവതാപത്മസംഭവപുരന്ധ്രിയും * ഗോവൃന്ദംമേച്ചുവൃന്ദാവനത്തിൽക്കളിച്ചോരു ഗോവിന്ദൻനന്ദൻതന്റെനന്ദനൻശ്രീകൃഷ്ണനും * ഗോവിന്ദൻതന്നെയവതരിച്ചവേദവ്യാസൻ ഗോവിന്ദഭക്തൻകവിസത്തമൻവാല്മീകിയും * ഗോവൃന്ദാരകന്മാരുംരാഘവാചാൎയ്യേന്ദ്രനും ഗോവിന്ദാചാൎയ്യർതാനുമുള്ളപ്പോൾവന്ദിക്കുന്നേൻ * കല്യാണംനി

ങ്ങൾക്കെല്ലാംവന്നീടുംമേല്ക്കുമേലേ കല്യമാംധൎമ്മസാരംകേൾ
പ്പാനിച്ഛിക്കയാലേ * ചൊല്ലുവാൻപാണ്ഡിത്യംമേമതിയല്ലെ
ന്നാകിലും ചൊല്ലുള്ളോർചൊല്ലീടേണമെന്നുചൊല്ലുകയാലും *
നല്ലലോകോപകാരകാരകമാകയാലും ചൊല്ലുന്നേൻമഹാജ
നംക്ഷമിച്ചുകൊള്ളേണമേ * വല്ലഭംവാക്കിങ്കലേറീടുന്നവിദ്വജ്ജ
നം വല്ലായ്മസഹിച്ചെങ്കൽപ്രീതിപൂണ്ടരുളേണം * ശ്രീഗുരുശ്രീ
പാദാരവിന്ദകാരുണ്യാമൃത സാഗരമദ്ധ്യത്തിങ്കൽസാനന്ദംവാ
ഴുന്നുഞാൻ * ശ്രീകരംദീൎഘായുഷ്യംയശസ്യംസുകൃതങ്ങൾക്കാ
കരംധൎമ്മസാരംചൊല്ലുവൻകേട്ടുകൊൾവിൻ: * ധൎമ്മിഷ്ഠന്മാ
രിൽമുമ്പൻനിചുളാപുരാധിപൻ ധൎമ്മവൎമ്മാവെന്നൊരുരാജൎഷി
ശ്രേഷ്ഠൻമുന്നം * നിൎമ്മലൻഭാഗവതമുഖ്യൻശ്രീദാൎഭ്യൻതന്നെ
സ്സമ്മദാന്വിതൻനമസ്കരിച്ചുചോദ്യംചെയ്താൻ * ഭഗവൻമ
ഹാമതേജനങ്ങളെല്ലാവൎക്കും സുഖവുംസൽപുത്രരുംസമ്പത്തുംദീ
ൎഘായുസ്സും * സകലമാകുംവണ്ണമുണ്ടാവാനെന്തുപായം നിഖി
ലപാപങ്ങളുമെങ്ങിനെയകന്നീടു * ശ്രീപതിപാദഭക്തിയെ
ങ്ങിനെയുണ്ടായ്വരു ശ്രീപത്മനാഭനെന്തുധൎമ്മത്താൽപ്രസാദി
പ്പൂ * പാപമേറീടുംകലിയുഗത്തിൽവിശേഷിച്ചും പാപിഷ്ഠ
ന്മാൎക്കുപാപശാന്തിയെങ്ങിനേവരു * എന്നിവയെല്ലാമരുൾ
ചെയ്യേണംശ്രീമൽഗുരോ സന്ദേഹംതീൎന്നീടുമാറനുകമ്പാംബു
രാശേ * എന്നതുകേട്ടുദാൎഭ്യൻബ്രാഹ്മണകുലോത്തംസൻ മന്നവ
നോടുചിരിച്ചരുളിച്ചെയ്തീടിനാൻ * നന്നെടോനിന്റെചോ
ദ്യംഭക്തിവൎദ്ധനമേററം നന്ദനന്ദനകഥാശ്രവണശ്രദ്ധാദൃതം *
തദ്വൽ ചൊല്ലുവൻകുംഭസംഭവനോടുപണ്ടി യൎത്ഥത്തെത്തന്നെ
ചോദിച്ചീടിനാൻഹരിശ്ചന്ദ്രൻ * ഉത്തമനായമുനികുരുക്ഷേത്ര
ത്തിങ്കനു സത്തുക്കൾസമക്ഷമേയവനോടരുൾചെയ്താൻ * അ
ക്കഥാസാരംചൊല്ലുന്നുണ്ടുഞാൻനൃപാധിപ സല്ക്കഥചൊല്ലീ
ടിലുംകേൾക്കിലുമവിളംബം * അൎക്കനെക്കണ്ടതമസ്സെന്നതു
പോലെനീങ്ങും ദുഷ്കൃതമത്രയല്ലപുണ്യവുംവൎദ്ധിച്ചീടും * ശ്രീമാ
നാംഹരിശ്ചന്ദ്രമന്നവനയോദ്ധ്യയിൽ സീമാതീതാനന്ദേനവാ

ണീട്ടംകാലംപുരാ * ഭൂമിയിലേററംപുണ്യസ്ഥലമാംകുരുക്ഷേ
ത്രേ ഭൂമിനായകൻയജ്ഞനത്തിനായ്ച്ചെന്നീടിനാൻ * അവി
ടെശ്ശൌനകാദിമാമുനീന്ദ്രന്മാരെക്കണ്ടവനീശ്വരൻ വിനയാ
നമിതംവണങ്ങിനാൻ * അവനെക്കണ്ടുമോദാൽസത്യവാദിക
ളാംയോ രവരുംയഥോചിതമരുളിച്ചെയ്തൊരേവം * സ്വാഗതം
തവമഹാരാജേന്ദ്രശിവാമന്നേ ഭാഗവതന്മാരിൽവെച്ചുത്തമോ
ത്തമപ്രഭോ * ലോകരെധൎമ്മത്തോടെപാലിച്ചീടുന്നതല്ലീ ലൌ
കികപ്രധാനരാജ്യത്തിലുംപുരത്തിലും * ഭണ്ഡാരത്തിലുംചതുരം
ഗമാംബലത്തിലും പണ്ഡിതാവതംസമേകുശലമല്ലീസദാ * ച
ണ്ഡാരിഷഡ്വൎഗ്ഗമശ്ശേഷംവിനിൎജ്ജിതമല്ലീ പണ്ഡിതോത്സാഹമ
ല്ലീതൽബന്ധുകദംബവും * മിത്രങ്ങളുംബന്ധുക്കളെന്നിവരെയ
നാരതമൈത്രയും സുഖത്തോടെരക്ഷിച്ചീടുന്നതല്ലീ * ധാത്രി
യിൽഷൾഭാഗവുംവാങ്ങിരക്ഷിച്ചീടാത ധാത്രീശൻബ്രഹ്മകല്പം
മുഴുവൻകഴിവോളം* നരകങ്ങളെബ്ഭുജിച്ചിട്ടുമ്ലേച്ഛയോനിയിങ്കൽ പ
രിതാപേനജനിച്ചീടുമെന്നാകയാലേ * ധരണീസുരന്മാരില
ധികഭക്തിപ്പൂവം ധരണീതലംപരിപാലിച്ചധൎമ്മത്തോടും * ഇ
ന്ദ്രിയജയംകീൎത്തിസന്തതിദീൎഘായുസ്സുമൈശ്വൎയ്യവും ഭവാൻ
നിയതംപ്രാപിച്ചാലും * ബ്രഹ്മണ്യനല്ലോഭവാൻപുണ്യശ്ലോ
കാഗ്രഗണ്യൻ ബ്രഹ്മജ്ഞൻസുധീശമദമവാൻവദാന്യേശൻ *
സജ്ജനശ്ലാഘനീയൻമൂന്നുലോകത്തിങ്കലുമിജ്ജനം വിശേഷിച്ചു
ചൊല്ലുവാനെന്തുള്ളതും * ഇത്തരംചൊല്ലിബ്രഹ്മൎഷിസ്സരമാതി
ഥ്യവുമുത്തരംചെയ്തുപീഠം സത്വരംനല്കീടിനാർ * ഇരുന്നുഹ
രിശ്ചന്ദ്രൻനിറഞ്ഞഭക്തിയോടും വിരഞ്ഞുതൊഴുതവരോടുണ
ൎത്തിച്ചീടിനാൻ * ധന്യധന്യന്മാരായനിങ്ങളെക്കാൺകയാലെ
ധന്യനായ്കൃതാൎത്ഥനായ്ശുദ്ധനായ്വന്നേനഹം * എന്നാലുമ
റിവതിന്നൊന്നുചോദിച്ചീടുന്നേനെന്നോടുപരമാൎത്ഥമരുളിച്ചെ
യ്തീടേണം * വന്ദാരുമന്ദാരന്മാരായനിങ്ങളെക്കണ്ടു വന്ദിപ്പാനി
വിടേക്കുവന്നതെന്നറിഞ്ഞാലും * സംസാരസാഗരത്തെക്കട
പ്പാനെന്തുപായം പുംസാംസതഭക്തിമുക്തിരണ്ടുമെങ്ങിനെവരു*

വംശായുൎയ്യശസ്സുകളെങ്ങിനെവൎദ്ധിച്ചീടു കംസാരിനാരായണന്നെ
ന്തൊന്നാൽപ്രസാദിപ്പു * നിശ്ചയിച്ചുള്ളിൽപരമാത്മാവാംധ
ൎമ്മസാരം വിശ്വസിച്ചടിയനോടരുളിച്ചെയ്യേണമേ * നൃപതി
തിലകനോടന്നേരംമുനീന്ദ്രരും കൃപയാലരുളിനാരത്ഭുതംനി
ന്റെചോദ്യം * ധൎമ്മതല്പരനായനിന്നോടുതത്വാത്മാവാം ധ
ൎമ്മസാരത്തെച്ചൊല്ലാംകേട്ടുകൊണ്ടാലുമെങ്കിൽ * അശ്വ
മേധത്താൽബ്രഹ്മഹത്യാദിപാപമെല്ലാം നിശ്ശേഷംനീങ്ങിഭു
ക്തിമുക്തികൾസിദ്ധിച്ചീടും * വിശ്വനായകൻമഹാവിഷ്ണുവും
പ്രസാദിക്കും വിശ്വത്തിലത്യുൽകൃഷ്ടംമംഗലംമഹായജ്ഞം *
എങ്കിലോയജ്ഞംചെയ്യിച്ചീടുവാൻനിങ്ങൾക്കുള്ളി ലെങ്കൽകാരു
ണ്യമുണ്ടാകേണമേയെന്നുമെല്ലാം * തങ്ങളിൽചൊല്ലുന്നേരമ
വിടേക്കെഴുന്നെള്ളി മംഗലാത്മാക്കളായമാമുനിശ്രേഷ്ഠരെല്ലാം *
നൈമിശാരണ്യസ്ഥലത്തിങ്കന്നുപുറപ്പെട്ടു താമസഹീനംപൌ
രാണികനാംസൂതനോടും * വസിഷ്ഠൻവാമദേവൻകാശ്യപൻ
ജാബാലിയും പ്രസിദ്ധൻഭൃഗുവിശ്വാമിത്രനുംദുൎവ്വാസാവും * വീ
തിഹോത്രനുമത്രിമതംഗൻഹരിതനും പൂതനാംമാൎക്കണ്ഡേയൻ
ഗാലവൻകണ്വാൎത്താനും. * യാജനുമുപയാജനസിതൻസ്തുതൻ
ഭരദ്വാജൻഗൌതമൻപൈലൻവ്യാസനുംപരാശരൻ * മുൽ
ഗനുംശതാതപൻകവഷൻവാല്മീകിയും മൌൽഗല്യനഗസ്ത്യനും
വാരുണൻമതംഗനും * ജാതൂകൎണ്ണനുംശതാനന്ദനുംസുതീക്ഷ്ണ
നും പ്രീതൻശാശ്വതൻസത്യതപസ്സുംസത്യവ്രതൻ * ധൌ
മ്യൻനാരദൻകാമാസുരികാളിന്ദനും ധൂമകേതുവുംമധുഹാശ്ര
യൻമാണ്ഡവ്യനും * ഉചത്ഥ്യൻഗതക്ഷയൻഹോതാപുഞ്ജലാ
പ്ലവൻ പ്രശസ്തനായഗൃത്സമദൂൎദ്ധ്വരേതസ്സുശംഖൻ * യാജ്ഞ
വല്ക്യനുംമഹാതേജസ്സുംലിഖിതനും യജ്ഞകേതുവുംബോ
ധായനനുംമഹാക്രതു * പുലസ്ത്യനാപസ്തംബനാശ്വലായനൻ
രൈഗൻ പുലഹൻബഭ്രുയജ്ഞാശിയുംമരീചിയും * ഇത്യാദി
മറ്റുംമഹാത്മാക്കളാംമുനീന്ദ്രരും സിത്യനിഷ്ഠന്മാരായശിഷ്യരും
പ്രശിഷ്യരും * അബ്ഭക്ഷന്മാരാം ചിലർവായുഭക്ഷന്മാർ ചില

DEC 19..

തപ്പോലെമൂലഫലാശനന്മാരായും ചിലർ * ഗൃഹസ്ഥന്മാരാം
ചിലർ വാനപ്രസ്ഥന്മാർ ചിലർ മഹത്വമേറും സന്ന്യാസികളായ്
മററും ചിലർ * കായേന വാചാ ലോകാനുഗ്രഹ കൎത്താക്കളായ്
ന്ന്യായശാസ്ത്രാൎത്ഥപ്രവൎത്തകന്മാരായേ നിത്യം * വേദവേദാം
ഗോപാംഗസ്മൃതിവേദാന്തതത്വ വേദികൾ വിഷ്ണുഭക്ത്യാവേധ
സാത്സമാനന്മാർ * മാധവപ്രിയന്തുലാകാവേരിമാഹാത്മ്യ
ത്തെ ശ്രോതുകാമന്മാരായേ ലോകാംലക്ഷയത്തിനായ് * കുരുക്ഷേ
ത്രത്തിങ്കൽ വാണീടുന്ന മുനീന്ദ്രന്മാർ തെരിക്കെ ന്നതിരേററുപൂജി
ച്ചുയഥാന്ന്യായം * കുശലപ്രശ്നങ്ങളും ചെയ്തിതന്ന്യോന്ന്യം മുദാ വിശ
ദാനന്ദങ്ങളിലിരുന്നുയഥാസുഖം * അവരെക്കണ്ടുഹരിശ്ചന്ദ്ര
ന്മേറാം തെളിഞ്ഞവനീതലേവീണു നമസ്കാരം ചെയ്താൻ *
ആനന്ദാശ്രുക്കളോടും തൊഴുതുതൊഴുതുടൻ മാനനീയന്മാർത
ന്നോടീവണ്ണമുണൎത്തിച്ചാൻ * ഇന്നു മാമകജന്മം സഫലമായിവ
ന്നിതിന്നു വന്നിതു മമവംശവും വിശുദ്ധമായ് * ഇന്നു തൃപ്തിത
ന്മാരായ്വന്നിതു പിതൃക്കളുമിന്നു സാഫല്യം വന്നു മാമകകലത്രത്തി
നും * ഇന്നു പൂജിതനായ വിഷ്ണുവും പ്രസന്നനാ യിന്നു നിൎണ്ണയം
കൃതകൃത്യനായ്വന്നു ഞാനും * മന്നവാധമൻ മൂൎഖനൈശ്വര്യ
മത്ത ചിത്തൻ മന്ദനാമിനിക്കിന്നു നിങ്ങളെക്കാണുമാറായ് *
വന്നതു നിരൂപിച്ചാലെത്രയുമത്യത്ഭുതം മുന്നം ചെയ്തോരുതപഃ
ഫലമെന്നതേവേണ്ടു * ധന്ന്യന്മാരായ നിങ്ങളെങ്ങളിൽപ്ര
സാദിക്കിൽ പിന്നെയെന്തുള്ളു ലോകം മൂന്നിലുമലഭ്യമായ് *
എന്നെല്ലാം ചൊല്ലിവണങ്ങീടുന്ന ഹരിശ്ചന്ദ്രൻ തന്നോടായരുൾ
ചെയ്തു മുനിസത്തമന്മാരും * മന്നവർമൌലിമാണിക്യക്കല്ലേ! ഹ
രിശ്ചന്ദ്ര! നന്നെടോ! വിഷ്ണുഭക്തപ്രവര! നിന്റെ വാക്യം * വസി
ഷ്ഠശിഷ്യനായ നിനക്കു നിരൂപിച്ചാൽ വിശിഷ്ടഫലം മററുഞങ്ങ
ളാലെന്തുള്ളതും * വിശുദ്ധാസനത്തിന്മേലിരിക്കെന്നൊരു പീ
ഠം പ്രസിദ്ധനായനൃപനവരും നൽകീടിനാർ * വസിഷ്ഠാനു
ജ്ഞാപൂൎവ്വമിരുന്നാനേരം തത്ര വസിക്കുമവരോടു ശൌനകൻ ചൊ
ല്ലീടിനാൻ * യശസ്വീ ഹരിശ്ചന്ദ്രനശ്വമേധാഖ്യമാകും പ്രശ

സ്ഥാദ്ധ്വരംചെയ്വാനുദ്യോഗിച്ചിരിക്കുന്നു * നിങ്ങളുംയദൃച്ശയാവ
ന്നിതിന്നാകയാല്ല യെങ്ങിനെചെയ്യിക്കേണമവനെക്കൊണ്ടു
യജ്ഞം * അങ്ങിനെകേട്ടനേരം നാരദനഗസ്ത്യനുമിങ്ങിനെ
ചൊന്നാരിതുകേൾക്കേണമെന്നാകിലോ * രാജശേഖരൻമ
ഹാപ്രാജ്ഞനെത്രയും ദമഭാജനൻജിതേന്ദ്രിയൻബ്രാഹ്മണപ്രി
യതമൻ * വാജിമേധത്തിന്നിവൻയോഗ്യനെന്നിരിക്കിലും രാ
ജമാനനാംവിശ്വാമിത്രന്റെകടംകൊണ്ടു * പേടിച്ചുമഹാര
ണ്യമോടിച്ചെന്നകംപുക്കു പീഡിച്ചുകണ്ണുനീരും ചാടിച്ചുസത്യ
വ്രതൻ * പട്ടിണിതിട്ടുകഷ്ടപ്പെട്ടൊന്നുംകിട്ടാഞ്ഞുള്ളം മുട്ടിൽ
പെട്ടന്നുഞെട്ടിക്കാട്ടിൽസഞ്ചരിക്കുമ്പോൾ * കിന്ദമൻതപസ്സ
ചെയ്തിരിപ്പേടത്തുചെന്നു സന്നാമംചെയ്തീടാതെനിന്നിതുദൈവ
യോഗാൽ * ശ്രാന്തനാംനൃപൻതന്നെഭ്രാന്തനെപ്പോലെകണ്ടു
ശാന്തനാംമുനീന്ദ്രനുംസ്വാന്തത്തിൽനിരൂപിച്ചാൻ * ഇപ്രപ
ഞ്ചത്തിലോക്കിൽസൽപ്രഭുഹരിശ്ചന്ദ്രൻ സുപ്രഭൻജിതേന്ദ്രി
യൻവിപ്രപൂജകൻനിത്യം * ഇന്നെന്നെപ്പൂജിച്ചീടായുന്നതെ
ന്തെന്നുശങ്കിച്ചുനാതതപോധനൻ തന്നുള്ളിൽധ്യാനിച്ചുടൻ *
വിശ്വാമിത്രന്റെവാക്യംവിശ്വവുമെന്നുകണ്ടു വിശ്വൈകധ
ന്യൻതങ്കൽവിശ്വാസദയാന്വിതം * അവധാനംചെററില്ലി
യവനീശനുനമുക്കവമാനവുമല്ലെന്നവധാരണം ചെയ്താൻ *
ഇപ്രകാരത്തിൽവന്നവിപ്രാവമാനദോഷം സപ്രായശ്ചിത്തംമു
മ്പിൽക്ഷിപ്രംനീക്കിടുകിലെ * യജ്ഞനാഥത്വമുള്ളസുജനത്തി
നുമേവം വൃജിനംവരുംവിപ്രഭഞ്ജനംചെയ്യായ്കിലോ * വാങ്മ
നഃകായങ്ങളിലൊന്നിനാലൊരുനേരം ബ്രാഹ്മണൻതന്നെയവ
മാനംചെയ്തീടുന്നവൻ * വേഗത്തിലൈശ്വര്യവുമായുസ്സുംനശി
ച്ചതി ശോകത്തോടധഃപതിച്ചീടുംതൽപിതൃക്കളും * അറി
യാഞ്ഞാകിൽപ്രായശ്ചിത്തംകൊണ്ടൊടുങ്ങീടു മറിഞ്ഞുചെയ്തീ
ടുകിൽബ്രഹ്മരക്ഷസ്സാംധ്രുവം * കാവേരീസ്നാനംതുലാമാസത്തി
ലൊരിക്കലുമേവംനർമ്മദാസ്നാനം വൈശാഖമാസത്തിങ്കൽ *
മേഷത്തിൽദിവാകരൻനില്ക്കുന്നാളിലുംചെയ്കിൽ ദോഷങ്ങൾ

നീങ്ങിയജ്ഞത്തിന്നധികാരമുണ്ടാം * നിശ്ശേഷതീർത്ഥങ്ങളുമ
ണ്ടഃല്ലാവിശേഷിച്ചു നിശ്ചയംതുലാമാസേകാവേരിനദിയി
ങ്കൽ * സ്നാനംചെയ്യുവക്കെല്ലാദോഷവുംപോക്കുമവൾ സാന
ന്ദമിഷ്ടാർത്ഥത്തിൻപരിപൂർത്തിയുംനൽകും * സർവ്വയജ്ഞങ്ങളു
ടെഫലവുംദാനംചെയ്യു മവ്വണ്ണംതന്നെമോക്ഷംമുമുക്ഷുജനത്തി
നും * പരിശുദ്ധങ്ങളായലോകങ്ങളിരേഴിലു മറുപത്താറു
കൊടിത്തീർത്ഥമുള്ളവയെല്ലാം * തങ്ങൾക്കുള്ളൊരുപാപംപോ
ക്കുവാൻകാവേരിയിലിങ്ങുവന്നിടുംതുലാമാസത്തിൽ സ്നാനാർത്ഥ
മായ് * ആരാൽവർണ്ണിക്കാവതുകാവേരീമാഹാത്മ്യംതാനോരാ
തെ ശേഷൻതന്നെമുഖമായിരംകൊണ്ടും * പാരാതെവർണ്ണി
ക്കിലുംപതിനായിരംവർഷം പോരായെന്നതുന്യൂനമില്ലസംശയ
മേതും * മൂന്നഹോരാത്രൌതുലാമാസത്തിൽസ്നാനത്തിനായ്
പോന്നുകാവേരിയിങ്കൽവസിച്ചീടുന്നപുമാൻ * ദുഷ്കൃതിംയ
ന്നാകിലുംദുഷ്കൃതമൊക്കനീങ്ങി സ്വർഗ്ഗതിലഭിച്ചീടുംമറ്റൊക്ക
ച്ചൊല്ലേണമോ * എന്നതുകൊണ്ടുതന്നെസഹ്യപർവ്വതത്തി
ങ്കൽ നിന്നുസാഗരത്തോളം രണ്ടുതീരത്തിങ്കലും * ശിവക്ഷേത്ര
ങ്ങൾവിഷ്ണുക്ഷേത്രങ്ങളാലയങ്ങൾ ജപത്തിൽസർവ്വസിദ്ധിപ്രദ
ങ്ങളായ്വന്നതും * സമസ്തകാമഫലം തപസ്സിന്നായ്ക്കൊണ്ടുപക്ര
മിക്കുമ്പോഴെതന്നെകൊടുക്കുന്നതുംന്യൂണാം * ശ്രീവാസുദേവൻ
മഹാദേവനുമെന്നിയേക്കിൽ കാവേരിമാഹാത്മ്യത്തെയൊ
ക്കവർണ്ണിച്ചീടുവാൻ * യുഗകോടികൾകൊണ്ടുമൂന്നുലോകത്തി
ങ്കലും യുഗപന്മാത്രംപോലുമൊരുവനുണ്ടായ്വരാ * അലകൾ
നദീജാലംചുഴികൾതടാകങ്ങൾ ശിലകൾമണലുംദേവതകള
തിലെല്ലാം * ഉലകിരേഴിലുള്ളസർവ്വതീർത്ഥങ്ങളുടെ ഫലവുംല
ഭിച്ചീടുമതിലെസ്നാനംകൊണ്ടേ * ഭൂമിയിലെത്രയുണ്ടുപൊടികൾ
തൃണങ്ങളും വ്യോമത്തിൽനക്ഷത്രങ്ങൾവർഷത്തിൻധാരകളും *
അത്രകോടികളുണ്ടുതീർത്ഥങ്ങൾകാവേരിയി ലത്രസേവിച്ചുവ
സിച്ചീടുന്നുസദാകാലം * എത്രബിന്ദുക്കളുണ്ടുകാവേരീപാനീയ
ത്തിന്നത്രതീർത്ഥാകാരയാമവളെന്നറികെടോ! * എത്രയുണ്ടെണ്ണി

ട്ടകിലംബുധിക്കംബുകണ്ണ മത്രുതീൎത്ഥത്തൊടൊഴുകീടുന്നുകവേര
ജാ * ബ്രഹ്മാണ്ഡകൊടികളിലുള്ളതീൎത്ഥങ്ങളെല്ലാ മിമ്മഹാ
നദിയോട്ടുവന്നുകൂട്ടുകയാലെ * വൎണ്ണിക്കാവല്ലാൎക്കുമേയെന്ന
തിൽതുലാമാസേ വൎണ്ണാശ്രമങ്ങളേതെന്നാകിലുമാരെന്നാലും *
സ്നാനംചെയ്തീടുന്നാകിൽപാപങ്ങളെല്ലാം നീങ്ങിസ്സ്നാനന്ദം ശി
വലോകേപൂജ്യനായ്വന്നുകൂട്ടും * ആകയാൽനിയ്യംതുലാമാസ
ത്തിൽകാവേരിയി ലാക്കുതംസിദ്ധിപ്പാനായ്‌സ്നാനംചെയ്ക്കടോ!
രാജൻ * എന്നാകിലിഷ്ടാൎത്ഥങ്ങളെല്ലാമേലഭിച്ചീടു മെന്നുകേ
ട്ടുത്യാശ്ചൎയ്യമുൾക്കൊണ്ടുഹരിശ്ചന്ദ്രൻ * പിന്നെയുംനാരദാശ
സ്ത്യന്മാരോടുണൎത്തിച്ചാ നന്യൂനകാരുണ്യാംബുരാശികളല്ലോ
നിങ്ങൾ * ദാസനാംമമയജ്ഞമെങ്ങിനെചെയ്തീടാവു ശാസ
നംചെയ്കവൎണ്ണംവിപ്രസത്തമന്മാരെ * എങ്ങിനെതുലാമാസേ
കാവേരിസ്നാനമെന്നു മെങ്ങിനെവൈശാഖത്തിൽനൎമ്മദാസ്നാ
നമെന്നും * എങ്ങിനെവിധിയെന്നുമെന്തതിൻഫലമെന്നു മെ
ങ്ങിനെതുലാവൈശാഖങ്ങളാംമാസങ്ങളിൽ * സൎവ്വധൎമ്മങ്ങ
ളേക്കാളുൽകൃഷ്ടംവന്നതെന്നും സൎവ്വദായിതിന്നെന്തുദേവതായെ
ന്നുംപിന്നെ * ദാനമെന്തെന്നുമെപ്പോൾസ്നാനമെന്നതുംനി
ങ്ങൾ മാനിച്ചുചൊല്ലീടേണംസ്നാനത്തിൻനിഷ്ഠയെല്ലാം * പൃ
ഥിവിയിങ്കലറിയാതവൎക്കറിവാനായ് പൃഥുലപ്രഭാവമാമാഗ്നേയ
പുരാണത്തിൽ * പ്രഥിതമായതുലാകാവേരീമാഹാത്മ്യത്തിൽ
പ്രഥമാദ്ധ്യായമേവംചുരുക്കിച്ചൊല്ലീടിനേൻ * * *

ദ്വിതീയോദ്ധ്യായഃ- പ്രാരംഭഃ

ഹരിശ്ചന്ദ്രൻവാക്യമിങ്ങിനെകേട്ടനേരം ചിരിച്ചുകുംഭോ
ത്ഭവനരുളിച്ചെയ്തീടിനാൻ * തിരിച്ചുതന്നെതുലാകാവേരീമാ
ഹാത്മ്യത്തെ ധരിച്ചീടേണമെന്നുനിനക്കുള്ളത്യാഗ്രഹം * സ്മ
രിച്ചോളവുംനന്നുനന്നഹോചിത്രംചിത്ര മുരച്ചീടുന്നുണ്ടുഞാനെ
ങ്കിലോകേട്ടാലുംനീ * ഹരിച്ചീടുമേപാപമഖിലമിദമെന്നറി

ച്ചുകേട്ടീടിലുംചൊല്ലീലുംമഹീപതേ * സ്നാനവുംചെയ്തുതുലാ
കാവേരീമാഹാത്മ്യത്തെ സാനന്ദമദ്ധ്യായമോശ്ലോകമോപഠി
ക്കിലും * മാനിച്ചുകേട്ടീടിലുമവന്റെപുണ്യവൃന്ദം മാനംചെയ്തീ
ടാവതല്ലെത്രയുംവർദ്ധിച്ചീടും * പൂർവ്വപുണ്യത്തിൻപ്രഭാവാതി
രേകംകൊണ്ടല്ലൊ സാർവ്വഭൌമനാംതവലഭിച്ചുസാധുസംഗം *
ഇഷ്ടാപൂർത്താദിധർമ്മാദ്ധ്യയനതപോവ്രത നിഷ്ഠയാലനേകജന്മ
ങ്ങളിലാർജ്ജിച്ചുള്ള * പുണ്യങ്ങൾകൊണ്ടുതന്നേസത്സംഗംലഭി
ച്ചീടു പുണ്യപൂരുഷന്മാരാംസാധുക്കൾ സംഗത്തിനാൽ * സൽ
കഥാശ്രവണത്തിൽശ്രദ്ധയുമുണ്ടായ്വരും സൽകഥകേൾക്കിൽ
പാപമൊക്കവെനശിച്ചുപോം * നിഷ്പാപന്മാർക്കുമനഃശു
ദ്ധിയുംവന്നുകൂടും ഹൃല്പത്മേഹരിപദംധ്യാനിക്കായ്വരുമപ്പോൾ *
ശ്രീപാദദ്ധ്യാനംകൊണ്ടുപുരുഷോത്തമൻ ദേവൻശ്രീപതിതെ
ളിഞ്ഞുസാരൂപ്യവുമരുളീടും * ആകയാൽകൃതാർത്ഥനായോരുനീ
വിശേഷിച്ചും വ്യാകുലഹീനംസാധു സംഗത്തെപ്പൂജിച്ചാലും * കാ
വേരീമാഹാത്മ്യത്തെച്ചുരുക്കിച്ചൊല്ലുന്നിയെ ആവതല്ലാരാലു
മെവിസ്തരിക്കെന്നതേതും * ശ്രീകണ്ഠവിശേഷശരസന്നിഭലിംഗ
ങ്ങളുണ്ടേകൈകദശതീരത്തിങ്കലുംജലത്തിലും * ലക്ഷകോടി
കളോടുസഹസ്രകോടികളും ത്ര്യക്ഷമൂർത്തികളെടോനൃപതിശി
ഖാമണേ * ജലങ്ങളെല്ലാംപുണ്യതീർത്ഥങ്ങളാകുന്നതും ശിലക
ളെല്ലാംദിവ്യന്മാരായമഹത്തുകൾ * നിഖിലമണലുകളമരരതി
നാലെ സകലനദികളിൽകാവേരിമുഖ്യയല്ലൊ * ലഭ്യയല്ലല്ലൊ
ന്നൂണാംലഭിക്കിൽകൈവല്യവും ലഭ്യംമറ്റർത്ഥംമൂന്നുംകൊണ്ടെ
ണ്ണുചിന്തിച്ചാലും * സമസ്തതീർത്ഥാശ്രിതാകാവേരീതുലാമാസെ
ശമിപ്പിച്ചീടുംപഞ്ചപാതകംനിശ്ശേഷമായ് * അശ്വമേധാഖ്യ
രത്തിൻഫലവുംലഭിപ്പിക്കു മാശ്ചര്യമതുകൊണ്ടുദേവകൾപിതൃ
ക്കളും * ഋഷിവര്യരുംപ്രശംസിക്കുന്നിതിഷമാസെ വൃഷദാമരു
ദ്ധ്വധാനനുനന്നെന്നെത്രയും * മൂന്നുനാൾതുലാമാസെകാ
വേരീസ്നാനംചെയ്കിൽതീർന്നുപോം പാപമെല്ലാമത്രയുമല്ലചൊ
ല്ലാം * ദേവലോകവുംകടന്നലഭ്യമായ വാസുദേവലോകംപ്രാപി

ക്കുംക്ഷോണീന്ദ്രതിലകമെ * മാഘമാസവുംതുലാമാസവും
കാവേരിയിൽ ശ്ലാഘനീയമാംസ്നാനംവിധിനാചെയ്യുന്നവ
ൻ* നിൎമ്മലമായകുലംമൂന്നുകോടികളോടും ബ്രഹ്മലോകംപ്രാ
പിച്ചുപൂജ്യനാമനവേലം * ഉത്തമതുലാമാസകാവേരീതീര
സ്ഥലേ ഉത്തമമായതുകോടിഗുണമാംവിശേഷിച്ചും * ശസ്തമാം
പുണ്യകാലേസൽപാത്രത്തിങ്കലെന്നാൽ വക്തവ്യമല്ലാഫ
ലമക്ഷയംലഭിച്ചീടും * ശ്രദ്ധയാപിതൃക്കൾക്കുപിണ്ഡവും
തിലോദകം ശ്രാദ്ധവുംചെയ്കിൽതൃപ്തിയാകല്പംഭവിച്ചീടും *
ഇങ്ങിനെവേദാനുശാസനമെന്നറികനീ തിങ്ങിനഭക്തിയോ
ടുംനിത്യവുംതുലാമാസേ * ബ്രഹ്മാദിദേവന്മാരുംവാണിയും
ലക്ഷ്മീശിവാംബ്രാഹ്മ്യാദിമാതൃക്കളുമറ്റുള്ളസ്ത്രീവൃന്ദവും * ശചി
യുംരോഹിണിമമരസ്ത്രീകളെല്ലാം ശുചിയാംകാവേരിയി
ൽസ്നാനംചെയ്തീടുന്നിതും * വളരെച്ചൊല്ലുന്നതെന്തിന്നുമാ
നുഷൎക്കളും കുളിൽകാമ്യാൎത്ഥവുംമുക്തിയുംസിദ്ധിപ്പാനായ് *
ബ്രഹ്മാവുതന്നാൽനിൎമ്മിക്കപ്പെട്ട കാവേരിയെന്നിമ്മഹാനദീ
സാക്ഷാലീശ്വരിയറിഞ്ഞാലും * നിത്യവുംപ്രാതഃകാലേ
നദീസംഗമമുഖേ ഏത്രമാംജലേവിശേഷിച്ചുമത്തുലാമാ
സേ * മജ്ജനംചെയ്തീടുന്ന സജ്ജനശ്രേഷ്ഠൻതന്റെയച്ഛൻ
മാതാവുംമറാച്ഛനാംശ്വശുരനും * എന്നിവരുടെവംശംമൂന്നു
കോടികളെയുമനന്തപുണ്യംകൊണ്ടുകരയേറ്റീടുംദൃഢം * ക
ഷ്ടതപ്പോക്കുവാനുമിഷ്ടത്തെസ്സാധിപ്പാനും ശിഷ്ടരാംനര
ന്മാൎക്കുംമട്ടോലുംമെഴിമാൎക്കും * ഒട്ടൊഴിയാതെതുലാകാവേ
രിസ്നാനംചെയ്യാം നിശ്ചയിന്നവൎക്കെന്നില്ലേവൎക്കുംവിധിയ
ല്ലോ * പക്ഷികൾമൃഗങ്ങളുംകാവേരീതീരത്തുള്ള വൃക്ഷ
ങ്ങൾലതാതൃണാദികളെന്നിവയെല്ലാം * തജ്ജലവാതമേ
റ്റുമുക്തിയെപ്രാപിക്കുന്നു മജ്ജനംചെയ്യുന്നമാനുഷരാചൊല്ലേ
ണ്ടമോ * അനന്തമവളുടെമാഹാത്മ്യംചൊല്ലീടുവാ നനന്തൻ
തന്നെയുദ്യോഗിക്കുന്നിതെന്നാകിലും * ആയിരംമുഖംകൊണ്ടു
ദിവ്യസംവത്സരങ്ങളായിരംകാലംകൊണ്ടും മതിയല്ലാകയാലേ*

സഹ്യജാമാഹാത്മ്യത്തെച്ചുരുക്കിച്ചൊല്ലുന്നുഞാൻ മഹ്യധിപ
തേഹരിശ്ചന്ദ്രഭാഗ്യാംഭോനിധേ * വിദ്വിഷാംപ്രഭാവവുംതുളസീ
മാഹാത്മ്യവും നിതരാംപ്രസിദ്ധമാംജാഹ്നവീമഹത്വവും * മ
ഹിതമേകാദശീമാഹാത്മ്യമതുപോലെ വിഹിതംവഹ്ന്യുപാസ്തി
മാഹാത്മ്യംവിശേഷിച്ചും * വിലസുംസാളഗ്രാമത്തിങ്കലൎച്ചിച്ചീ
ടുന്ന തുളസീമാഹാത്മ്യവുമനന്തംചൊല്ലീടിലാം * കാവേരീമാ
ഹാത്മ്യമത്യത്ഭുതംവിഷ്ണുപ്രിയം സാവധാനംനീകേട്ടുകൊണ്ടാ
ലുംചൊല്ലീടുവൻ * കാവേരീസ്മരണവുംകാവേരീസങ്കീൎത്തനം
കാവേരീസന്ദൎശനംകാവേരീശ്രവണവും * കാവേരീജലസ്പൎശം
കാവേരീജലസ്നാനം പാവനജന്മാന്തരതപസാംഫലംനൂനം *
ബഹുജന്മങ്ങൾതോറുമാൎജ്ജിച്ചപുണ്യപുഞ്ജ മഹിമനിധിയായ
മൎത്ത്യശ്രേഷ്ഠനുതന്നെ * കാവേരീസ്നാനത്തിങ്കൽശ്രദ്ധയുമുണ്ടാ
യ്വരു ദൈവയോഗത്താൽതുലാമാസേവൈശാഖത്തിലും * സ്നാ
നംചെയ്യുന്നപുണ്യാത്മാവിൻറഫലംചൊൽവാൻ ശ്രീനാരാ
യണൻതന്നേശക്തനെന്നറിഞ്ഞാലും * വിഷ്ണുശ്രീപാദാരവി
ന്ദോത്ഭവമഹാപുണ്യാ ജിഷ്ണുബ്രഹ്മാദിസേവ്യാജാഹ്നവിയെന്ന
പോലെ * പുഷ്പത്തിൽതുളസിയുംവ്രതത്തിലേകാദശി യപ്പഞ്ച
മഹായജ്ഞംഗൃഹസ്ഥകൎമ്മത്തിലും, * ശുദ്ധിയിൽമനഃശുദ്ധിദേവ
ന്മാരിലാവിഷ്ണുരുദ്രരിൽശ്രീശങ്കരൻവൎണ്ണത്തിലോങ്കാരവും * വേദ
ത്തിൽസാമവേദംമന്ത്രത്തിൽഗായത്രിയും ഭൂദേവനാധ്വീജന
ത്തിങ്കൽവെച്ചരുന്ധതീ * നാരിയിൽശ്രീദേവിയുംദാനത്തിലന്ന
ദാനം താരാനായകൻഗ്രഹങ്ങളിലുംയഥാതഥാ * ബലവാന്മാ
രിൽതാൎക്ഷ്യൻശാസ്ത്രിണാംസുബ്രഹ്മണ്യൻ ബലിദാനവന്മാരിൽ
ഭക്തരിൽപ്രഹ്ലാദനും * ത്രയിയിലുപനിഷത്തംബുജംപുഷ്പങ്ങ
ളിൽ പ്രിയവസ്തുവിൽമാതാധേനുവിൽകാമധേനു * സകലതീ
ൎത്ഥങ്ങളിൽചന്ദ്രപുഷ്കരണിയുംയുഗങ്ങളെല്ലാററിലുംകൃതയുഗമെന്ന
പോലെ * നദികളെല്ലാററിലുംപ്രവരാകവേരജാ പൃഥിവീപതി
മൌലേകേട്ടാലുമിനിയുംനീ * മിത്രൻതേജസ്വികളിൽയജ്ഞ
ത്തിൽമനുയജ്ഞം മിത്രത്തിൽധൎമ്മംതന്നെസൽതപസ്സിങ്കൽ

ജപം * പൂജയിൽ വിഷ്ണുപൂജാഗാൎഹസ്ഥ്യമാശ്രമത്തിൽ പൂജി
തൻഭൂമിദേവൻവൎണ്ണങ്ങളെല്ലാററിലും * ക്ഷമിക്കുന്നവർകളിൽ
ഭൂമിയുമെന്നപോലെ സമസ്തസരിന്മുഖ്യാകാവേരീമഹിപതേ *
അസ്ത്രങ്ങളെല്ലാററിലുംബ്രഹ്മാസ്ത്രമെന്നപോലെ ക്ഷേത്രങ്ങളെ
ല്ലാററിലുംശ്രീരംഗമെന്നപോലെ * പാവനമായുള്ളതിൽ
സേതുവെന്നതുപോലെ കേവലംയുഗങ്ങളിൽകൃതമെന്നപോ
ലെ * ഗംഗയിൽദേഹത്യാഗംകൊണ്ടുവന്നീടുംമുക്തി മം
ഗലംധനുഷ്കോടിതൻറദൎശനംകൊണ്ടും * പാവനരാമഗാ
ഥാശ്രവണംകൊണ്ടുംപിന്നേ കാവേരീസ്മരണമാത്രംകൊണ്ടുമ
പ്പൂൎണ്ണമേ * സേതുകൈലാസങ്ങൾക്കുമദ്ധ്യത്തിലുള്ളഭൂമി പൂ
തയാംകൎമ്മഭൂമിയെന്നുവിശ്രുതയെടോ! * യോജനാലക്ഷമുണ്ടു
നീളമോനടുമസ്ഥും യോജനയുണ്ടാമ്പതിനായിരംവിസ്താര
വും * പുണ്യകൎമ്മങ്ങളിവിടുന്നുചെയ്തുണ്ടാവുന്ന പുണ്യ
ങ്ങൾകൊണ്ടുപരലോകങ്ങൾസാധിക്കുന്നു * ഇവിടെച്ചെയ്ത
പുണ്യകൎമ്മത്തിൻഫലമെല്ലാ മവിടെയിരുന്നനുഭവിക്കുന്നതേ
യുള്ളൂ * പണ്ടുപണ്ടനേകജന്മങ്ങളിലെല്ലാമാൎജ്ജി ച്ചുണ്ടായപു
ണ്യംകൊണ്ടുവന്നീടുംമനുഷ്യത്വം * അവിടെബ്രഹ്മജന്മങ്ങളി
ലെപ്പുണ്യത്തിനാ ലവനീശ്വരനാകുംകാകതാളീയന്യായാൽ *
മാനുഷജന്മംമഹാദുൎല്ലഭംപുണ്യലഭ്യം മാനേനലഭിച്ചിട്ടുമാന്യ
യാംകാവേരിയിൽ * സ്നാനംചെയ്തീടാതവൻതന്നെഗോഘ്നൻ
നെടോ മാനസത്തിങ്കൽവഴിയാംവണ്ണം ചിന്തിച്ചാലും * കാ
വേരീജലേതുലാമാസത്തിൽവിശേഷിച്ചു ദൈവാതിരേകാൽസ്നാ
നംചെയ്തീടുന്നവനഹോ * കൎമ്മാചാരങ്ങൾകൊണ്ടുമിഷ്ടാപൂ
ൎത്താദികളാം ധൎമ്മങ്ങൾകൊണ്ടുംതപോവ്രതനിഷ്ഠാദികൊണ്ടും *
എന്തൊന്നുവേദങ്ങളെക്കൊണ്ടുംതീൎത്ഥങ്ങൾകൊണ്ടും ചിന്തി
ക്കിൽ സാക്ഷാൽനാരായണനായ്ഭവിച്ചീടും * മററുള്ളവ്രതങ്ങ
ളിൽവൈകല്യംവന്നീടുകിൽ മുററുമിപ്രായശ്ചിത്തംവിധിക്ക
പ്പെടുന്നതും * മിണ്ടാതെകാവേരിയിൽസ്നാനമാത്രമതന്നെ മ
ണ്ടീടുമേഴുജന്മങ്ങളിലെപ്പാപങ്ങളും * കൊണ്ടാടിസ്നാനംനിയ

മത്തോടെചെയ്കിൽക്കലം രണ്ടിലുമേഴിനോടുംവിഷ്ണുവെപ്രാപി
ച്ചീടും * ബ്രാഹ്മമാംമുഹൂൎത്തത്തിൽസ്സുഖമേയെഴുന്നേററു താൻമ
നസ്സിങ്കൽശ്രീനാരായണനദ്ധ്യാനംചെയ്തു * ദന്തശോധന
പൎയ്യന്തംകഴിച്ചനന്തരം സന്തോഷത്തോടുംസ്നാനംചെയ്യേണ
മുഷഃകാലെ * പുഷ്പമൎച്ചിച്ചുകാവേരിയേയുംനമസ്കരി ച്ചു
ല്പന്നാനന്ദംരംഗേശനേയുംവന്ദിച്ചുടൻ * ഊൎദ്ധ്വസന്ധ്യാദികൃ
ത്യംകഴിച്ചുഗായത്രിയെ പ്പേൎത്തുമാവൎത്തചെയ്തുശുദ്ധനായ്സ്വഭാമ
ദ്ധ്യേ * ഉന്നതാശുഭ്രമേറ്റുകോമളമൃദുകൃഷ്ണാസനംതന്നിലേ സൂക്ഷ്മാ
ത്തരച്ഛദവുംവിരിച്ചതിൽ * വിജിതക്രോധംശാന്തംവിജിതേ
ന്ദ്രിയംസദാ ശുചിമാചാരനിഷ്ഠംവിദ്വാംസംപൌരാണികം *
വേദവേദാംഗതത്വവേദിനംപുരാണജ്ഞം വേദാന്താദ്ഗതംധൎമ്മ
ശാസ്ത്രവക്താരംദ്വിജം * മണ്ഡനംചെയ്തിരുത്തിപ്പൂജിച്ചുയഥാ
ന്യായം പണ്ഡിതൻവ്യാസനിവനെന്നോൎച്ചകതാരിൽ * താല്പ
ൎയ്യത്തോടുംതുലാകാവേരിമാഹാത്മ്യത്തെ കേൾപ്പിച്ചുശുദ്ധന്മാ
രാകേണംഞങ്ങളെയെല്ലാം * എന്നപേക്ഷിച്ചുതങ്ങൾ കിഷ്ടാ
ൎത്ഥങ്ങളുംപ്രാൎത്ഥി ച്ചൊന്നിച്ചേവരുമിരുന്നേകാഗ്രമനസ്സോടും *
കഥയുംകേട്ടുസമപ്തിഃപ്പോളുംമൌനംദീക്ഷി ച്ചുപ്രദക്ഷിണാപൂൎവ്വം
വന്ദനംചെയ്തീടേണം * ശക്തിക്കുതക്കവണ്ണംനിയമത്തോടുംകൂ
ട കൎത്തവ്യംതീൎത്ഥസ്നാനമെന്നിയേഫലംവരാ * അശക്തന്മാ
ൎക്കുമൌനമാത്രമേപോരുന്താനും വിശുദ്ധന്മാരായ്വരുമില്ലസംശയ
മേതും * സ്നാനത്തിൻവിധിപോലെമജ്ജനംചെയ്കിൽദേവ
സ്ഥാനത്തെപ്രാപിച്ചീടുംസമസ്തജനങ്ങളും * ക്ഷൌരവുംതാംബൂ
ലചൎവ്വണവുംതൈലാഭ്യംഗം നാരീസംഗവുംപകലുറക്കംദുഷ്ടസം
ഗം * നിഷിദ്ധാചാരാശനാദികളുംദുൎവ്വാൎത്താ നിഷിദ്ധവ്യ
ഞ്ജനാദികടശയ്യാദികളും * വൎജ്ജിച്ചീടേണംപ്രതിഗ്രഹവുംപ
രാന്നവും സജ്ജനങ്ങളോവഴിനടപ്പെന്നിവയെല്ലാം *നിയമംവി
ശേഷിച്ചുംതൌലികാവേരിസ്നാനേ നിയതംചൊല്ലുന്നുണ്ടുഃകേൾ
ക്കെടോദ്വിജശ്രേഷ്ഠ * ബൃഹതീകുശ്മാണ്ഡവുംനിഷ്പാവംകല
ത്രവും ബൃഹന്മാഷവുംരാജമാഷമാഢകംമാതക്രം * ശിഗ്രുവും

പീച്ചങ്ങയുംതരുണിചുരക്കയും കക്കരിക്കയുംവിഷ്ണുശാകംവെള്ള
രിക്കയും * ചേനയുംപാരാസിയുംകാംസ്യപാത്രത്തിലൂണും ഹീ
നയാംഭിസ്സടാപത്ഭൂഷിതാശനന്താനും * ബാലന്മാരോടുകൂടി
ഭോജനംപിന്നെപ്രാതഃകാലഭോജനമുച്ചനേരത്തുഭുജിക്കയും *
സായംഭോജനംരാത്രിഭോജനമനിവൃത്യമായവണ്ണമേകേശദൂഷി
തംശ്രാദ്ധശേഷം * മുഷ്ടാന്നംശൂദ്രശേഷംസ്ത്രീശേഷമെവയെല്ലാം
ശിഷ്ടനിന്ദിതങ്ങൾവജ്ജിക്കേണംവിശേഷിച്ചും * കായശോ
ഷണക്ലേശാദികളെന്നിയേഭുവി ശ്രേയസ്സൊന്നുമേയെന്നുംലഭി
യാന്നപോത്തമ * അതിനാൽകാവേരിയിൽസ്നാനംചെയ്യേണ
മെന്നാൽ വിധിനാതന്നെവേണമെന്നിയെമോഹത്തിനാൽ *
നിഷിദ്ധഭക്ഷ്യങ്ങളെബ്ഭക്ഷിച്ചിട്ടന്നാകിലോ ദൂഷിക്കപ്പെട്ടപന്നി
ജനനമകപ്പെട്ടും * പൂവ്വോക്തവ്യഞ്ജനങ്ങളൊക്കവേയുപേക്ഷി
ച്ചു നിവ്വേദാനചിതമിഷ്ടവസ്തുത്യാഗവുംചെയ്തു * കാവേരീ
സ്നാനംതുലാമാസത്തിൽചെയ്യുന്നവൻ കേവലംമുക്തൻതന്നേ
നിണ്ണയംനിസ്സംശയം * സ്നാനമാത്രമേമുററുംവിധിഹീനംചെ
യ്കിലോ നൂനംപാപങ്ങളകന്നീടുമെന്നതേയുള്ളു * ദേഹമസ്ഥി
രതരംനീരിലെപ്പോളപോലെ ദേഹികൾക്കതുംകൃമിമലമൂത്രാ
ദിപൂണ്ണം * രന്ധ്രമന്വേഷിച്ചപാത്തിരിക്കുന്നിതുയമനെന്ത
ഹോകഷ്ടംകഷ്ടമുദയാസ്തമനങ്ങൾ * ആയുന്നാശത്തെച്ചെയ്യും
ശത്രുക്കളെല്ലോനിത്യമായത്തമല്ലോദേഹമിന്ദ്രിയങ്ങളുമിപ്പോ
ൾ * പഴതേകളെകൊല്ലാചഴതേകളെകൊല്ലാ പഴതേകളെ
കൊല്ലാദിവസംക്ഷണംപോലും * നദികളുണ്ടുമഹാപുണ്യകൾ
ശതല്ലൂാല മധികശുഭപ്രദമാകയാലുഷഃകാലെ * നിദ്രയാംപി
ശാചിയേനിരസിച്ചെഴുന്നീററു രൌദ്രമാംനരകത്തിൽഭയമുള്ളവ
രെല്ലാം * കാവേരിജലത്തിങ്കൽസ്നാനത്തെച്ചെയ്തിൻചെയ്യി
നാവോളമുച്ചത്തിൽകൈയുയത്തിച്ചൊല്ലുന്നുഞാൻ * ദുഷ്ടത
ദ്ധപംസദീക്ഷാദീക്ഷിതാമഹാനദീ പുഷ്കലംകാവേരിയുണ്ടൊഴക
ന്നിതുപുണ്യാ * വ്രതവുംദാനംധമ്മംയോഗമെന്നിവററിനാ ല
ധികംപണ്ണിപ്പെട്ടുലഭിക്കാംപരലോകം * സ്നാനമാത്രത്താൽത

ന്നേസിദ്ധിക്കും ചിത്രം ചിത്രം മാനസേനിരൂപിച്ചുകൊള്ളുവി
നെല്ലാവരും * രണ്ടാമദ്ധ്യായമിവിടെക്കഴിഞ്ഞിതുകേൾപ്പാനു
ണ്ടഭിലാഷമെങ്കിലിനിയും ചൊല്ലീടുവൻ.

## തൃതീയോദ്ധ്യായഃ-പ്രാരംഭഃ

കേട്ടാലും തുലാമാസേ കാവേരിമാഹാത്മ്യത്തെ കേട്ടോളുമ
ത്യത്ഭുതം രാജപുംഗവ ഭവാൻ * സ്നാനത്താൽ തുലാമാസേ ധൎമ്മാ
ൎത്ഥകാമങ്ങളെ ദ്ദാനം ചെയ്തീടും തഥാ മോക്ഷവും കവേരജാ * ആ
കയാൽ പാപം പോക്കും കാവേരിജലസ്നാനമാകുന്നയത്നം ചെയ്തു
ചെയ്യുന്നി തുലാമാസേ * മാതൃഹന്താവും പിതൃഹന്താവും ഗോഘ്നൻ
മഹാപാതകി ഭ്രൂണഹന്താ ഗുരുതല്പഗന്താനും * സ്വാദ്ധ്യായം സ
ദാചാര മൌപാസനാദിയൊന്നും സാദ്ധ്യമല്ലെന്നുവെടിഞ്ഞീ
ടിനവിപ്രാധമൻ * കേവലാന്നാദിസുരാപായിയെന്നിവരെല്ലാം
കാവേരീജലത്തിങ്കലേകദാ സ്നാനത്തിനാൽ * മുക്തദുഷ്കൃതന്മാരാ
യ്ബ്രഹ്മലോകം പ്രാപിക്കും ശക്തിയില്ലസ്രമാത്രത്തിന്നുമെന്നു
ള്ളജനം * ഭക്തിയോടുഷ്ണോദകസ്നാനം ചെയ്കിലും പോരും ശ
ക്തനല്ലതിന്നുമെന്നാകിലോ കേട്ടാലും നീ * കാവേരിമാഹാത്മ്യ
ത്തെ കേൾക്കേണമതുപോലു മാവതല്ലെങ്കിൽ പൌരാണിക
ന്നുധനം നൽകി * ചിത്തത്തിൽ പ്രസന്നത്വം ചേൎക്കേണം ദരിദ്ര
നോ മൃഗ്ധവാക്കുകൾ കൊണ്ടും ധനദാപനം കൊണ്ടും * സ്ത്രീ
കൾക്കും ബാലന്മാൎക്കും ശൂദ്രൎക്കും സൂൎയ്യോദയെ വേഗത്തിൽ സ്നാ
നം പോരും വൈദികാചാരം വിനാ * കാവേരീജലത്തിങ്കൽ പ്രാതഃ
സ്നാനവും ചെയ്തു ദേവൎഷിപിതൃക്കളെക്കുറിച്ചു ഭക്തിപൂൎവ്വം * അ
ക്ഷതതിലങ്ങളെക്കൊണ്ടു തൎപ്പണം ചെയ്കിൽ ലക്ഷയം ദീൎഘായു
സ്സും ലഭിക്കുമെന്നുനൂനം * തൃപ്തിയെ പ്രാപിച്ചീടുമവന്റെ പിതൃക്ക
ളും സിദ്ധദേവൎഷിയക്ഷകിന്നരവസുക്കളും * കിംപുരുഷാദിത്യ
രുദ്രോരഗസാദ്ധ്യന്മാരും സംപ്രീതികലൎന്നീടും സകലലോക

ങ്ങളും * ഉദിച്ചോരാദിത്യനെനമസ്കാരംചെയ്തുടൻ സ്തുതിച്ചുമാ
ഹാത്മ്യത്തെക്കേൾക്കേണംകേൾപ്പിക്കേണം * കാവേരീമാഹാ
ത്മ്യത്തെയെഴുതിത്തൽപുസ്തകം സാവധാനമേഗൃഹത്തിങ്കൽ
വെച്ചനുദിനം * അർച്ചിക്കുന്നവൻവാഗീശ്വരനായ്ഭവിച്ചീടു മ
ച്ഛനീയനാംവിദ്വാനായ്ക്കൊണ്ടുദാനംചെയ്കിൽ*സമസ്തവിദ്യാവി
ശാരദനായിഹലോകെ സാമർത്ഥ്യമായിവിഷ്ണുലോകവുംപ്രാ
പിച്ചീടും * കേൾക്കെടോതുലാമാസേദാനവുമത്യുത്തമം മാഗ്ഗ
മേകുളിച്ചുതപ്പണവുംചെയ്തശേഷം*അക്കാലത്തുള്ളശുദ്ധമംഗല
വസ്തുക്കളെ സ്സല്ക്കാരപൂർവ്വംദ്വിജശ്രേഷ്ഠനുനൽകുന്നവൻ *ഐ
ഹികത്തിങ്കലിഷ്ടഭോഗങ്ങളെല്ലാംഭുജി ച്ചാഹിതാനന്ദംബ്ര
ഹ്മലോകത്തുവസിച്ചീടും * മുപ്പതുനാളുംനെയ്കൊണ്ടുകൊ
ണ്ടെന്നാകിലു മല്ലലേക്ഷണഹരന്മാരുടെതിരുമുമ്പിൽ * വിളക്ക
വെക്കിൽസൂര്യലോകത്തുചിരംവാണു വിളക്കംപൂണ്ടുമാത്മ
ജ്ഞാനിയായ്ഭവിച്ചീടും* ദരിദ്രനായഭൂമിദേവനുവസ്ത്രദാനംതര
ത്തിൽചെയ്യുന്നാകിൽസമ്പത്തുംദീൎഘായുസ്സും * തിറത്തോട
നുഭവിച്ചിട്ടവൻസ്വർഗ്ഗലോകെ തിറത്തോടകംപുക്കസുഖിച്ചുവ
സിച്ചീടും * കുടുംബത്തോടുംധനഹീനനാംശ്രോത്രിയന്നു വി
ധംഭംവൃത്തിദാനംഭൂദാനമെന്നാകിലും * ചെയ്യുവൻബ്രഹ്മലോ
കംപ്രാപിച്ചുവാണുപിന്നെ ദൈവസംപ്രാപ്യംഭുവിസാമ്രാജ്യംല
ഭിച്ചീടും * ധാന്യമാകിലുംധനമാകിലുംദരിദ്രനു മാന്യമാംമി
ശ്രാന്നനംചെയ്തീടിലമ്മാനവൻ * ധനവുംദീൎഘായുസ്സുംസുഖ
മേലഭിച്ചിഹ ധർമ്മനന്ദനൻറസഖാവെന്നതുവന്നുകൂടും*മധുദാനം
ചെയ്യുകിലപുത്രൻപുത്രവാനായഥജന്മങ്ങൾതോറുംശ്രോത്രിയ
നായുംവരും * ദീനനാംകൃഷീവലന്നായ്ക്കൊണ്ടുവൃക്ഷങ്ങളെ ദാ
നംചെയ്താകിൽസ്വർഗ്ഗലോകഭോഗങ്ങളെല്ലാം * സുഖമേഭുജിച്ചു
ഭൂപതിയായ്ജനിച്ചീടും സ്തുതിജനമെന്റെലേകേട്ടാലുംസുപോത്ത
മ * ശ്രീമാനായവിപ്രനായ്ക്കൊണ്ടുതുലാമാസേ പശുദാനംചെ
യ്കിലോസമ്പത്തുംസന്താനവും * വളൎന്നുകടംമൂന്നുകടന്നുപിതൃ
ലോകെ തെളിഞ്ഞുചിരകാലംവാണീടുംനിസ്സംശയം * മൃത്യു

നാശനമായമഹിഷദാനംചെയ്കിൽ മൃത്യുഭീതിയില്ലവംശ്യന്മാ
ൎക്കുംദീൎഘായുസ്സുണ്ടാം * ബീജദാനംചെയ്കീടിൽഭോഗങ്ങളനേ
കംനാ ളേജസാഭുജിച്ചേറുംപുത്രപൌത്രന്മാരോടും * ദിവ്യസ്ത്രീ
ജനസാകംപിന്നയാചന്ദ്രതാരം ഭവ്യമായ്പ്പതിനാലുവട്ടംക്രീ
ഡിച്ചശേഷം * ഗ്രാമനായകനായിക്ഷോണിമണ്ഡലത്തിങ്കലാ
മയാപേതംജനിച്ചീടുമെന്നറിഞ്ഞാലും * തണ്ഡുലംനൽകുംദാന
ശൌണ്ഡമന്ദിരംതന്നിൽ ചണ്ഡനാംകലിയൊരുനാളുമെയണ
ഞ്ഞീടാ * രംഭാഫലത്തെക്കൊടുക്കുന്നവൻസുരലോകേ, രംഭാ
കൊങ്കകൾപരിരംഭണംചെയ്തുവാഴും * ഇളനീർകൊടുക്കിലും
താംബൂലംനല്കീടിലും കളവാണിയാംരംഭാബിംബോഷ്ഠരസജ്ഞ
നാം * കർപ്പൂരാഗരുകസ്തൂൎയ്യാദിയാംസുഗന്ധത്തെ വിപ്രൎക്കുനൽ
കുന്നവനപ്സരഃസ്ത്രീകളോടും * ലസിച്ചുവേഷംപൂണ്ടുരസിച്ചുദേ
വലോകേ വസിച്ചുഭൂമൌസാൎവ്വഭൌമനായ്ജനിച്ചീടും * ഹിത
മാംപാലുംദധിഘൃതവുംദാനംചെയ്കിൽ സുതരുംപശുക്കളുമായു
സ്സുംവളൎന്നീടും * നെല്ലിക്കകൊടുപ്പവൎക്കുണ്ടാകുംതത്വജ്ഞാനം
നല്ലപ്പംനൽകുന്നാകിൽഭഗവത്ഭക്തിയുണ്ടാം * ദ്വിജൎക്കുപിതൃ
ക്കളെക്കുറിച്ചുതിലംനല്കിൽ ഭജിക്കുംഗയാശ്രാദ്ധഫലത്തെപ്പി
തൃക്കളും * കട്ടിലുംകിടക്കയുംപുഷ്ടമാംതലയണ മിഷ്ടമാൎദ്ദവം
കോലുംവിരിപ്പുംപുതപ്പിവ * കുളുൎന്നുവലയുന്നകുടുംബിദ്വിജേ
ന്ദ്രനു വളൎന്നഭക്തിയോടുംദാനംചെയ്കീടുന്നവൻ * ദിവ്യസ്ത്രീ
കുചകുംഭകുങ്കുമപങ്കാങ്കിത ദിവ്യാംഗനായ്പിന്നെയുംപിന്നെ
യുംഭവിച്ചീടും * ശീതപീഡിതന്നുനല്ക്കംബളംനൽകുന്നവൻ
വാതരോഗങ്ങൾവേരറോറവുംസുഖിച്ചീടും * ഛത്രത്തെക്കൊ
ടുപ്പവൻപ്രാസാദോപരിഭാഗേ മിത്രത്തോടൊരുമിച്ചുരസിച്ചുവ
സിച്ചീടും * മല്ലികാകേതകാദിപുഷ്പങ്ങൾതല്പ്പൂലത്തി ലുല്ല
സിച്ചീടുന്നവയറുത്തുനല്ലവണ്ണം * കേശവാൎച്ചസ്സായിട്ടാനംചെ
യ്യുന്നപുമാൻ ക്ലേശമെന്നിയെഭുജിച്ചഖിലഭോഗങ്ങളും * പൂജ്യ
നായ്വിഷ്ണുലോകേവസിച്ചുസത്സംസദി പ്രാജ്ഞ്യസമ്പദാവിഷ്ണുഭക്ത
നായ്ജനിച്ചീടും * യജ്ഞോപവീതദ്വയംനൽകുകിൽപ്പുത്രൂ

ജന്മം വിജന്മാനിമുഖ്യൻവേദജ്ഞാത്മമനായുംവരും * മുഞ്ജ
മെഖലാദാനംചെയ്യിലൊവൈരാഗ്യവുമഞ്ജസാസൎവ്വവിദ്യാവൈ
ശാരദ്യവുമുണ്ടാം * പൂണനൂലിനുതുല്യംകൊടുക്കിൽകഷ്ടമെ
ന്നും പൂണകയില്ലാസൽബ്രാഹ്മണ്യവുംലഭിച്ചീടും * തുളസീദാ
നംവിഷ്ണുഭക്തന്മാൎക്കുത്തമം വിലസന്മനസ്സോടുംചെയ്യിലൊ
വിശേഷിച്ചും * തടവെന്നിയേയെല്ലാലോകവും കണ്ടുരസിച്ചട
നേളുവിസാൎവ്വഭൌമത്വംലഭിച്ചീടും * മേലേറിചമത്തുംപാവ
കേഹോമിക്കിലൊ മേലവനഗ്നിമാനായ്‌വിദ്വാനായ്‌ഭവിച്ചീ
ടും * പായസംതുലാമാസേകാവേരീതിരസ്ഥലെ ഭൂയസാശ്
കാദിനാഷഡ്രസസമന്വിതം * ദാനംചെയ്യുന്നപുമാൻപാനെന്ന
ലോകത്തിങ്കൽ സാനന്ദംദേവനായിത്താനെന്നുംസുഖിച്ചീടും *
മധുവുംമാഷംമുൽഗ്ഗംതൈലവുംകുലത്ഥവു മധികംഭക്ഷ്യങ്ങളാം
മുളകുംകടുകിവ * ശക്തിക്കുതക്കവണ്ണംനൽകുകിൽസ്വൎഗ്ഗലോ
ക ഭുക്തിയുംസൎവ്വലോകസുഖവുംലഭിച്ചീടും * മംഗലസ്നാനംതു
ലാമാസേകാവേരിജലെ രംഗസന്നിധിയിങ്കൽച്ചെയ്യുന്നപുരുഷ
ന്റെ * പുണ്യങ്ങളുള്ളവണ്ണംചൊല്ലുവാനറിവാനും പുണ്ഡരീകാ
ക്ഷൻതന്നേശക്തനെന്നറിഞ്ഞാലും * സൈരന്ധ്രിണീപണ്ടുകാ
ചിൽ ബ്രാഹ്മണികാവേരിയിൽ പാരവശ്യത്താൽസ്നാനംചെ
യ്തുപോയതുമൂലം * സുരലോകത്തെപ്രാപിച്ചീടിനാളവളുടെ വ
രനുംവിഷ്ണുലോകംപുക്കാനെന്നറിഞ്ഞാലും * മൂന്നുലോകത്തി
ലെങ്ങുമുള്ളൊരുപുണ്യതീൎത്ഥം മൂന്നരക്കോടിയെല്ലാം നാരായ
ണാജ്ഞയാലെ * ഗംഗയെമുന്നിട്ടുകാവേരിയെപ്രാപിച്ചീടും
മംഗലംതുലാമാസേനിയതമറികനീ * നിയമത്തോടുനൂറുവ
ത്സരംഗംഗാസ്നാനംനിയതംതുലാമാസേകാവേരീജലസ്നാനം * ജ
ഹ്നുജാവേധാവോടുമുന്നംചോദിച്ചീടിനാൾ തന്നുടെവിശു
ദ്ധിവന്നിടുവാനുള്ളുപായം * പാപികളുടെമഹാപാ
പസംഘങ്ങളാലെ ലേപിതയായതന്റെശുദ്ധിക്കുതദാജ്ഞ
യാ * സ്നാനംചെയ്യുനതുലാമാസെകാവേരിജലെസാനന്ദം
ശ്രീരംഗസന്നിധിയിലറിഞ്ഞാലും * കാവേരീതീൎത്ഥത്തി

കൽമൌസലസ്നാനംകൊണ്ടും കൈവരുംപാപമോക്ഷമേഴജ
ന്മത്തിങ്കലും * ഭാവശുദ്ധിയോടുള്ളമജ്ജനമെന്നാകിലും പാ
വനിയാകുംകുലകോടിയുമതിനാലെ * ഭക്ത്യാകാവേരി
സ്നാനംതൌലിമാസത്തിലാകിൽ ഭുക്തിമുക്തികൾക്കുള്ളമുഖ്യസാ
ധനമെല്ലൊ * കാവേരിമഹാത്മ്യത്തെച്ചൊല്ലുവാൻകേൾപ്പൊ
ന്നമാ ളാരവോരാരിത്രിലോകശേഷനെന്നിയെയോൎത്താൽ *
ഇങ്ങിനെകുംഭോത്ഭവനരുളിച്ചെയ്തനേരം തിങ്ങിനമോദംപൂണ്ടു
മന്നേരമുണൎത്തിച്ചാൻ * അംഗനാവിപ്രപത്നീവന്ധകീയായ്വ
ന്നതാരെങ്ങിനെനരകത്തിന്നതിഥിയാകുമവൾ * നാകലോക
ത്തെപ്രാപിച്ചതുമെന്നെന്നോടിപ്പോ ളാകവെയരുളിച്ചെയ്തീടേ
ണംദയാനിധെ * ഈവണ്ണമുള്ളനിങ്ങൾഗുഹ്യമെന്നിരിക്കിലും
കേവലംകൃപയാലെലോകാനുഗ്രഹാൎത്ഥമായ് * മദ്ദാസമുപദേശം
ചെയ്യുമെന്നാകയാലേ സാദരംചോദിക്കുന്നേൻദാസനായുള്ളൊ
രുഞാൻ * വിനയാന്വിതനായഹരിശ്ചന്ദ്രനോടപ്പോൾ മുനി
യുംസന്തോഷംപൂണ്ടരുളിച്ചെയ്തീടിനാൻ * സൽകഥാശ്രവണ
ത്തിൽശ്രദ്ധയേറീടുംനിന്റെ മുഖ്യമാംചോദ്യംനന്നുനന്നെടൊ
നൃപോത്തമ * അക്കഥാചൊല്ലീടുവനെങ്കിലോകേട്ടാലുംനീ
സ്വസ്ഥതയായീടിനാൾപാംസുലാചിത്രംചിത്രം * മധുരാപുരി
യുണ്ടുദേവേന്ദ്രപുരംപോലെ മധുരാകൃതികൃതമാലയാംനദീതീ
രെ * ഋഷഭാചലത്തിന്റെസവിധസ്ഥലത്തിങ്കൽ വൃഷസം
പൂൎണ്ണരായ ചതുൎവ്വൎണ്ണികളോടും * തുംഗങ്ങളായമാതംഗങ്ങളുംതു
രഗങ്ങൾ തുംഗതുംഗങ്ങൾരതാംഗങ്ങളുംപത്തികളും * പൊ
ങ്ങുംഗോപുരങ്ങൾസാലങ്ങളുംകൈലാസാദ്രി ശൃംഗാംഗീകൃതഭം
ഗിസംഗീതസൌധങ്ങളും * രമ്യശുദ്ധാന്തങ്ങളുംഗമ്യപ്രാസാ
ദങ്ങളും ഹൎമ്മ്യൌഘരസാമ്യതിത്യാദിയാൽമനോജ്ഞയായ് * അ
പ്പുരിതന്നിലൊരുവിപ്രേന്ദ്രൻപഞ്ചയജ്ഞ തല്പരനുണ്ടായ്വന്നുസ
ല്പഞ്ചപൂജാരതൻ * വേദവേദാംഗശാസ്ത്രവേദാന്തവേദിനാമ്നാ
വേദരാശിയെന്നൊരുവേദിയർകുലോത്തംസം * ശമവുംദമമുപ
രതിയുംസമാധാനം ക്ഷമയുംശ്രദ്ധാവിഷ്ണുഭക്തിക്കുമിരിപ്പിടം *

മത്സരമില്ലപൊറുംസത്സംഗത്തിങ്കലേറാ മുൽസുകൻമിത്രബ
ന്ധുവത്സലൻമഹായോഗീ * തല്പത്നിയായിട്ടുണ്ടൊരുസല്ലക്ഷ
ണാരത്നം സല്പാതിവ്രത്യനിഷ്ഠകല്പത്തിസ്ഥാനമായേ * അ
പ്സരികഴലിതന്നത്ഭുതകാന്തിചൊൽവാൻ സപ്പ്രാജനുംപാ
ക്കിൽകെൽപുപോരാതെവരും * സകലചന്ദ്രകാന്തമുഖിയാം
ചന്ദ്രകാന്താ സകലാഭരണവുമണിഞ്ഞുശോഭയോടേ * പ്രതി
വാസരംനിജപതിശുശ്രൂഷയുംചെയ്തതിവിശദാസശ്രദ്ധാവതി
യായ്വാഴുംകാലം * അടുത്തുവിദ്യാവലിയെന്നുപേരായുണ്ടൊരു
മടുത്തുകുന്നവാണീപുംശ്ചലീപതിഹന്ത്രി * ചന്ദ്രകാന്തയോട
വളേകാന്തേ ചൊല്ലീടിനാൾ ചന്ദ്രമണ്ഡലംതൊഴുംവദനേകേൾ
ക്കേണംനീ * എന്നുടെകണ്ണിന്മണിയല്ലോനീയാകയാലെ നി
ന്നിലേസ്നേഹംകൊണ്ടുചൊല്ലുന്നുഞാനിന്നേടോ * രഹസ്യമാ
യകാര്യമെത്രയുംമനസ്സിങ്കൽഗ്രഹിച്ചിട്ടുള്ളവണ്ണമുത്തരംചൊല്ലീ
ടേണം * ഭർത്താവുനിന്റെവശവർത്തിയോദുർവൃത്തനോ നിത്യവും
സുഖഭോഗമെത്തിവന്നീടുന്നിതോ * വദ്ധിച്ചുണ്ടല്ലോഭോഗശ്രദ്ധ
യുംനിനക്കതസിദ്ധിക്കുന്നുപായവുംബുദ്ധിയിൽചേരുംവണ്ണം *
അധ്രുവമല്ലോകാലമധ്രുവമല്ലോദേശ മധ്രുവംവിശേഷിച്ചുയൗവ
നംസ്ത്രീകൾക്കെല്ലാം * ഇത്തരംകേട്ടുപേടിച്ചെത്രയുംലജ്ജയോടു
മുത്തരംചൊല്ലീടിനാളുത്തമപതിവ്രതാ * എന്തൊരുകഷ്ടംകഷ്ടം
ഹന്തചൊന്നതുദുഷ്ടേ കിന്തുഞാൻനിന്നോടിതിന്നുത്തരംചൊ
ല്ലാഞ്ഞിലോ * ബന്ധമെന്നിയേഞാനുംബന്ധകിയെന്നാമത്ര ചി
ന്തിച്ചിട്ടെത്രനിന്നോടുരിയാടുന്നുനൂനം * ഭാവനയെല്ലോപാ
ക്കിൽകാരണംഭവത്തിനും പാവനമനസ്സുകൾക്കില്ലല്ലോദോഷ
മേതും * അഞ്ചുനീർകുളിച്ചന്നുതുടങ്ങിപ്പന്ത്രണ്ടുനാളുഞ്ചിതരതി
കാലംദമ്പതിമാർക്കുള്ളതിൽ * നിഷിദ്ധദിനങ്ങളെയൊഴിച്ചു ധ
ർമ്മംപോലും പിഴച്ചീടാതെരമിപ്പിപ്പുവൽപ്രാണേശ്വരൻ * പര
ലോകമേസാദ്ധ്യംഞങ്ങൾക്കുഭോഗംകൊണ്ടും പരിശുദ്ധമാംനാ
ളിൽഗർഭമുല്പാദിക്കിലോ * ബുദ്ധിമാൻശീലായുഷ്മാൻധനസമ്പ
ന്നനായസൽപുത്രനുല്പാദിക്കുംധർമ്മതല്പരനായെ * ദുർദിവസ

ത്തിൽഗൎഭംധരിച്ചുണ്ടാകുംപ്രജാ നിൎദ്ധനാനിരാരോഗ്യാദുഃഖദാ
പിതൃക്കൾക്കും * എന്നല്ലോംബോധമുള്ളോരെന്നുംചൊല്ലീടുന്ന
തും നന്നല്ലാതൊരുദിനമെന്തെന്നാലതുംകേൾനീ * അഷ്ടമീച
തുൎദ്ദശീദ്വാദശിവാവുരണ്ടും ഷഷ്ഠിയുംഹരിദിനംശ്രാദ്ധനാൾ
സംക്രാന്തിയും * പിൻനാളോണംപകൽസന്ധ്യയുംവ്രതകാ
ലം നിറന്നീടാതതല്ലോമൈഥുനത്തിങ്കലാൎക്കും * ഇച്ചൊന്നകാ
ലങ്ങളിൽ ക്ഷൌരവുംവ്യവായവുമിച്ഛയാതൈലാഭ്യംഗംദന്ത
ശോധനമിവ * ആചരിപ്പവൻകീഴ്പ്പെട്ടാശുസംപത്തിച്ചീടു മാ
ചാൎയ്യൻസോമയാജിസൎവ്വജ്ഞനെന്നാകിലും * ഗൃഹസ്ഥന്മാൎക്കീ
വണ്ണംമഹത്താംവിധിയുള്ളിൽ ഗ്രഹിച്ചീടുകലോകപ്രസിദ്ധമെ
ന്നുമീയും* ചന്ദ്രകാന്തോക്തികേട്ടുചൊല്ലിനാൾവിദ്യാവലീചന്ദ്രി
കാമന്ദസ്മിതേഃകൾമമപ്രിയവാക്യം * നല്ലതുനിനക്കുഞാൻചൊ
ല്ലുവൻചൊല്ലുകേൾക്കി ലല്ലൽതെല്ലുമേവരാകില്ലില്ലെന്നറിഞ്ഞാ
ലും* ദേഹമൈത്ര്യയുംപ്രിയംദേഹികൾക്കെല്ലായിലും ദ്രോഹമെന്നി
യേയുള്ളയൌവനംസുഖകാലം * കുടത്തോടൊത്തമുലത്തടത്തി
ൻഭംഗിതാണാൽ മടുത്തെൻമൊഴിമാൎക്കമടുത്തുപോകുംമനം *
തറച്ചുകാമബാണംവിറച്ചുയുവാവിനു മറച്ചുപോമെല്ലോവീണടി
ഞ്ഞമുലകണ്ടാൽ * നിറഞ്ഞയൌവനത്തിൽകുറഞ്ഞുരതിയെ
ക്കി ലുറഞ്ഞീടുമേരോഗമറിഞ്ഞുകൊണ്ടാലും നീ * തരുണിക്കുടൻ
തീരുണന്മാരെയന്യ സരണംചെയ്കിൽനീങ്ങുംതരസാരോഗങ്ങളും*
മറിച്ചൊന്നോൎത്തിടാതെമറച്ചൊല്ലുന്നെൻറചൊല്ലു നുറച്ചുപര
സംഗംകുറിച്ചുദ്യോഗിക്കനീ * പുണരുന്നിതുനിൻെറകണവൻ
വിടമല രണയിൽദാസിമുലയിന്നയെട്ടിവാരാത്രം * കിഞ്ചന
പോലുംനീദയാവഞ്ചനമറിയുന്നീ ലഞ്ചനമിഴിയാളേ!നെഞ്ചകം
നേരാകയാൽ * തുഷ്ടയാംദാഹിമിനിക്കിഷ്ടയാകയാലതി ദുഷ്ട
ൻെറചരിത്രങ്ങളൊട്ടൊഴിയാതെചൊന്നാൾ * ദേഹത്തെക്കാ
ളുംനിനിൽസ്നേഹത്താലത്രെഞാനും മോഹത്തെപ്പൂണ്ടുശുദ്ധ
മാഹന്തചൊല്ലീടിടുന്നൻ * ഏന്തരംകേട്ടുചന്ദ്രകാന്തയുംചൊ
ന്നാളഹോ കാന്തനെത്രയുംമൂൎഖൻഭ്രാന്തനെന്നിരിക്കിലും * വി

ടന്നാകിലുംശാൻകഠിനനെന്നാകിലും മട്ടനേർമൊഴിക്കവനുടയ
ദൈവമല്ലോ * വൈദികസംസ്കാരവുംവൈദികാനുഷ്ഠാനവും
വൈദികദൈവതോപാസനയുംനമുക്കുണ്ടോ * വാസുദേവങ്കൽ
ഭക്തിവാസനാചെറുതുണ്ടോ വാസവലോകേസുഖവാസംചെ
യ്യേണമെന്നാൽ * ഭർത്താവീശ്വരനെന്നതുൾത്താരിലുറക്കേണം
ഭർത്താവെനിന്ദിക്കിലോശുനിയായ്ജനിച്ചീടും * അന്നേരംവിദ്യാ
വലിപിന്നയുമുരചെയ്താൾ നിന്നുടെയറിയായ്മനന്നുനന്നെന്നേ
വേണ്ടു * മേനകാരംഭാദിയാംദേവദാസിമാരാക്കും മാനിനീമണേ
പുനരിപ്പുയോപുണ്യജ്ഞാനം * മെയ്യുമിത്താരുണ്യവുംമെയ്യല്ലെ
ന്നുറച്ചിട്ടത്ത്യല്പാരെപ്പാരുംമെയ്യായഭോഗാനന്ദം * പരലോ
കത്തുമിഹലോകത്തുംപലരേയും പരിചോടനുഭവിപ്പിച്ചനുഭവി
പ്പതും * സ്വർഗ്ഗത്തെക്കണ്ടോരുണ്ടോഭർഗ്ഗ്യത്രെചൊല്ലുന്നിതു ദുർഗ്ഗതി
വന്നീടുമേവർക്കുമെന്നതുന്യൂനം * പാപപുണ്യങ്ങളുടെരൂപവുമറി
യുംഞാൻ പേപറകയുമല്ലപതിയെക്കൊന്നിട്ടത്രേ * സാദ്ധ്വസം
വേർപെട്ടുഞാൻധൂർത്തയായ്ചമഞ്ഞതും സാദ്ധ്വികൾക്കൊത്ത
വണ്ണംസാദ്ധ്യമല്ലൊരുകാര്യം * സ്വാധീനക്കത്രെസുഖംപുണ്യ
വുംതപസ്സുമസ്വാധീനക്കുണ്ടുസുഖമെന്തൊരാചിന്തിച്ചാലും * ഇ
ത്തരംനരകത്തെസ്സത്വരംനൽകീടുന്നൊരുകഥതന്നെ വിദ്യാവലീ
യൊത്തുരച്ചൊന്നത്തോടും * വിസ്തരിച്ചോതുന്നേരംചിത്തവുംക
ലങ്ങിപ്പോയ് ദുസ്തരപൂർവ്വകർമ്മവാസനാവശത്താലെ * സ്ത്രീചാ
പല്യത്താൽമനസ്സസ്ഥിരമാകയാലും നിചമൈഥുനത്തിങ്കലിച്ഛ
യേറുകയാലും * പാതിവ്രത്യവുംകുലാചാരവുംപരിത്യജിച്ചാ
ധിക്യംദുഷ്ടസൌഖ്യത്തിന്നെന്നതുറക്കയാൽ * ആരുമേയറിയാതെ
ജാരരെപ്പുൽകീടിനാളൂരിലെല്ലാരുമറിഞ്ഞീടിനാർ മാസംകൊ
ണ്ടേ * ദുശ്ചരിത്രങ്ങളറിഞ്ഞവനീസുരോത്തമൻ നിശ്ചയിച്ചീടു
വാനായവളോടൊരുമിച്ച * പത്തഹോരാത്രംഗൃഹേവസിച്ച
ജിതേന്ദ്രിയൻ വൃത്തവുംപലതരത്തിലുംനിർണ്ണയിച്ചറിഞ്ഞുടൻ * ഗൃ
ഹവുംധനംധാന്യംഗൃഹിണീമമത്വവും ഗൃഹിയാമവൻവിട്ടുബ
ഹിഷ്കാരംചെയ്തു * സഹവാസത്താൽവന്നപാപത്തെപ്പോ

ക്കീടുവാൻ സഹസാപശ്ചാത്താപംകൊണ്ടുസന്തപ്തനായെ * സഹ്യജാതിഃവന്നുവസിച്ചീടിനാനെടോ മഹ്യധിപതിമണിമകുടമാണിക്യമേ * കഴിഞ്ഞിതദ്ധ്യായംമൂന്നിനിയുമിതിങ്കലേ ചൂഴിഞ്ഞുചെവിതന്നുകേൾക്കിലോചൊല്ലീടുവൻ *

—ഃ—

## ചതുൎത്ഥാദ്ധ്യായഃ - പ്രാരംഭഃ

ചന്ദ്രകാന്തയുംതന്റെകണവൻപോയശേഷം ചന്ദ്രനെക്കാളുംതെളിവേറിനമുഖത്തോടും * ചന്ദ്രികനാണീടുന്നപുഞ്ചിരിക്കൊഞ്ചലോടും സാന്ദ്രസമ്മദംയുവജാരരെവശത്താക്കി * അവരോടന്നംവസ്ത്രംനവമാല്യങ്ങൾ ഗന്ധംനവരത്നാജ്വാലാലംകാരങ്ങൾസുവൎണ്ണവും * ആകൎഷിച്ചാകൎഷിച്ചുസാകംക്രീഡിച്ചുനിത്യമാകവേയനുരാഗസാഗരേമുക്കീടിനാൾ * ബ്രാഹ്മണക്ഷത്രവൈശ്യശൂദ്രരും ചണ്ഡാളരും ബ്രാഹ്മണീസംഭോഗത്തെച്ചെയ്തിതുഖലരെല്ലാം * ദ്രാമിഡോത്തമൻപാണ്ഡ്യഭൂമിപനിന്ദ്രട്ടുമ്മൻസ്വാമിയാംതങ്കൽപ്പാപംബന്ധിയാതിരിപ്പാനായ് * നാട്ടിൽനിന്നാട്ടിമറുനാട്ടിലോട്ടിനാൻതന്റെ പാട്ടിലുള്ളിച്ചുന്മാരും ചന്ദ്രകാന്തയുംതദാ * ദ്രവ്യമൊക്കയുംനൃപൻകൈവശമാക്കയാലെ സവ്യഥമനസ്സോടുംകാവേരിതീരംപുക്കാർ * ദുഷ്ടരാംവിടന്മാരുംകൂട്ടുകൊണ്ടന്നുധനം മറ്റൊലുമ്മൊഴിക്കിഷ്ടമൊട്ടൊഴിയാതെ ചെയ്താർ * രമിപ്പിച്ചവരെയുംഭ്രമിപ്പിച്ചനാരതം രമിച്ചുരസാബ്ധിയിൽക്രമിച്ചുവാഴുന്നാളിൽ * കുള്ളൻമേനിയെങ്ങുംവളൎന്നരോഗംകൊണ്ടു തളൎന്നമഹാപാപാനലവൈഭവേനിനാൽ * ദേഹത്തെത്യജിച്ചിതുദേഹിയുംതദാപതി ദ്രോഹത്താൽമന്വന്തരംമുഴുവൻനരകങ്ങൾ * ഇരുപത്തൊന്നുവിധംഭുജിച്ചോരനന്തരം സുരപത്തനമൊത്തൊരിച്ചുള്ളപുരംതന്നിൽ * നിന്ദ്യയാംദേവദാസീനന്ദിനിയായാളവളന്നുദുൎവ്വന്നഗ്രഹിവന്നുസംഭവിച്ചിതു * പഴുത്തുമൂക്കംകാതുംപുഴുത്തുവിരൽകളും മുഴുത്തനോവാൽനിലവിളിച്ചുകരഞ്ഞവൾ * ശൂംഗാടകങ്ങളുടെയങ്ങോട്ടിങ്ങോട്ടുമ?

ടിയിങ്ങു കാവേരിയിങ്കലത്തിടനപോന്നു വന്നാൽ * സജ്ജനം തു
ലാമാസേ മജ്ജനം ചെയ്യുന്നതു മച്ച്നാപൂർവ്വം തുലാകാവേരീമാഹാ
ത്മ്യത്തെ * കൂട്ടമിട്ടെപ്പാവരും കേട്ടിരിപ്പതും ദ്വിജശ്രേഷ്ഠനാം
പൌരാണികൻ കേൾപ്പിക്കുന്നതും കണ്ടു * മംഗലം വളത്തും ശ്രീ
രംഗസന്നിധിയിങ്കൽ മുങ്ങിനാൾ പരിതാപമെങ്ങുമേ പൊറാഞ്ഞ
യാൽ * പഠിക്കുന്നോരു തുലാകാവേരീമാഹാത്മ്യത്തിൽ പൊട്ടക്കെ
ന്നൊരു പദ്യം കേട്ടിതു ഹരികഥാ * ചൊല്ലേറും തുലാമാസേ കാല
മേയൊരു ദിനം നല്ല കാവേരിതീർത്ഥമജ്ജനം ചെയ്യുന്നാകിൽ *
ഭ്രഷ്ടനും വിഷ്ണുലോകേ പൂജ്യനായ്വന്നു കൂട മൊട്ടപ്പസദ്യോത്ഭവാമ
ഹത്വം നിരൂപിച്ചാൽ * ദാസിയുമതു കേട്ടു ദേഹത്തെ ത്യജിച്ച
പ്പോൾ ഭാസുരവേഷശീലരാം യമഭൂതന്മാരും * വ്യോമയാനത്തി
ലേററി ക്കോമളരൂപം പൂണ്ട സോമനേർമുഖിയാളെ സ്സാദരം കൊ
ണ്ടുപോയാർ * സ്വരിക്കും കാവേരിയിലൊരിക്കൽ കുളിക്കയാ ലുര
ക്കും പാപങ്ങളും തെരിക്കെന്നാശേഷം പോയ് * നിറസ്സും വിമാന
ത്തിൽ ചരിക്കുന്നതും ദ്യോവിലിരിക്കുന്നതും വന്നു ധരിക്കുന്നപോ
ത്തമ * വഴിയിൽ തത്ര തത്ര സുഖമേ വിശ്രമിച്ചും മുഴിയാതന്നം ര
സായനവും ഫലങ്ങളും * ഭുജിച്ചു ഭുജിച്ചു പാനീയപാനകപാനം ഭ
ജിച്ചു ഭജിച്ചാനന്ദാംബുധിനിമഗ്നയായ് * ഉദിച്ച ഭക്തിയോടും കാ
വേരീസലിലത്തെ സ്തുതിച്ചും സാധുക്കളെ നമിച്ചും സ്വർഗ്ഗം പുക്കാ
ൾ * ദുഷ്ടതചേരും വിദ്യാവലിയാകട്ടേ പിന്നെ പെട്ടന്നു ധർമ്മരാജൻ
തന്നുടെയാജ്ഞയാലെ * കഴുത്തിൽ കൂടിച്ചും നായിഴത്തു ചത്തു പാരം
മുഴുത്ത കന്മഷത്താൽ പ്രളയകാലത്തോളം * രൌരവാദികളായ ന
രകങ്ങളിൽ വീണു ഘോരയാതനയനുഭവിച്ചു ശിവ! ശിവ! * ശുനി
യായിരിപതു ജനിയും മൂന്നീടു മേദിനിയിൽ പന്നിയായും ജനിച്ചോ
രനന്തരം * ഭീഷ്മവിക്രമനായ ഭാർഗ്ഗവരാമനോടു ഭീഷ്മർക്കു യുദ്ധ
ത്തിന്നു കാരണഭൂതയായൊ * കാശിരാജാവിൻ മകളംബയായ് ജ
നിച്ചിതു കേശിനാശനഭക്തോത്തംസമേ നൃപാധിപ * വേദവി
ദരനായ വേദരാശിയും പിന്നെ സ്സാദരം തുലാമാസേ കാവേരീതീ
ർത്ഥസ്നാനം * വിധിയാം വണ്ണം ചെയ്തു വിഷ്ണുകേതനാന്തമപോനി
ധിയും കാലധർമ്മം പ്രാപിച്ച കാലാന്തരേ * കാവേരീസ്നാനപു

ണ്യംകൊണ്ടുപാപങ്ങൾനീങ്ങിജ്ഞാനശുദ്ധിയുംവന്നുഭാസ്കരസം കാശനായ് * കോടിമാൎത്താണ്ഡപ്രഭതേടുന്നദിവ്യയാനത്തോ ടുംപോയ്ച്ചെറുകടന്നീടുമ്പോൾകാണായ്വന്നു * പുണ്യപാപങ്ങ ളുടെഫലത്തെഭുജിക്കുന്ന പുണ്യപുരുഷന്മാരുംപാപിഷ്ഠജനങ്ങ ളും * യാതനസഹിയാഞ്ഞുഖേദിക്കുന്നിതുചിലർനൂതനസുഖം പൂണ്ടുമോദിക്കുന്നിതുചിലർ * കണ്ടുള്ളിൽകൌതുഹലംകൊണ്ടെ ല്ലാമറിവാനല്ലൊന്നയാമവൻ യമഭൃത്യരോടറിയിച്ചാൻ * മാൎഗ്ഗ ത്തിൻമദ്ധ്യേചെന്നുകാണേണമെന്നുവാഞ്ഛരാമാൎഗ്ഗത്തെത്തന്നെ യനുസരിച്ചാരവർകളും * അയ്യയ്യോയെന്നുപരിദേവനങ്ങിലടി ക്കിൽ പശ്യവേസല്ലാരസാന്ത്വോക്തികൾചിലടിക്കിൽ * ന ല്ലന്നംഭുജിച്ചാലുംനന്മധുരസവിച്ചാലും മെല്ലവെനടന്നാലുംനിഴ ലിലിരുന്നാലും * ഇതെല്ലോകുരുക്കപാലിതെല്ലോകട്ടത്തയി രി തെല്ലൊപുത്തുരുക്കനെമണംചേരുംമോരും * ഇതെല്ലൊരസായ നമിതെല്ലൊനല്ലാനകമിതെല്ലൊപനസാമ്രകദളീഫലങ്ങളും * ഏലവുംരാമച്ചവുംലവങ്കംകർപ്പൂരവും മേളനംചെയ്യജലമിതെ ല്ലൊസുശീതളം * തൃപ്തിവന്നിടുവോളമെല്ലാമാസ്വദിച്ചാലും ലു പ്തസംഭ്രമംമന്ദംസുഖമേഗമിച്ചാലും * ചന്ദനംഗോരോചനം കസ്തൂരിപനിനീരും കുന്ദമല്ലികാജാതിമാലയുമണിഞ്ഞാലും * ഭൂ സുരന്മാൎക്കുമുന്നംകൊടുത്തിട്ടുള്ളൊന്നിവ ഭാസുരന്മാരേനിങ്ങളി ന്നനുഭവിച്ചാലും * ദത്തമായതുതന്നേലഭിക്കുംതപസ്സിക്കുമുത്ത മോത്തമന്മാരായുള്ളസജ്ജനത്തിനും * കൊടുത്തിട്ടുള്ളോൎക്കിതി ന്നടുത്തതിങ്ങുംകിട്ടും തൊടുത്തുതപസ്സെങ്കിൽപരലോകവുന്ത ഥാ * ആകയാലുള്ളതെന്നാകിലുംതങ്ങൾതങ്ങൾക്കാകു ന്നവണ്ണംദാനംവിപ്രൎക്കുചെയ്തീടേണം * കൊടുക്കാതവൎക്കില്ലധ നവുംസ്വൎഗ്ഗപ്രാപ്തിയും കൊടുക്കാതവൎക്കില്ലമനഃശുദ്ധിയുംസുഖം * കൊടുക്കാതവൎക്കില്ലപുത്രരുമാത്മജന്മാനം കൊടുക്കാതവൎക്കില്ല പിതൃപ്രീതിയുംനൂനം * കൊടുക്കാതവൎക്കില്ലപശുവൃദ്ധ്യാദികളും കൊടുക്കുന്നവൎക്കില്ലനരകപ്രാപ്തിയെന്നും * ദാതവുപലപലസ ല്ലൂൎമ്മംപഞ്ചയജ്ഞം പ്രാതഃസ്നാനവുംചെയ്തഫലത്തെപ്രാപിച്ചീ

ട്ടം * വൈശാഖമാഘതുലാകാൎത്തികമാസങ്ങളിൽ വൈശിഷ്ട്യ
മേറുംമുഖ്യനദികളെല്ലാററിലും * മുഖ്യകാവേരീസ്നാനാകൊ
ണ്ടുപാപങ്ങൾപോക്കി സ്വൎഗ്ഗത്തെഗ്ഗമിക്കുന്നസജ്ജനശ്രേഷ്ഠ
ന്മാരെ * സതിയാമരുന്ധതീദേവിക്കുതുല്യമാരാം പതിദേവത
മാരേഭൎത്തൃസമ്മതമാരെ * പാരിൽനിന്നവരവർചെയ്യുന്നപു
ണ്യന്തന്നേപാരംലൌകികമായപാഥേയംനിങ്ങൾക്കെല്ലാം *
നിത്യവുംസദാചാരരതമാരായുള്ളോരെ ശുദ്ധമാരെല്ലോപതി
പ്രിയമാരെല്ലൊനിങ്ങൾ * വൈദികകൎമ്മംകൊണ്ടുലഭ്യമാംസ്വ
ൎല്ലോകമാദരാൽസുലഭമായ്നിങ്ങൾക്കുചിത്രംചിത്രം * ആതുര
നെന്നാകിലുംനിഷിദ്ധനെന്നാകിലുംമേദുരക്രോധശീലനാകിലും
ഭൎത്താവിങ്കൽ * നിശ്ചലയായഭക്തിനിങ്ങൾക്കുപാഥേയമിന്നി
ഷ്ടാനുരൂപമതിൻഫലത്തെഭുജിച്ചാലും * അന്ത്യകാലത്തിങ്കലുമ
ന്തകന്തന്നെക്കാണാ സന്തോഷാത്സ്വൎഗ്ഗപുക്കുസന്തതംസുഖി
ച്ചാലും * എന്നിത്ഥമുപകരിച്ചന്തകഭൃതന്മാരാലുന്നിദ്രം സംപൂ
ജ്യരായ്ദിവ്യയാനാരൂഢരായ് * സാമോദംത്രിവിഷ്ടപംപ്രാപി
ക്കുന്നിതുചില രാമയമെങ്ങുമണഞ്ഞിടാതേചിലദിക്കിൽ * മുൽ
ഗ്ഗരംഭിണ്ഡിപാലംഗദയുംമസൃണിയുംഖഡ്ഗവുംധരിച്ചുദംഷ്ട്രാക
രാളാസ്യന്മാരായ് * ഘോരാകാരരായൂൎദ്ധ്വകേശരാംയമഭടരാരൂ
ഢഘോഷംഛിന്ധിഭിന്ധിയെന്നുടനുടൻ * ചൊല്ലിട്ടട്ടഹസിച്ചുപേ
ൎത്തുന്നിട്ടുയംമട്ടിക്കയാലല്ലൽപൂണ്ടത്യുച്ചത്തിൽകരയുന്നിതുചില
ർ ചെറുഞ്ഞുട്ടുള്ളമണൽവീറേറുംകണ്ടകങ്ങ ളുറാതെപഴുപ്പിച്ചോ
രിരിമ്പുകീലങ്ങളും * തഴച്ചമാൎഗ്ഗങ്ങളിൽപഴിച്ചുംകവിഴ്ത്തിയിട്ടി
ഴച്ചും ദ്രുതംകണ്ണീർപൊഴിച്ചുനിരന്തരം * തൊഴിച്ചും പൈദാ
ഹത്താൽക്കുഴച്ചുന്തിക്കൊണ്ടുചുട്ടിഴച്ചുമവരവർപിഴച്ചപിഴപോ
ലെ * വെള്ളവുംജനങ്ങളുമില്ലാതകൊടുങ്കാട്ടിൽത്തുള്ളത്തുള്ള
വേവെട്ടിയെള്ളൊത്തുനുറുക്കിയും * ക്രൂരദംഷ്ട്രങ്ങളായസാരമേ
യങ്ങൾചുററു മോരോമൎമ്മങ്ങളിൽക്കടിച്ചുപിടയിച്ചും * സാഹ
സാദേവംയമഭൃതന്മാർപീഡിപ്പിച്ചു ഹാഹേതിചിലരലറുന്നിതു
ചിലദിക്കിൽ * പരോഹിംസയുംപരനിന്ദയുംചെയ്യുന്നോരും പര

സ്ത്രീധനാപരായണന്മാരായുള്ളോരും * വിഹിതമല്ലാത്തകൎമ്മ
ത്തെയാചരിപ്പോരു മഹിതംസദാചാരംവൎജ്ജിച്ചജനങ്ങളും *
സജ്ജനങ്ങളെസ്സദാധിക്കരിക്കുന്നോർകളും തജ്ജനഡംഭാദി
യാൽമുഷ്ക്കരരായുള്ളോരും * സ്നാനവുമൌപാസനംദൈവതാ
ൎച്ചനംശാസ്ത്രജ്ഞാനവുമദ്ധ്യയനംശ്രാദ്ധകൎമ്മാനുഷ്ഠാനം * എ
ന്നിവയില്ലാതവിപ്രന്മാരുംമാതാപിതൃ നിന്ദകന്മാരുംപരദോ
ഷൈകദൃഷ്ടികളും * അക്രയമായവസ്തുവിക്രയഞ്ചെയ്യുന്നോരുംവ
ക്രബുദ്ധികൾപരാൎത്ഥങ്ങളെത്തട്ടപ്പോരും * കേവലംശിശ്നോദര
മാത്രപൂരകന്മാരുംദേവബ്രാഹ്മണശിവവിഷ്ണുനിന്ദകന്മാരും * ദരി
ദ്രന്മാരെയുപദ്രവിക്കുന്നോരുംമഹിസുരദ്രോഹികൾഭൃത്യദാസഹിം
സകന്മാരും * ദുഷ്പ്രതിഗ്രഹംദുഷ്ടസംസൎഗ്ഗഞ്ചെയ്യുന്നോരും നിഷ്പ്ര
തികാരാഹ്നികത്യാഗത്തെച്ചെയ്യുന്നോരും * ലുബ്ധന്മാർകുബുദ്ധിക
ളവ്രതാചാരന്മാരുംലബ്ധാന്നാദന്മാരന്യപാകന്മാരപാകന്മാർ *
പരക്ഷേത്രാപഹാരംപംക്തിഭേദവുന്തഥാ കറക്കുംഗോക്കളെ
ക്കൊണ്ടുഴവുചെയ്യുന്നോരും * നല്ലവസ്തുക്കൾതാനെഭുജിക്കുംജന
ങ്ങളുംവല്ലതുംവ്യാജത്തിന്നുസാക്ഷിയായിരിപ്പോരും * ജനനീജന
ങ്ങളെദ്ധിക്കരിപ്പവർകളു മനൃതന്മാരുംസന്ധ്യാജപവൎജ്ജിതന്മാ
രും * സല്പാത്രത്തിങ്കലസല്ക്കാരവുമപാത്രത്തിലപ്പോലെസല്ക്കാ
രവുഞ്ചെയ്യുന്നമൂഢന്മാരും * യജ്ഞഹോമാൎത്ഥമെന്നിവൃക്ഷങ്ങൾ
മുറിപ്പോരു മജ്ഞരായ്പുണ്യകൎമ്മരോധികളായുള്ളോരും * ഉ
വ്യാൎത്ഥംമഹാമന്ത്രംവിനിയോഗഞ്ചെയ്വോരും ഭവ്യമാംപുണ്യഭൂ
മിതന്നെനിന്ദിക്കുന്നോരും * സല്ക്കഥാശ്രവണഞ്ചെയ്തിടാതജന
ങ്ങളും മുഖ്യമാന്തുലാസ്നാനംധൎമ്മവുംവൎജ്ജിച്ചോരും * ഇത്യാദിമ
റ്റുംമഹാപാപികൾപീഡാനപിതമത്യൎത്ഥമുച്ചം നിലവിളിച്ചു
കരയുന്നോർ * കുറഞ്ഞൊരന്നമന്നമെന്നചറുന്നു ചിലരെരിഞ്ഞു
വെള്ളംവെള്ളമെന്നുകേഴുന്നു ചിലർ * മെല്ലെപ്പോകെന്നുചൊ
ല്ലിവിലപിക്കുന്നുചിലർ കൊല്ലൊല്ലെകൊല്ലൊല്ലെന്നുകേണീട
ന്നിതുചിലർ * ആകാശത്തിങ്കൽചുറ്റാറ്റിക്കരങ്കല്ലിലെ ഞാക
വേകായംചൊട്ടിച്ചിതറിത്തെറിച്ചിട്ടും * മൂച്ചേറുന്നഖഡ്ഗം

കൊണ്ടുംമുൽഗരംകൊണ്ടു മിച്ച്വാൾകൊണ്ടുംകീറിമുറിഞ്ഞവ്ര
ണങ്ങളിൽ * ഉപ്പുവെള്ളത്തിൽനൂറുംകലക്കിത്തളിച്ചിട്ടു മപ്പൊ
ഴേ കളുന്നവെള്ളംകൊണ്ടുതളിച്ചുടൻ * ക്രുത്തസൂചികൾ പാരം
മൂൎത്തുള്ളകീലങ്ങളും ചേൎത്തുപാച്ചിയുംപാരിച്ചോൎത്തുടൻതറച്ചിട്ടും*
കണ്ടത്തിൽവയററത്തുംമാറത്തുംകയറിട്ടുകണ്ടദുൎമ്മാൎഗ്ഗത്തൂടെവിട്ടു
യമിഴച്ചിട്ടും * നാലുവൎണ്ണത്തിലുള്ളനരന്മാർനാരിമാരും മാലിയ
ന്നധീരരായ്രോദനഞ്ചെയ്തീടുന്നു * ഭൎത്താവെദ്വേഷിച്ചതാനൊ
ത്തവണ്ണമേ ചെയ്യുമിതപരീജനങ്ങളെത്തപ്തായശ്ശലാകയാൽ *ഘൃ
ഷ്യത്തിൽകോൎത്തുദുരദ്ധ്വാവൂടെയിഴച്ചിട്ടുംസഹ്യമല്ലാതെ യുള്ള
നിഷ്ഠുരവാക്യങ്ങളാൽ * ശ്വശുരശ്വശ്രൂഗുരുക്കന്മാരെനിന്ദിക്ക
ന്നൃശംസജിഹ്വാമദ്ധ്യത്തിങ്കലുമത്തുപോലെ * കോൎത്തിഴച്ചി
ട്ടുംപാരംമൂൎത്തൊഴുംക്രകചത്താൽ മൂൎത്തിയെയുമുത്തമുത്താൎത്തി
പെട്ടലറിയും * ദുഷ്ടകൎമ്മങ്ങളൊരുമ്പെട്ടുചെയ്തിട്ടുന്തഥാശിഷ്ടാ
ചാരങ്ങളെല്ലാംവിട്ടുനിഷ്ഠുരമാരാം * മട്ടോല്പംമൊഴിമാരെ യൊ
ട്ടേറമററുംപലകഷ്ടശീലത്താൽപ്രതികൂഷ്ടമാരായോരയും *ഈൎ
ഷ്യയാപലതരംഭത്സിച്ചയമദൂതരീച്ച്വാൾ കൊണ്ടുകീറിഖിര
ച്ചുകേണീടുന്നു * ദുഷ്ടതമെവരവർചെയ്തതിന്നനുരൂപംനിഷ്ഠതിക
ളതിദൂരംയമകിങ്കരന്മാരും * നിഷ്കൎഷിച്ചെപ്പൊഴും പീഡിപ്പിച്ചു
ഹാഹാകാരമുൽക്കൃഷ്ടമായിയമപുരിമാൎഗ്ഗത്തിലെത്തി * ദക്ഷോ
ഹംസമ്പന്നോഹംപ്രഭുഞാനെന്നുംപിന്നെ യിക്ഷിതിതങ്കലി
നിക്കാരുള്ളുസമമെന്നും * സല്ക്കുലിനോഹമെന്നുമുൾക്കാമ്പിലു
റഞ്ഞെഴുമല്ലൂടഗൎവ്വാന്ധമാനസന്മാരായിനിങ്ങൾ * സജ്ജനങ്ങ
ളേമുന്നന്തൎജ്ജനംചെയ്തീലയൊ ദുൎജ്ജനങ്ങളേയിന്നുതൽഫ
ലംഭുജിച്ചാലും * ഇക്കണ്ടരാജാക്കന്മാരെത്രയുംശൂരരെല്ലൊ ചൊ
ല്ക്കൊണ്ടരാജ്യലിപ്സാപരന്മാർദുരാത്മാക്കൾ * കയ്ക്കൊണ്ടുനിത്യം
ബ്രഹ്മസ്വാദികളന്യായ മായുൾക്കൊണ്ടധൎമ്മമദാലുബ്ധന്മാരാ
യവർ * ഇവരെച്ചേൎത്തൊരൊടൊട്ടേടിക്കപ്പേഷണംചെയ്യുവരന്ന
ന്നുചെയ്ത പാപത്തിന്നനുരൂപം * ബ്രാഹ്മണർക്കതിചെ
റിയിൽമഹീപാലകന്മാരിൽ ധാൎമ്മികതപവുംദയാസത്യവുമി

ല്ലയെല്ലോ * അകുശദണ്ഡങ്ങളാലടിച്ചുപൊടിക്കെന്നും ക്രകചംകൊണ്ടിന്നംഗംനുറുക്കീടുകയെന്നും * നല്ലാരിക്കാണായവരെല്ലാരും ഭൎത്താക്കളോ ടൊല്ലാവിപ്രിയമെന്നിച്ചൊല്ലാരെന്നതുമൂലം * ഞെരിക്കത്തച്ചെന്നുംമെയ്നുറുക്കീടുകയെന്നും തെരിക്കെന്നമ്മിഴിചിട്ടരച്ചിടുകയെന്നും * ഇങ്ങിനേചൊല്ലിച്ചൊല്ലിയങ്ങിനേചെയ്തുചെയ്തു തിങ്ങിനദണ്ഡംകൊണ്ടുപൊങ്ങുന്നുഹാഹാരവം * ഇമ്പത്തപ്പൂങ്ങിവണ്ണംപാപികൾകേഴുംമാൎഗ്ഗ മെമ്പത്താറായിരംയോജനയുംകണ്ടനേരം * തപസാംരാശിവേദരാശിയുംമനക്കാമ്പിൽ കൃപയാപാരംപരവശനായോൎത്തീടിനാൻ * തപ്തരായ്ദുഃഖിക്കുമിമ്മൎത്ത്യരെയെന്തൊന്നിനാ ലുദ്ധരിപ്പിച്ചീടാവുസത്വരമെൻദൈവമെ * ഇത്തിരിനേരമുള്ളിലിത്തരംനിരൂപിച്ചിട്ടു ദ്ധരാദേവേശ്വരനിത്ഥംകല്പിച്ചീടിനാൻ * മററുള്ളപുണ്യംകൊണ്ടുമററിടുംപാപംനീങ്ങിത്തെററന്നേവക്കുമുണ്ടോസൽഗതിവന്നീടുന്നു * മൂന്നഹസ്സിങ്കൽ തുലാകാവേരിസ്നാനത്തിനാൽ ചേൎന്നുള്ളപുണ്യമിവൎക്കായ്ക്കൊണ്ടുകൊടുക്കേണം * സ്നാനവുമെന്നാൽമമസഫലമായ്വന്നീടും മാനസത്തിങ്കലിതിന്നില്ലസംശയമേതും * സാധുക്കൾപരോപകാരികളെന്നതുന്നൂനം സാധുക്കൾപരന്മാൎക്കസൌഖ്യത്തെച്ചെയ്യുന്നവർ * സാധുക്കളനുകമ്പാശീലന്മാർജന്തുക്കളിൽ സാധുക്കൾപരന്മാൎക്കുംദുഃഖത്തെയൊഴിപ്പവർ * ഇഷ്ടാപൂൎത്താദിധൎമ്മവ്രതനിഷ്ഠകളെല്ലാമൊട്ടൊഴിയാതെചെയ്തുവച്ചമാംപുണ്യംപോലും * നഷ്ടമാംദയാശീലമന്ന്യോപകാരവും വേറിട്ടുള്ളദുഷ്ടൎക്കെന്നുശിഷ്ടസമ്മതമല്ലോ * സ്വൎഗ്ഗപ്രാപ്തിയുംതപഃഫലവുംയജ്ഞപുണ്യമൎഗ്ഘ്യസന്ധ്യാനുഷ്ഠാനജപഹോമാദിഫലം * ഹരിപ്രീതിയുംതീൎത്ഥസിദ്ധിയുംമന്ത്രസിദ്ധി വരിഷ്ഠമായകാലദാൎഢ്യവുമെന്നുവേണ്ട * സൎവ്വവുംപരോപകാരംകൊണ്ടുസിദ്ധിച്ചീടും സൎവ്വഥാകൊണ്ടുംഞാനിന്നതുനിമിത്തമായ് * ദുഃഖവൃന്ദാരത്തിങ്കൽ നിന്നവർകളേയുദ്ധരിച്ചീടുന്നുണ്ടെന്നാച്ചമുനിശ്രേഷ്ഠൻ * ശ്രീനാരായണശ്രീപാദാംബുജംധ്യാനിച്ചുള്ളിൽ ദീനന്മാർതമ്മെ

നോക്കീട്ടുച്ചത്തിൽ ചൊല്ലീടിനാൻ * തൗലികാവേരീസ്നാനംമൂ
ന്നാൾചെയ്തപുണ്യം മാലിയന്നീടുമിപ്പാപികൾക്കെന്നൽകീടി
ടുന്നേൻ * ലോകങ്ങളെല്ലാമിന്നു സാക്ഷികളിതിന്നെന്നു ശോകനാ
ശാർത്ഥംഘോഷിച്ചീടിനാൻമുഹുർമ്മുഹുഃ * ബ്രാഹ്മണോത്തമൻവേ
ദരാശിയീവണ്ണംചൊല്ലും സാമ്യമില്ലാതവചനാമൃതംചെവിയി
ങ്കൽ * ചെന്നമാത്രയിൽതന്നെപാപികളെല്ലാവരും സന്നവേ
ദനന്മാരായ്സുഖമുൾക്കൊണ്ടുപാരം * പാശവുംയമഭടബാധ
യുംപെടാഹവു മാശുവേർപെട്ടുഹൃഷ്ടപുഷ്ടസന്തുഷ്ടന്മാരായ് *
സജ്ജനങ്ങളെപ്പോലെദിവ്യയാനാരൂഢരായ്വിജ്വരമനസ്സോടും
നിർജ്ജരലോകംപുക്കാർ * കാവേരിപ്രഭാവത്തെക്കേട്ടുംവിസ്മയ
പ്പെട്ടും കേവലാനന്ദമനുഭവിച്ചുവാണീടിനാർ * ആകയാൽതു
ലാമാസേകാവേരിസ്നാനപുണ്യംനാഗേന്ദ്രനായ ശേഷനെന്നിമ
റ്റാർക്കു ചൊല്ലാം * ത്രിദിനസ്നാനപുണ്യമസംഖ്യംപാപിഷ്ഠരെ
ത്രിദിവംപ്രാപിപ്പിച്ചിതെത്രയും ചിത്രംചിത്രം* അനന്തരംയമദൂ
തൻബ്രാഹ്മണശ്രേഷ്ഠൻതന്നോടത്യന്തകൗതൂഹലാ പൂണ്ടുചൊ
ല്ലിനാനേവം * പൃഥ്വിയിൽനിന്നോരോരോ ദുഷ്കർമ്മംചെയ്തുചെ
യ്തു തത്തൽപാപത്തിൻഫലമിവിടെബ്ഭുജിക്കുന്നു* മദ്ധ്യസ്ഥന
ല്ലോയമൻനിത്യവുംശാസിപ്പതു മർത്ത്യാർത്ഥംപാപിഷ്ഠർക്കുപാപം
പോക്കുവാനെല്ലോ * രൗരവാദികളായനരകങ്ങളിലിട്ടു ഘോര
യാതനയാലേപാപങ്ങളൊടുങ്ങിയാൽ * ശേഷകർമ്മത്തെയനു
സരിപ്പാൻഭൂമണ്ഡലേ ദോഷമേറുന്നകഷ്ടയോനിയിൽജനിച്ചീ
ടും * പിന്നയുംകർമ്മാനുസാരേണപാപങ്ങളുണ്ടായ്വന്നീടുമത്രഫ
ലംഭുജിപ്പാനറിഞ്ഞാലും * ഇങ്ങിനേദുഃഖപാരമ്പര്യത്തെപ്രാപി
ക്കുന്നു തിങ്ങിനദുഷ്കർമ്മങ്ങൾചെയ്തുംപാപിഷ്ഠരെല്ലാം * സ്നേഹം
ഞാനറിയാതെകൊണ്ടുവന്നിതു ഞങ്ങളാഹന്തവേഗമെഴുന്നെ
ള്ളെന്നമിനിയിപ്പോൾ * എന്നുരോരോട്ടുപോയ്സംയമനീസമീ
പത്തിൽ ചെന്നപ്പോൾകേൾക്കായിതു ഹാഹേതികോലാഹ
ലം * കണ്ടോരുഗോഷ്ഠത്തിൽകൊണ്ടുന്നജനങ്ങളെ കൊണ്ടോരോ
നരകത്തിലുഴിപ്പിക്കുന്നുപാപം * ഓരോരോദിക്കിൽനിന്നിട്ടോ

രോരോവിധങ്ങളിൽ പാരാതെ ചെയ്തീടുന്നയാതനപൊറാഞ്ഞു
യാൽ * കരയുന്നിതു ചിലരലറുന്നിതുചിലർമുറയിട്ടോരോവിധം
പറയുന്നിതുചിലർ * ഒന്നുരണ്ടെന്നല്ലനേകായിരംകോടിജനം
ഭിന്നംഭയത്തൃച്ചത്തിൽകേഴുന്നുശിവശിവ * ചിലരെശ്ശൂലത്തിൻ
കൂൎമ്മുനയിലേററിടുന്നു ചിലരെക്കഠോരമാമശ്മത്തിലേററിടുന്നു *
ചിലരെച്ചെമ്പുകിടാരങ്ങളിൽവറുക്കുന്നു ചിലരേയീച്ചവാൾകൊ
ണ്ടിന്നുടലറുക്കുന്നു * തണ്ണീരുംചോറുംമുഹുരിരന്നുംവെന്തുവെന്തു
കണ്ണീരിററിററുവീണുമറുകിടുന്നുചിലർ * ചിലരുരജലത്തിലുംചി
ലരേതൈലത്തിലുമലറിവെന്തുവെന്തുമറുകപ്പച്ചുക്കുന്നു * ദുഷ്ട
രായ്പ്രജാപീഡചെയ്യുംമന്നവന്മാരേ പെട്ടെന്നുതപിച്ചുരുക്കി
ടുന്നൊരിരുമ്പുതൂണിൽ * ഇട്ടുരുക്കിയുംപുനരെടുത്തുതണുപ്പിച്ചും
വെട്ടിയുംവ്രണങ്ങളിൽചുട്ടെണ്ണപകൎന്നിട്ടും * ഉപ്പോട്ടുനൂറുംചേ
ൎത്തുകലക്കിത്തളിച്ചിട്ടും പില്ലാട്ടുതണുത്തനീർകൊണ്ടാട്ടുതണു
പ്പിച്ചും * നരകങ്ങളിലെല്ലാംവെവ്വേറെപതിപ്പിച്ചുംപെരികക്ക
ഷ്ടംശപാമാംസന്തന്നെയരിപ്പിച്ചും * ചുഴലുന്നൊരുഘടീയന്ത്ര
ത്തിൽഭ്രമിപ്പിച്ച മഴലുൾക്കൊണ്ടുകേണുവീണുടൻമോഹിക്കുന്നു *
എണ്ണമില്ലാതെമാറിവണ്ണമേദണ്ഡപാണി ദണ്ഡ്യരായ്ശിക്ഷ
ണ്ണരാംപുണ്യഹീനരേക്കണ്ടു * കരുണാവിവശാന്തഃകരണനായീ
ടിനധരണീസുരൻവിഷാദേനചോദിച്ചീടിനാൻ * എന്തൊരു
പാപംചെയ്തിട്ടിങ്ങിനെകേണീടുന്നി തെന്തിനായ്ക്കൊണ്ടുചെയ്തു
ദുരിതംഭയംകരം * ക്ഷണികമായകായമവലംബിച്ചുപാപക
ണികപോലുമാൎജ്ജിപ്പതിന്നെന്തവകാശം * മാനുഷജന്മംമഹാ
ദുൎല്ലഭംലഭിച്ചിട്ടുംമാനസേശുഭകൎമ്മശ്രദ്ധയുണ്ടായില്ലയോ * മാ
ഘാദിമാസേപുലർകാലവേമഹാനദീയോഗത്തിൽ സ്നാനമൊരു
നാളുമേചെയ്തില്ലയൊ * വസ്ത്രമന്നവുംക്ഷീരംഛത്രപാനകംമുററു
മത്രമാത്രത്തിൽനല്ലപാത്രത്തിൽനൽകീലയൊ * സന്ധ്യാനു
ഷ്ഠാനംജപമതിഥിപൂജാഹോമംസന്ത്യജിച്ചിതോമുററുംബലി
തൎപ്പണങ്ങളും * മാധവതുലാമാഘമുഖ്യമാസത്തിലൊരുപോതു
മേകാമേരിയിൽസ്നാനവുംചെയ്തീലയോ * ഏകാദശ്യാദിപുണ്യ

വ്രതത്തിന്നനുഷ്ഠാനമേകദാപോലുമൊരുവക്കമുണ്ടായില്ലയൊ * ശ്രീമഹാദേവൻഗൌരിവല്ലഭൻ ഗംഗാധരൻസോമശേഖരൻശിവൻതന്നെപ്പൂജിച്ചില്ലയൊ * കലശാംബുധിശായിലക്ഷ്മീശൻ പാദാംബുജേതുളസിദളമൊന്നുപോലുമച്ചിച്ചില്ലയൊ * പിതൃതപ്പണംശ്രാദ്ധകമ്മമീശ്വരസേവാ പിതൃശുശ്രൂഷാഗുരുപൂജയും ചെയ്തില്ലയൊ * ബ്രാഹ്മണോത്തമശ്രീപാദാംബുജംപരിചരിച്ചാണ്മയൊടനുഗ്രഹമാദാനഞ്ചെയ്തീല്ലയൊ * അന്യോപകാരം ചെറുതുംകരുതീലയോപാരം ദൈന്യംപൂണ്ടവർകളിൽകൃപയുണ്ടായില്ലയൊ * ദുഷ്കരതരംമഹാദുഷ്കൃതംപൊക്കുവാനുമുൾക്കാമ്പിലിച്ഛിക്കുന്നതൊക്കയുണ്ടാകുവാനും * ഉൽകൎഷമേറുന്നതിൽമുഖ്യമഖ്യാതചേരും പുഷ്കരെക്ഷണഗാഥയെന്നുമെകേട്ടീല്ലയൊ * നാരകന്മാരുംവേദരാശിയിങ്ങിനെചൊല്ലുംസാരവാഗമൃതസന്ദൎത്തപ്പിതന്മാരായ് * അവനൊട്ടരചെയ്താരന്നേരം ടൊഹരിശ്ചന്ദ്രനൃവരൊത്തമമൌലിരത്നമെകേട്ടാലുംനീ * അദ്ധ്യായംകഴിഞ്ഞിതുനാലിന്നുംകേൾക്കേണമെന്നത്യന്തം ശ്രദ്ധയുണ്ടെന്നാകിലൊ ചൊല്ലാമല്ലൊ *

## പഞ്ചമോദ്ധ്യായഃ-പ്രാരംഭഃ.

അവനീദേവോത്തമകേട്ടാലുമെങ്കിൽഭവാ നവധിയില്ലഞങ്ങൾചെയ്തപാപങ്ങൾചൊൽവാൻ * അവററിൽചെറുതു ചൊല്ലാംചോദിച്ചമൂലംഞങ്ങളുവശ്യംദുഷ്കമ്മങ്ങളെന്നിയേചെയ്തിലെന്നും * അരുണോദയത്തിങ്കലുറങ്ങുംസന്ധ്യാജപസ്മരണംപോലുമൌപാസനവുഞ്ചെയ്തിലേതും *പഞ്ചയജ്ഞങ്ങളുംചെയ്തിലെന്നുമതിഥിക്കുകിഞ്ചനപോലുമൊന്നുഞ്ചെയ്തിലസൽക്കാരവും * ഉച്ചക്കുവിശന്നന്നമൎത്ഥിക്കുംജനങ്ങളെ യുച്ചത്തിൽഭത്സിച്ചാട്ടിക്കളയുംലോഭത്തിനാൽ * നിഷിദ്ധദിനങ്ങളിലെന്നുംസംഗമഞ്ചെയ്തും പഴഞ്ചുമെന്തുനീപീട്ടുന്നിതിന്നതിനാലെ * ലാക്ഷയുമുപ്പും തൈലമാജ്യവുംപാലുംതയി രിക്ഷണിയമാംവസ്തുമെല്ലാംവിക്ര

യഞ്ചെയ്യും * പരദ്രോഹവുംപരനിന്ദയുംചെയ്യുംനിത്യം പര
സ്ത്രീഭോഗംപരദ്രവ്യവുംപരാന്നവും * എന്നെന്നുമേകാദശിനാ
ളനുഭവിച്ചീട മെന്നതുകൊണ്ടുവെന്തുമറുകുന്നിതുഞങ്ങൾ *
മൃതനാളിലുമമാവാസ്യാദികാലത്തിലും കൃതമായില്ലപിതൃപ്രീ
തികാരണശ്രാദ്ധം * അസത്സംഗത്താലസദ്വൃത്താന്തങ്ങളെ
ല്ലൊല്ലും പ്രസക്തിവിഷ്ണുകഥാമൃതത്തിലില്ലതാനും * അമ്മ
യുമച്ഛൻഗുരുദേവതാസജ്ജനങ്ങളുമ്മഹീസുരരേയും പൂജിച്ചീ
ലൊരിക്കലും * അത്ഥിക്കുതന്നീടാമെന്നാശയെജ്ജനിപ്പിക്കു മ
ത്ഥമൊട്ടുമേകൊടുത്തീടുകയില്ലതാനും * പങ്കങ്ങളശേഷവുംക
ളയുംഗായത്രിയേ ശ്ശങ്കയില്ലൊരുപൊഴുതെങ്കിലുംജപിച്ചീല *
യാഗവുംഞങ്ങൾചെയ്തീലെന്നതുമൂലമിന്നു യോഗംവന്നിതുവെ
ന്തുവെന്തുനീറുവാനേവം * നിഷിദ്ധദിനങ്ങളിൽതൈലാഭ്യംഗ
വുംചെയ്യും നിഷിദ്ധവ്യഞ്ജനങ്ങളുപജീവിക്കുമെല്ലാം * പഴ
വൻശൂദ്രശേഷംസ്ത്രീശേഷംശ്രാദ്ധംഗുണ മൊഴിയുംചുരക്കയും
പുളിയുംസമ്മിശ്രമായ് * ക്ഷീരവുമപ്പുംകോശാതകിയുംപിണ്യാ
കവും ചേരവേതയിരോടുപാലുമാസ്വാദിച്ചീടും * നിഷ്പാവം
മരിങ്ങയും വെള്ളത്തവാത്താകവുമഭ്യംഗഞ്ചെയ്തശേഷ മപ്പൊ
ഴേളച്ചീടും * ജനനീജനങ്ങളെട്ടുമ്മദംകലന്നുള്ളിലനിശം പാ
രുഷ്യവാക്യങ്ങളാൽദൂഷിച്ചീടും * ഉണ്ണുന്നബാലന്മാരെക്കണ്ണി
ല്ലൂണനന്നേരം ചണ്ഡിതാപംപൂണ്ടു പാരംഭത്സിക്കുംലോഭത്തി
നാൽ * മുഴുകാതവർവെച്ചോരന്നവുമൊരുമാസംമുഴുവൻസൂ
പംകൂടക്കൂടാതെയുള്ളന്നവും * പിന്നയുംപാകംചെയ്തോരന്ന
വുംഭുജിച്ചീടും തന്വംഗിരജസ്വലാതന്നയുംഗമിച്ചീടും * നി
ശയിൽദധിപകൽപാലുംപാനംചെയ്തീടും പിശുനന്മാരായ്
ദോഷമെന്നിയേചിന്തിച്ചീടാ * നിരത്ഥംപരാത്ഥങ്ങൾക്കൊ
ക്കവേവിഘ്നാതവും വരുത്തുംസ്വാത്ഥംസ്വാത്ഥമോത്തുപാത്തി
രുന്നീടും * ദക്ഷോഹംകുലീനോഹംധനവാനഹംമഹാ ശി
ഷ്ടോഹംവിദ്വാനഹമെന്നുഗവ്വാന്ധന്മാരായ് * ധിക്കരിച്ചീ
ടുംസാധുജനത്തേക്കഷ്ടംകഷ്ടം മിക്കതുംപിന്നെപ്പുതുപൊരുതുമ

ള്ളനേരം * പകൽമൈഥുനംപകലുറക്കംസന്ധ്യാകാലേ സു
ഖമേയുഷഃകാലത്തിങ്കലുമഭ്യംഗവും * പ്രിയയുംതാനുമൊന്നി
ച്ചിരുന്നുൺകയുംചെയ്യും പ്രിയമാംപുളികുട്ടിപ്പചിച്ചമരിങ്ങ
യും * വെളുത്തവഴുതിനങ്ങയുമാസ്വാദിച്ചീടുംവളൎന്നചെമ്പുംഭുജി
ച്ചീടുംദ്വാദശീദിനേ * പുണ്യകൎമ്മങ്ങൾക്കെന്നുചൊല്ലിവാങ്ങി
ക്കൊണ്ടന്നതണ്ഡുലാദ്യങ്ങളാലേ കുക്ഷിപൂരണംചെയ്യും *
വേദശാസ്ത്രാദ്യങ്ങളെയഭ്യസിച്ചറിഞ്ഞിട്ടും വൈദികധൎമ്മങ്ങളെ
യൊന്നുമാചരിയാതെ * നിഷിദ്ധകൎമ്മങ്ങളുംചെയ്തസത്യവും
ചൊല്ലിക്കഴിക്കുംവൃത്തിനിത്യം ഭൃതകാദ്ധ്യയനത്താൽ * വള
രെയെന്തിന്നിവചൊല്ലുന്നുനിരൂപിച്ചാലളവില്ലല്ലോ ഞങ്ങൾ
ചെയ്തുള്ളദുഷ്കൎമ്മങ്ങൾ * അതിനാലനേകയാതനകളനുഭ
വിച്ചധുനാചെന്തു വെന്തുമറുകിടുന്നുഞങ്ങൾ * രൌരവംപുന
ൎമ്മഹാരൌരവംകാലസൂത്രം ഘോരമാംകരാളവുംകൎക്കശംവിക
രാളം * തപ്തവാലുകംകുംഭിപാകവും തുഷാഗ്നിയുംതപ്തസീസ
വുംതപ്തജലവുംസന്താപവും * തപ്തതൈലവുംതപ്തായഃപി
ണ്ഡഭക്ഷണവുംതപ്തപാഷാണപേഷം വിണ്മൂത്രഭക്ഷണവും *
രേതഃപാനവുംരക്തഭക്ഷവുംവസാഭക്ഷം പൂതിഗന്ധിയാംശവ
മാംസാദനംക്ഷാരോദകം * സൎപ്പപീഡനം സ്വമാംസാശ
നം കിടപീഡാതപ്താഗ്നിനിപാതവും വൃഷണശിലാപാതം *
അംഗാരശയനവുംമൽഗാദശനവുമംഗാരഭക്ഷണം വൈതര
ണീനദിതാനും * ജ്വലനജ്വാലാവേശംനഖരസൂചിഭിന്നം
സ്വലിംഗാശനംലിംഗശങ്കുപീഡനമെന്നും * താമിസ്രംകോ
ലാഹലമന്ധതാമിസ്രംമുമ്പായ് ഭീമദുഃഖദങ്ങളായുള്ളോരുനരക
ങ്ങൾ * ഏറിയൊന്നൊല്ലാമനുഭവിച്ചുപലതരംമാറിയില്ലിന്നും
പാപഫലത്തിൻപാകമേതും * ഏഴുമന്വന്തരങ്ങൾകഴിഞ്ഞു
കാലംചില ൎക്കേഴരണ്ടായിചിലൎക്കതിലുമേറമേറം * നൂറു
മായിരംപതിനായിരം നൂറായിരംനൂറുനൂറായിരവുംപത്മവുംപ്
രാൎദ്ധവും * ആയിരത്താരോരോജനങ്ങൾക്കിതിങ്കനു വേർപാ
ടായിതിപ്പിതിന്നീതേദുഃഖമെന്തൊന്നുള്ളതും * തലകീഴായിട്ടീ

UNIVERSITY ... 3



ച്ചവാളുകൊണ്ടറുക്കയും  പലകീടാദിജ്ജന്തുക്കൾ പിടിപ്പിക്ക
യും * ഇക്കാണായവൾ പണ്ടുജ്ജയിനീനഗരത്തിൽ വിഖ്യാതസു
ഘോഷാഗ്രഹാരത്തിലിരുന്നോരു * കലദ്ദൂഷിണീദുരാചാരയാം
വിപ്രാംഗനാ കലടാസദാകാലം ക്രോധമൂർഛിതയത്രെ * പു
ത്രന്മാർതനിക്കുണ്ടുപലരെന്നതുകൊണ്ടു മൈത്ര്യംഗവ്വിഷ്ടയായ്
സോദരം ദ്വരിയായേ * ഭർത്തൃമാതാവിന്നുമച്ഛന്നുമപ്രിയഞ്ചെ
യ്തും ഭർത്തൃഭത്സനഞ്ചെയ്തുമെപ്പൊഴുമുറഞ്ഞിടും * കൊന്നിതുസ
പതികളുള്ളാത്മജൻതന്നെത്തനിക്കൊന്നൊഴിയാതെ ധനധാ
ന്യങ്ങളടക്കുവാൻ * ഗുരുസജ്ജനങ്ങളെനിന്ദിക്കുംതൻപതിക്കൊ
രുശുശ്രൂഷപോലുംചെയ്കയില്ലൊരുനാളും * ജനകന്നിവളുടെ
നാമവുംകേട്ടിടരു തന്നഘപതിവ്രതമാരെഗ്ഗർഹണഞ്ചെയ്യും *
വന്ധകിമാർക്ക്വേണ്ടുംപ്രിയമന്വേഷിച്ചുട നെന്തൊന്നാകിലുമ
തുകൊടുക്കുംരഹസ്യമായ് * ഭിക്ഷുക്കൾ ദരിദ്രരുംഭിക്ഷയെയപേക്ഷി
ക്കിലക്ഷണമക്ഷാന്തിയാലക്ഷീണമാക്ഷേപിക്കും * ഒരിക്കൽപ
തികടുത്തുരക്കിൽതെരിക്കുന്നുമരിക്കുന്നുണ്ടെന്നോതിത്തിരിക്കുംധാ
ർഷ്ട്യത്തോടും * ദേവബ്രാഹ്മണഗുരുദ്രോഹവുംചെയ്തിങ്ങിനെ കേ
വലമസതികൾക്കിഷ്ടയായ്പ്പൊഴുംകാലം * അത്യന്തോല്ക്കടപ്പാപഫ
ലരൂപങ്ങളായ മൃത്യുദശപാസകാസാദികളുമാക്രമിക്കയാൽ * മരിച്ചു
വേഗംകൊണ്ടുതിരിച്ചുമാർഗ്ഗേതച്ചു ഞെരിച്ചുമുസലാദിധരിച്ചുയമദൂ
തർ * മുപ്പതുകോടിക്കാലംമുൻചൊന്നനരകങ്ങ ളെപ്പേരുമനുഭവി
പ്പിച്ചുപിന്നെയുമിപ്പോൾ * കോലാഹലാഖ്യനരകത്തിങ്കൽത്തള്ളി
ക്കാലുമ്മേലായിത്തൂക്കിമലമെപ്പോഴുംഭക്ഷിപ്പിച്ചു * ദംശവൃശ്ചിക
മുഖദുജ്ജന്തുക്കളെക്കൊണ്ടു ദംശിപ്പിക്കുന്നതിതുകണ്ടാലുംമഹാമ
തെ * പുരുഷാധമന്മാരാമിരിവരവളുടെയരികെക്കണ്ടീലയോകേ
രയുന്നതുപാരം * നരനായകനതിലൊരുവനിവന്മഹീ സുരഹിം
സകൻമഹാദുരിതവാരാന്നിധി * അന്യായന്തന്നെച്ചെയ്താൻമ
ന്നവനിവൻനാട്ടിലെന്നുമേധർമ്മലേശമൊന്നുമേചെയ്തീലെല്ലാ *
പറിച്ചുധനമെല്ലാംമറച്ചുസംഗ്രഹിച്ചു മരിച്ചുനരകത്തിയെരിച്ചീ
ടുന്നതിപ്പോൾ * ഇതരനളകാഗ്രഹാരത്തിൽബ്രഹ്മശ്രുതി സു

തന്നാംബ്രഹ്മചാരികൾതന്നിൽമഹാധൂൎത്തൻ * അദ്ധ്യയനാദ്യാശ്രമകൃത്യങ്ങളെല്ലാം വെടിഞ്ഞത്യൎത്ഥന്താംബൂലചൎവ്വണവുംചെയ്തു നപാഹം * ജാരിണിയായമാതാവിനെയുമനുസരിച്ചാരേയും പേടിയാതെനടക്കുംമഹാഖലൻ * തല്പാപാധിക്യത്തിനാലല്പായുസ്സായിട്ടവ നിപ്പോലെതന്നെദുഃഖിച്ചപ്പോഴുംവലയുന്നു * മുപ്പത്തുസൌഷഷ്ഠികകല്പംചെന്നിതുകാല മല്പമല്ലിരിവൎക്കുംസല്പതേവിപ്രോത്തമ * ഇങ്ങിനെയുള്ളദുഃഖംഞങ്ങളോസഹിക്കയില്ലിങ്ങളിൽനൂറുമടങ്ങല്ലതിലേറുമെത്രെ * നിന്തിരുവടിതന്നെക്കണ്ടതിൽപ്പിന്നേഞങ്ങൾക്കെന്തൊരത്ഭുതംമഹാദണ്ഡങ്ങളില്ലേതുമേ * അന്തികേചെറുനേരംനിന്നരുളേണംഞങ്ങൾക്കന്തരമില്ലാഹരിനിന്തിരുവടിയത്രേ * വേദരാശിയാംമുനിശ്രേഷ്ഠനെക്കാൺകയാലും വേദജ്ഞൻതന്നോടേവംസല്ലാപംചെയ്കയാലും * വേദനാഹേതുവായപാപങ്ങളെല്ലാംനീങ്ങി വേദാന്തവേദ്യൻശ്രീനാരായണൻതിരുനാമം * ഹരിയെന്നുള്ളരണ്ടുവൎണ്ണംചൊല്ലുകയാലെ പെരികപുണ്യങ്ങളുംവളൎന്നിട്ടവരെല്ലാം * നരകങ്ങളിൽനിന്നുയാതനകളുംനീങ്ങി തരസാമേല്പോട്ടയന്നിടിനാരത്തുനേരം * കണ്ടുകൌതുകംപൂണ്ടുവേദരാശിയുമേറ്റംകൊണ്ടാടിനിരൂപിച്ചാനെന്തിതിന്നവകാശം * ഇണ്ടലുംതീൎന്നുനരകങ്ങളിൽനിന്നുംവേൎവ്വാടുണ്ടാവാൻതക്കപുണ്യമെന്തിവൎക്കുണ്ടായതും * ദാനങ്ങൾയജ്ഞങ്ങളുംവ്രതങ്ങൾതപസ്സുകൾ മാനനീയങ്ങൾമറ്റുമുള്ളസൽകൎമ്മങ്ങളാൽ * നൂനമിപ്രാരബ്ധത്തെനീക്കരുതെല്ലോതെല്ലു മൂനമെന്നിയേഭുജിച്ചീടേണമെല്ലാവൎക്കും * ഊഴിയെട്ടക്കൊണ്ടുവിരിച്ചുമൂടിത്തപ സ്സേഷണഹീനംചെയ്തുലോകങ്ങൾദഹിക്കിലും * ആഴിയെദ്ദാനവാരികൊണ്ടുപൂരിച്ചീടിലും താഴ്വിലനുഭവിച്ചെന്നിയേമഹാപാപം * ദുഷ്കൎമ്മമെന്നാകിലും സൽകൎമ്മമെന്നാകിലു മുൾക്കാമ്പിലിഷ്ടത്തിന്നുതക്കവണ്ണമേചെയ്താൽ * അക്കൎമ്മഫലമവനൊക്കവേഭുജിക്കേണം നൂക്കൾക്കുസങ്കല്പമേദുഃഖശൃംഖലനൂനം * ആകയാൽസ്വതന്ത്രനാംലോകേശൻലക്ഷ്മീപതി ക്കാകിലാംകൎമ്മബന്ധമാകച്ഛേദിച്ചീടുവാൻ *

ഹോകയില്ലറിഞ്ഞറിയാതെ ചെയ്തുണ്ടായതിലേകദേശംപോലും
മറെറാന്നിനാലെന്നുനൂനം * അങ്ങിനെയുള്ളമഹാവിഷ്ണുവിൻ
സങ്കീൎത്തനമിങ്ങിവരാരുമൊരിക്കലുമേ ചെയ്തീലെല്ലോ * എങ്ങി
നെപിന്നെനരകങ്ങളിൽനിന്നുവേർപെട്ടിങ്ങിനേ സുകൃതികളാ
സ്സുന്നിതിവരെല്ലാം * ഊന്നിയീവണ്ണംനിരൂപിച്ചപ്പോളകക്കാ
മ്പിൽ തോന്നിയാനന്ദവാരാന്നിധിയിൽമുങ്ങിമുങ്ങി * തീൎന്നിതു
സന്ദേഹംഞാനറിഞ്ഞേനറിഞ്ഞേനെന്നാന്നെഴും പൂൎണ്ണഭക്ത്യാ
നൎത്തനംചെയ്തീടിനാൻ * അസംഗനലേപകനാംഹരിതിരു
നാമം പ്രസംഗവശാലിവരൊരിക്കാൽചൊൽകയാലെ * അ
സഹ്യനരകയാതനകളെല്ലാംതള്ളി പ്രസഹ്യനിഷ്കന്മഷരായിതു
പാപിഷ്ഠന്മാർ * അന്തകൻതന്റെദൂതരന്തരാതട്ടത്തീടി ലെ
ന്തുചെയ്യുന്നതിന്നുഹന്ത നാരകരിവർ * ചിന്തിക്കിൽജ്ജഗൽ
സംഹാരംചെയ്യും മൃത്യുവിന്നിന്നന്തഃക്രോധംവന്നാകിലൊക്ക
വേഹനിച്ചിടും * കിന്തുഞാനിവരുടെരക്ഷണത്തിന്നായ്ക്കൊണ്ടു
മന്തരായംകൂടാതവൈകുണ്ഠംപ്രാപിപ്പാനും * അന്തമെന്നിയെ
യിന്നുംഹരിനാമംകേളാത ജന്തുക്കളെല്ലാവരുംകേൾക്കുമാറത്യു
ച്ചനിൽ * ചെന്താർമാനിനിയുടെപന്തൊക്കുംമുലപുൽകി സ
ന്തോഷാനപിതംപയസ്സിന്ധുവിന്മദ്ധ്യദേശേ * ബന്ധുകാധരീവ
സുന്ധരയാസമേതനായ് ബന്ധുരാനന്തതല്പേസന്തതംപള്ളി
കൊള്ളും * ചിന്തിതചിന്താമണിചിന്തിക്കുന്നവരുടെ ചിന്ത
യിൽവാഴുംദീനബന്ധുവാംദയാസിന്ധു * സിന്ധുരസുരാരാതിക്ക
ന്തകനായദേവൻ ചിന്തിച്ചാലജ്ഞാനികൾക്കറിഞ്ഞുകൂടാത
വൻ * വെന്തിങ്കൾനാണുംചാരുവദനൻമഹാമോഹ ബന്ധ
ത്തെയറുത്തീടുംശ്രീഗുരുനാഥരൂപൻ * അന്ധകാരങ്ങളെല്ലാമക
ലെയകററിയെന്നന്തരാവിളങ്ങീടും ശ്രീഹരിപരബ്രഹ്മം * നി
ന്തിരുവടിതിരുനാമപീയൂഷമിപ്പോ ളന്തരംവിനാഘോഷിച്ചുച്ച
രിക്കുന്നുണ്ടുഞാൻ * ബ്രഹ്മഹന്താവുംസുരാപായിയുംമിത്രദ്രോ
ഹി കന്മഷമേറുംഗുരുതല്പഗൻസ്ത്രീഹന്താവും * ദുൎമ്മതിരാജപി
തൃഗോക്കളെഹനിപ്പോരും നിൎദ്ദയന്മാരായുള്ളപാപിഷ്ഠന്മാ

ങ്ങം * ഹരിയെന്നീവണ്ണംരണ്ടക്ഷരംചൊല്ലീടുകിൽ തരസാദ
ഹിച്ചുപോംദുരിതൌഘങ്ങളെല്ലാം * വൃശ്ചികമാസംതുലാമാസ
വുംകാവേരിയിൽ സ്വച്ഛചേതസാസ്നാനംചെയ്യാതജനങ്ങ
ളും * വൈശാഖമാഘസ്നാനംവജ്ജിച്ചമനുഷ്യരും വൈശിഷ്ട്യ
മേറുമൌപാസനവുംഗായത്രിയും * അതിഥിപൂജാരാമായണ
ഗാഥയുംപിന്നെ പ്രതിവാസരംപ്രാതൎഭാരതകഥാലാപം *
വിഖ്യാതസാളഗ്രാമാച്ചനവുംമഹാളയ മുഖ്യാമാവാസ്യാശ്രാ
ദ്ധാദികളെവെടിഞ്ഞോരും * സവ്വദാശ്രുദ്ധാന്നവുംഗുരുദ്രോഹവും
തഥാ ഗവ്വേണമാതാപിതൃഗഹ്ണമസത്യാവും * ദാനംചെയ്യാ
തെയുള്ളഭക്ഷണംപംക്തിഭേദം ഹീനയാമിഷ്ട്യാമറ്റുമിത്തരമുള്ള
ജനം * ഹരിയെന്നീവണ്ണംരണ്ടക്ഷരം ജപിച്ചീടിൽ തരസാന
ശിച്ചുപോംദുരിതൌഘങ്ങളെല്ലാം * അംബുജേക്ഷണനുടെനാ
മാനുവാദത്തിനാൽ ജന്മകോടിയിലിവർചെയ്ത പാപൌഘമെ
ല്ലാം * ഉന്മൂലനാശംചെയ്തുനാരകന്മാരെയെല്ലാം നിമ്മലന്മാ
രാക്കുവനില്ലസംശയമേതും * കരുണാകരൻഭക്തവത്സലൻഹ
രിസകൃൽ സ്മരണംകൊണ്ടുദാസദുഃഖങ്ങളകററീടും * ജനനമര
ണമഹാകടലിന്നടുവിൽനി ന്നനിശംകേണുകരകാണാതെയുഴന്നീ
ടും * ജനരക്ഷണംചെയ്വാൻശ്രീമഹാവിഷ്ണുവെന്നി പുനരാരുള്ള
തോത്താലീരേഴുലോകത്തിലും * നിണ്ണയിച്ചുള്ളത്തിലിവണ്ണമേ
വിപ്രോത്തമനങ്ങ്ണോജനേത്രൻതന്നെവണ്ണിച്ചുതുടങ്ങിനാൻ *
ചിരിച്ചുംചാടിപ്പാടിക്കളിച്ചുംനാമങ്ങളു ച്ചരിച്ചുംസഗൽഗദമു
ത്തരീയംവീയിച്ചും * അച്യുതാനന്തനാഥാപുരുഷോത്തമശൌരേ
സച്ചിദാനന്ദമൂത്തേസമസ്തേശപരഹരേ * പുഷ്കരവിലോചനനര
കമുരാന്തക ദുഷ്ടതവിനാശനനൃസിംഹദയാംബുധേ * കമലാമഹീ
കരകമലലാളിതാംഘ്രി കമലശംഖചക്രകമലധരപ്രഭോ * ഗോ
വിന്ദമുകുന്ദവന്ദാരുമന്ദാരവിഭോ ഗോവൃന്ദപാലനന്ദനന്ദനജഗ
ല്പതേ * വൃന്ദാരകാരവിന്ദമന്ദിരപുരന്ദര വന്ദ്യപാദാരവിന്ദസുന്ദര
തരമൂത്തേ * കൃഷ്ണോഷ്ണാനുഷ്ണകിരണേക്ഷണവൃഷ്ണിപതേ നിഷ്ണാ
തധൃഷ്ണുജിഷ്ണുപ്രിയവൈകുണ്ഠവിഷ്ണോ * ശ്രീവത്സവത്സവിപ്രവ

ജലമധുരിപോ ശ്രീവാസുദേവ ദേവദേവ ദേവകീസൂനൊ * ചരണസരോരുഹസ്മരണകൃതഭവ വരുണനികേതനതരണഭാനബന്ധൊ * ഇന്ദ്രസോദരദനുജേന്ദ്രനന്ദനസ്തോത്ര സാന്ദ്രാനന്ദാത്മൻ പാഹിപാഹിമാംനമോസ്തുതെ * ഇവ്വണ്ണംഹരിഗുണവർണ്ണനംനാരകന്മാരെല്ലാരുംകേട്ടുകർമ്മബന്ധവുംവേർപെട്ടുടൻ * പാവനൻവേദരാശിതന്നെയുംവന്ദനംചെയ്തവിമ്മോദേന വിമാനാരൂഢന്മാരായി * ശ്രീഹരിപദംപ്രാപിച്ചീടിനാരത്രയെല്ലാം മാഹാത്മ്യം വേദരാശിക്കുണ്ടായിമഹീപതെ * മഹിമാവെഴുന്നതുലാകാവേരിസ്നാനത്തിനാ ലഹിമകിരണവംശോത്തമോത്തം സുപ്രഭോ * അഞ്ചാമതദ്ധ്യായവുംകഴിഞ്ഞുകഥാശേഷം ചെഞ്ചെമ്മേകേൾക്കേണമെന്നുണ്ടെന്നാകിലോചൊല്ലാം *

## ഷഷ്ഠോദ്ധ്യായഃ — പ്രാരംഭഃ

---

പണ്ടരവിന്ദോത്ഭവൻകുഞ്ഞരാം ജനങ്ങൾക്കുള്ളിണ്ടലേതീപ്പൊനായുൾക്കൊണ്ടെഴുംകാരുണ്യത്താൽ * കൊണ്ടാടിക്കാട്ടീടിനാനിമ്മഹാനദിതന്നെ മണ്ടിപ്പോമെല്ലാപാപംമജ്ജനംചെയ്യോൎക്കെല്ലാം * അജ്ഞരായ്വൈശ്യദേവന്മാരായ വേദരായിയജ്ഞഹീനരായ്ദുരാചാരാന്നഭോജികളായ് * നിത്യവുംദുരാചാരരതരായ്കൃതഘ്നരായ് മൃത്യുവശരായ്സംസാരാൎണ്ണവനിമഗ്നരായ് * പാപിഷ്ഠന്മാൎക്കും കായക്ലേശംകൂടാതെമഹാപാപത്തെപ്പോക്കിപരഗതിയെവരുത്തുവാൻ * വിശ്വസിച്ചീടുന്നൊരുവിശ്വവാസികൾക്കെല്ലാം വിശ്വാഭീഷ്ടവുംനൽകുംകാവേരിതന്നെനൂനം * അഖിലവേദജപംകൊണ്ടുള്ളമഹാഫലം നിഖിലതീൎത്ഥസ്നാനംചെയ്തുള്ളപുണ്യങ്ങളും * സകലംവരുംതുലാകാവേരിസ്നാനത്തിനാൽ സകലമാകുംവൎണ്ണംനൃവരതിലകമേ * ദുൎഭിക്ഷകാലത്തിന്നൌന്നത്യവുംകൊടുക്കിലും നിൎദ്ധനംദരിദ്രനാം

ശ്രോത്രിയന്നഗാരവും * പ്രശ്രയസധനാഢ്യങ്ങളാകിലുംകൊടു
ക്കിലും വൈശ്വദേവാനന്തരംവന്നുള്ളോരതിഥിയെ * പൂജിച്ചു
ഭുജിപ്പിക്കുന്നാകിലുമുള്ളഫലം യോജിച്ചുവരുംതുലാകാവേരീസ്നാ
നത്തിനാൽ * നിത്യകൎമ്മങ്ങൾക്കില്ലശക്തിയുമൌപാസനമ
ദ്ധ്യയനവുമില്ലവിപ്രനെന്നിരിക്കിലും * ശുദ്ധനായ്വരുംതുലാസ്നാ
നത്താലതുപോലും സിദ്ധമല്ലെന്നാകിലോനരകംപ്രാപിച്ചീടും*
പ്രാതഃസ്നാനത്തെച്ചെയ്തുഗായത്രിജപിക്കിലും പ്രീതനായ്മഹാളയ
ശ്രാദ്ധമാചരിക്കിലും * ദ്വാദശിവ്യതീപാതാദികളിൽ ദരിദ്രന്നു
സാദരമന്നദാനംചെയ്കിലുമുള്ളഫലം * വന്നീടുമപ്പോൾതുലാകാ
വേരീസ്നാനത്തിനാൽ മന്നവർകുലമകുടത്തിൻനായകക്കല്ലേ * ദ
ക്ഷനാംവിധാതാവിക്കാവേരീമഹാനദീദക്ഷിണഗംഗയെന്നു പ
ണ്ടരുൾചെയ്തീടിനാൻ * പാപിഷ്ഠന്മാൎക്കുമുപപാതകിജനത്തി
നും താപത്തെപ്പോക്കീടുവാൻമറ്റുമുള്ളവൎക്കെല്ലാം * ഉപകാ
രാൎത്ഥംതെക്കേദിക്കിങ്കൽവന്നീടിനാ ളുപമാഹീനാമഹാപുണ്യ
യെന്നറിഞ്ഞാലും * നൂറുവത്സരംഗംഗാസ്നാനത്താലെത്തും ഫ
ലംചേരുമേസകൃത്തുലാകാവേരീസ്നാനത്തിനാൽ * മൂന്നുലോക
ത്തിങ്കലുംപുണ്യതീൎത്ഥങ്ങളായേ മൂന്നരക്കോടിയുള്ളൊന്നൊക്കയും
തുലാമാസേ * ഗംഗയേമുന്നിട്ടുകാവേരിയേപ്രാപിച്ചീടും മംഗ
ലാത്മകൻശ്രീനാരായണനാജ്ഞയാലേ * കേളെടോതുലാമാ
സേകാവേരിസ്നാനംദാനം കേളിയേറുംമാഹാത്മ്യശ്രവണമിവയാ
ലേ * കാളുന്നപാപാഗ്നിയുംചീളന്നുപൊലിഞ്ഞെല്ലാംനാളും
വൈകുണ്ഠലോകേമേളത്തോടിരുന്നീടും * ആരണൻവേദരാശി
തൌലിസ്നാനവും ചെയ്തുകാരണംതന്നെയെല്ലോമഹത്വംവൎദ്ധി
ച്ചുടൻ * സ്വൈരിണീസംഗംകൊണ്ടുണ്ടായപാപവുംനീങ്ങി
സ്വൈരമേദിവ്യയാനാരൂഢനായ്പോകുന്നേരം * നാരകന്മാരെ
ക്കണ്ടുനാരകത്തിങ്കൽനിന്നുത്താരണംചെയ്തുജിതപാദാരുണാന്ത
കനേയും * നാരകന്മാൎക്കുംനാരായണലോകത്തെനൽകി നാര
ദസേവ്യംഹരിപദത്തെപ്രാപിച്ചതും * കലശോത്ഭവൻതന്നോ
ടുനരംചോദ്യംചെയ്താൻ കലശാംബുധിശായിഭക്തനാംഹരി

ശ്ചന്ദ്രൻ കുലിശധരാദികൾക്കാസാധിപ്പാനരുതാത ബലശാലിയാം
കൃതാന്തനെയെങ്ങിനെവിപ്രൻ * ജയിച്ചുവൈകുണ്ഠംപ്രാപിച്ചു
തെന്നോറമതിശയിച്ചുചോദിച്ചതിന്നുത്തരം മുനീന്ദ്രനും * സ്മ
യിച്ചുചൊല്ലീടിനാനെങ്കിലോകേട്ടാലുംനീ നയിച്ചീടേണംകാ
ലംസല്ലാപാലാപത്തിനാൽ * അന്തണവൃത്താന്തങ്ങളാകവേകേ
ട്ടനേരം വന്തീപോലവേകത്തിക്കാളുന്നരോഷാഗ്നിയിൽ * വെ
ന്തുപോംലോകംമൂന്നുമെന്നഘോരതോന്നീടുമാറന്തകൻ കാലദ
ണ്ഡംധരിച്ചുപുറപ്പെട്ടാൻ * സിന്ധുപാനംചെയ്യാനുംശൈല
ങ്ങൾഭക്ഷിപ്പാനു മെന്തൊരുദണ്ഡംലോകംസവ്വവുംഗ്രഹിപ്പാ
നും * അന്ധകാരംകൊണ്ടേവംനടിച്ചുമതിക്രൂര ദന്തങ്ങൾകട
കടാരാവേന്നടിച്ചിട്ടും * സന്തതംകൃഷ്ണസപ്പംപോലെയുച്ഛ്വ
സിച്ചിട്ടും ഹന്തകൈകൊണ്ടുകയ്യിൽതച്ചുടൻതിരുമ്മിയും * അ
ന്തികേചൂഴംരാജയക്ഷ്മാദിശിഷ്യരോടും ദന്തുരമായമഹാമഹി
ഷേന്ദ്രാരൂഢനായ് * ഹുങ്കാരംകൊണ്ടുംപത്തുദിക്കുംമാറെറാലി
കൊണ്ടു ശങ്കയാലോകങ്ങളുമൊക്കവേവിറച്ചിതു * ലംഘിതമ
യ്യാദങ്ങളായിതബ്ധികളുമാ തങ്കസൂചകചാരരായ്നവഗ്രഹങ്ങ
ളും * കല്പാന്തംതന്നെയാവാവരുന്നതെന്നുകണ്ടു നില്പവരോ
രോദിശിപേടിച്ചുമണ്ടീടിനാർ * ബാഡവാനലൻതന്നെവരുന്ന
കണക്കിനേ ബാഡവേശംപരന്താനുംദൂരവേകണ്ടനേരം * കുറ
ഞ്ഞൊന്നകതാരിലുറഞ്ഞു പേടികൊണ്ടു നിറഞ്ഞു ഭക്ത്യാനമോ
നാരായണായേത്യുച്ചം * ശശപൽഘോഷിച്ചപിന്നെയാത്മര
ക്ഷണത്തെയും വിശ്വാസപൂവ്വംവിഷ്ണുകവചംകൊണ്ടുചെയ്താൻ *
ഹരിശ്ചന്ദ്രനുമതുകേട്ടുണത്തിച്ചീടിനാൻ തിരിച്ചിന്നരുളിച്ചെയ്തീ
ടേണംദയാനിധേ * എങ്ങിനെമഹാവിഷ്ണുകവചമെന്നുംപുന
രെങ്ങിനേതൽപ്രഭാവമാരതുൾചെയ്തതെന്നും * ഋഷിയുംഛന്ദ
സ്സുംദേവതയുംഷഡംഗവും ഋഷിപുംഗവപുണ്യംധ്യാനമെന്നിവ
യെല്ലാം * ഹരിശ്ചന്ദ്രോക്തമനുസരിച്ചുകുംഭോത്ഭവൻ ചിരിച്ചു
തെളിവോടുമരുളിച്ചെയ്തീടിനാൻ * ഏകാഗ്രബുദ്ധിയോടുംകേ
ട്ടുകൊണ്ടാലുമെങ്കി ലേകാന്തഗോപനീയംരഹസ്യംമഹാമതേ *

സൃഷ്ട്യാദൌമഹാവിഷ്ണുനാഭിപത്മത്തിലുപ വിഷ്ടനാം വിധിക്കു പദേശിച്ചുകൃപയാലേ * സ്രഷ്ടാവുംശ്രീപാല്ക്കടലിങ്കനുപണ്ടേ കദാ പുഷ്ടകാരുണ്യമിനിക്കുപദേശിച്ചീടിനാൻ * യത്നേനഗോ പനീയംഭവതാപ്യവനീന്ദ്രരത്നമേ ജയപ്രദംദിവ്യമിതറികനീ * എന്നരുൾചെയ്തുവിഷ്ണുകവചംമഹാമുനി മന്നവനുപദേശിച്ചീ ടിനാനുള്ളവണ്ണം * നന്നോറമിതുജപിക്കുന്നവൎക്കഭീഷ്ടങ്ങ ളൊ ന്നൊഴിയാതെ സാധിച്ചീടുമത്രയുമല്ല * ആധിയുംഭൂതപിശാചാ ദിബാധയുംമഹാവ്യാധിയുംഭയംവിരോധികളുമണഞ്ഞീടാ * പാ പഘോരാരുതദാവഹവ്യവാഹ നരാജ ബാധനാശനംസദാസൎവ്വമം ഗളപ്രദം * ത്രിസന്ധ്യംജപിക്കിലോ സൎവ്വത്രജയംവരും പ്രശം സിക്കുരുതേറംരഹസ്യംമഹീപതേ * വേദസമ്മതമിദംസാദ രംജപിക്കുന്ന വേദരാരിയെക്കണ്ടുയമകിങ്കരന്മാരും * വേദന യോടുംമഹാബ്രാഹ്മണതേജോജാതവേദസാ ദഹ്യമാനന്മാരാ യിമണ്ടീടിനാർ * വെന്തുപോമെന്നുചിന്തിച്ചന്തരാപേടിച്ചവ ർ പിന്തിരിഞ്ഞൊന്നുപോലുംനോക്കീല ചിത്രംചിത്രം * അ ന്തകൻതാനുംചിത്രഗുപ്തനുംശേഷിച്ചിതു ചെന്താർമാനിനീകാ ന്തൻകാരുണ്യമത്യൽഭുതം * ഇന്ദ്രിയജയംവിഷ്ണുഭക്തിയുംതിക ഞ്ഞവിപ്രേന്ദ്രനെക്കണ്ടുധൎമ്മരാജനുംപ്രസന്നനായ് * സ്യന്ദന ത്തിന്മേലേറിനോക്കിനാൻനരകങ്ങ ളൊന്നിലുമില്ലപാപിഷ്ഠ ന്മാരിലകൻപോലും * കേസരിതന്നെക്കണ്ടമൃഗങ്ങളെന്നപോ ലെ ഭൂസുരൻതന്നെക്കണ്ടുപേടിച്ചുമണ്ടീടുന്ന * ദാസവൃന്ദത്തെ യുംകണ്ടീറവുംപ്രശംസിച്ചി ട്ടാസുരഭാവംവിട്ടുതേരിൽനിന്നിഴി ഞ്ഞുടൻ * മഹിമാധികതമാംബ്രാഹ്മണോത്തമൻതന്നെ ബ ഹുമാനേനനമസ്കരിച്ചുവിനീതനായ് * വിഹിതമായവണ്ണമാ തിഥ്യമൎഘ്യപാദ്യ സഹിതംചെയ്തുകൃതസ്വാഗതംചൊല്ലീടിനാ ൻ * ധന്യനായ്തുന്നേനഹമിന്നുനിന്തിരുവടി തന്നുടെചരണാ രവിന്ദപാംസുക്കളാലേ * എന്നുടെപുരംപരിശുദ്ധമാക്കിയമൂല മിന്നുമജ്ജന്മത്തിനുംവന്നുസാഫല്യംമുനേ * സൽക്കൎമ്മാചാരങ്ങ ളാൽവദ്ധിച്ചപുണ്യംകൊണ്ടു മുൽക്കൎഷമേറുംവിഷ്ണുഭക്തിവൈഭ

വംകൊണ്ടും * ഇക്കാലംജ്ജയിച്ചിതുനിന്തിരുവടിയെന്നെ യുദ്ധക്കാമ്പിൽമിത്രഭാവംകൊണ്ടുനോക്കീടേണമേ * ഓരോരോപാപിഷ്ഠന്മാർചെയ്തുള്ളദുഷ്കർമ്മങ്ങൾക്കോരോരോ ഫലമതിന്നതിന്നുതക്കവണ്ണം * നേരോടെയനുഭവിപ്പിപ്പതിന്നഹോരാത്രം നരകങ്ങളിലിട്ടുദണ്ഡിപ്പിച്ചീടുന്നതും * അവരെക്കാരുണ്യത്താലവനംചെയ്തതോർത്താലവനീസുരോത്തമവിസ്മയമല്ലേതുമേ * ഭുവനേപഞ്ചമഹാപാതകംപോക്കുവാനും ഭവനാശനംമഹാവിഷ്ണുകീർത്തനംതന്നെ * മോഹംകൊണ്ടെന്നാകിലുംലോഭംകൊണ്ടെന്നാകിലുമാഹന്ത ദംഭംകൊണ്ടെന്നാകിലുംപോരുമല്ലോ * ശ്രീഹരിഭക്തമുഖ്യൻനിന്തിരുവടിപരദേഹികളുടെദുഃഖം കണ്ടിട്ടുപൊറായ്കയാൽ * ഭക്തവത്സലൻശ്രീനാരായണൻതിരുനാമം ഭക്തിയോടുച്ചരിച്ചിട്ടല്ലയോരക്ഷിച്ചതും * വക്തവ്യമല്ലവിഷ്ണുകീർത്തനംദിവ്യൌഷധം വ്യക്തമാക്കീടൊല്ലയേനിന്തിരുവടിവിഭോ * മാമകമധികാരംവ്യർത്ഥമെന്നാക്കീടൊല്ല കാമകോപദ്വേഷാദിരഹിതമഹാമുനേ * സാമവാദങ്ങളേവംചൊല്ലിയന്തകൻതാനും ഭൂമിദേവനോടോർത്തു പിന്നെയുംചൊല്ലീടിനാൻ * സ്വാധികാരത്തിൻഭ്രംശംശങ്കിച്ചുശങ്കിച്ചുള്ളിലാധിപൂണ്ടതിവേലംനിശ്വസിച്ചുടനുടൻ * ബോധേനബോധഹീനന്മാരായുമധമന്മാരേധമാനങ്ങളായദുഷ്കർമ്മങ്ങളെച്ചെയ്തു * മാധവന്തന്നെപ്പരവശനായ്ചിന്തിക്കയാൽ ബാധയെന്നിയെമുദാവൈകുണ്ഠംപ്രാപിക്കുന്നു * സാധുക്കളെന്നായീടിൽപറയേണമോ പിന്നെ സാധിക്കുംസമസ്തവുംവിഷ്ണുകീർത്തനംകൊണ്ടേ * ആകയാൽകാലേയകാലത്തിങ്കൽ വിശ്വാസമുണ്ടാകായ്കകീർത്തിക്കിലുമതിനാൽമിക്കവാറും * ലോകരുംപാപിഷ്ഠരായ്മാഹാത്മ്യമോരാതെമ ശ്ലോകവുംപ്രാപിച്ചാലുമിന്നുതൊട്ടിനിമേലിൽ * ശ്രദ്ധയെങ്ങാനുംഹരികീർത്തനേഭവിച്ചീടിൽ ശുദ്ധഭക്തിയുംകൃഷ്ണാനുഗ്രഹാൽഭവിച്ചാലും * ശ്രീകൃഷ്ണകൃഷ്ണവിഷ്ണോഭഗവൻമുരാന്തക ശ്രീകാന്തനാരായണഗോവിന്ദജഗല്പതേ * ഇങ്ങിനെകീർത്തിപ്പവരെത്രസജ്ജനംനൃന മെങ്ങിനേയവരെന്നെക്കാണ്മതി

തിന്നവകാശം * കിങ്കരന്മാരെപ്പോലുംകാൺകയില്ലവരെന്നും പ
ങ്കജാക്ഷൻെറനാമമംഗളങ്ങൾക്കഭയപ്രദം * ഇക്കണ്ടമമത്രൂപമെ
ത്രയുംഭയങ്കരം ദൃഷ്ടികൾക്കകാണ്മാനുള്ളതെന്നറിഞ്ഞാലും *
പുണ്യവാന്മാർഞാനുമെത്രയുംപുണ്യരൂപൻ പുണ്യപൂരുഷോ
ത്തമോത്തംസമേമഹാമുനേ * കാവേരിസ്നാനംതുലാമാസത്തി
ൽചെയ്യാതോരും സവ്വാഭീഷ്ടാത്ഥപ്രദംമാഹാത്മ്യംകേളാതോ
രും * സല്പാത്രദാനംപുണ്യക്ഷേത്രേഷുചെയ്യാതവരല്ലോലക്ഷ്മ
ണനാമകീത്തനംചെയ്യാതോരും * മാമകലോകംപ്രാപിച്ചീ
ടേണമവൎക്കെല്ലാം ഭീമശീലാകാരനായ്ഭവിക്കുന്നുണ്ടുഞാനും *
എന്നാകിലെഴുന്നെള്ളാംദിവ്യയാനാരൂഢനായ് ചെന്നാലുംയ
ഥാഭീഷ്ടംലോകേഷുനിരർഗ്ഗളം * സമവത്തിയാലേവംപൂജിക്ക
പ്പെട്ടഭക്ത്യാ സമബുദ്ധിയാംവേദരാശിയുമനന്തരം * അമരാച്ചി
തസ്ഫുയമാനനായ്കോടിനാല്പ ദ്യുമണിപ്രഭാവിമാനത്തോടും
പോയ്ചെന്നുടൻ * വിമലജനങ്ങൾക്കുദുഷ്പ്രാപ്യമായുള്ളോരു ക
മലാപതിപദംപ്രാപിച്ചാനറിഞ്ഞാലും * യമനുംസൈന്യങ്ങ
ളെയൊക്കയാശംസിപ്പിച്ചു ശമലഹീനൻവേദരാശിതൻപ്രഭാ
വവും * കമലേക്ഷണനുടെകീത്തനമാഹാത്മ്യവു മമലതുലാ
കാവേരീസ്നാനമാഹാത്മ്യവും * സമസ്തംസംക്ഷേപിച്ചുചൊല്ലി
ത്താലപ്പഷ്ഠത്തെയും സമത്ഥിച്ചവരോടുമന്ദിരംപുക്കീടിനാൻ * ആ
മത്ത്യപ്രധാനവിക്രമത്തെപ്പൂണുന്നിഷ്ഠംക്രമത്തോടിനിത്തുലാകാ
വേരീസ്നാനംദാനം * സമ്മലപുണ്യമാഹാത്മ്യശ്രവണവുംചെ
യ്ക സമത്ഥന്മാരിലഗ്രഗണ്യനാംക്ഷമാപതേ * വിത്തശാഠ്യത്തെ
യംഗീകരിച്ചീടാതെവിപ്ര സത്തമന്മാർദാനംചെയ്താലുംയഥോ
ചിതം * സിദ്ധമാംമനോരഥമൊക്കവേനിനക്കെന്നാ ലുത്ത
മോത്തമഹരിശ്ചന്ദ്രരാജേന്ദ്രപ്രഭോ * ശ്ലാഘ്യനാംവേദരാശിമ
ഹത്വപ്രശംസന മാഖ്യാനമാരോഗ്യായുസ്സമ്പത്സന്തതിപ്രദം *
ആഖ്യാനംചെയ്യേനിതുചൊല്ലുകിൽപാപങ്ങൾപോം കേൾ
ക്കിലുമവ്വണ്ണമേവദ്ധിക്കുംകല്യാണവും * ചൊല്ലിനേനാരാദ്ധ്യാ
യമിനിമേലുള്ളേടവും ചൊല്ലുവൻതെളിവോടെകേട്ടുകൊള്ളുവ
ന്നെങ്കിൽ *

## സപ്തമോദ്ധ്യായഃ-പ്രാരംഭഃ.

---

കുംഭസംഭവനേവമരുളിച്ചെയ്തശേഷം കുംഭിനീപതി ചോദിച്ചീടിനാനാർത്തിനെ * കുംഭിനീതലേതുലാകാവേരീസ്നാനംചെയ്ത ലംഭിതശത്രുക്ഷയശ്രീസുതരായതെന്നും * അന്മ്പോടെങ്ങിനെപിന്നെസ്നാനത്തിൻവിധിയെന്നു മംഭോജാക്ഷനേയുപാസിക്കേണ്ടതെപ്പോഴെന്നും * സംപ്രതിപുഷ്പങ്ങളേതർച്ചിപ്പാനെന്നുമെല്ലാം സംപ്രീതിപൂർവ്വമരുൾചെയ്യേണംദയാനിധേ * കുമ്പിട്ടുഭക്തിയോടുമിങ്ങിനെചോദിച്ചപ്പോൾ കുംഭജന്മാവുംപ്രസാദിച്ചരുൾചെയ്തീടിനാൻ * പണ്ടുള്ളജന്മങ്ങളിലാർജ്ജിച്ചപുണ്യഫലം കൊണ്ടല്ലോകാവേരീമാഹാത്മ്യത്തെക്കേട്ടീടുവാൻ * ഉണ്ടായീഭവാനുള്ളിൽശ്രദ്ധയുംനിരൂപിച്ചാലുണ്ടാവാൻ ലഭിക്കുന്നുഫലക്കുംനൃപോത്തമ * കേട്ടാലുമെങ്കിലേപണ്ടു ജിഷ്ണുനന്മഹാഭാഗൻ ജ്യേഷ്ഠാനുജന്മാരോടുമൊന്നിച്ചുപാഞ്ചാലിയെ* വേട്ടുമ. മുനികുലശ്രേഷ്ഠനാംവ്യാസൻചൊല്ലാൽ പ്രേഷ്ഠനാമ്പോഴം കാലമൊരുകാരണത്തിനാൽ * തീർത്ഥസ്നാനാർത്ഥംപോന്നുകാവേരീതീരസ്ഥലേ പാർത്ഥിവൻവൈശാഖത്തിൽതീർത്ഥസ്നാനവുംചെയ്തു * കാവേരീമാഹാത്മ്യവുംസാദരംകേട്ടുകേട്ടു സാവധാനമേവൈശാഖത്തിൻെറസമാപ്തിയിൽ * വസ്ത്രാലംകാരധനഗോഗന്ധമാല്യാദിയാം വസ്തുക്കൾകൊണ്ടുഭക്ത്യാമാഹാത്മ്യം പഠിക്കുന്ന * ധന്യനാംവിപ്രവർയ്യൻതന്നെപ്പൂജിച്ചുതത്ര സന്നിഹിതനാംരംഗേശനെയുംവണങ്ങിപ്പോയ് * ദ്വാരകാപുരിപുക്കുതന്നെപ്രാർത്ഥിച്ചുവാഴും നാരിമാർമൌലിരത്നംശ്രീകൃഷ്ണസഹോദരി * സുഭദ്രയുടെപാണിഗ്രഹണംചെയ്തുമേന്മേൽ സുഭദ്രമനുഭവിച്ചാത്മസോദര്യരോടും*ധാർത്തരാഷ്ട്രാദിശത്രുവർഗ്ഗത്തെയൊക്കെക്കൊന്നു പാർത്ഥലംവാണുസുഖകീർത്തിസമൃദ്ധിയോടും* കാവേരീസ്നാനത്തിൻെറമാഹാത്മ്യംകൊണ്ടുപാർത്ഥ ന്നിവണ്ണം ശ്രേയസ്സെല്ലാംവന്നിതെന്നറിഞ്ഞാലും* അന്നേരംഹരിശ്ചന്ദ്രൻ തൊഴുതുചോദ്യംചെയ്താൻ നൊന്നാടിന്നതുമരുൾചെയ്യേണംമ

ഹാമുദനേ * തീൎത്ഥയാത്രാൎത്ഥംപുറപ്പെട്ടുവാനെന്നുമൂലം പാൎത്ഥ
നെങ്ങിനെപിന്നെവേട്ടതുംസുഭദ്രയെ * ശിഷ്യനാമിനിക്കറിഞ്ഞീ
ട്ടുവാൻതക്കവണ്ണമൃഷ്യധീശ്വരസൎവ്വം വിസ്തരിച്ചരുളേണം * എ
ങ്കിലോപാണ്ഡവന്മാരെവരുംകൂടിപ്പണ്ടു പെൺകുലത്തിന്നുമ
ണിവിളക്കാംപാഞ്ചാലിയെ * മംഗലംവരുമാറുവേട്ടവളോട്ടും
ചേൎന്നു പങ്കജശരരസേമുഴകിവാഴുന്നനാൾ * പങ്കജാസനസു
തൻനാരദമുനിശ്രേഷ്ഠൻ പങ്കജനാഭപ്രിയനവിടെക്കെഴുന്നെ
ള്ളി * പങ്കജനേത്രയായപാഞ്ചാലീസമക്ഷമായ് സങ്കടംവന്നി
ടായ്വാനവരോടരുൾചെയ്താൻ * പങ്കജേക്ഷണഭക്തന്മാരായ
നിങ്ങൾക്കെന്നും പങ്കങ്ങളുണ്ടായ്വരാനൂനമെന്നിരിക്കിലും * ശ
ങ്കയാലൊന്നുണ്ടുഞാൻചൊല്ലുന്നുരഹസ്യങ്കൽ തിങ്കളന്വയപ്ര
ദീപന്മാരേകേട്ടിടേണം * സ്ത്രീകളാകുന്നുമൂലംനരകത്തിന്നുപും
സാം സ്ത്രീകളാകുന്നുമൂലംനിധനത്തിന്നുംസദാ * സ്ത്രീകളാകുന്നു
മൂലംവ്യസനത്തിന്നുമോൎക്കിൽ സ്ത്രീകളാകുന്നുമൂലംകലഹത്തിന്നു
മെടോ * ഉള്ളിൽക്രോധവുമവൎക്കാസ്യത്തിൽപ്രസാദവു മുള്ള
വണ്ണംമയ്യുള്ളമറിഞ്ഞീടരുതാൎക്കും * ശൌചവുംസദാചാരംസ
ജ്ജനവണക്കവും നീചമാനസന്മാരാമവൎക്കില്ലൊരിക്കലും * മൃ
ത്യുവേപ്പോലുംപേടിച്ചീടുകയില്ലപെറൊ മത്യന്തംഘോരമായന
രകത്തെയുംതഥാ * അന്നദാതാവിങ്കലുംപതിയിങ്കലുംപ്രേമം
മിന്നൽപോലവേ യുള്ളിൽസ്നേഹംതങ്ങളെത്തന്നെ * ഭൎത്താവു
രോഗാതുരൻരിക്തനെന്നാലുംവേണ്ടു ന്നൎത്ഥങ്ങൾസാധിയാഞ്ഞു
ഭൎത്സനംചെയ്തിടുവോർ * അപവാദത്തിൽഭയമില്ലവൎക്കേതും
പിന്നെസ്വപിതൃകുലംപതികുലവുംചിന്തിപ്പീല * ഇഷ്ടദേവതാ
സ്തുതിലജ്ജയുമവൎക്കില്ല മൃഷ്ടമാസ്കൂഴിക്കേണമഷ്ടിയെന്നതേയുള്ളു *
കാമവുമെട്ടുമടങ്ങുണ്ടവൎക്കഹോരാത്രം കാമനൎത്തനംചെയ്തുതൃപ്തി
വന്നിടുവീല * സംയോഗംഭൎത്താവിങ്കലിഷ്ടിച്ചീടുകയില്ല വൈ
യാത്ര്യംഗ്രഹിച്ചീടുമെന്നുള്ളശങ്കയാലെ * തന്നുടെഭൎത്താവിനെ
ക്കാമുകിമാരാകിലും തങ്ങളേഗമിക്കയില്ലെന്നുമേറ്റൎബ്ബുദ്ധികൾ *
കലുഷസ്വഭാവമിവണ്ണംനാരികൾക്കെല്ലാം കലികാലത്തിങ്കലോ

പിന്നെയുംവിശേഷിച്ചും * പ്രസവഹീനയായയോഷക്കുഭൎത്താ
വിങ്കൽപ്രസംഭംക്രൂരഭാവമിരട്ടിച്ചീടുമല്ലോ *യുവതീപുത്രനില്ലാവി
ധവയെന്നാകിലി ല്ലവധിമനഃക്രൌൎയ്യത്തിനെന്നതറിഞ്ഞാലും*
വന്ധ്യമാരായവൈധവ്യംവന്നയുവതികൾ സന്തതമിരിക്കുന്നോ
രഗ്രഹാരത്തിലെന്നും * കലിയുംമഹാവ്യാധിമൃത്യുവുംപിരിയാ
തെകലിതരസംവസിച്ചീടുമെന്നുറക്കേണം * ഉത്തമമാരായ്ശു
ചിസ്മിതമാരായനപഹം ഭൎത്തൃശുശ്രൂഷാരതമാരായിശ്ശുചിക
ളായ് * ഗുരുശുശ്രൂഷയോടുപുണ്യസങ്കല്പമാരായ് ദുരിതഹീന
മാരായ് സൽപുത്രവതിമാരായ് * കുലത്തെയലങ്കരിച്ചീടുംസ്ത്രീ
ജനങ്ങളോഫലത്തോസ്വൎഗ്ഗത്തിങ്കലിരുന്നുഭുജിച്ചീടും * നിദ്ധ
നൻരോഗഗ്രസ്തനന്ധത്തൻജളന്മൂൎഖൻ ക്രുദ്ധൻവൃത്തിക്കുമേതും
നല്ലാതോൻജുഗുപ്സിതൻ * എങ്കിലുംതന്റെതന്റെഭൎത്താവേ
സ്സാദ്ധ്വീജനം പങ്കജേക്ഷണൻസാക്ഷാൽവിഷ്ണുവെന്നുറച്ചീടും *
ധൎമ്മസംഗ്രഹമേവംഗ്രഹിപ്പിച്ചവൎക്കെല്ലാം ബ്രഹ്മനന്ദനൻമുനി
പിന്നെയുമരുൾചെയ്താൻ * പാഞ്ചാലിഭദ്രേനിയ്യുംഗ്രഹിച്ചീടേ
ണമിദംഞാൻചാലേ വന്നകാൎയ്യംചൊല്ലുവനെന്നാകിലോ * സു
ന്ദനുമുപസുന്ദനെന്നുനാമത്തോടു രണ്ടിന്ദ്രവൈരികളുണ്ടായ്വന്നു
സോദൎയ്യന്മാരായ്* അന്യോന്യമതിസ്നേഹംപൂണ്ടവരിരിവരുമൊ
ന്നിച്ചു യദൃച്ഛയാസഞ്ചരിച്ചീടുംകാലം*സുന്ദരീതിലോത്തമാഭൂഷ
ണങ്ങളുമണിഞ്ഞിന്ദു മണ്ഡലംതൊഴുംവദനകാന്തിയോടും *
മന്ദഹാസംപൂണ്ടരവിന്ദലോചനാമണി മന്ദമന്ദമേപോന്നുവ
ന്നീടുന്നതുകണ്ടു * കന്ദൎപ്പബാണമേറ്റുലജ്ജയുംസ്നേഹവുംപോ
യ് സുന്ദനുമുപസുന്ദൻതന്നോടുചൊല്ലീടിനാൻ * വന്ദനംചെ
യ്കതവജ്യേഷ്ഠപത്നിയെഭവാനെന്നുകേട്ടുപസുന്ദൻസുന്ദൻതന്നോ
ടുചൊന്നാൻ * വന്ദിപ്പാൻവരുന്നോരുകനിഷ്ഠജായയിങ്കൽ മ
ന്ദിച്ചീടൊല്ലാമന്നസ്സെന്നപ്പോൾഗദയാലെ * സുന്ദനുമുപസു
ന്ദൻമൂൎദ്ധാവിൽപ്രഹരിച്ചാൻ സുന്ദന്റെമൂൎദ്ധാവിങ്കലുപസുന്ദനും
തഥാ * ഭിന്നമസ്തകന്മാരായന്യോന്യഘാതത്തിനാലന്നവരിരി
വരുംയമലോകംപുക്കാർ * വൃന്ദാരകന്മാരുടെകാൎയ്യവുംസാധി

ച്ചപോയിന്ദീവരാക്ഷീതിലോത്തമയുംസ്വൎഗ്ഗംപുക്കാൾ * മന്നി
ലിങ്ങിനെജനപ്രാണഹാനിയെച്ചെയ്യാൻ കന്നൽനേർമിഴികളു
ള്ളന്നമാരായിടിനാർ * സതിയാംനീയന്നാഹംപതിശുശ്രൂഷ
യുംചെയ്തതിസൌഖ്യത്തോടെല്ലാഭോഗവുംഭുജിച്ചിഹ *ദേഹനാ
ശത്തിങ്കൽസൽഗതിയുംപ്രാപിച്ചാലും മോഹനഗുണശീലേ
പാഞ്ചാലിഭക്തോത്തമേ*മംഗലശീലന്മാരാംപാണ്ഡുനന്ദനന്മാ
രേനിങ്ങളുംപരസ്പരംസ്നിഗ്ദ്ധന്മാരെന്നാകിലും * തങ്ങളിൽസ്നേ
ഹമിന്നുംവൎദ്ധിച്ചുവരുന്നവാറെ ങ്ങിനെയെന്നാലതുപോലെപാ
ഞ്ചാലിയോടും * ഒന്നിച്ചുഗൃഹസ്ഥധൎമ്മങ്ങളുംചെയ്തുനിത്യം വ
ന്ദിച്ചുവിപ്രന്മാരെക്ഷാന്തിശാന്തികളോടും * നന്ദനന്ദനൻദേ
വനീന്ദ്രാദിവൃന്ദാരക വന്ദ്യപാദാരവിന്ദനിന്ദിരാമനോഹരൻ *
മന്ദാരമന്ദാരനിന്ദിന്ദിരസുന്ദരാംഗൻകുന്ദാഭമന്ദസ്മിതൻ ഗോവി
ന്ദൻദയാംബുധി* നന്ദിതമുചുകുന്ദൻനാന്ദകായുധനരവിന്ദമന്ദി
രസ്ഥൻദനുജകുലാന്തകൻ * ആനന്ദമൂൎത്തികൃഷ്ണൻതന്നെസൎവ്വ
ദാഭജിച്ചാനന്ദത്തോടുംക്ഷാത്രധൎമ്മവുംചെയ്കയെന്നാൽ * ശാ
സ്ത്രാഭ്യാസവുമിഷ്ടാപൂൎത്താദികൎമ്മങ്ങളു മാൎത്തിപൂണ്ടുള്ളതപോനി
ഷ്ഠയുമെന്തിന്നഹോ * ബ്രഹ്മഹാപോലുംതുലാകാവേരിസ്നാനം
കൊണ്ടെ കന്മഷംനീങ്ങിപ്പരിശുദ്ധനായ്വന്നുകൂടും * ശ്രദ്ധയാ
സമേതനായ്വിധിക്കതക്കവണ്ണംശുദ്ധചേതസാ തുലാകാ
വേരിസ്നാനംചെയ്കിൽ * രണ്ടുവംശത്തിങ്കലുമിരുപത്തൊന്നുവ
ൎഗ്ഗംകൊണ്ടാടിസ്വൎഗ്ഗഭോഗംഭുജിക്കുമറികെടോ * കാലുംകൈ
കണ്ണുംചെവിമെയ്യിന്നും ശക്തിയുള്ളകാലത്തേതുലാമാഘരാധാ
കാൎത്തികങ്ങളും * മാസങ്ങളിവയൊന്നിൽകാവേരിജലസ്നാ
നം സ്ത്രീസംഗാദികൾവൎജ്ജിച്ചൊരിക്കൽചെയ്തീടുകിൽ * പാ
പങ്ങളെല്ലാംനശിച്ചീടുമെന്നറിഞ്ഞാലും ഭൂപാലശ്രേഷ്ഠന്മാരാം
പാണ്ഡുനന്ദനന്മാരെ * നിൎമ്മലംധൎമ്മസാരരഹസ്യംനാരദോ
ക്തംധൎമ്മിഷ്ഠൻധൎമ്മാത്മജൻകേട്ടുസന്തുഷ്ടാത്മനായ് * അ
ൎഗ്ഘ്യപാദ്യാദികളാൽപൂജിച്ചുയഥാന്യായമൎഗ്ഘ്യനാം മുനീന്ദ്ര
നോടിവണ്ണമന്വൎത്ഥിച്ചാൻ * കാലമേതെന്നുംതുലാകാവേരീസ്നാ

നത്തിന്നു ചാലവേ ഫലമെന്തെന്നും സ്നാനത്തിന്റെ * വി
ധിയെങ്ങിനെയെന്നുമേതു ദേവതയെന്നും വിധിനന്ദനമുനേ ഗൃഹ
സ്ഥധൎമ്മങ്ങളും * ഉക്കവേ തിരിച്ചെന്നോടരുളിച്ചെയ്തീടേണം തൃ
ക്കഴലിണ തൊഴുതീടുന്നേൻ ദയാംബുധേ * സഹ്യജാമാഹാത്മ്യം
കേട്ടാനന്ദബാഷ്പത്തോടും മഹ്യധീശപരനേവമുണൎത്തിച്ചതു നേ
രം * ദേവമാമുനീന്ദ്രനുമരുളിച്ചെയ്തീടിനാൻ കേവലനന്നുനന്നു
നിന്നുടെ ചോദ്യമെടോ * ധൎമ്മസാരത്തെച്ചൊൽവൻ കാവേരി
സ്തോത്രമെങ്കിൽ ധൎമ്മജ്ഞ കേട്ടാലും നീ ഏകാഗ്രബുദ്ധിയോടും *
കാവേരീജലത്തിങ്കൽ കേവലസ്നാനം കൊണ്ടേ കൈവരുമേഴു ജ
ന്മത്തിങ്കലേ പാപനാശം * ഭാവത്തിൽ ശുദ്ധിയോടു കൂടവേയെ
ന്നാകിലോ പാവിതരായ്വന്നീടും കുലകോടിയുമെടോ * ഭുക്തിമു
ക്തികൾക്കേകസാധനം തുലാസ്നാനം മുഖ്യമാം മരുദ്വൃധാമാ
ഹാത്മ്യമാൎക്കു ചൊല്ലാം * വക്ത്രമായിരമുള്ളോരനന്തന്തന്നെ
യൊഴിച്ചു ത്രിലോകത്തിൽ ചൊൽവാൻ കേൾപ്പാനുമാരുള്ളതും *
രംഗസന്നിധൌ തുലാകാവേരിസ്നാനം ചെയ്തു രംഗനാഥനെ പ
ത്മപുഷ്പമല്ലികാദിയാൽ * അൎച്ചിച്ചു ഭക്തിയോടും പായസം നി
വേദിച്ചിട്ടു ച്ചനീയന്മാരായ വിപ്രൎക്കു നൽകീടേണം * ഷോഡശി
നാളുമോണത്തിൻനാളുമേവം ചെയ്കിൽ മേദിനീതലേ സാൎവ്വഭൌ
മനായ്ഭവിച്ചീടും * പന്ത്രണ്ടുവൎഷം കുരുക്ഷേത്രത്തിൽ ദ്വിജന്മാ
ൎക്കു പന്തിഭേദംകൂടാതെ മൃഷ്ടാന്നം നൽകിടുകിൽ * ലഭ്യമാം ഫല
മുണ്ടാം ദ്വാദശീദിനത്തിങ്കൽ സഭ്യരാം വിപ്രന്മാൎക്കു പായസം കൊ
ടുക്കിലോ * സന്തത്യൎത്ഥിനി നാരിയനു പായസം നൽകിൽ സ
ന്തതിദീൎഘസൌമംഗല്യവുമുണ്ടായ്വരും * വിധവയെന്നായീ
ടിൽ ജ്ഞാനവും സിദ്ധിച്ചീടും വിധുവാം മഹാവിഷ്ണുപദവും നിശ്ച
ലം * സൂൎയ്യോപരാഗമമാവാസ്യയും സംക്രാന്തിയുമാൎയ്യമാം
മഹാളയപക്ഷമിക്കാലങ്ങളിൽ * ശ്രാദ്ധമൂട്ടാത വിപ്രനുടനേ ച
ണ്ഡാലത്വം പ്രാപ്തമാം പിന്നെയന്നാഭാവവും പ്രവാസവും *
വിപ്രാഭാവവും സൂതകാദ്യാപത്തായിടില്ലു മപ്പോഴാമശ്രാദ്ധം
ചെയ്യേണം സൽബ്രാഹ്മണൻ * ശൂദ്രജാതികളെന്നുമാമ ശ്രാ
ദ്ധം ചെയ്യേണമാൎദ്രമാനസത്തോടും ഭേദമില്ലവൎക്കെന്നും * ആ

മശ്രാദ്ധത്തിന്നൎദ്ധഭാരംതണ്ഡുലം വേണമാമതിലൎദ്ധിച്ചിട്ടുമതി
ന്നുമാമല്ലെന്നാൽ * ബ്രാഹ്മണന്നാലുണ്ടുനൽകീടേണം രണ്ടു
പണമാണ്മയിലൊന്നാകിലുംപോരുമെന്നൊരുപക്ഷം * ആ
തുരനെന്നാകിലുംദരിദ്രനെന്നാകിലുമാദരംസ്വൎഗ്ഗഭോഗത്തിങ്കലു
ള്ളവരെല്ലാം * വാവുംസംക്രാന്തിമഹാളയപക്ഷാദ്യങ്ങളിലാവ
ശ്യംശ്രാദ്ധകൎമ്മംമറെറല്ലാമുപേക്ഷിച്ചും * അത്രയുംസാദ്ധ്യമല്ല
രിക്തത്വംകൊണ്ടെന്നാകിലെത്രയുംമുഖ്യേതുലാമാസദ്വാദശീ
ദിനേ * പന്ത്രണ്ടുവിപ്രന്മാരെപ്പായസംഭുജിപ്പിക്കിൽ സന്ധി
ക്കുംസൎവ്വശ്രാദ്ധകൎമ്മത്തിൻഫലമെല്ലാം * ദരിദ്രനെന്നാലതില
ൎദ്ധമെന്നാലുംപോരും പെരുത്തപിതൃഭക്തിയുക്തനായ്ചെയ്തീ
ടേണം * ദദ്ധ്യന്നംവൈശാഖദ്വാദശിനാൾകൊടുക്കേണം
വസ്ത്രോത്തമാഷാഢത്തിലുംപായസംതുലാത്തിലും * കാൎത്തികേവി
ഷ്ണുദീപാരാധനംഛത്രദാനം ചൈത്രദ്വാദശീദിനേപാനകമതു
പോലെ * മാൎഗ്ഗശീൎഷത്തിലുഷഃകാലത്തുമുൽഗ്ഗോദാനം ഭാൎഗ്ഗ
വീശനുനിവേദിച്ചുഭൂസുരന്മാരെ * ഭുജിപ്പിക്കേണമെന്നാൽപി
തൃക്കളുടെകടം ഭുജിക്കെന്നതുവരാനിയതമവനെടോ * ലു
ബ്ധർ നാസ്തികൻകുഷ്ഠിദരിദ്രനെന്നിങ്ങിനെ പത്തുജന്മത്തിങ്കലും
പാപിഷ്ഠന്മാരാകിലും * ഗംഗയുംകാളിന്ദിയുംരേവാപുഷ്കരംകാ
ശീഗംഗാസാഗരസംഗമഖവുംപ്രഭാസവും * ബദരിയയോദ്ധ്യ
യുംദ്വാരകാഹരിണാപതി മധുരാഗോകൎണ്ണവുംശൌതചീനൈമിഷ
വും * ഒന്നുമേവേണ്ടാതുലാകാവേരിജല സ്നാനമൊന്നിനാൽത
ന്നേവരുംമുക്തിയുംദുഃഖംവിനാ * മജ്ജനംചെയ്തുരംഗേശനെയും
സേവിച്ചീടിലജ്ജനത്തിൻെറപുണ്യംശിവനേചൊല്ലാവതും *
പാപിഷ്ഠന്മാരെനിങ്ങളേതുമേപേടിക്കേണ്ടാ പാപത്തെപ്പോ
ക്കിക്കൊൾവാനില്ലല്ലോവഴിയെന്നും * വീഴേണമെല്ലോനരക
ങ്ങളിലെന്നുമോൎത്തു കേഴേണ്ടശീഘ്രംവന്നുമജ്ജനംചെയ്തുകൊൾ
വിൻ * ഉദ്ധരിക്കുന്നുണ്ടുഞാനെന്നുകല്ലോലകരമുദ്ധൃത്യഗൎജ്ജി
ക്കുന്നുകൃപയാമരുദ്വൃധാ * എന്തിന്നുവെറുപ്പത്തിൽചൊല്ലുന്നു
മഹിപതേ ജന്തുക്കൾതിൎയ്യഗ്ജ്യോനിജാതികളെന്നാകിലും * കാ
വേരീജലംകൊണ്ടുനനഞ്ഞുദേഹമെങ്കിൽ കൈവരുംസ്വൎഗ്ഗലോ

കമില്ലസംശയമേതും * ശ്രദ്ധയായഥാവിധിമജ്ജനംചെയ്യു
ന്നോരു മൎത്ത്യന്നുള്ളഭുക്തിമുക്തിഫലമോചൊല്ലേണമോ * പണ്ടു
സൂകരംമെയ്യിൽ കാവേരീജലകണംകൊണ്ടതുകൊണ്ടുപാപമ
റ്റുനാകവുംപുക്കാൻ * ഇങ്ങിനെകേട്ടുചോദിച്ചീടിനാൻയുധി
ഷ്ഠിരനെങ്ങിനെയുള്ളോന്നെന്നുമെവിടെ യുള്ളതെന്നും * കാവേ
രീതോയബിന്ദുമെയ്യിലേറ്റസ്സൂകരംദേവലോകത്തെ പ്രവേശിച്ച
തെങ്ങിനെയെന്നും * കേൾപ്പാനാഗ്രഹമെന്നുംകേട്ടുമാമുനിശ്രേ
ഷ്ഠൻകേൾപ്പിപ്പാനെന്നാകിലോകേട്ടുകൊണ്ടാലുംഭവാൻ * സ്നാ
നത്തിൻഫലമധികാരിക്കുതക്കവണ്ണമൌന്നത്യം പ്രാപിച്ചീടുമി
ല്ലസന്ദേഹമേതും * നാസ്തികനുദാസീനനിത്യാദി ജനങ്ങൾക്കും
നാസ്തിയെന്നിപ്പുഫലംപാപ നാശനംവരും * കൎമ്മങ്ങൾചെയ്യുന്നാ
കിൽഫലവുംവന്നുകൂടും നിൎമ്മലമതേധൎമ്മനന്ദനധരിച്ചാലും *
ബാല്ഹികദേശത്തിങ്കൽപാവനവേദഘോഷ ബാഹുല്യത്തോ
ടുമുണ്ടുബഹുധാന്യാഗ്രഹാരം * വിശദശാസ്ത്രാൎത്ഥതത്വജ്ഞ
ന്മാരായ്വിനീതരായ് വിശ്രുതന്മാരായ്പഞ്ചയജ്ഞതല്പരന്മാരാം *
ബ്രഹ്മജ്ഞേന്ദ്രന്മാർനിറഞ്ഞീടുമഗ്രാമത്തിങ്കൽ ബ്രഹ്മശൎമ്മാവെ
ന്നൊരുഭൂദേവനുണ്ടായ്വന്നു * സമസ്തശാസ്ത്രാൎത്ഥജ്ഞൻജ്യോതി
ശ്ശാസ്ത്രത്തിലേറ്റം സമൎത്ഥൻശ്രൌതസ്മാൎത്തവിവിധവിധാന
ജ്ഞൻ * ആശ്വലായനഗോത്രസഞ്ജാതൻബഹുപ്രജ്ഞനൈ
ശ്ചല്യല്യൻകൎമ്മകദംബവിശാരദൻ * തക്രാദിഗവ്യങ്ങളുംവ
സ്ത്രമുഖ്യങ്ങളും മാറക്രേയവസ്തുഫലവിക്രയംചെയ്യുംസദാ * ആ
ദാനംചെയ്യാസുവൎണ്ണംകൃഷിയാലാറായിര മാദായമുണ്ടാമവയൊ
ക്കെസ്സംഗ്രഹിച്ചീടും * നിത്യവുംപരാന്നമേഭുജിപ്പുലോഭത്തി
നാൽനിത്യകൎമ്മങ്ങളൊന്നുംചെയ്കയുമില്ലതാനും * സമിത്തുംപ
വിത്രവുംദൎഭയുംധരിച്ചുടൻ സമസ്തഗ്രാമാന്തരേനിമുസ്സഞ്ചരിച്ചീ
ടും * ക്ഷണിക്കമെല്ലാവരുംശ്രാദ്ധത്തിന്നവൻതന്നെ ക്ഷണി
ക്കാഞ്ഞിലുംതാനേചെന്നിട്ടുഭുജിച്ചീടും * വേദവേദാംഗങ്ങളും ശ്രാ
ദ്ധകൎമ്മാനുഷ്ഠാനഭേദവുംവശമവനെത്രയുംബഹുപാഠി * സൂക
രമാകുംസഭോക്താവും തല്പിതൃക്കളുംവ്യാകുലന്മാരായശിച്ചീടുക
യില്ലയെല്ലോ * വേദസ്മൃത്യൎത്ഥങ്ങളെയറിഞ്ഞതങ്ങിരിക്കിലും വേ

ദിയൻപ്രായശ്ചിത്തംചെയ്കയില്ലൊരുനാളും * എവിടെശ്രാദ്ധ
മുള്ളതെവിടെഹോമകർമ്മ മെവിടെദ്ദാനമെന്നാലവിടെക്കഴ
റിടും * മന്ദിരത്തിങ്കലൊരുനാളുമേഭുജിക്കയില്ലെന്നിരിക്കവേ
യൊരിക്കലതുവേണ്ടിവന്നാൽ * വെറുംചോറുഗ്രാസംതാൻത
ന്നേഭുജിച്ചീടും നിറയബ്ഭക്ഷിക്കുന്നബാലവെബ്ഭത്സിച്ചീടും * ത
ൽപ്രിയാശുശ്രൂഷയിൽതല്പരാപതിവ്രതാ തൽപ്രഹരത്തെപ്പേ
ടിച്ചല്ലമേഭക്ഷിച്ചീടു * ഉൾപ്പൂവിൽകോപത്തോടുമെപ്പോഴുംഭ
ത്സിപ്പതുമെപ്പേരുംസഹിച്ചവൾമിണ്ടുകയില്ലേതുമേ * ഇപ്പരി
ചൊട്ടുകാലംകഴിഞ്ഞോരനന്തര മല്പഭാഷിണിയവളേകാന്തേ
ബോധിപ്പിച്ചാൾ * നീർപ്പോളപോലെദേഹംക്ഷണഭംഗുരമിദ
മോർപ്പോളംരാജചോരഭയദമല്ലോധനം * വിപ്രവര്യനാംഭവാ
നെന്തിനുപരാന്നവും ദുഷ്പ്രതിഗ്രഹംതാനുംനരകപ്രദമല്ലോ *
ഇപ്പോഴേപിന്നെയോവാർദ്ധക്യമായുസ്സിന്നന്തമതിന്നല്ലാതെ ധർമ്മ
മല്ലോചെയ്യേണ്ടതെല്ലാവരും * കെൽപുള്ളകാലംതന്നെചെയ്യേണ്ടു
തളുംപുന രല്പവുംസാദ്ധ്യമല്ലവാർദ്ധക്യംവന്നീടിനാൽ * പില്പാ
ടുനിരൂപിച്ചിട്ടെന്തൊരുഫലമുള്ളതല്പവും സഹിക്കാമോനരകംഭ
യങ്കരം * സപ്രിയമാനസത്തിനപ്രിയയായനാരീവിപ്രരില്ല
റഭക്തിയില്ലാത്തഭൂപാലനും * ചൊല്ലൊഞ്ഞുമൌപാസനമില്ലാ
തഭൂദേവനുമപ്പോലെഭിക്ഷാശനമില്ലാത്തസന്ന്യാസിയും * ഹന്ത
ന്മാരെന്നല്ലയോചൊല്ലുന്നിതതുമൂലം ഹിതമാമൌപാസനം
നിത്യവുംചെയ്കഭവാൻ * സദനത്തിങ്കൽഭുജിച്ചീടേണമെന്നാ
കിലോ കദനംവന്നുകൂടാനമുക്കുംബാലന്മാർക്കും * അല്ലാഞ്ഞിൽജീ
വന്മൃതപ്രായയല്ലയോ ഞാനുംവല്ലാതെയനാഥയായുള്ളനാരി
യെപ്പോലെ * ഇല്ലല്ലോവേദശാസ്ത്രപാഠമിപ്പൈതങ്ങൾക്കും ന
ല്ലവണ്ണംമശിക്ഷിച്ചീടേണമല്ലായ്കിലോ * തെല്ലുമേസദാചാരമി
ല്ലാതേകണ്ടുവരായ്കിലില്ല ശൂദ്രപ്രായന്മാരായ്വന്നിടുമല്ലോ * ഗൃ
ഹസ്ഥാശ്രമമല്ലോമുഖ്യംമറ്റെല്ലാറ്റിലും ഗൃഹസ്ഥന്നനുകൂലാഭാ
ര്യയെന്നിരിക്കിലോ * ഗൃഹത്തിൽസദാകാലംവസിക്കും ലക്ഷ്മീ
ദേവിമഹത്വംവളർന്നീടുംപഞ്ചയജ്ഞാദ്യങ്ങളാൽ * ത്തൊവി

നനുകൂലയല്ലത്രേഭാൎയ്യയെങ്കിൽ സദ്യസ്സന്ത്യജിച്ചുമററൊന്നിനെ വേട്ടീടെണം * ഇക്കണ്ടഗൃഹംധനംഭാൎയ്യയുംപുത്രന്മാരും ചിക്ക ന്നുമരിക്കുമ്പോൾകൂടവേപോന്നിടുമോ * മുഖ്യമാംധൎമ്മംതന്നെ വന്നിടുതന്നോടുമററൊക്കയും വൃഥാവൃഥാദുഃഖകാരണംധ്രുവം * ആകയാൽധൎമ്മംതന്നെകൎത്തവ്യം ഭവാൻതന്നാലാകാമററാശാ ബന്ധംഭൂരസ്സന്ത്യജിച്ചാലും * ആകാംക്ഷയുണ്ടുപരലോകപ്രാ പ്തിക്കെന്നാകിലാകുന്നപുണ്യംതന്നെചെയ്യേണമെല്ലാവരും * വഴിക്കുവഴിനല്ലകാൎയ്യങ്ങൾചെയ്തുപലവഴിക്കും സമ്പാദിച്ചധന ത്തെക്കൊണ്ടുപിന്നെ * വഴിക്കുംപരസ്ഥലത്തിങ്കൽചെന്നിട്ടും ചിലവഴിക്കുന്നതുപോലെ പരലോകത്തിങ്കലും * ചിലവിന്നു ള്ളധനംപുണ്യമൊന്നല്ലോമററും ചിലസമ്പാദ്യങ്ങൾക്കുദുഃഖമേ ഫലംവരു * ഉലകിൽബ്രാഹ്മണൎക്കുനൽകീടുകുന്നമതിൻ ഫല മേയമലോകയാത്രയ്ക്കുപാഥേയവും * സഹ്യജാസ്നാനംതുലാമാ സത്തിൽ വിശേഷിച്ചുംമത്ത്യമൎത്ത്യശഭവാൻചെയ്താലുംനഥാവി ധി * അറുപത്താറുകോടിയീരേഴുലോകങ്ങളിൽ പെരികപ്പേർ പെററെഴുംപുണ്യതീൎത്ഥങ്ങളെല്ലാം * പുരുഷോത്തമൻതൻെറ യാജ്ഞയാതുലാമാസം പരിചിൽകാവേരിയെപ്രാപിച്ചീടുന്നു വെല്ലോ* എന്നതുകൊണ്ടുതുലാകാവേരിസ്നാനവുംചെയ്യേന്നാശ്ര മരുടച്ചധാസൎവ്വാഭീഷ്ടദാനുണ്ണാം * മന്നതിൽപ്രസിദ്ധമായീടും ഭാരതവൎഷമെന്നുമിക്കൎമ്മഭൂമിതന്നിലോവിശേഷിച്ചും * വന്നീടു മെല്ലോതുലാകാവേരിസ്നാനത്തിനാ ലൊന്നൊഴിയാതെമനോഭി ഷ്ടംമാനുഷൎക്കെല്ലാം * ഇങ്ങിനെചൊല്ലീടിനേനദ്ധ്യായമേഴി ന്നിയുംതിങ്ങിനമുദാ ചൊല്ലുന്നുണ്ടുഞാനെന്നാകിലോ *

---

അഷ്ടമോദ്ധ്യായഃ — പ്രാരംഭഃ

---

കാവേരിതീരത്തിങ്കൽജനിച്ചുള്ളവർകളും കാവേരിജല ത്തിനാലാപ്ലുതന്മാരായോരും*കാവേരീശീതവാതസംസ്പൃഷ്ട

ന്മാരുമിവരേവരുംഹരിപദംപ്രാപിച്ചീടുമല്ലോ * കാവേ
രീമാഹാത്മ്യം ചൊല്ലീടുവാനാകയാലിന്നാവതോനിരൂപിച്ചാ
ലാക്കാനുംജഗത്രയേ * അമ്മഹാനദിയിങ്കൽസ്നാനംചെയ്താലും
ഭവാൻ കന്മഷംനീങ്ങിസ്സർവ്വകാര്യവുംസിദ്ധിച്ചീടും * ധർമ്മനാ
രത്തെച്ചൊല്ലുന്നുണ്ടുഞാനെന്റെനാഥ ശർമ്മാദിസർവ്വാഭീഷ്ടദായ
കംകേൾക്കഭവാൻ * ദേഹിഭോജനംധനംഗൃഹാദ്യംകുഡുംബി
നേ ദേഹാതിപാത്രംവന്നാൽദേഹവുംദേയമല്ലോ * ദേഹികൾ
ജന്മാന്തരേചെയ്തോരുപുണ്യത്തിനാൽ ഗേഹിനീപതിവ്രതാഹി
തയായ്ഭവിപ്പതും * അന്നംവന്നിരപ്പവർക്കില്ലില്ലെന്നോതുന്ന
വൻതന്നോടുണ്ടുണ്ടുദുഃഖമെന്നോതുംദേവന്മാരും * മുന്നംനാമി
രിവരുംചെയ്തപുണ്യത്താൽ ഭവാനിന്നനുകൂലയായഭാര്യയായ്വ
ന്നുഞാനും * ഭർത്താവേയശ്രേഷ്ഠമേധർമ്മമാചരിച്ചാലും സ്വത്ത
ന്ത്ര്യമല്ലധനധാന്യസംഗ്രഹമേതും * ആരാർക്കുബന്ധുവായതാരാ
ർക്കുസുഖംചെയ്യുതാരാരെപ്പോഷിപ്പിപ്പതാരാർക്കുമരിക്കുമ്പോൾ *
സുഹൃത്താവതുമിഹപരലോകത്തിങ്കലും മഹത്പംചെയ്തധർമ്മ
മൊന്നത്രെരക്ഷിപ്പതും * ഞങ്ങുന്നുചെയ്യുംപാപമങ്ങുന്നഭുജി
ച്ചീടും ഞങ്ങളിവരുംചെറുതിങ്ങുവാങ്ങുകയില്ല * ബ്രാഹ്മണർക്കേ
തുംദാനംചെയ്തിലെന്നിരിക്കിലോ താന്മറുജന്മത്തിങ്കൽദരിദ്രനാ
യ്വന്നീടും * നേത്രവുംകാലുംകയ്യുംശ്രോത്രവുമനിത്യമാം ഗാത്ര
വുംനന്നായ്തെളിഞ്ഞിരിക്കുംകാലംതന്നെ * ധർമ്മസംഗ്ര
ഹംചെയ്തീടേണമെന്നുടെനാഥ ധർമ്മിഷ്ഠന്മാർക്കുപുരുഷാർത്ഥ
വുംസുഖസാദ്ധ്യം * ധർമ്മേണസുശീലയുംതന്നുടെഭർത്താ
വിനു ശർമ്മത്തെവരുത്തുവാനിങ്ങിനെചൊന്നനേരം * ധ
ർമ്മപത്നിയെനോക്കിപ്പുഞ്ചിരികൊണ്ടു വേദശർമ്മാവുംചൊ
ല്ലീടിനാൻകല്യാണിമഹാഭാഗേ * ചൊന്നതുബോധിച്ചി
തുസമസ്തംവിധിവശാ ലിന്നയോളവുംകാലംപഴുതേകളഞ്ഞു
ഞാൻ * ഇന്നുതൊട്ടിനിമേലിൽധർമ്മമേചെയ്വൂനൂന മെ
ന്നുമുണ്ടാകയില്ലനരകംമമപ്രിയേ * എന്നുനിനിശ്ചയിച്ചുചൊ
ല്ലേണമേതുകൊണ്ടു വന്നീടുമമശ്രേയസ്സെന്നതിന്നത്യുത്തമേ *
നന്നുനന്നോർത്താലുംസ്നാനവുംചെയ്തീലഞാൻ വഹ്നിയെഞ്ഞു

ക്തിപൂൎവ്വമൎച്ചിച്ചിലൊരിക്കലും * വില്വങ്ങൾകൊണ്ടുശിവാൎച്ച
നവുംചെയ്തീലെന്നുമല്ലോരുഹരികഥകേട്ടതില്ലൊരുനാളും * ക
ല്യാണപ്രദംതുലാകാവേരീജലസ്നാനം കല്യനാംവിപ്രന്നന്ന
ദാനവുംചെയ്തീലേതും * നിത്യവുംശിശ്നോദരതല്പരനായേവൃഥാ
വ്യൎത്ഥമാക്കിനേനെല്ലോ ജന്മത്തെക്കഷ്ടംകഷ്ടം * ഇത്തരംകേട്ട
പതിവ്രതയാം സുശീലയുമുത്തരംചൊല്ലീടിനാളെത്രയുംതെളി
വോടും * പ്രത്യൂഷേകുളിച്ചുത്തു സന്ധ്യയുംവന്ദിച്ചുടൻ പ്രത്യഹം
പഞ്ചയജ്ഞങ്ങളെയുംചെയ്തശേഷം * വിശ്വസമ്മതമിഷ്ടാപൂ
ൎത്താദിധൎമ്മങ്ങളുമശ്വത്ഥപ്രദക്ഷിണംസേവയുംചെയ്തീടേണം *
അശ്വത്ഥവൃക്ഷംനട്ടുനനച്ചുവളൎത്തെന്ന മൈശ്വൎയ്യംപുത്രന്മാരും
ഭവനേവൎദ്ധിച്ചീടും * ഏഴുരുവലത്തുവെച്ചീടിലേഴാഴിയോടു മൂ
ഴിയേ വൂഴെയേഴവട്ടമാംപ്രദക്ഷിണം * മുമ്മൂൎത്തിസ്വരൂപമാമ
ശ്വത്ഥവൃക്ഷം തന്നെസ്സമ്മോദത്തോടുനമസ്കരിച്ചീടേണമെന്നാ
ൽ * മുമ്മൂൎത്തികൾക്കുംമറ്റുദേവന്മാരെല്ലാവൎക്കു മുണ്മയിൽനമ
സ്കാരംചെയ്തിതെന്നറിഞ്ഞാലും * ജലവുംഗന്ധംപുഷ്പമക്ഷതം
ധൂപംദീപംഫലവുംതാംബൂലവുംമാല്യവസ്ത്രാദ്യങ്ങളാൽ * പൂജി
ച്ചുനമസ്കരിച്ചീടേണമെന്നാകിലോ പൂജനീയനായേറുംധന
വാനായ്വന്നിടും * മദ്ധ്യാഹ്നമപരാഹ്നംസായാഹ്നംരാത്രികാ
ലം ദൈത്യാചാരാംഗാരകവാരമിക്കാലങ്ങളിൽ * അശ്വത്ഥ
സേവചെയ്തീടരുതുവിശേഷിച്ചും വിശ്വസിച്ചാലുമതിരഹസ്യം
ചൊല്ലീടുവൻ * വിശ്വജ്ഞൻപൌരാണികൻ ചൊല്ലി
ക്കേട്ടിതുഞാനും വിശേഷാൽകൃഷ്ണമാംശ്രാദ്ധദിവസേസ്ഥി
രവാരേ *ശുദ്ധനായ്പ്രദക്ഷിണംനമസ്കാരവുംചെയ്തു ബ
ലവിശ്വാസഭക്ത്യാപുരുഷസൂക്തത്തെയും * പിതൃസൂക്ത
വുംതദിത്യാദിമന്ത്രവുംജപിച്ചാ പിതൃചിന്തനവുംചെയ്തുരിയാ
ടാതെമുദാ * ജലംകൊണ്ടശ്വത്ഥത്തെനനെച്ചുഗയാശ്രാദ്ധഫ
ലവുംവന്നുപിതൃകടവുംവീടിള്ളൂടും * ഉഷസിമദ്ധ്യാഹ്നവുമശ്വ
ത്ഥംതഴുകേണം പിഴകുംമഹാവ്യാധിയപമൃത്യുവുമെല്ലാം *
സേവനംചെയ്തുതഴുകീടിലോ ഭാനുവാരേ ലോചനാമയമെല്ലാമ
കന്നുതെളിഞ്ഞീടും * സോമവാരത്തിലേവംനിങ്ങുന്നുഗ്രഹപീഡാ

ഭൌമവാസരത്തിലെന്നാകിലുമതുപോലെ * സൌമ്യജീവന്മാ
രുടെദിവസങ്ങളിലെങ്കിൽ സൌമ്യയായ്സുശീലയാംകന്യയെല
ഭിച്ചീടും * മന്ദന്റെദിനംതന്നിൽനനച്ചുതഴകിനാൽമന്ദമെന്നി
യെയഭീഷ്ടാൎത്ഥമൊക്കവെസാദ്ധ്യം * മന്ത്രങ്ങളതിന്നതിന്നുണ്ടധി
കാരിയെന്നാൽ മന്ത്രജ്ഞൻഗുരുവുപദേശിക്കുമെന്നേവേണ്ടു *
ഈവണ്ണംസദാചാരംശിവപൂജയുംചെയ്തു സൎവ്വദാശിവശിവേത്യു
ച്ചമുച്ചരിക്കേണം * എന്നാകിലഭീഷ്ടങ്ങളൊക്കവെലഭിച്ചീടു മെ
ന്നെല്ലാംസുശീലതൻവാക്കുകൾകേൾക്കയാലെ * ബോധിച്ചു
വേദശൎമ്മാജരഠനെന്നാകിലും സാധിച്ചാൻജിതേന്ദ്രിയൻസൽക്ക
ൎമ്മമവ്വണ്ണമേ * അരയാൽനട്ടുതറയിട്ടുകോലവുമിട്ടു പരിചിൽ
പൂജിച്ചുസേവിച്ചവൻവളൎത്തിനാൻ * പ്രാതഃസ്നാനവുംചെയ്തു
ശുദ്ധനായ്ദിനേദിനേ പാഥസ്സുകോരിക്കോരിനിയതംനനച്ചീ
ടും * സുത്രാമാവിന്നെശ്ശചീദേവിയെന്നതുപോലെ ഭൎത്താവെ
ശുശ്രൂഷചെയ്തീടിനാൾസുശീലയും * പിതൃഗണദേവകാൎയ്യേജാഗ
രൂകയായ്സദാ ഭൎത്താവുകോപിക്കിലുംമന്ദഹാസംചെയ്തീടും *
ചിരിക്കില്ലേടിച്ചീടുമുള്ളത്തിൻസന്തോഷംപൂ ണ്ടിരിക്കിൽസന്തു
ഷ്ടയായരികെചെന്നുനില്ക്കും * ഇഷ്ടമായുള്ളവസ്തുപലവുമുണ്ടാ
ക്കിത്ത ന്നിഷ്ടൻഭോജനംചെയ്തശിഷ്ടത്തെഭുജിച്ചീടും * ഭൎത്താ
വാനന്ദത്തോടുംസുപ്തനായീടുന്നേര മുത്ഥായവിഷ്ണുബുദ്ധ്യാനമി
ക്കുംസായാഹ്നവും * നാഥന്നാരോഗ്യദീൎഘായുഷ്യസിദ്ധിക്കുദി
ന നാഥനെദിനേദിനേഭക്ത്യാസന്നമിച്ചീടും * മഠദേവാഗാര
പൌരാണികസഭാന്തരേ ദൃഢസൌമംഗല്യംപ്രാൎത്ഥിച്ചവൾവ
ണങ്ങീടും * പുണ്യകാവേൎയ്യാംതുലാമാസേവൈശാഖമാഘേ
കൌണ്ഡിന്യഗോത്രജാതാമജ്ജനംചെയ്യുംനിത്യം * ഉണ്ടിട്ടു
കെന്നുതന്റെഭൎത്താവിൻനിയോഗത്താ ലുണ്ടീടുമുച്ഛിഷ്ടത്തിലമൃ
തബുദ്ധിയോടും * വിളിക്കുന്നേരംചിലനാട്ടുക്കെച്ചെന്നുമനം കു
ളുൎക്കമാറുഭക്തിവിനയാന്വിതംനില്ക്കും * കിളൎത്തുചൊല്ലീടിലു
മുത്തരംചൊല്ലുവീലാ കളുത്തോരാശീൎവ്വാദമെന്നവളുറച്ചീടും *
ശയിക്കുന്നേരംകാലുംതിരുമ്മിസ്സുഖമതി ശയിക്കുമാറുനാഥന്നരു

കിലിരുന്നീടും * രാത്രിയിൽസൎവ്വഭൂഷാഗന്ധമാല്യാലംകൃതഗാ
ത്രിയായ്ശയ്യാതലേചെന്നുശുശ്രൂഷിച്ചിടും * കണവനുറങ്ങിയാ
ലുറങ്ങുംപേടിയോടു മുണരുന്നതിൻമുമ്പെതാനുണൎന്നെഴുനീറ്റു *
മന്ദിരശുദ്ധിചെയ്തുപിന്നെന്നാഥായുഷ്യാൎത്ഥം സുന്ദരീചെന്നുമന്ദം
പ്രാതഃസ്നാനവുംചെയ്യും * പുഷ്പിണിയാകിൽഗൃഹപ്രാന്തത്തിൽ
മൂന്നുനാളു മല്പലേക്ഷണാവിശപ്പുംസഹിച്ചുണ്ടീടാതെ * അല്പം
പാനീയംമാത്രമുപജീവനവുംചെയ്തെപ്പോഴുംമൌനംഭിക്ഷിച്ചരി
യാടാതെമുദാ * കുളിച്ചുനാലാംദിനംമഞ്ഞളുംനല്ലപരിമളദ്രവ്യ
വുംശുഭവസ്ത്രവുംധരിച്ചവൾ * ഭൎത്താവിൻപാദാംബുജവുംചിത്ത
ത്തിൽചിന്തിച്ചുകൊ ണ്ടത്രയുംവിശുദ്ധയായ്പാദാംഗുഷ്ഠവും
നോക്കി * മറ്റുള്ളജനങ്ങളെനോക്കാതെനടന്നീടും മുറ്റുംതന്നാഥ
ൻതന്നെസ്സൎവ്വദാ ചിന്തിച്ചീടും * ചന്ദ്രശേഖരൻതന്നെഭൎത്താവെ
ന്നുറച്ചുള്ളിൽ ചന്ദ്രമണ്ഡലമുഖിനമിക്കുംഭക്തിപൂൎവ്വം * വൃദ്ധവിപ്ര
ന്മാരേയുംതൻഗുരുജനത്തേയും ശ്രദ്ധയാനിത്യംനമസ്കരിക്കുംപ
തിവ്രതാ * മദ്ധ്യാഹ്നകാലത്തിങ്കലതിഥിഭിക്ഷുക്കളെ സ്സത്ര്യസല്ക്ക
രിച്ചിടുംവിധിക്കുതക്കവണ്ണം * ദേവാൎത്ഥംഹവ്യപാകംചെയ്തീടും
തഥാവൈശ്വദേവാൎത്ഥംകാലേകാലേശുദ്ധമാനസയായേ *
ദരിദ്രന്മാൎക്കനാഥന്മാൎക്കുമാസാകമുപകരിക്കും ധനധാന്യമുഖ്യ
വസ്തുക്കളെല്ലാം * ഇങ്ങിനെപോഴുംകാലമൊരുനാൾമദ്ധ്യാഹ്ന
ത്തിൽ മംഗലകുലാചാരശീലയാംസുശീലയും * അതിഥിഭിക്ഷു
ക്കളെബ്ഭുജിപ്പിച്ചനന്തരം പതിഃഭോജനത്തിനുമൊരിക്കൽവിള
മ്പിനാൾ * അന്നേരംധൎമ്മരാജനയച്ചദൂതന്മാരും വന്നാരാല
യേവേദശൎമ്മാവെക്കൊണ്ടുപോവാൻ * പാതിവ്രത്യത്തിൻെറ
തേജസ്സിനാൽദഹിക്കപ്പെട്ടാധിയുംപൂണ്ടുചെന്നു യമനോടറിയി
ച്ചാർ * ധൎമ്മരാജനുംചിത്രഗുപ്തനെനിയോഗിച്ചാനമ്മഹീസു
രൻചിരംദ്വിജഭോജനാദ്യങ്ങളാൽ * കൎമ്മദോഷങ്ങൾപലചെ
യ്കയാലായുഃക്ഷയം ചെമ്മേവന്നിതുചെന്നുകൊണ്ടുപോരികഭ
വാൻ * ധൎമ്മസംയുതംവാക്യമിങ്ങിനേകേട്ടുവേദശൎമ്മാവിൻഗൃ
ഹംപ്രവേശിച്ചിതുചിത്രഗുപ്തൻ * ശങ്കിച്ചുസുശീലതൻപിന്നിൽ
ചെല്ലുന്നനേരം മങ്കമാർമണിയോടുവേദശൎമ്മാവുംചൊന്നാൻ *

വ്യഞ്ജനംസ്വാദുമിതമത്താഴത്തിന്നുംമമ കഞ്ജലോചനേസൂക്ഷി
ക്കേണമെന്നതുകേട്ടു * ചിരിച്ചുചിത്രഗുപ്തനതുകേട്ടവൾമുഖം
തിരിച്ചുനോക്കിയെങ്ങുമാരെയുംകാണാഞ്ഞയാൽ * എന്തൊരത്ഭു
തമിതു ചിരിച്ചോരൊച്ചകേട്ടേനന്തികേകാണ്മാനുമില്ലാരെയും
ചിത്രംചിത്രം * അന്തരാചിരിപ്പതിന്നാരിഹവന്നതെന്നു ചി
ന്തിച്ചുസുശീലയുമീവണ്ണംചൊല്ലീടിനാൾ * അന്തകാന്തകൻത
ന്നെപ്പൂജിച്ചേൻഞാനെങ്കിലും സന്തതംപാതിവ്രത്യമുണ്ടിനി
ക്കെന്നാകിലും * ഹന്താഹംശബ്ദഭാവമായോനെന്നിരിക്കിലു
മെന്തൊരുശബ്ദമിതെന്നറിയാറായീടേണം * ഭർത്താവേദൈവം
നാരിക്കെന്നുള്ളമഹദ്വാക്യം സത്യമെങ്കിലുമാതിഥ്യംചെയ്തേൻ
ഞാനെങ്കിലും * സത്തുക്കൾതന്നെപ്പൂജിച്ചീടിനേനെന്നാകിലും
സിദ്ധിച്ചുള്ളകാവേരീസ്നാനമിങ്ങെങ്കിലും * ശ്രീനാരായണൻത
ന്നേകേവലംപരബ്രഹ്മം ശ്രീനാരായണൻതന്നെനിർണ്ണയംപര
ന്തപം * ശ്രീനാരായണൻതന്നെനിഷ്കളംപരഞ്ജ്യോതിഃ ശ്രീ
നാരായണൻതന്നെപരമാത്മാവുനൂനം * ഇങ്ങിനെചൊല്ലും
വേദവചനംസത്യമെങ്കിലിങ്ങെൻറമുമ്പിൽശബ്ദകാരണംസ്ഫു
രിക്കേണം * അംഗനാരത്നത്തിൻറശപഥമേവംകേട്ടു തിങ്ങി
നോരത്യത്ഭുതമുൾക്കൊണ്ടുചിത്രഗുപ്തൻ * സത്യപാശത്താൽ
കെട്ടപ്പെട്ടവളുടെമുമ്പിൽ പ്രത്യക്ഷനായീടിനാൻമദ്ധ്യസ്ഥബു
ദ്ധിയോടും * ചിത്രദിവ്യാലങ്കാരാലംകൃതംശുചിസ്മിതം ചിത്ര
മഞ്ജുളാകാരമുജ്ജ്വലംചിത്രഗുപ്തം * തത്രകാണായനേരമാരിതു
കൃശാനുവോ ചിത്രഭാനുവോകിമുഹരനോഹരിയോവാൻ * ഇ
ത്ഥംബഹുവിധംചിന്തിച്ചു സുശീലയുമുത്തമമായപാതിവ്രത്യ
ത്തിൻപ്രഭാവത്താൽ * ചിത്രഗുപ്തൻതാനതുഭർത്താവെക്കൊണ്ടു
പോവാനത്രവന്നതുമെന്നുമറിഞ്ഞു വണങ്ങിനാൾ * ചിത്രഗു
പ്തനുമാശീർവ്വചനംചൊന്നാനപ്പോൾ ചിത്തത്തിൽസൌമംഗ
ല്യംസിദ്ധിച്ചിതെന്നോർത്തവൾ * അത്യന്തംപ്രീതിയോടുമർഗ്ഘ്യ
പാദ്യാദ്യങ്ങളാൽ സത്ത്വസ്സൽക്കരിച്ചുചൊല്ലീടിനാൾവിനീതയാ
യ് * സത്യംനിന്തിരുവടിതന്നുടെവാക്യംസദാ ദത്തംമേസൌ

മംഗല്യംരക്ഷിച്ചീടേണമിപ്പോൾ * ഇത്ഥംചൊന്നതുകേട്ടുചി
ത്രഗുപ്തനുംലജ്ജിച്ചുത്തരംചൊല്ലീടിനാനിത്തരം കേട്ടാലുംനീ *
ഭൎത്താവേക്ഷിപ്രംകൊണ്ടുപോവാനാസ്സൊണ്ടുനിന്റെ വസ്ത്യ്രത്തി
ൽവന്നോരെന്നെനീനമസ്കരിക്കയാൽ * ഉക്തമായിതുയഥോ
ചിതമാമാശിൎവ്വാദം വക്തവ്യമഭിവാദ്യംചെയ്യുവൎക്കെല്ലാവൎക്കും *
തത്താൽസ്ത്രീപുരുഷൎക്കുള്ളാശിയെച്ചൊല്ലീടാസ്സിലതൃത്ഥം കേട്ടയി
ച്ചായുസ്സവരിൽചെന്നുഃചരം * ശ്രോത്രിയനുപനേതാഗുരുവെ
ന്നിവരെല്ലാമോൎത്തുടൻബ്രഹ്മചാരി വന്ദിച്ചാനെന്നാകിലോ *
നാമശബ്ദോപേതമായുഷ്മാനായ്ധീമാനാകെ നാമോദത്തോട്ട
മാശിൎവ്വാദത്തെച്ചൊല്ലീടേണം * ആയുഷ്മാൻഭവസൌമ്യേത്യാ
ശിയെയരുളേണം ന്യായത്താൽനമസ്കരിച്ചീടുന്നഗൃഹസ്ഥനും *
കന്യയെന്ന്ഭൎത്തൃമതിയായ്ഭവിക്കെന്നുമൂഢതന്നെയോദീൎഘസു
മംഗലിയാകെന്നുംതഥാ * വിധവയെന്നാൽജ്ഞാനവതിയാ
കെന്നുമേവം വിധമയാശിൎവ്വാദംചൊല്ലുകിൽസൌഖ്യമുണ്ടാം *
ആകയാൽഞാനംചൊന്നോനാശിയെന്നതുമൂല മാകുലംനീങ്ങീ
ദീൎഘായുസ്സാംനിൻപ്രിയനെടോ * എന്നുടെവാക്യമെന്നുമസത്യ
മായ്വന്നിടാ ധന്യേകേളിതിന്നുഞാൻചൊല്ലുവനുപായവും * ക
രുവതസരംതുലാകാവേരിസ്നാനംചെയ്ക പുരുജഫലംപുരുഷന്നുനീ
കൊടുക്കെടോ * ദീൎഘായുസ്സതിനാലേവന്നീടുംഖേദിക്കേണ്ട
ദീൎഘലോചനേഞാനുംനിന്നുടെകണവനെ * ധൎമ്മപത്നിയാം
നിന്റെസവിധേവെക്കീടാതെ ധൎമ്മരാജന്നുകാട്ടിക്കൊണ്ടിങ്ങു
പോന്നീടുവൻ * അന്നേരംസുശീലയുംചോദിച്ചാൾനിഷ്കാരണം
മന്നംനിന്തിരുവടിചിരിപ്പാനെന്തുമൂലം * പാപത്താൽനഷ്ടാ
യുസ്സാംനിൻപതിക്കിപ്പോൾവരു മാപത്തെന്നറിയാതെകറിയ
ത്താഴത്തിന്നും * ലോഭത്താൽസൂക്ഷിക്കെന്നുചൊന്നതുകേട്ടുമൂ
ലം ശോഭനശീലേപരിഹസിച്ചതറിഞ്ഞാലും * ഇക്കണ്ടപുത്ര
ന്മാരെഞാനല്ലോവളൎക്കേണ്ടു ചൊല്ലുണ്ടഗൃഹത്തെയുംനന്നാ
ക്കിച്ചമക്കേണം * മയ്ക്കുണ്ണിപുരന്ധ്രിയെഞാൻതന്നെരക്ഷിക്കേ
ണം ദുഷ്ടതാതന്നെചെയ്യുന്നാകിലുമെന്നുനൂനം * മിക്കതുംസ
സ്ഥനായ്ഞാനിരുന്നാലിവൎക്കെല്ലാം നിൎവ്വൃതിയായ്വന്നീടുമൂൎക്ക

ഞന്നിങ്കലേവം * ചിക്കെന്നു സംസാരപാശംകൊണ്ടുകെട്ടപ്പെട്ടു ദിക്കുകളെങ്ങും ഭ്രമിച്ചാരോഗ്യംക്ഷയിക്കുമ്പോൾ * ഉൽകൃഷ്ട രോഗംപിടിപെട്ടു കൈകാലുംകണ്ണുമൊക്കെവൈവശംകെട്ടുവിട്ടു ദപായാചാരവും * മക്കളെവിളിച്ചിട്ടുംഭാൎയ്യയെവിളിച്ചിട്ടും ദുഃഖിച്ചുകേഴുന്നേരംമിണ്ടുകയില്ലാരുമേ * കേൾക്കുന്നജനങ്ങളൻ കേഴുന്നോനെന്നുനിന്ദാ വാക്യങ്ങൾചൊല്ലീടുവോരെത്രയുമീൎഷ്യയോടും* സൽക്കൎമ്മമൊന്നുംചെയ്തീലെന്നല്ലദ്വിജന്മാക്കളെ ധിക്കരിച്ചുന്നമില്ലെന്നോതിനേനല്ലോകഷ്ടം * ഇക്കാലംപുണ്യകൎമ്മമേതാനുംചെയ്യേണമെ നൾക്കൊമ്പിൽനിത്രപിച്ചാലാവതുമല്ലേത്തുമേ * ദുൎഗ്ഗതിഭയത്തോടുമേവംസന്തപിക്കുമ്പോൾ നിഷ്ഠുരംമൂഷികത്തെമാൎജ്ജാരനെന്നപോലെ * തക്കത്തിൽഗ്രഹിച്ചീടും യമനുമാകയാലേ നൃക്കളെപ്പോഴുംധൎമ്മസംഗ്രഹംചെയ്തീടേണം* കാവേരിസ്നാനപുണ്യംനിദാനംചെയ്തുകൊണ്ടു മാവിമ്മോദത്തോടുഞാൻചെയ്തനുഗ്രഹംകൊണ്ടും * താവകപതിക്കുദീൎഘായുസ്സുമുണ്ടായ്വരും സാവധാനമേദേഹംരക്ഷിക്കയാമമാത്രം * ദേവൻറസന്നിധാനേകൊണ്ടുപോയാക്കിക്ഷമാദേവനാംനിൻറ നാഥൻതന്നെയിങ്ങാക്കീടുവൻ * ഈവണ്ണമെല്ലാംചിത്രഗുപ്തൻ ചൊന്നതുകേട്ടുഭാവവുംതെളിഞ്ഞുവന്ദിച്ചിച്ചുസുശീലയും * അഷ്ടമാദ്ധ്യായവുംഞാനാംവണ്ണംചൊല്ലീടിനേൻ പുഷ്ടമോദേനകേട്ടുകൊണ്ടാലുംകഥാശേഷം *

---

## നവമോദ്ധ്യായ:—പ്രാരംഭഃ

---

സൎവ്വകാമദംതുലാകാവേരിമാഹാത്മ്യമോ സൎവ്വപാപഘ്നമപമൃത്യുനാശനംപുണ്യം * സൎവ്വതോഭദ്രംവൎണ്ണിക്കാവതോ യാതൊന്നിനാലുൎവ്വീദേവനാംവേദശൎമ്മാവുമരിച്ചിട്ടു * കാലസന്നിധിയിങ്കൽനിന്നിങ്ങുവീണ്ടുതൻറയാലയംപ്രാപിച്ചിതുനൃവരതിലകമേ * മരിച്ചവിപ്രൻവീണ്ടുവന്നതെങ്ങിനെയെന്നും തിരിച്ചുതന്നെയരുൾചെയ്യേണംമഹാമതേ * ധരിത്രീപതിചൊല്ലി

മിങ്ങിനേകേട്ടുമുനിവരിഷ്ഠ നെങ്കിൽകേട്ടുകൊള്ളുകെന്നരുൾചെ
യ്യു * ബ്രഹ്മശൎമ്മാവിതൊന്നുമറുത്തീടാതെസഹധൎമ്മിണിയോ
ട തക്രംശീഘ്രത്തിൽതരികെന്നാൻ * ഉണ്മതിന്നരുതേതുംവി
ളംബംമമകൃഷികൎമ്മണിചെന്നീടുവാൻവൈകുന്നുപാരമെടൊ *
ധൎമ്മപത്നിയുമുടൻവിളമ്പിതക്രം ബ്രഹ്മശൎമ്മാവുംഭുജിപ്പതിന്നൊ
രുമ്പെട്ടോരുനേരം * കൎമ്മത്തിൻബലത്തിനാലുരുളന്നെഞ്ഞത്തി
രുന്നമഹീസുരനന്തം പ്രാപിച്ചാനെന്നുള്ളോരു * ഛരത്മത്താ
ലവനേയുംകൊണ്ടുവേഗേനയമസത്മത്തിന്നാമ്മാറുപോയീടുന്ന
വഴിയിങ്കൽ * ദുൎമ്മതേനില്ലുനില്ലുപോവതെഞെന്നുരണ്ടുചൎമ്മ
കാരന്മാർ വന്നുതടുത്താരതിക്രുധാ * പാദരക്ഷയുംവാങ്ങിവി
ലയുംതരാതെദുർവ്വാദം ചൊന്നതിന്നിപ്പോൾമദ്ധ്യസ്ഥനുണ്ടുതാ
നും * മേദിനീദേവനാംനീയിന്നിനിഞങ്ങൾക്കുള്ള പാദരക്ഷ
യുംതന്നുപോയ്ക്കൊൾകവിരയ്ക്കിലും * എന്നിയേയയയ്ക്കയില്ലെന്ന
പ്പോൾ ചിത്രഗുപ്തനിന്നതിന്നുടെ മൂല്യംനൽകീടാംനിങ്ങൾക്കു
ഞാൻ * വിപ്രനെത്തടുക്കേണ്ടതൽപ്രദേയമാംദ്രവ്യം ക്ഷിപ്ര
മെന്നോടുവാങ്ങിനിങ്ങളുംപൊയ്ക്കൊണ്ടാലും * അവരുംനയ
ത്തോടുചൊല്ലിനാർ പൈദാഹത്താലവശന്മാരായ്ഞങ്ങളന്നുഭ
ക്ഷണത്തിനായ് * ഇവന്നുരണ്ടുപാദരക്ഷകൾവിററമൂല്യം ലവ
വുംതന്നീലെല്ലോചോദിക്കുന്നേരത്തിങ്കൽ * അവനീസുരൻഞാ
നെന്നുള്ളോരുഗൎവ്വത്തിനാലവമാനിച്ചു പലദുർവ്വാക്യംചൊല്ലുമിവ
ൻ * ഭവനത്തിൻപുറത്തന്ത്യജാതിത്വംകൊണ്ടു വിവശന്മാ
രായ്ഞങ്ങൾമിണ്ടാതേയിരുന്നിതു * സ്വധൎമ്മിനിവേണ്ടചെററും
ഞങ്ങൾക്കിനിവനുടെ ചൎമ്മമേപോരുംപാദരക്ഷയ്ക്കുസമാനമാ
യ് * കന്മഷമേറുംഗോഘ്നൻസ്ത്രീഘ്നനുംപിതൃഘ്നനുമുണ്മയിൽപ്ര
തിക്രിയചെയ്കിൽസൽഗതിയുണ്ടാം * പരലോകവുംപ്രായശ്ചി
ത്തവുമൃണഗ്രസ്തനൊരുനാളുമേയൊരുജാതിയുമില്ലെന്നെല്ലാം *
സ്മൃതിയുംചൊല്ലുന്നിതുകടംവീട്ടുകതന്നെ ഹിതമാംപ്രായശ്ചിത്ത
മതിനെന്നതേയുള്ളു * അല്ലാഞ്ഞാലെന്നുമാഭൂതപ്ലവംനരകങ്ങളെ
ല്ലാമേയനുഭവിച്ചീടേണമെന്നുനൂനം * പുത്രരായിനിഞങ്ങളി

വന്റെഗൃഹത്തിങ്കലെത്രയും വദ്ധിച്ചുള്ളധനത്തെബ്ഭുജിച്ചിടാം * ഇത്തരംചൊല്ലിപ്രഹരിപ്പതിന്നൊരുമ്പെട്ട സത്വരമോങ്ങുന്നേരംകാണായിതദന്തികേ * പട്ടതപംപൂണ്ടുരണ്ടുവടുക്കളാശ്രുവന്നു കട്ടത്തൊന്നവർതമ്മെത്തടുത്തുചൊല്ലുന്നതും * അടിച്ചിടൊല്ലായിവൻതരുവാനുള്ളതിന്നു തടസ്ഥന്മാരാംഞങ്ങൾതരുന്നുണ്ടെന്നുനൂനം * അടുത്തുപണ്ടുഞങ്ങൾക്കുപകരംചെയ്തിവനടുത്തവണ്ണംചെയ്യാം പ്രത്യുപകാരമിപ്പോൾ * ചമ്മനിമ്മിതമായപാദുകദ്വയംവാങ്ങി ധമ്മമാംവിലയിവൻതന്നീടാഞ്ഞതുമൂലം * ചമ്മകൃത്തുകളായഞങ്ങൾക്കുധനംവേണ്ടാ ചമ്മമേവാങ്ങീടേണമിവനോടെന്നുകേട്ട * ബ്രഹ്മചാരികളവർതമ്മോടചൊല്ലീടിനാർ സമ്മതമതെന്നാകിൽ ചമ്മമേതാമെല്ലാം * ബ്രഹ്മജ്ഞനിവനൂന്നന്നിമ്മുക്തനായിദ്രുതം ശമ്മണാഗമിക്കട്ടേതടവില്ലാതവണ്ണം * എന്നാകിൽതന്നീടുവനെന്നവരിരിവരുംചൊന്നതുകേട്ടചോറുംഖിന്നതയെന്നിവേഗാൽ * തുടത്തോലറുത്തവരടുത്തുമാംസേനവേർപെടുത്തുനിസ്സംശയംകൊടുത്തുധൈയ്യത്തോടും * ബ്രഹ്മചാരികളോടുചമ്മവുംവാങ്ങിബ്രഹ്മശമ്മാവേപോകെന്നോതിച്ചമ്മകാരരുംപോയാർ * ബ്രഹ്മശമ്മാവുംഹൃദിവിസ്മയപ്പെട്ടുപാരം ബ്രഹ്മചാരികളോടുസരസംചോദ്യംചെയ്താൻ * നിങ്ങളാരെന്നുംപുനരെങ്ങിനെവന്നതെന്നു മെങ്ങുള്ളോരെന്നുമിപ്പോഴിങ്ങിനേകൃപയാലേ * എന്നെരക്ഷിച്ചീടുവാന്നുന്നമെന്തുപകാരമൊന്നുചെയ്തുള്ളതെന്നുമെന്നോടു ചൊല്ലീടേണം * കരുണാത്മാക്കളായസാധുക്കൾപാപൌഘത്തെ ഗ്ഗൂഢൻതന്നെസ്സപ്പംപോലഃവപേടിച്ചീടും * ബോധിച്ചീടുകവാൻവളത്തുസവിഃച്ചോരുബോധിവൃക്ഷങ്ങളെത്രേഞങ്ങളിയിരിവരും * ഇടത്തില്പിടിച്ചുള്ളതടത്തിൽനിറെവോളം കുടത്തില്ലാനീയത്തെയെടുത്തുനനച്ചിതു * മന്ദവാരങ്ങൾതോറുംമഴരുപ്രദക്ഷിണംമന്ദമന്ദമേചെയ്തപാപനാശത്തിനായി * കൃത്തിയെയത്തുമൂലംകൃതജ്ഞയാക്കിട്ടുവന്നോ രുത്തമന്നന്മാക്കിന്നുദത്തയായതുമെടോ * തപക്കംപോയ്നദീതീരേനില്പുംഞങ്ങളെയിനിച്ചിക്കെന്നു

വന്നുകണ്ടാലുൾക്കാമ്പിലറിഞ്ഞിടാം * പറഞ്ഞീവണ്ണംതത്രമറ
ഞ്ഞുവട്ടക്കളും വിരഞ്ഞു ചിത്രഗുപ്തൻവിപ്രനോടറിയിച്ചാൻ * ദു
ഷ്ടമശപഥത്തിന്റെവൃഷ്ടമാഹാത്മ്യംതന്നിക്കിഷ്ടമാന്തത്തേസവയാ
നഷ്ടമായിതുപാപം *വിഷ്ടപോൽകൃഷ്ടംതുലാകാവേരീസ്നാനഫ
ലമിഷ്ടതന്നിട്ടായുസ്സുംസൃഷ്ടമായിതുനൂനം * തുഷ്ടനായ്ഭവാനിന്നു
തൊട്ടിനിമേലിലെന്നും ശിഷ്ടകമ്മണാപുണ്യപുഷ്ടിസമ്പാദിച്ചാ
ലും * അന്തകന്തന്നിക്കന്തസ്സന്തോഷംവരുവാനും കിന്തുഞാന്ത
ന്നായുസ്സിന്നന്തരംവരാഴ്വാനും * ഇസ്ഥവംഗ്രഹിക്കുന്നുസതാര
മാചമിച്ചു ശുദ്ധനാംപൃഥ്വീസുരനുപദേശവുംചെയ്താൻ * ശമ
നന്തന്നൊട്ടണ്ഡനമന്നഞ്ചെയ്തുവേഗാ ലമുനാപുകഴ്ത്തു കിലവനുംപ്ര
സാദിക്കും * വരവുംനൽകുന്തവവിരവോടെന്നാകിലൊ വരികെ
ന്നന്തകന്റെയരികേകൊണ്ടുചെന്നാൻ * ദൂരത്താമ്മാറുകണ്ട
നേരത്തേദണ്ഡനമസ്കാരത്തെച്ചെയ്തുടിത്യാചാരത്തുചെന്നുവി
പ്രൻ * പ്രത്യുപ്തനവരത്നസ്വരൽസിംഹാസനസ്ഥം ഖദ്യോത
പ്രഭംസഭാമദ്ധ്യസ്ഥംശ്രാദ്ധദേവം * കുണ്ഡലകിരീടകേയൂരകങ്ക
ണകടി മണ്ഡനാദ്ദക്കുലാഢ്യംമാണിക്യഹാരോജ്ജ്വലം * യജ്ഞ
സൂത്രോത്തരീയവിലസദ്വക്ഷസ്സ്ഥലം വിജ്ഞാനിശ്രേഷ്ഠമുനിപരി
വാരിതംശുദ്ധം * മൃത്യുകാലാന്തകാദ്യൈരാവൃതംദിവ്യാംഗനാ
ഹസ്തചാമരദ്വയവീജിതംശുചിസ്മിതം * പൂർവ്വപുണ്യാഢ്യബ്ര
ഹ്മക്ഷത്രിയവൈശ്യശൂദ്രപൂർവ്വസേവിതംദയാസമുദ്രംമഹാരാജം *
തകുന്നാളകതിസുധാനുകന്നാനന്ദഞ്ചൊറു മകന്നീടാതവണ്ണംപു
കഴ്ന്നുതുടങ്ങിനാൻ * ധർമ്മരാജായസാക്ഷാദ്ധർമ്മരൂപായനമോ
ധർമ്മിഷ്ഠവരിഷ്ഠായസത്യരൂപായനമഃ * മൃത്യവേയമായകാലാ
യതേനമോനമ സ്സ്വപ്താശപുത്രായഭ്രതക്ഷയകൃതേനമഃ * അം
ഗദകടകകേയൂരനൂപുരഹാര ശൃംഖലകിരീടാലങ്കാരധാരിണേന
മഃ * സാധൂനാന്നിജപിതൃതുല്യായനമോനമ സ്സ്വപാധിനാവാ
ണിസുധാദായിനേനമോനമഃ * നിത്യായദൂരാദേവസദാചാര
നിഷ്ഠാൻസതഃ പ്രത്യുത്ഥായോപചാരൈരർച്ചതേനമോനമഃ *
സർവ്വവേദാന്തതത്വവേദിനേമദ്ധ്യസ്ഥായ സർവ്വസദാത്രേസമദ
ർശിനാംനമോനമഃ * സുകൃതംപൂർവ്വകൃതംപാപഹേന്മദ്ദ്യജാതം സു

ഖതോഗച്ഛതേതിപ്രിയവാദിനേനമഃ * ഭക്താനാംശുദ്ധാത്മനാ
മഭയങ്കരായതേ ഭക്തിഗമ്യായപിതൃരൂപായനമോനമഃ * കമ
ലാകാന്തഭക്തമുഖ്യായനമോനമഃ കമലോദരരമ്യചക്ഷുഷേന
മോനമഃ * കമലസമുത്ഭവഭവ്യായനമോനമഃ കമലബന്ധുതാപി
ഷേദേവദേവായനമഃ * കാരുണ്യപീയൂഷാർദ്രവചസേനമോ
നമ സ്താരുണ്യലാവണ്യാംബുനിധയേനമോനമഃ * പാപിനാ
മുച്ചൈസ്തരംഗർജ്ജതേഭയങ്കരരൂപിണേ ദംഷ്ട്രാകരാളാസ്യായന
മോനമഃ * ഊർദ്ധ്വഗരോമ്ണേമഹാരോമ്ണേ നന്ദീശ്വരരോ
മ്ണേ മൂർദ്ധജശ്മശ്രുജാലരൌദ്രായനമോനമഃ * ഖണ്ഡാരവാതി
ചണ്ഡകാലദണ്ഡായനമോ ദണ്ഡിനേകൃതദണ്ഡ്യദണ്ഡായന
മോനമഃ * ഘോരകോദണ്ഡകാലദണ്ഡാസിപരശുഗദ ധാരി
ണേസദാലോകമാരിണേനമോനമഃ * പ്രാഗ്ര്യായസർവ്വലോക
ഗ്രഹണേജഗത്രുകായോഗ്രദണ്ഡായപുണ്യരാശിരൂപിണേനമഃ
നിർവ്വികാരായദിവ്യജ്ഞാനശസ്ത്രായനമ സ്സർവ്വാകാരായസമസ്താം
ഗായനമോനമഃ * വ്യസ്തരൂപായചതുരാസ്യായസതാഞ്ചതു ഷ്
സ്ഥായസർവ്വലോകവശ്യായനമോനമഃ * കാളമേഘാഭമഹാമഹി
ഷേന്ദ്രാരൂഢായ കാലാഗ്നികീലോജ്വലനേത്രായനമോനമഃ *
ക്രൂരാണാംഭയംകരാകൃതയേനിർഭയായ സാരനിശ്ശേഷസ്തോത്രരൂ
പിണേനമോനമഃ * സുപ്രസന്നേന്ദുബിംബവക്ത്രായസതാം
നമഃ കല്പാബ്ധിഘോഷഘോരായാസതാംനമോനമഃ * സതാ
സ്ഥാൻദയാമയദൃഷ്ട്യാപശ്യതനമ സ്സതാരൂപായതതാദ്രഷ്ട്രേത
തായനമഃ * ദുർജ്ജനാൻഹരിസിദ്ധിഭിസ്സിതാ ധയചൂർണ്ണയേതി ഗ
ർജ്ജത്സംവത്സസിന്ധുഭീഷണവക്ത്രേനമഃ * നിഷ്ഠുരവാചാകരാ
ളേനകായേനനിത്യംദുഷ്ടസംഘാനാംഭീഷയിത്രേതേനമോനമഃ *
കിൽബിഷാത്മനാംപരപീഡനനിരതാനാം കല്പാന്തബാഡവാ
ഗ്നിതുല്യോർദ്ധ്വരോമ്ണേനമഃ * ദ്വിഷോൽബണമഹാഭീഷണ
കൃഷ്ണസർപ്പ ദ്വീർഘദണ്ഡാഘാതൈസ്സമ്മോഹയിത്രേനമഃ * സാ
ധുമിത്രായമിത്രപുത്രായനമോനമ സ്സാധുശാന്താനാംശാന്തശാ
ത്രായനമോനമഃ * പൂജാമാത്രാതിതുഷ്ടായാഭീഷ്ടപ്രദായിനേ

തേജസാമഹാമേരുതുല്യായനമോനമഃ * ശിഷ്ടിവിഷ്ടായപരമേ
ഷ്ഠിനേനമസ്സാധൂൻ കൃപയാവാചാസംപ്രീണയതേനമോനമഃ *
പൂജ്യാനനുഹംസംപൂജയതേനമോനമോ യോജ്യസല്ലോകടാ
ത്രേസാധൂനാംനമോനമഃ * ജനനമരണാപഹാരിണേസജ്ജ
നാനാമനിശംധമ്മശാസ്ത്രരൂപായനമോനമഃ *, ന്യായശാസ്ത്രാ
ൎത്ഥതത്വചക്ഷുഷേനമസ്തുഭ്യം പ്രേയസേസദാധമ്മരാജായന
മോനമഃ * ചിത്രഗുപ്തായശമനായവൈവസ്വതായ ചിത്രായ
വൃകോദരായാജസ്രംനമോനമഃ * ഭക്തരക്ഷണേജാഗരൂകായമേ
ചകായ മുക്തായഭൂയോഭൂയോനമസ്തേനമോനമഃ * ഭൂയസ്സാശ്ച
ന്നീടേണമായുസ്സംതനിക്കതി ശ്രേയസ്സുമെന്നിട്ടേവംസ്തുതിച്ചുമ
ഹീസുരൻ * ധമ്മരാജനെനമസ്കരിച്ചുപുനഃപുനസ്സമ്മദംപൂണ്ടു
കമ്മസാക്ഷിനന്ദനൻതാനും * ഭേരിയുംമുഴക്കിച്ചായുഷ്മാനായ്ഭ
വിക്കയെന്നാരണൻതാനിക്കാശീൎവ്വാദവുംചെയ്തീടിനാൻ * ചി
ത്രഗുപ്തോക്തമായവൃത്താന്തമൊക്കെക്കേട്ടുചിത്രഭാനുജൻപിന്നെ
ബ്‌ഭൂസുരനോടുചൊന്നാൻ * സ്തോത്രംകൊണ്ടേറാംതെളിഞ്ഞി
ടിനേൻദീഗ്ഘായുസ്സും ധാത്രീദേവോത്തംസമേതന്നിതുനിനക്കെ
ടോ * ത്വരിതംഗൃഹംപുക്കുസസുഖംവസിക്കനീ ദുരിതത്തിങ്കൽ
ബുദ്ധിചെന്നീടാല്ലിനിമേലിൽ * ഇസ്തോത്രംമഹാപുണ്യംപാപ
സഞ്ചയഹരം മൃത്യുനാശനംചൊല്ലുകിലായുസ്സുവദ്ധിച്ചീടും*നിത്യ
മിസ്തോത്രംചൊല്ലിയെന്നെസ്സേവിച്ചീടുന്ന മത്ത്യന്നുദീഗ്ഘായുരാ
രോഗ്യങ്ങളുണ്ടായ്വരും * അത്യന്തംരഹസ്യമായെന്നുപിന്നെയും
കേൾനീ ശുദ്ധനായെൻനാൾതോറുംപിറന്നാൾതോറുംതഥാ *
ഭക്തിയോടിസ്തോത്രത്താൽസ്തുതിച്ചീടുന്നാകിലോ. മുക്തരോഗ
നായ്ദീഗ്ഘായുഷ്യവുംസിദ്ധിച്ചീടും * വംശത്തില്പോലുമപമൃത്യു
വുണ്ടാകയില്ലാ സംശയമില്ലിസ്തോത്രംചൊല്ലിക്കേൾപ്പിക്കുന്നവ
ൻ * പ്രാപിക്കുംശതായുഷ്യം നൂനമെന്നറിഞ്ഞാലും ശോഭിക്കും
ഭോഗസമ്പത്തെന്നുഞാൻചൊല്ലേണമോ * അന്തകൻതന്നോ
ടപ്പോളന്തണൻചോദ്യംചെയ്താനെന്തൊരുപുണ്യംകൊണ്ടു ദീ
ഗ്ഘായുസ്സാശ്ശുന്നുഞാൻ * എന്തൊരുമഹാപാപഫലത്തുവാലായു

ന്നാശം ബന്ധിച്ചുവന്നതെന്നുമരുളിച്ചെയ്തീടേണം * ജന്തുക്കൾ
ചെയ്യുന്നോരുപുണ്യപാപങ്ങളെല്ലാം നിന്തിരുവടിയറിയാതെ
യില്ലൊന്നുമോൎത്താൽ * ചിന്തിച്ചുധൎമ്മരാജൻചൊല്ലിനാൻദീ
ൎഘായുഷ്യം സന്ധിച്ചുവന്നമൂലംകേട്ടുകൊണ്ടാലുംഭവാൻ * കഴി
ഞ്ഞജന്മത്തിലൊരതിഥിരോഗംകൊണ്ടു കുഴഞ്ഞുകാലുംകയ്യുംവ
ലഞ്ഞോരവൻതന്നിൽ * അഴിഞ്ഞമനസ്സോടുമന്നപാനൌഷ
ധങ്ങൾ മുഴിഞ്ഞീടാതവണ്ണംനല്ലുരക്ഷിക്കയാലേ * തഴഞ്ഞപു
ണ്യംകൊണ്ടുദീൎഘായുസ്സുണ്ടായതു മൊഴിഞ്ഞുനിത്യകൃത്യമഖ്യ
മാമൌപാസനം * കിഴിഞ്ഞഹോരാന്നവുമഭക്ഷ്യവസ്തുക്കളുംചുഴിഞ്ഞു
ഭുജിക്കയാലായുൎന്നാശവുംതഥാ * ആകയാൽസദാചാരമാച
രിച്ചാലുംഭവാ നാകുലമുണ്ടായ്വരാധൎമ്മിഷ്ഠക്കൊരുനാളും * ഏക
മാമിഃ സ്തോത്രത്താൽസ്തുതിച്ചനളൻമുന്ന മേകച്ഛത്രാധിപത്യം
പ്രാപിച്ചാൻമഹാരാജൻ * ലോകങ്ങൾമൂന്നുംജയിച്ചനഘംദീ
ൎഘായുസ്സും ശോകാദിഹീനമനുഭവിച്ചാനറിഞ്ഞാലും * ആകാ
തപോവിഷ്ണുമാരഫലംഭുജിച്ചീടും സാകൂതംസാധുക്കളോസൽഫ
ലമതുപോലെ * എട്ടാണ്ടുചെന്നനാരീഗൌരിയെന്നറിഞ്ഞാലും
പെട്ടെന്നൊമ്പതാംവൎഷത്തിന്നുരോഹിണിയെല്ലോ * മട്ടോലും
മൊഴിപത്തുവയസ്സാമവൾകന്യാ വിഷ്ടപേപതിനൊന്നുമാകി
ലോരജസ്വലാ * ഗൌരിയെക്കൊടുപ്പവൻനാകത്തെഗ്ഗമിച്ചീടും
സൈപരംരോഹിണീദാതാവൈകുണ്ഠേവസിപ്പതു * ചേരുംകന്യ
കാപ്രദൻബ്രഹ്മലോകവുംതഥാ രൌരവംരജസ്വലാപ്രദനുംലഭി
ച്ചീടും * ധൂപാൎത്ഥംഗുൽഗുലപാദിദീപത്തിന്നായിഘൃതം ശ്രീപ
തിനിവേദ്യത്തിന്നായിത്തണ്ഡുലംതഥാ * ദ്വിജന്നുവൈശ്വദേ
വത്തിന്നായുംനൽകീടുന്ന സുജനംസ്വൎഗ്ഗലോകംഗമിക്കുന്നവര
ല്ലോ * ജ്ഞാനശാസ്ത്രത്തെച്ചൊല്ലുന്നവരെവിശേഷിച്ചും മാന
സശുദ്ധിയോടുംദ്രവ്യവസ്ത്രാദ്യങ്ങളാൽ * സല്ക്കരിപ്പവർകളുംധൂ
പദീപാദിപാത്രം മുഖ്യവൈദികന്മാൎക്കുദാനംചെയ്തീടുന്നോരും *
പുരുഷോത്തമനുചാൎത്തീടുവാൻവസ്ത്രദാനം പരിചിൽചെയ്യു
ന്നോരുംസ്വൎഗ്ഗകാമികളല്ലോ * കാൎത്തികതുലാമാഘവൈശാ

ഖമാസങ്ങളിൽ തീർത്ഥസ്നാനത്തെക്കാലംപാർത്തുചെയ്യുന്നോർക
ളും * കീർത്തിക്കുംപുരാണത്തിലാസ്തികബുദ്ധിയോടും ശ്രോത്ര
ങ്ങൾകളുക്ക്വേപേർത്തുകേൾക്കുന്നോർകളും * സ്വർഗ്ഗത്തിൽസു
ഖിച്ചുവാണീടുമെന്നറിഞ്ഞാലും ദുർഗ്ഗതികളാമവർതമ്മെയുംകേ
ട്ടാലുംനീ * ചിരിച്ചുപിരിച്ചുചെയ്യുന്നദുഷ്കർമ്മഫലം കരഞ്ഞുകര
ഞ്ഞനുഭവിക്കുംപാപിഷ്ഠന്മാർ * പ്രാതഃസ്നാനവുമൌപാസനവും
വെടിഞ്ഞോരുംപ്രീതരായ്നിഃവദിയാതന്നത്തെബ്ഭുജിപ്പോരും
ശ്രോതവ്യപുരാണത്തിൽനാസ്തികന്മാരുമഭിപ്രേതമാം പരാർത്ഥ
ത്തെക്കെടുക്കുന്നവർകളും * ധൂപദീപാദിമണിനാദവുംതുളസി
യും ശ്രീപതിപൂജയിങ്കൽവർജ്ജിക്കുംജനങ്ങളും * എരുക്കമ്പലാ
ശവുമാവണക്കിലകളിലരുക്കുംപുഷ്പത്തുമ്മസ്യാദിയെയെടുപ്പോരും*
മജ്ജനംചെയ്യാതന്നമശിക്കുന്നവർകളും സജ്ജനംനിഷേധിച്ചി
ട്ടുള്ളവാസരങ്ങളിൽ * കാമസായകമേറ്റുകാമിനീജനത്തിന്റെ
വാർമുലപുൽകുന്നോരുംനരകംപ്രാപിച്ചിടും * ദീപ്രാഗ്നിഹീനൻ
തന്റെയന്നത്തെബ്ഭുജിപ്പോരും സ്ത്രീപ്രജയോടുമേകപാത്രത്തി
ൽഭുജിപ്പോരും * ഇപ്രകാരമെയകർത്തവ്യദുഷ്കർമ്മംചെയ്യും വിപ്ര
ന്മാരെല്ലാവരുംനരകംപ്രാപിച്ചീടും * അത്തിനൽകുന്നപാപം
പാത്തോളമേറ്റമുണ്ടു ശാസ്ത്രതത്വാർത്ഥങ്ങളെപ്പാർത്തുകർത്തവ്യ
മെല്ലാം * പാർത്തലത്തിങ്കലേവമോർത്തീടാതോരോവിധം ധൂർത്ത
കർമ്മങ്ങൾചെയ്കിൽനരകംപ്രാപിച്ചീടും * ധാത്രിയിൽസ്സുജ
നംപേർത്തുദുഃഖിച്ചീടുന്നു ധാത്രീനിർജ്ജരഭവാൻത്വരിതംഗമിച്ചാ
ലും * ഇത്തരംചൊല്ലിസ്സമവർത്തിയുമയച്ചിതു സത്വരംദൂതരോ
ടുംനത്വാഭൂസുരൻതാനും * വപ്പുത്തെപ്രാപിച്ചുടൻസ്വസ്ഥനായു
ണർന്നപോലത്യർത്ഥംമൂരിനിവർന്നുത്ഥാനംചെയ്തനേരം * ഉത്ത
മസുശീലയുംമുക്തസന്തോഷബാഷ്പം ഭർത്താവെനോക്കിനോക്കി
പ്പുണർന്നുഗാഢംഗാഢം * ശ്രാദ്ധദേവന്റെലോകവാർത്തയെ
ച്ചോദിച്ചിതു ധാത്രീദേവനുംപരമാർത്ഥത്തെയറിയിച്ചാൻ * മി
ത്രപുത്രന്റെവൃത്തംചിത്രഗുപ്തോക്തങ്ങളും മിത്രകൃത്യത്തെച്ചെ
യ്തോരശപഥവൃത്താന്തവും * വ്യക്തമായിക്കേട്ടുനിസ്തുല്യാന

ന്ദാംബുധി മദ്ധ്യത്തിൽമുങ്ങിമുങ്ങിമത്തകാശിനീരത്നം * പ്രത്യ
ഹംമുദാനിജഭൎത്തൃശുശ്രൂഷയുംചെയ്തത്യന്തംകണവനു പഥ്യ
ത്തെവരുത്തുവാൻ * ഭക്തിയോടശ്വത്ഥപാദപസേവയുംചെ
യ്തു ശുദ്ധചേതസാമരുദ്വൃധയിൽസ്നാനംചെയ്തു * നിത്യദാനസൌ
ഖ്യവുംപൂണ്ടുപലനാൾവാണശേഷം മിത്ഥ്യാകല്പിതമായഗാത്ര
ത്തിന്നാശകാലേ * ഭൎത്തൃശുശ്രൂഷാമുഖ്യസോപാനമാൎഗ്ഗത്തൂടേ
സാദ്ധ്വിയാം സുശീലയുംദിവ്യയാനാരൂഢയായ് * സിദ്ധദേവാ
ദ്യന്മാരാൽസ്തുതയായ്ബ്രഹ്മലോകം ബദ്ധസമ്മദംപ്രാപിച്ചീടി
നാളറിഞ്ഞാലും * ഇത്ഥമിസ്സുശീലോപാഖ്യാനത്തെച്ചൊല്ലീടി
ലും ഭക്ത്യാകേൾക്കിലുംശതവത്സരമായുസ്സുണ്ടാം * ഒമ്പതുകഴി
ഞ്ഞിതദ്ധ്യായവുമിനിമേലുമമ്പോടുചൊല്ലാം കേട്ടുകൊള്ളുവിനെ
ല്ലാവരും *

---

## ദശമോദ്ധ്യായഃ — പ്രാരംഭഃ

---

പിന്നെയുംശ്രീനാരദനരുളിച്ചെയ്തീടിനാൻ തന്വംഗിസ
ത്യലോകംപ്രാപിച്ചോരനന്തരം * ഖിന്നനായ്ബ്രഹ്മശൎമ്മാചെ
രുതുകാലംഗൃഹം തന്നിലേജീവന്മൃതനായ്മേവുന്നാളേകദാ *
ചോരരുംദ്രവ്യമെല്ലാംമോഷ്ടിച്ചുകൊണ്ടുപോയാർ ദാരിദ്ര്യംകൊ
ണ്ടുപെടാഹംപൂണ്ടുവലഞ്ഞവൻ * ഘോരമാംരാജയക്ഷ്മവ്യാ
ധിയുംപിടിപെട്ടു പാരമാതുരനായിപുത്രരുംത്യജിക്കയാൽ* പി
ന്നെയുംദുൎഭോജനംചെയ്തുസഞ്ചരിച്ചിതു മുന്നമാൎക്കുമേയുപകാര
ത്തെച്ചെയ്യായ്കയാൽ * തന്നുടെബന്ധുക്കളുംത്യജിച്ചാരസൂയയാ
ലന്യരുംപാരംപരിഹസിച്ചുനിന്ദിച്ചീടും * പൎയ്യുഷിതോച്ഛിഷ്ട
സ്ത്രീശൂദ്രശേഷാദ്യന്നങ്ങളും മൎയ്യാദാഹീനംഭുജിച്ചാചാരവിഹീനനാ
യ് * കുളിച്ചുഭക്ഷിക്കയുമില്ലഹാഹേതിമുറ വിളിച്ചുമഹാവ്യാധി
പീഡിതനാകയാലേ * ദുഷ്കൎമ്മപാശംകൊണ്ടുകെട്ടുപെട്ടുഴന്നെ
ങ്ങും പുഷ്കലംസുശീലയാബോധിതംപുണ്യസ്തവം * മറന്നുദുരാ

ചാരദുഷ്ടസംസർഗ്ഗത്തിനാൽ നിറഞ്ഞതമൌഢ്യനഷ്ടിനാഗ്നിയാം
വിപ്രാധമൻ * ഒരുനാളൊരുഗൃഹസ്ഥൻതന്റെഗൃഹത്തിങ്കൽ
തരസാമദ്ധ്യാഹ്നത്തിൽചെന്നിതുവിവശനായ് * വൈശ്വദേ
വവുംചെയ്തുവീഥിയിൽനോക്കുമന്നേരം വിശ്വനിന്ദിതനായോരിവ
നെക്കണ്ടുവിപ്രൻ * ആതിഥ്യംചെയ്തീടിനാൻതന്നുടെവേശ്മ
ത്തിങ്കൽ സാധുത്വംഭാവിച്ചവൻഭുജിച്ചുവസിക്കുമ്പോൾ * സ്വാ
ദ്ധ്യായംചെയ്തീടിനാൻതന്നുടെവൈദുഷ്യത്തെ ബോദ്ധ്യമാക്കീടേ
ണമീഗൃഹസ്ഥന്നെന്നബുദ്ധ്യാ * അവനുംവൃദ്ധൻസർവ്വശാസ്ത്ര
ജ്ഞനിവനെന്നു ഭവനത്തിങ്കൽബഹുമാനത്തോടിരുത്തിനാൻ *
ഗൃഹസ്ഥൻസൂതകസ്പൃക്കായപ്പോളന്യത്രപോയ് രഹസ്സിൽഭു
ജിച്ചിഹദേവതാർച്ചനംചെയ്താൻ * ദുരിതാധിക്യത്താലംമരിച്ചു
നരകങ്ങൾ പെരികെണ്ടുഭുജിച്ചനന്തരംമൂന്നോളവും * വൃശ്ചി
കാദികൾപീഡിപ്പിച്ചോരനന്തരമച്ചോപോയിതുമലം ഭുജി
ച്ചുസദാകാലം * ദേവതാർച്ചനദോഷാൽപിന്നെയുംയവനനായ്
ഭുവിങ്കൽതുലുഷ്കനായീടിനാനഞ്ചുജന്മം * ഒട്ടകമായാൻവഹ്നി
ത്യാഗംചെയ്കയാൽപിന്നെപ്പെട്ടന്നുപന്നിയായി ശ്രീമുഷ്ണാരണ്യ
ദേശേ*മലവുമണിഞ്ഞവൻമരുവുംകാലം വൃദ്ധാചലവാസിയാം
ദീക്ഷനാത്രേയഗോത്രോത്ഭവൻ *പത്മപത്രാക്ഷൻശ്രീപഞ്ചാ
ക്ഷരജപശീലൻ പത്മഗർഭാഖ്യൻപഞ്ചയജ്ഞതല്പരൻദാന്തൻ*
മജ്ജനദേയനിഷ്ഠൻനിത്യഷൾകർമ്മരതൻസജ്ജനശ്രേഷ്ഠൻജപ
സ്വാദ്ധ്യായനിഷ്ഠൻയോഗി * രാമായണാദ്യങ്ങളുംവൈഷ്ണവ
പുരാണങ്ങളുമാമോദപൂർവ്വംപഠിച്ചീടുന്നമഹാഭാഗൻ * ശ്രീരാമ
സഹസ്രനാമംനിത്യംപഠിപ്പവൻ സാരമാംഷഡക്ഷരജാപകൻ
ദ്വന്ദ്വസഹൻ * ഗൃഹസ്ഥാചാരങ്ങളുമൊക്കവേയറിഞ്ഞവൻ
മഹത്വംചേർന്നശിവശിവയെന്നത്യുച്ചത്തിൽ * ഉച്ചരിച്ചീടുംമ
ഹാബ്രാഹ്മണരോടുംചേർന്നു സ്വച്ഛമാനസൻതുലാകാവേരീസ്നാ
നത്തിനായ് * സദ്മത്തിൽനിന്നുചെന്നുവഴിയിലർദ്ധരാത്രേ പ
ത്മഗർഭനുമരുണോദയസ്നാനത്തിനായ് * അന്നേരംകാറ്റുംമിന്ന
ലിടിയുംമഴക്കാറും വന്നിതുകൂരിരുട്ടുംമഴയുംമഹാഘോരം * വഴി

സ്യുംകാട്ടുംകുന്നുംകുഴിയുംതിരിയാത്തു മഴയുംകൊണ്ടുപാരമുഴല്യം
ദശാന്തരേ * ഘോണിയുംകൂട്ടുണ്ണയാംക്ഷോണിയേയാഘ്രാണി
ച്ചും ഘോണയാക്ഷോണീതലംപിളൎന്നുപിളൎന്നുടൻ * മുത്തങ്ങ
ഭക്ഷിച്ചിട്ടുംമത്തനായ്ദേഹംകുടഞ്ഞുദ്ധൂതമഹാരോമം പുനരുല്ല
തിച്ചിട്ടു * ഘൎഗ്ഘരാരവങ്ങളാംനഖരങ്ങളെക്കൊണ്ടു മുഷ്കരൻര
സാതലംപ്രോല്ലിഖൻമുഹുൎമ്മുഹുഃ * പദ്ധതിമദ്ധ്യേവന്നുഘൎഗ്ഘ
രാരവത്തോടും ബദ്ധസാദ്ധ്വസംദ്രവിച്ചീടിനാരെല്ലാവരും * ധ
ൎമ്മരാജൻറമഹാമഹിഷമെന്നപോലെ വന്മദംപൂണ്ടപോത്രി
പിന്തുടൎന്നെത്തീടിനാൻ * വടക്കോട്ടോടിപ്പോയാരെല്ലാരുംപ
ത്മഗൎഭം തെരിക്കെന്നവ്വണ്ണമേതെകോട്ടുംപ്രാണഭീത്യാ * പത്മ
ഗൎഭനെയാട്ടിപ്പായിച്ചുമഹാകോലം പത്മസംഭവൻതൻറകൌ
ശലംചിത്രംചിത്രം * കാവേരീതീരേചെന്നുചാടിനാരുഷക്ക
മ്പോൾ ദേവദാസിയാമൊരുതരുണീതദന്തരേ * അരുണോദ
യത്തിങ്കൽസ്നാനവുംചെയ്തുകചഭരവും കുടഞ്ഞുലൎത്തീടുമ്പോളൊ
രുകണം * ഗിരിയൊന്നിളകിവന്നീടുന്നപോലേവരും കിരിത
ന്നുടെമെയ്യിൽതെറിച്ചുദൈവയോഗാൽ * അപ്പൊഴേമഹാപാ
പമെപ്പേരുംനശിച്ചുപോ യൽഭുതമഹാപുണ്യസഞ്ചയവിശുദ്ധ
നായ് * അശ്വത്ഥനിഷേവണംശിവപൂജയുംപണ്ടു വിശ്വാസ
ത്തോടുചെയ്തഫലത്തിൻപ്രഭാവത്താൽ * പന്നിരൂപവുംവേറി
ട്ടുന്നേരംവിമാനത്തിൽ സുന്ദരാകാരനായധന്യനെക്കാണായ്വ
ന്നു * ദിവ്യവസ്ത്രാലംകാരഗന്ധമാല്യാനുലേപഭവ്യവേഷനായ്
ബാലമാൎത്താണ്ഡതേജസ്സോടും * മിന്നൽപോൽവിളങ്ങുന്നക
ന്നൽനേൎമിഴിതൻറ യുന്നതകുചകുംഭപരിരംഭണത്തോടും *
മജ്ജനത്തിന്നുവന്നുകാവേരീതീരേമേവും സജ്ജനമെല്ലാവരുംക
ണ്ടുകൌതുകംപൂണ്ടാർ * പത്മഗൎഭനുംഭയംവേറിട്ടുദിവ്യയാന
സത്മഗനായപുമാൻതന്നോടുചോദ്യംചെയ്താൻ * ആരഹോഭ
വാൻ ദേവസങ്കാശതേജസ്വിയായാരൂഢവിമാനനായ്വന്നതാകാ
ശദേശേ * എന്തൊരുപാപംകൊണ്ടുസൂകരമായിമുന്ന മെന്തുപു
ണ്യംകൊണ്ടിന്നുമുക്തനായ്ഭവിച്ചതും * എന്നതുകേട്ടുചൊന്നാ

ൻദിവ്യനും കാവേരിതൻ ധന്യമാഹാത്മ്യം ചിന്തിച്ചുള്ളിലത്ഭുതത്തോടും * മുന്നം ഞാൻ ബഹുധാന്യഗ്രാമത്തിൽ ബ്രഹ്മശർമ്മാവെന്നൊരു വിപ്രൻ നിത്യകർമ്മത്തെച്ചെയ്തീടാതെ * നിത്യവും ദുർഭോജനം ചെയ്തുള്ള പാപത്തിനാലത്യുഗ്രനരകങ്ങൾ ഭുജിച്ചേനനേകാനാൾ * യവനജന്മമഞ്ചു മുഷ്ടമായൊരു ജന്മം ഭുവനേഭ്രദാരമായ് നടന്നേൻ നൂറു വർഷം * ശിവപൂജനപ്രഭാവം കൊണ്ടു നിന്നെക്കാണ്മാനവകാശം വന്നിതെന്നറിക മഹാമുനേ * പണ്ടു കാവേരീസ്നാനം കൊണ്ടുള്ള പുണ്യത്തിനാലുണ്ടായിതിവിടേക്കു വരുവാനുള്ള ബന്ധം * സംഹാരം ചെയ്തീടേണം നിന്നെയെന്നോർത്തു ദേപാലംഹോനാശിനിയായ കാവേരീതീരം പുക്കേൻ * കുളിച്ചിട്ടാശു മുടിയുലത്തുന്നതിൽനിന്നു കുളുത്തജലവിന്ദുക്കമനിയിൽത്തെറിക്കയാൽ * സങ്കടവിശങ്കടക്കടലും കടന്നിഹ വൻകിടിദേഹവും വിട്ടിങ്ങിനെയായീടിനേൻ * പങ്കജേക്ഷണാ തുലാകാവേരീസ്നാനം ചെയ്ത മങ്കയാലിന്നു കൃതാർത്ഥാത്മാവായ്വന്നു ഞാനും * പാപങ്ങൾ ഭവാനെക്കണ്ടപ്പോഴേ നശിച്ചിതു താപസദയാനിധേ നമസ്തേ നമോസ്തുതേ * ഇത്തരം സ്തുതി ചെയ്തു വലത്തുവെച്ചു വന്ദിച്ചുത്തമൻ പത്മഗർഭാനുജ്ഞയും വാങ്ങിക്കൊണ്ടു * ദാസിയെപ്പലവിധം പ്രശംസിച്ചവൻ ചെന്നു ഭാസുരം സ്വർഗ്ഗലോകം പ്രാപിച്ചാനറിഞ്ഞാലും * അവിടെക്കണ്ടു നിന്നോരവനീസുരാദികളവരെല്ലാരും മങ്ങദൃധയെ പ്രശംസിച്ചാർ * അഹസ്സിൻമുഖേ തുലാകാവേരീസ്നാനത്തിൻറെ മഹത്വം കൊണ്ടെല്ലാരും മജ്ജനം ചെയ്തീടിനാർ * പത്മഗർഭനും പിന്നെക്കാവേരീജലം തന്നിൽ പത്മബാന്ധവനുദിക്കും മുമ്പേ കുളിച്ചുത്തു * ഗായത്രി ജപിച്ചിരിക്കുന്നേരം ദ്വിജന്മാരുമായത്തനായ മഹാഭാഗനോടപേക്ഷിച്ചാർ * സർവ്വധർമ്മജ്ഞ ദയാവാരിധേ മഹാമതേ സർവ്വശാസ്ത്രജ്ഞ വിഭോ ഭഗവൻ പ്രസീദനഃ * ഇങ്ങിനെയുള്ള മഹാത്മാക്കളോടുണ്ടാകുന്ന സംഗമോ മോക്ഷത്തിനു മൂലമെന്നല്ലോ ചൊല്ലു * ഞങ്ങൾക്കു കാവേരീമാഹാത്മ്യവും തുലാമാസമംഗലമാഹാത്മ്യവും സ്നാനത്തിൻ വിധാനവും * ദേയമെന്തെന്നും

ദൈവമേതെന്നുംനിയമവും ധ്യേയമെന്തെന്നുമെല്ലാമരുളിച്ചെയ്തീ
ടേണം * ശരണാഗതന്മാരാംഞങ്ങളെപ്പാപംനീക്കി മരണഭയ
ത്തിൽനിന്നുദ്ധരിച്ചിടേണമേ * കേവലംവേശ്യാകേശജലസി
ക്തമാംകോലം ദേവലോകത്തെപ്രാപിച്ചീടിനാനെല്ലോവിഭോ *
ആകയാൽകാവേരജാമാഹാത്മ്യംവിസ്തരിച്ചിന്നാകുലം നീങ്ങുമാ
റുഞങ്ങളെക്കേൾപ്പിക്കേണം * ഈവണ്ണംകേട്ടുപത്മഗർഭനമവർ
കളെസ്സാവധാനമേ ചൊല്ലിക്കേൾപ്പിച്ചാനെല്ലാരേയും * പര
മാനന്ദംപൂണ്ടുകേട്ടവരെല്ലാമനവരതംകാവേരിയിൽ സ്നാനതല്പര
രായാർ * വേദാധികാരമില്ലാതവൎക്കും വർണ്ണാശ്രമഭേദമുള്ളവർ
കൾക്കുംസ്ത്രീകൾക്കുംവിശേഷിച്ചും * എന്നല്ലാസമസ്തപ്രാണിക
ൾക്കുംജ്ഞാനമുണ്ടാമനഘം ഭക്തിയോടുകേൾക്കിലിക്കഥാസാ
രം * രണ്ടുനാഴികയൊരുനാഴികയെന്നാകിലും കുന്നതവേറിട്ടി
തുകേൾക്കുന്നജനങ്ങൾക്ക * നരകമുണ്ടാകയില്ലെന്നുമേഹരിനാ
മസ്മരണംകീർത്തനവുംസൽക്കഥാശ്രവണവും * ജനനമരണദു
ർവ്യാധിക്കുമഹിയിങ്കൽ മനുജൎക്കിതുതന്നേദിവ്യമാംമഹൌഷധം *
ബാലനെന്നാലുംയുവാദരിദ്രൻവൃദ്ധൻമഹിമാലയൻ ധരാന്ദസ
നെന്നാകിലുംപുരാണജ്ഞൻ * വന്ദ്യനെത്രയുംപുണ്യാപേക്ഷയു
ള്ളവൎക്കെല്ലാം നിന്ദിച്ചീടരുതെന്നുംസല്ക്കരിക്കേണംസദാ * വ്യാ
സപീഠത്തിലിരുന്നീടുന്നപൌരാണികനാസമാപനംനമിച്ചീടേ
ണ്ടവരാരെയും * ദുർജ്ജനങ്ങളുംദുർജ്ജന്തുക്കളുമുള്ളേടത്തും ,വ
ർജ്ജ്യമാകുന്നാമൃതുപൊരുത്തുന്നവിടെയും * പണ്ഡിതന്മാരാമവ
ർമരുംഭൂസ്ഥലങ്ങളിൽ പുണ്യസൽക്കഥപഠിച്ചീടരുതൊരുനാളും *
സൽഗ്രാമേദേവാലയേസത്സഭാമദ്ധ്യേമഠേ സൽക്കഥപഠിച്ചുകേ
ൾപ്പിക്കേണംബുധജനം * ശ്രദ്ധാഭക്തികൾപൂണ്ടുമറ്റൊന്നു
മോൎത്തിടാതെ ശുദ്ധരായ്കേൾക്കുന്നാകിൽസുകൃതംവർദ്ധിച്ചീടും *
വേദത്തിൽപുംസൂക്തവുംഭാരതത്തിങ്കൽഗീതാ വ്രതത്തിലേകാദ
ശീമന്ത്രത്തിൽഗായത്രിയും * സ്നാനത്തിൽതുലാമാസേശ്രീരംഗ
സന്നിധാനേ മാനസശുദ്ധിയോടുംകാവേരിസ്നാനമത്രേ * എത്ര
യുംമഹാമൂല്യമെന്നത്രേ ശതപത്രപുത്രവൃത്രാരിദേവമുനിസമ്മതമ

ല്ലോ * സ്മൃത്യുക്തംപോലെരാജ്യംപാലിക്കുന്നതേക്കാളുമത്യാ
നദേവാലയംമാവുമഗ്രഹാരം * സദ്യോനിർമ്മിച്ചുരക്ഷിക്കുന്ന
തെക്കാളുമേററ മുത്തമംതുലാസ്നാനമാംതാനുമെല്ലാവക്കും * ഈ
വണ്ണംതുലാസ്നാനംചെയ്തുമാസാന്തത്തിങ്ക ലാംവണ്ണമന്നദാനം
ചെയ്യേണംബ്രാഹ്മണക്കും * ദ്വാദശീദിനത്തിങ്കലായിരംവിപ്ര
ന്മാക്ക സാദരംമൃഷ്ടാന്നമായ്പായസംനൽകീടേണം * മാഘ
മാംമാസേരഥസപ്തമിദിനത്തിലും ശ്ലാഘനീയമാംവൈശാഖത്തി
ൽപൂൎണ്ണിമയിലും * ആയിരത്തെട്ടുനൂറെറട്ടാകിലുംവിപ്രന്മാക്ക
പായസംനല്കീടേണംശക്തിക്കുതക്കവണ്ണം * കുളിച്ചുമാഹാത്മ്യ
വുംകേട്ടുമാസാന്തേമന്നം കുളുക്കമാറുപൌരാണികനെപ്പൂജിക്കേ
ണം * ദ്വാദശ്യാംതുലാമാസേസഹ്യജാസ്നാനംചെയ്തു മോദേന
പരമാന്നംവിപ്രക്കകൊടുക്കിലോ * വന്ധ്യയാംനാരിക്കുസത്സ
ന്തതിയുണ്ടായ്വരും സന്തതമാത്മജ്ഞാനംസന്ധിക്കുംവിധവക്കും *
താംബൂലാദികൾവെച്ചുപൂജിച്ചുപുരാണത്തെസ്സാമോദം കേൾ
ക്കിലില്ലാപാപവുംദാരിദ്ര്യവും * മാഹാത്മ്യംപഠിപ്പതിനിടഹി
ൽപോകുന്നവൻ ഗേഹത്തിൽസുഖംവസിച്ചീടുന്നകാലത്തിങ്ക
ൽ * ആഹന്തധനധാന്യക്ഷേത്രാദിസമ്പത്തുകൾ മോഹനാം
ഗിയാംനിജജായയുംനശിച്ചുപോം * തലയിലുഷ്ണീഷാദികെട്ടി
ക്കെട്ടിടുന്നോരു ഖലനാംനരാധമനസൂതനായ്വന്നീടും * താംബൂ
ലംതിന്നീടുകിൽനായായ്വിഷ്ഠയുംതിന്നുമാണ്മയോടുയരത്തു വസി
ക്കിൽബലിഭുക്കാം * വീരാസനസ്ഥനാകിൽമരുതുമരമാകും ധീ
രനായ്വണങ്ങാഞ്ഞാൽവിഷവൃക്ഷതാംവരും * കിടന്നുകേൾക്കു
ന്നവൻപെരുമ്പാമ്പായുംവരുമുടനുത്തരംചൊല്ലുകിൽ ഖരമായോ
ന്തായീടും * ഒന്നുമേകേളാഞ്ഞിരേലാകാട്ടുസൂകരമാകും നിന്ദ്യമുഷ്
നിയാകുംകഥക്കുവിഘ്നംചെയ്കിൽ * കഥയെയനുമോദിക്കുന്നവ
ൻകേളാഞ്ഞിലും പ്രഥിതംപരംപദംശാശ്വതംലഭിച്ചീടും * സ
ല്കഥാപഠിച്ചുകേൾപ്പിക്കുന്നമഹാഭാഗൻ സൽകൃതനായിബ്രഹ്മ
പദത്തെപ്രാപിച്ചീടും * ഇരിപ്പാൻപീഠംരത്നകംബളംഫലക
യും വിരിപ്പാൻവസ്ത്രംപുരാണജ്ഞനുദാനംചെയ്കിൽ * ഇഷ്ട

ലോകങ്ങളെല്ലാംപ്രാപിച്ചുസത്യലോകം പുഷ്ടമോദേനഗമിച്ചീടു മെന്നറിഞ്ഞാലും * പതിതനെന്നാകിലുമൊരിക്കാലുഷസ്സിങ്ക ലതിവിഖ്യാതംതുലാകാവേരിസ്നാനംചെയ്കിൽ * വൈകുണ്ഠൻ തൻെറകാരുണ്യാമൃതബലത്തിനാൽ വൈകുണ്ഠലോകത്തിങ്കൽ പൂജ്യനായ്വന്നുകൂടും * ദിവ്യമാംഹരികഥാശ്ലോകമൊന്നെന്നാ കിലുമവ്യാജംകേൾക്കിൽപാപംനശിക്കും നിസ്സംശയം * കാ വേരിജലത്തിങ്കൽകേവലസ്നാനംകൊണ്ടേ കൈവരുമേഴുജന്മ ത്തിങ്കലേപാപനാശം * നിയമാന്വിതമെങ്കിൽരണ്ടിലുമേഴുവം ശം സഹായമുദ്ധൃത്യഹരിപദത്തെപ്രാപിച്ചീടും * വിത്തശാഠ്യം ചെയ്യാതെശക്തിക്കുതക്കവണ്ണം ഭക്തിസംയുതംകഥാവക്താവെ പ്പൂജിക്കയും * ദാനവുംകാവേരിയിൽസ്നാനവുംമാഹാത്മ്യത്തെ സ്സന്തതം ശ്രവിക്കയുംചെയ്യുംമാനുഷരെല്ലാം * കന്മഷമാകനീ ങ്ങിവെണ്മയിൽസ്വർഗ്ഗലോകേ സമ്മദംപൂണ്ടുവാഴുമുണ്മയെന്ന റിഞ്ഞാലും * പുത്രാർത്ഥിക്കുടൻനല്ലപുത്രന്മാരുളായിടുമർത്ഥാ ർത്ഥിയെന്നാലവന്നർത്ഥവുംവർദ്ധിച്ചീടും * ആയുഷ്യാർത്ഥിക്കുദീർഘ മാനസ്സുംലഭിച്ചീടും സഹായത്തമായതുലാകാവേരിസ്നാനത്തിനാ ൽ * ഇംഗിതജ്ഞന്മാരായനിങ്ങളിന്നെല്ലാവരും മംഗലപ്രദമി തുഭംഗിയിൽകേട്ടുകൊൾവിൻ * ഉത്തരാദ്ധ്യായവുംചൊന്നേനി നിയുംകേൾപ്പാനുള്ളിൽ ഭക്തിശ്രദ്ധകളുണ്ടെല്ലാക്കുമെങ്കിലോ ചൊല്ലാം *

---

## ഏകാദശാദ്ധ്യായഃ- പ്രാരംഭഃ

പത്മജാത്മജൻമുനിപിന്നെയുമരുൾചെയ്താൻ പത്മബാ ന്ധവസുതനന്ദനമഹാമതേ * പത്മഗർഭോക്തംതുലാകാവേരി മാഹാത്മ്യത്തെപ്പത്മാക്ഷഭക്തപ്രിയകേട്ടാലുംതെളിഞ്ഞുനീ * തൌലികാവേരീസ്നാനംചെയ്കിൽകന്മഷംനീങ്ങി മാലോകരെ ല്ലാവരുംവൈകുണ്ഠംഗമിച്ചീടും * കാവേരിജലേതുലാമാസത്തി

ൽസ്നാനംചെയ്തു കാവേരീതീരേനൈപാൽശക്കരപകപാനപി
തം * കാവേരിജലംകൊണ്ടുചമച്ചപരമാന്നം പാവനംനാനാര
സശാകസംയുക്തംമുദാ* ദാനംചെയ്കിലോനൂറുവംശത്തെസ്സമുദ്ധ
രിച്ചാനന്ദത്തോടുമിഷ്ടാത്ഥങ്ങളുംഭോഗങ്ങളും * സാധിച്ചശിവ
ലോകേ പൂജ്യന്മാരായ്യന്നീടുംബോധിച്ചീടുകയിന്നും സ്നാനംചെ
യ്തനന്തരം * രിക്തനായ്ക്കുടുംബിയായ്ശ്രോത്രിയനായവിപ്രസ
ത്തമൻതനിക്കുവസ്ത്രദ്വയംതാംബൂലവും * ദക്ഷിണയോടുകൂ
ടിക്കൊടുക്കിൽശിവലോകേ ദക്ഷനായ്വസിച്ചീടുംനൂറുവംശങ്ങ
ളോടും * ശങ്കരാലയേശുദ്ധിചെയ്തുദീപവുംവെക്കിൽ ശങ്കരപ
ദംതന്നേലഭിക്കുമെന്നുനൂനം * പുണ്യക്ഷേത്രത്തിൽചെന്നുശി
വദശ്നംചെയ്യും പണ്ഡിതൻതനിക്കുസായൂജ്യമേലഭിച്ചീടും *
ഫലവുംമൂലംശാകതണ്ഡുലാഷാഢമാഷതിലതാംബൂലമധുദധി
ക്ഷീരാജ്യാദിയും * തക്രവുംഗുളംവസ്ത്രംസപണ്ണവുംദരിദ്രനാമഗ്ര
ജന്മാവിന്നനുവാസരംകൊടുക്കിലോ * സമസ്തദാനഫലംസമ
സ്തയജ്ഞഫലംസമസ്തതീത്ഥസ്നാനഫലവുംവരുംനൂനം * എ
ന്തിന്നുബഹുവിധംചൊല്ലുന്നുദേവന്മാരും സന്തതംപുകഴ്ത്തുന്നുമ
ജ്ജനമാത്രംകൊണ്ടേ * മുക്തിദാതുലാമാസേകാവേരിയെന്നു
തന്മാഹാത്മ്യംകേൾപ്പുന്നോർജീവച്ഛവങ്ങളെന്നുനൂനം * ജന്മവൃ
മവക്ക്നിഷ്ഫലമെന്നേവമെല്ലാം ധമ്മങ്ങൾപരമഗഭ്ഭൻചൊല്ലി
ടുംദശാന്തരേ * തടത്തിന്നികടത്തിൽക്കുളിക്കുംവിപ്രൻതന്നെ
പ്പിടിച്ചുവിഴുങ്ങുവാനടുത്തുമുതലയും * പഠിക്കുംപുരാണത്തിൽ
കുടുക്കെന്നൊരുപദ്യംതടിച്ചനക്രശ്രുതിപുടത്തിൽശ്രവിച്ചിതു *
പ്രാതഃകാലത്തുതുലാമാസത്തിൽകാവേരിയിലാദരാലാരെന്നാ
ലുംമജ്ജനംചെയ്യുന്നാകിൽ* കമ്മപാശങ്ങളെല്ലാമുടനെനശിച്ചു
പോയ് ശമ്മണാവൈകുണ്ഠത്തിൽപൂജ്യനായ്വസിച്ചീടും * ശ്ലോ
കമൊന്നേവംകേട്ടനേരത്തുപാപബന്ധമാകവേവേറിട്ടനക്രതപ
വുംവെടിഞ്ഞുടൻ * ആകാശമാഗ്ഗേവസ്ത്രാഭരണസ്രഗ്ഗന്ധദീ
പ്താകാരത്തോടുംവിമാനത്തിന്മേല്ക്കാണായ്വന്നു * വിസ്മയംപൂ
ണ്ടുദിവ്യൻതന്നോടുപത്മഗഭ്ഭൻ സസ്മിതംചോദ്യംചെയ്താനേവ

മാരെടോഭവാൻ * ദേവനോപുനരുപദേവനോജനിച്ചതെങ്ങാ
വാസമെവിടെയെന്നെല്ലാമേ ചൊല്ലീടേണം * ഉത്തരംചൊ
ല്ലീടിനാൻദിവ്യനംപാഞ്ചാലമാം പത്തനംതന്നിൽമുന്നമുല്ലൂള
ഗ്രാമത്തിങ്കൽ * കണ്വഗോത്രജനായവിപ്രൻഞാൻസൂഷ്മബ
ന്ധുവെന്നെല്ലോനാമംശ്രുതിസ്മൃത്യാദിവിശാരദൻ * നിഷ്ഠുരൻ
നാസ്തികഭാഷിവിപ്രകണ്ടകൻശഠൻ ദുഷ്ടധിയാചകാത്ഥരോധി
നിർദ്ദയൻപാപൻ * അത്ഥത്തെദ്ദാസികൾക്കാഗായകന്മാക്കും
തഥാ നത്തകന്മാക്കുംകൊടുത്തീടിനേനന്മത്തനായ് * നിത്യ
കമ്മവുംതുലാസ്നാനാദ്യങ്ങളുമില്ലനിത്യവും ശിശ്നോദരപരനായ്പ്പോ
ഴംകാലം * കഥപിനെന്നൊരുവിപ്രൻദാരിദ്ര്യംകൊണ്ടുപാരം
വിഹ്വലനന്ന്യോടയാചിച്ചാൻയജ്ഞത്തിനായ് * കൊടുത്തീ
ടരുതെന്നുതടുത്തോനതുമൂലം പൊട്ടക്കെന്നായുഃക്ഷയംവന്നുരൌ
രവംപുക്കേൻ * പിന്നെയുംനക്രമായിജലത്തിൽജന്തുക്കളെ
ത്തിന്നുമേവിനേനിന്നുദ്വിജനെഗ്രസിപ്പാനായ് * അന്തികേവ
ന്നേനപ്പോൾനിന്തിരുവടിയുടെ ബന്ധുംമുഖാംബുജത്തിങ്കൽ
നിന്നൊരുപദ്യം * സന്തതംസുധാധാരാമധുരംശ്രവിച്ചതോബ
ന്ധവുംവേർപെട്ടുഞാനിവണ്ണമായീടിനേൻ * കാരുണ്യശീല
ന്മാരാംസത്തുക്കളീവണ്ണമേ കാരണാപേക്ഷയെന്നിപാപിഷ്ഠജ
നങ്ങളെ * ദശ്നമാത്രംകൊണ്ടുസംസാരംനീക്കിത്തപദശി
കളാക്കുന്നിതുലോകത്തിലെന്നുനൂനം * ശരണാഗതനായോ
രെന്നെരക്ഷിച്ചീടേണം ചരണാംബുജദ്വയംസന്തതംവണ
ങ്ങുന്നേൻ * എന്തൊരുപുണ്യംകൊണ്ടിന്നിനിക്കുമഹാത്മാ
വാം നിന്തിരുവടിയുടെദശ്നംലഭിച്ചതും * മാഹാത്മ്യം
കേട്ടീടുവാൻസംഗതിയുണ്ടായതും മാഹാത്മ്യവാരാന്നിധേയ
രുളിച്ചെയ്തീടേണം * ദിവ്യപൂരുഷൻതന്റെവാക്യമിങ്ങിനെ
കേട്ടു ദിവ്യനാംപത്മഗഭൻധ്യാനിച്ചുചൊല്ലീടിനാൻ * എ
ങ്കിലോയഥാതഥംകേട്ടുകൊണ്ടാലുംഭവാൻ വങ്കമന്നവൻമുന്നം
സഹ്യാദ്രൌനായാട്ടിനായ് * വന്നുകണ്ടിതുതുലാകാവേരീസ്നാനം
തഥാ ധന്യനാംവിപ്രൻചൊല്ലിക്കേട്ടിതുപുരാണവും * സ്നാന

വുംചെയ്തമന്നൻബ്രാഹ്മണശ്രേഷ്ഠന്മാൎക്കു ദാനവുംചെയ്തീടിനാന സംഖ്യംധനംതദാ * ഇജ്ജനത്തിന്നുംധനംകിട്ടുമെന്നാശയാ ലെ സജ്ജനങ്ങളെപ്പോലെമജ്ജനംചെയ്തുഭവാൻ * സാധുക്കളു ടെമുമ്പിൽസാധുവന്ദനംചെയ്തു സാധുത്വംഭാവിച്ചുകൈതവ ത്താൽസഭാമദ്ധ്യേ * ഇങ്ങിനെചെയ്തതുലാകാവേരീസ്നാനംകൊ ണ്ടും മംഗലംദീപിള്ളാവലിവന്ദനംചെയ്തുകൊണ്ടും * സത്സന്ദൎശ നംപുണ്യമാഹാത്മ്യശ്രവണവുമുത്സാഹം വിനാതവലഭിച്ചതറി ഞ്ഞാലും * അതിനാലംഹസ്സുകളൊടുങ്ങീസ്വൎഗ്ഗലോകമധുനാ ഗമിക്കുമാറായിതുധരിക്കനീ * ഭക്തിശ്രദ്ധകളോടുംവിധിവൽ സ്നാനംചെയ്കിൽ ഭുക്തിമുക്തികൾകരസ്ഥകളാമവൎക്കെല്ലാം * ദിവ്യപൂരുഷൻകേട്ടുവന്ദിച്ചുസവിസ്മയം ദിവ്യയാനത്തുടെപോ യ്നാകലോകവുംപുക്കാൻ * ആഖ്യാനംബ്രഹ്മശൎമ്മമോക്ഷണം സൂൎയ്യബന്ധുപ്രാഖ്യമോക്ഷണംതാരമാഖ്യാനംചെയ്തീടിലും * കേൾക്കിലുംദീൎഘായുരാരോഗ്യങ്ങളുണ്ടായ്വരും കേൾക്കനിങ്ങളുമ ന്നദോഷവുമുണ്ടായ്വരാ * യജ്ഞങ്ങൾദാനങ്ങളുംതപസ്സെന്നി വരേറെക്കാൾ ഗൎജ്ജിക്കുന്നിതുതുലാമാസംഭ്രസുരന്മാരെ *പുഷ്കരംകു രുക്ഷേത്രംബ്രഹ്മാവൎത്തവുമവി മുക്തവുംപ്രയാഗവുംഗംഗാസാഗ രസംഗം * ഇവ്വൊന്നേടത്തുനിന്നുണ്ടാകുന്നമഹാപുണ്യം നി ശ്ചയംവരുംതുലാകാവേരീസ്നാനത്തിനാൽ * ആരോഗ്യസമ്പ ദായുസ്സംഗലംവരുവാനും ദാരിദ്ര്യനരകാദിസങ്കടംവരായ്വാനും * യത്രകുത്രാപിതുലാകാവേരീസ്നാനംചെയ്കി നത്രനന്നല്ലപിന്നെ മറെറാരുകൃത്യങ്ങളും * തീൎത്ഥങ്ങളെല്ലാംതുലാരവിസംക്രമകാ ലെ പേൎത്തുമായാനംചെയ്യുംസഹ്യനന്ദിനീജലേ * ഇങ്ങിനെപ ത്മഗൎഭൻചൊന്നമാഹാത്മ്യംകേട്ടു തിങ്ങിനഭക്തിപൂണ്ടുവിപ്രരും മററുള്ളോരും * കാവേരീസ്നാനശീലന്മാരായ്വന്നതുഭവാനാവോ ളംതുലാസ്നാനംചെയ്യേണ്ടോന്നുപോത്തമ * പതിനൊന്നദ്ധ്യായ വുംകഴിഞ്ഞിതിന്നുംകേൾപ്പാം നതിലാലസമുണ്ടെന്നാകിലോ കേട്ടുകൊൾവിൻ *

—൦൦൦—

## ഷോഡശാദ്ധ്യായഃ—പ്രാരംഭഃ

ധൎമ്മനന്ദനനോടുപിന്നെയുംശ്രീനാരദൻ ധൎമ്മസാരത്തെയരുൾചെയ്തതുകേട്ടാലുംനീ * കാൎത്തികപ്രഭാവത്തെയോൎത്തുവൎണ്ണിച്ചീടുവാൻ സാദ്ധ്യമല്ലൊടൊന്നുരുവത്സരങ്ങളെക്കൊണ്ടും * പുണ്ഡരീകജൻതന്നെചൊൽകിലാംകാൎത്തികത്തിൽ പുണ്യമാംമാഹാത്മ്യംമററാൎക്കചൊല്ലീടാവതും * പണ്ടൊരുദുൎബ്ബുദ്ധാന്ധ്യ്യതമായ്പേടിച്ചോടും മണ്ഡൂകത്തെനല്ലിച്ചായൊജലസമ്പൎക്കത്തിനാൽ * ദണ്ഡമെന്നിയെജന്മാന്തരവിജ്ഞാനംവന്നു ചണ്ഡമാനസത്തോടുംതന്നെപ്പീഡിപ്പിച്ചൊരു * ദുണ്ഡുത്തിന്നുംഗതിപരമാക്കിതാനാഖണ്ഡലലോകംഗമിച്ചീടിനാനറിഞ്ഞാലും * പുണ്ഡരീകാരിവംശതിലകനതുകേട്ടു പുണ്ഡരീകാത്മജാതപുത്രനോടറിയിച്ചാൻ * ജലജന്തുവാംക്ഷുദ്രജാതിക്കുനെല്ലിച്ചായജലസമ്പൎഗ്ഗംകൊണ്ടുദുൎല്ലഭംസ്വൎഗ്ഗലോകം * സുലഭമായ്വന്നവാറെങ്ങിനെഭാവംവിനാ ഫലമില്ലെന്നല്ലയൊചൊല്ലുന്നുവിദ്വജ്ജനം * ശാസ്ത്രവൈരുദ്ധ്യംകേട്ടുഹാൎദ്ദസന്ദേഹംവന്നതോൎത്തു നിന്തിരുവടിതീൎത്തരുളീടേണമേ * എന്നിയെമററാരുള്ളതെന്നോടുചൊല്ലീടുവാനിന്നിതിൻപരമാൎത്ഥമെന്നതുചിന്തിച്ചാലും * ശിഷ്യനല്ലയോഞാൻവൈശിഷ്യമില്ലെന്നാകിലു മൂഷ്യധീശപരപരിതുഷ്ടമാനാന്തരാത്മൻ * മുനിയുമരുൾചെയ്താനിനിയുംകേട്ടാലുംനീ വിനയാംബുധെതത്വജ്ഞാനശ്ശ്ലൂയത്യദ്ഭുതം * ഭാവമേസൎവ്വസാഫല്യദമെന്നാലുമനുഭാവമേറീടുന്ന ജന്മാന്തരതപോബലാൽ * പാവനസല്പാത്രദാനംകൊണ്ടുംപുണ്യതീൎത്ഥസേവനംകൊണ്ടും തത്വജ്ഞാനവാസനയുണ്ടാം * സംഗത്തെത്യജിക്കേണംമനസ്സിലേതുചെയ്തും സംഗംസന്ത്യജിപ്പതിനാളല്ലെന്നിരിക്കിലോ * മങ്ങാതസജ്ജനത്തോടൊന്നിച്ചുവസിക്കേണം മംഗലംവരുമെന്നാൽസംഗവുംനശിച്ചീടും * തല്ലിതാവെന്നപോലെഭുവനേവിശേഷിച്ചും സൽപുമാനെല്ലോഭവാനെന്നതുനിമിത്തമായ് * സത്സംഗംലഭിച്ചിതുനിനക്കുമഹീപതേ സത്സംഗംകൊണ്ടുതന്നേസൽകഥാശ്രവണത്തിൽ * ഉ

ത്സുകനായ്വന്നതും സംസാരരോഗത്തിനും സത്സംഗന്തന്നെദി
വ്യൌഷധമെന്നറിഞ്ഞാലും * ഡുണ്ഡുഭദഷ്ടമായമണ്ഡൂകംസ
ത്സംസൎഗ്ഗപുണ്യവൈഭവംകൊണ്ടും കാൎത്തികസ്നാനത്തിന്റെ*
ഗണ്യമില്ലാതെയുള്ളമാഹാത്മ്യംകൊണ്ടുമെത്രെ വിണ്ണവരുടെ
ലോകംസുഖമേഗമിച്ചതും * പുണ്യവൈഷ്ണവദ്വിജനായ്വന്നുഭ്ര
മൌഷിന്നെ പുണ്ഡരീകാക്ഷന്തന്നോടൈക്യത്തെപ്രാപിച്ച
തും * പണ്ടിഹവിരാടരാജ്യത്തിങ്കൽവാസ്തുഗ്രാമേ പണ്ഡിത
ന്മാരായ്ശ്രുതിസ്മൃതിതല്പരന്മാരായ് * ശാന്തരായ്സൎവ്വഭൂതകാരു
ണ്യാന്വിതന്മാരായ് ദാന്തരായ്ശത്രുമിത്രോദാസീനസമന്മാ
രായ് * ബ്രഹ്മനിഷ്ഠന്മാരായ്വേദാന്തപാരഗന്മാരായ് നിൎമ്മല
ന്മാരായ്ജിതേന്ദ്രിയസഞ്ചയന്മാരായ് * വിഷ്ണുപൂജനപുരാണോ
ത്സുകന്മാരായ്നിത്യം വൈഷ്ണവോത്തമന്മാരാംബ്രാഹ്മണരെല്ലാ
വരും * ആബാലവൃദ്ധസ്ത്രീകമരുണോദയേ പുണ്യപ്രാബല്യം
കലരുന്നകാൎത്തികമാസേമുദാ * പരിപൂൎണ്ണോത്സവാഖ്യസരസി
സ്നാനഞ്ചെയ്തു പരിപൂൎണ്ണയാഭക്ത്യാജപവുംചെയ്തശേഷം * നെ
ല്ലിതന്നിഴലിങ്കലിരുന്നുയഥാസുഖം നല്ലകാൎത്തികസ്നാനമാഹാ
ത്മ്യംകേൾക്കുംവിധൌ * ഭക്ഷിപ്പാനടുത്തൊരുകാകനെപ്പേടിച്ചോ
ടി തൽക്ഷണേവന്നാനൊരുമണ്ഡൂകഞ്ചാടിച്ചാടി * ഇക്ഷോ
ണീസുരശ്രേഷ്ഠൻകാലിന്മേലുരസിപ്പോയക്ഷീണദുഃഖംദ്രുതം സര
സ്സിൽചാടീടിനാൻ * അവിടെക്കിടക്കുന്നഡുണ്ഡുഭംവേഗത്തിൽ
വന്നവശനായൊരവൻപാദത്തിൽപ്പിടിപെട്ടാൻ* നിൎദ്ദയംഭുജംഗ
ത്തിൻദുൎദ്ദന്തകുന്തങ്ങളേററൎദ്ദിതനായീടിനാൻദുൎദ്ധരമതുനേരം *
കരഞ്ഞുകരഞ്ഞുടൻമുങ്ങിയുംപൊങ്ങിയുംമാൽ നിറഞ്ഞുതളൎന്നേ
വംപറഞ്ഞുമന്ദംമന്ദം * എന്നെനീയെന്തിന്നെടോപീഡിപ്പി
ക്കുന്നുവൃഥാ നിന്നുടെവൎത്തമാനംനീയറിയുന്നീലേതും * തന്നെ
ത്താനറിയാതെയന്യാൎത്തിചേൎക്കുന്നവന്തന്നോളം മഹാമൂഢൻ
മന്നിലില്ലൊരുവനും * എന്നാലില്ലുപദ്രവമെന്നുമേയൊരുത്തൎക്കു
മെന്നുംസാധുവാമെന്നെയിന്നുനീപീഡിപ്പിക്കിൽ * നന്നല്ലമൂ
ലനാശംവന്നീടുംനിനക്കെടോ മന്ദാമന്ദോഷ്ണശീതസുഖദുഃഖാദ്യ
ങ്ങളിൽ * എന്നുമേസമനായുള്ളവനെദുഃഖിപ്പിക്കി ലിന്നവന്നെ

നില്ലധഃപതനംവരുംദൃതം * ജന്തുക്കളെല്ലായിപ്പൊമന്ധനാമധമ
ന്നീഹന്തജാരകഗതിചിന്തിപ്പീലൊരിക്കലും * കിന്തുഞാൻജ
ന്മാന്തരേസന്തതംപുണ്യപാപ ബന്ധമോരാഞ്ഞുജലജന്തുവായ്വ
ന്നീടിനേൻ * ധനവാനഹമഹംബലവാനെന്നുംപിന്നെ ഘന
നൈപുണ്യശാലിഞാനെന്നുമുദ്ധരാത്മകൻ * ഗൎവ്വേണസാധു
ക്കളെപീഡിപ്പിപ്പതുകണ്ടുദുൎവ്വാരരോഷംപൂണ്ടുചിരിക്കുംധൎമ്മരാ
ജൻ * മനുഷ്യജന്മത്തിലെപ്പുണ്യദുഷ്കൃതജ്ഞാനംമനസ്സിലുദിച്ചീ
ടുംമറ്റുള്ളജന്മങ്ങളിൽ * അനൎത്ഥപ്പെട്ടുഗുണദോഷങ്ങളറിയാ
ഞ്ഞുജനിച്ചുംമരിച്ചുംകീഴ്പ്പതിച്ചീടുകെയുള്ളു * അനിത്യമെല്ലോ
ദേഹംവിൺമൂത്രസംപൂരിതം കനത്തദുഃഖാലയംഞാനെന്നുഗ
ൎവ്വിപ്പവൻ * നിൎണ്ണയംജീവച്ഛവമുണ്മയൊന്നുമേയുള്ളിലെണ്ണാ
തെയനുദിനംസ്വാദരംഭരിയായാൽ * തിൎണ്ണംദുഃഖങ്ങളനുഭ
വിച്ചുമരിച്ചാലും ഖണ്ഡിച്ചുതന്റെദേഹംതാന്തന്നെഭുജിക്കേ
ണം * മൂഢനാംനിന്റെപൂൎവ്വജന്മവുമറിയുംഞാൻ ബോധംനീ
യെന്നെവിട്ടാൽശ്രേയസ്സംഭവിച്ചീടും * അന്യായംവെടിഞ്ഞുജ
ന്തുക്കളില്ലാരുണ്യത്തോ ടന്യോപകാരശീലനായുള്ളപുണ്യാത്മാ
വി * നന്നൂനൻതപോയജ്ഞഫലവുംസിദ്ധിച്ചീടുമന്യഥാചി
ന്തിക്കേണ്ടമുക്തിയുംകൈവന്നീടും * തീൎത്ഥങ്ങളെല്ലാററിലുംമ
ജ്ജനംചെയ്തീടിലുംവ്രതേഷ്ടമുഖ്യധൎമ്മംപലവുംചെയ്തീടിലും *
കാൎത്താലുംജിതേന്ദ്രിയൻയോഗിയെന്നിരിക്കിലും പാൎത്തലാത
ന്നിൽകൃപാഹീനനായ്സാധുക്കളെ * സ്വാൎത്ഥകാരണമുപദ്ര
വിക്കുംപാപിഷ്ഠനെ ച്ചേൎത്തീടുംനരകത്തിൽസമവൎത്തിയുംനൂനം *
വാൎത്തചൊൽകയുമതുതാതനിന്നെയോപിന്നെ ച്ചേൎത്തുഞാൻ
ചൊല്ലേണമോനല്ലതുദയയാത്ര * വാൎത്തേവംകേട്ടുഭയപ്പെട്ടു
ഢുണ്ഢുഭൻതാനും ചീൎത്തഭാവവുംവക്ഷോഭുവിൻപാദവുംവിട്ടു *
നീൎത്തലത്തിങ്കന്നുചൊററകന്നുചൊല്ലീടിനാ നോൎത്തുനീപൊറു
ക്കേണംമൽകൃതമപരാധം * പുണ്യപാപങ്ങളൊന്നുംതിരിയാ
മൂഢൻഞാനോ പുണ്യാത്മാവായനിനക്കുൾക്കൊണ്ടുനമസ്കാരം *
മണ്ഡൂകമെന്നാകിലുംപൂൎവ്വജന്മത്തിലജ്ഞാനി പണ്ഡിതൻഭ

വാനതു ചിന്തിച്ചാലത്യത്ഭുതം * ചൊല്ലുക ഭവാൻമുന്നമാരെന്നും
ഞാനാരെന്നും ചൊല്ലുള്ള ഭവാനെന്തുകൊണ്ടേവമായതെന്നും *
വല്ലാതെ ഞാനീവണ്ണം വന്നതെങ്ങിനെയെന്നും നല്ലവാക്യങ്ങൾ
കേട്ടുചൊല്ലിനാൻമണ്ഡൂകവും * വിശ്വസിക്കാമോവാക്യംവ്യാ
ജമോചൊല്ലുന്നുനീ വിശ്വത്തിൽപരഹിംസ്രന്മാരോടുംമൂർഖരോ
ടും * നിശ്ചയമൊന്നുംചൊല്ലീടരുതെന്നതുകേട്ടു പശ്ചാത്താപ
ത്തോടുസുബുദ്ധവുംചൊല്ലീടിനാൻ * ദുഷ്ടന്മാരുടെവാക്യംവി
ശ്വസിക്കരുതൊട്ടുംദുഷ്ടനാംകൃഷ്ണസർപ്പന്തന്നെവിശ്വസിക്കിലും *
മട്ടോലുംമൊഴിമാരുംമൂർഖരുമൊരുനാളു മൊട്ടുമേവിശ്വസിപ്പാ
ൻയോഗ്യരല്ലെന്നുനൂനം * ശിഷ്ടനാംനിന്നോടുസംസർഗ്ഗമുണ്ടാ
യമൂലം കഷ്ടജന്മാവാംഞാനുംശുദ്ധാത്മാവായീടിനേൻ * ദുഷ്ട
മല്ലെന്റെവാക്യംചെറുമെയെന്നാണയു മിട്ടുചൊന്നതുകേട്ടു
ചൊല്ലിനാൻശാലൂരവും * പൂർവ്വജന്മനികാഞ്ചീപുരിയിലൊരു
വിപ്രൻ സർവ്വശാസ്ത്രജ്ഞൻചതുർവ്വേദപാരഗൻഞാനോ * സ
ർവ്വേഷാംശ്രൗതസ്മാർത്തകർമ്മണാമുപാദ്ധ്യായൻ സർവ്വദാപരാ
ന്നാദീഡാംഭികൻവാഗ്മീജേതാ * വിപ്രസത്തമനിവനെന്ന
ല്ലാവരുമെന്നെ സപ്രശംസനംശ്രാദ്ധേക്ഷണിച്ചുഭുജിപ്പിക്കും *
വിപ്രകൃത്യങ്ങളൊന്നുംചെയ്കയുമില്ലനാരീവിഭ്രമഭ്രമംപൂണ്ടു നിത്യ
വുംരമിച്ചീടും * കർമ്മാന്തത്തിങ്കൽചെയ്യുംദക്ഷിണാസർവ്വസ്വവും
ദുർമ്മദത്തോടുവാങ്ങിമറ്റുള്ളോർക്കെല്ലാവർക്കും * അമ്മാത്രംകൊടു
ത്തുപോകെന്നയച്ചീടുംലോഭാലുന്മനസ്സുപന്യാസത്തിങ്കലുംമഹാ
കോപീ * പ്രത്യക്ഷത്തിങ്കൽസദാചാരവുംഭാവിച്ചുകൊണ്ടത്യ
ർത്ഥം മറ്റുള്ളോർക്കുധർമ്മത്തെബ്ബോധിപ്പിക്കും * വിദ്യാഗർവ്വംകൊ
ണ്ടെല്ലാവരേയുംതൃണീകരിച്ചുദ്യോഗത്തോടുനിത്യം പഠിക്കുംപുരാ
ണവും * കിട്ടുന്നധനങ്ങളിൽശിഷ്ടന്മാരായുള്ളവർക്കൊട്ടുമേകൊ
ടുക്കയില്ലിഷ്ടരെന്നിരിക്കിലും * അക്കാലംമാഘമാസേചൊല്ക്കൊ
ള്ളുംപയോഷ്ണിയാം മുഖ്യവാഹിനീജലേസകലജനങ്ങളും * മ
ജ്ജനംചെയ്തുമാഘമാഹാത്മ്യംപഠിക്കെന്നാ രിജ്ജനംപഠിച്ചുകേ
ൾപ്പിച്ചുതത്സമാപ്തിയിൽ * ജ്ഞാനവൃദ്ധന്മാർവയോവൃദ്ധന്മാർ

സന്ന്യാസികൾ സ്നാനം ചെയ്യവർമററുമുള്ളവരെല്ലാവരും * വ
സ്ത്രാലംകാരരത്നധനങ്ങൾസമ്മാനിച്ചാ രത്ഥ്യയുംവാങ്ങിയൊന്നും
കൊട്ടത്തീലൊരുവക്കും * പുത്രക്കസംഗ്രഹിച്ചീടേണമെന്നുറച്ച
ഹോ നിസ്സ്രൂപമൊക്കക്കെട്ടിക്കൊണ്ടിങ്ങുപോന്നീടിനേൻ * ഉ
ഷസ്സിലെഴുനിററുശുക്ലവസ്ത്രവും ധരിച്ചൃഷിയെപ്പോലേജപംഭാവി
ച്ചുവസിച്ചീട്ടും * മന്ത്രവുംഭാവവുമില്ലൊരുകൎമ്മത്തിങ്കലും തന്ത്ര
വുംമററുള്ളോരെശ്ശങ്കിച്ചുകാട്ടിക്കൂട്ടും * സംസാരചിന്തയെന്നിമ
ററില്ലൊന്നുമേയുള്ളിൽ കംസാരിപാദാംബുജംധ്യാനിച്ചീലൊരി
ക്കലും * തുളസീദളങ്ങൾകൊണ്ടൎച്ചിച്ചേനല്ലെന്നുമേ വളരബ്ര
ഹ്മദ്വേഷനിന്ദകൾചെയ്തേനല്ലോ * മാഘമാസത്തിൽസമാപ
നത്തിലൊരുവിപ്രനാകുലമുൾക്കൊണ്ടന്നാനല്കിതൽഗൃഹത്തിങ്ക
ൽ * ശ്ലാഘനീയമാമന്നംസരസംചതുൎവ്വിധം സാക്കൂതംസമൃഷ്ട
മാംവണ്ണമേഭുജിച്ചുഞാൻ * പുണ്യകാലത്തുംശ്രാദ്ധത്തിങ്കലും
ദാനംചെയ്തീലന്നമെന്നാലുമൊരുവിപ്രന്നുനല്കീലേതും * ബ്രാ
ഹ്മണന്നേകൻമമതന്നുരത്നാംഗുലീയം ധാൎമ്മികനന്യൻകടിസൂത്ര
ത്തെനല്കീടിനാൻ * കുണ്ഡലമേകൻദ്ദുകൂലദ്വയമപരനവ്വണ്ണ
മേവസ്ത്രംപലലബ്ധംമനുരുനിഷ്കം * പുത്രന്നംഗുലീയവുംഭാൎയ്യ
ക്കുദുകൂലവും ചിത്രമാംചേലദ്വയംനല്കിനേൻശ്വശ്രൂവിന്നും *
പുത്രിക്കൊമ്പുതുവസ്ത്രംസ്ത്രാലന്നുകുണ്ഡലവും ദത്തമായപ്പോഴൊ
രുശീതാൎത്തൻമഹാദീനൻ * വസ്ത്രമൊന്നേറയാചിച്ചീടിനാൻ
ക്രയന്തന്നുസത്വരംവാങ്ങിക്കൊൾകെന്നുത്തരംചൊല്ലീടിനേൻ *
അപ്പൊഴുതജ്ഝിന്നാതിസാരത്താ ലദ്ധരാത്രേയല്ലായുസ്സായത്യന്തം
ദുഃഖിക്കുംദശാന്തരേ * മൽപ്പുത്രൻചൊല്ലീടിനാനെന്തിന്നുകര
യുന്നു സ്വല്പവുംബന്ധുക്കളെസ്മരിച്ചീടേണ്ടഭവാൻ * ഇല്ലേതും
പ്രയോജനംഞങ്ങളാലിക്കണ്ടവ രെല്ലാരുംദ്വിഷത്തുകൾകേവ
ലംധനാൎത്ഥികൾ * തെല്ലുമേവേണ്ടഭാൎയ്യാദികളിൽസ്നേഹമോ
ഹം നല്ലതുപരഗതിപാഥേയംദാനംചെയ്ക * പഠിക്കഗീതശ്ലോ
കമൊന്നെന്നാകിലുംമെല്ലേ പട്ടത്വംകൊണ്ടുപുണ്യമൊന്നുമേ
ചെയ്തീലല്ലോ * പിടിച്ചുസംസാരഭ്രാന്തനാഹംരമിക്കയാ ലദ്ധ

ത്തകർമ്മംപോലുംചെയ്തതില്ലല്ലോകഷ്ടം * വിടന്മാനേനഹരി ഭക്തരെപ്പൂജിച്ചുനില്ലർത്ഥലോഭത്താലല്ലോപഠിച്ചുപുരാണവും * ശാസ്ത്രാർത്ഥങ്ങളെവിചാരിച്ചറിഞ്ഞിരിക്കിലും പാത്രമല്ലെന്നായ്വ ന്നതത്വജ്ഞാനത്തിനൊട്ടും * ആരുഞാനങ്ങുന്നാരെന്നോരാതേ നരകത്തിൽ പാരാതേപതിക്കൊല്ലാപാരിച്ചബന്ധത്തിനാൽ * പണ്ടുംപാപമേചെയ്തുകൊണ്ടേവം വന്നിതെന്നാലണ്ടർകോനെ ന്നാകിലുമുണ്ടൊട്ടുഞ്ഞെണമല്ലോ * കണ്ടാലുമാശ്ചര്യംവൈകുണ്ഠ ൻറമായാബലം കണ്ടോളംദുരത്യയംപണ്ഡിതന്മാർക്കുപോലും * സഹസാകൊണ്ടുവന്നുസഹസ്രംനിഷ്കംകൈയിൽ സഹധർമ്മി ണിസാധ്വീദുഃഖേനചൊല്ലീടിനാൾ * ഇദ്രവ്യമെല്ലാംയഥാഹ ദ്രസംദാനംചെയ്തു ഭദ്രാനുഭവംപരലോകത്തുഭവിപ്പാനായ് * സ മസ്തപാപഹരാന്തിക്കായ്ക്കൊണ്ടുഗോദാനവും സമർത്ഥനായഭവാൻ ചെയ്താലുംസദക്ഷിണം * മാധവപ്രീതിക്കുസാളഗ്രാമംദാനം ചെയ്തു ഭൂദാനംഗൃഹദാനമിച്ഛകൾതക്കതെല്ലാം * ഭവനംശ്മശാ നവുംതുല്യമല്ലയോഭവാനവശനായീടൊല്ലാമമതാബന്ധത്തിനാ ൽ * പാന്ഥനാംഭവാനോട്ടങ്ങളിക്കാണായോരു പാന്ഥ ന്മാരിവിടേക്കുവന്നെത്തിവിധിവശാൽ * സംബന്ധമുണ്ടാനുബ ന്ധംനമ്മിലെന്നേയുള്ളൂ ധർമ്മമേബന്ധുവുള്ളുസന്തതംസഹായമാ യ് * ഘോരാകാരന്മാരല്ലോയമകിങ്കരന്മാരും പാരംദുസ്സഹമല്ലോ നരകംക്ഷണംപോലും * ഇത്തരമെല്ലാംചൊല്ലിബോധിപ്പി ച്ചീലേമുന്നമുത്തമനായഭവാനിന്നതുമറന്നിതോ * അർത്ഥങ്ങൾ ഗൃഹത്തിങ്കന്നത്രെവപിരിഞ്ഞുപോം മിത്രബാന്ധവന്മാരങ്ങ ത്തീട്ടംശ്മശാനത്തിൽ * പിന്തുന്നസുകൃതദുഷ്കൃതമിവര ണ്ടും സന്തതംപിരിയാതെപിന്നീടുംപോകുന്നേരം * ആക യാൽധർമ്മങ്ങളെച്ചെയ്കദത്താവേഭവാ നാകാശത്രുക്കളെത്രേപു ത്രദാരാദിയെല്ലാം * ഇഷ്ടമേചെയ്തീടുകിൽതുഷ്ടരാമല്ലെന്നാകി ൽ പെട്ടന്നുരുഷ്ടന്മാരാംദുഷ്ടരാശിഷ്ടന്മാരും * ദേഹത്തിന്നാരോ ഗ്യമുള്ളപ്പോഴേപുത്രമിത്ര സ്നേഹംവേറിട്ടുധർമ്മംചെയ്യേണമറി ഞ്ഞവർ * മോഹത്താലാസക്തന്മാർവൃക്ഷാഗ്രഫലംതന്നെ

മോഹിച്ചാത്രുഢന്മാരാമവരെപ്പോലെവീഴും * സ്ത്രീപുത്രാദിയി
ൽസ്നേഹമെത്രെ വൎദ്ധിച്ചതെന്നാലാപത്തും തഥാതക്രൂജ്ഞംബൂട്ട
ക്കെന്നപോലെ * കൃഷ്ണമാൻഗാനാസക്തനായ് നശിക്കുന്നുതൃണ
തൃഷ്ണയാഗോവുംപൊട്ടക്കിണറ്റിൽ ചാടിത്തഥാ * ക്ഷുത്തിനാ
ൽവ്യാധിഗ്രസ്തനപഥ്യംഭുജിച്ചീടും കൃത്യാകൃത്യങ്ങൾചെയ്തുഗൃഹ
സക്തനുമേവം * അനൎത്ഥപ്രദവ്യാപാരങ്ങളെച്ചെയ്തിടുവാൻ മ
നക്കാമ്പിങ്കലതിവേലമിച്ഛിച്ചിടുന്ന * മനുഷ്യർകീലോല്പാദി
യായവാനരംപോലെ തനിച്ചനിഹതനായ്നിലത്തുകിടന്നീടും *
പലവുംപുത്രാദികളേവംചൊല്ലിയുമൊരു ഫലമുണ്ടായില്ലേതുംമൂ
ഢതാപംമുഴക്കയാൽ * ജീവിക്കുംഞാനെന്നുള്ളഭാവത്തെക്കൊ
ണ്ടുംപിന്നെ ദേവസ്ത്രീതുല്യയായജീവനാവാക്കുമെന്റെ * പുത്ര
നുംഗതിയെന്തുവിത്തമിപ്പോഞാനാലെന്നും ചിത്തത്തിൽസ്നേഹാ
ധിക്യാലിത്തരമോൎക്കുംവിധൌ * വെട്ടെന്നുംകെട്ടെന്നുംമെയ്
പൊട്ടിക്കഞെരിക്കെന്നും പെട്ടെന്നുഘൃഷ്ടകഷ്ടോൽകൃഷ്ടനിഷ്ഠാ
വാദം * മുൽഗരശൂലഗദാഖഡ്ഗാദിധരിച്ചതിമുഷ്കരന്മാരായു
ള്ളോരന്തകദൂതന്മാരും * ലോകപാശങ്ങളാലേദേഹബന്ധനം
ചെയ്തു സാഹസാലിഴെച്ചിഴെച്ചാഹന്തതലകീഴായ് * അടിച്ചും
മെയ്യെല്ലുകളൊടിച്ചുസാരമേയം കടിച്ചുംകല്ലുകൊണ്ടുപൊടി
ച്ചുംക്രകചത്താൽ * മുറിച്ചുവാളാൽവെട്ടിത്തെറിച്ചുംകനലി
ന്മേൽ മറിച്ചുംതിരിച്ചുമിട്ടെരിച്ചുംപൊരിച്ചിട്ടും * കല്ലിലിട്ടിഴെ
ച്ചിട്ടുംതല്ലിയുംപഴിച്ചിട്ടും മുള്ളിലുംചുട്ടമണലിങ്കലിട്ടിഴെച്ചിട്ടും *
കരഞ്ഞുംകണ്ണീർമഴചൊരിഞ്ഞുംപൈദാഹത്താൽ പൊരിഞ്ഞും
മനതളിരെരിഞ്ഞുംശിവശിവ * ഘോരമായീടുംമഹാരൌരവ
മെന്നുപരം നാരകേകൊണ്ടുചെന്നുപാരാതെതള്ളീടിനാർ *
മലദുർഗ്ഗന്ധവുംകൃമിക്കൂട്ടംനിറഞ്ഞതിൽ തലകീഴ്ത്തൂക്കിതെള്ളുംപാ
നുംപീഡിപ്പിക്കയാൽ * കടഞ്ഞുകടഞ്ഞുംഗംകുടഞ്ഞുകുടഞ്ഞെ
റ്റം പിടഞ്ഞുപിടഞ്ഞുപോയ്വത്സരംപത്തുകോടി * അംഗാ
രശയനവുംനിരുച്ഛ്വാസവുംപിന്നെയങ്ങിനെതപ്തജലന്തപ്തായാ
ജലാവൃതം * കാലസൂത്രവുംമലഃഭോജനംധൂമപാനം ചാലഃപ

ഹാഹാകാരംരേതഃപാനവുംപിന്നേ * ശങ്കുശിസ്സവുംമററുമുള്ള
നാരകങ്ങളിൽ സങ്കടപ്പെട്ടുമന്വന്തരങ്ങളേഴുകാലം * പിന്നെ
യുംസപ്തമാംസഭക്ഷണമാംനരകത്തിൽ തന്നെമന്വന്തരങ്ങളേഴി
ലുംദുഃഖിച്ചിതു * വിഷ്ഠയിൽക്രിമിയായേനൊട്ടല്ലനൂറുജന്മം കഷ്ട
മാഹന്തബലിപുഷ്ടമായ്പത്തുജന്മം * ജനനമഞ്ചില്ലന്നികഴ
കില്ലത്തുപിന്നെ ജനിഃയഴിങ്കൽ ഖരംജംബുകംനാലിങ്കലും *
എന്നതിൽശേഷമിന്നുസകലഭക്ഷമായ മണ്ഡൂകമായിടിലുംമര
ണേഭയമോറം * തജ്ജന്മത്തിൽദുഃഖം ചിത്തത്തിൽ ചിന്തി
ക്കമ്പോളത്യത്ഥംനപ്പനരകത്തിങ്കൽതപിപ്പതും * പണ്ടുകാർത്തി
കമാസേനെല്ലിമൂലത്തിലിരുന്നുണ്ടു്കാർത്തികമാഹാത്മ്യംപഠിച്ചി
ട്ടുപത്തു * വിപ്രന്മാൎക്കന്നദാനംചെയ്തിട്ടുജനങ്ങളെ യൊപ്പി
പ്പാൻസദക്ഷിണംശ്രദ്ധയാലല്ലേത്തമേ * പണ്ഡിതശ്രേഷ്ഠനാ
യവൈഷ്ണവദ്വിജന്നൊരു ഗണ്ഡകിചക്രംദത്തംപന്ത്രണ്ടുനിഷ്ക
ത്തോടും * അന്നംചെയ്തന്നദാനംതന്നുടെപുണ്യംകൊണ്ടു മിന്നും
കാർത്തികത്തിലാമലകവൃക്ഷത്തിൻറ * നിഴലിലുദകത്തിൽമഴ
കീടകയാലു മഴറിവിപ്രൻറത്തുക്കഴലിൻസ്പർശംകൊണ്ടും * ഉണ്ടാ
യിവൃത്തിജ്ഞാനംസാളഗ്രാമത്തിൻദാനം കൊണ്ടിന്നുപാപങ്ങളു
മൊക്കവേനശിച്ചിതു * സ്വർഗ്ഗംപുക്കിനിച്ചിരംസുഖിച്ചുവസി
ച്ചുജ്ഞാനഗ്രജന്മാവാംമഹായോഗിയായിഹലോകേ * ജാതനാ
യൻതുലാകാവേരീസ്നാനംചെയ്തു ജാതപുണ്യാതിരേകംവൈകു
ണ്ഠംഗമിച്ചീടും * കാഞ്ചീപത്തനേമുന്നംധനിയാംവൈശ്യൻ
നീയും ഞാൻചൊന്നപുരാണവുംകേട്ടുകാർത്തികേമാസേ * സ്നാ
നവുംപയോഷ്ണിയിലാചരിച്ചതിന്നവസാനത്തിൽ ചെയ്തീടേതും
ദക്ഷിണാഃലംശംപോലും * ഭുക്തിമുക്തിദജ്ഞാനപ്രദനാംഗുരു
വിന്നുശക്തിക്കതക്കവണ്ണംദക്ഷിണചെയ്യാതവൻ * ഢുണ്ഡുഭ
മാസ്സുന്നിട്ടുമാകയാലാചാര്യനെപ്പുണ്യവ്രതൻയപൂജിച്ചീടേണമെ
ല്ലാവനും * ദുഷ്ടർമുപ്പുഷ്കനാസ്തികർലോകദ്വയഭ്രഷ്ടനാ
യ്ഭവിച്ചീടുമിപ്പസംശയമേതും * ഗൃഹത്തിലത്യാസക്തർലോഭ
ത്താലദാതാവും മഹാന്വയേറുംവ്രതംവർജ്ജിക്കുംപുരുഷനും * ക

രകാസക്തയാംബ്രാഹ്മണിയെന്നതുപോലെ പരിതാപത്തോട
ധഃപതിച്ചുനശിച്ചീടും * കാട്ടാളജന്മമഞ്ചുണ്ടിനിമേൽനിന
ക്കെടോ കേട്ടാലുമൊട്ടക്കത്തുകാത്തികേസോമവാരേ * കാ
ട്ടാനയാട്ടിപ്പായിപ്പിച്ചുനീരാത്രിയിങ്കൽ കാട്ടിൽനിന്നോടിനെ
ല്ലിച്ചുവട്ടിൽകൃഷ്ണാജലേ * വിവശനായിവീണശിവസ
ന്നിധിയിങ്കൽ ശ്രവണേനാമംശിവശിവയെന്നേവംകേട്ടു *
വേരററപാപത്തോടുംവേറിട്ടുദേഹത്തെയും നേരുററശിവലോ
കംചേരുമെന്നറിഞ്ഞാലും * കാത്തികസ്നാനംകൊണ്ടുംസല്ക്ക
ഥാകേൾക്കകൊണ്ടു മോത്താലുംപലജന്മംകഴിഞ്ഞിട്ടെന്നാകി
ലും * സൽഗതിവന്നുകൂടുംനിനക്കെന്നതുനൂനം ദുഃഖദംപരദ്രോ
ഹംചെയ്തീടായ്കിനിമേലിൽ * ഒരുജന്മത്തില്പാപമൊരുവൻചെ
യ്തീടുകിൽ മറുജന്മത്തിൽഫലംവന്നുസംഭവിച്ചീടും * കുറയക്കാ
ലംക്ഷമിച്ചീടുകയദ്ദുഷ്ടയാ വരുവൊന്നെന്തൊന്നതുംഭുജിച്ചുസമ
ബുദ്ധ്യാ * പരപീഡനംവാചാമനസാകർമ്മംകൊണ്ടു മൊരു
നേരവുംചെററുംചെയ്യാതെയിരിക്കെടോ * പരദ്രോഹവുമന്ന
പാതകംദുരാചാരം പെരുത്തസദാചാരത്യാഗവുംപരാന്നവും*
പ്രാരബ്ധപാപമെന്നുചൊല്ലുന്നുവിദ്വജ്ജനം പ്രാരബ്ധകർമ്മംഭുജി
ച്ചെന്നിയെയൊടുങ്ങീടാ * നിഷ്കൃതികൊണ്ടുനശിച്ചീടുകയില്ലാ
കയാൽ ദുഷ്കൃതംവിട്ടുസദാചാരനായ്ഭവിക്കനീ * യദൃച്ഛാലാഭ
സന്തുഷ്ടാത്മനാശാന്തിയോടും വിധിച്ചവണ്ണംവരുമെന്നുറച്ചിരി
പ്പവൻ * രണ്ടുലോകത്തിങ്കലുംസുഖിയായ്ഭവിച്ചീടും ധുണ്ഡു
ഭനിയ്മംമേലിൽസുഖിയായ്വരികെടോ * കൂത്താനിൻവചസ്സുകേട്ടായാ
ലാത്തനായതിമാത്രം വീത്തുവീത്തൻപ്രാണനുംനേരത്തുവേർ
പെട്ടമിപ്പോൾ * ഇത്തരംചൊല്ലിദ്ദേഹം സത്വരംവെടിഞ്ഞവ
നുത്തമസ്രഗ്ഭൂഷണവസ്ത്രഭൂഷിതനായി * ദിവ്യയാനത്തിലേ
റിദ്ദിവ്യസ്ത്രീകചമരയി ദിവ്യശബ്ദാനന്ദേനസുരലോകവുംപുക്കാ
ൻ * ആരുമുള്ളകാൎത്തികത്തിൻമാഹാത്മ്യമുള്ളവണ്ണം നേരോടെ
ചൊല്ലുവാനുംകേൾപ്പാനുംജഗത്ത്രയേ * യോഗ്യരാംകാവേരി
യിൽകാത്തികസ്നാനംചെയ്ത ഭാഗ്യവാനടെപുണ്യമിനിക്കുചൊ

ല്ലാവതോ * സ്മരിക്കുന്നാകിൽപാപംതീരിക്കെന്നൊഴിഞ്ഞീ
ടും ധരിക്കഭവാനുമാചരിക്കുന്നപോൽത്തമ * പന്ത്രണ്ടുകഴിഞ്ഞി
തദ്ധ്യായംശേഷവുംചൊല്ലാം മന്തരാനന്ദംപൂണ്ടുകേട്ടുകൊണ്ടാലു
മെങ്കിൽ *

## ത്രയോദശാദ്ധ്യായഃ- പ്രാരംഭഃ.

പാൎത്ഥിവശിഖാമണിപാൎത്ഥനുമതുനേരം പാൎത്ഥമാമുനി
യോടുപേൎത്തുംചോദിച്ചീടിനാൻ * മററുള്ളമാസങ്ങളെക്കാളും
കാൎത്തികത്തിങ്കൽമററും വൈശിഷ്ട്യംസോമവാരത്തിന്നെങ്ങി
നേവാൻ * ഉണ്ടായതെന്നുംഫലമെന്തതിന്നെന്നും കേൾപ്പാ
നുണ്ടഭിലാഷമതുമരുളിച്ചെയ്കീടേണം * നാരദനതുകേട്ടുമന്ദഹാ
സവുംചെയ്തു സാരധൎമ്മജ്ഞനാംനീകേൾക്കയെന്നരുൾചെയ്തു *
വ്രതങ്ങളെല്ലാററിലുമധികംപിതൃ പ്രീതികരമാംസോമവാരംകാ
ൎത്തികമവ്വണ്ണമേ * മാസങ്ങളെല്ലാററിലുമെന്നറിഞ്ഞാലുംത്രിം
ശ ദ്വാസരങ്ങളുമൊരുപോലവേമഹീപതേ * മുപ്പതുനാളുംനി
ത്യമുല്ലലാക്ഷനുദീപം തപ്പാതെയാരാധിക്കിൽതൽപിതൃവൎഗ്ഗ
മെല്ലാം * സ്വൎഗ്ഗലോകംപ്രാപിച്ചുവസിക്കുംസദാകാലം ഭൎഗ്ഗസ
ന്നിധൌസോമവാസരേവിശേഷിച്ചും * നെയ്യിളക്കാരാധിക്കി
ൽകുലകോടികളോടും ദൈവലോകംപ്രാപിച്ചുസുഖിച്ചുവസി
ച്ചീടും * കാൎത്തികേസോമവാരേശിവപൂജനംചെയ്കിൽ തീൎത്തി
ടുംനാഥൻബ്രഹ്മഹത്യാദിപാപമെല്ലാം * കാൎത്തികേശുക്ലപ
ക്ഷേനവമിദിനേ ശുഭേരാത്രിശൻതാനുംകൃതയുഗവുമുണ്ടായിതും*
പന്നഗാഭരണനെയനുപൂജിക്കുന്നാകിൽതന്നുടെകാമ്യാൎത്ഥങ്ങൾ
സിദ്ധിച്ചുവസിച്ചീടും * സോമവാരവുംത്രയോദശിയുംകൂടീടിലും
സോമവാരത്തോടൊത്തുനവമിവരികിലും * ശ്ലാഘ്യമെത്രയുംമ
ഖ്യമക്ഷയഫലപ്രദം ഭാഗ്യശാലിക്കുതന്നേലഭിപ്പുനിസ്സംശയം *
സോമവാരത്തിലെട്ടുയാമവുമഭിഷേകം സോമച്ചൂഡനുശതരുദ്രി

യംകൊണ്ടുചെയ്തു * പൂജിച്ചുസേവിപ്പവൻസാക്ഷാലീശ്വരൻത
ന്നെ പൂജിച്ചാൽപോരുമവൻതന്നെമററുള്ളോക്കെല്ലാം * സോ
മവാരത്തിൽപ്രദോഷത്തിന്നാളുപവസി ച്ചാമോദപൂർവ്വംശിവപൂ
ജയുംചെയ്തുഭക്ത്യാ * പിററന്നാളുഷഃകാലേപാരണംചെയ്തീട
കിൽ മുററുമീശ്വരനവൻതന്നെയെന്നറിഞ്ഞാലും * നിഷ്കാമ
നെന്നാകിലോകൈവല്യംപ്രാപിച്ചീട മുൻകാമ്പിൽസകാമ
നോസർവ്വമംഗലങ്ങളും * ശിവപൂജയുംചെയ്തുരാത്രിയിൽഭുജിച്ചീ
ടുന്നവനും പാപംനീങ്ങിശ്ശുദ്ധാത്മാവായ്വന്നീടും * ആത്മഘ്ന
നെന്ത്രേദുരന്നങ്ങളെബ്ഭക്ഷിപ്പവ നാത്മനാവൈശ്വദേവംവിട്ട
വൻവംശഘ്നനും * അമഹാളയശ്രാദ്ധനായവൻപിതൃഘ്നനു മ
ഹായജ്ഞനായഭൂദേവൻദേവഘ്നനും * അനഗ്നിവിരഹാവും
പിശുനൻപുത്രദ്രഹാവും മനസ്സിൽസാധുനിന്ദാതല്പരൻവിഷ്ണുഘ്ന
നും * ഇത്യാദിമഹാപാപിഷ്ഠന്മാരെന്നിരിക്കിലു മത്യന്താദര
ത്തോടുംകാർത്തികേസോമവാരേ * ഉറക്കമിളച്ചുപവസിച്ചുദിവാ
രാത്രം കറക്കണ്ഠനെപ്പൂജിച്ചീടുകിൽശുദ്ധന്മാരാം * ശ്രീപഞ്ചാ
ക്ഷരമഹാമന്ത്രേണവില്വങ്ങളാൽ ശോഭയോടായിരത്തെട്ടർച്ചി
ക്കുന്നവൻശിവൻ * ശൈവമാംസഹസ്രനാമംചൊല്ലിപ്രദോ
ഷത്തിൽ ദൈവയോഗേനകരവീരപുഷ്പങ്ങളാലെ * ശങ്കരാർച്ച
നംചെയ്കിലേഴജന്മത്തിങ്കലും സങ്കടംകൂടാതെസമ്പന്നനായ്ജ
നിച്ചീടും * അക്ഷയപുണ്യശിവസഹസ്രനാമംചൊല്ലി യക്ഷ
തംകൊണ്ടുദ്വ്യാസഞ്ചയംകൊണ്ടുംമുദാ * ത്ര്യക്ഷനെസ്സോമശു
ക്രവാസരപ്രദോഷത്തി ലർച്ചനംചെയ്യുംമഹാഭാഗ്യശാലിയാം
മർത്ത്യൻ * ദക്ഷനായ്ധനദനുതുല്യനായ്വന്നുകൂടും തൽക്ഷണേ
ശതജന്മദരിദ്രനെന്നാകിലും * മഹത്വമേറുംസോമവാസരേവി
ല്വങ്ങളാൽ സഹസ്രനാമാർച്ചനംമൂന്നുരുചെയ്യുന്നാകിൽ * പു
ത്രശ്രീരൂപപശുകൃഷിപുഷ്ടിമാനാകും പത്തുജന്മത്തിൽപ്പിന്നെ
സ്സാർവ്വഭൌമത്വംവരും * പിന്നെമന്വന്തരങ്ങളേഴിലുംസ്വർഗ്ഗ
ലോക ത്തനർഹംദിവ്യസ്ത്രീസംഭോഗേനവാണശേഷം * ശ്രീ
മഹാദേവൻതന്നോടൈക്യവുംപ്രാപിച്ചീടും ശ്രീമതാംവ്രതേസ

ത്ത്യംസത്യമെന്നറിഞ്ഞാലും * ജ്ഞാനവൃക്ഷത്തിൻകീഴിലതി
ന്റെപത്രങ്ങളാൽ മാനസഭക്തിയോടുംവിഷ്ണുവെപ്പൂജിക്കിലോ*
ദുഷ്ടനമൃദിച്ചീടുംപെട്ടെന്നുതത്വജ്ഞാനം ശിഷ്ടനെന്നാകിൽപ്പു
നരെന്തൊന്നുചൊല്ലേണമോ * മുനിപുഷ്പങ്ങൾകൊണ്ടുനെല്ലി
വൃക്ഷത്തിൻമൂലേ വനമാലിയെപ്പൂജിച്ചിട്ടുഭൂസുരന്മാൎക്കു * ഭോജ
നംനല്കീടുന്നമനുജൻധനത്തിന്നു ഭാജനമായ്വന്നീടുമവിളംബി
തംനൂനം * കാൎത്തികമാസത്തിങ്കൽകാൎത്തികാനക്ഷത്രത്തിലാ
ൎത്തിതീൎത്തീടുംവിഷ്ണുമൂൎത്തിയെയാരാധിച്ചു * സന്നിധൌസഹ
സ്രദീപംവെച്ചുസേവിക്കിലോ മന്നിടത്തിങ്കൽബ്രഹ്മജ്ഞാനിയാ
യ്ഭവിച്ചീടും * ശപ്ദദീപാരാധനസമയേവണങ്ങുകിൽ സൎവ്വ
രോഗവുംതീൎന്നുപശുപുഷ്ടിയുമുണ്ടാം * ഹരിവാസരേനിറമേറു
ന്നദീപോത്സവം ഹരിസന്നിധിയിങ്കലാമ്മാറുഘോഷിപ്പവൻ *
ശതവത്സരംമാഘമാസത്തിൽപ്രയാഗത്തിൽ കൃതമാംപ്രാതഃ
സ്നാനഫലവുംലഭിച്ചീടും * ശിവലിംഗത്തെസ്സോമവാരത്തിൽ
ദാനംചെയ്യുന്നവനുള്ളൊരുപുണ്യംചൊല്ലുവാനരുതേതും * ശ്രീ
പതിക്കാരാധിച്ചദീപത്തെയുഴിഞ്ഞംഗ വ്യാപകംചെയ്കിൽതീ
രുംകുഷ്ഠാദിരോഗമെല്ലാം * ധൂപദീപാൎച്ചനങ്ങളേതുമില്ലാതെത
ന്നെ ശ്രീപത്മനാഭൻതന്നെപ്പൂജിച്ചീടുന്നാകിലോ * ധൂമപൻ
നരകത്തെബ്ഭുജിച്ചദിവാന്ധനായ് ഭൂമിയിൽനൂറുജന്മംജനിക്കുമ
റിഞ്ഞാലും * ആകയാൽസോമവാരേവിധിക്കുതക്കവണ്ണം ലോ
കനാഥനെപ്പൂജിച്ചുപവാസവുംചെയ്തു * സന്നിധൌവസിച്ചു
റങ്ങീടാതെദിവാരാത്രം നന്നായിസ്സേവിക്കിലോമുക്തിയുംലഭിച്ചീ
ടും * ഗംഗാദിതീൎത്ഥങ്ങളിൽവെച്ചേററംപരിശുദ്ധം ഗംഗാശേ
ഖരന്നാരാധിച്ചുതൃപ്പുകഭസ്മം * ധരിക്കിലപസ്മാരംഗുന്മവുംകു
ഷ്ഠംജ്വരം തെരിക്കെന്നകന്നീടുമഖിലപാപങ്ങളും * ധൂപഭ
സ്മോദ്ധൂളിതവിഗ്രഹനായനഘം ശ്രീപശുപതിപൂജചെയ്കി
ടിലത്യുത്തമം * ശ്രാദ്ധകൎമ്മവുമതുപോലവേചെയ്കിൽഗയാ
ശ്രാദ്ധകൎമ്മത്തിൻഫലംലഭിക്കുമെന്നുനൂനം * അപരകൎമ്മങ്ങളു
മ്പിണ്ണമേചെയ്തീടുകിൽ സപിതൃകുലദ്വയംസ്വൎഗ്ഗത്തെപ്രാപി

ച്ചീടും * കാൎത്തികേസോമവാരേശിവപൂജയുംതഥാ പ്രോക്ത
മേചെയ്തുശേഷംതന്തിരുവടിമുമ്പിൽ * അൎഘ്യംനല്കേണംപാ
ലാലംബ്ബുവാലെന്നാകിലു മൎഘ്യനാംമഹേശനുംഗൌരിക്കുംകുമാ
രനും * ഇഷ്ടാൎത്ഥങ്ങളുംപ്രാൎത്ഥിച്ചാചമിച്ചനന്തരം തുഷ്ടനായു
പവസിച്ചുറക്കമിളെക്കേണം * ശക്തിയില്ലെങ്കിലേകഭുക്തമെ
ന്നാലുംപോരും ഭക്തിയുണ്ടെന്നാലുറങ്ങീടിലുമില്ലദോഷം * ക
ല്യാണകാലത്തിലുമുത്സവത്തിലുംപിന്നെ ക്ഷ്യൂരാംമഹാവിഷ്ണുഭ
ക്തന്മാരെത്തുമ്പോഴും * തിഥിവാരേഷുനിഷേധിച്ചസാധന
മെല്ലാം വിധവുംഭക്ഷിച്ചീടാമതിനാലില്ലദോഷം * വ്രതത്തിങ്ക
ലുംനിഷ്ഠാമന്മരാംഭക്തന്മാൎക്ക വിധിച്ചതല്ലെന്നാലുമില്ലല്ലോനി
ഷേധവും * രോരോടീവണ്ണംനോററുപിററന്നാളുഷക്കുമ്പോൾ
പാരണംചെയ്തീടേണംനിത്യകൃത്യാനന്തരം * മുക്തിയിലിച്ഛ
യുണ്ടെന്നാകിലാസക്തിഹീന മുക്തകൎമ്മംചെയ്തീശൻതന്നെയ
ൎച്ചിച്ചീടേടോ * ഹരിസേവയുംനിത്യകൎമ്മവുംയഥാബലംകുരു
നീമഹാളയമുഖ്യപൈതൃകങ്ങളും * വിമലകൎമ്മങ്ങൾചെയ്തഗ്നി
യെവെടിഞ്ഞവ നമഹാളയംപിതൃകൎമ്മങ്ങൾചെയ്യുന്നോനും *
നിന്ദ്യനായ്ഹതനായിവന്നീടുമെന്നുനൂനം സുന്ദരീനാഥൻനാപും
സകനെന്നതുപോലെ * കാൎത്തികേസോമവാരേനോററുറങ്ങാ
തെഭക്ത്യാ പാൎത്തുപാൎസിക്കിൽമോക്ഷംസാദ്ധ്യമാംനിസ്സംശ
യം * ചൊല്ലുവനിതിന്നുദാഹരണമിതിഹാസം ചൊല്ലേറ്റുംമ
ഹീപതേകേട്ടുകൊണ്ടാലുംഭവാൻ * ശ്രവണംകൊണ്ടുതന്നെ
പാപങ്ങൾനശിച്ചുപോം ശിവപൂജനത്തിൻെറഫലവുംസിദ്ധി
ച്ചീടും * പണ്ടിഹഗോദാവരീതീരത്തുവിനതന്നെ നുണ്ടായാൻ
സൎവ്വശാസ്ത്രതത്വജ്ഞനാമവിപ്രൻ * ശ്രൌതസ്മാൎത്തങ്ങളായ
കൎമ്മങ്ങളെല്ലാററിലും വൈദഗ്ദ്ധ്യശാലിശ്രുതിസ്മൃത്യാദിവിചക്ഷ
ണൻ * പരദ്രവ്യത്തെഗ്രഹിച്ചീടുവാനിച്ഛയാലേ ധരിച്ചുഭസ്മ
രുദ്രാക്ഷങ്ങളുംസദാകാലം * കാമുകൻദുരാചാരൻവാചാലൻ
ബഹുഭാഷി സോമയാജിതിമഹാവിശ്രുതൻമഹാവിദ്വാൻ *
പുത്രന്മാർപൌത്രന്മാരുമെത്രയുംവളരെയു ണ്ടുത്തമഹോമാദിക

ർമ്മങ്ങളും ചെയ്തീടലേതും * മുക്തനെന്നതുപോലെസജ്ജനസമാ
ജത്തിൽ നിത്യവുംശിവോഹമെന്നോതീടുംമഹാഖലൻ * ക
ഷ്ഠൻദംഭശാലിനിഷ്ഠുരൻമഹാശഠം ഉന്മത്തനസൂയാലുകോപ
നൻദയാഹീനൻ * ദാരപുത്രാത്മഗേഹാദ്യങ്ങളിലത്യാസക്തൻ
ചോരൻനാസ്തികനേററംഗർവ്വനെന്നപോലെ * സാധുക്കൾക്കി
ല്ലാത്തദോഷത്തെയുംകല്പിച്ചീടുംസാധുവാമാത്മജ്ഞാനിതാനെന്നു
ഭാവിക്കയും*ഇങ്ങിനെസമ്പാദിച്ചാൻദ്രവ്യവുമയ്യായിരമങ്ങിനേത
ന്നേവയസ്സെമ്പതുചെന്നകാലം*കേവലംശിശ്നോദരപൂരിതനായ
ഭൂമിദേവൻതൻഗൃഹംതന്നിൽമദ്ധ്യാഹ്നകാലത്തിങ്കൽ* കൃഷ്ണവാ
വുന്നാൾശ്രാദ്ധംചെയ്യാതെപിതൃദ്രോഹി തൃഷ്ണയാപുത്രപൌത്ര
ഭാര്യാബന്ധുക്കളോടും * ഭക്ഷണത്തിന്നായൊരുമ്പെട്ടിതുയഥാര
സംതൽക്ഷണേനവന്നാനൊരുപാന്ഥനുംഗൃഹാന്തരേ*വിശന്നുദാ
ഹിച്ചേററംവലഞ്ഞുമന്ദസ്വരംഭൃശംപീഢയോടന്നംയാചിച്ചാൻ
നാണിച്ചവൻ*വിനതൻചൊല്ലീടിനാൻശ്രാദ്ധമുട്ടേണ്ടുന്നനീയ
നയമന്നത്തെയാചിപ്പതുമൂഢബുദ്ധേ * കോപിച്ചീവണ്ണംചൊ
ന്നവാക്യത്തെക്കേട്ടപാരം താപത്തോടതിഥിയുംചൊല്ലിനാൻ
ദീനദീനം * ആപന്നന്മാർക്കുദോഷമില്ലതിന്നെന്നുനൂനം പ്രാ
പിച്ചോരതിഥിയെഗൃഹസ്ഥൻപൂജിക്കേണം * വിദ്വാനായ്
സോമയാജിയാംഭവാനെന്തുമൂല മിത്തരമെന്നോടവമാനിച്ചു
ചൊല്ലീടുവാൻ * ഏറെയുംകോപിച്ചുഭത്സിച്ചുപിന്നെയുംചൊ
ന്നാൻ ചോറുനീയാചിക്കിലുംവാദിപ്പാൻവരികിലും * നാസ്തി
യെന്നുരചെയ്താല്പിന്നെയുംയാചിപ്പതെ ന്താസ്ഥയാഗൃഹന്തോ
റുംതണ്ഡുലംയാചിച്ചുനീ * ശ്രാദ്ധകർമ്മത്തെച്ചെയ്തുഭുജിക്കപരാ
ന്നത്താൽ പ്രാപ്തമായിടുമെല്ലോനരകംമൂഢപ്രഭോ * പിന്നെ
യുംചൊന്നാൻപാന്ഥൻഭാര്യയുംമരിച്ചുപോയ് ഖിന്നനായ്ദരിദ്ര
നായ്ക്കുന്നുഴന്നീടുമെന്നെ* വെടിഞ്ഞുബന്ധുക്കളുംസോദരൻപോ
ലുംകാൺകിൽ കഠിനവാക്യങ്ങൾചൊല്ലീടുമെന്നതേവേണ്ടു *
ധനമുള്ളവനുണ്ടുബന്ധുക്കൾമിത്രങ്ങളും ബലനശക്തിയുംസ്വാവം
ദൈവതാദിവയെല്ലാം * വൈദികധർമ്മങ്ങളുമൊക്കവേയറിയും

ഞാൻ വൈദഗ്ദ്ധ്യമില്ലായ്കയുമല്ലെന്നു ചെയ്യേണ്ടതും * ദാരിദ്ര്യം
കൊണ്ടുപൈപെദാഹംപൂണ്ടുവലഞ്ഞുഞാൻ നേരത്രേചൊല്ലുന്നുമാ
ർഗ്ഗത്തിലുമകപ്പെട്ടേൻ * പുരസ്ത്രീപാകകർമ്മം ചെയ്യാതെപരാല
യേ വിരഞ്ഞുധർമ്മഹീനംശ്രാദ്ധമൂട്ടീടുന്നവൻ * പിതൃക്കൾത
ന്മലമഭക്ഷിച്ചീടുകയത്രേനൂനം പിതൃക്കളവർഗൃഹേവസിക്കുന്ന
വരേയും * ഭവനത്തിങ്കൽനിന്നുദൂരത്തുഗമിച്ചീടു മവനെഭഗ
ന്മാരായ്ശപിക്കുംപിതൃക്കളും * വിത്തവുംപുത്രന്മാരുമില്ലാതെ
ലോകത്തിങ്ക ലെത്രയുംനിന്ദ്യനായിഭവിക്കയെന്നുംപിന്നെ *
വംശവുംപിശാചഭൂതപ്രേതമുഖ്യങ്ങളാൽ ഭ്രംശിച്ചുപോയീടുകെ
ന്നധികംക്രോധത്തോടും * അപ്പോഴേദഹിച്ചുപോംവംശവും
നിസ്സംശയ മല്പാഗ്നികൊണ്ടുപക്ഷത്തിക്കുന്നെന്നതുപോലെ *
പർവ്വത്തിൽശ്രാദ്ധംചെയ്തീടായ്കയുമന്യരെക്കൊ ണ്ടെവ്വണ്ണംപാക
കർമ്മംചെയ്യിക്കയെന്നുള്ളതും * അന്യഗേഹത്തിൽകർമ്മംചെയ്ക
യുംശ്രോത്രിയന്മാരെന്നിയേയുള്ളോർകളെയൂട്ടുകെന്നതുംതഥാ *
ദക്ഷിണാഹീനമായുംപാദജദ്രവ്യംകൊണ്ടു തൽക്ഷണേ സംഭ്രമി
ച്ചു ചെയ്തീടുകെന്നുള്ളതും * പവിത്രമധുമാഷമെന്നിവകൂടാതെ
യും പ്രവൃദ്ധനിഷിദ്ധവ്യഞ്ജനത്താൽചെയ്യുന്നതും * നാലാം
യാമത്തിങ്കലുംശ്രാദ്ധഭോജനം ചെയ്യും കാലത്തുമൗനംദീക്ഷി
ച്ചീടാതെയിരിക്കയും * ഇത്യാദിദോഷങ്ങളാലൊന്നുസംഭവിച്ചീ
ടി ലത്യന്തംഹതമാകുംശ്രാദ്ധമെന്നതുനൂനം * ആകയാൽസാ
വധാനംചിന്തിച്ചുചെയ്തീടേണം ലോകത്തിൽപിതൃകർമ്മമെത്ര
യുംമുഖ്യമല്ലോ * വ്രതങ്ങളെല്ലാററിലും ശ്രദ്ധയാകർത്തവ്യത്താൽ
പിതൃകർമ്മത്തെ ശ്രാദ്ധമെന്നുചൊല്ലീടുന്നതും * വിധിനാചെയ്തീ
ടായ്കിൽശ്രാദ്ധമാസുരമായ്പോം മതിനാൽപിതൃക്കളുമധികംകോ
പിച്ചീടും * അവനെൻറവംശത്തിങ്കലുണ്ടാകുംപുത്രന്മാരു മവ്വ
ണ്ണമാസുരന്മാരായിചന്നീടുമല്ലോ * നാസ്തികന്മാരായവൈദിക
ന്മാരായിപ്പിന്നെ നാസ്തിയെന്നാവുംവരുംകുലവുംക്രമത്താലെ *
ആകയാലാമശ്രാദ്ധം ചെയ്യേണമാപത്തിലു മാകുലത്തോടെന്ന
ല്ലോസ്മൃതിയുംവിധിക്കുന്നു * തിരഞ്ഞുംപദാർത്ഥങ്ങളതിനുംകിട്ടാ

സ്ഥിലോ ഹിരണ്യശ്രാദ്ധംചെയ്യാമെന്നുമുണ്ടൊരുപക്ഷം * ജാ
യയില്ലാതവനുംദരിദ്രൻതാനുംപിന്നെ ക്കായവാങ്മനസ്സുകൾ
കൊണ്ടുസന്തതംഭക്ത്യാ * ശ്രീനാരായണശ്രീപാദാംബുജംസേ
വിച്ചുകൊണ്ടാനന്ദത്തോടുവൈരാഗ്യജ്ഞാനശുദ്ധാത്മാവായ് *
ദാന്തക്ഷാന്തനായ്ജിതേന്ദ്രിയനായ്നടക്കേണ മെന്നുമേഗൃഹ
ത്തിങ്കൽവസിച്ചീടരുതെല്ലോ * വൈധുര്യ്യംപൂണ്ടുനഷ്ടനായീടും
നിരാശ്രമി വൈധവ്യംവന്നനാരീഭൂഷണമെന്നപോലെ * ഗംഗാ
സ്നാനത്തിനായിഗ്ഗമിച്ചീടുന്നുഞാനു മിങ്ങധഃപതനത്തെശ്ശങ്കി
ച്ചെന്നറിഞ്ഞാലും * കാശീക്ഷേത്രത്തിൽദേഹനാശപ്രാപ്തിയാ
ലഘപാശംപോയ്സ്വർല്ലോകാവകാശവുംലഭിക്കുന്നു * ഹിരണ്യ
ശ്രാദ്ധംയഥാശക്തിഞാൻചെയ്തീടിനേൻ പരിപൂർണ്ണതപംപി
ന്നെവൈഷ്ണവകർമ്മംകൊണ്ടും * അർദ്ധഗ്രാസാർദ്ധൻതന്നെപോ
രുമന്നവുമത്ര സിദ്ധിക്കിലിപ്പോഴില്ലമരണമെന്നൂനം * കണ്ണു
നീരോടുമേവംയാചിച്ചാൻപുനഃപുനഃ കർണ്ണശൂലാഭവാക്യംകേട്ട
പ്പോളവിനതനും * ധിക്കരിച്ചാട്ടിപ്പുറത്താക്കിനാൻകഷ്ടംകഷ്ടം
ദുഃഖത്തോടതിഥിയുംമറെറാരുഗൃഹംപുക്കാൻ * വിനതൻതനി
ക്കുള്ളജനങ്ങളോടുംതുഷ്ട മനസാസംമൃഷ്ടമായ്ഭുജിച്ചുയഥാരസം *
അത്രനേരവുംപാർത്തിട്ടവൻറെപിതൃക്കളു മെത്രയുംദുഃഖംപൂണ്ടു
ശപിച്ചുഭയങ്കരം * അതിഥിതന്നെയവമാനിച്ചുനീയിന്നധഃപ
തനംവന്നുനഷ്ടനായ്പോകയെന്നിങ്ങിനെ * കോപിച്ചുശപിച്ചു
ടൻദേവന്മാരോടുംദിവം പ്രാപിച്ചുപിതൃക്കളുമന്നുരാത്രിയിൽത
ന്നെ * കള്ളന്മാർവില്ലുമമ്പുംവാളുംശൂലവുംധരി ച്ചുള്ളവിത്ത
ങ്ങളൊക്കെക്കവർന്നുപോകുംവിധൌ * കണ്ടുപേടിച്ചുനിലവിളിച്ചു
തനൂജനും കണ്ണാഛേദിച്ചുഗേഹംകൊള്ളിയുംവെച്ചുവേഗാൽ *
മണ്ടിനാൻകവാടവുംബന്ധനംചെയ്തുതങ്ങൾ ക്കിന്നബലുണ്ടായീടു
മെന്നുണ്ടായശങ്കയാലെ * ഗൃഹവുംപുത്രന്മാരുംഗൃഹിണീപൌ
ത്രന്മാരും ദഹനൻപിടിപെട്ടുസഹസാദഹിച്ചിതു * മൃത്യുശങ്ക
യാബഹിർഗ്ഗതനാംവിനതനു മാർത്തനാദത്തെക്കേട്ടുപേടിച്ചുമ
ണ്ടീടിനാൻ * ആർത്തനായേററംപുത്രഭാര്യാദിവിയോഗത്താൽ

പേത്തുമൃച്ഛത്തിൽകരഞ്ഞാനഹംബന്ധുമദ്ധ്യേ * വസിപ്പാൻ
നാണിച്ചുപോയഞ്ചുയോജനമാത്രം പ്രസിദ്ധംബ്രഹ്മേശ്വരമെ
ന്നുള്ളശിവാലയം * രാത്രിയിൽപ്രാപിച്ചിതുകാത്തികേസോമ
വാരേ ശ്രോത്രിയാകാരത്തോടുമാത്തനായതിക്ഷുധാ * രുദ്രാക്ഷ
ഭസ്മങ്ങളുംധരിച്ചുവണങ്ങിനാൻ രുദ്രസന്നിധൌസോമവാസരേ
വ്രതവ്യാജാൽ * ഭദ്രദായകൻതന്നെസ്തുതിച്ചുപലവിധം വിദ്രു
തംജപംഭാവിച്ചിരുന്നുസഭാന്തരേ * സോമവാരവുംനോററുസോ
മനായ്ദയാലുവാം സോമശേഖരൻതന്നെപ്പൂജിച്ചുയാമംതോറും *
മുററീടുംഭക്തിയോടുംഭഗവല്ക്കഥകേട്ടു ചെററുമേയുറങ്ങാതെമേ
വുംബ്രാഹ്മണമദ്ധ്യേ * അററമില്ലാതപുത്രദാരാദിദുഃഖമുൾക്കൊ
ണ്ടിററിററുവീഴന്നൊരുകണ്ണുനീരോടുംതദാ * പാററാതെചമ
ഞ്ഞിതുനിദ്രയുമാധിയാലെ മുററുംഭക്തിയാലെന്നുഭാവിച്ചുവിനത
നും * തെറെറന്നുമോഷ്ടിപ്പതിന്നെന്തുള്ളതെന്നോർത്തുള്ളിൽ മ
റെറാന്നുംചിന്തിയാതെമരുവുംദശാന്തരേ * നെററിക്കണ്ണനാം
ദേവൻപൂജയുംസമർപ്പിച്ചു കുററമെന്നിയേയുഷഃകാലത്തുകുളിപ്പാ
നായ് * മററുള്ളവിപ്രരെല്ലാംഗമിച്ചോരനന്തരം മുററുസേവി
പ്പാനെന്നുഭാവിച്ചുചെന്നുവേഗാൽ * കററവാർകുഴലാളാംദേവി
തൻകണ്ഠഭൂഷ തെറെറന്നുകാഞ്ചിയോടുംമോഷ്ടിച്ചുസസംഭ്രമം *
കൊററിനുണ്ടായിമമദാരിദ്ര്യംകൊണ്ടുള്ളമാ ലററിതെന്നോർത്തുമ
ന്ദംപുറത്തുപോന്നീടിനാൻ * ചെററുചെന്നപ്പോളലങ്കാരങ്ങൾ
കാണായ്കയാൽ കൊററവൻദണ്ഡിപ്പിക്കമെന്നോർത്തുശിവാച്ച
കൻ * ചുററുമങ്ങോട്ടിങ്ങോട്ടുനോക്കിമണ്ടുമ്പോൾനില തെററി
യവിനതനുംപേടിച്ചുമണ്ടീടിനാൻ * പാറിയെന്നോർത്തുശി
വാച്ചകനുംകൂടമണ്ടി ച്ചുററിനാർശിവാലയമങ്ങിനെമൂന്നുവട്ടം *
ഏററിനാനടുത്തപ്പോൾകൽകൊണ്ടുവിനതൻറ നെററിക്കുമീ
തെയുള്ളിൽനിറഞ്ഞരോഷത്തോടും * തെറെറന്നുവിനതനും
കയ്യിലെദണ്ഡുകൊണ്ടൊ ന്നെററിനാൻശിവാച്ചകൻതന്നുടെമൂ
ൎദ്ധാവിലും * മുററുംപിടയാശിവശിവയെന്നോതിപ്രാണ ന
റുസന്നിധൌപതിച്ചീടിനാൻശിവാച്ചകൻ * പത്തടിവെച്ചു

രക്തംഛർദ്ദിച്ചുവിനതനും മുക്തജീവനനായ്‌വീണീടിനാൻധരാ
തലേ * ഊർദ്ധ്വകേശങ്ങളോടുംരൌദ്രദംഷ്ട്രങ്ങളോടും ക്രൂദ്ധദേ
വൻതാനയച്ചുള്ളകിങ്കരന്മാരും * കുത്തുമുത്തോരുശൂലംവാളും
പാശവുംകയ്യിൽ ചേർത്തുവന്നിവരെയുംബന്ധിച്ചുതലകീഴായ് *
ഇഴച്ചുമീച്ചവാളാലറുത്തുംകൊണ്ടുപോമ്പോൾ തഴച്ചകാരുണ്യാം
പുരാരിയാംമഹാദേവൻ * കല്പിച്ചുശിവാകാരന്മാരായദൂതന്മാ
രും മുൽപ്പുക്കഭർത്സിച്ചുപാശങ്ങളുംകഴിച്ചുടൻ * ശിവസേവയാ
നിഷ്പാപന്മാരാംദ്വിജന്മാരെ നവശോഭമാംവിമാനത്തിന്മേലേ
റ്റീടിനാൻ * അന്തകദൂതന്മാരുമായുധങ്ങളുംധരി ച്ചന്തികേ
ചെന്നുസന്നദ്ധന്മാരായതിദ്രുതം * അന്തകാന്തകൻതൻറദൂ
തന്മാരോടുചെന്നാ രന്തഃക്രോധത്തോടടിവെട്ടീടുന്നതുപോ
ലെ * എന്തൊരുബന്ധംജനിച്ചുന്നതൊട്ടിന്നയോളം സന്തതം
ദുരാചാരംകൊണ്ടുപാപിഷ്ഠന്മാരായ് * ഹന്തനരകമനുഭവി
പ്പാൻയോഗ്യന്മാരാ മന്തണന്മാരേപാശബന്ധംവേർപെടുപ്പാ
നും * അന്തരാവിമാനത്തിലാമ്മാറുകേററിലോ കാന്തരംഗ
മിപ്പാനുമയച്ചീടുമോഞങ്ങൾ * അന്തകൻഞങ്ങളുടെരാജാവു
മദ്ധ്യസ്ഥിത നന്തരാശാസ്ത്രാർത്ഥതത്വജ്ഞനാലധർമ്മാത്മകർ *
അന്ധകാരേണചെയ്തപാപാപോക്കുവാൻനര കാന്തരങ്ങളിലി
ട്ടുപീഡിപ്പിച്ചീടുന്നതും * കിന്തുനശ്വരംദേഹംക്ഷണികമെന്ന
തുള്ളിൽ ചിന്തിച്ചീടാതെപാപംചെയ്യുമിമ്മാനുഷരെ * അന്ത
മില്ലാതനരകങ്ങളിലിട്ടുപാപ മന്താവന്നീടുവോളംദണ്ഡിപ്പി
ക്കെന്നിങ്ങിനെ * ചെന്താരിലുണ്ടായെഴുംബ്രഹ്മാവുസൃഷ്ട്യാദി
യിൽ ചിന്തനചെയ്തുനിയോഗിക്കയാലെന്നുനൂനം * അന്ധബു
ദ്ധികളായനിങ്ങളുംമര്യാദക്കി ന്നന്തരായത്തെവരുത്തീടുവാനെ
ന്തുമൂലം * ബന്ധുരമായധർമ്മമെന്തിനൊലോകത്തിങ്കൽ സന്ധി
പ്പുസാധുക്കളുമിങ്ങിനെതുടങ്ങിയാൽ * സിന്ധുരാസുരപരിപന്ഥി
കിങ്കരന്മാരും സിന്ധുഗംഭീരവാക്യംചിരിച്ചുചൊല്ലീടിനാർ *
ഹീനന്മാരോടുധർമ്മംചൊല്ലുംപണ്ഡിതന്മാർക്കു നൂനമപ്പൊഴേയ
വമാനവുംഭവിച്ചീടും * ദീനനാംപാമ്പിന്നുപാൽകൊടുക്കുന്ന

വൻപാരം ദൂന്നാമെന്നുലോകപ്രസിദ്ധമാകയാലെ * രാജസ
ന്മാരാംനിങ്ങളെല്ലാംധമ്മവുംധമ്മ രാജൻതന്നോടുതന്നെചെന്നു
ചോദിച്ചീടുവിൻ * സൌജന്യംനിങ്ങളോടെന്തെന്നുകേട്ടതുനേ
രം തേജോവൈകല്യമോൎത്തുയമകിങ്കരന്മാരും * ങ്ങയച്ചുപോ
യ്യൊള്ളുവിനിവരെനിങ്ങളിനി യയക്കയില്ലധൎമ്മംത്യജിക്കയില്ല
ഞങ്ങൾ ഭൂഷണധമ്മത്തിന്നുയത്നത്തെച്ചെയ്യുന്നതു ദൂഷണമില്ല
താനുംസാധിച്ചീലെന്നാകിലും * ഇത്തരംചൊല്ലിശ്ശൂലതോമരക്ര
കചാദിശസ്ത്രങ്ങളസ്ത്രങ്ങളുമത്യുഗ്രംപ്രയോഗിച്ചാൻ * ഇടിവെട്ടി
വണ്ണംഗൎജ്ജിച്ചുഗൎജ്ജിച്ചുടലുടനേ തുടൎന്നപ്പോൾശിവപാൎഷദന്മാ
രും * കോപിച്ചുഗദാഖഡ്ഗമുസലശൂലാദിയെ ക്ഷേപിച്ചാരു
ടൻമഹാതപന്മാരത്യുൽബണം * ശങ്കരധൎമ്മരാജകിങ്കര
സംഘംതമ്മിൽസംഘടിച്ചോരുസംഘമെത്രയുംഭയങ്കരം * കങ്ക
ടജംഘോരുജാനുക്കളുമടലിലറങ്കിതന്മാരാം യമകിങ്കരരോടീടി
നാർ * ധമ്മനിന്ദയുംചെയ്തു കോപതാപങ്ങളോടുംധമ്മരാജ
ന്റെമുമ്പിൽചെന്നവരറിയിച്ചാർ * ധമ്മൻവിസ്മയപ്പെട്ടുചി
ത്രഗുപ്തനസാക മുണ്മയോൎത്തറിഞ്ഞുകിങ്കരന്മാരോടുചൊന്നാ
ൻ * നിമ്മലനായമഹാദേവനോടിതുകാലം കമ്മണാപിഴച്ചു
നാംക്ഷമിച്ചിടേണംനിങ്ങൾ * സ്വാമികാൎയ്യാൎത്ഥംദുഃഖിക്കുന്നാ
കിലതുംപുണ്യമാമെന്നുതന്നെയല്ലോസ്മൃതിയുംവിധിക്കുന്നു * പൂ
തമാംവാക്യംകേട്ടപ്പോധൃഷ്ടികളായ ദൂതന്മാരപ്പോഴവനോടു
പൃച്ഛിച്ചീടിനാർ * പാപമേതെന്നുംപുണ്യമേതെന്നുംവിശേഷി
ച്ചുംപാപനിഹാരംവരുംവഴിയെങ്ങിനെയെന്നും * യുഷ്മാദിയാ
ജ്ഞാവിമുഖന്മാരാരെന്നുമെല്ലാം മസ്മാകമുപദേശിക്കേണമെന്നതു
നേരം * അന്തകൻചൊല്ലീടിനാൻസമസ്തപാപങ്ങളും ചെന്നു
പോകുന്നധമ്മംധരിച്ചുകൊൾവിനെങ്കിൽ * അന്ത്യകാലത്തി
ങ്കൽനാരായണസ്വാമിതന്നെച്ചിന്തിക്കിലൊടുങ്ങീടുംസകലപാ
പങ്ങളും * സൽപാത്രേസാളഗ്രാമദാനവുമവ്വണ്ണമേ കല്പിച്ചു
പോലെതന്നേ ദക്ഷിണവേണംതാനും * താപകാരണമായ
പാപവുംചൊല്ലീടുവൻ കോപാദികൊണ്ടുമഹാനിഷ്ഠുരത്വവും

പിന്നെ * സർവ്വഭൂതങ്ങളിലുംനിഷ്കൃപനാസ്തികത്വംസർവ്വദാ
പുത്രാദിയിലേറിനമമത്വവും * പുണ്യമോപരോപകാരംചെ
യ്കയെന്നുള്ളതും പുണ്യപൂരുഷന്മാരെപ്പൂജിക്കലോഭംവിനാ *
വിഷ്ണുപൂജനംയഥാവിധിതംചെയ്യുന്നതും വിഷ്ണുലീലയെശ്രൂ
വിക്കെന്നതുംപുണ്യമെല്ലാം * ശക്തിക്കതക്കവണ്ണംസൽക്ക
ൎമ്മംചെയ്യുന്നോരുംചിത്തത്തിലലമലിവിയലുംജനങ്ങളും * വി
ഷ്ണുസേവകന്മാരുംശിവപൂജകന്മാരും വിഷ്ണുപൂജാദികൾക്കവേണ്ട
തുകൊടുപ്പോരും * ശിവനേദേഹാന്തത്തിൽസ്മരിക്കുംജനങ്ങളും
ശിവലിംഗത്തെദ്ദാനംചെയ്യോരുംസംക്ഷീണം * ശ്രോത്രിയൎക്ക
പകാരംചെയ്യുന്നപുരുഷരും പേത്തുമൽപുരിയിങ്കൽവരുമാറി
ല്ലയെല്ലാം * കാമ്യകൎമ്മങ്ങൾവിട്ടുനിത്യനൈമിത്തികങ്ങളാം
വണ്ണമനുഷ്ഠിച്ചുകരുണാശീലന്മാരാം * ഹരിപാദാംഭോരുഹഭ
ക്തന്മാരെന്നുമെൻറയരികെവരികയില്ലെന്നതുധരിച്ചാലും *
സുവർണ്ണസ്തേയിസുരാപായിനാസ്തികൻശഠനവനീസുരഘ്നനെന്നാ
കിലുംദേഹാന്തത്തിൽ * വിഷ്ണുദ്ധ്യാനത്തെച്ചെയ്കിൽവിഷ്ണുവേ
പ്രാപിച്ചീടും വിഷ്ണുദ്ധ്യാതാവേദ്ധ്യാനിച്ചീടിലുമതുപോലെ *
ഹരശങ്കരശംഭോഗൗരീവല്ലഭവിഭോ ഗിരിശവൃഷദ്ധ്വജചന്ദ്രശേ
ഖരജയ * സോമവാരത്തിലേവംകീർത്തിച്ചുമഹേശനെയാമി
നിയിലുമുറങ്ങാതുപവസിക്കിലോ * ദുഷ്ടനെന്നാലുംമഹാദേവ
നെപ്രാപിച്ചീടും പുഷ്ടമംഗലപ്രദകാർത്തികേസോമവാരേ * ഉ
പവാസവുംചെയ്തുരാത്രിയിലുറങ്ങാതെ ശിപിവിഷ്ടനെപ്പൂജിക്ക
ന്നവൻനിഷ്കാമനായ് * ശങ്കരൻതൻെറപദംപ്രാപിക്കുംയഥാ
സുഖംശങ്കയില്ലേതുമെന്നുചിന്തയിലുറച്ചാലും * ഓരോരോപു
ണ്യങ്ങൾചെയ്തോരോരോജനമെല്ലാമോരോരോപുണ്യലോകമത
തിന്നനുരൂപം * പ്രാപിച്ചീടുന്നുസദാകാലവുംമമാജ്ഞയാ
വൈപക്ഷ്യമില്ലസമവർത്തിയാംനമുക്കെടോ * ഉച്ചത്തിൽശിവ
ശിവയെന്നേവംശിവാച്ചകനുച്ചരിച്ചുടൻ മരിച്ചീടുകനിമിത്തമാ
യ് വിശ്വദുഷ്കൃതങ്ങളുംനശിച്ചുശുദ്ധാത്മാവായ് വിശ്വനായ
കൻതൻെറപുരത്തെപ്രാപിച്ചതും * പാപിയാംവിനതനും

കാൎത്തികേസോമവാരേ താപവുംവിശപ്പുമുണ്ടാകയാലുറങ്ങാ
തെ * മറവുള്ളോരെന്നെബ്ബഹുമാനിച്ചീടേണമെന്നു മുറവും ചി
ന്തിച്ചാകിലുംശിവപൂജനം ചെയ്തു * ശിവകീൎത്തനവും ചെയ്തരു
ണോദയത്തോളംശിവനാഭത്തെനിഷ്ഠദ്വാദശസമന്വിതം *
പൌരാണികന്മാരെക്കൊണ്ടുകൊടുത്തീടിനാൻതന്റെ പൌരുഷം
പ്രസിദ്ധമാകേണമെന്നിട്ടുതന്നെ * ബ്രഹ്മഹത്യയും ശിവനാഭ
ദാനത്താൽനീങ്ങി ബ്രഹ്മപൂജ്യനാംമഹേശ്വരനെസ്സോമവാരേ*
ഉറക്കമിളച്ചുപവസിച്ചുസേവിക്കയാൽ നിറക്കുംശിവപദംലഭ
ച്ചിതറിഞ്ഞാലും * കാൎത്തികസോമവാരമാഹാത്മ്യമാക്കുചൊ
ല്ലാം പാൎത്തുകണ്ടാലുംദൃഷ്ടാന്തംമഹീസുരൻതന്നെ * ജനിച്ച
ദിനംതൊട്ടുപാപമേ ചെയ്തീടിലും നിനച്ചുദേഹാന്തത്തിൽശ്രീ
കൃഷ്ണൻതന്നെയെന്നാൽ * സാളഗ്രാമത്തെദ്ദാനം ചെയ്കിലും
വിശ്വാസനായ്മേളത്തോടെല്ലാവൎക്കുംവൈകുണ്ഠംപ്രാപിച്ചീടാം *
അരുണോദയത്തിങ്കൽകാൎത്തികേസോമവാരേപരിചോടൊരുജ
ലസ്ഥലത്തിൽസ്നാനം ചെയ്തു * ഗിരിശൻതന്നെസ്സേവിച്ചുപ
വാസവും ചെയ്കിൽദുരിതൌഘങ്ങളെല്ലാംനശിക്കുംനിസ്സംശയം*
ഇന്നുതൊട്ടിനിമേലിൽ കാൎത്തികേസോമവാരേമന്നിടംതന്നിലു
പവസിച്ചുയഥാതഥം * പന്നഗാഭരണനെയുറവുസേവിക്കുന്ന
വൻതന്നെയെന്നുമേയിങ്ങു കൊണ്ടുപോന്നീടായ്കെടോ* ലുബ്ധൻ
നാസ്തികൻഡംഭിസാധുനിന്ദകൻ സദാസദ്ധൎമ്മവിഹീനനായു
ള്ളവനെന്നാകിലും * വിഷ്ണുസേവകവ്യാജാൽശിവനെനിന്ദി
ക്കിലും വിഷ്ണുവെനിന്ദിക്കിലുംശിവസേവകവ്യാജാൽ * ദുൎബ്ബു
ദ്ധിപെട്ടമപ്പാപിഷ്ഠജനങ്ങളെ നിൎബ്ബന്ധിച്ചിങ്ങുകൊണ്ടുപോ
രേണം നിരസ്തളം * ധൎമ്മരാജനുമവൻതന്റെകിങ്കരരോടുതാന്മ
തം ബോധിപ്പിച്ചുസത്വരംസഭാന്തരേ * മാമകമപരാധംക്ഷ
മിക്കേണമേയെന്നു സോമശേഖരൻതന്നെനമസ്കാരവും ചെ
യ്താൻ * ധൂൎജ്ജടിലോകാപ്തിയിലിച്ഛയുണ്ടെങ്കിൽനീയുമൂൎജ്ജമാ
സത്തിൽസോമവാരോപവാസവും ചെയ്തൂൎജ്ജിതാത്മനാശിവ
പൂജചെയ്താങ്ങാതെസൂൎജ്ജമാഹാത്മ്യന്മാരാംബ്രാഹ്മണൎക്കന്ന

ദാനം * പിററന്നാൾഭക്തിപൂർവ്വംചെയ്യട്ടോമഹീപതേ മററാതെബാലന്മാക്കുംവൃദ്ധദുർബ്ബലന്മാക്കും * കുററമില്ലേതുംദ്വിജന്മാരോടുരാത്രിയിങ്കൽ കൊററുമാംവണ്ണംസദക്ഷിണയുംചെയ്തീടുകിൽ * സത്യലോകംപ്രാപിച്ചുപൂജ്യനായ്വസിച്ചീടും സത്യവന്മണിമൌലേസത്യമെന്നറിഞ്ഞാലും * ചിത്തത്തിൽനിഷ്കാമനായ്കാർത്തികേസോമവാരേ ശുദ്ധോപവാസംചെയ്തുഭക്ത്യായാമങ്ങൾതോറും * കൃത്തിവാസസ്സെയർച്ചിച്ചുത്തമഫലാന്നങ്ങൾ വിസ്തരിച്ചുള്ളതെല്ലാംശ്രദ്ധയാനിവേദിച്ചു * സത്വരംവണങ്ങുകിൽസദ്യഃപാപങ്ങളോടും മുക്തനായ്ശ്രീകൈലാസമെത്തുമെന്നറിഞ്ഞാലും * അദ്ധ്യായംപതിമൂന്നുകഴിഞ്ഞുമേലുള്ളോടമത്യാനന്ദേനകേട്ടുകൊള്ളുവിൻചൊല്ലീടുവൻ *

---

## ചതുർദ്ദശാദ്ധ്യായഃ- പ്രാരംഭഃ

മുന്നംശന്തനുതവപ്രപിതാമഹനായ മന്നവൻതുലാമാസേകാവേരിസ്നാനംചെയ്തു * തന്വംഗീമൌലിരത്നംയോജനാഗന്ധിയെന്ന കന്യകാപാണിഗ്രഹംസാധിച്ചാൻധരാപതേ * ധന്യധന്യനാംപാണ്ഡുനന്ദനൻ പ്രസന്നനായന്നേരംശ്രീനാരദൻതന്നോടുചോദ്യംചെയ്താൻ * മന്നർമന്നവൻമമപ്രപിതാമഹൻധീരനന്നുകാവേരീസ്നാനമെങ്ങിനെചെയ്തതെന്നും * കന്നൽനേർമിഴിയാളെവേട്ടതെങ്ങിനെയെന്നും കന്യയെങ്ങിനെയുള്ളതെന്നുംനിന്തിരുവടി * എന്നെക്കേൾപ്പിച്ചീടേണമെന്നുകേട്ടരുൾചെയ്താൻ മന്ദഹാസംപൂണ്ടരവിന്ദമന്ദിരാത്മജൻ * പണ്ടുശന്തനുനൃപൻഗംഗയാംഭാര്യയിങ്കലുണ്ടായ പുത്രൻഭീഷ്മൻതന്നോടുവാഴുംകാലം * കൊണ്ടാടിനായാട്ടിനായ്ച്ചെന്നുകാളിന്ദീതീരെ കണ്ടുയോജനാഗന്ധിയെന്നകന്യയെമുദാ * കൊണ്ടലിന്മദ്ധ്യമിന്നുംമിന്നലെന്നതുപോലെ കണ്ടോളംകണ്ണിനാസേചനകാകാരത്തോടും * കണ്ടിക്കാർകുഴലാളെക്കണ്ടുംമെയ്യിലെഗ്ഗന്ധം കൊണ്ടുമത്യാശ്ചര്യമുൾക്കൊണ്ടുമേദിനീനാഥൻ * ത

ണ്ടാരമ്പന്നവശനായവളോടുചൊന്നാൻ തണ്ടാർമാനിനിമാ
ജ്യമാംവണ്ണംഭുജിപ്പിച്ചിട്ടുഭുജിക്കേണം * അല്ലെന്നാകിലോചെ
യ്തഹോമത്തിന്നൊരുഫല മില്ലെന്നുതന്നെയല്ലഘ്നമവ്യാധിയുമു
ണ്ടാം * ആകയാൽകാലംഹോമത്തിന്നെന്നുമാപൎച്ചക മാകുന്നു
പൎവ്വണവുമെന്നുള്ളിൽഗ്രഹിച്ചാലും * പാരാതെതുടങ്ങിയാലാ
ഹുതിമദ്ധ്യത്തിങ്കൽ മാറാതെചെയ്തീടേണംശ്രുതിയിൻബലത്തി
നാൽ *പതിക്കുവിപരീതയായിട്ടുംസീമന്തിനി ഹതയെന്നതുനൂ
നംവിധവായെന്നപോലെ * വഹ്നിഹീനമായുള്ളകൎമ്മവുംഹ
തമല്ലോ മന്നവവിപ്രാൎച്ചനാഹീനകൎമ്മവുംതഥാ * ബ്രാഹ്മണാ

ച്ച്നംകൊണ്ടുഹരിയുംസന്തുഷ്ടനാ യാണ്മെയുംവരുത്തിടുംമേല്ക്കു
മേൽനിന്നക്കേടോ * പോകുന്നേനഹംതുലാകാവേരിസ്നാനത്തി
നായ് ഭാഗധേയാംഭോനിധേകുശലംഭവിക്കതെ * ഈവണ്ണം
ശ്രീനാരദനഖിലധൎമ്മങ്ങളും സാവധാനമേയരുളിച്ചെയ്തുകേട്ടുമ
നൻ * ആനന്ദാശ്രുക്കളോടുംസ്വൎണ്ണദിവ്യഗന്ധസൂനമാല്യാം
ബുകാലങ്കാരജാലങ്ങൾകൊണ്ടും * കുണ്ഡലദിവ്യകേയൂരാംഗുലീ
യകമുഖ്യദിവ്യഭൂഷണംകൊണ്ടുംവളരെസ്സമ്മാനിച്ചു * പൂജിച്ചു
നാലുവട്ടംവലത്തുവെച്ചുഭക്ത്യാ പൂജനീയനെനമസ്കരിച്ചുമുഹു
ൎമ്മുഹുഃ * സന്നിധൌവിനീതനായ്ശിഷ്യനെന്നതുപോലെ നി
ന്നിതുകയ്യുംകൂപ്പിവിറച്ചുധൎമ്മാത്മജൻ * പിന്നെയുംപിരിഞ്ഞെ
ഴുന്നെള്ളീടുന്നതു ചിന്തിച്ചുനതദ്ദയംപൂണ്ടുകരഞ്ഞുമഹാശയൻ*
സജ്ജനത്തോടുപിരിയുന്നതിൽപരംദുഃഖ മിജ്ജനത്തിങ്കലുണ്ടോ
മറ്റൊന്നുനിരൂപിച്ചാൽ * ഭക്തിശ്രദ്ധാതിരേകംകണ്ടുമാമുനി
ശ്രേഷ്ഠനത്യന്താത്ഭുതംപൂണ്ടുപുഞ്ചിരിപൂണ്ടുമന്ദം * ആശീൎവ്വാ
ദാനന്തരമരുളിച്ചെയ്തീടിനാ നാശ്രുനികൃതാൎത്ഥനായ്സന്നിതുമഹാ
മതേ * ആശയത്തിങ്കൽതവയോഗിദുർല്ലഭയായ കേശവഭക്തി
നിശ്ചഞ്ചലമായുണ്ടാകയാൽ * ഈവണ്ണമരുൾചെയ്തുയാത്രയും
ചൊല്ലിമെല്ലേ ദേവൎഷിശ്രേഷ്ഠനെഴുന്നെള്ളുവാൻതുടങ്ങുമ്പോൾ*
ഭീമനാകിരീടിയുംനകുലൻസഹദേവൻ കാമിനീരത്നോത്തംസ
മാണിക്യംപാഞ്ചാലിയും * ശ്രീമൽപാദാരവിന്ദേനമസ്കാരവും
ചെയ്തു മാമുനീന്ദ്രനെസ്തുതിച്ചീവണ്ണമുണൎത്തിച്ചാർ * പതിനേ
ഴദ്ധ്യായംചൊല്ലീടിനേൻകേൾക്കേണ്ടുകി ലതിനുമേലേടവുമാം
വണ്ണംചൊല്ലീടുവൻ *

---

അഷ്ടദശാദ്ധ്യായഃ — പ്രാരംഭഃ

---

യോഗീന്ദ്രദയാനിധേഭഗവന്മഹാമുനേ ഭാഗവതോത്തംസ
മേസന്തതംനമോസ്തുതേ * ഭോഗീന്ദ്രശായിയായഭക്തകൾവശ്രീപാ

ദാർഢ്യേ ഭാഗധേയയെകലഭ്യാഭക്തിയെന്തിനെവരു * സംസാര
ചക്രഭ്രമഭ്രാന്തർ സ്വാന്തദ്ധ്വാന്ത ധ്വംസനത്തിന്നുപായമെ
ന്തൊന്നുഞങ്ങൾക്കെല്ലാം * സംശയഹീനംവേദാന്താർത്ഥനിശ്ചി
തംതത്വം ശംസിച്ചീടേണംപുണ്യവാരിധേനമോസ്തുതേ * പാ
ഞ്ചാല്യാദികളുടെവാക്യമിങ്ങിനെകേട്ടു തേൻചൊല്ലാളോടുമഹാ
മുനിയുമരുൾചെയ്താർ * വാഞ്ഛിതാർത്ഥത്തെചൊല്ലുന്നുണ്ടു
ഞാനെന്നാൽമനശ്ചാഞ്ചല്യംവന്നീടാതെകേട്ടുകൊള്ളുവിൻനി
ങ്ങൾ * സ്വധർമ്മാപാലിക്കുന്നോർക്കുവിഷ്ണുഭക്തിയുംനൽകും മധു
ദ്വിൾഭക്തികൊണ്ടേസംസാരംകടക്കാവു * പതിശുശ്രൂഷതി
ന്നെസ്വധർമ്മംസ്ത്രീകൾക്കെല്ലാം പ്രഥിതവർണ്ണികൾക്കുഗുരുശു
ശ്രൂഷനൂനം * പിതൃപൂജനംതന്നേപുത്രന്മാർക്കെല്ലാംധർമ്മ മത
നെക്കൊണ്ടുമഹാവിഷ്ണുവുംപ്രസാദിക്കും * മതിമന്നെയലിയാ
ളേമതിനേർമുഖിയാളേ പതിയുണ്ടനന്തരംവിധിയുണ്മതിന്നെ
ടോ * ഭർത്താവുനന്നായുറങ്ങീടിലെയുറങ്ങാവു വിദ്രുതംചെന്നീ
ടേണംമരികേവിളിക്കുമ്പോൾ * സത്വരംചോദിച്ചതിനുത്തരം
ചൊല്ലീടേണം ക്രുദ്ധിച്ചീടിലുംമന്ദസ്മിതംചെയ്യാവിതു * അ
പ്രിയംചൊല്ലീടരുതെന്നുമേകളിച്ചിട്ടു മപ്രമേയമാംഹരിപദമി
ല്ലിച്ചീടിലോ * രതികാലത്തുദിവ്യഗന്ധഭൂഷകളോടും പതി
യെപ്രാപിക്കേണംമുട്ടുപെശയ്യാതലേ * വഹ്നികാര്യത്തിങ്കലും
ദേവകാര്യത്തിങ്കലും ധന്യന്മാരായഗുരുജനവന്ദനത്തിലും * ഗൃ
ഹകാര്യത്തിങ്കലുമെന്നിവയെല്ലാററിലും ന്യൂഹദൈവൽസുകൃത്യംജാ
ഗരൂകയായ്ഭവിച്ചാലും * നിത്യവുംസദാചാരപരയായഷ്ടാക്ഷ
രമത്യന്തപുണ്യനാമത്രയവുംജപിക്കേണം * ചിത്തശുദ്ധിയും
ദേഹശുദ്ധിയുംചെയ്തീടേണ മുഖ്യന്മാരാം സന്യാസ്യതിഥിസാ
ധുക്കളെ * സല്ക്കാരംചെയ്തീടേണം സർവ്വദാവിശേഷിച്ചു മുൾക്കാ
മ്പിലുയരുന്നെഴുംഭക്തിശ്രദ്ധകളോടും * ശാന്തനാംഭർത്താവിനെ
നിശ്ചലഭക്തിയോടും ശാന്തചേതസാനന്ദംവിജനംചെയ്യുന്ന
വൾ * കാന്താംഗിമാരാംസപ്തർഷിനിവീഷിതയായ് സ്വാന്താ
നന്ദേന്ദ്രസുരലോകത്തുവസിച്ചീടും * തളരുംഭർത്താവിനുവല്ലഭം

മോദാലുള്ളം കുളിരുമാറുപാത്രവേണ്ടുന്നവസ്തുനൽകും * ഇള
മാന്മിഴിസുധാപാനവുംചെയ്തുമാഗ്ഗേ തെളിവിൽസ്വർഗ്ഗംപുക്കു
സുഖിച്ചുവസിച്ചീടും * ഭർത്താവിൻപാദംതന്റെമടിയിൽവെച്ചേ
കദാ ചിത്തത്തിന്നൊത്തവണ്ണംതിരുമ്മീടുന്നാകിലോ * മിത്ര
നെപ്പോലെവിളങ്ങീടുന്നവിമാനത്തിൽ സുത്രാമലോകത്തിങ്കലാ
നന്ദിച്ചിരുന്നീടും * ഭർത്താവെതന്നെസേവിച്ചുത്തമതന്വംഗിമാ
രത്താലെന്നിയേസ്വർഗ്ഗമെത്തിനാരെന്നുകേൾപ്പൂ * സത്യവും
ശൌചംപുന്യബുദ്ധിയുംസദാചാര മിത്യാദിയില്ലല്ലോയോഷി
ത്തുകൾക്കൊരുനാളും * അർത്ഥംതങ്ങൾക്കുവരുംപദ്ധതിമാത്ര
മോക്ഷ മിതപരിജ്ഞനമല്ലോമിക്കതുമറിഞ്ഞാലും * ഭർത്തൃദേവതമാ
രായ്തപത്ഥ്യമാരായുള്ളൊരുത്തമതരുണിമാരങ്ങിനെയല്ലാതാ
നും * അത്രഞാനൊരുകഥചൊല്ലുവൻകേട്ടാലുംനീ ചിത്രമെ
ത്രയുമതുകേൾക്കുന്നജനത്തിനും * ചിത്തത്തിലുള്ളമൌഢ്യം
നീങ്ങീടുംധമ്മത്തിങ്കൽ ബുദ്ധിയുംപ്രവൃത്തിക്കുംക്രമത്താലെന്നു
നൂനം * ഇറുമ്പിൽകുലത്തിങ്കൽജൃംഭനെന്നേകൻപണ്ടു നിറം
പൊന്നൊത്തതയ്യലാളെക്കണ്ടുരചെയ്താൻ * നറുമ്പാൽമൊഴിയാ
ളേനിന്നെക്കാൺകയാൽഞാനും കരിമ്പുവില്ലനമ്പുകൊണ്ടുകുണ്ഠി
തനായേൻ * പിന്നെമറ്റൊരുവനാലൂഢയല്ലെന്നാകിലിന്നെ
ന്നെനീപരിഗ്രഹിച്ചീടേണംമടിയാതെ * ധന്യമാംശ്രേയസ്സുമ
ണ്ടായ്വരുംനിനക്കെന്നാ ലെന്നെല്ലാംകേട്ടുവിചിലികയുംചൊല്ലീ
ടിനാൾ * അന്യവല്ലഭയല്ലഞാനെന്നുധരിച്ചാലും കന്യകയത്രേയ
തിന്നില്ലസന്ദേഹമേതും * നിന്നെവിശ്വസിക്കാമോനീയെന്നെ
രക്ഷിച്ചീടുമെന്നാലോനിനക്കൊത്തവണ്ണംഞാനിരുന്നീടാം *
എന്നുകേട്ടവളുടെചിത്തസമ്മതവുംചെയ്തൊന്നിച്ചുരമിച്ചിതുജൃംഭ
നുംയഥാസുഖം * കനൽനേർമിഴിയിങ്കൽവളരേപ്രജകളെയ
ന്നുനായ് ജനിപ്പിച്ചുവസിക്കുംകാലത്തിങ്കൽ * തന്വംഗിത
ന്നെതന്റെഗൃഹത്തിലാക്കിവെച്ചുതന്നുടേ ബന്ധുക്കളോടൊന്നി
ച്ചുഭുജിപ്പാനായ് * അന്യത്രപോയിടിനാനവനെപ്പിരിഞ്ഞേത
റ്റം ഖിന്നയായ്സതിവ്രതമേവീടുംദശാന്തരേ * ദുസ്സയമുൾക്കൊ

ണ്ടന്യനവളെക്കണ്ടുമോഹിച്ചന്നേര മവളോടു ചിരിച്ചു ചൊല്ലീടി
നാൻ * കുന്നേലുമ്മലയാളേനിന്നോടുരമിപ്പതി ന്നെന്നെവാ
നിഛരിക്കുന്നേനിന്നെല്ലോതൽപ്രാപ്തിയും * മിന്നലെന്നതുപോ
ലെനിന്നുടേത്രൂപംകണ്ടാൽ മന്നിലാരുള്ളുമോഹിച്ചീടാതെമനോ
ഹരേ * നിന്നെഞാനനുഭവിച്ചീട്ടവനിപ്പോൾനൂനം പിന്നെ
നിൻഭർത്താവെന്നോടെന്തൊന്നു ചെയ്യുന്നതും * നന്നുനീയെ
ന്നെയംഗീകരിക്കിലച്ചാൾക്കിലോ സന്ദേഹമില്ലബലാല്ക്കാരിക്കെന്നു
ണ്ടന്നെല്ലാം * തദ്വീരിതവുംകേട്ടുസങ്കടപ്പെട്ടുപായംതന്നു
ള്ളിൽ ചിന്തിച്ചു ചൊല്ലീടിനാൾനയത്തോടും * ധന്യനാംഭ
വാനുള്ളിലെന്തിന്നെയുണ്ടായിതന്യവല്ലഭയിങ്കലിങ്ങിനേമഹാ
മോഹം * ക്ഷണികംതന്നെയല്ലോപരകാമിനിമാരേ പു
ണരുംസുഖംപിന്നെനരകംവരുമല്ലോ * ഘ്നന്നയെന്നിയേചെ
യ്യുംബ്രഹ്മഹത്യാദിപാപ ഗണവുമൊടുങ്ങീടുംപ്രായശ്ചിത്തത്തി
നാലേ * പരസ്ത്രീസംഗത്തിന്നുനിഷ്കൃതിയില്ലെന്നല്ലോ പരമാ
ത്മജ്ഞന്മാരാംസത്തുക്കൾചൊല്ലുന്നതും * ഒരുപോതന്യസ്ത്രീ
യെപ്രാപിച്ചാൽനരാധമൻ പരിചിൽജപിക്കേണംഗായത്രീ
സഹസ്രകം * മൂന്നുവത്സരംകാലംശുചിയാവതിന്നെന്നോരാ
ന്നായവിധിയതിക്രമിച്ചു ചെയ്യുംദുഷ്ടൻ *ചെന്നീടുംതുഷാഗ്നിയാം
നരകംക്ഷിപ്രംക്ഷയമാന്നുവംശവുംനശിച്ചീടുംമകഷ്ടംകഷ്ടം *
പതിയെനിന്ദിക്കിലുമേകദാജാരസംഗ മതിമോഹേനചെയ്യു
ന്നാകിലുംപാമാധമാ * ത്രിദിവത്തിങ്കൽവാഴുംപിതൃക്കളോടു
മൊന്നിച്ചതിവേഗേനനരകാബ്ധിയില്പതിച്ചീടും * പാപങ്ങളെ
ല്ലാററിലുംനിഷ്കൃതിയില്ലാതൊരു പാപങ്ങളൃണംപരസ്ത്രീസംഗ
മസത്യവും * ആകയാലന്യനാരീസംഗമംവർജ്ജിക്കേണ്ടു മാകു
ന്നയത്നംചെയ്യുംബുദ്ധിമാനായപുമാൻ * ചാരിത്രംവെടിഞ്ഞ
ന്യനാരിയെപുല്കീടിലോ ദാരിദ്ര്യംഭവിച്ചുടനല്പായുസ്സായുംവരും *
എന്നുടേപാതിവ്രത്യംനശിപ്പിക്കൊല്ല ഭവാൻനിന്നുടേവംശത്തെ
യുംമാമകകുലത്തേയും*എന്നെല്ലാംകാന്തപാദംതൊന്നതാദരി
യാതേപിന്നെയുംബലാല്ക്കാരാൽമൈഥുനംഭാവിച്ചപ്പോൾ * ഹൂം

കാരംചെയ്തുഭസ്മമാകനീയെന്നുചൊന്നാൾ മങ്കമാർമണിത
ൻെറപാതിവ്രത്യത്തിൻബലാൽ * പങ്കജശരൻപണ്ടുശങ്കരനു
ടെതൃക്കണ്ണാക്കിയിലെന്നപോലെഭസ്മമായ്‌വന്നാനവൻ * പാ
തിവ്രത്യത്തിൻഭംഗംശങ്കിച്ചുവിറച്ചു വല്ലാധിനാരക്ഷരക്ഷഭത്താ
വേയെന്നത്യുച്ചം * മുറയിട്ടതുകേട്ടുപതിയുംമണ്ടിവന്നാൻ വിസ്മ
യലോടുംകരഞ്ഞിടുന്നപതിവ്രതാ * പറഞ്ഞാളെല്ലാരുമേവൃ
ത്താന്തമതുകേട്ടു നിറഞ്ഞബഹുമാനവിസ്മയാനന്ദാന്വിതം *
ഉണ്ടായമോദംപൂണ്ടുവല്ലഭാപാതിവ്രത്യം കൊണ്ടാടിശിരഃകംപം
ചെയ്തുചൊല്ലിനാനേവം * വണ്ടാർപൂങ്കുഴലിമാണിക്കമേനിന്നെ
പ്പോലെ യുണ്ടോവാനിഹലോകേമറെറാരുപതിവ്രതാ * ക
ണ്ടോളംമനോഹരരൂപവുംതാരുണ്യവും പൂണ്ടനീഞാനുമില്ലാ
തെകാന്തസ്ഥലത്തിങ്കൽ * പൂണ്ടുകൊള്ളുവാൻവന്നതരുണൻ
തന്നെച്ചെറുംതീണ്ടാതെ കുലംരണ്ടുംശീലവുംരക്ഷിക്കയാൽ *
നിന്നാലെകൃതാർത്ഥനായ്‌വന്നിതുഞാനും നൂനമെന്നിവണ്ണമേ
യിവൾതമ്മുടെവൃത്താംകേട്ടു * തന്നുടെപത്നിയോടുമേകാന്തേവാ
ഴുന്നോരുമന്നവൻ കേകയേശൻചിരിച്ചാനാശ്ചര്യത്താൽ *
തന്വിയുംകോപിച്ചുചോദിച്ചിതുചൊല്ലീടേണമെന്നോടു ചിരി
ച്ചതിൻകാരണംഭവാനിഃപ്പോൾ * എന്നെയെന്നിഃയപരിഹസി
പ്പാൻവിജനത്തിലന്യരാരുമേയില്ലെന്നതുനിർണ്ണയമല്ലോ * മന്ന
നുമനുസരിച്ചുവളോടുരചെയ്താൻനിന്നെഞാൻപരിഹസിച്ചീടുക
യല്ലനാഥേ * പിന്നെയെന്തുന്നല്ലഃയാചോദിക്കുന്നിതു നീയു
മിന്നതെന്നതുചൊന്നാലനേ. ഞാൻമരിച്ചീടും * എന്നതുമൂലം
ചൊല്ലായിന്നിതുഞാന്ധാരോടുമെന്നപ്പോളവൾ പല്ലുംകടിച്ചു
ചൊല്ലീടിനാൾ * ഇന്നതുചൊല്ലേണംജീവിക്കിലുംമരിക്കില
മെന്നിഃയയനുവദിച്ചീടുകയില്ലഞാനും * എന്നുമേചൊല്കയി
ല്ലെന്നാകിലോഞാനിന്നിഃപ്പോൾ തന്നെകാകോളപാനംചെയ്തു
ടലുപേക്ഷിപ്പൻ * എന്നെനിപരിഹാസംചെയ്തധിക്കരിപ്പതു
മിന്നിഃമേലരുതെന്നുംധർമ്മതേശപ്രഭോ * എന്നിത്ഥംഘോരവാ
ക്യംപുംശ്ചലികളെപ്പോലെ തന്നുടേപാതിവ്രത്യധർമ്മത്തേ.മാന്ന

വാൾ * ചൊന്നതുകേട്ടുംദയാഹീനത്വംകണ്ടും നൃപനെന്നെ
ചിത്രമേയെന്നുതന്നുള്ളിലോൎത്തുമന്ദം * പിന്നെയുംധൎമ്മത്തോ
ടുംശിക്ഷിച്ചുചൊല്ലീടിനാൻ നന്നല്ലനാരിമാൎക്കുശീലമീദൃശമെ
ടോ * നല്ലാൎക്കുഭൎത്താവിനെശുശ്രൂഷിപ്പതുതന്നെ നല്ലോരുത
പസ്സുഞാൻജീവിച്ചുവാഴുന്നാകിൽ * ചൊല്ലാവല്ലല്ലോനിനക്കു
ളവാക്ഷയംപുണ്യം ചൊല്ലേറുംസ്വൎഗ്ഗപ്രാപ്തിയതിനാൽവരുമ
ല്ലോ * ഒല്ലാവിപ്രിയംപതിയോടൊരുനേരംചൊൽകിൽ കി
ല്ലില്ലാതപ്തതൈലംനരകംഭുജിച്ചീടും * അല്ലലേറീടുംപിന്നെജ
നിച്ചുംവൈധവ്യത്താലില്ലസംശയമെന്ന വിധിയുംസ്വധൎമ്മ
വും * എല്ലാമേമറന്നുനീമരിക്കുംഞാനെങ്കിലും ചൊല്ലേണമെ
ന്നല്ലയോചൊല്ലുന്നുകഷ്ടംകഷ്ടം * തെല്ലല്ലദുശ്ശീലവുംദുഷ്ടബു
ദ്ധിയുംതവ വല്ലഭായെന്നോൎത്തൊന്നസതിയായനിന്നെ *
മല്ലലോചനമാരേവിശ്വസിക്കരുതാരും ദുൎല്ലഭംപാതിവ്രത്യനി
ഷ്ഠയുണ്ടെന്നാകിലും * നില്ലാതെയെന്റെമുമ്പിൽമറയത്തങ്ങു
പോനീ വല്ലതുംനിനക്കൊത്തവണ്ണമാചരിച്ചാലും * ഇല്ലനി
ന്നാലെകാൎയ്യമിന്നുനീമരിച്ചാലും പുല്ലോളമില്ലദുഃഖംകുലടേ
ദുഷ്ടബുദ്ധേ * ചൊല്ലേറുംരത്നഗൎഭാവല്ലഭനെന്നിങ്ങനെ ചൊ
ല്ലിത്യാഗവുംചെയ്തുമൂഢയാംമഹേളയേ * ഉല്ലാഘനായിസ്നാനം
ചെയ്തവനെന്നപോലെ യല്ലാസംപൂൎണ്ണമരുവീടിനാനാകയാലേ*
കല്ലേക്കാൾകഠോരമായുള്ളോരുള്ളൊത്തിടും തേഞ്ചൊല്ലാൾക്കീവി
ധംഗുണംസഹജമറിഞ്ഞാലും * ഉല്ലസൽപൂൎവ്വപുണ്യംവൎദ്ധിച്ചി
ട്ടൊരുനാരീ വല്ലഭപ്രാണാപതിവ്രതയായ്ഭവിച്ചീടും* അല്ലെന്നും
പകലെന്നുമില്ലവൎക്കെല്ലായ്പ്പോഴും കല്യാണംപതിക്കുചിന്തിച്ചു
വാണീടുമെന്നാൽ * മല്ലാരിയുടെലോകംവൈകുണ്ഠംലഭിച്ചീ
ടും ഫുല്ലാരവിന്ദംതൊഴുംവദനേകൃഷ്ണേകേൾനീ * മല്ലാക്ഷിയാ
യിജനിച്ചുള്ളവർപതിവ്രതായല്ലെന്നാകിലോപിന്നെലോകത്തി
ൽപുണ്യതീൎത്ഥം * എല്ലാമാടുന്നാകിലുംനരകംപ്രാപിച്ചീടും
കില്ലില്ലതെല്ലുമേയെന്നുള്ളിൽനീയുറച്ചാലും * മല്ലപ്പൂങ്കുഴലാളേ
പൂൎവ്വപുണ്യത്താൽനിസ്തുലം വല്ലഭയായ്വന്നിതുപാണ്ഡുപുത്രന്മാൎക്കു

ടോ * കല്യാണശീലേ പതിശുശ്രൂഷകൊണ്ടു മേലിൽ സ്വർല്ലോ
കം ലഭിച്ചീടും നിനക്കെന്നറിഞ്ഞാലും * വാഹരിതാർത്ഥങ്ങളെ
ല്ലാമിങ്ങിനെ കേട്ടു ഭക്ത്യാ പാഞ്ചാലീ മുനീന്ദ്രശ്രീപാദങ്ങൾ വണ
ങ്ങിനാൾ * പൂഞ്ചായലാളാം കൃഷ്ണാനിമിത്തം തമ്മിൽ സ്നേഹ
ചാഞ്ചല്യം വരായ്വാനായ് പിന്നെയും മുനിശ്വരൻ * അരുളിച്ചെ
യ്തീടിനാൻ പാണ്ഡുനന്ദനന്മാരോടരുതു നാരിയിങ്കൽ ശ്രദ്ധയു
ള്ളോരിക്കലും * ഉരിയാടരുതല്ലോ ഗോപ്യകാര്യങ്ങളൊന്നും വി
രിയനാശം വരും സ്ത്രീവശഗതനായാൽ * ബളിശം മിഴുങ്ങിയ മ
ത്സ്യമെന്നതുപോലെ കളവാണിയിങ്കൽ കൺ കളിച്ചീടരുതേ
തും * തെളിവോടെന്നും ഭ്രാതൃസ്നേഹത്തിലുൾക്കണ്ണിന്നും കളിയ
ല്ലേടോ നിങ്ങളെവർക്കും പതിയിവൾ * ഇളമാന്മിഴിരത്നമപ്പോഃ
സ്ത്രീകളേക്കാൾ വിളങ്ങും മനോഹരി തരുണിയെന്നാകയാൽ *
എളുതായിഹ കുരുകുലത്തിലപവാദമു ളവാകായ്വാൻ മാർഗ്ഗം തോ
ന്നിലിന്നിനിക്കേതും * നാരദവാക്യം കേട്ടു പാണ്ഡുനന്ദനന്മാരും
പാരം നാണിച്ചു മുനിസമക്ഷമായിത്തന്നെ * നാരീമാണിക്കമാ
യ പാഞ്ചാലിയോടു ഞങ്ങളോരോരൊ വർഷം മരുവീടാമെന്നതിന്മ
ധ്യേ * ചാരവേ മറ്റൊരുത്തർ ചെല്ലുകിലൊരു വർഷം പാരാതെ
തീർത്ഥയാത്ര ചെയ്യുന്നുണ്ടെന്നു നൂനം * സാരസാസനസൂനോ
നിന്തിരുവടിയുടെ ചാരുപാദങ്ങളാണ ചഞ്ചലമില്ലിതുമേ *
പ്രത്യേകമെന്നിങ്ങിനെ ശപഥം ചെയ്തീടിനാ രത്യന്തം ധീരന്മാ
രാം ധർമ്മജന്മാദികളും * സത്യസന്ധന്മാരുടെ ശപഥം കേട്ടു തെ
ളിഞ്ഞത്യാനന്ദത്തോടരുൾ ചെയ്തിതു മുനീന്ദ്രനും * മഹതാമപ
വാദമുണ്ടായിതെന്നാകിലോ സഹിയാ ദുര്യശസ്സും മഹതാമേവം
നൂനം * സഹസാ സങ്കരതാമിതരന്മാർക്കും വരും ബഹുധാ ചൊ
ല്ലീടിനേനതുകൊണ്ടത്രേ ഞാനും * മംഗലം ഭവിക്കട്ടെ നിങ്ങൾ
ക്കു മേന്മേലെന്നാലിങ്ങു ഞാൻ ഗമിക്കുന്നേൻ തുംഗവിക്രമന്മാരേ *
നിങ്ങളോടുണ്ടായ സൽപ്രസംഗാൽ കാലക്ഷേപമിങ്ങേറവന്നു
കർമ്മകാണ്ഡം ചിന്തിച്ചീലേതും * ഇങ്ങിനെയരുൾ ചെയ്തു മംഗ
ലമായ കൈകൊണ്ടംഗവും മന്ദഹാസസഹിതം തലോടിനാൻ *

തിങ്ങീടുമാനന്ദസമ്പൂൎണ്ണനായ്മഹാമുനി പുംഗവൻപുനരെഴുന്നെ
ള്ളിനാൻമന്ദമന്ദം * പാണ്ഡവന്മാരുമശ്രുപൂൎണ്ണലോചനന്മാരാ
യ് പാണ്ഡവനിറംകോലുംദേവൎഷിശ്രേഷ്ഠൻതന്നെ * സചൎണ്ണ
പുഷ്പാല്യങ്ങൾകൊണ്ടൎച്ചിച്ചുപദേപദേ പുണ്യശാലികൾപൂജിച്ചു
നുയാനവുംചെയ്താർ * അൎണ്ണാജ്ഞാസനസ്ഥൻതൻവിയോഗാ
ധിയാലെ കണ്ണുനീരോടുംതൊഴുതനുയാനംചെയ്യുന്നോ * ര
ണ്ണുവാംബരാവരനന്ദനന്മാരിലുൾക്കാരുണ്യം പൂണ്ടരുൾചെയ്തുവ
ചനംസദൎത്ഥകം * നിൎജ്ജിതേന്ദ്രിയന്മാരായ്നിൎജ്ജിതക്രോധ
ന്മാരായ് നിൎജ്ജിതകാമന്മാരായ്നിൎജ്ജിതശത്രുക്കളായ് * നി
ൎജ്ജരേന്ദ്രോപമന്മാരാംനിങ്ങളെവൎക്കൊരു ജപലാംഗനാമണി
വല്ലഭയായമൂലം * ഊൎജ്ജിതാന്യോന്യസ്നേഹംഭംഗംവന്നീടാ
തെ കണ്ടാൎജ്ജവബുദ്ധ്യാദ്യധഃസ്നേഹന്മാരായിടേണം * സജ്ജ
നശ്രേഷ്ഠന്മാരാംനിങ്ങളോടിതുതന്നെ യിജ്ജനത്തിനുചൊൽ
വാനുള്ളതുപുനഃപുനഃ * കുങ്കുമപങ്കകളങ്കിതമാംദേഹത്തോടും
തുംഗകൊങ്കകൾക്കലംകാരമാംഹാരത്തോടും * തങ്കനൂപുരശി
ഞ്ജാമഞ്ജുപാദങ്ങളോടും മങ്കയെക്കാണ്കിൽപരവശരാമെല്ലാവ
രും * ധൃഷ്ണുക്കളായനിങ്ങൾ സാത്വികന്മാരായ്നിത്യം വിഷ്ണുഭ
ക്തന്മാരായിസാത്വികപ്രിയന്മാരായ് * ജിഷ്ണുക്കളായേസത്യ
വാക്കുകളാമുന്നാലു മുഷ്ണേതരാംശുവംശമൌക്തികമണികളെ *
ഈവണ്ണമനുഗ്രഹിച്ചവരെയയച്ചുടൻ ദേവമാമുനിയെഴുന്നെള്ളി
നാൻവിഹായസാ * ധൎമ്മജന്മാദികളുംസവിയോഗജദുഃഖം
ചെമ്മേയുൾക്കൊണ്ടുപണിപ്പെട്ടുമന്ദിരംപുക്ക * ധൎമ്മത്തെ
പ്രതിജ്ഞയാസാകംരക്ഷിച്ചുനിത്യം ശൎമ്മണാസമ്പൂൎണ്ണമാംവ
ൎണ്ണമേരാജ്യമെങ്ങും * ധൎമ്മപത്നിയാംപാഞ്ചാലാത്മജയോടും
ചേൎന്ന കൎമ്മസാക്ഷിജസൂതനാകിയയുധിഷ്ഠിൻ * ധൎമ്മേണ
രമിച്ചെന്നുംതൌലികാവേരീസ്നാനധൎമ്മവും സൽപാത്രദാനാ
ദിയുംചെയ്തുവാണാർ * അഷ്ടാദശാദ്ധ്യായവുംകഴിഞ്ഞി
തിന്നുംകേൾപ്പാ നൊട്ടേറയുണ്ടാഗ്രഹമെങ്കിലൊചൊല്ലാ
മല്ലോ * * * * * * * *

## ഏകോനവിംശാദ്ധ്യായഃ - പ്രാരംഭഃ

---

കലശോത്ഭവനരുൾചെയ്തുപിന്നെയുംസൂൎയ്യ കുലശേഖരൻ ഹരിശ്ചന്ദ്രനോടെടോകേൾനീ * ബലശാലികളായപവമാനാത്മജാത കുലിശായുധസുതമാദ്രേയന്മാരാകുന്ന * സോദരജനത്തോടുമൊന്നിച്ചുയുധിഷ്ഠിരൻ സാദരംപതിവ്രതയായപാഞ്ചാലിയോടും * മോദേനയഥാരസംരമിച്ചുംരമിപ്പിച്ചും മേദിനീതലംപരിപാലിച്ചുവാഴുംകാലം * ആൎത്തനായൊരുവിപ്രൻനൃപമന്ദിരദ്വാരേപാൎത്ഥസന്നിധൌരക്ഷരക്ഷേതിമുറയിട്ടാൻ * ഗോത്രാദേവനോടതിൻകാരണംചോദിച്ചിതുഗോത്രാരിപുത്രനപ്പോഴവനുംചൊല്ലീടിനാൻ * ഗൎവ്വംകൊണ്ടുന്മത്തനായ്വനിതാ സക്തനായോരുൎവ്വീപാലകനുടെദോഷത്തെക്കൊണ്ടുതന്നെ * ഉൎവ്വീദേവനാമെൻബാലഗോക്കളിൽചിലദ്വാരമൃത്യുലോകംഗമിച്ചുമുന്നമെടോ * നിസ്സാരസംസാരദുഃഖങ്ങളുമിവയെന്നു നിസ്സംഗനായഞാനുംക്ഷമിച്ചേൻവിവേകത്താൽ * ദുസ്സഹവീൎയ്യന്മാരാം ചോരന്മാരിരാത്രിയിലുത്സുകന്മാരായ്മമഗോമഹിഷ്യാദ്യങ്ങളെ * സകലംകട്ടുകൊണ്ടുസുഖമേനിരസ്ഗ്ളുമകലെപ്പോയിടിനാരാകയാലെൻറധനം * നിഖിലംതന്നിടേണം കാമിയാംരാജാവിവൻ സകലംശപിച്ചിടുന്നുണ്ടുഞാനല്ലായ്കിലൊ * ആൎത്തനാംമഹീസുരൻചീൎത്തേവംചൊല്ലീടുന്ന വാൎത്തകൾകേട്ടശേഷംപാൎത്ഥനുംചിരിച്ചുടൻ * ധാത്രീദേവനെത്തൊഴുതൊത്തുചൊല്ലിനാൻ പരമാൎത്ഥജ്ഞന്മാരാംനിങ്ങൾപൊറുത്തൊക്കക്ഷമിക്കേണം * ആൎത്തിവന്നതിൻമൂലംപാൎത്ഥിവദോഷമെന്നതീൎത്തുചൊല്ലിയതെന്തുപാൎത്തലദേവമൌലേ * വാൎത്തനാം ഭവാനുടെദോഷത്താൽതന്നെയല്ലിസപാൎത്ഥദോഷങ്ങൾ ചെറുമറിഞ്ഞീടരുതാൎക്കും * പാൎത്ഥൻറവാക്യംകേട്ടുകോപിച്ചുമഹീദേവൻ പേൎത്തുമീവണ്ണമവൻതന്നോടുചൊല്ലീടിനാൻ * എന്നുടെവൃത്തംപ്രഥമാശ്രമംതൊട്ടുകേൾനീ മുന്നമേബ്രഹ്മചൎയ്യവ്രതവുംചരിച്ചുഞാൻ * വഹ്നിയെയൎച്ചിച്ചുഭൈക്ഷാശിയായ്

ശുചിത്വേനധന്യമാംഗുരുകുലേവസിച്ചുയഥാക്രമം * അദ്ധ്യയ
നംചെയ്തിതുവേദങ്ങൾനാലും പിന്നെദക്ഷിണാംഗുരുവര
നുയഥോചിതം * ജനനീജനകശ്രീപാദശുശ്രൂഷയുംചെയ്ത
നാലന്മാരാമവർതമ്മുടെനിയോഗത്താൽ * രണ്ടുവംശത്തിങ്ക
ലുംശുദ്ധമായ്‌രൂപംകൊണ്ടുതണ്ടലർ മകളോടുതുല്യമാംകന്യാര
ത്നം * ഭൂഷണങ്ങളുമണിഞ്ഞാഹൂയപിത്രാദത്തമേഷണമഹി
നംവിവാഹംചെയ്തേൻമനഃപ്രിയം * സ്വധർമ്മമജസ്രാഗ്നിമു
ന്നിട്ടുചെയ്തീടുന്നേൻ വിധർമ്മമൊരുനാളുംചെയ്യുന്നനല്ലതാ
നം * സ്നാനംചെയ്യാതെയുഷഃകാലത്തുംമഹാനിശിനൂനം സ
ന്ധ്യകളിലുംഭക്ഷിച്ചേനല്ലേതുമേ * ശൂദ്രാന്നംപരാന്നവുംനിഷി
ദ്ധാന്നവുമില്ലാ ശൂദ്രതഃപ്രതിഗ്രഹംശൂദ്രസേവയുംതഥാ * ത
ത്തൽകാലത്തിങ്കലേവഹ്നിയെയർച്ചിക്കുന്നേനുത്തമസ്ഥാലീപാ
കദേയവുംകൃതംധ്രുവം * പ്രത്യബ്ദംചെയ്യുന്നുഷണ്ണവതിശ്രാദ്ധ
ങ്ങളും സത്യമേചൊൽവുദ്ധമസത്യംചൊൽവീലെന്നും * ദാ
നംചെയ്യുന്നേൻപ്രതിഗ്രഹിച്ചേനല്ലൊന്നുമേ മാനേനപാരുഷ്യം
ഞാനാരോടുംചൊല്ലീലത്രും * അതിഥിപൂജചെയ്തിട്ടല്ലാതെ
യൊരുനാളുമുദകപാനംപോലുംചെയ്തീയുന്നേനല്ല * പര്യുഷി
താന്നംഭക്ഷിച്ചീലയാചകന്മാർക്കും മര്യാദാഹീനമൊന്നുമില്ലെന്നു
ചൊല്ലീലെടോ * പകലുംസായംകാലമരുണോദയത്തിലും സു
ഖമേയുറങ്ങീതില്ലൊരിക്കാലെന്നാകിലും * സജ്ജനങ്ങളെച്ചെ
റുമവമാനിച്ചീലഞാൻ ദുർജ്ജനത്തോടു സംഗമുണ്ടായീലൊരു
പോതും * നാസ്തികനല്ലലുബ്ധനല്ലഹംമൂർഖനുമല്ലാസ്തിക്യത്തോ
ടുഹരികഥാകേൾക്കുന്നേൻസദാ * മാഘസ്നാനവുംചെയ്തുതൽക്ക
ഥാകേട്ടീടിനേൻ ശ്ലാഘിച്ചേൻബാലന്മാരെയവമാനിച്ചീലെ
ന്നും * ദേവതാനിവേദ്യമല്ലാതെയുള്ളന്നംതഥാ കേവലംനി
ഷിദ്ധമാംവ്യഞ്ജനംസ്ത്രീശേഷവും * സ്ത്രീയോടുംബാലകന്മാരോ
ടുമൊന്നിച്ചുതഥാ ശ്രേയോദാനൈകായനൈകാദശീദിവസത്തി
ലും * ഭക്ഷിച്ചീലെന്നുംപിന്നെപാരണദിനത്തിങ്കൽ ശിക്ഷ
യിൽകാലേതന്നെഭുജിക്കുംയഥാവിധി * നഷ്ടന്മാരെയുംദാസി

മാരെയുംമമഗൃഹേവിടന്മാരേയും വരുത്തീലൊരുപൊഴുതിലും *
വസ്ത്രഭൂഷണപശുധനധാന്യാദ്യങ്ങളാം മററങ്ങളപാത്രത്തിലപ്പ
ണാംചെയ്തീലെന്നും * ധനുഷ്കോടിയിൽസ്നാനംചെയ്തുസൽപാ
ത്രങ്ങളിൽ മനഃശ്ശുദ്ധിനാനിഷ്കദ്വിശതംദാനംചെയ്തേൻ * ഇ
ത്തരമെന്തിന്നുഞാൻവളരെച്ചൊല്ലുന്നിതു ഉത്തമംമേൽപ്രഭാ
വംകേട്ടുകൊണ്ടാലുംഭവാൻ * പ്രസംഗത്തിനാലെത്രചൊല്ലീ
ടുന്നിതുമാത്മപ്രശംസാശങ്കംവൃഥാ ഭവിച്ചീടൊല്ലാചെറുതും *
തന്നുടെപാപങ്ങളെമറച്ചുപുണ്യങ്ങളെതന്നെയേററവും പ്രകാ
ശിപ്പിക്കുന്നവർക്കെല്ലാം * പുണ്യമൊക്കവേപൊടുന്നനവേനശി
ച്ചുപോമെണ്ണമെന്നിയെവർദ്ധിച്ചീടുമേപാപങ്ങളും * ശ്രീരംഗ
നാഥൻതന്റെസന്നിധൌതുലാമാസേ ഭൂരിപുണ്യഫലയായ
കാവേരീജലത്തിങ്കൽ * സ്നാനവുംനിരന്തരംമാഹാത്മ്യശ്രവ
ണവുംസാനന്ദാരംഗനാഥഃസപര്യംചെയ്തിട്ടുന്നേൻ * ദേവർഷി
പിതൃക്കളെശ്രാദ്ധദാനാദ്യങ്ങളാൽകേവലംശ്രദ്ധാപൂർവ്വംതൃപ്പിച്ചേ
ൻതത്സന്നിധൌ * രംഗസന്നിധൌതുലാകാവേരീസ്നാനംചെ
യ്തുമംഗലമാഹാത്മ്യവുംകേൾക്കുന്നപുരുഷനു * ഭുക്തിമുക്തിക
ൾകരസ്ഥകളീലോകത്തിങ്ക ലെത്താതതെന്താനുനാരായണ
നവനെല്ലാ * പുണ്യങ്ങളനേകജന്മാന്തരങ്ങളിൽചെയ്തേൻ
പുണ്യവാഹിനിസ്നാനംലഭിച്ചുനിസ്സംശയം * കല്പങ്ങൾതോറു
മേവംചെയ്തുള്ളപുണ്യംകൊണ്ടെ ചൊല്ലൊണ്ടുംകാവേരിയിൽ
സ്നാനത്തെസിദ്ധിപ്പതും * സാക്ഷാൽശ്രീനാരായണന്തന്നുടെ
കൃപാമൃതംമോക്ഷദാലഭിച്ചുള്ളപൂരുഷന്മാർക്കുതന്നെ * രംഗസ
ന്നിധൌതുലാകാവേരിസ്നാനത്തിന്നു സംഗതിവന്നുകൂടുനിയത
ന്നിസ്സംശയം * കാവേരീസ്നാനംചെയ്തതന്മാഹാത്മ്യവുംകേൾ
ക്കിൽകേവലംബ്രഹ്മഘ്നനാമദ്യപനെന്നാകിലും * സർവ്വപാപ
വുംനശിച്ചീടുമെന്നിവണ്ണമേ സർവ്വജ്ഞന്മാഹാത്മ്യത്തെപഠിക്കും
വിപ്രൻമുഖാൽ * കേട്ടന്നുതുടങ്ങിവർഷംതോറു കാവേരിയിൽ
ശ്രേഷ്ഠമാന്തുലാസ്നാനങ്ങൾചെയ്തുപോരുന്നുഞാനും * ഇഷസ്സംക്രമേ
സഹ്യാമലകസന്നിധാനേ സുഷമന്മാഹാത്മ്യംകേട്ടുച്ചിച്ചേൻ

പൌരാണികം * വിപ്രന്മാരെല്ലാംധൎമ്മവക്താവെകല്പിച്ചിട്ടുത
ൽപ്രഭാവംകേട്ടൎത്ഥാദ്യങ്ങളാലൎച്ചിക്കുന്നു * ലോകത്തിൽധന്യ
ൻഞാനേകാവേരിസ്നാനത്തിനുയോഗംവന്നതുമൂലം സന്ദേഹമി
ല്ലേതുമേ * തൽപ്രഭാവത്തെയുള്ളവണ്ണമേയറിയുന്നില്ലുൾപ്പൂവി
ലഘംധനധാന്യാദിബന്ധത്തിനാൽ * പത്തുപെരുണ്ടുമമപുത്രി
രാമ്നായംനാലുമദ്ധ്യയനംചെയ്തവരുത്തമഗുണവാന്മാർ * നിത്യ
വുംപ്രാതസ്നാനപഞ്ചയജ്ഞാദിമുഖ്യകൃത്യനിഷ്ഠന്മാർ മഹൽപൂജ
നനിരതന്മാർ * നിൎജ്ജിതക്രോധന്മാരായ്വിനയശാലികളായ്
നിൎജ്ജിതേന്ദ്രിയന്മാരാംവേദാന്തപാരഗന്മാർ * അവരുമവരു
ടെമാതാവുംമായാസാകം നൂവരെചെയ്യുന്നിതുതൌലികാവേരി
സ്നാനം * പൌത്രന്മാരിലുംനപ്താക്കളിലുംശുഭകൎമ്മ ശ്രദ്ധാലുക്ക
ളെയുള്ളമൽഗൃഹേസമസ്തരം * ന്യായത്തോടാൎജ്ജിച്ചുള്ളതുണ്ടി
നിക്കിരിപതിനായിരംദ്രവ്യംതഥാഗോമഹിഷ്യാദ്യങ്ങളും * അ
ൎജ്ജുനൻചൊല്ലീടിനാനന്നേരംവിപ്രൻതന്നോ ടിച്ചൊന്നൎത്ഥ
ത്തിന്നെല്ലാമെവിടെവിനിയോഗം * ദുസ്സാദ്ധ്യവൃദ്ധിയിതിന്നെ
ങ്ങിനെയുണ്ടാകുന്നു നിസ്സംഗനല്ലോഭവാൻയോജിക്കുന്നില്ലചെ
റ്റും * ബ്രാഹ്മണൻചൊന്നാൻദേവദ്വിജഗുൎവ്വൎത്ഥത്തിങ്കൽ ധാ
ൎമ്മികതേനവിനിയോഗംചെയ്യുന്നധനം * ദൈവയോഗത്താൽ
തന്നെവൎദ്ധിക്കുംപ്രയത്നവും നൈവകൎത്തൃത്വമെന്നുധരിച്ചുകൊ
ണ്ടല്ലുംനീ * ധൎമ്മമേദിവ്യംധനംധൎമ്മമേപരംസുഹൃദ്ധൎമ്മമേപരം
ബന്ധുധനമല്ലെടോധനം * ചെമ്മേലോഭത്തിനാലുംനാസ്തിവാദ
ത്തിനാലുംധൎമ്മത്തിൽശത്രുവായോരധൎമ്മംഭവിപ്പതും * പാരുഷ്യം
ദുരാചാരംരണ്ടുകണ്ണുകളെത്രെ പാരിച്ചലോഭത്തിന്നെന്നുള്ളത്തിലു
റച്ചാലും * ഇച്ചൊന്നനേത്രംരണ്ടുംനിശ്ശേഷംകളയേണ മിച്ചയുണ്ടു
ള്ളിൽസുഖംലഭിപ്പാനെന്നാകിലോ * വിപ്രാൎത്ഥത്തിങ്കൽതഥാ
സജ്ജനാൎത്ഥത്തിങ്കലും ക്ഷിപ്രംധൎമ്മാൎത്ഥത്തിങ്കലെന്നിവമൂന്നേട
ത്തും * സൎവ്വധാന്യായാൎജ്ജിതമായുള്ളമഹാധനം സൎവ്വവുംപ്ര
തിപാദിച്ചീടേണംധൎമ്മജ്ഞന്മാർ * പഞ്ചാസ്യശക്തിയഞ്ചുരൂ
പംപൂണ്ടതുപോലെ രഞ്ചുപുത്രികളുമുണ്ടിനിക്കുശക്രസൂനോ *

പ്രത്യേകംക്ഷേത്രദ്വയസഹിതംവരന്മാരെ യത്യന്തംസൽക്കാരത്തോടാഹൂയദാനംചെയ്യേൻ * മാഹിഷംഗവ്യംതിലംതണ്ഡുലംതൈലമപ്പുമാഹന്തവിക്രയംചെയ്തീലഞാനൊരുനാളും * തിലതണ്ഡുലങ്ങളെവിൽക്കുന്നവിപ്രാധമൻ ഖലനായ്ശൂദ്രനാകുംദശമാത്രത്തിനാലേ * എണ്ണയെവില്ക്കുംദ്വിജന്നമ്മഹാപാപത്തിനാലെണ്ണമില്ലാതവംശമുടനേനശിച്ചുപോം * അതിദുസ്സഹംതൈലയന്ത്രമാംനരകത്തിൽ പതനംചെയ്യുമിവരില്ലസംശയമേതും * എന്നുടെദാരങ്ങളുംപുത്രന്മാരായുള്ളോരു മെന്നല്ലമൽഗൃഹത്തിലുള്ളവരൊരുത്തരും * യാചകന്മാരോടൊരുനേരവുമില്ലെന്നുള്ളനീചശബ്ദത്തെച്ചൊല്ലിയറിയുന്നീലന്തരം * അല്പായുസ്സായ്വന്നിട്ടംനാസ്തികൻലോകത്തിനാലപ്പോലെ മറ്റൊന്നിനാലില്ലലോകത്തിലെങ്ങും * സർപ്പത്താലഗ്നിയാലുംവിഷത്താലായുധത്താലപ്പിശാചങ്ങളാലുമവ്വണ്ണംവരാദ്ദുഃഖം * സർപ്പാദിദോഷങ്ങളൊന്നറിയാതുണ്ടാകിലും സൽപ്രതികാരംകൊണ്ടുനീക്കിക്കൊണ്ടിടാമല്ലോ * അപ്രതീകാരലോഭംകൊണ്ടുമോഹിച്ചോർക്കെല്ലാം ക്ഷിപ്രംവന്നീടുമധഃപതനമറിഞ്ഞാലും * യാതൊരുപുരുഷനുനൽകുവാൻഭാവിക്കുന്നു ഭൃതഭാവനനായമാധവൻസ്വർഗ്ഗലോകം * ചേതസിലോഭമവനുണ്ടായീടുകയില്ലാ പൃതമായ്വർദ്ധിച്ചീടുംവംശവുമവനാലേ * ശ്രീനാരായണൻതന്നെനിയന്താസർവ്വത്തിനും കേശവൻതൽപ്രഭാവമറിയപ്പെടുന്നിതും*സല്ക്കർമ്മങ്ങളേതന്നേചെയ്യേണമെല്ലാനാളും സല്ക്കഥാമൃതന്തന്നേകേൾക്കേണംസദാകാലം * സത്തുക്കളോടുതന്നെസഹവാസംചെയ്യേണം സിദ്ധമായീടുമെന്നാൽശ്രീഹരിപ്രസാദവും * സുജ്ഞാനനിഷ്ഠയായഗൃഹണിപതിവ്രതാ സുജ്ഞാതംനിജകർമ്മങ്ങൾചെയ്യുമസക്തയായ് * സർവ്വോപകാരക്ഷമംഗൃഹസ്ഥാശ്രമമിതു സർവ്വോപകാരംകൊണ്ടുഹരിയുംപ്രസാദിക്കും * നിഷ്ഠാമവൃത്തിയെങ്കിൽഗേഹത്തിൽതന്നെതപ സ്സുൽകൃഷ്ടംനിവൃത്തരാഗന്നുതപോവനം * ഭാര്യയുംസാദ്ധ്വീതാനുമാത്മജ്ഞാധവാനെങ്കിലാശ്രമാംപദംകരസ്ഥിതമെന്നറിഞ്ഞാലും * ആ

ശ്രമമിപ്പൊഴ്സ്ലിലോപാതിത്യംശങ്കിച്ചതുൎയ്യാശ്രമ പ്രാപ്തിക്കസന്യ
സിച്ചീടേണംനൂനം * നിൎവ്യാജംമഹീസുരൻതന്നുടെവാക്യമേ
വം സവ്യസാചിയുംകേട്ടവണെങ്ങിച്ചൊല്ലീടിനാൻ * ഭവ്യമാംഭ
വൽപ്രഭാവംഗ്രഹിപ്പതിന്നെത്രെ ദിവ്യമാഹാത്മ്യസിന്ധോചോ
ദിച്ചതറിഞ്ഞാലും * സൎവ്വാപരാധങ്ങളുംപൊറുത്തുകൊള്ളേണ
മേ ഹവ്യവാഹനതപിഷേനമസ്തേനമോസ്തുതേ * ദ്രവ്യമാകവേ
തവവരുത്തിത്തരുവൻഞാൻ ദിവ്യഗൃഹത്തിങ്കൽചെന്നിരു
ന്നാലുമെന്നാൽ * ദ്വിജനെപ്രസാദിപ്പിച്ചേവമായുധത്തിനായ്
വിജയൻജവേനാന്തഃപുരത്തെപ്രവേശിച്ചാൻ * വിജനേപാ
ഞ്ചാലിയോടൊന്നിച്ചവാണീടുന്ന സുജനശ്രേഷ്ഠൻജ്യേഷ്ഠൻത
ന്നെയുംകണ്ടുതദാ * കൃഷ്ണയുംനാണിച്ചുചാറകലേവാങ്ങീടിനാ
ൾ ജിഷ്ണുവുംലജ്ജിച്ചവന്ദിച്ചുവൃത്താന്തംചൊല്ലി * ധൃഷ്ണതയോ
ടുമസ്ത്രജാലവുംപരിഗ്രഹിച്ചുണ്ണേതരാംശുകുലതിലകൻപുറപ്പെട്ടു*
തസ്കരപദന്യാസാങ്കിതമാംമാർഗ്ഗത്തൂടെ ചിക്കെന്നുമണ്ടിച്ചെ
ന്നുകാനനാന്തത്തോളവും * മുഷ്കരന്മാരാംചോരവ്യാധന്മാരയ്യാ
യിര മൊക്കയുംക്രൂരമ്പുകളെയ്തുകൊന്നവിളംബം * ഗോക്കളെ
ധനത്തോടുംവീണ്ടുകൊണ്ടന്നുവിപ്രന്നായ്ക്കൊണ്ടു കൊടുത്തപരാ
ധങ്ങൾപൊറുക്കെന്നു * കാക്കൽവീണുടൻനമസ്കരിച്ചമനസ്സി
ങ്കൽവാച്ചമാനന്ദംനിറഞ്ഞൊഴുകുന്നതുപോലേ * ബാഷ്പവുംതൂ
കിയാശീൎവ്വാദവുംചൊല്ലീടിനാൻ ശീഘ്രതിപ്രഭൻവിപ്രപ്രവരൻ
പ്രസന്നനായ് * പ്രാപ്യമാംഭൂസുരാനുഗ്രഹവുംവാങ്ങിക്കൊണ്ടു
താല്പൎയ്യപൂൎവ്വംവീണ്ടുംവണങ്ങിധനഞ്ജയൻ * പത്തനംപുക്കു
പൌരപ്രസ്തുതനായുൎവ്വീന്ദ്ര സത്തമപാദത്തിങ്കൽസതപരംവണ
ങ്ങിനാൻ * ഉത്തമയായപാഞ്ചാലിയേയുംനമസ്കരിച്ചുത്തമോ
ത്തമന്മാരാക്കോരുത്തംസരതാമായ * പാൎത്ഥനംവൃത്താന്തത്തെ
പാൎത്ഥിവനോടുചൊല്ലി തീൎത്ഥയാത്രാനുജ്ഞയുംപ്രാർത്ഥിച്ചു
വാങ്ങിക്കൊണ്ടു * പാർത്ഥിവചക്രചൂഡസപാർത്ഥസാധി
പ്പാൻദ്വിജ സാൎത്ഥേനപ്രഭാസമാംതീർത്ഥംപ്രാപിച്ചുമുമ്പിൽ *
സ്നാനവുംചെയ്തുക്കളെക്കുറിച്ചിഷ്ടിയുംധന ദാനവുംമഹീസുരക്കാ

യ്യോണ്ടുചെയ്തുപിന്നെ * സാനന്ദംവ്യാസാശ്രമംബദരീവനവും
കണ്ടാനമിച്ചിതുവേദവ്യാസശ്രീപാദാംബുജം * സഹസ്രസഹ
സ്രരശ്മിപ്രഭൻമഹാമുനി സഹസ്രനേത്രാത്മജന്നാതിഥ്യം ചെയ്തു
ശേഷം * സഹസ്രപത്രഭൂപുത്രജസൂനുജനോടു സഹസ്രപത്ര
വൈരിഗോത്രജനരുണർത്തിച്ചാൻ * നിന്തിരുവടിയുടെതൃക്കഴൽ
കാൺകയാലിന്നന്തരാകൃതാർത്ഥനായ്വന്നുഞാൻദയാസിന്ധോ*
ഹന്തനിന്തിരുവുള്ളമെങ്കലുണ്ടായിടേണം സന്തതംഭൂയോഭൂയോ
നിത്യവുംവണങ്ങുന്നേൻ * ചെന്താർമാനിനിമണവാളന്റെ
സഹോദരി ബന്ധുകാധരീവസുദേവനന്ദിനീശുഭാ * സിന്ധുമ
ദ്ധ്യത്തിലാദ്വാരകാതന്നിലല്ലോ ബന്ധുരശീലരൂപാതരുണീവാ
ഴുന്നതും * കിന്തു കന്യയെസ്സുയോധനനുകൊടുപ്പാനായ് ചിന്ത
നചെയ്തുമേവീടുന്നിതുഹലായുധൻ * പന്നേലുംമൂലയാളെയിനി
ക്കലഹിപ്പതിനെന്തുള്ളതുപായമെന്നരുളിച്ചെയ്തീടേണം * ചെ
ന്താരമ്പനുവശനായിഞാൻവലയുന്നതെൻ തമ്പുരാനെചൊ
ല്ലാവല്ലകേട്ടാനേവിഭോ * സന്താപരാഗഭക്തിവിനയാന്വിത
മേവം കുന്തീനന്ദനനുടെവാക്കുകേട്ടനന്തരം * ചിന്തയിൽസ്നേ
ഹത്തോടുംപുഞ്ചിരികൊണ്ടുദീനബന്ധുവാം മുനിശ്രേഷ്ഠനരുളി
ച്ചെയ്തീടിനാൻ * ഏകോനവിംശാദ്ധ്യായംകഴിഞ്ഞുകഥാശേ
ഷമേകാന്തമനോഹരംകേട്ടാലുംതെളിഞ്ഞിന്നു *

---

## വിംശോദ്ധ്യായഃ—പ്രാരംഭഃ

---

ജിഷ്ണോനിന്നഭിലാഷമെത്രയുംപെരുതിതു ധൃഷ്ണോകേളതി
വയത്നത്തിനാൽസാദ്ധ്യമത്രേ * കൃഷ്ണസോദരീപാണിഗ്രഹമം
ഗളമെന്നും കൃഷ്ണമാമുനിവരനരുൾചെയ്തനന്തരം * രണ്ടുനാഴി
കനേരംധ്യാനിച്ചിട്ടേവംപുന രബ്ഭർക്കോൻമകൻതന്നോടരുളി
ച്ചെയ്തീടിനാൻ * ഉണ്ടേടോമഹാപുണ്യംസർവ്വമംഗലപ്രദം ത
ണ്ടാർമാനിനീകടാക്ഷായുരാരോഗ്യപ്രദം * വിണ്ടലർഭയംമഹാ
ഭയവുമണഞ്ഞാലും കണ്ടുകൊണ്ടാലുംസദ്യഃസിദ്ധിയുംദാനഞ്ചെ

സ്സും. * കൊണ്ടാലുംമഹാലക്ഷ്മീഹൃദയംസവ്വോത്തമമിങ്ങിനി
ങ്ങുവാൻനിനക്കുപദേശിച്ചീടുവൻ * നിന്നുടെശുശ്രൂഷയാലേ
റവുംസന്തുഷ്ടനാമെന്നോടിസ്തോത്രംഗ്രഹിച്ചീടുകമഹാമതേ *
മൂന്നുരുജപിക്കണംവിജിതേന്ദ്രിയനായേ മൂന്നുസന്ധ്യകൾതോറു
മെന്നതിൽവിശേഷിച്ചും * നന്നേറാംശുക്രവാരേജപിച്ചീടുന്നാ
കിലോ നിണ്ണയംസദ്യസ്സിദ്ധികരമെന്നറിഞ്ഞാലും * കന്ന്യയാം
സുഭദ്രയുംതാനതന്നെവന്നുവേഗാൽ നിന്നുടെലാലസാനുകൂലയാ
യ്യുത്തിച്ചീടും * എന്നചിത്രമേമഹാത്ഭുതംനിൻഭാഗ്യോദയം വ
ന്നടുത്തിതുതുലാമാസവുംമഹാപുണ്യം * ധന്ന്യയാംകാവേരിയും
രംഗസന്നിധിയിങ്കൽ ധന്ന്യധന്ന്യകലഹ്യാകാൺകെടോധന
ഞ്ജയ * രംഗസന്നിധൌതുലാമാസേകാവേരിയിലേ മംഗലംവ
രുമാറുമുഴുകിവിധിയാലേ * രംഗശായിയെത്തൊഴുതിസ്തോത്രമന്ത
യ്യാണിപുംഗവതസന്നിധിയിങ്കനുജപിക്കെടോ * ഗംഗയാ
ദിയായുള്ളപുണ്യപ്രവാഹിനികളുമങ്ങിന്നെമാനസംമുമ്പാകിയതീർ
ത്ഥങ്ങളും * ബ്രഹ്മഹത്യാദിപാപമൊക്കവേനിക്കീടുവാൻ ധ
ർമ്മമാംതങ്ങളുടെശുദ്ധിയെവരുത്തുവാൻ * രംഗസന്നിധൌ
കാവേരിജലത്തിങ്കൽതുലാസംക്രമകാലേ വന്നുമജ്ജനംചെയ്യു
ന്നിതും * വിധിനാതുലാമാസേരംഗസന്നിധിയിങ്കൽ ത്രിദിനം
മരുദ്വൃധാതീർത്ഥത്തിൽസ്നാനംചെയ്തു * പങ്കജാഹൃദയവുംജ
പിച്ചീടുന്നതാകിൽ പങ്കങ്ങളെല്ലാമൊടുങ്ങീടുമെന്നറികനീ *
തീർത്ഥങ്ങളെല്ലാററിലുംമുഖ്യമാംകവേരജാതീർത്ഥത്തിൽ സ്നാ
നംചെയ്തുവിധിക്കുതക്കവണ്ണം * കമലാഹൃദയവുംജപിച്ചീടുന്ന
മത്ത്യൻ കമലേക്ഷണന്നതിപ്രിയനായ്വരുംനൂനം * രഹസ്യമാ
യൊന്നുഞാൻചൊല്ലുവൻകേട്ടാലുംനീ മഹതാമേറുന്നോരിസ്തവ
ത്തെപ്പൌഷമാസേ, * ഭാർഗ്ഗവവാരത്തിങ്കൽജപിച്ചീടുന്നാകി
ലോ ഭാർഗ്ഗവികടാക്ഷത്താൽധനവാനായ്വന്നീടും * പാത്ഥല
ത്തിങ്കലുള്ളതീർത്ഥങ്ങളൊക്കയാടി പാത്ഥയജ്ഞങ്ങളെല്ലാമോ
ത്തുചെയ്തുണ്ടാംപുണ്യം * കാവേരിസ്നാനത്തിനാൽസുഖമേല
ഭിച്ചീടുമേവക്കമിതുസത്യംസത്യമെന്നറിഞ്ഞാലും * ഇസ്തോത്രം

പാഠംചെയ്തുവിഷ്ണുസന്നിധിയിങ്കനുഠം ത്തളിരിങ്കൽഭക്തിവിശ്വാ
സശ്രദ്ധാന്വിതം * ജപിക്കുന്നാകിലുള്ളിൽകാമിക്കുംകാമമെല്ലാം
ലഭിക്കുംധനഞ്ജയസന്ദേഹമില്ലേതുമേ * ധാൎത്തരാഷ്ട്രന്മാരോട
യുദ്ധത്തിൽജയംതഥാ ധാത്രിയിലൈശ്വൎയ്യവുംസുഭദ്രാകല്യാണ
വും * പ്രാൎത്ഥിച്ചീടുന്നതാകിൽകാവേരിജലേനിന്നു ചേൎത്തുമി
സ്തോത്രംമുഖ്യംജപിച്ചുകൊണ്ടാലുംനീ * പാൎത്തുവൈകാതെതു
ലാകാവേരിസ്നാനംചെയ്തു പാൎത്ഥിവാത്മജജപിച്ചീടുകിസ്തോത്ര
ത്തെയും * കാൎത്തികസ്നാനത്തെയുംചെയ്യേടോകാവേരിയിൽ
പാൎത്ഥസൎവ്വാൎത്ഥസിദ്ധിപ്രദമാമതുനൂനം * കാൎത്തികേമക
ത്തുനാൾകാവേരിസ്നാനംചെയ്കിൽ ശ്രാദ്ധദേവന്റെപുരിനര
കേകിടക്കുന്ന * പിതൃക്കളുവിളംബസ്വൎഗ്ഗസ്ഥന്മാരായീടും മുതി
ൎത്തീടാകയാലെകാൎത്തികസ്നാനത്തിനും * വിദ്യാൎത്ഥിയെന്നാ
കിലുംകന്യാൎത്ഥിയായിടിലും വിത്താൎത്ഥിയത്രെപുനരെങ്കിലും
തുലാമാസെ*ശുക്രവാസരെകവേരജയിൽസ്നാനംചെയ്കമുഖ്യമാം
രമാസ്തവംജപിച്ചീടണംഭക്ത്യാ * സന്തതിവേണ്ടുന്നാരീകാ
ൎത്തികകാവേരിയിലന്തരാവിശ്വാസേനമുഴുകിവിശുദ്ധയായ് *
കേശവാലയംനന്നായ്മെഴുകിക്കോലമിട്ടാ ലാശയാഭീഷ്ടംലഭിച്ചീ
ടുമെന്നറിഞ്ഞാലും * വിളക്കിപ്പത്മനാഭാലയത്തിൽകോല
മിട്ടു വിളക്കുവെച്ചലങ്കരിച്ചീടുന്നവിപ്രൻ * നിരഗ്നി
ദോഷത്തോടുവേർപെട്ടുസത്യലോകെ നിരസ്താമയംസദാപൂ
ജ്യനായ്വസിച്ചീടും * പതിദേവതയായവിധവാരംഗവല്ലി
തതിയാലലങ്കരിച്ചംബുജനാഭാലയം * ശ്രീനാരായണസ്തോത്രം
ജപിച്ചീടുന്നതാകിൽ ശ്രീനാരായണശ്രീപാദാംബുജംപ്രാപി
ച്ചീടും * കാൎത്തികേകാവേരിയിൽമുഴുകിശ്രീരംഗേശൻ കാൽ
ത്തളിരിണകുപ്പിശ്രദ്ധയാകന്യാൎത്ഥമായ് * ക്ഷേത്രത്തിങ്കലുംരംഗ
വല്ല്യാദ്യലങ്കാരങ്ങൾചേൎത്തു നെയ്കൊണ്ടുലക്ഷംവിളക്കുംവെച്ചീടെ
ടോ * ചേൎത്തുംകേളൊരുധൎമ്മരഹസ്യംചൊൽവൻ പൂൎവ്വാ
ബ്ധിതീരത്തിൽനിന്നുരണ്ടുയോജനമാത്രം * പടിഞ്ഞാറുണ്ടുമരു
ദ്വൃധതന്നുടെതെക്കേത്തടസീമനിമഹാപുണ്യമാംശിവക്ഷേത്രം*

മായൂരമെന്നുപേരായവിടെച്ചെന്നുഭവാൻ ന്യായേനതത്സന്നി
ധൌകാവേയ്യാംതുലാമാസേ * മജ്ജനംചെയ്തീശനെസ്സേവിച്ചീ
ടെന്നാലുടനജ്ജുനസുഭദ്രയെലഭിക്കുംഭദ്രത്തോടും * മായൂരേതുലാ
മാസേകാവേരീസ്നാനംവൃഞ്ചെയ്തായവണ്ണമേശിവാച്ചനവുംചെയ്യു
ന്നവൻ * പഞ്ചപാതകങ്ങളുംവേർപെട്ടുവിശുദ്ധനായ് പഞ്ച
സായകവൈരിപദത്തെപ്രാപിച്ചീടും *രണ്ടല്ലോമോക്ഷത്തിന്നു
സാധനംഭൂമിയിങ്കൽ പണ്ടേകല്പിതമരവിന്ദസംഭവന്തന്നാൽ *
ശ്രീരംഗത്തിങ്കലതുപോലെമായൂരത്തിലും സാരമാംസഹ്യോ
ത്ഭവാമജ്ജനംമഹാമതേ * ക്ഷത്രിയൻവിശ്വാമിത്രൻവിപ്ര
നിവകൻമുന്നന്തത്രമായൂരത്തിങ്കല്ക്കാവേരിസ്നാനത്തിനാൽ *
ദുർല്ലഭംബ്രാഹ്മണ്യവുംപ്രാപിച്ചുമഹാമുനി വല്ലഭൻമൂന്നുലോക
പ്രസിദ്ധനായിവന്നാൻ* കാത്തികത്തിലുംതുലാമാസത്തിങ്കലും
തഥാകിത്തിയേറീടുംമായൂരത്തിങ്കൽകാവേരിയിൽ * സ്നാന
ഞ്ചെയ്യുവനുടെപുണ്യത്തെവണ്ണിപ്പതിന്നാനന്ദാത്മകൻ വിഷ്ണു
വെന്നിമററാരുള്ളതും * സാക്ഷാൽശ്രീനാരായണൻഭഗവാ
നേവനന്തന്നെ സാക്ഷിയാം പരബ്രഹ്മംനിശ്ചലൻനിരാമയൻ *
ശ്രീരംഗത്തിങ്കൽതുലാകാവേരീസ്നാനംചെയ്കിൽ തീരുമേകമ്മ
ബന്ധംമോക്ഷവുംലഭിച്ചീടും * പോയാലുമെങ്കിൽഭവാ
ൻവേഗത്തിൽതുലാമാസമായാതമാകുന്നതിൻമുന്നമേ രംഗസ്ഥ
ലെ * സുഭദ്രാകല്യാണത്തിന്നീവണ്ണമുപായവും ശുഭശ്രീഹൃദയ
വുംഗ്രഹിച്ചുധനഞ്ജയൻ * ലഭിച്ചോരനുഗ്രഹാനുജ്ഞകളോടും
തൊഴുതഭിപ്രേതാത്ഥം സാധിച്ചീടുവാൻനടകൊണ്ടാൻ * സ
ത്വരംപ്രയാഗത്തെപ്രാപിച്ചുകുളിച്ചുടൻ സതചേതസ്സോട
ന്തസ്സലിലേനിമഗ്നനായ്* പരമമ്മഹാമന്ത്രംജപിക്കുംവിധൌക
ണ്ടാൻതരുണീമണിനാഗകന്യയാമുലൂപിയെ * തരസാഗാന്ധ
വ്വാംവിധിനാവിവാഹഞ്ചെയ്തുമോദേന രമിച്ചീടിനാനവളോ
ടും * പുത്രനുമുണ്ടായ്വന്നാനുടനെയിരാവാനെന്നെത്രയുംബല
വാനായതന്നാപംഗിയിൽതദാ * ഉത്ഥാനഞ്ചെയ്താനന്തസ്സലി
ലേനിന്നുപുനരത്യന്താശ്ചയ്യത്തോടുംസ്വപ്നംകണ്ടതുപോലെ *

ഭൂമിയെപ്രദക്ഷിണംചെയ്തിതുമഹാധന്യൻ ഭൂമിദേവന്മാരോടും കൂടവേപാണ്ഡുപുത്രൻ * പുണ്യതീൎത്ഥങ്ങൾമഹാനദികളിവക ണ്ടും പുണ്യവാൻകുളിച്ചുദേവഷിതൎപ്പണംചെയ്തു * കാവേരി സിന്ധുസംഗമുഖത്തെപ്രവേശിച്ചാനാവിരാനന്ദം സഹ്യാത്മജ യെസ്സിന്ധുരാജൻ * കല്യാണഞ്ചെയ്തദേശേ പുണ്യവാന്മഹീതി ൎത്ഥംകല്യാണംവരുമാറുകുളിച്ചുവിശുദ്ധനായി * കല്യാണംപത്തു ലക്ഷംഭൂദേവന്മാൎക്കുനൽകി കല്യമാംശേഷതാരണ്യംപുക്കുഗൌരീ ശന്തന്നെ*വന്ദിച്ചുമായൂരത്തെ പ്രാപിച്ചുവിപ്രന്മാരോടൊന്നിച്ചു തുലാമാസേകാവേരിസ്നാനഞ്ചെയ്തു* വിത്തദാനവുംചെയ്തുസൎവാ ഭീഷ്ടവുംനൽകുംകൃത്തിവാസസ്സിൻശ്രീപാദാംബുജദ്വയംകൂപ്പി * ശ്രീരംഗംഗമിച്ചുതന്മാഹാത്മ്യംകേട്ടുപാൎത്ഥൻപാരം വിസ്മയ പ്പെട്ടുബുദ്ധിയിൽകൃതാൎത്ഥനായ് * മജ്ജനഞ്ചെയ്തീടിനാൻകാ വേരീതീൎത്ഥത്തിങ്കലൎജ്ജുനൻമഹാഭാഗനരുണോദയകാലേ* നാ നാദേശങ്ങൾതോറും നിന്നസംഖ്യമാൎത്തത്രസ്നാനാൎത്ഥംവന്നുമേ വുംഭൂസുരജനത്തോടും * സാനന്ദംദിനംദിനേമുഴകിന്നുറുനിഷ്ട ന്ദാനവുഞ്ചെയ്തീടിനാൻബ്രാഹ്മണൎക്കുവാരം* ആത്രദ്ധഭക്ത്യാ സൎവൎണ്ണപുഷ്പാലങ്കാരാദിയാൽപൌരാണികേന്ദ്രൻതന്നെപൂജിച്ചു സന്തുഷ്ടനായ് * ശ്രീരംഗമാഹാത്മ്യവുംകാവേരീമഹത്വവും ഭൂരിശ്രദ്ധയാകേട്ടുപാപൌഘവിനാശനം * പുഷ്കരാരാതികുല തിലകൻപിന്നെച്ചന്ദ്രപുഷ്കരിണ്യന്തത്തിങ്കൽ ഷോഡശദാന ഞ്ചെയ്തു * പുഷ്കരേതടീയകേകുളിച്ചുരംഗേശപാദാംപുഷ്കരനാഭന്തി രുവടിതൻസന്നിധാനം * പുക്കുതൎപ്പണഞ്ചെയ്തുപിതൃദേവക ൾക്കെല്ലാം പുഷ്കരവിലോചനൻതൃക്കഴലിണകൂപ്പി * പുഷ്കരേ ക്ഷണസഹോദരിയാംസുഭദ്രാഖ്യപുഷ്കരപത്രചാരുനേത്രയെലഭി പ്പാനായ് * പുഷ്കരോത്ഭവപുത്രനപ്പാവാകിയമുനിപുഷ്കലന്തിരു വടിയുപദേശിച്ചീടിന * പുഷ്കരാലയാസ്ഥവജപമുഖ്യങ്ങളെല്ലാം പുഷ്കരശരോപമൻചെയ്തുകാൎത്തികത്തിലും * പുഷ്കരചാരികളും കൊണ്ടാടീടുന്ന ചന്ദ്രപുഷ്കരിണിയിൽസ്നാനഞ്ചെയ്തവൻവാരം വാരം * മണ്ഡപപ്രാകാരഗോപുരമുഖ്യങ്ങളാലെ മണ്ഡിതമ്മു

ന്വിലേക്കാൾശ്രീരംഗമെന്നാക്കിനാൻ * കുണ്ഡലീശ്വരശായി
ശ്രീപാദാംബുജംകൂപ്പിപ്പുണ്യസ്തോത്രങ്ങൾചൊല്ലിസ്തുതിച്ചുദിനം
തോറും* പണ്ഡിതൻധനൎമാസേപൂജിച്ചുമൽഗാന്നവുംപുണ്ഡ
രീകാക്ഷൻതിരുവടിക്കുനിവേദിച്ചു * പുണ്യശാലികളായഭൂമിദേ
വന്മാരെയും പുണ്യപൂരുഷൎപൂജിച്ചുച്ചിച്ചുയഥാന്യായം * ശ്രീ
രംഗശായിതന്നെത്തൊഴുതുപുറപ്പെട്ടാൻ ശ്രീരാമസേതുസ്നാന
ത്തിന്നുവിപ്രന്മാരോടും * ധീരനാംധനഞ്ജയൻസഹ്യപൎവ്വതം
കണ്ടു ഭൂരിവിശ്വാസത്തോടുംബ്രഹ്മഹത്യയെപ്പോക്കും * സത്യപു
ഷ്കരിണിയിൽമുഴകിയഥാവിധി സത്യസന്ധനുംശ്രാദ്ധക്രിയയും
ദാനങ്ങളും * ശ്രദ്ധയാസാകംചെയ്തുസത്യാദ്രീശ്വരനേയും ഭ
ക്ത്യാസേവിച്ചുഗോഷ്ഠപൎവ്വതത്തിങ്കൽചെന്നു * ഹിരണ്യൻദേ
വന്മാരെപ്പണ്ടുപീഡിപ്പിച്ചനാൾ ദുരവഗാഹമാമിമ്മലയെന്നോ
ൎത്തുതന്നെ * സുരന്മാരെല്ലാമൊരുമ്പെട്ടൊളിച്ചിരുന്നേടം തര
സാചെന്നുകണ്ടുകുണ്ഡകകുലാന്തകൻ * സുരപുഷ്കരിണിയിൽമു
ഴകിപ്പിതൃക്കളെപ്പരിചിൽതൎപ്പിച്ചുടൻഭൂരിദാനവുംചെയ്തു * സു
രവൈരീന്ദ്രപീഡ്യമാനനാം പ്രഹ്ലാദനെക്കരുണാപരവശ
നായന്നുപാലിച്ചൊരു * നരസിംഹാകാരനാംസരസീരുഹാക്ഷ
നെ തരസാസഹാദരംവന്ദിച്ചുപുറപ്പെട്ടു * പുരുഷോത്തമപ്രി
യേവൃഷഭാചലേവന്ന പുരുഷരത്നംധന്യധന്യനാംധനഞ്ജയൻ*
ചരണാംബുജദാസനാകിയ പാണ്ഡ്യനാസ്ലൊണ്ടരവിന്ദാക്ഷൻ
തിരുവടിയാൽപ്രേഷ്യമാണാ * നരവാഹിനിദേവദേവനൂപുര
ത്തിൽനിന്നുരുവേഗേനപുറപ്പെട്ടുപണ്ടൊഴുകിന * നൂപുര
നദീതീൎത്ഥമജ്ജനംചെയ്തുഭക്ത്യാ ഭൂപനന്ദനൻദ്വിജേന്ദ്രന്മാൎക്ക്
ദാനംചെയ്താൻ * ലോഭമെന്നിയെധനംസാദരംനാലുലക്ഷം
ശോഭനസ്ഥലേതത്രവസിച്ചുപന്ത്രണ്ടുനാൾ * വൃഷഭഗിരീശനെ
വന്ദനംചെയ്തുനര വൃഷഭന്മോഹനമാംപുരത്തെപ്രവേശിച്ചു *
ബ്രഹ്മഹത്യാദിപാപമൊക്കവെയകററീടും ബ്രഹ്മതീൎത്ഥത്തിൽ
സ്നാനംചെയ്തുസങ്കല്പപൂൎവ്വം * മോഹിനീവേഷംപൂണ്ടുമായയാമ
ഹാവിഷ്ണു മോഹിപ്പിച്ചാഖണ്ഡലാദികളെസ്സുരന്മാൎക്ക് * മാ

ഹാത്മ്യമാധുര്യ്യങ്ങളേറുന്നപീയൂഷത്തെ സ്നേഹത്താൽകൊടുത്തു
പയോഗിപ്പിച്ചോരുദേവൻ * പണ്ടുവേദത്തെമധുകൊണ്ടുപോ
യന്നുവിധിക്കിണ്ടലെപ്പോക്കുവാനായ്ക്കൊണ്ടവൻതന്നെക്കൊന്നു*
കൊണ്ടാടിവേദങ്ങളെത്തണ്ടലർതനയനു കുന്നതതീരുമാറുകണ്ടു
പദേശിച്ചവൻ * അമലൻനാരായണനമൃതപ്രദൻപാദമമി
താദരംതൊഴുതമരവരാത്മജൻ * പാണ്ഡുരീകൃതഹരിമണ്ഡല
യശോനിധി പാണ്ഡ്യഭൂപതിയുടെമധുരാപുരംപുക്കു * സൽ
സേവ്യൻനാരായണൻമത്സ്യാവതാരംചെയ്ത സത്സരിത്തായ
വൈഹായസിയിൽസ്നാനംചെയ്തു * കൃതമാലയാംമഹാനദീ
തീർത്ഥത്തിങ്കലും കൃതമജ്ജനനായേകൃതിനാമഗ്രേസരൻ * സു
ന്ദരേശ്വരൻതന്നെവന്ദിച്ചുജഗദേകസുന്ദരിയായ മീനാക്ഷിയേ
യുംകൂപ്പിമെല്ലെ* ഉന്നതനായപാണ്ഡ്യൻതന്നുടെമകളായ ക
ന്യകാചിത്രാംഗദാവരിച്ചീടുകയാലെ * തല്പാണിഗ്രഹവുംചെ
യ്തുല്പന്നപ്രമോദയാമല്പലക്ഷണയോടും രമിച്ചുയഥാരസം *
പില്പാടുപുറപ്പെട്ടുസൽപുരുഷാഗ്രഗണ്യൻ ചൊല്പൊങ്ങുംസേതു
വുംകണ്ടാനന്ദനിമഗ്നനായ് * ധനുഷ്കോടിയിൽസ്നാനംചെയ്തുമ
പ്പത്തുലക്ഷം ധനത്തെബ്രാഹ്മണർക്കായ്ക്കൊണ്ടുദാനവുംചെയ്തു * മാ
ഘമാസത്തിങ്കലുംശ്ലാഘനീയാനുഭാവെ രാഘവസേതൌധനു
ഷ്കോടിയിൽസ്നാനംചെയ്തു * പ്രത്യഹംമാഹാത്മ്യവുമതുംമോദേ
നകേട്ടു നിത്യവുംദേവദ്വിജാർച്ചനവുംചെയ്തുഭക്ത്യാ * വിപ്രന്മാ
രെയുംവ്രതാന്തത്തിങ്കൽഭുജിപ്പിച്ചു തൽപ്രസാദേനവീണ്ടുമധുരാ
പുരംപുക്കു * പതിയെപ്രാപിച്ചുന്തൃപ്തിയാമവളേയും യ
ത്നേനബോധിപ്പിച്ചുരഗനഗഭേന്ദ്രനോടു * യാത്രയുംചൊല്ലിശ്രീ
രംഗത്തെപ്രാപിച്ചുപിന്നെ ചൈത്രമാസോത്സവത്തിലെത്രയും
കുതൂഹലാൽ * അഭ്രവാഹപ്രിയാസുഭ്രുവാംചിത്രാംഗദ ബഭ്രു
വാഹനനെന്നൊരർഭകൻതന്നെപ്പെറ്റാൾ * ഉത്സവത്തിങ്കൽ
ദ്ദശമുൽസുകനായോരു ബീഭത്സുവുംമുദാഭക്തവത്സലശ്രീപാദാ
ബ്ജം * വന്ദനംചെയ്തുധനമന്നവസ്ത്രാദ്യങ്ങളും പിന്നെയുംപിന്നെ
യുംഭൂസുരർക്കുദാനംചെയ്തു * പടിഞ്ഞാറാശനോക്കിനടന്നുമഹാ

ഭാഗന്നടന്നദത്താത്രേയരൂപനാംമഹാവിഷ്ണു * മരുവീടുന്ന
സഹ്യധരണീധരേനെല്ലി മരമായ്മരുവുന്നഹരിയെക്കണ്ടുന്മാദാ
ൽ * സ്നാനവുംചെയ്തുസഹ്യാമലകസന്നിധാന സ്ഥാനതീർത്ഥ
ത്തിൽപിന്നെവിട്ടുതംപുറപ്പെട്ടു * ഗോകർണ്ണംപ്രവേശിച്ചുത
ത്രസാന്നിദ്ധ്യംകോലും ശ്രീകണ്ഠശ്രീപാദാരവിന്ദവന്ദനംചെ
യ്തു * പിന്നെപ്പോയ്പ്രഭാസതീർത്ഥത്തിൽ മജ്ജനംചെയ്തു
ധന്യവിപ്രരെപ്പൂജിച്ചർച്ചിച്ചുയാത്രയാക്കി * ദ്വാരകാപുരത്തി
ങ്കൽപാരാതെചെന്നീടിനാൻ നാരിമാണിക്കമായസുഭദ്രോദ്വാ
ഹത്തിനായ് * ശ്രീകാന്തപ്രിയൻപാർത്ഥനേകാന്തചിന്താകു
ലമേകാന്തത്തിങ്കലിരുന്നിങ്ങിനേനിരൂപിച്ചാൻ * മംഗലാപാം
ഗിയായോരംഗനാരത്നംലഭിച്ചിങ്ങുള്ളിൽ കൃതാർത്ഥനായെങ്ങി
നെവരുന്നുഞാൻ * തിങ്ങിനമോദംപൂണ്ടുഗൌതമനായമുനി
പുംഗവനഹല്യയെപ്പണ്ടണഞ്ഞതുപോലെ * അരുണബിം
ബാധരിതരുണീമണിതന്നെ കരുണാവശാലെന്നെവരണംചെ
യ്തീടുമോ * ചെന്താരമ്പനാലതിസന്തപ്തനായിങ്ങിനെ യന്ത
രാപലവിധംചിന്തിച്ചുചിന്തിച്ചവൻ * സന്തതംസാധുക്കൾ
ക്കു സന്താപംപോക്കുവാനും ചിന്തിതംനൽകുവാനും സന്താനക
ല്പനായ * ചെന്താർമാനിനീകാന്തൻതന്തിരുവടിയല്ലാതെ
ന്തൊരാശ്രയംപാർത്താലന്ധനാമിനിക്കഹോ * ഹന്തഹന്തേ
തിദീനബന്ധുവാംശ്രീകൃഷ്ണനെ കുന്തീനന്ദനൻതാനുമന്തസ്സം
ധ്യാനംചെയ്താൻ * ചിന്തിതചിന്താമണിജന്തുവർഗ്ഗങ്ങളുടെചി
ന്തയിൽവാഴുംദയാസിന്ധുവാംമുകിൽവർണ്ണൻ * ദന്തീന്ദ്രൻത
ന്റെതാപശാന്താവാംവാസുദേവൻ ബന്ധുരരഥത്തിലാമ്മാറെഴു
ന്നെള്ളീടിനാൻ * ഇരുപതദ്ധ്യായവുമിവിടെക്കഴിഞ്ഞിതു പെ
രികശ്ശുഭപ്രഭമിനിയുംകേട്ടുകൊൾവിൻ *

## ഏകവിംശോദ്ധ്യായഃ - പ്രാരംഭഃ.

---

ശ്രീപതിതന്നെക്കണ്ടു ഭൂപതിസുതൻ പാൎത്ഥൻ ശ്രീപാദങ്ങളെവന്ദിച്ചാനന്ദബാഷ്പത്തിനാൽ * അഭിഷേകവും ചെയ്തുലഭിയാവസ്തുകണ്ണാലഭിമോദേന പാനം ചെയ്തീടുന്നതുപോലെ * ഗോവുതൻ വത്സൻ തന്നെ നാവാലെ വിലേഹനമാവിൎമ്മോദേന ചെയ്യുംവണ്ണമാശ്ലേഷം ചെയ്താൻ * ഉത്ഥായ മകിഴ്ന്നുള്ളൊരുൾത്തളിരോടും തൊഴുതുത്തമപൂരുഷനോടിത്തരമുണൎത്തിച്ചാൻ * കരുണാനിധേ തവ ചരണസരോജം മെ ശരണം ജഗല്പതേ പരിപാലയ പ്രഭോ * ഹംസമാനസപത്മഹംസ സന്നിഭമായയാലെ ഹംസവാഹാദികളും സംസാരേ വലയുന്നു * പുംസാമ്മാദൃശാം പുനഃ കിം സരോജാക്ഷ വിഷ്ണോ കംസാരെ മാരസാവല്ലഭ നമോസ്തുതേ * കരുണാകരൻ താനുമരുൾചെയ്തിതു പാരം പെരുതാം മനോരഥം കരുതിബ്ഭവാനെന്നെ * ചിന്തിച്ചതെന്നാകിലും ഹന്ത നിൻ ഭക്തികൊണ്ടു സന്തുഷ്ടനായ ഞാനോ ചിന്തിതം സാധിപ്പിപ്പൻ * ദ്വാരകാപുരിയിങ്കൽ സന്ന്യാസിവേഷം പൂണ്ടു ചോരിക ചാതുൎമ്മാസ്യവ്യാജത്താലഭീപ്സിതം * സാധിക്കുമെന്നുള്ളതു ബോധിക്ക മമ സഖേ ഖേദിച്ചീടരുതൊട്ടും മോദിക്കമോറാക്കവർ * സന്ന്യസിച്ചിടുന്നാകിൽ ധന്യമാം ഗൃഹാശ്രമം പിന്നെയെന്തിനേ നാഥ വന്നുകൂടുന്നു പോററി * വൃഷ്ണിവംശാധീശ്വരൻ കൃഷ്ണനുമതുനേരം ധൃഷ്ണുസത്തമനായ ജിഷ്ണുവോടരുൾചെയ്താൻ * വേഷവുമുപനിഷൽഘോഷവും കൊണ്ടുണ്ടോ വാഃനേഷണവിഹീനമാം സന്ന്യാസമായിടുന്നു * ഗൎവ്വാദിദോഷം നീങ്ങിസ്സൎവ്വദാ മനസ്സിന്റെ നിൎവ്വികല്പത്വമത്രെ സന്ന്യാസമാകുന്നതും * സൎവ്വത്രേശ്വരനെന്ന വിജ്ഞാനം കൊണ്ടുതന്നെ നിൎവ്വികല്പത്വം വരും മനസ്സിന്നെന്നു നൂനം * അത്രനാളെക്കും കൎമ്മം ചെയ്യേണം നിഷ്കാമനായ് യെത്രയുമെങ്കലുറച്ചീടിന ഭക്തിയോടും * അന്യഭാവത്തെ വേറിട്ടെന്നെ സൎവ്വത്ര കാണാമെന്നാകിൽപ്പിന്നെത്തദാ സന്ന്യസിച്ചീടാമെടോ * മാനസേ വികല്പസങ്കല്പങ്ങളോടും പരമാനന്ദം പരബ്രഹ്മം ഞാനെന്നെ

ന്നു ചൊല്ലിവാചാ * കൎമ്മസന്ന്യാസംചെയ്യുംമൂഢനന്ധനെപ്പോ
ലെ നന്മയെന്നിയേയധഃപതനംപ്രാപിച്ചീടും * സൎവ്വത്രകാ
ണാമെന്നെസ്സൎവ്വമെങ്കലേകാണാം നിൎവ്വാണാത്മകംബ്രഹ്മ
ജ്ഞാനമാമത്രവന്നാൽ * നിൎഗ്ഗമിച്ചീടാംഗൃഹത്തിങ്കന്നുവിരക്ത
നായ് സ്വൎഗ്ഗംഹാലാതലവുംഭേദമില്ലവനേതും * സന്ന്യാസവേ
ഷമാത്രം പൂണ്ടുകൎമ്മത്തെത്ത്യജിച്ചന്ന്യായംവൎത്തിപ്പവൻകീഴ്പ്പെട്ടുപ
തിച്ചീടും * എത്രനാൾഗായത്രിയെസ്സേവിച്ചവരുന്നതു മന്ത്ര
നാളുവാനധഃപതനംഭവിച്ചീടാ * ക്ഷാന്തനായ്വിരക്തനായ്വശി
യായ്ഉത്ഭക്തനായ് ദാന്തനായ്ശ്രദ്ധാലുവായിടുന്നമഹാപുമാ
ൻ * സന്ന്യാസംചെയ്തുസൎവ്വകൎമ്മവുംനിരാശനായ്ധന്യനാംയതി
ശ്രേഷ്ഠൻതന്നെയാശ്രയിക്കേണം * തോഷേണനടിക്കുന്നനട
നെന്നതുപോലെ ദൂഷണമില്ലയതിവേഷംപൂണ്ടതിനാലെ * ഭൂ
ഷണമായ്വന്നിടാസന്ന്യാസംകലികാലേ ദോഷമെന്തെടോതവ
വേഷമാത്രത്തിനാലെ * ഏതുമേഭവാനിതുഹേതുവായുള്ളിലൊ
രു ഭീതിയുണ്ടായീടരുതാദിതേയേന്ദ്രസൂനോ * സന്ന്യാസിവേഷം
പൂണ്ടുവന്നാലുംപുരത്തിങ്കലെന്നാകിൽസ്സാധിപ്പിപ്പൻനിന്നഭിലാ
ഷത്തെഞാൻ * നന്ദനന്ദനനിന്ദ്രനന്ദനനോടു നന്ദിച്ചന്നേ
വമരുളിച്ചെയ്തന്നിശയിങ്കൽതന്നെ * തേരിലാമ്മാറുകരയേറി
ച്ചെന്നവിളംബം ദ്വാരകാപുരംപുക്കാനാരുമേയറിയാതെ * നി
ൎജ്ജരേന്ദ്രജൻതാനുംവിജ്വരമനസ്കനായ് നിൎജ്ജിതേന്ദ്രിയഗ്രാമ
നെന്നുള്ളഭാവത്തോടും * കാലമേയതീന്ദ്രൻറകോലവുംപൂണ്ട
ഞൊരു ശൈലഗഹ്വരസ്ഥലമാലംബിച്ചിരുന്നിതു * പത്മ
ജാമനോഹരൻപത്മലോചനൻപിന്നെ ഛത്മനാമന്ദംവനഭോ
ജനവ്രതത്തിനായ് * സന്ന്യാസിവാഴുംഗുഹാസന്നിധാനത്തിലാ
മ്മാറുന്നതന്മാരായരാമാദിയാദവന്മാരെ * ഒക്കെയെത്തിച്ചാൻ
വ്രതമനുഷ്ഠിച്ചവരെല്ലാം തക്കവണ്ണമേഘോഷിച്ചുത്സവംകഴിയു
മ്പോൾ * സന്ന്യാസിവരനെക്കണ്ടെത്രയുംവിനീതനായ് സ
ന്നിധൌവീണുനമസ്കരിച്ചുസസംഭ്രമം * ഉഗ്രസേനനുംബല
ഭദ്രനോടൊത്തു ചിന്തിച്ചുഗ്രനിന്നത്യാമോദഗൽഗ്ഗദാക്ഷരത്തോ

ട്ടം * ചൊല്ലിനാനമ്മഹാമുനേഭഗവൻദയാസിന്ധോ ദുൎല്ലഭംയു
ഷ്മദീയദൎശനങ്ങൾക്കെല്ലാം * ഭാഗ്യാതിരേകംകൊണ്ടുകേവ
ലാസിദ്ധിച്ചിതു യോഗ്യമായ്വന്നിതസ്മദ്രാജ്യവുമെന്നുനൂനം * കി
ങ്കരനായോരെന്നാൽകിങ്കരണീയംവിഭോ നിൻകൃപാലേശമെ
ങ്കലങ്കുരിച്ചീടേണമേ * എന്നെല്ലാംചൊല്ലുന്നേരംകണ്ണുകളടച്ച
വനൊന്നുമേയുരിയാടാതിരുന്നോരനന്തരം * വിസ്മയപ്പെട്ടേ
വരുമസ്മദ്ദേശത്തുദേഹം വിസ്മരിച്ചോരുയതിവൎയ്യന്താൻഗുഹാ
ന്തരേ * പൃച്ഛിക്കിൽപോലുംചൊൽവാനിച്ഛിക്കുന്നീലചൊറും
നിശ്ചലധ്യാനനിഷ്ഠനെത്രയുമത്യത്ഭുതം * ഏവംചൊന്നതുകേ
ട്ടുദേവദേവനാംവാസുദേവനുമുദാസീനഭാവേനചൊല്ലീടിനാൻ *
പലവുണ്ടല്ലോവനനിലയമയിൽപോലെ ബലമേറിനമുനികുല
മോരോരോദിശി * ശരണമവൎക്കെല്ലാമരണ്യംതന്നെയെന്നു ക
രണീയമാംകാൎയ്യംനമ്മാലെചൊല്ലീടുവിൻ * യാദവന്മാരുംത
ദാമാധവനോടുചൊന്നാരാദരഹീനമേവം ചൊല്ലരുതെടോകൃ
ഷ്ണ * ബാലതകൊണ്ടുള്ളൊരുബാലിശബുദ്ധിതന്നെ മൂലമിവണ്ണം
ചൊൽവാനില്ലസംശയമേതും * സന്യാസിപരിവൃഢനന്നത്തെ
ഗ്രാസമാത്രമെന്നാലുംഗൃഹത്തിങ്കൽവന്നുഭോജനംചെയ്കിൽ *
തൃപ്തിതമായ്വന്നീടുംതല്പിതൃകുലമെല്ലാമപ്പടിലോകംമൂന്നു മുല്ലലജ
ന്മാദിയും * അങ്ങിനെതന്നെയതിയിങ്ങുവന്നീടുന്നാകി ലങ്ങു
ചെന്നിങ്ങുകൂട്ടിക്കൊണ്ടന്നീടരുതല്ലോ * മുമ്പിനാൽക്ഷണിച്ചേ
കൻതൻഭവനത്തിൽകൊണ്ടന്നമ്പിനാൽ സന്യാസിക്കുഭിക്ഷ
നൽകീടുന്നാകിൽ * നരകംപ്രാപിച്ചീടുമത്രനല്ലേകഭിക്ഷാപ
രനാംസന്യാസിയെപുരുഹൂതനുംപിന്നെ * ക്രൂരദംഷ്ട്രങ്ങളായ
സാരമേയങ്ങളെക്കൊണ്ടോരോരോമൎമ്മംതോറും പാരാതെകടി
പ്പിക്കും * ആകയാൽസന്യാസിതാനാഗമിച്ചീടുന്നിതെന്നാകി
ലോംപൂജിച്ചീടാമാകുന്നവണ്ണമതു * നല്ലതെന്നെന്റെപക്ഷമല്ല
യെന്നാകിൽനിങ്ങൾക്കെല്ലാമൊത്തതുകാൎയ്യംവല്ലതുമെന്നേവേ
ണ്ടു * എന്നരുൾചെയ്തീടിനോരിന്ദിരാവരൻ തന്നോടന്നേരം
യാദവന്മാർപിന്നെയുംചൊല്ലീടിനാർ * ചാതുൎമ്മാസ്യത്തെത്തു

ടങ്ങീടുവാനുള്ള നാളിന്നേതുംവൈകാതെസന്ന്യാസീന്ദ്രനെപ്പുര
ത്തിങ്കൽ * കൊണ്ടുപോകേണമിതുകണ്ടിലേവൎഷകാലം കൊ
ണ്ടലാലെങ്ങുംമൂടിക്കൊണ്ടിരുണ്ടതിവേലം * താലാങ്കൻതാനും
ചൊന്നാൻബാലനാംകൃഷ്ണനുണ്ടോ കാലദേശവുംധൎമ്മാധൎമ്മവു
മറിയുന്നു * കാൎയ്യാകാൎയ്യങ്ങളറിഞ്ഞാൎയ്യന്മാരാമിങ്ങളിക്കാൎയ്യ
മെന്തിനുകൃഷ്ണൻതന്നോടു ചോദിക്കുന്നു * സന്ന്യാസീന്ദ്രനെത്തൊ
ഴുതന്നേരംയാദവന്മാരന്യൂനാദരമുണൎത്തിച്ചിതുവിനീതരായ് *
നിന്തിരുവടിയെഴുന്നള്ളേണംപുരത്തിങ്കല ന്തരംകൂടാതെ ചാ
തുൎമ്മാസ്യംകഴിവോളം * അങ്ങിരുന്നരുളേണമെങ്ങളിൽകൃപ
യാലെ മംഗലാത്മകയതിപുംഗവനമോസ്തുതേ * അൎജ്ജുനൻ
ചെറുമിഴിച്ചുജ്ജനംതന്നെനോക്കി സജ്ജനമോദചിഹ്നംമന്ദ
ഹാസവുംചെയ്താൻ * യതിയെയെഴുന്നള്ളിച്ചതിമോദേനപുര
മധികമട്ടത്തൊരുമഠത്തിലിരുത്തിനാർ * ഭിക്ഷുവായ്ഗൃഹേഗൃ
ഹേഭിക്ഷയേററുണ്ടു പാൎത്ഥനിക്ഷുകോദണ്ഡബാണലക്ഷ്യയായ
നാരതം * മൌനംദീക്ഷിച്ചുദിനമഞ്ചാറു ചെന്നശേഷ മാനന്ദം
പൂണ്ടുബലഭദ്രരുംചൊല്ലീടിനാൻ * തുടങ്ങീ ചാതുൎമ്മാസ്യംവൎഷ
വുംതഥാലോകം നടുങ്ങുംവണ്ണംഗൎജ്ജിക്കുന്നിതുമേഘങ്ങളും * എ
ങ്ങിനെജഗൽഗുരുവായസന്ന്യാസീശ്വര നങ്ങോട്ടിങ്ങോട്ടുപരിമാ
റേണ്ടുഭിക്ഷാൎത്ഥമായ് * നമ്മുടെഗേഹത്തിലുദ്യാനാന്തൎഗ്ഗൃഹ
ത്തിങ്ക ലിമ്മഹായോഗീശ്വരൻനിവൃത്ഥംവസിക്കേണം * ഉഗ്ര
വീൎയ്യനാംഹലായുധൻറവാക്യങ്ങൾകേട്ടുഗ്രസേനാദികളുമവനേ
പ്രശംസിച്ചാർ * പുഞ്ചിരിപൂണ്ടുതലകുലുക്കിമായാമയൻ കി
ഞ്ചനനേരംമിണ്ടാതിരുന്നോരനന്തരം * ചൊല്ലിനേനേകരാത്ര
മാത്രമേസന്ന്യാസിയേ വല്ലവരെന്നാകിലുംഗൃഹത്തിൽപാൎപ്പി
ക്കിലോ * പാപത്തിന്നിടപ്പെടമാൎയ്യരുമവനൂനമാപൽക്കാല
ത്തിലെങ്കിൽദോഷമൊട്ടില്ലതാനും * വരുത്തീടുന്നാകിലുംതാൻ
തന്നെവരികിലും വിരക്തനല്ലെങ്കിലോബുഭുക്ഷുവെന്നാകിലും *
കടത്തീടരുതന്തഃഗൃഹത്തിൽസന്ന്യാസിയെപ്പെട്ടുക്കുമനൎത്ഥങ്ങൾ
വല്ലതുമല്ലാൎക്കിലോ * പിന്നെയുംചൊല്ലീടിനാൻമുസലികൃഷ്ണൻ

തന്നോടെന്നുണ്ണീധൎമ്മാധൎമ്മംതിരിയാനിനക്കേടോ * കാട്ടി
ലുംവസിച്ചീടാംവീട്ടിലുംസമബുദ്ധ്യാ വാട്ടമില്ലാതയതിശ്രേഷ്ഠന്മാ
ൎക്കവിശേഷം * സത്യജ്ഞാനാനന്താനന്ദാമൃതാത്മകന്നേതും പ്ര
ത്യവായവുമില്ലസത്യമെന്നറിഞ്ഞാലും * പണ്ടേവംപ്രഭാവം
ഞാൻകണ്ടീലമററാക്കുമേ കണ്ടോളുംമഹാത്ഭുതമുണ്ടാമെന്നതേ
വേണ്ടു * നമ്മുടെഗൃഹത്തിങ്കലിമ്മഹാത്മാവുവാണാൽ നന്മ
യുംനമുക്കേററമഭ്യുദയവുമുണ്ടാം * വൃദ്ധവാക്യാനുസാരബുദ്ധിയാ
ലെന്നുഭാവിച്ചിദ്ധമോദേനസാകംമൌനത്തെപരിഗ്രഹി * ച്ചി
ത്തിരിനേരമിരുന്നിത്തരംചൊല്ലീടിനാ നത്തരമ്മഹാവാശിസ
ത്തമൻജഗന്നാഥൻ * കല്യാണംവരംമാൎഗ്ഗമെല്ലാരുംചിന്തിക്കേ
ണം വല്ലജാതിയുമതിനില്ലസംശയമേതും * നല്ലതുവരുത്തുന്ന
തല്ലെന്നുചൊല്ലീടുക യല്ലേതുമെന്നാൎയ്യൻതാൻചൊല്ലുന്നതോ
ൎത്തീടേണം * സന്യാസിസൎവ്വാത്മനാപൂജ്യനെന്നതുനൂന മന്യ
ഭാവമ്മേചെറുതില്ലതിന്നെന്നാകിലും * രാജമാനാലങ്കാരരാജ
മന്ദിരേപല രാജീവനേത്രമാരുംകന്യയുംതോഴിമാരും * കണ്ടാ
ലെത്രയുംമനോമോഹനാംഗികളാമോ രുണ്ടല്ലോസന്യാസിയെ
ക്കൊണ്ടങ്ങുചെന്നീടിനാൽ * ഏകാന്തേസുഖത്തോടുമേകനാ
യ്പാഴുംനേര മേകദാചിത്തഭ്രമംഭവിപ്പാനെളുതല്ലോ * പണ്ടു
സൌഭരിമഹായോഗീന്ദ്രൻമനോജമാൽ കൊണ്ടുമാന്ധാതാവി
ന്റെമകളരായിടുന്ന * വണ്ടാർപൂങ്കുഴലിമാർതന്മെയുംവിവാ
ഹംചെയ്തിണ്ടൽതീരുന്നവണ്ണംരമിച്ചുഭോഗിയായാൻ * ആഴി
യിൽമുങ്ങിവാണാനായിരംസംവത്സര മാഴവേമഹാമുനിഗൌത
മൻജിതേന്ദ്രിയൻ * മഹിളാമണിയായോരഹല്യാനിമിത്തമാ
യ് മഹതാംവരൻപിന്നെരമിച്ചാനവളോടും * മാമുനിശ്രേഷ്ഠ
ൻമഹായോഗീന്ദ്രൻപരാശരൻ കാമിനിൎകൈവൎത്തകന്യയെക്ക
ണ്ടമൂലം * കാമമാൽപൂണ്ടുപൂണ്ടാൻപ്രത്യക്ഷേശപരന്മുന്നം യാ
മുനാംഭസ്സിൽനിന്നിട്ടത്രയുമല്ലചൊല്ലാം * രാമാരത്നമാംതിലോ
ത്തമയെക്കണ്ടുധാതാ വാമമോദംപൂണ്ടുപുണർന്നീടുവാൻതുടങ്ങു
മ്പോൾ * കാമനുംകണ്ടുപരിഹസിച്ചാൻസഭാന്തരേ ഭീമരോ

ഷേണശപിച്ചീടിനാൻവിരിഞ്ചനും * ശ്രീമഹാദേവൻതന്റെ
നെററിക്കണ്ണങ്കിയിങ്കൽ ധീമദമേറുന്നനിഃസ്സമാകെന്നിവണ്ണം *
ക്ഷേമമിജ്ജന്തുക്കൾക്കുണ്ടാവാൻശാപമോക്ഷം കാമനുകൃപ
യാലേനൽകിനാനനന്തരം * അതിനാലത്രേഞാനുമധുനാ
ചൊല്ലുന്നിതു മിതിനാൽകുററമുണ്ടാമെന്നപ്പോൾമുസലിയും *
യതികൾഗൃഹസ്ഥരുംമദനാതുരരായാ രതുനീചൊന്നതിന്നുമി
തിന്നുംബഹുഭേദം * എന്നതമെല്ലാംതവസമ്മതമെന്നധർമ്മം
വെണ്മയിൽഭജിക്കെന്നുപൂർവ്വജവാക്യംകേട്ടു * കാട്ടിലെസ്സന്ന്യാ
സിയെനാട്ടിൽകൊണ്ടുവന്നുമുന്നം വീട്ടിലുള്ളർക്കല്ലോകൊണ്ടുപോ
കുന്നതിപ്പോൾ * എന്തൊന്നുവന്നായമെന്നുണ്ടായീലുള്ളിലേ
തു മെന്തെന്നുചൊല്ലുന്നുഞാനെന്നരുൾചെയ്തീടിനാൻ * വൃ
ദ്ധയാദവന്മാരുംബലഭദ്രാദികളും ബദ്ധമോദത്തോടെഴുന്നെള്ളി
ച്ചുസന്ന്യാസിയെ * ശ്രീവാസുദേവാലയോദ്യാനത്തിലാക്കിസ്സുഖ
മാവസിപ്പിച്ചുവണങ്ങീടിനാരുടനുടൻ * അങ്ങിനെചിലദിനം
കഴിഞ്ഞശേഷംയതി പുംഗവപ്രഭാവംകണ്ടേററവുംപ്രസന്നയാ
യ് * വാമലോചനാമണിമൌലിയാംസുഭദ്രയെ കാമപാലനും
ശുശ്രൂഷാർത്ഥമായ്നിയോഗിച്ചാൻ * കോമളനായകൃഷ്ണൻത
ന്നോടുചൊന്നനേരം കോൾമയിർക്കൊണ്ടുനാഥനുള്ളിലാനന്ദ
ത്തിനാൽ * എതിനെയിഷ്ടമെന്നാലങ്ങിനെചെയ്തുകൊൾവി
നിങ്ങൾബോധിക്കുംവണ്ണമെങ്ങിനെവന്നുകൂടു * ഉഗ്രസേനാദിലോ
കപൂജിതന്മാരാംനിങ്ങൾ ക്കൊക്കവേബോധിക്കിലാരുള്ളതല്ലെ
ന്നുചൊൽവാൻ * എന്നുചൊന്നതുകേട്ടുബലഭദ്രരുംചൊന്നാ
നെന്നുണ്ണിചൊല്ലീടരുതീവണ്ണമൊരിക്കലും * നിന്നധീനന്മാര
ല്ലോഞങ്ങളൊക്കവേപിന്നെ സന്ന്യാസിസത്രുപത്തെയുള്ളവ
ണ്ണമേഭവാൻ * അറിയാഞ്ഞത്രേപലവുരുവുമോരോവിധം പ
റയുന്നതുന്യൂനംബാലിശഭാവത്തിനാൽ * കുറയസ്സല്ലാപംചെ
യ്തീടുകിലറിഞ്ഞീടാം പരമബ്രഹ്മനിഷ്ഠൻസന്ന്യാസിയോഗീശ്വ
രൻ * ദൂഷണംചെയ്തീടരുതെന്നുമേയതിനിന്ദാ ഭൂഷണമല്ലകുല
ക്ഷയത്തെവരുത്തീടും * ഈവണ്ണംചൊല്ലിബലദേവൻവേഗേ

നവാസുദേവൻെറകയ്യുംപിടിച്ചുഗ്രസേനാദിയോടും * കന്ന്യയെ
ത്തന്നെ ചിന്തിച്ചന്ന്യമോരാതെമേവും സന്ന്യാസിവരൻതൻെറ
സന്നിധൌ ചെന്നീടിനാൻ * പത്മാവല്ലഭനായപത്മാക്ഷനാഗ
മംകണ്ടു പത്മാസനാസീനനായ്മഹത്മസന്ന്യാസിതാനും * സ
ച്ചിദാനന്ദലീനസ്വപക്ഷ്മഭാവേനസാകംനിശ്ചലനായിവാണാൻബ
കമെന്നതുപോലെ * വന്ദിച്ചുകൈകൂപ്പിനിന്നിന്ദിരാമണാള
നും മന്ദംസന്ന്യാസീശ്വരൻതന്നോടങ്ങുണർത്തിച്ചാൻ * ആ
ത്മാരാമന്മാരാനന്ദാത്മാക്കളായനിങ്ങളാത്മനിവിശേഷിച്ചുംകൃ
തകൃത്ത്യന്മാരല്ലോ * ഉരിയാടാതെതന്നെമരുവീടുന്നതെന്തൊ
ന്നരുളിച്ചെയ്കെന്നുള്ളതരുതെന്നില്ലയല്ലോ * നാനാരൂപ
ങ്ങളായിക്കാണുന്നതെല്ലാമോർത്താലാനന്ദാത്മകൻ പരമാത്മാ
വുതന്നെയല്ലോ * മൌനവുംയഥാഹൃദിധ്യാനവുംവെടിഞ്ഞി
നി മാനിച്ചുസുഖംവ്യവഹരിച്ചീടേണംവിഭോ * അച്യുതവച
നംകേട്ടജ്ജുനൻതാനുംതദാ നിശ്ചലധ്യാനംവിട്ടുചെറുകണ്മി
ഴിച്ചുടൻ * മിണ്ടാതെയിരുന്നതുകണ്ടുകൌതുകംപൂണ്ടു കൊ
ണ്ടൽനേർവൎണ്ണൻതാനുംകൊണ്ടാടിച്ചൊല്ലീടിനാൻ * ചിത്ര
മെത്രയുംധ്യാനംചിത്രമെത്രയും ധ്യാനമെത്രയുംജിതേന്ദ്രിയൻ
സന്ന്യാസിയെന്നുനൂനം * കിംപ്രയോജനംനമ്മാലുള്ളതുചിന്തി
ച്ചാലും സമ്പ്രതിധ്യാനനിഷ്ഠനിരപേക്ഷകൻയോഗി * എവി
ടെവസിച്ചാലുംവേണ്ടതില്ലെന്നാകിലു മിവിടെവാസമലൌകിക
മെന്നെൻെറപക്ഷം * അദ്ധ്സമ്മതംവാക്യമിത്ഥംകേട്ടപ്പോൾ
ബലഭദ്രരുംസുഭദ്രയെവിളിച്ചുനിയോഗിച്ചാൻ * ഭദ്രേനീസന്ന്യാ
സിയെച്ചെന്നുശുശ്രൂഷിക്കേടോ സൎവ്വസന്നിഭന്മഹായോഗീന്ദ്ര
ന്മഹാഭാഗേ * വിനയസദാചാരസമ്പന്നാസുഭദ്രയും മനസിയ
തീന്ദ്രനുസന്തോഷംവരുംവണ്ണം * അനിശമിംഗിതങ്ങളറിഞ്ഞു
ശുശ്രൂഷിച്ചാളനംലസ്മിതംപൂണ്ടുമടിയെന്നിയേചെറ്റും * ജല
പുഷ്പാദിതത്തൽകാലത്തുവേണ്ടുംവസ്തു പലവുംതദാതദാഭിക്ഷയും
നൽകീടിനാൾ * അങ്ങിനെവാഴുംകാലംലക്ഷണംപലവും ക
ണ്ടംഗനാമണിമൌലിരത്നമാംസുഭദ്രയും * അംഗജോപമനായ

സന്ന്യാസീന്ദ്രനെ വന്ദിച്ചിങ്ങിനെചോദിച്ചിതുശങ്കയാമന്ദംമന്ദം*
കരുണാനിധെമഹാഭാഗയോഗീന്ദ്രമൌലെ ചരണാംബുജദ്വയം
ശരണംമഹാമതേ * തിരിയാതൊന്നുണ്ടുഞാനുണർത്തിച്ചീടുന്നി
തു മരുതാതൊന്നെങ്കിലുംക്ഷമിച്ചുകൊള്ളേണമേ * പുണ്യപൂരു
ഷകുലതിലകന്മാരാംനിങ്ങൾ പുണ്യദേശങ്ങൾതോറുംസഞ്ചരി
ച്ചീടുമല്ലോ * പുണ്ഡരീകാരിവംശോൽഭൂതരാജന്യരത്നം പുണ്ഡ
രീകേക്ഷുതുല്യൻമത്സഹോദരസഖാ * തീർത്ഥയാത്രാർത്ഥംപുറപ്പെ
ട്ടാനെന്നല്ലോകേട്ടുപാർത്ഥൻ തദ്വൃത്താന്തമൊന്നുംപേർത്തുകേട്ടീലതാ
നും * സോദരൻസദാകാലമെന്നുടെപാർത്ഥനൊന്നു സാദരം
ചൊല്ലുംപിതൃഷ്വസ്രീയനാകയാലേ * വർത്തമാനങ്ങളൊന്നുംകേ
ളാഞ്ഞുസഹോദരന്മാർത്തങ്ങളിരിക്കലററംസങ്കടമുണ്ടുനൂനം *
കണ്ടവാറുണ്ടോവാനെങ്ങാനുംനിന്തിരുവടികണ്ടവർചൊല്ലിക്കേ
ട്ടിട്ടെന്നാലുംവിശേഷങ്ങൾ * കൊണ്ടാടുംസഹോദരൻതദ്വൃ
ത്തംകേൾക്കി പ്പതുകൊണ്ടു ഞാനുണർത്തിച്ചീടുന്നതുതപോനി
ധേ * അണ്ടർകോന്മകനേവംകേട്ടതുനേരത്തിങ്കൽ തണ്ടലര
മ്പാമയാലഗ്നികത്തുന്നപോലെ * പണ്ടേതന്നുള്ളത്തിങ്കലുള്ള
തിൽപതിന്മടങ്ങുണ്ടായതടക്കിയുമടങ്ങാഞ്ഞവശനായ് * മ
ണ്ടുംമാന്മിഴിയാളേയാപാദചൂഡംനോക്കി കണ്ടതിമനോഹരമാ
യൊരുരൂപാമൃതം * കൊണ്ടലുംതിമിരവുംവന്നങ്ങുകേശപാ
ശം കണ്ടുപഞ്ചമിച്ചന്ദ്രൻതൊഴുന്നനെററിത്തടം * കണ്ടോളം
കൌതുഹലംവളരുംതിലകവും തണ്ടാരമ്പന്റെവില്ലോടിടയും
ചില്ലികളും * നീണ്ടിടംപെട്ടുകളിച്ചീടുന്നനേത്രങ്ങളും വീണ്ടു
മെൾപ്പൂവിനുള്ളംനടുക്കുംനാസികയും * തൊണ്ടിയുംപവിഴവും
തോല്ക്കുന്നോരധരവുമിണ്ടൽമുത്തുകൾക്കേകുംമംജുളദന്തങ്ങളും *
കണ്ണാടിനാണുംഗണ്ഡമണ്ഡലംതന്നിൽമിന്നും കർണ്ണമണ്ഡന
ങ്ങളുംചിബുകസുഷമയും * കണ്ഠതാപംനിലാവിന്നുമുണ്ടാക്കുംമ
ന്ദസ്മിതം കൊണ്ടേറുംമുഖചന്ദ്രമണ്ഡലപ്രസാദവും * മണ്ടിച്ചു
ശംഖങ്ങളെക്കണ്ടിലാക്കീടുന്നൊരു കണ്ഠവുംചാരുഭുജയുഗമംഗു
ലികളും * തണ്ടാരമ്പന്റെമണിഭണ്ഡാരമെന്നപോലെ ക

ണ്ടോളംമദനാഹവമാമിളുംകൊങ്കദ്വയം * പാണ്ഡുസോദരൻശ
യിച്ചീടിനവടപത്രം കൊണ്ടാടുമുദരവുംകുണ്ടേറുംനാഭിദേശം *
വണ്ടികളുരുണ്ടുമണ്ടീടുന്നനിതംബവും വന്നിണ്ടമുരണ്ടുകൊണ്ടാ
ട്ടുമുന്നമദവാരി * പൂണ്ടെഴുംകുലയാനത്തലവൻതലയ്ക്കു നേരാ
ണ്ടെഴുംജഘനവുംകാഞ്ചിയുംപൂഞ്ചേലയും * കണ്ടാകിൽതങ്കരം
ഭത്തണ്ടെന്നുതോന്നിച്ചീടും രണ്ടൂരുകാണ്ഡംമുഴങ്കാലുംകണങ്കാ
ലും * രണ്ടുഃചവടികളുംകണ്ടുകന്ദനംഗമാൽ കൊണ്ടേറസ്തംഭി
ച്ചവൻമിണ്ടാതെമേവുംവിധൌ * വണ്ടാർപൂങ്കുഴലാളുമധികം
മാരമാലുൾക്കൊണ്ടു ചൊല്ലിനാളേവംപിന്നെയുംപരവശാൽ *
ഉണ്ടൊരുശങ്കതോന്നീടുന്നിതുമന്മാനസേ വിണ്ടലർകുലകാലനാ
കിയധനഞ്ജയൻ * കണ്ടിക്കാർകുഴലിമാർമോഹനനാകുന്നതി
ക്കണ്ടനിന്തിരുവടിതന്നെയല്ലയോനാഥ * തണ്ടലർമകളോടു
തുല്യയാംസുഭദ്രയും തൊണ്ടയുംവിറച്ചുഗൽഗദവർണ്ണങ്ങളോടും *
ചൊല്ലിനോരനന്തരംസല്ലോകനാഥാത്മജൻ ചൊല്ലെഴുംകിരീ
ടിയുംചൊല്ലിനാൻപരവശാൽ * വല്ലഭേധനഞ്ജയൻഞാൻത
ന്നെമനോഹരെ കല്യാണിനിന്നെക്കാമിച്ചത്രെസന്യസിച്ചതും *
കില്പില്ലെൻജീവനാഥേയെന്നുകേട്ടതുനേരംമല്ലലോചനമണിപ്പൂ
വായസുഭദ്രയും * മുല്പസായകൻകോരിച്ചൊരിയുംബാണംകൊ
ണ്ടും ദുല്ലഭാഭീഷ്ടമാരാൽവന്നോരാനന്ദംകൊണ്ടും * പല്ലവം
തൊഴുംമേനിവിറച്ചുതളൎന്നൊന്നും വല്ലാതെപരവശപ്പെട്ടുരോമാ
ഞ്ചത്തോടും * ഫുല്ലാരവിന്ദാനനംലജ്ജയാതാഴ്ത്തിക്കൊണ്ടു തെ
ല്ലുനേരംനിന്നോർത്തുനെടുവീർപ്പിട്ടുപാരം * മെല്ലവേസഗൽഗദം
ചൊല്ലിനാളഹോനാഥ മല്ലികാശരാമയംചൊല്ലാവല്ലിനിക്കേ
തും * വല്ലഭമമപാണിഗ്രഹണംചെയ്തീടുവാൻ വല്ലതുമുപായ
മെന്തെന്നുകണ്ടിരിപ്പതും * ചൊല്ലെഴുമാർയ്യൻസുയോധനനു
കൊടുപ്പാനായ് ചൊല്ലിനിശ്ചയിച്ചിരിക്കുന്നിതുമറ്റുള്ളോരും *
തെല്ലുമയാരുംഗ്രഹിച്ചീടാതെകഴിക്കേണം നല്ലൊരുമാർഗ്ഗമെ
ന്തൊന്നിതിനുചിന്തിച്ചാലും * വല്ലഭൻഭവാൻതന്നെയിനിക്കെ
ന്നുറപ്പുനം കില്ലില്ലാവരിച്ചിരിക്കുന്നുഞാൻമനസ്സിനാൽ * ഇ

ള്ളമററാരുപുരുഷങ്കലുമൊരിക്കലും ചെല്ലുകെന്നുള്ളതെന്റെമാ
നസമുറച്ചാലും * വല്ലജാതിയുംമഹാഗോപ്യമാക്കഴിക്കേണ
മല്ലോവൈഷമ്യമുണ്ടാമല്ലായ്കിലെന്നുനൂനം * നല്ലാരിൽമാണി
ക്യത്തിൻസല്ലാപംപ്രേമത്തോടു മെല്ലാമെചെവിക്കൊണ്ടുംരൂപ
ലാവണ്യംകണ്ടും * തുല്യമില്ലാതെനിറഞ്ഞുമാനന്ദാംബുധി
കല്ലോലങ്ങളിലോളംകളിച്ചുധനഞ്ജയൻ * ചൊല്ലിനാൻ ജീ
വനാധേയയെന്തെല്ലാമെടോനിന്നെ ചൊല്ലിഞാൻപെട്ടതോ
ർത്താൽചൊല്ലാവല്ലനന്തരം * ഇല്ലെടോനിന്നെയൊഴിഞ്ഞൊ
ന്നിലുംചിന്തയും തേഞ്ചൊല്ലാളെമററൊന്നോർത്തീടൊല്ലായെൻ
പ്രാണനാഥേ * അല്ലലെപോക്കുവാനുംനല്ലതുവരുവാനുംമല്ലാ
രികൃഷ്ണൻതന്നെശ്ശരണംപ്രാപിക്കനീ * കല്യാണംനമുക്കുനൽ
കീടുംതൻതിരുവടി കല്യാണാംബുജത്തിങ്കൽനായകൻദയാമയ
ൻ * വില്ലാളിവീരപാർത്ഥൻതന്മനോരഥത്തെയു മല്ലേലുംപൂഞ്ചോ
യലാളമ്മയോടറിയിച്ചാൾ * ഇല്ലമിന്നനെപ്പോലെചെല്ലുംശ്രീ
ദാനപ്പോലെ വല്ലവുമസംഖ്യമുണ്ടാകിലുമെന്തുഫലം * കല്യ
നായ്മനോഹരനായുള്ളസൽപുരുഷൻവല്ലഭനായീടിലേനെല്ലാ
ക്കുസുഖമാവൂ * കില്ലില്ലെന്നകതാരിലോർത്തുദേവകീദേവി വല്ല
വീരമണനോടേകാന്തേചൊല്ലീടിനാൾ * കല്യാണാലയനെ
ല്ലാംകേട്ടുതന്മനസ്സിലുള്ളുല്ലാസംമറച്ചുതന്നമ്മയോടുരചെയ്താൻ *
അമ്മേയിക്കാര്യംമഹാദുർഘടംസുഭദ്രക്കുമിമ്മനോരഥം സാധി
ച്ചീടുവാൻപണിയത്രേ * ചെമ്മേയിന്നതിപ്രയത്നംചെയ്കിൽ
സാധിക്കുമെന്നാനില്ലാകുംവണ്ണംശ്രമിച്ചീടുവൻതാനും * അ
മ്മതന്മതമറിഞ്ഞനുഷ്ഠിപ്പവർക്കെല്ലാം നന്മയുംതപസ്സിന്റെഫല
വുംവരുമല്ലോ * സമ്മതമാകയില്ലിക്കാര്യമാര്യനുനൂനം തന്മത
മെല്ലാമമ്മയ്ക്കുണ്ടല്ലോപരമാർത്ഥം * ദുർമ്മതിയായദുര്യോധനന്നു
കൊടുക്കേണമംബുജമിഴിയാളേയെന്നല്ലോചൊല്ലുന്നതും * നി
ർമ്മലേമത്സോദരേസുഭദ്രേഖേദിക്കേണ്ടാ നിന്മനോഭീഷ്ടംസാധി
പ്പിപ്പൻഞാനേതുചെയ്തും * കർമ്മവാങ്മനസ്സുകൾകൊണ്ടെ
ന്നെസ്സേവിപ്പോർക്കു ശർമ്മമേവന്നുകൂടുംസർവ്വദാധരിക്കെടോ * ക

ന്മഷാദ്ദുഃഖങ്ങളുമെന്നുമേയുണ്ടാകയില്ലെന്മയെന്നുള്ളംതന്നിലുറച്ചു
കൊണ്ടാലുംനീ * നന്മൊഴികൊണ്ടീവണ്ണമമ്മക്കുംസപ്രസാദി
ന്നും സമ്മദംചെയ്തുവെ ഗാലവിട്ടന്നെഴുന്നെള്ളി * ധൎമ്മിഷ്ഠന്മാ
രാമുഗ്രഃസനാദിയരുകളുമമ്മുസലിയുംതാനുമൊക്കവേ കുതൂഹ
ലാൽ * അംവുഴവിലോചനൻതീൎത്ഥസ്നാനത്തിനായ്ക്കൊണ്ടം
ബുധിതീരംപുക്കകാലേമജ്ജനംചെയ്തു * ധൎമ്മാൎത്ഥമുപവസിച്ചു
വരുംദിവാരാത്രമമ്മഹോദധിതടേവസിച്ചയഥാതഥം * ചി
ന്മയനെപ്പൊവരുമുറങ്ങുംദശാന്തരേ തന്മഹാമായകൊണ്ടുമാഹി
ച്ചിച്ചതിവേലം * വെൺമയേറീടുംരഥമേറിവേഗേനദേവസ
മ്മിതനായപാൎത്ഥനന്തികേയെഴുന്നെള്ളി * സമ്മോദത്തോടുംന
മസ്കരിച്ചുധനഞ്ജയൻമെന്മേലയൊഴുകുന്നാരാനന്ദാശ്രുക്കളോ
ടും * അമ്മലർമകൾകാന്തനെഴുന്നില്ലിച്ചരിഷ്ട്യാ തന്മാറിൽചേ
ൎത്തുപുണർന്നീടിനാൻഗാഢംഗാഢം * ധൎമ്മജാരജസഹോദ
രാംപ്യാനിക്കയാ ലമ്മഹേന്ദ്രനംശചിസപ്തൎഷിപ്രവരരും * അം
ബുജാസനസൃഷ്ടസാദ്ധ്യാദികളന്നിയുന്ന നന്മണിമുടിവരുസ്ഥതി
യും ഗന്തുതദാ * അമ്മുനിവരരേയുമപ്പൂൎത്തന്നെയും ചരണാംബു
ജങ്ങളിൽവീണുവണങ്ങിധനഞ്ജയൻ * നന്മവന്നിടുവാനായാ
ശിയുംചൊന്നാരവർ തന്മകൻതന്നെയിന്ദ്രൎമ്മുദകപ്പുൽകീടിനാ
ൻ * അംബുജനാഭനെക്കണ്ടനഘശ്രീപാദാംബുജന്മങ്ങൾന
മിച്ചുച്ചിച്ചീടിനാർഭക്തിയോടും * സന്മയൻമായാമയൻചിന്മ
യശ്രീകൃഷ്ണനമ്മുനിശ്രേഷ്ഠന്മാരെവന്ദിച്ചുസസംഭ്രമം * ധ
ൎമ്മേനപൃച്ഛിച്ചുടൻകുശലപ്രശ്നംചെയ്തു നിൎമ്മമന്മാരാംനിങ്ങളെഴു
ന്നെള്ളുകയാലേ * ജന്മസാഫല്യംവന്നുമാമുനിശ്രേഷ്ഠന്മാരേകിം
മമഭാഗ്യമിതിൽപ്പരമെന്നതുകേട്ടു * സമ്മതന്മാരായസപ്തൎഷി
കളുരുൾചെയ്താർ ബ്രഹ്മാദികൾക്കുമറിയാതൊരുപരബ്ര
ഹ്മം * നിൎമ്മലവടിനിൎഗ്ഗുണംനിഷ്കാരണൻനിന്മഹാമായാമയ
മിക്കണ്ടതെല്ലാംപുനഃ * കൎമ്മനേമോഹനംനിയരുളിച്ചെയ്യുന്നതും
അംബരവാസിമുനിവരന്മാരേവംചൊല്ലി ചെമ്മലർപാദങ്ങളെ
സ്സാനന്ദംവണങ്ങിനാർ * അമ്മയുംജനകനുമിന്ദ്രാണിയിന്ദ്രൻ

താനും തമ്മിലന്യോന്യസല്ലാപംചെയ്തശേഷംനാഥൻ * സ
മ്മാനിച്ചനേകധാപുകഴ്ത്തുംമഹർഷികൾ തമ്മോടനിരൂപിച്ചുക
ല്പിച്ചുമുഹൂർത്തവും * പൊന്മണികിരീടകുണ്ഡലകങ്കണാംഗദനി
ർമ്മലഹാരപട്ടാംബരശൃംഖലാദിയാൽ * വെണ്മതികുലമലങ്കരി
ക്കുംവിജയനെ വെണ്മയോടലങ്കരിപ്പിച്ചിതുപുരന്ദരൻ * വെണ്മ
തിമുഖിയരുന്ധതിയുമിന്ദ്രാണിയും വെണ്മതിമുടിമാണിക്കക്കല്ലാം
സുഭദ്രയെ * മന്മഥന്തഴന്താഴുംകേശപാശവുംകെട്ടി നന്മലർ
മാലമേലേചുററിമഞ്ജുളതരം * അംബുവുണ്ടിരുണ്ടീടുമംബുദവ
ർണ്ണമവലംബിക്കുംതൊടുകുറിനെററിയിലിട്ടത്ഭുതം * അംബുജദ
ളംപോലെനീണ്ടിടംപെട്ടിടിനോരംബകങ്ങളിലണിഞ്ഞഞ്ജനം
ഹൃദ്യഞ്ജനം * രമ്യമായ്വിളങ്ങീടുംരത്നകുണ്ഡലംകാതിൽ കംബു
കണ്ഠത്തിൽമുത്തുമാലശൃംഖലാദിയും * സമൃങ്ങ്മോഹനങ്ങളാം
കൈകളിലംഗദങ്ങൾകംബുക്കൾമണികടകങ്ങൾകങ്കണങ്ങളും *
നന്മനംകോലുനകസ്തൂരികുങ്കുമാദികൾ സംമൃദ്ധമെയ്യിലാലേപ
നവുംചെയ്തനന്നായ് * ശംബരാരാതിരാജധാനിയെച്ചൂഴന്നോ
രു വന്മതിലെന്നപോലേകാഞ്ചിയുംദുകൂലവും * പൊന്മയത
ണ്ടളുംപാദകന്ദുപുരംകാൽ തന്മീതിലണിയിച്ചാരാപാദചൂ
ഡമെല്ലാം * ശംഖായുധാത്മജൻറവലത്തുഭാഗത്തിങ്കലമ്മ
യ്യാകൊണ്ടന്നിരുത്തീടിനാൾസുഭദ്രയേ * ധർമ്മജ്ഞന്മാരായ
സപ്തർഷികൾസമക്ഷമേ ധർമ്മമാംവണ്ണംഹോമംകഴിച്ചുകിരീടി
യും * സന്മതിമുഖ്യൻവസുദേവരുംശ്രീകൃഷ്ണൻറ സമമതാറി
ഞ്ഞതിവാത്സല്യമോദാനപിതം * കണ്മണിയെന്നപോലെമേ
വുംകന്യകാമണി രുക്മിണിലജ്ജയോടുംവിളങ്ങുംസുഭദ്രയേ * ത
ന്മടിയിങ്കലാമ്മാറിരുത്തിസ്സമന്ത്രകം ധർമ്മിഷ്ഠോത്തമൻപാർത്ഥ
നായ്ക്കൊണ്ടുനല്കീടിനാൻ * ഭർമ്മഹോത്സവത്തിങ്കൽദേവദുന്ദു
ഭികളുമംബുധികലങ്ങുമാറത്യുച്ചംഘോഷിച്ചിതു * സ്വർമ്മഹേ
ഷുമാരുർവ്വശ്യാദികളത്യത്ഭുതം ഹൃന്മദകരമായനടനംചെയ്തീടി
നാർ * ധർമ്മാർത്ഥംപാണിഗ്രഹംചെയ്തുപാണ്ഡവൻസഹധർ
മ്മിണിയോടുംചേർന്നുലാജഹോമവുംചെയ്തു * കർമ്മണാംസാ

ക്ഷിയായോരഗ്നിയെമ്മൂന്നുവട്ടം ശർമ്മണാവലത്തുവെച്ചമ്മിയുംച
വിട്ടിച്ചു * തമ്മിലന്യോന്യംനോക്കികണ്ടവരാനന്ദമാ മംബു
രാശിയിൽമുഴകീടിനാരിരുവരും * അമ്മഹാസഭയിങ്കൽകൃഷ്ണ
സന്നിധൌപാർത്ഥൻ ധർമ്മപത്നിയുംതാനുംനമസ്കാരവുംചെയ്താ
ൻ * അംബികാദേവിയോടുംതുഹിനാചലത്തിങ്കൽ ത്ര്യംബക
നെന്നപോലെശോഭിച്ചസഭാന്തരേ * ബ്രഹ്മവിദഗ്ര്യന്മാരായ
ഗ്നിജ്വാലകൾപോലെ ബ്രഹ്മതേജസ്സുകൊണ്ടുജ്വലിക്കുംസപ്തർഷി
കൾ * മെന്മയോടാശീർവ്വാദംചെയ്തുദമ്പതിമാർക്കുചെമ്മേമംഗ
ലംവളർന്നീടുമാറത്യാദരം * നാന്മറക്കാതലായകൃഷ്ണനോടനുജ്ഞ
യുമാണ്മയിൽവാങ്ങിസ്വസ്ഥാനത്തെഴുന്നെള്ളീടിനാർ * ഷാ
ണ്മാതുരാഭനായപുത്രനെപ്പത്നിയോടും കാണ്മാനായിരംകണ്ണു
പോരാഞ്ഞുമഹേന്ദ്രനും * തേന്മൊഴിസുഭദ്രയോടൊന്നിച്ചകിരീ
ടിയും താൻമന്ദമിന്ദ്രാണീന്ദ്രന്മാരെയുംവണങ്ങിനാൻ * ഉമ്പർ
കോനിന്ദ്രാണിയുംദമ്പതിമാരേപ്പരിരംഭണംചെയ്തുമുക നമ്പോടു
നെറുകയിൽ * സമ്പ്രീതിയോടുമാശീർവ്വാദവുംചെയ്തശേഷ മമ്പ
രിലമ്പേറുന്നതമ്പുരാൻപദംതൃപ്പി * കിംപുരുഷാദിതേയസിദ്ധ
ചാരണരോടും തമ്പുരംപുക്കുവസിച്ചീടിനാരനാകുലം * അം
ഭോജേക്ഷണൻതാനുംഭക്തരിൽമുമ്പനായ ജംഭാരിനന്ദനന്തൽഭ
ഗിനിയേമുദാ * സംഭാവ്യദാനംചെയ്തുസംഭ്രമത്തോടുവേഗാല്ലം
ഭോധിതീരംപുക്കുശയിച്ചുയഥാപൂർവ്വം * അംഭോജാതമജ്ജാമണ
വാളർകാരുണ്യത്താലംഭോജവിലോചനാരതമാംസുഭദ്രയേ *
ശംഖായുധർചന്ദഭൂതനെത്തയന്നതുപോലെ സംഭൃതാനന്ദം
പ്രാപിച്ചർജ്ജുനൻകൃതാർത്ഥനായ് * ലബ്ധിതംമമജന്മസാഫല്യ
മെന്നോർത്തുള്ളിൽ ജൃംഭിതോത്സാഹത്തോടുംവാണിതുയഥാസു
ഖം * സംഭൃതരസാദിരിപത്താന്നാമദ്ധ്യായവും സാംപ്രതികഴി
ഞ്ഞിതുശിഷ്ടവുംകേട്ടുകൊൾകവിൻ *

## ദ്വാവിംശോദ്ധ്യായഃ—പ്രാരംഭഃ

---

പിററന്നാളുഷഃകാലേ ചട്ടയുംവില്ലുമമ്പും മററുംനാനായുധ
ത്തേധരിച്ചുസന്നദ്ധനായ് * കററവാർകുഴലാളാംപത്നിയെത്തേ
രിലേററി തെററന്നുപുറപ്പെട്ടുവിജയനതിരഥൻ * ചുററുംകോലു
ന്നഹരിസോദരീസുഭദ്രയും കുററമെന്നിയേമുദാസാരത്ഥ്യംചെയ്തീ
ടിനാൾ * പററലർകുലകാലൻവീരനാംസവ്യസാചി മുററീടും
ധൈര്യത്തോടുംചെറുഞാണൊലിയിട്ടു * തെററാതെവീഥിയൂ
ടേനടകൊണ്ടപ്പോളറിഞ്ഞതെററമില്ലാതപുരപാലകന്മാരുംക്രുദ്ധാ*
ഉററനാലംഗപ്പടയോടുംവന്നെതിരിട്ടു കററപൈതങ്ങളൊത്തു
പുലിയോടെന്നപോലേ * ചുററുംനിന്നസ്ത്രശസ്ത്രനിരകൾതൂകു
ന്നവ കൊററവനായപാൎത്ഥനെയ്യുന്നശരങ്ങളാൽ * അററററു
തെറിച്ചിതുകയ്യിലായുധങ്ങളും മുററുംതേരുഷ്ണീഷവുംകവചംതു
ണീരവും * ചുററിയവസ്ത്രങ്ങളുംവില്ലാളിമുമ്പൻജിഷ്ണു ചെററു
നേരംകൊണ്ടാക്കസ്ത്രതധാനരുക്കിനാൻ * പാറുകയില്ലെന്നുറ
ച്ചൊഴിച്ചുനാണിച്ചുപേർപെററസങ്കേതഭേരിമുഴക്കിഭടന്മാരും *
അൎജ്ജുനൻപ്രയോഗിച്ചനിശിത വിശിഖങ്ങളൎജ്ജുനാംകിതങ്ങളും
യുള്ളവകയ്യിലേന്തി * അൎജ്ജുനമൊരുത്തൻതന്നെയുംനിയോ
ഗിച്ചാരച്യുതാദികൾതമ്മോടങ്ങുചെന്നറിയിപ്പാൻ * യോജന
മൂന്നുമുഴത്തിട്ടുന്നങ്ങേതിനാലു യോജനമുഴത്തികല്പാന്തസാഗരംപോ
ലേ * പൂജനീയനാംകൃഷ്ണകൃപയാമഹാഭാഗ്യ ഭാജനമായപാ
ൎത്ഥജയശംഖവുംതഥാ * ആജിയിൽതന്നോടെതിരിട്ടവരെല്ലാ
രെയു മാജാനുബാഹുവീര്യൻജയിച്ചുജിതശ്രമം * രാജമാനനാം
തൻരാജീവനാഥനെക്കണ്ടുരാജീവദളലോലഃലോചനാസുഭദ്രയും*
ആജന്മദൃഷ്ടാത്ഭുതപ്രേമഹർഷാതിരേകാലാശ്രുഭ്രുഃയാപിട്ടയോമുറു
കപ്പുല്കീടിനാൾ * രാജോപമാനാനനനമിതയശോനിധി രാ
ജനന്ദനൻധന്യധന്യനാംജിഷ്ണുവിനും * വല്ലഭാസചയംഗ്രഹാ
ലിംഗനംകൊണ്ടുണ്ടായ്ദുർല്ലഭാനന്ദാമൃതസമ്പൂൎണ്ണരത്നാകരം *
നല്ലസാമ്രാജ്യാനന്ദബ്രഹ്മാനന്ദങ്ങൾക്കേക്കാൾ ചൊല്ലുകിൽകോടി

ഘ്നമല്പതിലേറുംപോലേ * തുല്യമില്ലാതാനന്ദംപ്രാപിച്ചാനെ
ന്നല്ലാതെ ചൊല്ലുവാനനന്തനുമാവതില്ലതുനൂനം * ഉല്ലാസ
ത്തോടുംപിന്നെത്തന്നുടെപുരത്തിന്നു വില്ലാളിവീരൻനടകൊ
ണ്ടിതുനിശ്ശങ്കനായ് * സങ്കേതഭേരീനിനാദംകേട്ടുയദുവീരസം
ഘവുമുടൻഞെട്ടിയുണർന്നു സസംഭ്രമം * സങ്കടംശത്രുക്കളാലു
ണ്ടായീപുരിക്കെന്നു ശങ്കിച്ചുകോപിച്ചുഗ്രസേനരാമാദ്യന്മാരും *
പങ്കനാശനർഭക്തിമുക്തിദായകനായ പങ്കജവിലോചനൻത
ന്നോടുചൊല്ലീടിനാർ * സംഖ്യയില്ലാതശത്രുവൃന്ദംനമ്മുടെപു
രം വങ്കടൽപോലേവന്നുരോധിച്ചുനിസ്സംശയം * എങ്ങിനേ
വേഗത്തിലങ്ങെത്താവുനമുക്കെല്ലാമെങ്ങിനെ രിപുക്കളെച്ചെന്നാ
ട്ടിക്കളയാവു * എങ്ങൊരുപഴുതെന്നുശത്രുക്കളിരിക്കവേയിങ്ങെ
ത്രവിചാരദോഷംവന്നതെന്നുനൂനം * ഇങ്ങിനെമററാരാനും
ചെയ്യുമോനിരൂപിച്ചാലങ്ങൊരുവരുമെന്ന്യേ പോന്നിതുസമസ്ത
രും * ബലത്താലതീവനാംഗർവ്വിഷ്ഠന്മാരാകയാൽ കുലത്തോടു
ണ്ടായിതുദുശ്ശസ്സഹോകഷ്ടം * ഫലിച്ചുമനോരഥംവൈരിക
ൾക്കിതുകാലംപലക്കും ബുദ്ധിമാന്ദ്യംനമുക്കുഭവിക്കയാൽ *നമ്മുടെ
നീതിശാസ്ത്രചിന്തയുംനന്നുപാരമിമ്മഹീതലത്തിങ്കലിങ്ങിനേയ!
ല്ലാരുമേ*ഇമ്മഹാസൈന്യംദ്രുതമെങ്ങിനേയെത്തീടുന്നു ചെമ്മേ
പിന്നാലേമെല്ലെകൊണ്ടുപോരികഭവാൻ*ക്രുദ്ധനായേവംചൊ
ല്ലിത്തേരേറിഹലായുധൻ ബദ്ധസാഹസംമുമ്പിലോടിനാനതിര
ഥൻ * പദ്ധതിമദ്ധ്യേചെന്നുകൃഷ്ണനുമതുനേരം ദുർദ്ധർഷനായബ
ലഭദ്രരോടുരചെയ്താൻ * ശത്രുക്കളുണ്ടെങ്കിലുംനമ്മുടെപുരത്തെ
വന്നിത്രിലോകത്തിലേകൻകണ്ണുകൊണ്ടുനോക്കീടുമോ * സുത്രാ
മാവിന്നുപോലുമശക്യമതുദുർദ്ധരന്തത്രതാഡിച്ചഭേരികാരണംനിരൂ
പിച്ചാൽ * പാററലരാലെയെന്നായ്വരുവാനില്ലബന്ധം മററുവ
ല്ലതുമൊരത്യാഹിതമെന്നോവരു * സന്ന്യാസിയന്തഃപുരേവസി
ക്കുന്നവൻതനിക്കന്ന്യരാലുപദ്രവമേതാനുമുണ്ടാകയോ * അ
ന്ന്യായകർമ്മമവനേതാനുംചെയ്കയോവാൻ കന്യകാസന്നിധൌ
ശുശ്രൂഷിച്ചുവാഴുന്നാളെല്ലോ * പിന്നെമററാരുവരുംകൂടാതെ

വിഷ്ണനത്തിൽ തന്വംഗിമത്സോദരീതാൻപരിചരിപ്പിതും * മു
ന്നിൽചെറ്ററമംഗലം പിന്നെടംമഹാശ്രേയസ്സമ്പൂനംവന്നുകൂട്ടം
സംശയമില്ലേതുമേ * എന്നത്രെനിമിത്തവംകാണുന്നുവിശേ
ഷിച്ചുമെന്നാൎയ്യശിഷ്യനാംഞാനിന്ദിന്നേയിരിക്കവേ * നിന്തി
രുവടിമുമ്പിലുമരിന്നെഴന്നെൾവാ നെന്തൊരുസംബന്ധമതുയോഗ്യ
മല്ലന്നുനൂനം * എന്തെന്നാകിലുംമുമ്പിൽച്ചെന്നുഞാനവിളം
ബമതാ കൂടാതെതത്രൊചിതംചെയ്യിട്ടവൻ * കിന്തുസന്ന്യാ
സിഃമഹതുവായെത്രെപുരത്തിങ്കൽ സന്താപാദികൾചെറുതുണ്ടാ
യതെന്നാകിലോ * ഹന്തഞാനവൻതന്നെഹനിക്കുന്നുണ്ടുദ
ഢം ഹന്തവ്യനേത്രെയതിപാതകീനിസ്സംശയം * സോദരനു
ടെവാക്യമിവണ്ണംചെവിക്കൊണ്ടുസാദരം ബലഭദ്രരുത്തരംചൊ
ല്ലീടിനാൻ * ഒട്ടിനാൾതൊട്ടുഴിതേന്ദ്രിയനായതിയിങ്കൽ മേ
ദുരവൈരംതവഭവിച്ചുകഷ്ടാകഷ്ടം * ഒരുതുവൃദ്ധാമഹാനിന്ദയു
മൊരുനാളും കരുതീടേണംപ്രത്യക്ഷേശ്വരനെന്നുനിത്യം *
പെരുതായുള്ളകാൎയ്യമെന്തിയയല്ലംതിങ്കൽ പറിചോട്ടണ്ടോഭേ
രിതാഡനംചെയ്യിട്ടുന്നു * ശത്രുക്കൾവന്നുപുരമാക്രമിച്ചതുമൂ
നമെത്രയും ഭയങ്കരമായിതുകലഹവും * നിസ്സൃപന്മാരായ്നാമ
ന്ന്യോന്യംചൊല്ലിരണ്ടാമബ്ലിയെന്നതുപോലെസൈന്യവുംകൊണ്ടു
വേഗാൽ * കഞ്ജാനബാഡവാഗ്നിജ്വാലകളെന്നവണ്ണം ബദ്ധ
രോഷേണനടന്നുട്ടക്കുന്ദരാന്തരേ * വൃത്രാരിപുത്രനെയ്യപത്രികാ
ളെട്ടത്തുകൊണ്ടത്രെയും ക്ഷിപ്രംപ്രേഷ്യപുരുഷൻമണ്ടിവന്നാ
ൻ * യാദവന്മാരംവൃത്തംചൊല്ലിച്ചുസസംഭ്രമം സാദേനകിഴച്ചു
രിയാടരുതാഞ്ഞുള്ളതെൻ * മുമ്പിനാൽനൽകീടിനാനന്ദകല്പതക
ണ്ടിട്ടമ്പർകോനു പുത്രൻതമ്പത്രികളെന്നറിഞ്ഞവർ * പമ്പ
രന്നവനോട്ടചൊദിച്ചാരെന്തുസംബന്ധമമ്പേറും ബന്ധുക്കളാംപാ
ണ്ഡുനന്ദനന്മാക്ക * മുള്ളപടയോട്ടംവന്നുനമ്മുടെപുരം സ
ന്ത്യതിനിരോധിപ്പാനൊക്കന്നിലൊട്ടുമോത്താൽ * കംപെടാനാം
ഗശ്ശതൻചൊല്ലിനാൻസഗൽഗദം വമ്പടയെന്നല്ലൊരുവൻ
പോല്ലുംവന്നിലെല്ലോ * സന്ന്യാസിസുഭദ്രയെക്കൊണ്ടങ്ങുപോ

യിടിനാൻ സന്നാഹംപൂണ്ടുഞങ്ങളുടനുയുദ്ധത്തിനായ് * ധ
നപിയാമവൻബാണംകൊണ്ടുനിൽക്കരുതാഞ്ഞു സന്നാധൈശ്വ
ത്തോടൊഴിച്ചകന്നിതെന്നേവേണ്ടു * വൃത്രശത്രുവോപാക്കിൽ
ത്രിപുരാന്തകനോവാനത്രവന്നവനി വനെന്നോൎത്തു സമസ്തരും *
ശസ്ത്രാസ്ത്രപ്രയോഗവൈചിത്ര്യത്തെക്കണ്ടുപാരം വിത്രസ്തചിത്ത
ന്മാരായ്മടങ്ങിലഘുതരം * തത്രയുദ്ധത്തിലെസ്സപത്രികളെടുത്തു
തന്നത്രകാട്ടീടെന്നയച്ചെത്രയുംമന്ദിവനേൻ * ഇത്തരമേവം
ചൊന്നവൃത്താന്തത്തെക്കേട്ടനേര മിദ്ധനായിട്ടന്നൊരു ചിത്രഭാനു
വെപ്പോലെ * വൃദ്ധക്രോധനാംബലഭദ്രരോടതിൽപരം ബദ്ധ
കോപേനലോകംദഗ്ദ്ധമാമെന്നവണ്ണം * ദുർദ്ധൎഷഭാവംഗരുഡ
ദ്ധ്വജൻചൊല്ലീടിനാൻവൃദ്ധന്മാരെല്ലാവരുമൊത്തു ചിന്തിച്ചിട്ടെ
ല്ലോ * വൎദ്ധിച്ചോരനൎത്ഥത്തെശ്ശുദ്ധിച്ചസമ്പാദിച്ച സിദ്ധിച്ചി
തെല്ലോയതിസത്തമസേവാഫലം * ബുദ്ധിയില്ലാതെപാരംമു
ഗ്ദ്ധനാംഞാനോമദ്ധ്യേ മദ്ധ്യേചൊന്നതുചെറ്റുംസിദ്ധമില്ലെ
ന്നുംവന്നു * ബുദ്ധന്മാരോജോഷയോവൃദ്ധന്മാർ വിശാലശാസ്ത്ര
തത്ത്വജ്ഞന്മാരായ്സ്സാധുപദ്ധതിയറിഞ്ഞവർ * സദ്ധൎമ്മമിതെ
ന്നുസന്നദ്ധന്മാരായ്ക്കാനനെ സ്വസ്ഥനാംസന്ന്യാസിയെപ്പത്ത
നേകൊണ്ടുപോന്നാർ * അത്രയുമല്ലപിന്നെചിത്രമാമന്തഃപു
രേ ചിത്തമോദേനചെയ്തതെത്രയുംകഷ്ടംകഷ്ടം * യോഗിയാ
കിലുംമഹാതപസ്വിയെന്നാകിലും രാഗദ്വേഷാദിഹീനൻജ്ഞാ
നിയെന്നിരിക്കിലും * ഭോഗശീലന്മാരായജനങ്ങളോടുസദാ യോ
ഗേനപുരത്തിങ്കൽവസിക്കുംസന്ന്യാസിയെ * വിശ്വസിച്ചീടാമേ
വാനെന്നതിൽവിശേഷിച്ചും വിശ്വമോഹനരൂപശീലയാംതരു
ണിയേ * വിശ്വധാശുശ്രൂഷിപ്പാനാരുമാന്നിയോഗിപ്പ വി
ശ്വജ്ഞന്മാൎക്കുപോലുംവന്നീടുംചിത്തഭ്രമം * ചെരുതാംവ്രണ
ത്തിങ്കൽക്ഷാരംപോലവേ പലതരമീവണ്ണംചൊല്ലീട്ടെന്തൊരു
ഫലമിനി * വരുവാനുള്ളവെള്ളംപോയതിന്നനന്തരം തരസം
കെട്ടീടുന്നചിറയെന്നതുപോലെ * ദുരതിക്രമമെല്ലോകാലവ്യാ
ചിന്തിച്ചോളംനിരസിക്കരുതാൎക്കും ഭവിഷ്യൽഫലമെന്നും * അ

ല്ലാഴ്ത്തിൽക്കൂട്ടത്തോടെകൊല്ലുവാൻപാൎത്ഥന്മാരെ കില്ലില്ലാപുരത്തെ
യുമില്ലെന്നുവരുത്തുവാൻ * ഒല്ലാത്തപാപമേകൻചെയ്തീടുംമഹാ
ജന മെല്ലാരുമതിൻഫലംഭുജിക്കുമെല്ലോതാനും * നല്ലവംശത്തി
ലൊരുദുഷ്പുത്രനുണ്ടാകിലോ വല്ലാതെയധഃപതനംവരുംപി
തൃക്കൾക്കും * സന്യാസിവേഷംപൂണ്ടുദുൎന്ന്യായംപാൎത്ഥൻചെയ്തിട്ട
ന്യ പാണ്ഡവന്മാരുംഹന്യമാനന്മാരായി * ധന്യനാംകൃഷ്ണനേ
വംമൃത്യുന്നുസ്യൂതനോടു തന്നുടെതേരാശുകൂട്ടീടുകെന്നുരചെയ്താൻ *
ജന്യത്തിന്നായിട്ടതിസന്നദ്ധനായനാഥൻ മന്യുഭാവത്തെയുംക
ണ്ടു നതക്രോധൻരാമൻ * ചൊന്നാനീവണ്ണംപ്രാജ്ഞൻ സന്യാ
സിവേഷംപൂണ്ടുകന്യയെക്കൊണ്ടുപോയദുഷ്ടാത്മാധനഞ്ജയൻ *
ദുൎവൃത്തൻശഠൻകുലദൂഷകനവൻതന്നെ നിൎവ്വിശങ്കംക്കൊന്നീടേ
ണംസന്ദേഹമില്ലേതുമേ * ധൎമ്മജാദികൾക്കുണ്ടോകുററമിന്നി
തിനാലേ ധൎമ്മമല്ലതുനിരൂപിക്കുരുതൊരുനാളും * രാവണ
നേവംപണ്ടുസീതയെക്കട്ടൂലം പാവനനായവിഭീഷണനെക്കൊ
ന്നിതോവാൻ * ഹിരണ്യൻചെയ്തപാപംപ്രഹ്ലാദനുണ്ടോവ
നുവിരത്തു കൊന്നീടുവാൻദുഷ്ടനെമാത്രമിപ്പോൾ * ഹലവുംമു
സലവുംകയ്യിലാണ്ടേകനായേവം ഹലിയുംതേരിലേറിചിദ്രുതംന
ടകൊണ്ടാൻ * സഹിച്ചുകൂടാതകല്പാന്താഗ്നിപോലവേരുഷാ ദ
ഹിക്കുംതേജസ്സിനാലഖിലമെന്നപോലെ * ഉഗ്രസേനാദിയദു
വീരന്മാരാരുമപ്പോളു ഗ്രക്രോധനാംഹലായുധനെനോക്കുവാ
നും * അഗ്രേചെന്നിടുവാനും വല്ലാഞ്ഞുപണ്ടുലോകരുഗ്രോഗ്ര
നൃസിംഹത്തെക്കണ്ടിട്ടെന്നതുപോലെ * സന്ത്രസ്തഭാവത്തോടും
മായാമാനുഷനെല്ലേ മന്ത്രത്താൽസൎപ്പരോഷംശമിപ്പിപ്പതുപോ
ലെ * അന്തഃക്രോധാതിരേകംതാഴുവാൻതൎക്കവാക്യം ചിന്തിച്ചു
കൈകൂപ്പിനിന്നിങ്ങിനെചൊല്ലീടിനാൻ * ആൎയ്യനിന്തിരുവടി
ചെററുംലൌകികങ്ങളാം കാൎയ്യാകാൎയ്യങ്ങളറിയുന്നീലേമഹാമ
തേ * നിന്തിരുവടിതന്നെയീവണ്ണംകോപിച്ചീടിലെന്തൊന്നു മ
ററുള്ളവർചെയ്യുതുചിന്തിച്ചാലും * ഒാടിയൻമുമ്പെയുണ്ണത്തി
ലേവരുംഹല മുടനെയവ്വണ്ണമേതന്നെസംഭവിച്ചിതു * നൊടി

കൊണ്ടനൎത്ഥങ്ങളുണ്ടാക്കിച്ചമച്ചീടാം മൂടിയാ സംവത്സരകോടി
കൾകൊണ്ടുംപിന്നെ * ഇനിയുമുഗ്രസേനാദികളോടൊത്തു ചി
ന്തിച്ചുരപാദം തന്നെയെല്ലാക്കുമെന്നിരിക്കിലോ * പോയിടാം
പാൎത്ഥസംഹാരത്തെ അദ്ധ്യം ചെയ്യാമെല്ലോ പോയ ചിന്തയേവരു
ത്താവതല്ലൊന്നുകൊണ്ടും * ശാസ്ത്രസമ്മതമുണൎത്തിച്ചതുകേളാ
യ്ക്കയാലാൎത്തിവന്നിതുമിനി അതിന്നെയെന്നിരിക്കിലും * നന്നായി
നിരൂപിച്ചു ചൊല്ലേണം മനപാദികൾ സന്ന്യാസം കലിയുഗേ നി
ന്ദ്യമെന്നല്ലോ ചൊല്ലി * അറിഞ്ഞു ജനം കലികാലത്തു സന്ന്യാ
സിയെ നരുങ്ങുപോലുമുള്ളിൽ വിശ്വസിക്കരുതെല്ലോ * ഒക്കെയുമ
റിഞ്ഞിരിക്കുന്ന നിന്തിരുവടിക്കിക്കാലമീവണ്ണം ചെയ്തീടുവാൻ
തോന്നിബലാൽ * അക്കഥാന്തിൽക്കമേലിൽ വരുന്നതോരാതെ
കണ്ടിക്കോപമെന്തിന്നിപ്പോൾ പഴത്തേമഹാപ്രഭോ * ഗുഹയിൽ
മൌനം ദീക്ഷിച്ചിരുന്ന സന്ന്യാസിയെ ബഹുമാനത്തോടന്തഃപുര
ത്തിൽ കൊണ്ടന്നതേ * സഹിയാഞ്ഞിതിനിക്കുള്ളമേററവും വിറ
ച്ചിതു വിഹിതമല്ലാത്തുള്ളകൎമ്മമെന്നാകയാലേ * കാട്ടിലെങ്ങാ
നും കിടന്നവനെക്കൊണ്ടന്നിങ്ങു നാട്ടിൽ വെച്ചതു തന്നോട്ടന്യാ
മെന്നുറൂാം * പിന്നെപ്പോയിരിപ്പന്തഃപുരത്തിലെന്നായ്വന്നി
തെന്നേ കഷ്ടമേ കന്യാശുശ്രൂഷിപ്പതിന്നെന്നും * യൌവനാരം
ഭംചെന്ന കന്യയും സന്ന്യാസിയും സൎവ്വദാ സഹവാസം യോഗ്യമെ
ന്നാക്കു തോന്നും * സൎവ്വജ്ഞന്മാരായവരൊക്കെയൊന്നിച്ചിങ്ങി
നെ സൎവ്വഗൎഹിതമായ കാൎയ്യത്തെച്ചെയ്കതോൎത്താൽ * എന്തൊ
ന്നു ചൊല്ലുന്നു ഞാൻ സകലജനങ്ങൾക്കും സന്തതം ഹാസ്യത്തി
ന്നു കാരണമായിതെല്ലോ * യതിയെ ശുശ്രൂഷിക്കയെന്നുള്ള
കൈതവത്താൽ മതിയിലിവൾക്കു ആസക്തയായ് ഭവിച്ചിതു * മ
തിനേർമുഖിയാളാം നമ്മുടെ ഭഗിനിയെ ന്നതുനിശ്ചയം തന്നെ
സന്ദേഹമില്ലേതുമേ * ഇപ്പോളെന്തിനു കോപിക്കുന്നിതു കുല
ത്തിങ്കൽ തപ്പാതെ ഭവിതവ്യമായതു ഭവിച്ചീടും * ഉല്ലലജന്മാദി
ക്കും ദുരതിക്രമം കാലം കെല്ലോടു കിരീടിയെ സംഹാരം ചെയ്തീടി
ലും * സ്വല്പവും യശസ്സുണ്ടാമെന്നു തോന്നുന്നീല തെല്ലും പില്പാടെ

തോന്നിക്കുടുകാൎയ്യവൈഷമ്യമെല്ലാം * സഹജൻചൊല്ലുന്നതു
കേളാതെഹലായുധൻ സഹസാകാലാനലജ്വാലപൊങ്ങീടുംവ
ണ്ണം * ബഹുകല്ലോലാകുലപ്പൂൎവ്വാംബുരാശിപോലെ മഹതാ
കോപേനപൂരിതനായ്മഹാബലൻ * ഉഴറുന്നേരംയദുവീരരും
ക്രുദ്ധന്മാരായ് വഴിയെകിരീടിയെക്കൊല്ലുവാൻനടകൊണ്ടാർ *
എന്നാലങ്ങിനെതന്നെയാകട്ടെഞാനിന്നിപ്പോൾ കൊന്നീടുന്നു
ണ്ടുപൃഥാസുതനെന്നില്ലസംശയം * പിന്നെയെന്തെന്നാലതുചൊ
ല്ലുവൻസുഭദ്രയ്ക്കു ഖിന്നതവന്നുകൂടുംപതിഹീനതയാലെ * കണ്ണ
ശ്രൂലതെത്തപ്പോലെവിധവാസുഭദ്രയെ നന്നായഹംകേൾക്കായ്വരുംദു
സ്സഹമനുക്ഷണം * കണ്ണുനീരൊലിപ്പിച്ചുനമ്മുടെമുമ്പിൽനിന്നു
തിണ്ണമേകരഞ്ഞീടുംഭഗിനിശിവശിവ * ശ്രേയസ്സോനമുക്കതു
സന്തോഷിച്ചിരിച്ചാലും പോരെന്നായ്വന്നിടരതിനിയുംമേല്ക്കുമേ
ലെ * താൻതന്നെകിരീടിയെപ്രാപിച്ചുസുഭദ്രയും ഗാന്ധൎവ്വമെ
ന്നുള്ളോരുവിധിയാലതുനൂനം * ശാന്തമാനസന്മാരാംജനനീ
ജനകന്മാൎക്കാന്തരപ്രസാദേനസമ്മതമെന്നുംവരും * മക്കൾക്കു
വൈധവ്യംവന്നീടുകിലുള്ളദുഃഖം മക്കൾക്കാമ്പിങ്കൽസഹിക്കാവ
തോമാതാവിനും * അമ്മയുംബാഷ്പംതൂകിക്കേഴുന്നതങ്ങുള്ളതി
സമ്മതമെങ്കിലിപ്പോൾപാൎത്ഥനെക്കൊന്നീടുവൻ * എന്നെ
ല്ലാംയുക്തിയോടുംമോഹനവാക്യങ്ങളെ പിന്നാലെചൊന്നുകൃഷ്ണ
ൻചൊല്ലിടുംശൌരന്തര * പന്നഗമന്ത്രംകൊണ്ടുതടപെട്ടതു
പോലെ യുന്നതക്രോധമൊട്ടുശമിച്ചുനീലാംബരൻ * പി
ന്നെയുംകൃഷ്ണനോടുചൊല്ലിനാൻമഹാമതി മനസിലെല്ലാരുംവേ
ഷംകൊണ്ടെല്ലാംമോഹിപ്പതും * ഉള്ളിൽസംഗ്രഹിച്ചിരിക്കുന്ന
താക്കിയാവതുള്ളവണ്ണമേയോൎത്താലൊന്നുണ്ടുതോന്നുന്നതും *
കള്ളമിച്ചെയ്തതെല്ലാംനിതന്നെമറാത്തുമ ല്ലെള്ളോളംസന്ദേഹ
വുമില്ലനിൎണ്ണയമെത്രെ * അൎജ്ജുനൻതന്നെക്കൊണ്ടുദ്ദീയിതുചെ
യ്യിക്കില്ല മൎജ്ജുനൻതാൻതന്നെചെയ്തിടില്ലാവിശേഷിച്ചും *
ഇജ്ജനത്തിനുസംശയശ്രേയസ്സുവരുത്തുവാൻ ദുൎജ്ജനാഗ്രണീയാ
യപാൎത്ഥനെവധിക്കേണം * ഇത്തരംകേട്ടുകൃഷ്ണനുത്തരംചൊ

ല്ലീടാതെ സത്വരംകണ്ണുരണ്ടുംപൊത്തിതൻകൈകളാലെ *
താപേനഹരിഹരിഹരിയെന്നോതിപ്പുരം കോപമുൾക്കൊണ്ടുപു
നരിങ്ങിനെ ചൊല്ലീടിനാൻ * വിദഗ്ദ്ധൻസൎവ്വജ്ഞനാംനിന്തി
രുവടിയെന്നെ സദസ്സിലപമാനിച്ചരുളിചെയ്തിതെല്ലാം *
കഷ്ടമാഹന്തകഷ്ടാമൌനത്തെ ദീക്ഷിച്ചുതാൻ കഷ്ടമാഹന്ത
കഷ്ടംകഷ്ടമെന്തൊന്നുചൊൽവു * സാക്ഷിയീശ്വരൻതന്നെയി
തിന്നുള്ളത്തിൽവാഴും സാക്ഷാൽശ്രീനാരായണൻശ്രീഹരിസ
ത്യരൂപൻ * സ്വാന്തഃഖേദാതിരേകംപൂണ്ടവൻചൊല്ലുംരാമ
കാന്തനെകണ്ടുപശ്ചാത്താപേനകാമപാലൻ * സാന്ത്വനം
ചെയ്തിങ്ങിനെചൊല്ലിനാനെന്റെ ചിത്ത ഭ്രാന്തിയാലെത്രെ
ചൊന്നതെന്നുണ്ണിപൊറുക്കനീ * എന്തിനിവേണ്ടതെന്നുമെ
ന്തൊന്നുചെയ്കിൽശുഭം സന്ധിപ്പൂവെന്നുള്ളതും ചിന്തിച്ചുചൊല്ലീ
ടെടൊ * ലോകാപവാദംവന്നിടായതിന്നുള്ളമാൎഗ്ഗം ലൊകൈ
കവിചക്ഷണനായനിവിധിച്ചാലും * ബന്ധുസന്നിധൌചെ
ല്ലുംബന്ധുവാക്യംകേട്ട ബന്ധുവത്സലൻകൃഷ്ണൻമെച്ചവെയുര
ചെയ്താൻ * മിണ്ടാതെയിരുന്നെന്നെക്കൊണ്ടേവംചൊല്ലുന്നിതു
മിണ്ടുകിലിന്നെന്തെല്ലാമുണ്ടാമൊശിവശിവ * കണ്ടാലൊട്ടറി
യാഞ്ഞാലുണ്ടാകുംകുറ്റമെന്നു പണ്ടെയുണ്ടല്ലൊവരുംകൊണ്ടാടി
ച്ചൊല്ലുന്നിതും * എല്ലാൎക്കുംചേരുന്നതെന്നല്ലാതെയൊരുകാ
ൎയ്യം ചൊല്ലിയെന്നാകിലതുംവല്ലായ്മയെന്നായ്വരും * നല്ലതെ
ന്നാലുമൊന്നുചൊല്ലുവൎച്ചരുക്കിഞ്ഞാൻ വല്ലതുംജനനിക്കമെച്ച
രാംമനസ്സികൾ * ഇഷ്ടമെന്തെന്നാലതുപെട്ടെന്നുചെയ്തിടുകിൽ
കഷ്ടമെന്നാകുംചൊല്ലാവിഷ്ടപത്രയത്തിലും * ഇഷ്ടനാംകൃഷ്ണൻത
ന്റെവൃഷ്ടാൎത്ഥവാക്യംകേട്ടു ധൃഷ്ടനാംരാമനോടാംഹൃഷ്ടനായ്
ചൊല്ലീടിനാൻ * ഒട്ടൊഴിയാതെയറിഞ്ഞിട്ടുള്ളവന്മതം ശിഷ്ട
സമ്മതംചൊൽവാനൊട്ടുമെശങ്കിക്കൊല * ഒഴ്ചനിന്തിരുവ
ടികാഴ്ചക്കാരാംസ്സക്കനാ ചാഴ്ചനാകയാലങ്ങുന്നരുളിച്ചെയ്തീ
ടേണം * എൻമതമത്രെയങ്ങുസമ്മതമെന്നാലതു മുണ്മയിൽ
ചൊല്ലീടുവൻ വെണ്മയിൽധരിച്ചാലും * അല്പമാനസനായൊ

രക്ഷണമമ്മെക്കമെന്തിഷ്ടയെന്നാകിലതുനിശ്ചയംമൽ സമ്മതം *
പിന്നെയുമൊന്നുചൊല്ലാംതന്വാംഗി സുഭദ്രതാന്തന്നെ പാൎത്ഥ
നെപ്രീത്യാവരിച്ചാളെന്നേവരു * ബന്ധുവല്ലയൊപാൎത്ഥൻ വ
ന്ധുരഗാത്രികൾ സംബന്ധത്തിന്നയോഗ്യനൊ ചിന്തിച്ചാലൊന്നു
കൊണ്ടോ * ഗാന്ധൎവ്വംക്ഷത്രിയൎക്കുവിധിയല്ലയൊപണ്ടു താൻത
ന്നെവരിച്ചീലെപലരുംപലരെയും എന്തപവാദമതിന്നെന്തൊ
രുദോഷംപാൎക്കിൽ സന്തോഷമല്ലാതവൎക്കന്തരേഗൃഹത്തിലും *
പണ്ടേതല്ലോമലയാളാംദേവയാനിയുമസ്സന്താനത്തിങ്കൽധൎമ്മ
നിഷ്ഠനാംയയാതിയെ *വരിച്ചവൃത്താന്തവുംധരിച്ചിട്ടില്ലമുന്നംധ
രിത്രീപതിശ്രേഷ്ഠൻദുഷ്ഷന്തൻമഹാമതി * കാന്തയാംശകുന്തളാ
തന്നെയുമതുപോലെ ഗാന്ധൎവ്വംകൊണ്ടുതന്നെകാന്തയാക്കീല
യോവാൻ * ഭരതൻമഹാധൎമ്മനിരതൻപ്രസിദ്ധനാം ധരണി
പതിയവൻതന്നുടെപുത്രനെല്ലോ * ഭാരതന്മാരെന്നവൻവംശ
ത്തിൽപിറക്കയാൽ പാരിതിൽചൊല്ലീടുന്നുപാണ്ഡവന്മാരെ
യിന്നും * ലോകപാവനിയായഗംഗയെമുന്നംപുണ്യശ്ലോകാ
ഗ്രഗണ്യനായശന്തനുനൃപരീന്ദ്രൻ * കല്യാണംതൊട്ടുകയ്ക്കൊ
ണ്ടീലയൊഗാന്ധൎവ്വത്താൽ കല്യനാംഗംഗാദത്തനവൻറപുത്ര
നെല്ലൊ * അത്രമാഹാത്മ്യമുള്ളഭക്തന്മാരാരുള്ളതിന്നത്രഭൂത
ലെഭീഷ്മരുത്തമോത്തമനെല്ലൊ * ബഹുധാചൊൽവതെന്തി
ന്നിങ്ങിനെതന്താതനെ ബഹുമാനിച്ചിടാതെതൻറസോദര
നേയും * എന്നെരുഗ്മിണീവരിച്ചീടുകനിമിത്തമായ് ചെന്നുഞാ
ൻപാണിഗ്രഹംചെയ്തുകൊണ്ടന്നീലയൊ * സന്മാൎഗ്ഗത്തൊടവ്വ
ണ്ണംനമ്മുടെഭഗിനിയുംധൎമ്മജ സഹോദരാനുജനെവരിച്ചിതു *
തന്മതിയിലുമതുസമ്മതമെന്നുവന്നു തമ്മിലൊന്നിച്ചാലതുധ
ൎമ്മമല്ലെന്നുണ്ടാവാൻ * ചെമ്മെനാമിന്ദ്രപ്രസ്ഥംപുക്കിനിയ
ഥോചിതം ധൎമ്മജാതികളെയുംസമ്മാനിച്ചവിളംബം * സമ്മ
ദംപൂണ്ടുകല്യാണോത്സവംകഴിക്കിലൊ നമ്മുടെപിതാവിന്നുമമ്മ
ക്കുംസുഭദ്രക്കും * മെന്മേലസന്തോഷമാമ്മഹാജനത്തിന്നും ന
ന്മയുംശ്രേയസ്സുമുണ്ടാസ്സുഖംനമുക്കെല്ലാം * സമ്പൂൎണ്ണമായിതിരി
പത്തൊന്നദ്ധ്യായവും സമ്പ്രതികേട്ടുകൊൾവിൻശേഷവുംചൊ
ല്ലീടുവൻ *

## ത്രയോവിംശോദ്ധ്യായഃ പ്രാരംഭഃ

---

സൎവ്വജ്ഞനാം കൃഷ്ണനരുളിച്ചെയ്ത വാക്യം സൎവ്വതോഭദ്രം ചെ
വികൊണ്ടു സന്തുഷ്ടന്മാരായ് * ഉഗ്രസേനോദ്ധവാദിയാദവന്മാ
രെല്ലാരുമഗ്രേ മാനിച്ചു വാസുദേവനെ കൊണ്ടാടിനാർ * ഉദ്ധ
വാക്രൂരമുഖ്യന്മാരായ യദുകുല വൃദ്ധന്മാരോടും ചിന്തിച്ചുഗ്രസേന
നും പിന്നെ * രാമകൃഷ്ണന്മാരോടു ചൊല്ലിനാൻ നിങ്ങളിനി താമ
സമെന്നിയെ ഇന്ദ്രപ്രസ്ഥം പുക്കിരുവരും * കല്യാണോത്സവത്തെ
യും നല്ലവണ്ണമേ കഴിച്ചുല്ലാസത്തോടു വേണ്ടും സ്ത്രീധനമതും നൽ
കി * അംബരരത്നഭൂഷാദികളിൽ സദസ്സിങ്കൽ സമ്മദാന്വിതം
പാൎത്ഥൻ തന്നെയും സമ്മാനിച്ചു * വന്നാലുമെന്നു കേട്ടിട്ടുൾസ
ന്തോഷത്തോടും വന്ദാരുമന്ദാരനാകിയ സോദരനോടും * ഉദ്ധ
വസാത്യകാക്രൂരാദികളോടും പുനരുദ്ധതയാം പന്ത്രണ്ടക്ഷൗഹി
ണിപ്പടയോടും * പ്രസ്ഥാനം ചെയ്തീടിനാൻ ബലഭദ്രരുമിന്ദ്രപ്ര
സ്ഥത്തെ കുറിച്ചേറ്റം മുഴങ്ങും വാദ്യഘോഷത്തോടും * പാൎത്ഥിവാത്മജ
നായ പാൎത്ഥൻ മനസ്സിങ്കൽ പ്രാൎത്ഥിതാൎത്ഥത്തെ സമൎത്ഥിപ്പ
തിന്നാസ്ഥയോടും * ഓൎത്തിടുന്നവൎക്കാൎത്തി തീൎത്തഭിലാഷത്തി
ന്റെ പൂൎത്തിയും വിഖ്യാതയാം കീൎത്തിയും ചേൎത്തു ലോകെ * മൂ
ൎത്തിമൂന്നിനുമുള്ളിൽ സ്ഫൂൎത്തിമൂൎത്തിയാം കൃപാവാരിധി വൈകുണ്ഠ
ൻ താനുമെഴുന്നെള്ളിനാനേവം * ഉഗ്രസേനനും രാമകൃഷ്ണന്മാരെ
യുമയച്ചുഗ്രസേനയാ സാകം ദ്വാരകാപുരം പുക്കാൻ * കൃഷ്ണപാ
ദാബ്ജഭാസം ധൎമ്മജന്മാവും രാമകൃഷ്ണന്മാരെഴുന്നെള്ളത്തറിഞ്ഞു
സസംഭ്രമം * ചതുരംഗിണിയായ സേനയാ സമന്വിതം ചതു
രംബുധിയോളം മുഴങ്ങും വാദ്യഘോഷത്തോടും * തന്നുടെ സോദരന്മാരോ
ടുമാനന്ദത്തോടും ചെന്നെതിരേറ്റു കൊണ്ടാൻ ധൎമ്മവാന്മഹാഭാ
ഗൻ * മായാമാനുഷന്മാരാം കൃഷ്ണനും മുസലിയും ന്യായേന യുധി
ഷ്ഠിരൻ തന്നെ വന്ദിച്ചീടിനാർ * വന്ദിച്ചു ഭീമാദികൾ ബലഭദ്രരെ
ത്തദാ വന്ദിച്ചീടിനാർ ഭീമസേനനെ ശ്രീകൃഷ്ണനും * മന്ദമെന്നി
യേ മുദാ മുകുന്ദൻ ചരണാരവിന്ദവന്ദനം ചെയ്തു മാദ്രിനന്ദനന്മാരും *

കല്യാണമൂൎത്തിതന്നെപൂണ്ടൊരുകിരീടിയും കല്യാണംവരുമാറുധ
ൎമ്മജൻതാനുംതഥാ * കുശലപ്രശ്നങ്ങളുംചെയ്തുധൎമ്മജൻപിന്നെ
കുശലന്മാരായുള്ളരാമകൃഷ്ണന്മാരോടും * ചിത്രാലങ്കാരങ്ങളാലെ
ത്രയുംവിളങ്ങീടും സുത്രാമപുരിക്കൊത്തപത്തനംപ്രവേശിച്ചു *
തന്നുടെയന്തപ്പുരത്തിങ്കൽകൊണ്ടങ്ങുചെന്നു ധന്യധന്യന്മാരാ
യരാമഗോവിന്ദന്മാരെ * ഭൂഷണരത്നാദിവ്യാലേപനാദ്യങ്ങളാ
ലെ തോഷാതിരേകംപൂണ്ടുപൂജിച്ചുയഥാന്യായം * കുന്തിദേവി
യെകണ്ടുവന്ദിച്ചാരവർകളും കുന്തിയുംപുണൎന്നാശീൎവ്വചനം
ചൊല്ലീടിനാൾ * മന്ദഹാസേന സാകംമന്ദാക്ഷംപൂണ്ടുമന്ദം വ
ന്നുസോദരന്മാരെവന്ദിച്ചുസുഭദ്രയും * ധൎമ്മജൻരാമകൃഷ്ണന്മാരോടു
ചൊല്ലീടിനാൻ ധൎമ്മത്താൽപ്രണതാൎത്തിഹാരികളായഞങ്ങ
ൾ * തമ്മയൻഗൃഹത്തിങ്കൽവന്നുകാണായമൂലം ജന്മവംശവു
മിന്നുസഫലമായ്വന്നിതു * ജന്മജന്മങ്ങൾതോറുംചെയ്തോരുതപ
സ്സിനാ ലിമ്മഹാഭാഗ്യംമമവന്നതെന്നതുനൂനം * ഇങ്ങിനെ
ചൊല്ലിയുള്ളിൽതിങ്ങിനഭക്തിയോടും മംഗലാകാരന്മാരാംജഗ
ദീശ്വരന്മാരെ * സൎവ്വസ്വംകൊണ്ടുംപൂജിച്ചീടിനാൻനൃപതി
ന്ദ്രൻ സൎവ്വലോകൈകപൂജ്യന്മാരായദേവന്മാരെ * ശ്രീവാസുദേവ
നപ്പോളരുളിച്ചെയ്തീടിനാ നേവംചൊല്ലരുതേതുംപിതൃഷ്വസ്രീ
യപ്രഭോ * ബാലന്മാർഞങ്ങൾപോഷ്യന്മാരെല്ലൊബന്ധുസ്നേഹ
മൂലമായേററംപ്രശംസിക്കുന്നുവൃഥാഭവാൻ * ഞങ്ങൾക്കെല്ലാൎക്കു
മുള്ളിലുള്ളകാംക്ഷിതമിപ്പോ ളിങ്ങിനെതന്നെസാധിപ്പിച്ചതുസുഭ
ദ്രയും * മംഗലമായ്വന്നിതെല്ലാവൎക്കുമതിനാലെ യദുനാജനക
ശൂരോഗ്രസേനാദികളും * യൌതകാൎത്ഥത്തെയിങ്ങുകൊണ്ടന്നുത
ന്നീടുവാൻ കൌതുകത്തോടെനിയോഗിച്ചുവന്നിതുഞങ്ങൾ *
അല്പമെന്നാലുംഞങ്ങൾചെയ്യുംമംഗലകാൎയ്യം സൽപുമാന്മാരാം
നിങ്ങൾബഹുമാനിക്കുമല്ലൊ * പെരിയോരാൎയ്യന്മാൎക്കുചെറുതു
ചെയ്തീടിലും പെരുതായ്വരുമവർതമ്മുടെമഹത്വത്താൽ * ഇ
ജ്ജനത്തിന്റെസഹോദരിയാംസുഭദ്രയെ യൎജ്ജുനൻപാണിഗ്ര
ഹംചെയ്താനെന്നതുതന്നെ * കല്യാണംഞങ്ങൾക്കെല്ലാംപു

ണ്ടെഇച്ഛിച്ചകാൎയ്യം കല്യമായ്വന്നുകൂടിദൈവയോഗത്തിനാലെ * ഇത്തരമരുളിച്ചെയ്തുത്ഥംപ്രീതിയോടു മുത്തമന്മാരാംബലഭദ്രരുംശ്രീകൃഷ്ണനും * സത്തമശീലന്മാരാംദമ്പതിമാരെത്തത്ര പുത്തൻസിംഹാസനത്തിലിരുത്തിസത്വരന്തരെ * ചിത്രഭൂഷണങ്ങളെക്കൊണ്ടലങ്കരിപ്പിച്ചു പൃത്ഥ്വീദേവന്മാരമോഘാശീവ്വാദങ്ങൾകൊണ്ടും * പ്രീതിയോടാരാത്രികമംഗളംചെയ്യിച്ചഥ സ്ത്രീധനംസദസ്സിങ്കൽകൊടുത്താരവർകളും * സുവൎണ്ണംപത്തുകോടിദ്രവ്യംനാല്പത്തുകോടി സുവൎണ്ണനിഷ്കകോടികൃതഭൂഷണങ്ങളും * സിന്ധുദേശ്യാശ്വങ്ങളുംപതിനായിരംമത്ത സിന്ധുരങ്ങളുംപതിനായിരംതുരംഗങ്ങളായ് * ബാലാൎക്കപ്രഭവങ്ങളാംതേരുകൾ നാലായിരംകാലാളുംകൊടുത്തിതു പതിനായിരംകോടി * ദിവ്യവസ്ത്രങ്ങൾവിലമതിച്ചുകൂടാതവ ദിവ്യപട്ടാംബരങ്ങളധികമെന്നേവേണ്ടു * ചേരുന്നകാശാലിയുമണിഞ്ഞുകഴുത്തിങ്കൽ താരുണ്യംകലന്നുള്ളോരായിരംദാസികളും * ശ്രീരാമൻതിരുവടിജാംബവാൻതന്നിക്കു പണ്ടാത്രുഢമോദംകൊടുത്തീടിനദിവ്യഹാരം * ജാംബവത്യാഖ്യയായതന്നുടെപുത്രിയോടും ജാംബവാൻശ്രീകൃഷ്ണനുനൽകിനാൻപ്രീതിയോടും * അഞ്ചിനെയുള്ളമുത്തുമാലയുംകൊടുത്തവരഞ്ചു പാൎത്ഥനെപ്പൂജിച്ചീടിനൊരനന്തരം * തിങ്ങിനമോദംപൂണ്ടുതങ്ങടെഭഗിനിക്കു മംഗലാഭരണങ്ങളനന്തരന്നല്കീടിനാർ * അമ്പതുകോടിനിഷ്കംവിലയാംരത്നകാഞ്ചിയുമ്പാൽമുപ്പത്തിരണ്ടുകോടിനിഷ്കാൎഘമായി * താടങ്കയുഗളവും നാസികാഭരണവും കോടിനിഷ്കാൎഘമുക്താഫലത്താലത്യുജ്ജ്വലം * ദിവ്യകൌശേയങ്ങൾദിവ്യാനുലേപനങ്ങളും ഭവ്യപഞ്ചാശല്ക്കോടിനിഷ്കാഢ്യയായഭ്രവും * നല്ലൊരുനദീജലംകൊണ്ടുധാന്യങ്ങളെല്ലാമല്ലലെന്നിയേപൂൎണ്ണമായ്വിളങ്ങീടുന്നതായ് * ദമ്പതിമാരെയേവംപൂജിച്ചുസദസ്സിങ്കൽ സംപ്രീതന്മാരാംബലഭദ്രരുംശ്രീകൃഷ്ണനും * ആപുഷ്യംതത്രവസിച്ചീടിനാരതിഃവലമാപൂൎണ്ണാനന്ദംപാണ്ഡുപുത്രപൂജിതന്മാരായ് * പാൎത്ഥനെവസ്ത്രാഭരണങ്ങളാലനന്തരം പേൎത്തുംപൂജിച്ചുപുറപ്പെട്ടവൎന്നൊരുമിച്ചു്ട്ടാർ *

ബന്ധുരവാക്യങ്ങൾകേട്ടന്തസ്താപവുംനീക്കി സന്തോഷംപൂണ്ടു
വാഴുംകുന്തിയെവന്ദിച്ചപ്പോൾ * പിരിയുന്നതിലുള്ളദുഃഖേനസ
ന്തപ്തയായുരുകയുന്നവളേയുംമംഗലവാക്യങ്ങളാൽ* ബന്ധുവത്സല
ന്മാരാശ്വസിപ്പിച്ചതിവേലം ബന്ധുഭാവത്തോടേവമരുളിച്ചെയ്തീ
ടിനാർ * അച്ഛൻപെങ്ങളാമാര്യേ ബാലകന്മാരാം ഞങ്ങൾനി
ശ്ചലാദരംഭജിച്ചീടുന്നു സദാകാലം * മംഗലംവന്നീടുവാനാ
യ്യൊണ്ടുവിശേഷിച്ചും ഞങ്ങളെക്കുറിച്ചദാ ചിന്തിച്ചുകൊള്ളേണ
മേ * ബാലയാംഞങ്ങളുടെഭഗിനീയിവൾതന്നെ ചാലവേശി
ക്ഷിച്ചുകൊള്ളേണമേനിരന്തരം * ഭ്രാതാവിൻപുത്രിനിനക്കെ
ത്രയുംപ്രിയയെല്ലോ മാതാവെക്കാളുംപൂജ്യയല്ലയോഭവതിയും *
ഇത്തരംസസ്നേഹവാക്യങ്ങളാൽകുന്തിതന്നെ സത്വരംപ്രശംസി
ച്ചാശ്വസിപ്പിച്ചനന്തരം * ഉത്തമോത്തമയായപാഞ്ചാലിയോ
ടുപുനരുത്തമപുരുഷന്മാരരുളിച്ചെയ്തീടിനാർ * കല്യാണശീലേ
സാദ്ധ്വീമൌലിരത്നമേകൃഷ്ണേ കല്യേനീയറിയാതെയില്ലലൌകി
കമേതും * ബന്ധുത്വംകൊണ്ടുചൊല്ലീടുന്നവാക്കെന്നാകിലും
ബന്ധൂകാധരി!കേട്ടിടേണമിന്നനസൂയം * സാപത്ന്യംനാരിമാ
ൎക്കുണ്ടുരോഗത്തെപ്പോലെ താപത്തെദ്ദാനംചെയ്യുംസാമാന്യം
ലോകത്തിങ്കൽ * അവ്വണ്ണമല്ലയല്ലോസാദ്ധ്വീകൾക്കൊരുനാളും
സൽഗുണയായനിന്നോടുകഥചൊല്ലേണമോ * നിന്നുടെവത്സ
യസ്സുതസോദരിയായബാലാ നിന്നെയുംശുശ്രൂഷിക്കുമിവളെസ്സ്വാ
ധുബുദ്ധ്യാ * പാലിച്ചുകൊള്ളേണമീഗൃഹത്തിന്നാധാരവും പാ
ലോലുംമൊഴിയാളെനീതന്നെയെന്നൂനം * കുടിലയായുള്ളൊ
രു നാരിമേവുന്നഗേഹമുടനെനശിച്ചുപോംനന്നാകയില്ലെന്നു
മേ * ഗൃഹിണിതന്നാലെല്ലോഗൃഹമെന്നതുംധ്രുവം മഹനീയമാം
ശാസ്ത്രതത്വാൎത്ഥമോൎത്തനീയും * ബാലയാംഞങ്ങളുടെസോദ
രിസുഭദ്രയെ പാലനംചെയ്തുകൊൾകവഴിയേസൌഹൃദത്താൽ*
ഇത്തരമരുൾചെയ്തുഭഗിനീതന്നെക്കൊണ്ടു വസ്ത്രങ്ങൾദിവ്യാ
ഭരണങ്ങളെന്നിവയാലെ * കൃഷ്ണയേയഥാന്യായംസമ്മാനി
ച്ചോരുശേഷം കൃഷ്ണനെനോക്കിക്കൃഷ്ണയാനന്ദാശ്രുക്കളോടും *

പുഞ്ചിരിപൂണ്ടുചൊന്നാളിങ്ങിനെപതിവ്രതാ ചഞ്ചലമിഴികുലം ലോകത്തിൽസാമാന്യവും * സ്വാൎത്ഥത്തെത്തന്നെയിച്ഛിച്ചിരിക്കുംസദാ പരമാൎത്ഥജ്ഞാനവുമെന്നാകുടിലമാരായുള്ള * ചിത്തസൎപ്പത്തെത്തന്നെവിശ്വസിക്കുന്നാകില്ല മോക്ഷത്തോളംവാമമാരെവിശ്വസിക്കരുതേതും * അങ്ങിനെയല്ലഞാനെന്നിങ്ങിനെയെന്നെയല്ലോ മംഗലമൂൎത്തെപാരംപ്രശംസിച്ചിതുമിപ്പോൾ * നിന്തിരുവടിയിങ്കൽബന്ധിച്ചഭക്തികൊണ്ടു സന്തതംസാധിച്ചുപോരുന്നുഞാൻസമസ്തവും * ത്വൽഭക്തയാക്കീടേണമെന്നെകാരുണ്യത്തിനാലുല്പലലക്ഷണനഹരേ ലോകൈകനാഥപ്രഭോ * ദ്രൗപദീവാക്യങ്ങൾകേട്ടേററവുംപ്രസന്നനായ് ശ്രീപതിസുഭദ്രയോടരുളിച്ചെയ്തീടിനാൻ * വത്സേവത്സേലഭദ്രേസുഭദ്രേസഹോദരി യുത്സുകമനസ്സോടുംഞാൻചൊല്ലുന്നതുകേൾനീ * നന്ദിനിപിതൃകുലവ്യാധിയെന്നറിഞ്ഞാലും തന്നുടെപതിക്കനുകൂലയല്ലെന്നാകിലോ * പതിവല്ലഭാപതിവ്രതയെന്നിരിക്കിലോ പിതൃവംശത്തിന്നലങ്കാരമാമവളെടോ * സൎവ്വദാഭൎത്താവിന്നു മംഗലംപ്രാൎത്ഥിച്ചുള്ളിൽ സൎവ്വധാപതിക്കനുകൂലയായിരിക്കനീ* ഭൎത്താവുകോപിക്കിൽപ്രത്യുത്തരംചൊല്ലീടരു തെത്രയുംവിനീതയായ്ത്തൽപ്രിയംചെയ്തീടേണം * പാഞ്ചാലിതന്നോടെന്നുംസാപത്ന്യംഭാവിക്കൊല്ലാ വാംഛാനുരൂപംസുഹൃത്ഭാവത്തെഭജിക്കേണം * ചേതസിമാതാപിതാക്കളെയുംഞങ്ങളേയു മേതുമേയൊരുപൊഴുതാകിലുംസ്മരിക്കൊലാ * ഭൎത്താവുതന്നേദൈവംവനിതക്കുസംശയം ഭൎത്താവുതന്നേബന്ധുഭൎത്താവുതന്നേധനം * ഭൎത്താവുതന്നേധൎമ്മമായതുംസദാകാലം ഭൎത്തൃശുശ്രൂഷതന്നേതപസ്സുംധരിക്കനീ * ഗുരുനിന്ദയെച്ചെയ്യുംപുരുഷാധമൻ ശിഷ്യനുമപാതകീപിതൃനിന്ദകൻപുത്രൻതാനും * ഭൎത്താവെന്നിന്ദിക്കുന്നപത്നിയും വിൺമൂത്രങ്ങളോത്തുവസിച്ചുനരകാബ്ധിയിൽ പതിച്ചീടും * വാമമാർതന്നെകലികാലത്തുഗൃഹേമൃത്യുതാമരസാധിവാസന്താൻതന്നെകല്പിച്ചിതും * മിക്കതുമമ്മയ്ക്കുണ്ണിമാരൊക്കയിങ്ങിനെ പിന്നെച്ചൊൽക്കൊള്ളുംസാദ്ധ്വീചിലദിക്കി

ലുണ്ടല്ലോതാനും * പതിദേവതയായസീതാദേവിയുംമുന്നമ
തി ദുസ്സഹങ്ങളായുള്ളദുൎവ്വചസ്സുകൾ * ബഹുധാസൌമിത്രി
യോടരുളിച്ചെയ്തുദുഃഖം സഹിയാവണ്ണംതന്റെഭൎത്താവിന്നുണ്ടാ
ക്കിനാൾ * ദുൎഘടംതാനുമനുഭവിച്ചുലോകങ്ങൾക്കു ദുഃഖംപോ
ക്കുവാനവതീൎണ്ണയാംലോകമാതാ* നാരികളുടെപാപമാനസശീ
ലങ്ങളെപ്പാരിതിലെല്ലാവൎക്കുമറിയിപ്പതിനായേ * യോഷമാർ
വാക്കുകേൾക്കുമജിതേന്ദ്രിയന്മാൎക്കുദോഷവുംദുഃഖങ്ങളുംമേല്ക്കുമേലു
ണ്ടാമെന്നു * ലോകരെബോധിപ്പിപ്പാൻപ്രാകൃതനെന്നപോ
ലെ രാഘവൻതിരുവടിശോകേനവിലാപിച്ചാൻ * ആകയാ
ലൊരിക്കലുംഭൎത്തൃവിപ്രിയം ചെയ്യാസ്ത്രീകുലമെന്നേമാതൃകുലവും
പിതൃവംശം * രണ്ടിന്നുമലങ്കാരഭൂതയായ്മേല്ക്കുമേലെ യുണ്ടാകും
ശ്രേയസ്സിന്നുപാത്രമായ്ഭവിച്ചാലും * ഭഗവാനേവമരുൾചെയ്തു
ശൂൎപ്പണ്ണാക്ഷിയാം ഭഗിനീശിരസ്സിങ്കൽമുകനാശംപസിപ്പിച്ചു *
പാൎത്ഥന്മാരോടുമുദായാത്രയുംചൊല്ലി കൃപാമൂൎത്തിമെല്ലവേയെഴു
ന്നെള്ളുവാൻതുടങ്ങുമ്പോൾ * പാൎത്ഥിവൻയുധിഷ്ഠിരനന്ധാൎത്തരാ
ഷ്ട്രന്മാരുടെധൂൎത്തതാകൃതംദുഃഖമോൎത്തുസങ്കടത്തോടും * ആ
ൎത്തിനാശനനോടുപേൎത്തുര ചെയ്തീടിനാനാൎത്തനില്ലെന്നെപ്പോ
ലെപാൎത്തലത്തിങ്കലാരും * പാൎത്തുകണ്ടാലുംചെറുപ്പത്തിലേമ
രിച്ചിതു ധാത്രീനായകനായജനകനന്നേമുതൽ * ധാത്രിയുമ്മ
ക്കളായഞങ്ങളുംദുഃഖത്തിന്നു പാത്രമായ്ത്തന്നെയല്ലോകഴിഞ്ഞു
പോരുന്നിതും * ചേത്തരികവേവെച്ചുവസിച്ചപിതൃവ്യനന്നേൎത്തു
പോയ്സ്നേഹംപുരത്തിങ്കൽനിന്നകററിനാൻ* തീൎത്തുമക്കില്ലത്തെ
യുംവാരണാവതത്തിങ്കൽ ചീൎത്തവൈരാതിരേകത്താലവരതിലി
ട്ടാർ * ശാത്രവന്മാരീവണ്ണംധൂൎത്തുകൾപലതുംചെയ്താൎത്തിപെട്ടു
ഴലുന്നഞങ്ങളെച്ചെറുപോലും * കീൎത്തിചേരീടുന്ന മാതുലനുംഭ
വാന്മാരുമാൎത്തകാരുണ്യംവിചാരിച്ചതില്ലൊരിക്കാലും * നില്ക്കുന്ന
നുണ്ടോ ബന്ധുനില്ക്കുന്നുണ്ടോസൌഖ്യംനില്ക്കുന്നുണ്ടോവിദ്യാനില്ക്കു
ന്നുണ്ടോകീൎത്തി * നില്ക്കുന്നുണ്ടോധൎമ്മംനില്ക്കുന്നുണ്ടോഗു
ണന്നില്ക്കുനന്മിക്കവാറുംമൃതനോടൊക്കുമെല്ലോ [ * പേൎത്തുമീ

ശ്വരനുടെകാരുണ്യമുള്ളായുള്ളമൎത്ത്യന്നു മുമ്പിൽസമ്പത്തുണ്ടായി
വരുംധ്രുവം * ശത്രുക്കൾവരുത്തുന്നോരത്തലെത്തീടായ്വാനുംനി
ത്യവുമൈശ്വൎയ്യത്തിൻവൃദ്ധിവന്നീടുവാനും * ഉത്തമമായവം
ശംവൎദ്ധിച്ചുവരുവാനും കൎത്തവ്യമായുള്ളോരുകൃത്യമെന്തെന്നുംപി
ന്നെ * ഉത്തരോത്തരമഭീഷ്ടപ്രദമായുള്ളോരു സദ്ധൎമ്മമെന്ത
ന്നതുമറിവാൻതക്കവണ്ണം * തത്വമോൎത്തരുളിച്ചെയ്തീടേണംദ
യാനിധേ സത്വൈകമൂൎത്തേ പൂരുഷോത്തമജഗല്പതേ * ഇത്ത
രംയുധിഷ്ഠിരൻഖേദേന ചൊല്ലീടിനോരു കഥനത്തെകേട്ടനേരം
ശ്രീകൃഷ്ണൻതിരുവടി * ഉത്തരമരുളിച്ചെയ്തീടിനാനെന്തിങ്ങിനേ
യുത്തമന്മാരിൽവെച്ചുത്തമനായഭവാൻ * തത്വജ്ഞനെ
ന്നാകിലുംപ്രാകൃതനെന്നപോലെ മിഥ്യാസംസാരത്തിങ്കൽഭ്രമി
ച്ചീടുന്നുവൃഥാ * ദുസ്തരസംസാരമാംനരകസമുദ്രത്തിൽദുൎഗ്ഗ
തിഭേദമീവണ്ണമുള്ളദുഃഖം * എത്രദുഃഖങ്ങളനുഭവിക്കുന്നിതുഞങ്ങ
ളെത്രയും മനസ്സിങ്കൽസഹിക്കുന്നീലയോവാൻ * തത്രജന്മാന്ത
രത്തിൽചെയ്തുള്ളപാപംതന്നെ യത്രജന്മത്തിലോരോരോരോവി
ധംബാധിപ്പതും * ശാസ്ത്രാൎത്ഥതത്വം ചിന്തിച്ചാകയാൽസമ
ബുദ്ധ്യാ പാൎത്ഥിവശിഖാമണേ ധൎമ്മത്തെച്ചെയ്കഭവാൻ * ചി
ത്തത്തിൽകാലുഷ്യത്തെക്കളകമഹാമതേ സ്വസ്ഥത്വമുൾക്കൊ
ൾകെന്നാൽശ്രേയസ്സുംഭവിച്ചീടും * നിത്യവുംകൎമ്മത്തിങ്കൽശ്ര
ദ്ധാലുവെല്ലോഭവാ നത്യൎത്ഥംസാധുപൂജാനിരതനാകയാലേ *
വൎദ്ധിക്കുമിനിമേലിൽസംപദാദികളേറ്റം ശത്രുക്കളൊക്കഹത
ന്മാരാകുംനിസ്സംശയം * സത്വരംസാമ്രാജ്യവുംഭവിക്കുംഭവാനെ
ടോ നിസ്തുല്യതപോഗുണവാരിധേമഹീപതേ * പ്രത്യൂഷേധ
നുൎമ്മാസേഹരിയെപ്പൂജിക്കെടോ സത്യമക്ഷയാഭീഷ്ടംനല്കീടും
നാരായണൻ * പ്രത്യൂഷസ്സിങ്കൽനിത്യംകുളിച്ചുധനുൎമ്മാസേ
ശുദ്ധനായ്വൈകുണ്ഠനെപ്പൂജിച്ചുയഥാവിധി * ഭക്ത്യാമുൽഗാന്നം
നിവേദിക്കേണംദധിയോടും പൃഥ്വീദേവന്മാൎക്കന്നമപ്പൊഴേനല്കീ
ടേണം * ശക്തിക്കുതക്കവണ്ണമെന്നാകിലിഹലോകേ ഭുക്ത്വാ
ഭോഗങ്ങളഭീഷ്ടങ്ങളായുള്ളതെല്ലാം * മുക്തിയുംവന്നുകൂടുംദേഹാവ

സ്നാനത്തിങ്കൽ ഭുക്തിമുക്തിദനെല്ലോമുകുന്ദൻദയാപരൻ * ഇ
ന്ദ്രാണിപണ്ടീവ്രതാനുഷ്ഠാനംചെയ്തനന്നായിന്ദ്രാ നുജനുനിവേ
ദിച്ചുമുൽഗാനത്തെയും * ഇന്ദിരാസ്തവംലക്ഷ്മീഹൃദയംമഹാമ
ന്ത്രമിന്ദുമണ്ഡലമുഖിജപിച്ചുഭക്തിപൂൎവ്വം * നിത്യവുംതുലാമാ
സേകാവേരിസ്നാനംചെയ്തു കൃത്യങ്ങൾചെയ്യേണ്ടുന്നതൊക്കവേ
ചെയ്തശുദ്ധ്യാ * ശ്രീമഹാലക്ഷ്മീകടാക്ഷത്തെസ്സംപ്രാൎത്ഥിക്കയാ
ൽ ശ്രീമതാമിന്ദ്രനായാനിന്ദ്രനെന്നറിഞ്ഞാലും * ഗോവിന്ദനേ
വമരുളിച്ചെയ്തുലക്ഷ്മീമന്ത്രം പാവനംയുധിഷ്ഠരന്നുപദേശിച്ചീടി
നാൻ * ഏകംശ്രീദേവീയമതോത്ഭവാകമലയും ലോകസുന്ദരി
വിഷ്ണുപത്നിയുംശ്രീവൈഷ്ണവീ * ശ്രീവരാരോഹാഹരിവല്ലഭാ
ശാൎങ്ഗിണിയുംദേവദേവിയുംമഹാലക്ഷ്മിയുംലോകമാതാ * പ
ന്ത്രണ്ടീവണ്ണമുപദേശിച്ചുമുകിൽവൎണ്ണൻതന്തിരുവടിപിന്നെപ്പന്ത്ര
ണ്ടുനാമങ്ങളും * ശ്രീപത്മാലക്ഷ്മിത്രികോണേശപരികമലാമം
ശ്രീപത്മവിലോചനമഹിഷീവിദ്യാധരീ * കമലാംബുധിസു
താജാതികാസൎവ്വാഭീഷ്ടഫലദായിനീ വിധിജനനിയെന്നിങ്ങി
നേ * നിത്യവുംപ്രാതഃകാലേപഠിക്കുന്നവൎക്കെല്ലാ മെത്തീടുമഭീ
ഷ്ടവുംസൎവ്വമംഗളങ്ങളും * ഇങ്ങിനേബ്രഹ്മസ്തുതിയരുളിച്ചെയ്തീടി
നാന്മംഗലകരംലക്ഷ്മീഹൃദയമത്യുത്തമം * തൌലിമാസത്തില്പു
വേരജയിൽസ്നാനംചെയ്തു വില്വവൃക്ഷത്തിന്നടുത്തിരുന്നുജപി
ക്കേണം * ശ്രീരംഗേതുലാമാസേകാവേരിസ്നാനംചെയ്തു സാര
മാംരമാസ്തവംജപിക്കഭക്തിയോടും * എന്നാകിൽസമസ്താഭീഷ്ട
ങ്ങളുംവന്നുകൂടും മന്നവന്താനിൽമഹാനദികളെന്നപോലെ *
കാവേരിസ്നാനത്തിന്റെമാഹാത്മ്യം ചൊല്ലീടുവാനാവതല്ലിന്നു
കന്നിമാസവുംപോയിതല്ലോ * എത്രയുമടുത്തിങ്ങുവന്നിതു
തുലാമാസം തത്രകാഞ്ചനാവസ്ത്രംതാമ്രപാത്ര്യങ്ങളും * വെ
ള്ളികൊണ്ടുള്ളപാത്രംവെങ്കലപാത്രങ്ങളും വെള്ളവെററിലനല്ല
തണ്ഡുലംസൂപാദിയും * ഗുൾഗ്ഗുലുഘൃതയുക്തംദീപദാനവും ത
ഥാനൽഗ്ഗുളന്നാളികേരാദികളുംനൽകീടുടോ * ശക്തിക്കുതക്ക
വണ്ണംവിപ്രഭോജനംതഥാ ഭുക്തിക്കുംമുക്തിക്കുമുണ്ടിച്ചുയെന്നിരി

ക്കിലോ * തൌലികാവേരീസ്നാനംസൎവ്വാഭീഷ്ടദം നൃപമൌലിമാ
ണിക്കമേയെന്നരുളിച്ചെയ്തുനാഥൻ * യാത്രയുമെല്ലാരോടും
ചൊല്ലിശ്രീഹലിയോടും ചേൎത്തെഴുന്നെള്ളീടുവാൻതുടങ്ങുംദശാ
ന്തരേ * നിശ്വാസംപൂണ്ടുവിരഹാതുരചിത്തന്മാരായ് വിശ്വാ
സമേറയുള്ളപാണ്ഡുനന്ദനന്മാരും * വിശ്വനാഥനെവസ്ത്രരത്നഭൂ
ഷണങ്ങളാം വിശേഷാൽകൃഷ്ടാൎത്ഥങ്ങളാലൎച്ചിച്ചുസമ്മാനിച്ചു *
കേൾപ്പാനാശ്ശൂണ്ടുതുലാകാവേരീമാഹാത്മ്യത്തെ താല്പൎയ്യംപൂ
ണ്ടുകൃഷ്ണൻതന്നോടുചോദ്യംചെയ്താർ * ഭക്തവത്സലനായഭഗ
വാനവരുടെ ചിത്താഭിപ്രായമുള്ളവണ്ണമേയറിഞ്ഞഥ * മന്ദ
ഹാസവുംചെയ്തുമേലഗംഭീരവാചാ നന്ദനന്ദനനവരോടരുൾ
ചെയ്തീടിനാൻ * കാവേരീനദികളിലുത്തമാജഗദേകപാവനീ
തന്മാഹാത്മ്യം ചൊല്ലുവൻകേട്ടുകൊൾവിൻ * പന്ത്രണ്ടുവൎഷ
മേഴുസമുദ്രസ്നാനംകൊണ്ടുസാധിക്കും ഫലംതുലാകാവേരീസ്നാന
ത്തിനാൽ * ഹന്തസിദ്ധിക്കുമല്ലോദക്ഷിണനദിക്കിന്നൊരു ചന്ത
മേറുന്നമുത്തുമാലയാംകവേരജാ * മുക്തിസിദ്ധിക്കുംനല്ലസോപാ
നപരമ്പരാ മൎത്ത്യൎക്കുസാമ്രാജ്യദാനൈകദീക്ഷിതയെത്രെ * സ
ൎവ്വപാപവുംപോക്കുംസൎവ്വാഭീഷ്ടവുംനൽകും സൎവ്വദാരിദ്ര്യംനീക്കും
സൎവ്വദുഃഖവുംനീക്കും * കലിനാശംചെയ്യുംമജ്ജനമാത്രംകൊണ്ടേ
കലുഷഭാവദോഷംകളയുംനിശ്ശേഷമായ് * കീൎത്തനംകൊണ്ടു
പാപമൊക്കവേയകറ്റീടും കീൎത്തിയേറ്റീടും ബ്രഹ്മനന്ദിനീസ
ഹ്യോത്ഭവാ * ബ്രഹ്മലോകപ്രദാനംചെയ്യുന്നദേവിസാക്ഷാൽ
ബ്രഹ്മരൂപിണീലോകരക്ഷണോത്സുകയല്ലോ * ദിവ്യജീവനാമ
നോരമയാമവളുടെ ദിവ്യമാംപ്രഭാവത്തെയാരറിയുന്നതോൎത്താ
ൽ * വേദാന്തങ്ങളിലുപബൃംഹിതമാകയാലേ വേധാവുമമ്പാ
യോൎക്കമറിവാൻപണിയത്രേ * പുണ്യതീൎത്ഥങ്ങളെല്ലാദിക്കിലുമു
ള്ളതെല്ലാം പുണ്യരൂപിണിയായകാവേരീനദിയുടെ * കലകൾ
പതിനാറിലൊന്നിനോടൊവ്വാപിന്നെ പലവുമെന്തിനേറച്ചൊ
ല്ലുന്നുധരാപതേ * നമ്മുടെവംശത്തിങ്കലൊരുവനൊരിക്കൽ
ചെന്നമ്മഹാനദീജലേമജ്ജനംചെയ്യേണമേ * മുക്കടത്തോടു

വേർപെട്ടവനുംവിശുദ്ധനാം മല്ക്കടാക്ഷയതൃപ്തിനമുക്കുംഭവിച്ചീ
ട്ടും * ഇങ്ങിനേചൊല്ലുന്നിതുസകലപിതൃക്കളു മിംഗിതംതങ്ങൾ
ക്കുള്ളതന്ന്യോന്ന്യമൊന്നിച്ചേടോ * അതിപാപികൾദുരാചാര
ന്മാരായമൎത്ത്യാദിതിജ്ജാതിയിൽ വേദബാഹ്യരാംദുരാത്മാക്കൾ *
ഗുരുദൂഷകന്മാരുംവിപ്രദൂഷകന്മാരും ഗുരുമാഹാത്മ്യംതങ്ങുംകാവേ
രീതീൎത്ഥത്തിങ്കൽ * സ്നാനംചെയ്തീടിലേകാദശിനാളുഷഃകാലേ
സാനന്ദംമമലോകംപ്രാപിക്കുംനിശ്ചഞ്ചലം * യത്രകുത്രാപിതു
ലാമാസത്തില്ക്കാവേരിയിൽ നിസ്സന്ദ്രമാമ്മാറരുണോദയേകുളി
ച്ചുടൻ * മാഹാത്മ്യംകേട്ടുപൌരാണികനേപുഷ്പാക്ഷത മോഹ
നമാല്യാംബരാദ്യങ്ങളാൽപൂജിക്കിലോ*പതിതന്ദുരാചാരൻപാ
ഷണ്ഡനെന്നാകിലും കിതവന്മഹാദുഷ്ടൻനാസ്തികനെന്നാകി
ലും * ഇഹലോകത്തുപുത്രപൌത്രാദിജനത്തോടും ബഹുലഭോ
ഗങ്ങളുംഭുജിച്ചുയഥേപ്സിതം * മല്ക്കടാക്ഷത്താൽമമസായൂജ്യം
പ്രാപിച്ചീടും തല്ക്കുലത്തിങ്കലുള്ളപിതൃക്കളോടുംധ്രുവം * ഒരുനാ
ളൊരുനേരംപതിതനെന്നാകിലും പരിചിൽതുലാമാസേകാവേ
രീസ്നാനംചെയ്കിൽ * പങ്കങ്ങളെല്ലാമകന്നാനന്ദപ്രദമായ പങ്ക
ജാസനലോകംപ്രാപിച്ചുവസിച്ചീടും * നൈമിശത്തിങ്കൽ
ത്രിവേണിയിലൎദ്ധോദയത്തിൽ സൌമുഖ്യത്തോടുതുലാപുരുഷ
ദാനംനൂറു * ചെയ്തുള്ളഫലംതുലാകാവേരിസ്നാനത്തിനാലേതും
സന്ദേഹമില്ലലഭിക്കുമപ്രയത്നം * കാവേരീജലേതുലാമാസത്തി
ൽസ്നാനംചെയ്തു പാവനംതിലോദകംനൽകുകിൽപിതൃക്കളും *
സംതൃപ്തന്മാരായ്ബ്രഹ്മലോകത്തെപ്രവേശിച്ചു സന്തതംസുഖി
തന്മാരായ്വരുമെന്നുനൂനം * വൎണ്ണഭ്രഷ്ടനുംസദാചാരഭ്രഷ്ടനുംപര
പിണ്ഡാദൻപിതൃമാതൃദൂഷകൻനിരഗ്നികൻ * എന്നിവരെല്ലാം
സദ്യഃശുദ്ധന്മാരായ്വന്നിടും നിൎണ്ണയംകാവേരിയിൽസ്നാനമാത്ര
ത്തിനാലെ * സൎവ്വഭൂതങ്ങളിലുംദയയോടന്നദാനം സൎവ്വദാചെ
യ്തുള്ളജന്മാന്തരതപോയോഗാൽ * കാവേരീതീൎത്ഥസ്നാനംലഭി
ക്കുമെന്നിയെ മറ്റാവോളംയത്നംചെയ്തുംപാപിക്കുലഭിച്ചീടാ *
കാല്യത്തിൽതുലാമാസേകാവേരിസ്നാനംചെയ്തു ശാല്യന്നംഗ്രാ

സമാത്രംപാത്രത്തിൽദാനംചെയ്കിൽ * സിദ്ധിക്കുംസാവ്ഭൌമ
ഭാവംനിൎണ്ണയം പിന്നെനിത്യവുംതുലാസ്നാനംചെയ്കിലോകാവേ
രിയിൽ * പുനരാവൃത്തിയില്ലാരുദ്രലോകംപ്രാപിച്ചു ജനിതാന
ന്ദംമരുവീടുമെന്നറിഞ്ഞാലും * തണ്ഡുലംവൈശ്യദേവത്തിന്നു
വിപ്രക്കുനൽകിൽ പുണ്യലോകങ്ങളുണ്ടാമവനാചന്ദ്രതാരം *
ഗവ്യംമാഹിഷംഘൃതംതാംബൂലം ശാകന്തിലംനവ്യവസ്ത്രവുംഗ
ന്ധംചന്ദനമിവയെല്ലാം * ദാനംചെയ്കയുമേററംനന്നെടോതു
ലാമാസേ മാനനീയനാംനിയുമാകയാൽതുലാമാസെ * കാവേ
രീജലത്തിങ്കൽസ്നാനവുംദാനങ്ങളും സാവധാനംചെയ്തുസവൈ
ശ്യംലഭിച്ചാലും * തൌലികാവേരീമാഹാത്മ്യത്തെയുംകേട്ടുഭൂ
പമൌലിരത്നമേപിന്നെമോക്ഷവുംപ്രാപിച്ചാലും * ഈവണ്ണം
പാൎത്ഥന്മാരോടരുളിച്ചെയ്തുതുലാ കാവേരീമാഹാത്മ്യത്തെശ്രീകൃ
ഷ്ണൻതിരുവടി * ഇങ്ങുവന്നിട്ടുകാലമേറയായിതു ഞങ്ങളങ്ങു
ചെല്ലായ്കമൂലമഗ്രസേനാദ്യന്മാരും * എന്തിതെന്നുഴന്നീടുമാക
യാലുഴറുന്നേൻ ചിന്തിക്കുന്നേരത്തിങ്കലന്തികേവന്നീടുവൻ *
ഞങ്ങളുംജരാസന്ധപീഡിതന്മാരാകയാൽ മംഗലകരമായമധു
രാപുരത്തെയും * ലൌകികത്തെയുംവെടിഞ്ഞൎണ്ണവമദ്ധ്യത്തി
ങ്കൽ വേഗത്തിൽദ്വാരാവതിപുക്കല്ലോവസിക്കുന്നു * വിത്തമു
ള്ളവൻതന്നെപണ്ഡിതനാകുന്നതും വിത്തമുള്ളവനെത്രേനി
ൎണ്ണയംകുലീനനും * വിത്തമുള്ളവനല്ലോഗുണജ്ഞൻശ്രുതവാനും
വിത്തമുള്ളവൻവക്താദൎശനീയനുംനൂനം * എന്നല്ലലോകത്തി
ങ്കൽസമസ്തഗുണങ്ങളും സ്വൎണ്ണത്തെത്തന്നെനിത്യമാശ്രയിച്ചിരി
ക്കുന്നു * രാജ്യത്തിൽസ്വസ്ഥന്മാരായ്ധനധാന്യാദിയോടും പൂ
ജ്യന്മാരായിവാഴുംപാണ്ഡവന്മാരെനിങ്ങൾ * രിക്തന്മാരായു
ള്ളോരു ഞങ്ങളെമറന്നീടായ്കിത്യാദിലോകോത്തമയോഗ്യാൎത്ഥ
വാക്യങ്ങളും * ഭക്തവത്സലനരുൾചെയ്തുപാണ്ഡവന്മാരോട
ത്യന്തമോദാനന്ദിതംയാത്രയുംചൊല്ലിദ്രുതം * കുന്തിയെവന്ദിച്ചു
പാഞ്ചാലിതന്നോടുംചൊല്ലി ചെന്താർമാനിനീകാന്തൻരേവ
തീരമണനും * എഴുന്നെള്ളീടുന്നേരംപാണ്ഡുനന്ദനന്മാരും വ

ഴിയെനടന്നിതുനാലംഗപ്പടയോടും * പത്തുദിക്കുകൾമുഴങ്ങീടവെവാദ്യത്തോടും പത്രിവാഹനൻതന്നെയനുയാനവുംചെയ്താർ * സ്യന്ദനമേറിമന്ദംഗോവിന്ദൻദേവദേവനിന്ദിരാസുഖവാസമന്ദിരവക്ഷഃസ്ഥലൻ * സുന്ദരൻരഥ്യയൂടെയെഴുന്നെള്ളീടുന്നേര മിന്ദ്രാദിവൃന്ദാരകവൃന്ദവുംദിക്പാലരും * അമ്മഹോത്സവംകാണ്മാനായ്വിമാനത്തിലാമ്മാറംബരത്തിങ്കൽവന്നുനിറഞ്ഞു നിരന്തരം * അംബുദനികരങ്ങൾവന്മഴപെയ്യുംപോലെ മെമ്മേലെപുഷ്പവർഷംചെയ്തിതുധാരാളമായ് * ദിവ്യദുന്ദുഭികളുംഘോഷിച്ചാരതൃച്ചത്തിൽ ദിവ്യസ്ത്രീവൎഗ്ഗങ്ങളുംനൎത്തനംചെയ്തീടിനാർ * ഗന്ധൎവ്വസ്ത്രീകൾഗാനംചെയ്തിതുമുനീന്ദ്രരും സിന്ധുജാവരന്തന്നെസ്തുതിച്ചാരനേകധാ * രണ്ടുയോജനദൂരമിങ്ങിനെചെന്നശേഷം കൊണ്ടൽനേർവൎണ്ണൻനിവൎത്തിപ്പിച്ചുപാൎത്ഥന്മാരെ * പാണ്ഡവന്മാരുംകൃഷ്ണവിശ്ലേഷദുഃഖത്തിനാൽ വീണ്ടൊരുപാടംപോലുംവെക്കരുതാഞ്ഞുകേണാർ * പ്രാകൃതന്മാരെപ്പോലെദുഃഖിച്ചീടരുതേതും ലോകപൂജിതന്മാരായിങ്ങിനെയുള്ളോരെന്നും * ബന്ധുക്കളുടെഗതിയിങ്ങിനെലോകത്തിങ്കൽ ബാന്ധവവൎജ്ജിതന്മാരുംനിരസിക്കരുതെടൊ * അങ്ങോടിങ്ങോട്ടുവന്നുംപോന്നുംനാമിരിക്കേണമങ്ങിനെയെന്നാകിലെന്നരുളിച്ചെയ്തുകൃഷ്ണൻ * പാൎത്ഥന്മാരെയുംതിരിച്ചയച്ചോരനന്തരം പാൎത്ഥിവൻയുധിഷ്ഠിരനനുജന്മാരുംതാനും * ഫണിനായകശായിപാദവുംചിന്തിച്ചുള്ളിൽ പണിപ്പെട്ടിന്ദ്രപ്രസ്ഥംപുക്കിതുമഹാഭാഗൻ * വാരിജവിലോചനൻസീരിയോടൊരുമിച്ചുവാരിധിമദ്ധ്യത്തിങ്കൽദ്വാരകാപുരംപുക്കാൻ * ചാരുതചേരുമൊന്നൊരുതോരണംമുമ്പാമലംകാരങ്ങളെങ്ങുംചേൎത്തുപൌരന്മാരെതിരേററു * പൂരിച്ചവാദ്യത്തോടുംപൌരുഷത്തോടുംചെന്നുപുരകംപുക്കനാഥൻഭൈസഹരംവാണരുളിനാൻ * സുഭദ്രോപാഖ്യാനമിതായുഷ്യംയശസ്കരംശുഭപ്രാപകംപഠിക്കുന്നോൎക്കുംകേൾക്കുന്നോൎക്കും * പാപങ്ങളകന്നുഃപാംപുണ്യവുംവൎദ്ധിച്ചീടും ശോഭനാഖ്യാനമിദംസൎവ്വത്രജയാവഹം * ഭാൎഗ്ഗവവാരത്തിങ്കൽകേൾക്കുന്നപുരുഷനു ഭാൎഗ്ഗവീ

24 *

സമയായകന്യയും സിദ്ധിച്ചീടും * മക്കളും മക്കളുടെമക്കളുമുള്ളായിട്ടും ദിക്കുകളെങ്ങും കേളിചിക്കുന്നുപരന്നീടും * പുണ്യകാലത്തുകേൾക്കിലൈശ്വര്യംവളൎന്നിടും പുണ്ഡരീകാക്ഷൻതന്റെലോകപ്രാപ്തിയുംവരും * ഇക്കഥാകേൾക്കിൽതീൎത്ഥമൊക്കയാടിയപുണ്യം മുഖ്യയജ്ഞങ്ങളുടെഫലവുംസിദ്ധിച്ചിടും * ഹരിവാസരത്തിങ്കൽഹരിസന്നിധിയിലിച്ചരിതംകേട്ടുവിഭാവരിയിലുറങ്ങാതെ * ഉപവാസവുംചെയ്തുവാസംചെയ്കിലോ ശുകനുപമനാകുംവിഷ്ണുഭക്തനായ്ഭവിച്ചീട്ടും *പരമേശ്വരൻദാക്ഷായണിയെപ്പിരിഞ്ഞതനു പരമോത്തമമാമിക്കഥയെപ്പാഠിക്കയാൽ * ഗിരിജാദേവിയുടെപരിണേതാവായ്വന്നു ഗിരിശൻമഹാദേവൻ പരിചോടവിളംബം * ഹരന്റെനേത്രാഗ്നിയിൽപൊരിഞ്ഞുകാമദേവൻ പരിതാപേനരതികരയുംദശാന്തരേ * കരുണാകരൻഖണ്ഡപരശുനിയോഗത്താ ലരുണാധരിയുമിച്ചരിതംകേൾക്കയാലെ * പതിയെപ്രാപിച്ചാളിക്കഥയോടൊത്ത പുണ്യകഥയൊന്നില്ലാമനോരഥദാനത്തിന്നെടോ * ഒരിക്കലെന്നാലുമിക്കഥയെക്കേൾക്കുന്നാകിൽ തെരിക്കെന്നവൻശുദ്ധനായ്വരുന്നിസ്സംശയം * ഈരേഴലോകങ്ങളിലറുപത്താറുകോടി പേരെഴും മഹാപുണ്യതീൎത്ഥങ്ങളുള്ളതെല്ലാം * കാവേരീതീൎത്ഥത്തിങ്കൽ സ്നാനാൎത്ഥംതുലാമാസേ ശൈവാജ്ഞയാലേവരുംനൃവരശിരോമണേ * എന്നാലോനിത്യംസഹ്യനന്ദിനീജലത്തിങ്കൽ ചെന്നിനിസ്നാനംചെയ്കുന്നനായിത്തുലാമാസെ * ഞാനുമേചെയ്തുള്ളോരു ദാനവുംചെയ്തീടെടൊ ഭാനുസന്താനപത്മഭാനുമന്മഹാമതേ * ദാനംകൊണ്ടല്ലോനാകംസാമ്രാജ്യംപ്രാപിപ്പതും ദാനംകൊണ്ടല്ലോസുഖംതാനനുഭവിപ്പതും * സല്പാത്രത്തിങ്കൽദാനമല്പവും ചെയ്യാതവൻക്ഷുല്പിപാസാപൊറാഞ്ഞുതൻമാംസത്തെഭുജിച്ചീടും * ആകയാൽസ്നാനംചെയ്തനിത്യവുംദാനങ്ങളു മാകുന്നവണ്ണംചെയ്തുമാസാന്തത്തിങ്കൽപിന്നെ * പരമാനന്ദേനഭൂമീസുരന്മാരായിരത്തെ പരിപൂൎണ്ണമാംവണ്ണംപരിചിൽഭുജിപ്പിച്ചു * തൽപുരാണത്തെച്ചൊല്ലുംസൽപുമാനെയും പൂജിച്ചുല്പന്നാമോദമലംകരി

പ്പിച്ചംഗമെങ്ങും * തണ്ടിന്മേലേററിഗ്രാമംവലത്തുവെച്ചമന്ദം കണ്ടവർകൊണ്ടാടവേമേളതാളങ്ങളോടും * സൎവ്വസമ്പത്തോടും ഗൃഹത്തിങ്കലാക്കീടുമെങ്കിൽ സൎവ്വാഭീഷ്ടവുംതവലഭിക്കുമറിഞ്ഞാലും * അദ്ധ്യായമിരുപത്തുമൂന്നത്രകഴിഞ്ഞിതു ബുദ്ധ്യാസുപ്രസന്നയാകേട്ടുകൊള്ളുവിനിന്നും *

——oo✕oo——

## ചതുൎവ്വിംശോദ്ധ്യായഃ- പ്രാരംഭഃ

---

കുംഭജനരുൾചെയ്തധൎമ്മങ്ങളേവംകേട്ടു കുംഭിനീപതിപരിവൃഢനാംഹരിശ്ചന്ദ്രൻ * ജൃംഭിതാനന്ദമുണൎത്തിച്ചിതുമഹാമുനെസംപ്രതിനിന്പാദമാമംഭോജംഭജിക്കയാൽ * ലംഭിതമായിജന്മസാഫല്യംഭഗവാനെ യെന്പോററിനമസ്കാരംയോഗീന്ദ്രശിഖാമണെ * ഡംഭാദിനീങ്ങികൃതകൃത്യനായ്മന്നീടിനേനന്പോടുകാവേരിമാഹാത്മ്യത്തെക്കേൾക്കയാലെ * ജംഭാരിമുമ്പാമുമ്പക്കിമ്പമേകീടുംമമതമ്പുരാൻ കാരുണ്യവുംസമ്പന്നമായിട്ടവധാ * സംഭാവ്യംതപോയോഗലഭ്യമാംസാധുസംഗം സംഭവിക്കുമോളുക്തിമുക്തിദമല്ലായ്കിലോ * കാവേരിമാഹാത്മ്യത്തെക്കേട്ടുള്ളിൽ തൃപ്തിവന്നീലാവോളം കേൾപ്പിക്കേണമിനിയുംദയാനിധേ * എങ്ങിനെകവേരജസഹ്യജയായതെന്നു മെങ്ങിനെലോപാമുദ്രയായതെന്നതുംപിന്നെ * എങ്ങുദക്ഷിണഗംഗയെന്നുവിഖ്യാതയായ തെങ്ങിനെഗംഗാധിക്യമെങ്ങിനെവന്നതെന്നും * വിസ്തരിച്ചെന്നോടരുളിച്ചെയ്തീടേണം മുനിസത്തമതപോനിധതിതിക്ഷാപാരാന്നിധേ * ഇത്തരംഹരിശ്ചന്ദ്രൻ ചോദ്യങ്ങൾകേട്ടനേരമുത്തമനാഷ്ടമൂൎത്ത്യംശജനാം മഹാമുനി * മന്നർമന്നവൻതന്നെയേററവുംപ്രശംസിച്ചു മന്ദംകൈകൊണ്ടുമേനിതടവിയരുൾചെയ്താൻ * നന്നുനന്നുനൃപോത്തമ മന്നിടത്തിങ്കലെങ്ങും നിന്നോളംപുണ്യവനായില്ലാരുമെന്നുനൂനം * പിന്നെയുമതുപോലെപിന്നെയുംധൎമ്മസാരം തന്നെകേ

ററംക്കയിൽശ്രദ്ധനിന്നുള്ളിലുണ്ടാകയാൽ * പുണ്യശ്ലോകന്മാരുടെയെണ്ണുമൊക്കുമ്പോളഗ്രഗണ്യനായതുഭവാൻനിർണ്ണയം ധരാപതേ * ധർമ്മിഷ്ഠനായനിത്യംലോകാനുഗ്രഹാത്ഥമായ് ധർമ്മസാരത്തെയിന്നുംചോദ്യംചെയ്യുന്നുഭവാൻ * സത്തുക്കൾതന്നെയെല്ലോസത്തുക്കൾക്കെല്ലാംധനം സത്തുക്കൾക്കെല്ലാംബന്ധുസത്തുക്കൾതന്നെയെല്ലോ * സത്തുക്കൾതന്നെയെല്ലോസത്തപസ്സാകുന്നതും സത്തുക്കൾതന്നെവ്രതംസത്തുക്കൾതന്നെമിത്രം * നിന്നോടാകയാലിന്നുചൊല്ലുന്നേൻ കാവേരിതൻപുണ്യവദ്ധനമായമാഹാത്മ്യമെന്നീവണ്ണം * ധന്യനാംനൃപേന്ദ്രനെല്ലാംഘിച്ചമുനീശ്വരൻ മന്ദഹാസാനന്തരമരുളിച്ചെയ്തീടിനാൻ * പണ്ടുധർമ്മജ്ഞൻധൗമ്യൻതന്നോടിയത്ഥംതന്നെ കൊണ്ടൽനേച്ചുഴന്നെഴുന്നള്ളിനോരനന്തരം * കൊണ്ടാടിച്ചോദ്യംചെയ്താനമ്മുനിസന്തോഷമുൾക്കൊണ്ടവൻതന്നോടരുൾചെയ്തുകേൾക്കഭവാൻ * മുന്നമുണ്ടായാനൊരുരാജഷികവേരനെന്നനതപ്രഭൻയോഗിസത്തമൻപ്രസന്നാത്മാ * നിശ്ശേഷവിദ്യാനിധിനിഷ്ക്രോധൻ ജിതേന്ദ്രിയന്നിസ്സംഗൻസവ്വധർമ്മവിരക്തൻനിഷ്കന്മഷൻ * കുറയക്കാലംകർമ്മംചെയ്തിരുന്നൊരുശേഷമറയും വൈരാഗ്യത്താൽമുമുക്ഷുവായ്വന്നവൻ * ഹിമവൽപാശ്വംപുക്കതപസ്സുതുടങ്ങിനാൻ ഹിമവുംകാററുംമഴവെയിലുംസഹിച്ചേററം * അങ്ങിനെദിവ്യവഷമായിരംചെന്നകാലമങ്ങെഴുന്നെള്ളീടിനാൻവേധാവുംപ്രസന്നനായ് * വരത്തെവരിക്കെടോരാജഷിശ്രേഷ്ഠഭവാൻ വരദനായോരുഞാനിങ്ങിതാവന്നേനെല്ലോ * ഈവണ്ണംബ്രഹ്മവാക്യംകേട്ടുരാജഷിശ്രേഷ്ഠനാവിർമ്മോദേനതൊഴുതിവണ്ണമുണത്തിച്ചാൻ * നിന്തിരുവടിയെങ്കൽപ്രസന്നനെന്നാകിലു മെൻതപസ്സിന്നുഫലമുണ്ടെന്നുവരികിലും * ബന്ധവജ്ജിതമായകൈവല്യംനല്കീടേണ മെന്നുനശ്വരങ്ങളാംമററുള്ളഫലങ്ങളാൽ * ദേവദേവനാംവിഷ്ണുഭഗവാനൊഴിഞ്ഞുള്ള ദേവന്മാരായഞങ്ങൾക്കാമല്ലമോക്ഷദാനം* ലോകമാതാവുമഹാവിഷ്ണുതന്മായാദേവി ശോകനാശിനിമമ

പുത്രിയായൊരുകന്യാ * നിനക്കുമോക്ഷത്തെനൽകീടുമെന്നരു
ളംചെയ്തുമനക്കാമ്പിങ്കൽവിഷ്ണുമായയെദ്ധ്യാനംചെയ്താൻ *
ചിന്മയിലോകൈകമോഹിനിയാംവിഷ്ണുമായാ നിൎമ്മലതരമാ
യകന്യകാവേഷത്തോടും * സൎവ്വാലങ്കാരപരിഭൂഷിതചാൎവ്വം
ഗിയായ് സൎവ്വഗന്ധൎവ്വസിദ്ധദേവസേവിതയായേ * വിരിഞ്ച
ൻതന്റെമുമ്പിൽപ്രത്യക്ഷീകരിച്ചിതു വിരഞ്ചുവിധാതാവുമി
ങ്ങിനെചൊല്ലീടിനാൻ * ധന്യേയോഗീന്ദ്രനായരാജൎഷിയിവ
ന്നുനീ കന്യയായ്മോക്ഷത്തെയുംനൽകേണംമഹാദേവി * ഇ
ക്കണ്ടകവേരന്നുപുത്രിയായ് നീപിന്നെയുംചൊല്ലേൊണ്ടപു
ണ്യതീൎത്ഥമയിയാംനദിയായേ * മുക്തിസാധനമുഖ്യമൂൎത്തിയാ
യനാരതം ശുദ്ധിയുംജഗത്തിന്നുസതതംചെയ്തിടേണം * പി
ന്നെയൊരംശംകൊണ്ടുലോപാമുദ്രാഖ്യയായേ ധന്യനാമഗസ്ത്യ
നുപതിയായ്ഭവിച്ചാലും * ഇത്തരമുരചെയ്തുമറഞ്ഞുവിധാതാ
വും സതതംവിഷ്ണുമായാദേവിയുംകവേരന്നു * കന്യയായ്ഭ
വിച്ചവൾതന്നെയുംകൊണ്ടവൻ തന്നുടെഭാൎയ്യയോടുംസ
ന്തോഷംപൂണ്ടീടിനാൻ * പ്രത്യക്ഷയായമോക്ഷലക്ഷ്മിയെയെ
ന്നപോലെ സിദ്ധിച്ചപുത്രിയോടുംസുഖമേവാഴുംകാലം * അ
ത്യന്തംദുഷ്പാരമിക്കൎമ്മമെന്നോൎക്കയാൽ ചിത്തത്തിൽവൈരാഗ്യ
വുംപ്രാപിച്ചുദിനേദിനേ * ചെറുനാളേവംഗൃഹേവസിച്ചോര
നന്തരം മാറീട്ടുംവിശ്രാന്തിയെപ്രാപിച്ചകവേരനും * കനകാ
കൃതിയായതന്നുടെപുത്രിതന്നോടനംഘമനസ്സോടുമേകദാ ചൊ
ല്ലീടിനാൻ * ജനകനായേനഹംനിനക്കെന്നതുമൂലം ജനിമൃ
ത്യുക്കളറ്റുമുക്തനായ്വന്നിടിനേൻ * കാവേരിയെന്നുലോകപ്ര
സിദ്ധിയോടും ജഗൽപാവനിയായമഹാനദിയായ്ഭവിക്കനീ *
ഈശ്വരിയായനിന്നെയിങ്ങിനെകാണ്കയാലി ങ്ങാശ്ചൎയ്യംചിത്ത
ശുദ്ധിഭവിച്ചുമഹാഭാഗേ * മോക്ഷവിഘ്നത്തെച്ചെയ്യുംകൎമ്മവും
വേണ്ടീലിനികാൽക്ഷണംപോലുംമമലോകമാതാവേശുഭേ *
നിത്യകൃത്യത്തെച്ചെയ്തുശുദ്ധനായ്വസിക്കേണം ചിത്തത്തിൽശു
ദ്ധിവരുവോളവുംബുധജനം * പിന്നെനിസ്സംഗാത്മനാമനി.

ൽസഞ്ചരിഃക്കേണം തന്നുടെദേഹാവസാനത്തോളമെന്നുമെ
ല്ലാം * ധന്യനാംജനകന്റെവാക്യങ്ങൾകേട്ടനേരം തന്വംഗി
വിഷ്ണുമായാതാതനോടോതീടിനാൾ * സന്തോഷനാംഭവാൻ
ചൊന്നതു സത്യമെന്റെസന്നിധാനത്തിനാലേ ചിത്തശുദ്ധി
യുംതവ * വന്നിതുമുക്തികരസ്ഥിതയെന്നറിഞ്ഞാലും സന്ദേ
ഹമില്ലാമമവചനംസത്യമെത്രേ * നിന്നുടെപുത്രിയായഞാൻ
മഹാനദിയായേ മന്നിലെങ്ങുഃമതവകീൎത്തിയുംപരത്തുവൻ *
പിതൃകീൎത്തിയെബ്ഭുവിവളൎത്തുന്നവരുടെ പിതൃക്കൾക്കെല്ലാംബ്ര
ഹ്മകൈവല്യംഭവിച്ചീടും * സുതന്മാർവിഷ്ണുഃലോകംപ്രാപിക്ക
മെന്നുമെല്ലാം സുതതന്നുടെവാക്യാകേട്ടേററംപ്രസന്നനായ് *
സുധിയാമഗ്രഗണ്യൻരാജൎഷിഃശ്രേഷ്ഠൻതാനും സുതരാംപ്രശം
സിച്ചുഭൂയോപിമഹാഭാഗൻ * ധന്യനായ്കൃതാൎത്ഥനായ്വന്നിതു
ഞാനെന്നോൎത്തുസന്യസിച്ചവനിയിൽസഞ്ചരിച്ചിതുസുഖം *
സമദൃഷ്ടിയായെങ്ങുംമൌനിയായ്മഹായോഗി സമലോഷ്ടാശ്മ
കാൎത്തസ്വരനായനാരതം * അകവുംപുറവുമെല്ലാടവുമൊരു
പോലെ ഭഗവന്മയമായ്ക്കണ്ടാനന്ദനിലീനനായ് * വായുവേ
പ്പോലെയെങ്ങുംസഞ്ചരിച്ചകന്മഷം ജ്ഞേയരൂപനായ്സുഖദുഃ
ഖനിവ്വിഃശേഷനായ് * ഹസ്തപ്രാപ്തത്തളക്തപാമൃഗപക്ഷ്യാദി
കളിലസ്തവൈശിഷ്ട്യേണകണ്ടുതന്നെത്താനെന്നപോലെ * മാനാ
പമാനങ്ങളിഃലതുമേഭേദംവിനാ മാനസേസദാപരമാത്മഭാവന
യോടും * ചിന്മയംപരമാനന്ദാത്മകംനിത്യംപരബ്രഹ്മമാം
ഹരിപദംപ്രാപിപ്പാനചഞ്ചലം * സച്ചിദാനന്ദസ്വരൂപി
ണിയാംകാവേരിയും സ്വച്ഛതീൎത്ഥയാംതങ്കൽസ്നാനംചെയ്യുവ
ൎക്കെല്ലാം * വിച്യുതിവന്നീടാതമുക്തിയെസ്സിദ്ധിപ്പാനായച്യു
തൻതന്നെയോൎത്തുതപസ്സുതുടങ്ങിനാൾ * പ്രത്യക്ഷനായിട്ടരു
ൾചെയ്തിതുമുകുന്ദനുമത്യന്തതുഷ്ടനായ്ഞാൻ നിന്നുടെതപസ്സി
നാൽ * ഭദ്രംതേവത്സേവരംവേണ്ടതുവരിച്ചാലും വിശ്രുതംനൽ
കീടുവൻശുദ്ധമാനസേശുഭേ * ഭാഗധേയാംഭോനിധിയായ
കാവേരിതാനും ഭോഗിശായിയെവന്ദിച്ചീവണ്ണമുണൎത്തിച്ചാൾ *

ലോകശുദ്ധിക്കായ്ക്കൊണ്ടുനദിയായൊഴുകേണ്ണം ലോകൈകനാഥഞാനുംഭക്തവത്സലവിഷ്ണോ * അത്രയുമല്ലനിരഗ്നികളുംകൃതഘ്നന്മാരെത്രയുംദുരാചാരന്മാരുംനാസ്തികന്മാരും * മജ്ജലസ്നാനമാത്രംകൊണ്ടുനിമ്മലന്മാരായ് സജ്ജനാസാദ്ധ്യംഭവല്പാദാബ്ജംപ്രാപിക്കേണം * അവ്വണ്ണമനുഗ്രഹംചെയ്യേണംദയാനിധേനിവ്വികാരാത്മൻപാദാബ്ജാശ്രിതചിന്താമണേ*ദുഗ്ദ്ധടമെത്രേവരംവരിച്ചതെന്നാകിലുമുൾക്കാമ്പിലെങ്കൽഭക്തിയുള്ളവക്കെല്ലാവക്കും * ചിക്കെന്നുസാധിച്ചിടുംസർവ്വാഭിപ്രായങ്ങളും മുഖ്യരാംതൽസേവകന്മാക്കുമെന്നാകയാലെ * ഒക്കയുമന്യൂളുംനിന്മനോരഥത്തിന്നു തക്കവണ്ണമേതന്നെസർവ്വദാഭവിച്ചാലും * സ്മരണംകൊണ്ടുതന്നേസകലപാപങ്ങളും തരസാനീക്കുംമഹാപുണ്യമാംസഹ്യാചലേ * ധന്യതചേരുംസഹ്യാമലകമൂത്തിയായോരെന്നുടെയംഘ്രിയിങ്കൽ മന്ത്രേണസമന്വിതം * ശംഖപൂരിതമായവിരജാജലംകൊണ്ടു പങ്കജാസനനഭിഷേകംചെയ്തൊഴുകുന്ന * പുണ്യതീത്ഥത്തോടൊന്നിച്ചൊഴുകിവളുന്നനീപുണ്യദക്ഷിണഗംഗയെന്നുപേർപെററീടെടോ * ദക്ഷിണദിക്കിലുള്ളജനങ്ങളെല്ലാവരു മക്ഷിഗോചരമായനിന്മഹാപുണ്യരൂപം * വിക്ഷണംചെയ്കയാലേനാകത്തെപ്രാപിച്ചീടും ത്രീക്ഷണൻമാനിച്ചചൂടീടുംഗംഗയേക്കാളും * വലിപ്പംലോകത്തിങ്കലെങ്ങുമേനിരൂപിച്ചാ ലലഭ്യമായുള്ളതുംതന്നിതുനിനക്കെടോ * മററുള്ളമഹാനദീവഗ്ഗത്തിനുണ്ടോപിന്നെചെററുംനിന്നോടുസാമ്യംഭവിച്ചീടുന്നതോത്താൽ * ദത്താത്രേയാവതാരംചെയ്തഞാൻനിൻെറതീത്ഥമസ്തകത്തിങ്കൽപദംവെച്ചവാഴുവനെല്ലോ * മൽപ്പദാശ്രയയായകാവേരിനിനക്കഞാൻ തൽപ്പരംമഹാവരംനൽകുവൻകേട്ടാലുംനീ * മൽപാദത്തിങ്കൽനിന്നുണ്ടാകയാലെത്രേ ഗംഗാചൊല്ലൊണ്ടുംനദികളിൽമുഖ്യയായ്ക്കുന്നതെടോ * നിന്നുടെമടിയിലുംവസിച്ചീടുന്നുണ്ടുഞാനെന്നതുമൂലം ഗംഗാധികയായ്ക്കുന്നാലുംനീ * മസ്തകത്തിലുംമടിയിങ്കലുമെൻെറപക്ഷം നിത്യവുംനിനക്കസമ്പൽമുണ്ടാകയാലേ *

നിന്നോടുതുല്യമായ പുണ്യതീൎത്ഥങ്ങളെങ്ങുമെന്നുമേയില്ലെ
ന്നറച്ചീടുകനിസ്സംശയം * ഗംഗയാദിയായുള്ളതീൎത്ഥങ്ങ
ങ്ങളെല്ലാററിലു മെങ്ങുമേപലചതുൎയ്യുഗവുംകുളിക്കിലും * അതി
പുണ്യമാംസഹ്യാമലകതീൎത്ഥത്തിന്റെ പതിനാററാന്നുഫലംവ
രികയില്ലാസിദ്ധം * യുഗനാലൊരുപോലെനൈമിശാരണ്യ
ത്തിങ്കൽ വിഗതരാഗദ്വേഷാൽതപസ്സുചെയ്തീടുകിൽ * പുത
യാന്നിന്നിൽസഹ്യാമലകസന്നിധാനെ ജാതഭാഗ്യനായ്സ്നാനം
ചെയ്യുള്ളഫലംവരും * ശംഖതീൎത്ഥവുംസഹ്യാമലകതീൎത്ഥമെ
ന്നും പങ്കജവിലോചനേനിന്നുടെതീൎത്ഥത്തിന്നു * രണ്ടുപേരു
ണ്ടായ്വരുംലോകത്തിൽപ്രസിദ്ധമായ് കണ്വനാഹീനമത്രതപസ്സു
ചെയ്യുംനിന്നെ * കൊണ്ടാടിപ്പിന്നെകമണ്ഡലുതീൎത്ഥത്തിലാ
ക്കിക്കൊണ്ടുപോയ്സഹ്യാദ്രിയിലാക്കീടുംകുംഭോത്ഭവൻ * എ
ന്നുടെയംശജാതനാമവൻതനിക്കുനീ ധൎമ്മപത്നിയായ്വരുംലോ
പാമുദ്രാഖ്യയോടും * ഇങ്ങിനെയരുൾചെയ്തുമറഞ്ഞുജഗന്മയൻ
മംഗലപ്രദൻമായാമയനാംമഹാവിഷ്ണു * വിഷ്ണുമായാദേവി
യാംകാവേരിതാനുംപിന്നെ വിഷ്ണുധ്യാനേനഘോരംതപസ്സുതുട
ങ്ങിനാൾ * അക്കാലംസംസാരത്തെദുസ്തരമെന്നുചിന്തിച്ചുൾ
ക്കൊണ്ടവൈരാഗ്യത്താലഗസ്ത്യൻബ്രഹ്മചാരി * ദുഷ്കരംതപ
സ്സുചെയ്തീടിനോരവൻമുമ്പിൽ പുഷ്കരാസനൻപ്രത്യക്ഷീകരിച്ച
രുൾചെയ്താൻ * എന്തിനുഘോരഘോരംതപസ്സുചെയ്തീടുന്നു
ചിന്തിതംഗ്രഹിച്ചുഞാൻകേട്ടാലുംമഹാമുനേ * മുക്തിവന്നീടേ
ണമെന്നതിന്നുതുൎയ്യാശ്രമം യുക്തമെന്നല്ലോനിരൂപണമാകുന്ന
തെടോ * നിത്യാദികൃത്യമെല്ലാംസംസാരഹേതുവെന്നിട്ടത്യൎത്ഥം
ചിത്തവൃത്തിനിവൃത്തിച്ചതുംനൂനം * കൎമ്മത്തെക്കൊണ്ടുതന്നെ
സംസാരംനശിച്ചീടും നിൎമ്മലാത്മനാംമോക്ഷപ്രാപ്തിയുംലഭിച്ചീ
ടും * കാമ്യകൎമ്മങ്ങൾവിട്ടുനിഷ്കാമകൎമ്മമാകിൽ സാമ്യമാംസ
ന്യാസത്തോടില്ലസംശയമേതും * സന്യാസംദുസ്സാദ്ധ്യമാംചെറു
തുപിഴക്കിലോ ധന്യമെന്നാലുമധഃപതനംവരുംദ്രുതം * കൎമ്മ
ത്തെബ്രഹ്മാൎപ്പണംചെയ്തു ചെയ്കിലോമഹാശൎമ്മരൂപമാ

മോക്ഷമതിനാൽവന്നുകൂടാം * നിഷ്കാമനായുള്ളവൻമദ്ധ്യാഹ്ന
കാലത്തിങ്കൽ ശുഷ്കഃദഹനായ് ഞെളിഞ്ഞീടിഃനാരതിഥിയേ * ഊ
ട്ടുകിൽഗംഗാദിയാംതീൎത്ഥങ്ങൾകൊണ്ടും വ്രതങ്ങളുട്ടത്തെക്കൊണ്ടും
പുനരവനെന്തുള്ളതെടോ * ഇന്ദ്രിയാൎത്ഥങ്ങളിലുംപുത്രബന്ധു
വധനമന്ദിരാദികളിലുമൈത്ര്യയുംവിരക്തനായ് * മാനാപമാന
സമമനസ്സായ്ക്കൎമ്മംചെയ്യും മാനവാദികൾമോക്ഷംപ്രാപിക്കുമ
സംശയം * വിരക്തൻവിഷ്ണുഭക്തനാകിയസൽപുരുഷനൊരി
ക്കൽപഞ്ചമഹായജ്ഞത്തെച്ചെയ്യുന്നാകിൽ * തെരിക്കെന്നെ
ല്ലാച്ചരാചരജീവന്മാരോടും പരക്കുംഭുവനവുംതൃപ്തമായ്ഭവിച്ചീ
ടും * സൎവ്വഭൂതങ്ങളിലുംദയയാനിഷ്കാമനായ് സൎവ്വദാലോകോ
പകാരകമാംകൎമ്മംചെയ്കിൽ * മുക്തിയുംകരസ്ഥിതയെന്നറി
ഞ്ഞാലുംഫലസക്തികൊണ്ടല്ലോബന്ധംഭവിക്കുന്നതുമെടോ *
വൈകുണ്ഠാൎപ്പണംചെയ്തുനിഷ്കാമംചെയ്യുംകൎമ്മം വൈകല്യമുണ്ടാ
കിലുംമോക്ഷത്തെദ്ദാനംചെയ്യും * വൈകല്യംഗൃഹസ്ഥാശ്രമത്തിങ്ക
ൽസംഭവിക്കിലോ വൈകാതെപതിച്ചീടുംകീഴ്പെട്ടുനിസ്സംശ
യം * സന്ന്യാസംബ്രഹ്മചൎയ്യത്തിങ്കലചെയ്യുന്നാകിലന്യദുശ്ചിന്ത
യാലേദുഃഖവുംവൎദ്ധിച്ചിടും * ഭുക്തഭോഗനുപിന്നെസ്സന്ന്യാസം
ചെയ്തീടിലും യുക്തമായ്ഭവിച്ചീടുംമുക്തിവന്നീടുവാനായ് * ഗൃ
ഹസ്ഥധൎമ്മേണവാനപ്രസ്ഥംകൊണ്ടാകിലും മഹതാമേരുന്ന
നിലോകത്തെശുദ്ധമാക്കി * സന്ന്യസിച്ചീടുകെങ്കിൽസന്ന്യാസം
പോലെ കൎമ്മമഞ്ചിതമായവിഷ്ണുപദത്തെപ്രാപിപ്പിക്കും * കി
ഞ്ചനാകൃത്യംചെയ്കിൽസന്ന്യാസാശ്രമത്തിങ്കൽ ചെഞ്ചെമ്മേന
രകമുണ്ടായ്വരുമെന്നുമതം * അംബുജജന്മാവേവമരുളിച്ചെയ്തനേ
രമമൈത്രാവരുണിയുമിവ്വിധംചൊല്ലീടിനാൻ * ധൎമ്മനി
ഷ്ഠനുപോലുമനുകൂലയാംസഹധൎമ്മിണിയുണ്ടാകിലേ ധൎമ്മാ
ൎത്ഥകാമങ്ങളെ * ചെമ്മേസാധിക്കായ്വരുമുക്തിസിദ്ധിക്കെന്നോതു
കൎമ്മംകൊണ്ടുണ്ടോവിപരീതമൈത്ര്യയുംതമ്മിൽ * സത്യവുംദ
യാശൌചംലോകാപവാദഭയമിത്തിരി പോലുമില്ലാചിത്തത്തി
ലസ്ത്രീകൾക്കെന്നാൽ * തത്രദൂരസ്ഥനല്ലോഹരിയെന്തിന്നുപി

ന്നെ ദുസ്സരനരകത്തിലാക്കുന്നിതെന്നെപ്രഭോ * ഇത്തരംകേട്ടു ശതപത്രസംഭവൻതാനുമുത്തരമവനോടുസത്വരമുരചെയ്താൻ * മുമ്പിലെജന്മങ്ങളിൽചെയ്തുള്ളപാപങ്ങളാൽ സംപ്രതിപാണിഗ്രഹംചെയ്യുന്നകുഡുംബിനി * കുലടാശഠാപ്രതികൂലയപ്രിയയായും പലദുഃഖ്ഖിലത്തോടുംഭവിപ്പതറിഞ്ഞാലും * അംബലാകുലത്തിൽവെച്ചധമയായീടുന്നോരവളെത്യജിക്കേണമറിവുള്ളവനെന്നാൽ * പതിയെനിന്ദിക്കതാനൊരിക്കാലെന്നാകിലുമധികംകോപിക്കതാനെന്നാലുംചെയ്യുന്നവൾ * ശതജന്മങ്ങൾതോറുംശുനിയായ്ഭവിച്ചീടു മതിപാപികിങ്ങിനെയുള്ളഭാര്യയുമുണ്ടാം * തപസാസിദ്ധനായനിനക്കവിശേഷിച്ചും സപദിസിദ്ധിച്ചോരുമദനുഗ്രഹത്തിനാൽ * മംഗലാചാരാമൃദുഹാസിനീ പതിവ്രതാ സംഗതയായ്വന്നീടുമത്രയുമല്ലകേൾന്നി * ബ്രഹ്മചര്യത്തെക്കൊണ്ടുംതപസ്സിന്നിഷ്ഠകൊണ്ടും ബ്രഹ്മസത്തമഞാനും സന്തുഷ്ടനാകയാലേ * വൈദികംമുക്തിപ്രദംകർമ്മംഞാൻ ചൊല്ലീടുവൻ വൈദുഷ്യമേറുന്നനീസരസംഗ്രഹിച്ചാലും * മംഗലാംഗിയാംമമകന്യകാകാവേരിയെന്നെങ്ങുമേകീർത്തിപൊങ്ങും സച്ചരിതാസത്യനിഷ്ഠാ * ലോകാനുഗ്രഹാർത്ഥമായ്തപസ്സുചെയ്യുന്നിതു ലോകവിഖ്യാതനാംനിവിധിക്കതക്കവണ്ണം * അവളെപ്പാണിഗ്രഹംചെയ്തിഷ്ടവുംനൽകി ഭുവനവിരോധിദുഷ്ടാത്മാവാംവിന്ധ്യന്തന്റെ *ഗർവ്വത്തെതപസ്സിനാൽസംഹാരംചെയ്തുപിന്നെ പവ്വതോത്തമനായസഹ്യത്തെപ്രാപിച്ചുടൻ * കാവേര്യംശത്താലൊഴുകീടുകെന്നവളെയും ഭാവനാവൈശിഷ്ട്യത്തോടവിടെസ്ഥാപിച്ചുനീ * ലോപാമുദ്രാഖ്യാംശേനഭാര്യയാമവളോടും പ്രാപിച്ചീടെടോപിന്നെമലയകുലാചലം * ലോകാനുഗ്രഹാർത്ഥമായവിടെവസിച്ചാലും ലോകമാതാവിനോടുതുല്യയാം ജായയോടും * ലോകേശനേവമരുൾചെയ്തുദേവന്മാരോടും സാകന്തത്രൈവമറഞ്ഞീടിനോരനന്തരം * ആശ്ചര്യംപൂണ്ടുദേഹംപൂരിച്ചുകുംഭോത്ഭവൻ വാച്ചസന്തോഷത്തോടുംപുറപ്പെട്ടവിടുന്നു * പോയ്ചെന്നുഹിമാദ്രിയെപ്രാപിച്ചു കാവേരിതൻകാഴ്ച

ക്ഷമഹീധരപാശ്ചകാനനദേശേ * കടുക്കന്നാരാഞ്ഞെങ്ങും നടക്കുംദേശാന്തരേ വടക്കുപാശ്ചത്തിങ്കലടുക്കക്കാണായ്വന്നു * തപസ്സുചെയ്തുമേവുംകാവേരിദേവിതന്നെ നഭസ്സിൽവിളങ്ങീടുംമിന്നലെന്നതുപോലെ * വന്നസന്തോഷമുൾക്കൊണ്ടിന്ദിരാസമയായ സുന്ദരിയോടുമുനിമന്ദംചോദിച്ചീടിനാൻ * കല്യാണികാവേരിനീയൊന്നിങ്ങുനോക്കിടെടോ പല്ലവംതൊഴുന്നല്ലോരിളംപൂമേനിയേവം * അല്ലലാംവണ്ണംതപിപ്പിക്കുന്നതെന്തിന്നുവാനെല്ലാമേയറിഞ്ഞുഞാൻ നിന്മനോഗതംഭദ്രേ * ചൊല്ലെഴുംധ്യാനനിഷ്ഠയായകാവേരിയിത്ഥംചൊല്ലുംമാമുനിയുടെവാക്കുകൾകേട്ടനേരം * മെല്ലവേനേത്രങ്ങളെമിഴിച്ചുനോക്കിക്കണ്ടാളുല്ലാസത്തോടുമുമ്പിലഗസ്ത്യമുനീന്ദ്രനെ * മല്ലലോചനാദേവീസംഭ്രമിച്ചെഴുന്നീറ്റു നല്ലവണ്ണംമസ്വാഗതാദിവാക്യങ്ങൾകൊണ്ടും * കല്യാണംവരുംവണ്ണമർഘ്യപാദ്യാദികൊണ്ടും കല്യനാംമുനീന്ദ്രനെ പൂജിച്ചുസസമ്മദം * ചൊല്ലിനേനിരിപത്തുനാലദ്ധ്യായത്തോളവും ചൊല്ലുവനിന്നുംകേട്ടുകൊള്ളുവിനെല്ലാവരും *

## പഞ്ചവിംശോദ്ധ്യായഃ—പ്രാരംഭഃ

മല്ലസായകന്മയക്കീടുംപുഞ്ചിരിയോടുമല്ലസദിന്ദീവരലോലനേത്രങ്ങളോടും * മുല്ലമൊട്ടഞ്ചുംദന്തശോഭയാവിളങ്ങീടുംനല്ലചെന്തൊണ്ടിപ്പഴന്തൊഴുന്നോരോഷ്ഠത്തോടും * വല്ലികാംശരവില്ലെവെല്ലുംചില്ലികളോടുമല്ലിന്നുമല്ലലേകുന്നീല പൂഞ്ചായലോടും * ഫുല്ലാരവിന്ദന്നാണുംകൈകളുംകൂപ്പിനില്ക്കും ചൊല്ലേറുംകാവേരിയെക്കണ്ടുകൌതുകംപൂണ്ടു * ചൊല്ലിനാൻമുനീശ്വരൻ പിന്നെയുംവിധാതാവിൻചൊല്ലിനാൽനിന്നന്തികേവന്നിതുഞാനിന്നെടോ * കല്യാണശീലേതവവാഞ്ഛിതംനൽകീടുവൻ കല്യേമന്മനോരഥംപൂരിപ്പിക്കേണംനിയ്യും * തുല്യമില്ലാതമുനിമൌലിമാണിക്കക്കല്ലിൻ സല്ലാപമേവംചെവികൊണ്ടുകാവേരി

താനും * മെല്ലെചൊല്ലിനാളരുൾചെയ്തുസത്യംതന്നെ കി
ല്പതിന്നിങ്ങുതെല്ലുമില്ലെല്ലോമഹാമുനേ * എന്നുടെവാഞ്ഛസാ
ധിപ്പിക്കിൽനിന്തിരുവടി തന്നുടെയിഷ്ടമനുസരിക്കുന്നുണ്ടുഞാ
നാ * എന്നരുൾചെയ്തുവരംവരിച്ചകാവേരിയുമുന്നതപ്രഭാവനാമ
ഗസ്ത്യന്തന്നോടപ്പോൾ * ശ്രീമഹാവിഷ്ണുമായാലോകൈകവിമോ
ഹിനീതാമരസോത്ഭവന്റെപുത്രിയായുള്ളോരുഞാൻ. ഏകാംശം
കൊണ്ടുലോപാമുദ്രാഖ്യനാരിയായു മേകാംശംകൊണ്ടുപിന്നെ
ലോകാനുഗ്രഹത്തിനായ് * ചൊല്ലേറുണ്ടമഹാനദികാവേരി
യെന്നുപേരായ് തെക്കേദിക്കിലുംഭവിക്കേണമത്രയുമല്ല * ലോ
കങ്ങളിരേഴിലുമുള്ളോരുതീർത്ഥങ്ങളു മാകവെയെന്നോടൊന്നിച്ചുഗമി
ച്ചീടേണംസദാ * സർവ്വതീർത്ഥസ്നാനത്താലുണ്ടാകുംപുണ്യങ്ങളും
സർവ്വതീർത്ഥസ്നാനത്താൽവരുന്നഫലങ്ങളും * സർവ്വതീർത്ഥസ്നാന
ത്താൽസിദ്ധിക്കുംകാമങ്ങളും സർവ്വദാലഭിക്കേണംമജ്ജലസ്നാന
ത്തിനാൽ * എങ്കലേതീർത്ഥസ്നാനമാത്രത്താലെല്ലാവരും പങ്ക
ങ്ങളകന്നുസൽഗതിയെപ്രാപിക്കേണം * ദാക്ഷിണ്യാത്യന്മാ
ർക്കെല്ലാംയത്നമെന്നിയേതന്നെ സാക്ഷാലന്തികസ്ഥയാംമജ്ജല
സ്നാനത്തിനാൽ * ഭുക്തിമുക്തികളെളുപ്പത്തിലേസാധിക്കേണം
മത്തീരദേശത്തിങ്കലെങ്ങുമേവിശേഷിച്ചും * ഏത്രയുംഫലിക്കേ
ണംസമസ്തസസ്യങ്ങളുമുത്തമന്മാരാം ദ്വിജസത്തമന്മാരുംമുദാ *
വിത്തധാന്യാദിസമ്പത്സമൃദ്ധന്മാരായനഘമുത്തരോത്തരസുഖം
കലർന്നുവസിക്കേണം * ഏകദാമത്സന്നിധൌശ്രാദ്ധദാനേന
വിഷ്ണുലോകത്തെപ്രാപിക്കേണംതൃപ്തരായ്പിതൃക്കളും * ഒരി
ക്കൽമമധ്യാനംകൊണ്ടും കീർത്തനംകൊണ്ടുമൊരിക്കലംബുപാ
നംകൊണ്ടുംദർശനംകൊണ്ടും * സ്വർഗ്ഗത്തെപ്രാപിച്ചുവാണീടേ
ണംയഥാസുഖം സ്വർഗ്ഗേണപാപിഷ്ഠന്മാരാകിലുംയത്നംവിനാ *
ഈവണ്ണംമമാഭീഷ്ടം നൽകീടുന്നാകിൽഞാനുമാവിർമ്മോദാതി
രേകംലോപാമുദ്രാഖ്യയായെ * നിർണ്ണയംഭവദ്ധർമ്മപത്നിയായ്
ഭവിച്ചീടാം പിന്നെയൊരംശംകൊണ്ടുകാവേരീനദിയായും *
ഇത്തരംകേട്ടതെളിഞ്ഞഗസ്ത്യനരുൾചെയ്താനസ്തു നിന്നഭീപ്സിതം

സഫലംഭദ്രേസദാ * ബ്രഹ്മാവുമീവണ്ണമേയങ്ങളിച്ചെയ്തുമന്നം
നിമ്മലേമഹേശ്വരിനിന്നോടുനിസ്സംശയം * ഗംഗാദിനദികളും
സകലതീത്ഥങ്ങളുമംഗോപാംഗങ്ങളോടുചേൎന്നോരാഗമങ്ങളും *
ഇങ്ങെന്റെകമണ്ഡലുവിങ്കലുണ്ടെല്ലാമെന്നാൽ മംഗലശീലേനീ
യുമിതിങ്കൽവാണിടെടോ * ബ്രഹ്മപൎവ്വതേചന്നുകാവേരീന
ദിയായി കന്മഷഹീനംപുറപ്പെട്ടവോളവുംകാലം * മല്ക്കമണ്ഡ
ലുവിങ്കൽസരസംവസിച്ചാലും പൊല്ക്കൊള്ളുംബ്രഹ്മമയമായുള്ള
സഹ്യാദ്രിയും * പുണ്യാത്മാനിനക്കനുരൂപമെന്നതുനൂനം പു
ണ്ഡരീകജയവിട്ടുനീനദിയായേ * ദത്താത്രേയാവതാരംചെ
യ്തോരുനാരായണൻ തത്രൈവതപസ്സുചെയ്തിരിക്കുംയോഗീന്ദ്ര
ന്റെ * പാദപാംസുക്കൾകൊണ്ടുപൂതയായ്പ്രവാഹിച്ചു മേദി
നിതന്നിൽസരിദ്വരയായ്ഭവിച്ചാലും * അതിപാപിഷ്ഠന്മാരെ
ശുദ്ധന്മാരാക്കിടെടോ സദയംസമസ്തലോകൈകപാവനിഭദ്രേ *
ശ്രീവാസുദേവൻതന്നേ തന്നിളുനിനക്കുപണ്ടിവരംപുനരുക്തമി
നുചൊല്ലിയതെല്ലാം * നിന്മഹാവ്രതങ്ങളാൽസന്തുഷ്ടനായി
ഞാനും നിമ്മലംവരമതിൽപരമായ്നല്കീടുവൻ * അല്പാ
യ്ക്കിൽമത്സംബന്ധംകൊണ്ടെന്തുനിനക്കിന്നു ചൊല്ലേറുംപ്രഭാവാ
തിശയമൊന്നുണ്ടായതും * ആഴിയേഴിലുംനിത്യംപന്ത്രണ്ടുസം
വത്സരമാഴവേമുഴകുകിലുളവായെഴുംഫലം * നിന്നുടെതീത്ഥ
ത്തിലേകാദശീദിനത്തിങ്കലൊന്നുമജ്ജനം ചെയ്താലുണ്ടായ്വന്നീ
ടുംദ്ധ്രുവം * സാക്ഷാൽശ്രീനാരായണാംശജനാംമുനീശ്വരൻ
ത്രീക്ഷ്ണപ്രിയൻതപസ്സിദ്ധനായകനേവം * തുഷ്ടനായരുൾ
ചെയ്തോ രിഷ്ടവാക്യത്തെക്കേട്ടു മട്ടോലുംമൊഴിമഹാവിഷ്ണുമായ
യാംദേവി * ഏഷ്ടപുഷ്ടാംഗത്തോടുംവിഷ്ടപംരക്ഷിപ്പാനായ് പെ
ട്ടെന്നുരണ്ടുരൂപംദ്രുഷ്ടിമോഹനംപൂണ്ടാൾ * കുടിലനീലംതല
മുടിയുംബാലചന്ദ്രനിടിലത്തടഞ്ചില്ലിക്കൊടിതൻവിലാസവും *
ചടുലമിഴിതുടുതുടവേയെഴമോഷ്ഠപുടവുംമിന്നുംകവിൾത്തടവുംദ
ന്തങ്ങളും * വടിവേറുന്നകുന്ദമന്ദഹാസവുംശംഖിന്നിടരേകുന്ന
കണ്ഠംമുലബാഹുക്കളും * കുടവുമടിമപ്പെട്ടിടുന്നോരിളംമുലത്ത

ടവുംകൃഷ്ണസൎപ്പംനടുങ്ങുംരോമാളിയും * തുടിയുമടുത്തുപോല്ലൊ
ടിയുമടിക്കുല്പമിടയുംപൊൽത്തൂണിനോടിടയുംതുടകളും * ഇട
വുംതടിയുമേറീടുന്നമന്നൽത്തിടരുടനേകനംകെട്ടും സ്ഥൂലജഘ
നവും * മടങ്ങിമണിച്ചെപ്പുംനടുങ്ങുംമുഴങ്ങുഴലിടത്തുകൈത
മൊട്ടുംനടുങ്ങുംകണങ്കാലും * ഇടമതേടുന്നോരുകമഠന്തൊഴുംപു
റവടിയുമുഡുപതിശകലനഖങ്ങളും * മടവാരുടെമണി
മുടിമാണിക്കമായ മട്ടുനേർമൊഴിലോപാമുദ്രയുംകാവേരിയും *
ഹാരതാടങ്കാംഗദകടകമണികാഞ്ചി ചാരുനൂപുരമഞ്ജീരാം
ഗുലീയാദ്യങ്ങളാം * അലങ്കാരങ്ങളോടുംവിളങ്ങിക്കാണായ്വ
ന്നതലംഹൃമഹിമാവാമ്മാമുനീന്ദ്രനുമപ്പോൾ * പുണ്യരൂ
പിണീദേവികാവേരിതാനുമ്മഹാപുണ്യമാം കമണ്ഡലുജല
ത്തിൽപ്രവേശിച്ചാൾ * കണ്ടോളംകണ്ണിനാസേചനകംവേ
ഷംപൂണ്ടും കണ്ടിവാർകുഴലാളാംലോപാമുദ്രയുംപിന്നെ * മണ്ടും
മാന്മിഴിക്കോണംകൊണ്ടൊന്നുകടാക്ഷിച്ചുകൊണ്ടാടിമന്ദസ്മിതം
പൂണ്ടുമെല്ലവേമുദാ * കൊണ്ടൽവൎണ്ണനുനേരാംമാമുനീശ്വ
രനുടെ തണ്ടലർപാദംകുപ്പിവണങ്ങിനിന്നീടിനാൾ * ക
ണ്ടുസന്തോഷംപൂണ്ടുമുനിയുംപാണിഗ്രഹം കുണ്ഠതാഹീനം
ചെയ്യാനുത്സുകമനസ്സോടും * ഉല്പലോത്ഭവന്തന്നെദ്ധ്യാനി
ച്ചാൻകുംഭഭൂവിനുൾപ്പൂവിലഭീഷ്ടത്തെഗ്രഹിച്ചു വിരിഞ്ചനും *
അല്പംതാമസിയാതെദേവർഷിസംഘത്തോടു മപ്പോഴെപത്ന്യാ
ഹംസാരൂഢനായെഴുന്നെള്ളി * സർപേന്ദ്രശായീമഹാവി
ഷ്ണുവിന്ദിരയോടുംസൎപ്പാരിഗളമേറിയെഴുന്നെള്ളിനാൻദ്രുതം * സ
ൎപ്പഭൂഷണന്മഹാദേവൻപാൎവ്വതിയോടു മപ്പോളെവൃഷോപരി
ചേന്നെഴുന്നെള്ളീടിനാൻ * തൽപ്രദേശവുംജഗദീശ്വരവൃന്ദങ്ങ
ളാലുല്പന്നോത്സവമെങ്ങുന്നിറഞ്ഞുചമിഞ്ഞിതു * അങ്ങിനെലോ
പാമുദ്രാഗസ്ത്യന്മാരുടെ ജഗന്മംഗലകരമായകല്യാണോത്സവ
ത്തിങ്കൽ * പങ്കജാസനവിഷ്ണുശങ്കരന്മാരെപ്പദപങ്കജത്തിങ്കൽവീ
ണവണങ്ങിമുനീന്ദ്രനും * അവരുംപ്രസാദിച്ചുശിരസിമുകന്നൃഷി
പ്രവരന്നാശിസ്സാദമരുളിയഥായോഗ്യം * ഭുവനവിമോഹിനിത

രണ്ടിലോപാമുദ്രാ ഭുവനേശ്വരീവാണീലക്ഷ്മീഗൌരികളേയും * സവിധേ ചെന്നുവണങ്ങീടിനാരവർകളു മവളെപ്പുണൎന്നുമൂൎദ്ധാവിങ്കൽമുകൎന്നുടൻ * അവധികൂടാതെസന്തോഷേണപതിമതീഭവനീയെന്നുമംഗലാശിസ്സുമതുലംചെയ്താർ * ലോകേശപത്നീ സരസ്വതിയാമ്മാതാ പിന്നെലോകമാതാവാംബ്രഹ്മപുത്രിലോപാമുദ്രയെ * ലോകമോഹനതരദിവ്യരത്നാലങ്കാരാംബരസ്രക്ചന്ദനാദ്യങ്ങളാലെ * ആശ്ചൎയ്യമായിച്ചമയിച്ചുമാമുനിയുടെ പാൎശ്വഭാഗത്തുമെല്ലെ കൊണ്ടുചെന്നിരുത്തിനാൾ * ഈശ്വരശ്രീശബ്രഹ്മസന്നിധിയിങ്കലമരേശ്വരാചാൎയ്യൻ ജീവൻസപ്തൎഷിമദ്ധ്യത്തിങ്കൽ * നിൎമ്മലവിബുധൎഷിസമക്ഷംവൈവാഹികകൎമ്മങ്ങളംചെയ്യിച്ചിതു വിധിക്കുതക്കവണ്ണം * അംബുജഭവനനംബുജവിലോചനൻസമ്മതമറിഞ്ഞുടൻ തന്മകൾതന്നെത്തദാ * മാമുനീശ്വരനാംകലശോത്ഭവനായ്ക്കൊണ്ടാമോദപൂൎവ്വംദാനംചെയ്തിതുവിധിയാലെ * ഭൂമിദേവന്മാൎക്കെല്ലാംവേണ്ടുവോളവുംധനംസീമകൂടാതവണ്ണംകൊടുത്തു ചതുൎമ്മുഖൻ * ധൎമ്മദാരങ്ങളോടുമമ്മുനികുംഭോത്ഭവൻ ധൎമ്മേണമഹാമുനിസഭയെപ്രവേശിച്ചാൻ * ധൎമ്മജ്ഞന്മാരാംഭൂസുരമുഖ്യതാപസന്മാരും സമ്മദംകലൎന്നുനാരായണൻതിരുമുമ്പിൽ * സന്മംഗളാശിസ്സുകളംകൊണ്ടലങ്കരിപ്പിച്ചു സമ്മിളിതന്മാരായദമ്പതിമാരെത്തദാ * കല്യാണംചമഞ്ഞിടുംവണ്ണമേ ഘോഷിച്ചിതുകല്യാണോത്സവത്തിങ്കൽ ദേവദുന്ദുഭികളും * കല്യനാദേനപാടിത്തുടങ്ങിഗന്ധൎവ്വന്മാരുല്ലാസംപൂണ്ടാടിനാരപ്സരസ്ത്രീകളെല്ലാം * ചൊല്ലെഴുംദേവന്മാരുംമന്ദാരപുഷ്പങ്ങളെ സ്വൎല്ലോകത്തിങ്കൽ നിന്നുവൎഷിച്ചുമേൽക്കുമേലെ * കല്യാണഭൂഷോജ്വലയായജായയാ സാകം കല്യാണാലയൻകലശോത്ഭവമുനീശ്വരൻ * സത്സഭാവന്ദനംചെയ്തുവരാലത്യാദരമുൾ സുഖമനസ്സോടുനന്ദിതനായേറവും * ചിത്സ്വരൂപിണിയായപാൎവ്വതിയുടെകല്യാണോത്സവേഹിമാചലേശങ്കരനെന്നപോലെ * പുഷ്കരാസനനുടെ പുത്രിയാംഭാൎയ്യയോടും പുഷ്കലാസനത്തിന്മേലിരുന്നുവിളങ്ങിനാ

ൻ * പുഷ്കരശരവൈരിശ്രീപാദാംബുജങ്ങളെ യുഗ്മക്കരന്നിങ്ക
ൽഭക്ത്യാവന്ദിച്ചാനനന്തരം * തൃക്കൈകൾകൊണ്ടുതിരുമാറി
ലാമ്മാറുചേൎത്തു വിക്കന്നുപുണൎന്നുമൂൎദ്ധാവിങ്കലാഘ്രാണിച്ചു *ചി
ല്പൂതയായദേവൻബ്രാഹ്മണസഭാമദ്ധ്യേ ചൊല്ലേറുള്ളമാശീ
ൎവ്വാദമരുളിമഹൎഷിക്കും * ഇന്ദിരാദേവ്യാമേവുംഗോവിന്ദശ്രീപാ
ദാരവിന്ദങ്ങൾ കഴകിച്ചുതൽപുണ്യതീൎത്ഥത്തെയും * വിശ്വതീ
ൎത്ഥങ്ങളെക്കാൾപാവനമെന്നോൎത്തുള്ളിൽ വിശ്വാസപൂൎവ്വംസേ
വിച്ചുസ്സദസ്സിങ്കൽമേവും * വിശ്വസജ്ജനത്തെയുംസേവിപ്പി
ച്ചോരുശേഷം നിശ്ശേഷന്തന്റെകമണ്ഡലുവിലാക്കീടിനാൻ *
താപസന്മാൎക്കുംമനോമോഹത്തെവളൎക്കുന്ന ശോഭനാകാരംപൂണ്ട
മഗസ്ത്യകുഡുംബിനി * ലോപാമുദ്രയുംഗൌരീലക്ഷ്മീവാണിമാരു
ടെ ശ്രീപാദങ്ങളെവിനയാന്വിതംവണങ്ങിനാൾ * നല്ലവ
ൎണ്ണമേയനുഗ്രഹിച്ചുദേവിമാരും മല്ലലോചനയായവാണിമാതാ
വുംപിന്നെ * എല്ലാംവിഷ്ടപങ്ങൾക്കുംമാതാവാംമകളോടുചൊ
ല്ലേറുംപതിവ്രതാധൎമ്മങ്ങളറിയിപ്പാൻ * മടിയിലിരുത്തിയാലിം
ഗനംചെയ്തുചൊന്നാൾ മടവാൎക്കെല്ലാംഗ്രാഹ്യംവചനാമൃതംത
ദാ * കല്യാണിലോകമാതാവായനീസതിമാരാം നല്ലാരെല്ലാരി
ലുംവെച്ചാദ്യയായ്ഭവിക്കേണം * ചൊല്ലൊല്ലാഭൎത്താവിനോട
പ്രിയമൊരുനാളും വല്ലഭൻകോപിക്കിലുംവല്ലതുംചൊല്ലീടിലും *
അത്യന്തംമൃദുവായേചൊല്ലാവുവചനവും സത്യമേചൊല്ലീടാവൂ
നിൎണ്ണയമാപത്തിലും * ദുഷ്ടതചേരുന്നോരുനാരിമാരുടെ ചാര
ത്തൊട്ടുമേയണയൊല്ലാമട്ടോലുംമൊഴിയാളെ * ഗോവിന്ദകഥാ
മൃതംനിത്യവുംകേട്ടീടേണം ഗോവിന്ദപ്രിയംവ്രതമനുഷ്ഠിക്കേണം
സദാ * ഗോവിന്ദപാദാംബുജംസേവിച്ചീടേണംസാക്ഷാൽഗോ
വിന്ദനായപതിപാദാംബുജംധ്യാനിക്കേണം * ഭൎത്തൃദൂഷണവാ
ക്യംദൂരനീക്കേണംഗൃഹവസ്തുസംഗ്രഹത്തിങ്കൽദാക്ഷ്യവുംഭജിക്കേ
ണം * ഭക്തവത്സലനായഗോവിന്ദനാമത്രയം ഭുക്തിമുക്തിദം
ജപിച്ചീടേണംസദാകാലം * ഭൎത്താവിനോടുചോദിച്ചീടെ
ടോധൎമ്മങ്ങളെ ഭൎത്താവുകാൎയ്യാൎത്ഥമായ്നിൎഗ്ഗമിക്കിലോപിന്നേ *

വഹ്നിരക്ഷണേ ജാഗരൂകയായിടേണംനിയനപഥമതിഥിപൂജ
നത്തിങ്കലുംതഥാ * ധന്യമാംവിഷ്ണുകമ്മത്തിങ്കലുംസാവധാനം
തന്നെവത്തിക്കബഹുജനത്തിൽഭയത്തോടും * ഭത്താവുനിദ്രാ
ണനായിടിനോരനന്തരമുത്തമേയുറങ്ങീടുകരികേകിടന്നുനീ *
നിദ്രവേറിട്ടുഭത്താവുണരുന്നതിൻമുമ്പെ യുൾത്താരിൽഭീതിയോ
ടുമുണന്നിടേണമെന്നും * ഉററുരക്ഷിച്ചീടേണംഭത്താവിൻബ
ന്ധുക്കളെ മാറവുള്ളോരെയുംപിതൃമാതൃബന്ധുക്കളേയും * ചെററു
മേനോക്കീടേണ്ടാഭത്താവിൻപ്രിയംതന്നെ മററും ചിന്തിച്ചുപാ
തിവ്രത്യനിഷ്ഠയാസാകം * തെററാതെസാധുപ്രവൃത്തഗൃഹകൃത്യ
ത്തിലെങ്ങും പററാതെ ചിത്തഭ്രമംശുചിയായ്സ്മിതത്തോടും *
സസുഖംപ്രസന്നനാമസ്സുനായകനോടും കുസുമശരോത്സവരസം
പൂണ്ടനുവേലം * വസിച്ചൈഹികഭോഗംഭുജിച്ചുജഗത്രയപ്ര
സിദ്ധിപൂണ്ടുനാകംപ്രാപിച്ചുവസിച്ചാലും * കുത്സിതസംഗശീ
ലമാരായകുസ്ത്രീജനം കുത്സിതധമ്മങ്ങളിലിണങ്ങുംമനസ്സോടും *
കുത്സിതദൃഷ്ടിയോടുമല്പമാമൊച്ചയോടും ഭത്സിച്ചുഭത്താവിനെ
സോദരംഭരിമാരായ് * ദുസ്സഹമ്മഹാനരകാലയംപ്രാപിച്ചീ
ടും വത്സേകേളെന്നിങ്ങിനെവാണിമാതാവാംമാതാ * വാത്സ
ല്യമിയന്നരുൾചെയ്തധമ്മങ്ങളെക്കേട്ടൌൽസുക്യം പൂണ്ടുലോപാ
മുദ്രയാംലോകമാതാ * മന്ദഹാസവുംപൂണ്ടുചൊല്ലിനാളമ്മേഞാ
നമിന്നുനിന്തിരുവടിയരുളിച്ചെയ്തധമ്മം * ഒന്നൊഴിയാതെയ
നുഷ്ഠിക്കുന്നുണ്ടിവയെല്ലാം മുന്നമേയറിഞ്ഞിരിക്കുന്നുഞാനെന്നാ
കിലും * പിന്നെയുമെന്നെശ്ശിക്ഷിച്ചിന്നരുൾചെയ്തവാക്യമെന്നു
മേമറക്കയില്ലെന്നമ്മേവേദാത്മികേ * എത്രയുമേറുംപൂവ്വപുണ്യ
ങ്ങൾകൊണ്ടുതന്നേ ഭത്താവായ്വന്നിതിനിക്കിമ്മഹാമുനീശ്വരൻ *
ഇത്രിലോകത്തിലുള്ള സാദ്ധ്വികളാരിന്നിനിക്കൊത്തവരത്തുകൊ
ണ്ടുസവ്വജ്ഞേ സവ്വാത്മികേ * ഇത്തരംലോപാമുദ്രാസതീപരം
ചൊല്ലീടിനോരുത്തരംകേട്ടുമുനിസത്തമാദികളായ * സത്തുക്ക
ളെല്ലാവരും ചിത്തസമ്മദംപൂണ്ടു ചിത്രമെത്രയും ചിത്രമെന്നുകൊ
ണ്ടാടീടിനാർ * കുംഭജന്മാവുംതദാവിഷണ്ണഹൃദയനായംഭോജാ

സനന്ദനന്മാരോടീവണ്ണമുണൎത്തിപ്പാൻ * എന്നപ്പോഴറിഞ്ഞാൻനി
ന്തിരുവടിയാജ്ഞാപിച്ചതുസംഭാവ്യ തന്നേഗൃഹസ്ഥാശ്രമമാലം
ബിച്ചേൻ * സംപ്രതിചഞ്ചലം കടക്കരുതാതോരുസംസാരാംഭോ
ധികടക്കേണ്ടുകരുണാനിധേവിഭോ * കുംഭഭ്രൂവാക്യംകേട്ടുവിസ്മ
യപ്പെട്ടുപത്മസംഭവൻചിരിച്ചുവിശ്വംഭരന്മുഖംനോക്കി * ലം
ഭിതനയനാന്തസംജ്ഞനായ്മുനിയോടു സംഭൃതാദരംപ്രശംസി
ച്ചരുൾചെയ്തീടിനാൻ * ശൈശവത്തിങ്കൽതന്നെവിരക്തന
ല്ലോഭവാൻ വൈശിഷ്ട്യമേറുമഭിജ്ഞന്മാരിലഗ്രഗണ്യൻ * നി
ശ്ശേഷധൎമ്മങ്ങളുംനിനക്കുകരസ്ഥങ്ങൾ നിശ്ചയമെന്നുചൊല്ലി
ശ്രീരാമമഹാമന്ത്രം *ഉപദേശിച്ചീടിനാൻമുനിക്കുമേകൃതാൎത്ഥമായ്
കൃപയാസാകംസൎവ്വോത്തമമാംഷഡക്ഷരം * സപദിബലയതി
ബലയുംഗ്രഹിപ്പിച്ചിട്ടുപമാഹീനനായരാഘവനെന്നപോലേ *
സഭയിൽശോഭിച്ചീടുമഗസ്ത്യമുനീശ്വര ന്നഭയങ്കരയന്ത്രംമന്ത്രത്തി
ൻസ്വരൂപവും * ലഭിയാഷഡക്ഷരവിധത്തിൻവിധാനവും ശു
ഭമാംവണ്ണമരുളീടിനാൻവിരിഞ്ചനും *ശ്രീരാമഭക്തൻമഹായോ
ഗിയാമഗസ്ത്യൻറെ ദാരങ്ങളിന്ദ്രാനുജപ്രിയയാംലോപാമുദ്രാ *
സ്മേരസുന്ദരമുഖിവന്ദിച്ചോരനന്തരം സാരസാസനൻതാനുമരുളി
ച്ചെയ്തീടിനാൻ * ദുഷ്കൃതങ്ങളെയൊക്കച്ഛേദിക്കുന്നപോക്കീടുന്ന
മുഖ്യവാഹിനിയായനിന്നുടെജലത്തിങ്കൽ * ഉൾക്കുരുന്നിങ്കൽ
വിശ്വാസാന്വിതംസ്നാനംചെയ്യും നൃക്കൾക്കുംതീരത്തിങ്കലിരി
ക്കുംജനങ്ങൾക്കും * മൽക്കടാക്ഷേണലക്ഷ്മിവൎദ്ധിക്കമാത്രയല്ലാസ
ൽകൃതന്മാരാമിഹപരലോകങ്ങളെങ്ങും * പുഷ്കരേക്ഷണൻതൻ
റെമായാംശസംഭൂതയാം പുഷ്കരാനനാലോപാമുദ്രയോടരുൾ
ചെയ്താൾ * അൎക്കനന്ദിനിയായകാളിന്ദിതീരത്തിലഞ്ചുൽക്കൃഷ്
മേറുംഗംഗാതീരത്തിൽമൂന്നുനാളും * പുഷ്കലാചാരന്മാരായ്വസി
ക്കുന്നോൎക്കുപാപമൊക്കവേററിട്ടുപരിശുദ്ധന്മാരായ്വന്നീടും * തെ
ക്കേദിക്കിങ്കലെങ്ങുംലോകാനുഗ്രഹംചെയ്വാൻതക്കവണ്ണമേമഹാ
നദിയായൊഴുകീടും * വിഖ്യാതയായനീയോമജ്ജനമാത്രത്തി
നാൽ ചിക്കെന്നുമരിച്ചപ്പോളുംചെയ്യുംദുഷ്കൃതങ്ങളേ * ഒക്കവേപ്പൊ

ജന്മസഞ്ചിതത്തേയുംനീക്കിസൽഗതിക്കുചിതമാംപാത്രമെന്നാ
ക്കീടെടോ * തൃക്കഴൽവണങ്ങീടുംലോപാമുദ്രയെക്കണ്ടു തൃക്കൈ
കൾകൊണ്ടുപിടിച്ചെഴുനീല്പിച്ചുദേവൻ * ഉൾക്കനിവോടുമരു
ളിച്ചെയ്തുമഹാദേവൻ ചില്ലൂതലായപരമേശ്വരൻമഹേശ്വര
ൻ * പുഷ്ക്കരവിലോചനേകാവേരിശുഭാത്മികേ ത്വൽക്കുലദേശ
ത്തിങ്കലാദിതൊട്ടന്തത്തോളം * ചൊല്ക്കൊള്ളുംമുനീന്ദ്രന്മാരോ
ടുംവാഴുവനെന്നു മുല്ക്കൂടപുണ്യംകോലുംതത്രവാഴുന്നവർക്കും * ഉൾ
ക്കാമ്പിലഭിപ്സിതവസ്തുദാനവുംചെയ്തു ദുഃഖമെന്നിയേപരിപാലി
ച്ചീടുവനെടോ * ബ്രഹ്മാവുംമുകുന്ദനുംശിവനുംജഗത്തിന്നു നന്മ
വന്നീടുവാനായ്ദേവിക്കുവരമേവം * സമ്മദംപൂണ്ടുനല്കിയാത്ര
യുംചൊല്ലിദ്രുതം ചെമ്മേപോയ്തങ്ങൾതങ്ങൾക്കുള്ളലോകവും
പുക്കാർ * കല്യാണപ്രദംകേൾക്കുന്നവർക്കുംലോപാമുദ്രാകല്യാ
ണംസർവ്വസിദ്ധിപ്രദമെന്നറിഞ്ഞാലും * ഇങ്ങിനെചൊല്ലീടിനാ
നദ്ധ്യായമിരുപത്തഞ്ചിങ്ങിന്നുമാകുംവണ്ണംചൊല്ലുവൻകേട്ടുകൊ
ൾവിൻ *

---

## ഷഡ്വിംശോദ്ധ്യായഃ—പ്രാരംഭഃ

---

ദേവകളോടുംവാസുദേവനുംധാതാമഹാദേവനുമവിടെനി
ന്നെഴുന്നെള്ളിയശേഷം * ദേവാംഭോനിധികുംഭസംഭവൻലോ
പാമുദ്രാദേവിയാംപത്നിയോടുംപുറപ്പെട്ടോരുനേരം * കേവലം
മുമുക്ഷുക്കളായത്രഹിമാചലേ മേവുന്നമഹാമുനിശ്രേഷ്ഠന്മാർ
മഹാത്മാക്കൾ * കാവേരിതന്നെസ്നേഹപാരവശ്യേനപുണർന്നീ
വണ്ണംചൊല്ലീടിനാരന്തരാദുഃഖത്തോടും * കല്യാണി!ദേവിലോ
കമാതാവേകാവേരി നിൻ കല്യാണകാലേഭവ ഭൃത്യന്മാരായങ്ങ
ങ്ങൾ * ചൊല്ലെഴുംമോക്ഷംതന്നെയർത്ഥിച്ചനേരംരമാവല്ലഭന
രുളിച്ചെയ്തീടിനാൻകൃപയാലേ * യാതൊരേടത്തുനിന്നുണ്ടാകു
ന്നുകാവേരിതൻ പൂതമാംപ്രവാഹമെന്നാകിലപ്പുണ്യസ്ഥലം *

മേദിനിയിങ്കൽമോക്ഷപ്രാപ്തിസ്ഥാനമാംതത്ര മോദേനവാഴ്ക
സ്വല്പദവുംപ്രാപിച്ചേൻ * പന്നഗശായിയനുശാസനംചെയ്ക
യാലെ നിന്നോടെങ്ങിനെപിരിഞ്ഞിരുന്നീടേണ്ടുഞങ്ങൾ * വി
രക്തന്മാരാമെങ്ങൾക്കെന്തൊരുഫലമിനി യുരത്തതപസ്സുകൊ
ണ്ടെന്നുനീ ചിന്തിച്ചാലും * അശ്രുക്കൾപൊഴിഞ്ഞേവമരുളുന്ന
വരോടു വിശ്രുതയായലോപാമുദ്രാദേവിയുംതദാ * വിശേഷക്
തപോധനനായതമ്പതിമുമ്പിൽ വിശ്വാസംവരുമാറുകനിഞ്ഞു
ചൊല്ലീടിനാൾ * പ്രാർത്ഥിച്ചവണ്ണംതന്നെവന്നീടുംനിങ്ങൾക്കെ
ല്ലാം പാർത്തലത്തിങ്കൽതെക്കേദിക്കിലെൻപ്രവാഹത്തെ * പാ
ർത്തിരുന്നൊന്നിൽസ്നേഹംനേർത്തുപോകാതെനിത്യമോർത്തുവന്നവി
ടെമത്തീർത്ഥസ്നാനവുംചെയ്കിൽ * തീർത്തു സംസാരമഹാവാർദ്ധി
പാതവുംവിഗതാർത്തിയാംവൈകുണ്ഠത്തിൽ ചേർത്തീടുന്നുണ്ടുനൂ
നം * മുഗ്ദ്ധന്മാരെന്നാകിലുംമത്തീരേവാഴുംജനം മുക്തന്മാരായ്വ
ന്നീടുംസിദ്ധമെന്നറിഞ്ഞാലും * കീർത്തിയേറീടുംമഹാശ്രോത്രി
യന്മാരോപിന്നെ പേർത്തുഞാൻചൊല്ലേണമോശാസ്ത്രജ്ഞോത്ത
മന്മാരേ * വിശ്വാത്മാവായമഹാവിഷ്ണുവിന്മായഞാനോ വി
ശ്വസൃക്കന്യാകവേരായദാപിതാസുതാ * വിശ്വരക്ഷണംചെ
യ്വാനുദ്യുക്തയായോരെന്നിൽ വിശ്വാസപൂർവ്വമരുൾചെയ്തിതുപി
താമഹൻ * ദക്ഷിണദിക്കിൽഭുവികാവേരിയെന്നിങ്ങിനെയ
ക്ഷീണപ്രവാഹയാംനദിയായ്ഭവിക്കനീ * ലക്ഷണസമ്പൂർണ്ണ
യായ്ലോപാമുദ്രാഖ്യയോടും ദക്ഷനാമഗസ്ത്യന്നുഭാര്യയായ്ഭവി
ച്ചാലും * അതിന്നെതന്നെമഹാമുനിക്കുഭാര്യയായേനങ്ങിനി
ശ്ശൈലകോടികടന്നുചെന്നീടുന്ന * തേതിന്നെനദീരൂപംപൂണ്ട
തുശക്യമല്ലെന്നിങ്ങിനെനിരൂപിച്ചി ബ്ഭർത്താവിന്നാലംബത്താ
ൽ * ബ്രഹ്മശൈലത്തിൽചെന്നുതാഴ്വരയിങ്കൽനിന്നു നിമ്ന
ഗാരൂപംപൂണ്ടുവേഗത്തിലൊഴുകിപ്പോയ് * ദക്ഷിണദിക്കിന്നല
ങ്കാരമായ്ഭവിച്ചുഞാൻ തൽക്ഷണേസ്നാനപാനസന്ദർശനാദ്യങ്ങ
ളാൽ * പ്രക്ഷീണപാപന്മാരാംതത്രത്യന്മാരെയെല്ലാമക്ഷീ
ണമോദാന്വിതംപരിശുദ്ധന്മാരാക്കി * ശ്രീരംഗനാഥശ്രീപാ

ദാംബുജപചിത്രയായ് പാരാവാരത്തെപ്രാപിച്ചീടുവനെന്നാലെ
ൻെറ * തീരത്തെഗ്ഗമിച്ചുവാണീടുവിൻതദാഭവവാരിരാശിയെ
ക്കടത്തീടുന്നതുണ്ടുഞാനും * മജ്ജലത്തിങ്കലേകാദശ്യാഞ്ചെവ്യതീ
പാതേ മജ്ജനമാത്രംകൊണ്ടുമാനുഷന്മാരെയെല്ലാം * ദുജ്ജയ
മായകടംമ്മൂന്നോടുവേർപെടുത്തു നിജ്ജരലോകത്തെയുംപ്രാപി
പ്പിച്ചീടുവൻഞാൻ * വിപ്രസത്തമന്മാരേപേടിയാസ്സേതുംനിങ്ങ
ൾ മൽപ്രതീരത്തിൽവന്നുമല്ലയഃസ്നാനമാത്രാൽ * അഭ്രവാഹാ
ദ്ര്യന്മാരാമദിതിസുതന്മാൎക്കപ്രാപ്യമായവൈകുണ്ഠത്തെയും പ്രാ
പിപ്പിപ്പൻ * പാപിഷ്ഠനെന്നാലുംമല്ലയസിസ്നാനംകൊണ്ടേ
പാപങ്ങളറുനാകംപ്രാപിക്കുമസംശയം * ശ്രദ്ധയാസ്നാനം
ചെയ്തമാഹാത്മ്യംകേട്ടുപരിശുദ്ധന്മാരായുള്ളവൎക്കെന്തു ഞാൻ
ചൊല്ലേണമോ * മത്സലിലത്തിൽസ്നാനംചെയ്യുന്നജനങ്ങൾ
ക്കു മൽസുകന്മാരായെൻെറകീൎത്തിയെക്കേൾക്കുന്നോൎക്കും * തീ
ൎത്ഥങ്ങൾകൊണ്ടുമാമ്നായങ്ങളെക്കൊണ്ടുമെന്തൊന്നോൎത്തോളം ത
പസ്സുകൊണ്ടധ്വരങ്ങളെക്കൊണ്ടും * ഇത്തരംചൊല്ലിമുനീന്ദ്ര
ന്മാരെസ്സാന്ത്വനംചെയ്തുത്തമോത്തമാലോകമാതാവാംലോപാ
മുദ്രാ * ഭൎത്താവിന്നണയത്തുവന്നിതുശുശ്രൂഷാൎത്ഥമെത്രയുംമ
നോഹരമാംശുചിസ്മിതത്തോടും * വിധിയാംവണ്ണംമഹാതേ
ജസ്സാമഗസ്ത്യനും വിധികന്യയേവിവാഹംചെയ്തുസന്തുഷ്ടനായ് *
വിധുമണ്ഡലമുഖിയാമവളോടുംചേൎന്നു വിധിവാരിധിവിന്ധ്യഗ
ൎവ്വത്തെയടക്കുവാൻ * നടന്നുതെക്കേദിക്കുനോക്കിദേശങ്ങൾപ
ലകടന്നുവിന്ധ്യാദ്രിതന്നന്തികേചെന്നശേഷം * വെടിഞ്ഞുശ
ങ്കാലേശമുയൎന്നംബരത്തോളം തടഞ്ഞുസൂൎയ്യസഞ്ചാരത്തെയുംഗ
ൎവ്വാന്വിതം * ഇടഞ്ഞുനില്ക്കുന്നൊരുവിന്ധ്യാദ്രിപ്രവരനോടിട
ഞ്ഞീടാതവണ്ണംയാചിച്ചുസാന്ത്വപൂൎവ്വം * കടുക്കെന്നവനേയും
ഭൂമിക്കുസമമായി വടക്കോട്ടിനിപ്പോന്നുഞാനിങ്ങുവരുവോളം *
അടങ്ങിവാണീടുവിസത്യോല്ലംഘനംചെറുതും തുടങ്ങീടൊല്ലാംബ
ഹുശ്രേയസ്സേയിച്ചുകിലോ * ഇത്തരംചൊല്ലിശ്ശമിപ്പിച്ചുകല്യാ
ണംനിനക്കുസ്തുവെന്നവൻതന്നെക്കൈകൊണ്ടുതലോടിനാൻ *

ബ്രഹ്മാവിൻനിയോഗത്തെച്ചിന്തിച്ചുപിന്നെസ്സാക്ഷാൽ ബ്രഹ്മരൂ
പമാംസഹ്യപൎവ്വതംപ്രാപിച്ചുടൻ* ബ്രഹ്മസമ്മിതയായകുണ്ഡി
കതന്നെയത്ര ബ്രഹ്മപൎവ്വതത്തിങ്കൽസ്ഥാപിച്ചുകുംഭോത്ഭവ
ൻ * ധൎമ്മപത്നിയോടേവമരുളിച്ചെയ്തീടിനാൻ ബ്രഹ്മപൎവ്വതമി
തുശോഭനംശ്രീമത്തമം * നിൎമ്മലേകാവേരിനിന്നുത്ഭവത്തിനും
മേലിലിമ്മഹീധരംഹേതുഭൂതമാമറിഞ്ഞാലും * ബ്രഹ്മാവുമവ്വണ്ണ
മേയരുളിച്ചെയ്തുമുന്നം സമ്മതമായകാലമാഗമിച്ചീടുവോളം *
മന്മഥമനോഹരേമല്ക്കമണ്ഡലുജലേ സമ്മദംപൂണ്ടുമരുവീടേണം
മഹാഭാഗേ * നിമ്നഗയായനിൻറെനിൎഗ്ഗമംപാൎത്തുഞാനുമിമ്മ
ഹാമലതന്നിൽവാണീടുന്നുണ്ടുതാനും * ഉണ്മയായുള്ളവാക്യ
മീവണ്ണമരുൾചെയ്തു വെണ്മയേറീടുംനിജകുണ്ഡികാമയിയായി*
സമസ്തതീൎത്ഥസ്വരൂപിണിയാംകാവേരിയെസ്സമൎത്ഥൻ സഹ്യാച
ലപ്രസ്ഥത്തിൽസ്ഥാപിച്ചുടൻ * സമ്മുദിതഃപാദനന്മാരിൽ
വെച്ചഗ്രഗണ്യൻസമതാപംപൂണ്ടുദിവ്യജ്ഞാനിനാംമൌലിരത്നം*
കുംഭജൻശിഷ്യന്മാരോടരുളിച്ചെയ്താനിഹ കുംഭിനീധരപ്രസ്ഥമ
ൽക്കമണ്ഡലുവിങ്കൽ * സംപ്രതിവാഴുംസൎവ്വതീൎത്ഥരൂപിണീ
പുണ്യസമ്പന്നയായദേവികാവേരിതന്നേനിങ്ങൾ * രക്ഷിച്ചു
കൊൾവിൻസാവധാനംഞാൻകുളിച്ചുള്ള തൽക്ഷണേവന്നീടു
വനിവിടെക്കുവിളംബം * ശിക്ഷിച്ചീവണ്ണമുറപ്പിച്ചുശിഷ്യന്മാ
രെയും ദക്ഷാഗ്രേസരൻസ്വൎണ്ണമുഖിയിൽസ്നാനത്തിനായ് * എ
ഴുന്നെള്ളിയശേഷംകുണ്ഡികാജലത്തിങ്കലെഴുന്നകാവേരിയും ചി
ന്തിച്ചാളീവണ്ണമേ * എന്നുനിൎഗ്ഗമിക്കാവൂമുനിസമ്മതത്തോടു
മെന്നുപാൎത്തിരുന്നുഞാനേറത്താമസിക്കിലും * സമ്മതിക്കുന്ന
മാൎഗ്ഗംകണ്ടീലസഹ്യശൈലാൽ സമ്മദസമന്വിതംനിൎഗ്ഗമി
ക്കേണ്ടിങ്ങിനേ*മുന്നമെന്നോടുചൊന്നാനമ്മുനിയിപ്പോഴിഹ വ
ന്നിട്ടുനിൎഗ്ഗമത്തിന്നിന്നുമിച്ഛിച്ചീലേതും* പ്രതിജ്ഞാസമയവുംവ
ന്നിതുനിരൂപിക്കിൽ പ്രതിഷ്ഠാസ്വാമിനിക്കിപ്പൂല്ലോകമൊക്കെത്തും *
ഇങ്ങിനെമുഹൂൎത്തമാത്രംനിരൂപിക്കുന്നേരമിംഗിതാഭിജ്ഞത്രികാ
ലജ്ഞനാംവിധാതാവും* ലോകരക്ഷണമിന്നഹംസാതുധനാ

യ്ദിവ്യ ലോകസംസ്തുതനായിസ്സഞ്ചരിച്ചവിളംബം * ദക്ഷിണ ദിക്കിൽബ്രഹ്മപൂൎവ്വതപ്രസ്ഥത്തിങ്കൽ തൽക്ഷണന്തന്നെയെഴു ന്നെള്ളിനാൻദയാനപിതം * നാനാത്രൂപങ്ങളായതീൎത്ഥകോടി കൾകൊണ്ടു നാനാവൃക്ഷങ്ങൾകൊണ്ടുന്നാനാധാതുക്കൾകൊ ണ്ടും * നാനാരത്നങ്ങൾകൊണ്ടുന്നാനാനിജ്ഝരംകൊണ്ടു നാ നാസിദ്ധന്മാരാലുംശോഭിതംമഹാശൈലം * മാനസശുദ്ധിപ്ര ദംപാപംസ്സംദ്രഷ്ടമാത്രാലാനന്ദാമൃതദാനനിരതമത്യുത്തമം * കണ്ടാലെത്രയുമാസേചനകംപരിശുദ്ധം രണ്ടാംവൈകുണ്ഠമോ ഹോന്നെന്നുതോന്നിടുംവണ്ണം * കണ്ടുകൌതുകംപൂണ്ടുകനകപു ണ്യസ്രുതായെ കൊണ്ടാടിസ്നാനംചെയ്തഷ്ടാക്ഷരമഹാമന്ത്രം * വിധിയാംവണ്ണാംതന്നെജപിച്ചുഭക്തിപൂൎവ്വം വിധിയുന്ധ്യാനിച്ചി രുന്നരുളുംദശാന്തരേ * ഗന്ധവാഹനന്തത്രവീയിനാനത്യാശ്ചൎയ്യ ഗന്ധവാനതീവശീതളനായ്മന്ദംമന്ദം * ഗന്ധമത്യന്തഹൃദ്യമാ ഘ്രായചതുൎമ്മുഖനന്തൎമ്മോദേനനാലുപുറവുന്നോക്കുംവിധൌ * പെട്ടെന്നുമുമ്പിൽകാണായ്വന്നിതാമലകത്തെ പുഷ്ടശ്രീമയംദി വ്യപല്ലവഫലോജ്ജ്വലം * ദൃഷ്ടമാത്രേണ സൎവ്വപാപഷ്ണംശുഭ പ്രദം ദൃഷ്ടാവാവിസ്മയമുൾക്കൊണ്ടുത്ഥായസസംഭ്രമം * സ്ര ഷ്ടാവുംനാല്ക്കേരഫലസംയുതേതത്ര ഹൃഷ്ടനായ്ചെന്നുദിവ്യാമ ലകസന്നിധാനേ * വിഷ്ണുപോൽകൃഷ്ടമിതെന്നോൎത്തവിട്ടന്നുപുറ പ്പെട്ടീടവാനായ്ഭാവിച്ചീടിനദശാന്തരേ * ദൃഷ്ടിയിൽകണ്ടുക ണ്ടങ്ങിരിക്കന്നെല്ലികാണ പ്പെട്ടീടാവണ്ണമന്തൎദ്ധാനംചെയ്തിതുത ദാ * സൃഷ്ടികൎത്താവുമേററമാശ്ചൎയ്യപ്പെട്ടിതെന്തെന്നൊട്ടു നേ രംധ്യാനത്തിന്നിച്ഛയാനോക്കുംവിധൌ * ധൃഷ്ടനാംകുശേശയ വിഷ്ടരംതനിക്കുവിഷ്ടരശ്രവഃസച്ചരൂപേണകാണായിവന്നു * വിഷ്ടപത്രയത്തിങ്കൽപ്പെട്ടുള്ളജനത്തിൻെറ ദിഷ്ടംവിഗ്രഹംഗ്ര ഹിച്ചിട്ടെന്നകണക്കിനെ * ദൃഷ്ടിമോഹനനവകനകകിരീടമാമൃ ഷ്ടരത്നാനൎഘകുണ്ഡലവുന്ദാസന്മാരിൽ * പുഷ്ടകാരുണ്യാമൃത വൃഷ്ടിചെയ്യുന്നീണ്ടിടംപെട്ടമഞ്ജുളമിഴിയുഗളവിലാസവും * ദൃ ഷ്ടകാനനംചുട്ടുപൊടിക്കുംകാട്ടുതീയാംനിഷ്ഠുരസുദൎശനംശംഖവും

ഗദാപത്മം * ഇഷ്ടയാംലക്ഷ്മിയാലാശ്ലിഷ്ടമാംവക്ഷസ്സിങ്കലെട്ടു
ദിക്കുകൾവിളങ്ങീടുംകൌസ്തുഭരത്നം * കട്ടേരഭംഗ്യാവനമാല
യുംശ്രീവത്സവും പട്ടുടയാടകൊണ്ടുവിളങ്ങുംകടിദേശം * ഇ
ഷ്ടദം ചക്രശംഖപങ്കജഗദാങ്കിതം തുഷ്ടനാംതന്നാൽമുന്നമൃഷ്ട
മാംപാദാബ്ജവും * ആപാദചൂഡംവിഷ്ണുരൂപമായ് വൃക്ഷ
ത്തെക്കണ്ടാപാദിതാനന്ദാതിരേകനാസ്സിധാതാവും * ശ്രീപാ
ദങ്ങളിൽവീണുവണങ്ങിവിനീതനായ് ശ്രീപതിതന്നെസ്തുതിച്ചീ
ടിനാൻഭക്തിപൂൎവ്വം * തൊഴുതുതൊഴുതുനിന്നീടുന്നവിധിക്കപ്പോ
പൊഴുതുകേൾക്കായ്വന്നിതാകാശവാണീശുഭാ * അക്ഷയന
ജൻഹരിതന്നെയിക്കാണാകിയ വൃക്ഷമാമലകമെന്നറികവിധാ
താവേ * മുന്നമിപ്പാദപത്തെയച്ചനംചെയ്യുതന്നേ പന്നഗ
ശായിപദംസുഖമേലഭിച്ചവർ* എണ്ണമില്ലെടോഭവാദൃശന്മാരാ
യുള്ളവരെന്നതുകൊണ്ടുനീയുമിന്നിനിവൈകിടാതെ * ഈശ്വ
രസ്വരൂപമാമിദ്രുമംതന്നെ പൂജിച്ചീശ്വരപദംപ്രാപിച്ചീടുകെ
നീമുന്നമേ * ആകാശവാണികേട്ടുധാത്രീവൈഭവംകണ്ടും
ലോകേശൻവീണ്ടുംനമസ്കരിച്ചുംസാഷ്ടാംഗമായ് * സന്തോഷം
പൂണ്ടുപുളകാങ്കിതസൎവ്വാംഗനായ് ബന്ധുരപുഷ്പങ്ങളുംതുളസീപ
ത്രാദിയും * ചന്ദനസുഗന്ധമാല്യാദിവസ്തുവുംപലമന്ദമെന്നി
യേസമ്പാദിച്ചുസമ്പൂൎണ്ണഭക്ത്യാ * വിരജാനദിയിന്നുതൻകമ
ണ്ഡലുവിങ്കൽ വിരവോടാക്കിക്കൊണ്ടുവന്നുള്ളതീൎത്ഥത്തിനാ
ൽ * ശ്രീപാദാകാരംശംഖംപൂരിച്ചുപുഷ്പാദിയാൽ സപദിപൂ
ജിച്ചുള്ളിൽശ്രീനാരായണനെയും * ധ്യാനിച്ചുശംഖമെടുത്തുപ
രിഭാഗത്തിങ്കൽ മാനിച്ചുചുഴററിതൽപൂജാവസാനത്തിങ്കൽ *
തന്നുടെശിരസ്സിങ്കൽപ്രോക്ഷിച്ചുതദംബുനാ പിന്നെയാമലകാ
ത്മാവാംമഹാവിഷ്ണുവിന്റെ * തൃപ്പാദാംബുജത്തെയുമഭിഷേകം
ചെയ്തുടനല്ലലോത്ഭവൻദിവ്യസ്രഗ്ഗന്ധവസ്ത്രാദിയും * ദിവ്യഭൂഷ
ണങ്ങളുംമല്ലികാചമ്പകാദി നവ്യപുഷ്പങ്ങൾനല്ലതുളസീദളങ്ങ
ളും * പരമാത്മാവിനായ്ക്കൊണ്ടൎപ്പണംചെയ്തുനാനാരസാന്നഫ
ലപാകപാത്രങ്ങളുംനിവേദിച്ചു * മെല്ലമെല്ലവേനാലുവലംവെച്ചു

ത്ത്യാദരംമല്ലാരിപാദംനമസ്കരിച്ചുഭക്തിപൂർവ്വം * ശ്രൌതവൈ
ഷ്ണവസൂക്തവിവിധസ്തോത്രങ്ങളാൽ സാദരംസ്തുതിച്ചുതച്ചര
ണാംബുജദ്വയം * കണ്ണിണയിങ്കലാനന്ദാശ്രുക്കളൊഴുകുമാറ
ന്നോജാസനനുള്ളിൽധ്യാനിച്ചുനില്ക്കുംവിധൌ * സദ്യോവാഹി
നീരൂപംപൂണ്ടുനിർഗ്ഗമിച്ചിതി നുദ്യോഗിച്ചൊരുവിഷ്ണുമായയാം
കാവേരിക്കും * അശരീരിണീവാണിയുണ്ടായിനഭസ്സിൽനിന്ന
ഹിരാദേവഭോഭോ കാവേരി!കേട്ടാലുംനീ * നിന്നുടെമനോര
ഥംഫലിച്ചുമഹാഭാഗേ വന്നുതൽപ്രാപ്തിക്കുള്ളശോഭനകാലമെ
ടോ * ദക്ഷിണ.ഗംഗാഭാവംനിനക്കുസിദ്ധിച്ചീടു മിക്ഷണത്തി
ങ്കൽതന്നെ സന്ദേഹമില്ലേതുമേ * ശാരദകാലംതുലാവിഷുവൽ
സമയവും ഭൂരിമംഗലപ്രദംപാവനംസംപ്രാപ്തമായ്* ഋതുക്കളെ
ല്ലാററിലുംമുക്തിസാധകമെന്നു വിധിക്കപ്പെട്ടതെത്രേശാരദകാ
ലംനൂനം * കുറഞ്ഞൊന്നൊന്നാകിലുമിതിങ്കൽചെയ്തധർമ്മംനി
റഞ്ഞുവിളങ്ങിടുംവടബീജത്തെപ്പോലെ * താവകമായതപഃ
പരിപാകംകൊണ്ടെല്ലാം പാവനമിപ്പോൾതുലാസംക്രമംഭവി
ച്ചതും * പുണ്യപുഞ്ജാത്മാവാമിസ്സഹ്യപർവ്വതത്തിങ്കൽപുണ്ഡരീ
കാധിവാസൻസർവ്വതീർത്ഥാകാരമാം * വിജാതീർത്ഥത്തിനാൽ
ഗായത്രീരൂപശംഖം വിരവിൽപൂരിച്ചിഹപൂജിച്ചുഭക്തിപൂർവ്വം*
ആമലകാത്മാവായ വിഷ്ണുപാദാംഭോരുഹമാമയാപഹമഭിഷേ
കംചെയ്തൊഴുകീടും * ശ്രീപാദതീർത്ഥംജഗദേകപാവനം സ
ർവ്വപാപഘ്നംസർവ്വക്രതുഫലദായകംപുണ്യം * നിഖിലധർമ്മ
തീർത്ഥഫലദംമുക്തിപ്രദമഖിലാഭീഷ്ടപ്രദമായുരാരോഗ്യപ്രദം *
ഭഗവൽകൃപയാലെനിനക്കായ്ക്കൊണ്ടുതന്നേ ജഗതീരക്ഷണാ
ർത്ഥംനിർഗ്ഗമിച്ചിതുഭദ്രേ * ശ്രീഹരിശ്രീപാദാബ്ജതീർത്ഥപൂരിത
യായ്നീ ദേഹികളെല്ലാരെയുംശുദ്ധന്മാരാക്കീടെടോ * ബ്രഹ്മ
ഹത്യയെപ്പോക്കുമഗസ്ത്യകമണ്ഡലു നിർമ്മലതീർത്ഥത്തോടുമൊ
ന്നിച്ചിട്ടതിവേലം * വേഗത്തിൽപ്രവഹിക്കതെക്കേദിക്കിങ്കൽ
സർവ്വഭോഗമോക്ഷദേനിന്റെമൂലത്തിൽനാരായണൻ * ആമ
ലകാകാരനായ്വസിച്ചുനിന്നെസ്സദാ ശ്രീമയപാദങ്ങളാൽപവി

ത്രീകരിച്ചീടും * നിന്നുടെയശസ്സിനെപ്പുരത്തിലോകമെങ്ങുംനി
ന്നിൽ സ്നാനംചെയ്യോൎക്കമുക്തിയുംകൊടുത്തെന്നും * ബ്രഹ്മപ
ൎവ്വതത്തിലാമലകാത്മനാ പരബ്രഹ്മൈവവസിപ്പതുംസന്ദേഹ
മില്ലേതുമേ*വിരജാജലത്തിങ്കലൊരിക്കൽസ്നാനംചെയ്കിൽ തര
സാവിമുക്തനായ്ഭവിക്കുന്നിസ്സംശയം * പുണ്യമാംസഹ്യാമല
കത്തിൻസന്നിധിലും നിൎണ്ണയമതുപോലെതന്നെയെന്നറിഞ്ഞാ
ലും * ഇത്രിലോകൈകപൂതമാംതീൎത്ഥത്രയത്തോടുമത്രനിന്നൊ
ഴുകീടുംനിങ്കലുംതുലാമാസേ * യത്രകുത്രാപിസ്നാനംചെയ്യുന്നജ
നത്തിനു മുക്തിവന്നീടുമെന്നുള്ളാകാശവാണികേട്ടു * കാവേരി
കമണ്ഡലുവിങ്കലെത്തീൎത്ഥങ്ങളോടേവമത്യന്തം സന്തോഷാനലി
തംചൊല്ലീടിനാൾ*കേട്ടതില്ലയോസൎവ്വംനിങ്ങളെൻതോഴിമാ
രെ വാട്ടംകൂടാതെയെന്നോടാശുപോരുവിനെടോ * അങ്ങിനെ
യാമെന്നവർചൊല്ലിയവൎകളും തിമിനമോദാതിരേകംപൂണ്ടു
കാവേരിയും * അന്നേരംപയോനിധിജലശീതളനായി തന്നു
ടെവേഗംകൊണ്ടുപത്തുയോജനചുററും * വൃക്ഷങ്ങളെല്ലാററെയു
മിളക്കിജ്ജഗത്രയ രക്ഷണത്തിനായ്പുടിഞ്ഞാറുനിന്നൊരുവായു *
വന്നുലത്തനംചെയ്തകുണ്ഡികാമുഖത്തിങ്കൽ നിന്നഗസ്ത്യന്റെ
സങ്കേതത്തെയുംനിരൂപിച്ചു * പുറപ്പെട്ടിതുഭഗവൽപാദതീൎത്ഥ
ത്തോടും നിറത്തിൽകലൎന്നു സന്തുഷ്ടയായതിദ്രുതം * സൎവ്വാദ്ര
ശ്രയായ്പേനബുൽബുദസമ്പൂൎണ്ണയായ് സൎവ്വലോകവുംശുദ്ധമാ
ക്കിക്കൊണ്ടൊഴുകിനാൾ * മന്ദവായുവോടെങ്ങുംമേഘസഞ്ചാ
രംപോലെ ആമെന്നുമജ്ജനവുംചെയ്തഗസ്ത്യമുനീശ്വരൻ * ഇങ്ങെഴു
ന്നെള്ളിനോക്കുംനേരത്തുനിലത്തുവീണൊത്തിനേകമണ്ഡലുകിടക്കു
ന്നതു കണ്ടാൻ * എങ്ങുമേനോക്കിയിട്ടെതന്തന്നുസംഭ്രമത്തോടു
മങ്ങോടിങ്ങോടുമോടിയാശ്രമബഹിൎഭാഗേ * പുറപ്പെട്ടപ്പോൾ
ദീനന്മാരായഞ്ജലിചെയ്തു വിറച്ചുനില്ക്കുംശിഷ്യന്മാരേക്കണ്ടരുൾ
ചെയ്താൻ * കുറഞ്ഞൊന്നകതാരിലുറഞ്ഞകോപത്തോടും പാ
ഞ്ഞിടുവിൻകമണ്ഡലുവിലിരുന്നൊരു * കാവേരിയെങ്ങുനിങ്ങള
വളെയുപേക്ഷിച്ചിട്ടേവരുമെവിടെക്കുപോയിതുപുത്രന്മാരേ *

പേടിച്ചുതൊഴുതുണൎത്തിച്ചിതുശിഷ്യന്മാരും കോടക്കാർമാരിയാലേപീഡിതന്മാരായ്ഞങ്ങൾ * വൃക്ഷത്തിൻചുവട്ടിൽനില്ക്കുന്നേരംപുറപ്പെട്ടതൽക്ഷണേപോയിടിനാളെല്ലോകാവേരീദേവി * അടുത്തുചെന്നുകൂപ്പിസ്സാന്ത്വനംചെയ്തുമുമ്പിൽ തടുത്തുനിൎത്തുന്നേരംഞങ്ങളോടരുൾചെയ്താൾ * പട്ടത്വമേറുംമുനിമതത്തെയറിഞ്ഞിരുന്നിടത്തിന്നുഴറോടനിൎഗ്ഗമിച്ചിതുഞാനും * ബ്രഹ്മപൎവ്വതത്തിങ്കൽനിന്നുനിൎഗ്ഗമിക്കയെന്നമ്മുനിമുന്നമെന്നോടരുളിച്ചെയ്തീടിനാൻ * പുണ്യനക്രമത്തിങ്കലീശ്വരാനുഗ്രഹത്താലിന്നുനിൎഗ്ഗമിപ്പതിന്നിന്നുയോഗവുംവന്നു * സർവ്വജ്ഞനെല്ലോയുഷ്മൽസൽഗുരുമുനീശ്വരൻ സർവ്വവുംക്ഷമിച്ചീടുമുണ്മയോത്തെന്നുനൂനം * ഋഷിനായകനുടെസന്നിധിയിങ്കലെങ്കിൽപ്പിഴയായ്വന്നുകൂടും മമനിൎഗ്ഗമമെടോ * മാമകപൂൎത്തമെല്ലാമുണ്മയായോൎക്കംവിധൌ മാമുനിക്കിഷ്ടംതന്നെയെന്നരുൾചെയ്തുംദ്രുഢം * നിങ്ങളോടുണ്ടാവ്വരാകോപമെന്നരുൾചെയ്തു മംഗലപ്രദായിനിവേഗത്തിൽനടകൊണ്ടാൾ * ഇങ്ങിനെയിരുപത്താറദ്ധ്യായം കഴിഞ്ഞിതുതിങ്ങിനമുദാകേൾപ്പിൻശേഷവുംചൊല്ലീടുവൻ *

---

## സപ്തവിംശോദ്ധ്യായഃ- പ്രാരംഭഃ

---

ശിഷ്യന്മാരുടെവാക്യമിങ്ങിനെകേട്ടനേരമൃഷ്യധീശ്വരനോൎത്തുപൂൎവ്വവൃത്താന്തമെല്ലാം * ഏഷ്യന്മാനസൻതലകുലുക്കിചിരിച്ചനുശിഷ്യശിഷ്യന്മാരെയും കൃപയാകൃപാലയൻ * നഷ്ടദ്രവ്യനായോരുദരിദ്രനെന്നപോലെ പെട്ടെന്നുകാവേരിയെക്കാണ്മാനായ്പുറപ്പെട്ടാൻ * ധൃഷ്ടനായ്ഗരിഷ്ഠനായ്വിഷ്ടപത്തിങ്കൽ ജ്ഞാനദൃഷ്ടിയാൽവിശിഷ്ടനെന്നാകിലുംമുനിശ്രേഷ്ഠൻ * വിഷ്ണുമായയാവിമോഹിതനായ്വനംതോറും തൃഷ്ണയാവൃക്ഷംതോറുംതിരഞ്ഞുതിരഞ്ഞുടൻ * എങ്ങുപോയൊളിച്ചിരിക്കുന്നിതുകാവേരിനീയിന്നെൻറകണ്ണിലിക്കാണാകേണമേമഹാഭാഗേ * എ

ങ്ങുറീകൃതാൎത്ഥയായിരുന്നകുസ്ത്രീയെപ്പോലിങ്ങിനെയെന്നെപ്പരി
ഹാസ്യനാക്കുന്നതെന്തഹോ * അവിടെയവിടെച്ചെന്നിങ്ങിനെവിലപി
ച്ചുമവിടേശ്രഹാദിഷ്ഠനിളവേയന്വേഷിച്ചും * എവിടെച്ചെന്നു
കാണാഞ്ഞുഴന്നുംപ്രലാപിച്ചും. നൃവിടന്മാരെപ്പോലെസൎവ്വജ്ഞ
ൻമുനീശ്വരൻ * ചിരിച്ചുംപുനഃപുനരാശ്രമസ്ഥലങ്ങളിൽ ച
രിച്ചുംകഷ്ടംകഷ്ടമെന്നുരചെയ്തും * തിരിച്ചുപോന്നുശിഷ്യന്മാ
രെഭത്സനംചെയ്തും ഭരിച്ചുകൊൾകെന്നിഷ്ടദൈവപ്രാൎത്ഥനം
ചെയ്തും* ചുഴന്നുംമുഹുൎമ്മുഹുരെഴുന്നസന്താപത്താലുഴന്നുകാന്താര
ത്തിലുന്മത്തനെന്നപോലെ * ലോകങ്ങൾക്കെല്ലാമിഷ്ടദൈവ
മാംകാവേരിയെശ്ശോകസന്തപ്തനായിസ്തുതിച്ചീടിനാൻപിന്നെ*
കല്യാണികഞ്ജാസനദിവ്യകന്യകേശുഭേ കല്യാണതീൎത്ഥരൂപേ
കമലാപതിമായേ * പാവനാകൃതേജഗദംബികേമഹാദേവി
കാവേരികാവേരിനീയെങ്ങുപോയിതുനാഥേ * ത്രിഗുണാത്മനി
ത്രയീരൂപിണിശ്രുതിസ്തുതേ വിഗതാജ്ഞാനഭ്രമശോഭനവാ
ണിശാന്തേ * ശ്രീവാസുദേവഭക്തിരൂപിണിശ്രീവയസ്യേ
കാവേരികാവേരിനീയെങ്ങുപോയിതുനാഥേ * ഇത്തരം
കാവേരിയെസ്തുതിച്ചോരനന്തരം നിദ്രോപായായപൂൎവ്വസംവി
ദംനിരൂപിച്ചു * ചിത്തത്തിൽപരബ്രഹ്മംതന്നെ കാവേ
രിയെന്നോൎത്ത്യുത്ഭക്ത്യാകൂപ്പിപിന്നെയുംപുകഴ്ത്തിനാൻ *
അന്നേരംരണ്ടുകൂവീടകലേസ്സഹ്യാദ്രിയിൽ മന്ദഹാസവുംതൂ
കിയഞ്ജലിബന്ധത്തോടും * അനേകംദേവന്മാൎക്കും മോ
ഹിനിയായദേവിതന്നേയുംകാണായ്വന്നു മുന്നിലാമ്മാറുവേ
ഗാൽ * ധന്യനാംയോഗീന്ദ്രനംസന്തോഷാശ്ചൎയ്യാന്വിതമന്ദ
ഹാസാനന്തരമിങ്ങിനെചൊല്ലീടിനാൻ* എന്തിനിന്നെന്നെയ
നാദരിച്ചുപോന്നുപുറത്തെന്നുചേതസ്സെതമദീയാഗ്രേ നിൎഗ്ഗമിക്കി
ലും * കല്യാണിചൊല്ലീടനീയെന്നതുകേട്ടനേരം കല്യയാംകാ
വേരിയുമുത്തരംചൊല്ലീടിനാൾ * താവകാജ്ഞയെത്തന്നെയാ
ലംബിച്ചിട്ടുഞാനുംസാവധാനമായ്പുറപ്പെട്ടതുമ്മഹാമുനേ *
കേവലംഭവാനിഷ്ടമാമിതെന്നോൎത്തിട്ടത്രെഭാവമ്മറ്റൊന്നുമല്ല

യോഗീന്ദ്രശിഖാമണെ * ബ്രഹ്മശൈലത്തിൽനിന്നുനിൎഗ്ഗമിക്കെ
ന്നുമുന്നം ബ്രഹ്മാവുംഭവാനുമെന്നോടാജ്ഞാപിച്ചീലയൊ * അ
പ്പൊണ്ണന്തന്നെയരുൾചെയ്തിതുമുകുന്ദനും സൎവ്വലോകാനുഗ്രഹ
ഞ്ചെയ്യതിന്നെന്നുനൂനം * താവകസങ്കേതവുംചിന്തിച്ചുസഹ്യാ
ദ്രിതൻതാഴ്വരയിങ്കൽനിന്നുപുറപ്പെട്ടിതുഞാനും * സൎവ്വജ്ഞ
നല്ലോ ഭവാൻപൂൎവ്വവൃത്താന്തങ്ങളുംസൎവ്വവുമുള്ളവണ്ണംകണ്ടിരിക്കു
ന്നിതല്ലൊ * പുണ്യകാലവുംപുണ്യദേശവുംവനുതലാപുണ്ഡര
കാക്ഷൻപരബ്രഹ്മമാംഭഗവാൻെറ * പുണ്യപാദാരവിന്ദനിസ്സൃ
തന്തീൎത്ഥംമഹാപുണ്യംനിശ്ശേഷതീൎത്ഥമയമത്യന്തശുദ്ധം * മത്ത
പഃ ഫലരൂപസ്രോതസ്സായ്പുറപ്പെട്ടതദ്വിശേഷതസ്തുലാവിഷു
വൽസംക്രാന്തിയും * ഒത്തുവന്നപ്പോൾഞാനുമീശപരേച്ഛയാമു
നിസത്തമമറെറാന്നുമോരാതെനിൎഗ്ഗമിച്ചതും * എന്നെയുംബ്ര
ഹ്മശൈലന്തന്നെയുഞ്ചിന്തിക്കയുമെന്നുടെ ജലപാനഞ്ചെയ്കയും
ദൎശിക്കയും * ധന്യമാമെന്മാഹാത്മ്യംകേൾക്കയുംകേൾപ്പിക്ക
യുമനപ്പഹംകീൎത്തിക്കയുമ്മജ്ജലേകുളിക്കയും * ചെയ്തിടലാപാ
പിഷ്ഠന്മാരുപപാതകികളുംവൈകല്യഹീനംവിഷ്ണുപദത്തെ പ്രാ
പിക്കേണം * ഇങ്ങിനെയോൎത്തുപുണ്യകാലമിസ്ഥലത്തെയുമ
ങ്ങിനെനാരായണനാജ്ഞയുംമുന്നിട്ടുഞാൻ * തച്ചരണാരവിന്ദ
തീൎത്ഥപാവിതയായിസ്വച്ഛന്ദാത്മനാസൎവ്വലോകോപകാരാൎത്ഥ
മായ് * അഖിലപാപപ്രണാശിനിയായപ്രയാസനിഖിലസം
സാരദുഃഖോത്താരകാരിണിയായ് * ദക്ഷിണഗംഗയെന്നുവേദാ
ന്തവിഖ്യാതയായക്ഷീണസരിദ്രൂപംപൂണ്ടുനിൎഗ്ഗമിച്ചതും * ഉൾ
ക്കാമ്പിലൊക്കയോൎത്തുപൊറുത്തുകൊള്ളേണമെളിക്കെങ്ങുപുക
ഴ്പൊങ്ങുംമഹിതതപോനിധെ * ഉൾക്കണ്ണയുൾക്കൊണ്ടു ക
ണ്ടോരുമാമുനീന്ദ്രനഞ്ചൊൽക്കൊണ്ട വാക്യംചെവിക്കൊണ്ടു
സന്തുഷ്ടാത്മാവായ് * കാവേരീദേവിതന്നോടരുളിച്ചെയ്തീടിനാ
നിവണ്ണംഭദ്രേനന്നുനന്നുനിന്നുടെവാക്യം * സാവധാനന്നിന്നു
ള്ളംഗ്രഹിച്ചുസമസ്തവുംപൂൎവ്വവൃത്താന്തങ്ങളുംമറന്നീലേതുമെടൊ *
നിന്നിലെസ്നേഹാധിക്യംകൊണ്ടുംചാപല്യംകൊണ്ടും കന്നൽ

നേർമൊഴികാണ്മാനുള്ളകൌതുകംകൊണ്ടും * തന്നേചൊന്ന
തുഞ്ഞാനും ലോകരക്ഷാൎത്ഥമിനിധന്യേനീപൊയ്ക്കൊണ്ടാലുഞ്ജഗ
ന്മാതാവേശുഭേ * എന്നുടെയനുജ്ഞയുംവന്നിതുനിനക്കെന്നാൽ
പന്നഗശായിപാദാബ്ജോൽഭൂതതീൎത്ഥമതു * ശംഖതീൎത്ഥാഖ്യ
മെല്ലൊപങ്കജജാതഭവൻശംഖം പങ്കജക്ഷണന്മീതേചുഴററീട്ട
കയാലെ * പങ്കംവെർപെട്ടശുദ്ധനായ്വരുംസുരാപായിയെങ്കിലു
മിത്തീൎത്ഥത്തിലേകദാസ്നാനത്തിനാൽ * കുണ്ഡികാതീൎത്ഥ
ത്തെക്കൊണ്ടഭിഷേകവുംചെയ്ക കുണ്ഡികാതീൎത്ഥമെന്നുമുണ്ടുപേ
രിന്നിക്കേടൊ * പുണ്യോൽകൃഷ്ടമാമിതുതൊടുകിൽപാപ
ബന്ധം ഖണ്ഡിച്ചുവിമുക്തന്മാരായീടുന്നിസ്സംശയം * താമര
സാധിവാസൻവിരജാജലത്തിനാലാമലകാകാരനാം ശ്രീകൃഷ്ണ
പാദാംബുജം * കാമദമഭിഷേകഞ്ചെയ്കയാലിതിനുണ്ടുനാമമാ
കാശഗംഗയെന്നുമെന്നറിഞ്ഞാലും * ഇത്തീൎത്ഥന്തന്നെസഹ്യാ
മലകമഹാതീൎത്ഥമുത്തമോത്തമമൃണമോചനതീൎത്ഥമെന്നും * ഉ
ൽക്കടാനൎത്ഥപാരമ്പൎയ്യത്തെവൎദ്ധിപ്പിക്കുംമുക്കടമുടനെ വേർപെ
ടുക്കനിമിത്തമായ് * ഇതിന്റെതീരത്തിങ്കൽപിണ്ഡദാനത്തെച്ചെ
യ്കിൽപതിനായിരംഗയാശ്രാദ്ധകൃത്യത്തിൻഫലം * പിതൃക്കൾ
ക്കണ്ടാമുടൻമുക്കടത്തോടുവേർപെട്ടതിനിൎമ്മലനായി ശ്രാദ്ധക
ൎത്താവുപിന്നെ * ക്രതുക്കളൊക്കെച്ചെയ്കഫലത്തോടുപേതനായ്
ചതുൎബ്ബാഹുവാംവിഷ്ണുസാരൂപ്യംപ്രാപിച്ചിടും * സമസ്തതീൎത്ഥ
ഫലം ക്ഷണത്തിൽദാനഞ്ചെയ്വാൻ സമൎത്ഥങ്ങളായുള്ളോരിമ്മ
ഹാതീൎത്ഥസ്സമം * അമൎത്ത്യാദികൾക്കനുസ്മരണമാത്രംകൊ
ണ്ടേസമൃദ്ധവാംവരഫലപ്രദതീൎത്ഥങ്ങളാലെ * ചെമ്മേസമ്പൂ
ൎണ്ണയായദേവിനീയിനിസ്സാക്ഷാൽ ബ്രഹ്മരൂപമായുള്ളോരിമ്മല
തങ്കൽനിന്നു * സമ്മദംപൂണ്ടുലോകാനുഗ്രഹത്തിന്നായ്ക്കൊണ്ടുനിൎമ്മ
ലപ്രവാഹത്തെക്ഷിപ്രമാലംബിച്ചാലും * ഇഷ്ടസിദ്ധിക്കായ്ക്കൊ
ണ്ടുനിഖിലേശചരിഞ്ഞാനുംപുഷ്ടാനന്ദാന്തരംഗമജ്ജനഞ്ചെയ്തീടു
വെൻ * വിഷ്ണുപാദാശ്രിതന്മാൎക്കതിൽവിശേഷിച്ചുംകഷ്ട
ങ്ങൾനീക്കിട്ടിഷ്ടന്നൽകിരക്ഷിച്ചീടുവൻ * പെട്ടെന്നുഭദ്രേപൂ

പ്പെട്ടാലുംതീൎത്ഥങ്ങളിലൊട്ടൊഴിയാതെയെല്ലാന്നീതന്നെയെന്നു
ന്നൂനം * ഇപ്പ്രേരു കതങ്ങളായതെപ്പേരുമുണ്ടായ്വരുമ്മൂപ്പാരിൽപേ
ർപെററീടുന്നിനക്കെന്നറിഞ്ഞാലും * ഉല്പലലക്ഷണശ്രീപാദാര
വിന്ദത്തിങ്കൽനിന്നുത്ഭവിച്ചെങ്ങുംപുകഴ്പൊങ്ങുമുത്തരഗംഗാ *
എങ്ങിനെദിവ്യസിന്ധുസ്ഥാനവിഭാഗീരഥി യങ്ങിനെസഹ്യാമല
കോത്ഭവഭവതിയും * ദക്ഷിണഗംഗയെന്നുംകാവേരിദിവ്യദേ
വിയിക്ഷോണീതലെസൎവ്വതീൎത്ഥരൂപണിയെന്നും * ത്രൈലോ
ക്യപ്രസിദ്ധയായ്ഭവിക്കുന്നിന്നൊ ജനമാലോക്യസ്തൂതപാപീതപാ
താവകപുണ്യജലം*യത്നമെന്നിയേവൈകുണ്ഠത്തെപ്രാപിക്കുന്ന
ദീതാമേസൎവ്വതീൎത്ഥാത്മകേമഹാഭാഗെ * ഇന്ദുശേഖരനുമാദേ
വിയുംഗണങ്ങളുമിന്ദിരാരമണനുംരമയുംവൃന്ദങ്ങളും * ഇന്ദ്രാദി
ദേവന്മാരുംസനകമുഖ്യന്മാരു മെന്നുമെവൈഖാനസബാലഖി
ല്യാദ്യന്മാരും* അന്യമാമുനീന്ദ്രരുംഞാനുംനിന്തീൎത്ഥത്തിങ്കലനു
ഷംസൎവ്വദാവാണീടുന്നുണ്ടത്യാദരം* തല്പുണ്യതീൎത്ഥത്തിങ്കൽ
കുളിച്ചുതിലംകൊണ്ടുതൎപ്പണഞ്ചെയ്തീടുകിൽതല്പിതൃവൎഗ്ഗമെല്ലാം*
കല്പാന്തകാലത്തോളംതൃപ്തരായ്സ്വൎഗ്ഗത്തിങ്കലുല്പന്നാനന്ദം വ
സിച്ചീടുന്നിതുന്നയമെടൊ * താവകതടെസഹ്യാമലകത്തിൻെറ
മൂലെകേവലംശ്രാദ്ധകൃത്യമൊരിക്കാൽചെയ്തീടുകിൽ * മേദ്ധ്യ
മാമമദ്ധ്യോദയെപതിനായിരംഗയാശ്രാദ്ധത്തിൻപുണ്യഫലംപി
തൃക്കൾക്കുണ്ടായ്വരും * ശ്രാദ്ധകൎത്താവുംദ്രുതംമുക്കോടത്തോടുവേ
ർപെട്ടാത്തസമ്മോദംഭോഗംസകലംഭുജിച്ചിഹ * ഗാത്രാന്തത്തി
ങ്കൽസകലാൎത്തിദ്ധ്വംസനപത്മനേത്ര ശ്രീപാദാംബുജപ്രാപ്തി
യുംഭവിച്ചീടും * അത്രനിങ്കലെസ്നാനംവിരജാസ്നാനന്തന്നേ:വി
ദ്രുതംജീവന്മുക്തനായ്വരുംകുളിപ്പവൻ * അത്രയുമല്ലപുനരൊന്നു
ണ്ടുചൊല്ലുന്നഞാനെത്രയുംരഹസ്യമത്യത്ഭുതംകേട്ടാലുന്നീ * ശാ
സ്ത്രേഷുസമസ്തേഷുനിശ്ചിതമിതുദിവ്യനേത്രംകൊണ്ടത്രെകണ്ടി
ന്നറിഞ്ഞതനെടോശുഭെ * ദുഷ്കൃതിജനത്തിൻെറ ദുഷ്കൃതം
ക്ഷിപ്രംപോക്കു മുൽകൃഷ്ടഭാവംകോലുംഗംഗാദിനദികളും *
പുഷ്കലമാഹാത്മ്യത്തെപ്പൂണ്ടനാതീൎത്ഥങ്ങളു മൊക്കവേതല്ക്ഷണ

ഷംകൊണ്ടുദൂഷിതങ്ങളായ് * ദുഷ്ടകല്മഷങ്ങൾനീക്കിക്കൊ
ള്ളുവാൻവല്ലാഞ്ഞയാൽ ദുഃഖിച്ചുപുറപ്പെട്ടുശരണം പ്രാപിച്ചി
ത്തു * പുഷ്കരോത്ഭവം സർവ്വലോകൈകപിതാമഹ മുൾ
ക്കളന്നിങ്കൽദയാവശനായ്വിധാതാവും * മുഖ്യതാപസ
ജനംനിറഞ്ഞസഭാന്തരേ ധിക്കൃതിപാപത്തിന്നുവരുത്തിക്കൊ
ള്ളുവാനായ് * നിഷ്കൃതിയവൾക്കരുളീടിനാൻകാവേരിയിൽ
ചിക്കെന്നുമജ്ജനംചെയ്തീടുവിനെന്നീവണ്ണം * സാക്ഷാൽ
ശ്രീനാരായണൻപരമാത്മാവുജഗൽസാക്ഷിയാം ദത്താത്രേയ
ൻശ്രീപാദരേണുക്കളാൽ * നിന്നുടെശിരസ്സിനെശുദ്ധമാക്കി
ട്ടുമവൻതന്നുടെപാദപാംസുപൂതശിഷ്യയായ്നീയും * ധന്യയാ
യ്ലോകൈകപാവനിയായ് കൃതാർത്ഥയായന്യനിശ്ശേഷതീർത്ഥാ
ധികയായ്സദാകാലം * ദക്ഷിണാത്യന്മാർക്കെല്ലാംഭുക്തിയും
ക്ഷേമംജയമേല്ക്കുമേൽദാനംചെയ്യാനായ്ക്കൊണ്ടുകാവേരിനീ *
മാമകാനുജ്ഞയോടുംപോയാലുമെന്നിങ്ങിനെമാമുനിപ്രവരനാം
കുംഭസംഭവർചൊല്ലും * ഭാഷിതംപ്രീതിപ്രണയാന്വിതംകേട്ടു
പരിതോഷിതാശയയായകാവേരീദേവിതാനും * മൂന്നുരുപ്രദ
ക്ഷിണംചെയ്തുകുമ്പിട്ടുകൂപ്പി പൊന്നിങ്ങുജലാന്തികംപ്രാപിച്ചോ
രനന്തരം * ലോകരക്ഷണത്തിനായേവർക്കുംകാണുമാറായ് വേ
ഗത്തിൽമഹാസരിദ്രൂപയായ്പ്രവാഹിച്ചാൾ * മേളത്തിൽമേ
ല്ക്കുമേലെതിരക്കിയെഴുന്നുള്ളോരോളത്തിൽ ഝംകാരമാമാന്നായ
ഘോഷത്തോടും * മത്സ്യകച്ഛപപരിപൂർണ്ണയായ്ശിംശുമാര
ചരസ്ത്രീയുപവൃത്തസംഘട്ടിഷണയായെ * കേവലംഫേനപൂര
ന്നിറഞ്ഞുചിലേടത്തും ശൈവാലങ്ങളെക്കൊണ്ടുസങ്കുലംചിലേ
ടത്തും * സാരസസമുദായസമ്പൂർണ്ണംചിലേടത്തും സാരസ
ചക്രവാകസങ്കീർണ്ണംചിലേടത്തും * ഇളകുന്നീലജലമെന്നുതോ
ന്നീടുംക്വചിൽ ഝളുഝജ്ഝളാരവുംപൂണ്ടുപാഞ്ഞിടുംക്വ
ചിൽ * സർവ്വത്രചുഴിഞ്ഞൊഴുകീടുന്നുചിലേടത്തും ചൊവ്വോ
ടെചീളുന്നൊഴുകീടുന്നുചിലടിക്കിൽ * കേതകീപുഷ്പങ്ങളുണ്ടുവള്ളരെ
ച്ചിലേടത്തു' ചെന്താമരോൽപലമഹോല്പലങ്ങൾചിലേടത്തും *

കമലനിരയെങ്ങുംനിരന്നു ചിലേടത്തു വിമലകൽഹാരങ്ങൾനിറഞ്ഞു ചിലേടത്തും * കുഴിഞ്ഞത്യന്തമഗാധംതലം ചിലേടത്തും വഴിഞ്ഞീടിലുംനിലയുണ്ടല്ലോ ചിലേടത്തും * വിസ്താരമേററംകപചിൽചുരുങ്ങി ചിലേടത്തു മത്യുഗ്രവേഗം ചിലേടത്തുമന്ദൌഘം കപചിൽ * ഓടിശ്ശേലാഷിച്ചുകുണ്ടിൽ ചാടുന്നു ചിലദിക്കി ലീടെഴന്തടമുടച്ചീടുന്നു ചിലദിക്കിൽ * വൃക്ഷ ഗുന്മാദ്യങ്ങളെവേരോടെ പറിച്ചുകൊണ്ടക്ഷീണവേഗന്നടകൊണ്ടുകാവേരീനദീ * ഇക്ഷിതിക്കലങ്കാരഭൂതയായ്സ്ഥാണായ്യുന്നു ദക്ഷിണദിക്കിന്നൊരുഹാരമെന്നതുപോലെ * മോക്ഷദാതൃക്കൾക്കെല്ലാംസാമ്രാജ്യദാനത്തിങ്കൽ ദീക്ഷിതാസർവ്വാഭീഷ്ടദായിനീസഹ്യോത്ഭവാ * വീക്ഷണമാത്രംകൊണ്ടുദുരിതങ്ങളെപ്പോക്ക മീക്ഷണാനന്ദപ്രദാദാരിദ്ര്യവിനാശിനീ * സ്നാനത്താൽകലിദുഃഖകാലുഷ്യദോഷഹന്ത്രീസാനന്ദംകീൎത്തിപ്പോർക്കസർവ്വപാപഹന്ത്രീദേവീ * ബ്രഹ്മശൈലജാസാക്ഷാൽബ്രഹ്മനന്ദിനീപരബ്രഹ്മരൂപിണീ ബ്രഹ്മലോകദായിനീ ശുഭാ * ലോകസംരക്ഷണൈകപ്രവൃത്താമനോഹരാ ഭോഗമോക്ഷദാമഹാപുണ്യയാംകാവേരിയെ * കണ്ടുകൌതുകംപൂണ്ടുകുംഭജൻശിഷ്യന്മാരുമുണ്ടായോരാനന്ദബാഷ്പാകുലനേത്രന്മാരായ് * കൊണ്ടാടിമന്ദമന്ദംപുറപ്പെട്ടങ്ങുനടകൊണ്ടിതുതദാ സപ്തതന്തുവിൎമൌലിരത്നം • സപ്തവിംശാദ്ധ്യായവുംകഴിഞ്ഞിതിവിടെ സ്സംക്ഷിപ്തമായ്മേലടവുമാംവണ്ണം ചൊല്ലീടുവൻ *

—∽∽—

അഷ്ടാവിംശോദ്ധ്യായഃ— പ്രാരംഭഃ

---

അത്ഭുതാകാരംപൂണ്ടകാവേരിതന്നെക്കണ്മാനഭ്രദേശത്തു വിമാനാരൂഢന്മാരായ്യുന്നാർ * അഭ്രവാഹനമുഖ്യന്മാരായദേവന്മാരുമപ്സരോവിദ്യാധരോരഗകിന്നരന്മാരും * സിദ്ധർഷിഗന്ധർവ്വചാരണഗുഹ്യകന്മാരും ശുദ്ധമാനസപിതൃമുഖ്യന്മാർമററുള്ളോരും * ചിത്രഭാനുവിന്നുനേരൊത്തുള്ളവിമാനത്തിൽ ചിത്രഭാനു

കൾകൊണ്ടുപത്താശവിളങ്ങവേ * ദുന്ദുഭിനാദംകൊണ്ടുമുഴക്കി
ലോകമെല്ലാം നന്ദനോദ്യാനോൽഭൂതമന്ദാരപുഷ്പങ്ങളും * വൃ
ന്ദാരകന്മാർവരിഷിച്ചുരംഭാദിദിവ്യ സുന്ദരീവൎഗ്ഗമനോഹര
മായാടീടിനാർ * ഗന്ധൎവ്വാദികൾഗാനംചെയ്തിതുമററുള്ളവര
ന്തമ്മോദേനജയജയയെന്നുച്ചൈസ്വരം * സിന്ധുവൎഗ്ഗത്തിൽവെ
ച്ചുമുഖ്യയാംകാവേരിയെ ബന്ധുരമാകുംവണ്ണംപുകഴ്ന്നുതുടങ്ങി
നാർ * അന്തകാന്തകന്താനും വിഷ്ണുവുംവിരിഞ്ചനുമന്തമില്ലാ
തദിവ്യജനസംസ്തുതന്മാരായ് * അന്തരാകവേരജാദശ്നോത്സുക
ന്മാരാ യന്തരിക്ഷത്തിങ്കലാമ്മാറെഴുന്നെള്ളീടിനാർ * ആഗമ
ങ്ങളുംപുരാണങ്ങളുംദിവ്യന്മാരു മാകവേകാവേരിതൻകീൎത്തിയെ
വാഴ്ത്തീടിനാർ * ആശ്ചൎയ്യമത്യാശ്ചൎയ്യംകാവേരികണ്ടോളവു മാ
ശ്ചൎയ്യമവാങ്മനോഗോചരംപ്രവാഹവും * വാഹ്യവൈഭവംവേ
ദാന്തോപബൃംഹിതംചൊൽവാ നീശരന്മാരാമ്മഹാദേവനുമ്മു
കുന്ദനും * എന്നിയേമററാൎക്കുമുതാവതുനിരൂപിച്ചാൽ ധന്യ
ധന്യന്മാരായിവന്നുനാമെല്ലാവരും * മന്നിടത്തിങ്കൽദ്വിജസ
ഞ്ചയന്നമ്മെക്കുറിച്ചിന്നിമേൽതൎപ്പിച്ചീടും കാവേരീതീൎത്ഥത്തി
നാൽ * മജ്ജനംചെയ്തുയജ്ഞാദികളുംചെയ്യുമല്ലോ സജ്ജനമ
പ്പോൾതന്നെബന്ധുവൎഗ്ഗത്തെപ്പോലെ * ഇജ്ജനംസംരക്ഷിത
മാസ്വൎഗ്ഗമെന്നന്യോന്യന്നിൎജ്ജരന്മാരും ചൊന്നാരാമോദാൽനാ
ഗൾഗദം * തുഷ്ടരായ്പിതൃക്കളുംഹൎഷഗൽഗദവാചാപുഷ്ടരോ
മാഞ്ചംതമ്മിൽശ്ലിഷ്ടരായ്ചൊല്ലീടിനാർ * ഒട്ടൊഴിയാതെയു
ള്ളവിഷ്ടപവാസികളി ലൊട്ടേറെകൃതാൎത്ഥന്മാരായിവന്നിതുവ
യം * അക്ഷയമായുള്ളോരുതൃപ്തിയുംവന്നുനമുക്കിക്ഷിതിയിങ്ക
ലസ്മദ്വംശത്തിൽപിറന്നുള്ള * പുത്രന്മാരൊരിക്കലെന്നാകിലും
നമ്മെക്കുറിച്ചത്രൈവതിലോദകംനൽകുവോരത്യത്ഭുതം * ചി
ത്രമെത്രയുംചിത്രംതീൎത്ഥകോടികളോടു മെത്രയുംചിത്രാകൃതി
കാവേരീമഹാനദി * ബ്രഹ്മശൈലത്തിൽനിന്നുലോകരക്ഷണ
ത്തിനായ് ബ്രഹ്മനിൎമ്മിതാപുരോദൃശ്യതേമഹാപുണ്യാ * തി
ൎത്ഥചൊല്ലീടാമ്മഹാപുണ്യവാഹിനികളും തീൎത്ഥങ്ങളിവയൊ

നുമിക്കണ്ടകാവേരിതൻ * കലകാൎംപതിനാറാലൊന്നിനോ
ടൊവ്വാദ്ദ്രഢം പലവാക്കുകൾ ചൊല്ലിഫലമെന്തൊന്നുവൃഥാ *
ഇജ്ജലംകൊണ്ടുപചിച്ചന്നം ശാകവുന്നമുക്കിച്ചയാഗയാത്രാ
ഡായുതത്തിൻഫലംചെയ്യും * നമ്മുടെസന്താനവുംമേൽക്കു
മേൽവളൎന്നീടുമിമ്മഹാനദിയിങ്കലൊരിക്കാലാരുസുതൻ * വെ
ണ്മയിൽസ്നാനംചെയ്കിലത്രയല്ലൃണത്രയനിമ്മുക്തനായ്വന്നീ
ടുമവനുന്നിസ്സംശയം * ദേവൎഷിപ്രവരരുംപുകഴ്ത്തീടിനാരപ്പോൾ
കാവേരികലിദോഷനാശിനിമഹാപുണ്യാ * ബ്രഹ്മരൂപങ്ങൾ
വേദമയങ്ങളായുമുള്ള നിൎമ്മലപുണ്യതീൎത്ഥകോടികളോടുംകൂടി *
കാണായ്വന്നിതു ചിത്രമിന്നലീതീൎത്ഥസ്നാനപാനമാഹാത്മ്യപാം
സ്തുതിമുഖ്യങ്ങളാലെ * നിഖിലജനങ്ങളുംയമയാതനാഹീനം
സകലാനന്ദസംപൂൎണ്ണന്മാരായ്ഭവിച്ചീടും * ദേവകൾപിതൃക്ക
ളുന്നാമുമാബ്രഹ്മകല്പം കേവലംകൃതാൎത്ഥന്മാരായിതുസുഖാനപി
തം * ഇജ്ജലത്തിങ്കലിനിമജ്ജനംചെയ്തുചെയ്യുംസജ്ജനം
സൽകൎമ്മങ്ങളിജ്ജന്മത്തുപൂൎത്ഥമായ് * ഋഷികളാലുമേവന്നത
യാന്ദേവിയത്തു പൊഴുതാമ്നായാഞ്ചലക്ഷീരപൂരാഭിരാമാ * സക
ലപുണ്യഫേനാശാസൂതതപാൎത്ഥഗത്താ മഖവാലുകാപൂൎണ്ണാ
ബുൽബുദാകാരതീൎത്ഥാ * വൈകുണ്ഠസോപാനോൎമ്മിസഞ്ച
യാപാപമെല്ലാം വൈകാതെപോക്കീടുവനെന്നു ഗൎജ്ജിച്ചതൃ
ച്ചും * കുടിലപയോവേഗത്തോടുകൽഹാരകഞ്ജ ചട്ടലോ
ല്പലകുമുദാദിപുഷ്പങ്ങളോടും * വിളങ്ങിഭൂമിക്കലങ്കാരമായ്ലോ
കമാതാവളരും ഭൂമിപുണ്യാങ്കുരദിവ്യദേശാ * ലോ
കൈകരക്ഷാമണിദിവ്യാസൎവ്വതൊമുഖാ ലോകേശഗോവിന്ദേശ
രൂപിണീഗുണാതീതാ * കമലാസനരമാനാഥശങ്കരപൂജ്യാ
വിമലാത്മികാപരാശക്തിയാംവിഷ്ണുമായാ * സാക്ഷാല്പൂാരേ
ണുലോകമൊക്കവേപാലിപ്പാനും ദാക്ഷിണ്യാത്യന്മാൎക്കസൎവ്വേ
ശചെയ്യുംനൽകുവാനും * അഞ്ജലിബന്ധംചെയ്തൊരിന്ദ്രാദിദേവ
വന്മാരാലജ്ജസാജയജയജയിക്കെന്നീവണ്ണമേ * വൎണ്ണിക്ക
പ്പെട്ടമഹാപുണ്യയാംകാവേരിയു മണ്ണവംതന്നെപ്രാപിച്ചീടി

നാളവിളംബം * ലോകപാലനത്തിന്നുതുനിഞ്ഞകാവേരി
യിൽ ശ്രീകണ്ഠൻപ്രസന്നനായരുളിച്ചെയ്തീടിനാൻ * പൂരു
ഷന്മാരെയെല്ലാംയത്നംകൂടാതെതന്നെ പാരാതെശുദ്ധന്മാരാ
ക്കീടുവാനുള്ളവരം * ലോകഖ്യാതാർദ്ധോദയപുണ്യകാലത്തു
സർവ്വസാഗരങ്ങളിൽസ്നാനംചെയ്തുണ്ടായ്വരുംഫലം * ഭവദം
ബുധിസംഗമെമജ്ജനംചെയ്തീടുന്ന ഭുവനവാസികൾക്കുകൊടുത്തു
സദാകാലം * ശ്വേതാരണ്യാഖ്യപുണ്യസ്ഥലത്തിൽ വാഴുന്നു
ണ്ടെന്നാതങ്കഹീനംവരംനൽകിനാൻകാവേരിക്കും * നിന്നുടെ
തീരത്തിങ്കൽ വാഴുന്നവിപ്രാദികളന്വഹംധർമ്മകർമ്മഹീനന്മാരാ
യിടിലും * നാസ്തികന്മാരായ്വികർമ്മസ്ഥന്മാരെന്നാകിലുമാർത്തി
നാശനംചെയ്യുംനിന്നുടെജലത്തിങ്കൽ * സ്നാനമാത്രേണനിഷ്പാ
പന്മാരായ് മമപദംസാനന്ദംപ്രാപിച്ചീടുംസത്യമെന്നറിഞ്ഞാ
ലും * ശ്രീനാരായണൻപുരുഷോത്തമനംബുജാക്ഷൻ നാനാ
ലോകാനുഗ്രഹകാരണമരുൾചെയ്താൻ * വരത്തെവരിച്ചാലും
ഭദ്രേന്ദ്രകവേരജേ വരദനഹമിഹവന്നിതുമഹാഭാഗേ * നിന്മ
തംയഥേഷ്ടംനീവരിച്ചുകൊൾകവത്സേ സമ്മതമേതെന്നാലുംന
ൽകുവനെന്നിങ്ങിനെ * അംബുജേക്ഷണനരുൾചെയ്തപ്പോൾകാ
വേരിയുംതന്മനോരഥംവരിച്ചീടിനാളനാകുലം * അതിപാ
പികൾദുരാചാരന്മാർദുരാത്മാക്കളധികം ഗുരുവിപ്രദൂഷകന്മാരാ
യ്സദാ * വേദബാഹ്യന്മാരായഭൂസുരാദികളരുണോദയകാല
ത്തിലേകാദശീദിനത്തിങ്കൽ * എന്നുടെതീർത്ഥത്തിങ്കലേകദാ
സ്നാനത്തിനാൽ സന്നകന്മഷന്മാരായ്പരിശുദ്ധാത്മാക്കളായ് *
യോഗീന്ദ്രഗമ്യാംഭുവർലോകത്തേക്കാളുംമുഖ്യലോകമാംവൈകുണ്ഠ
ത്തെപ്രാപിച്ചീടേണംവിഭോ * നിന്തിരുവടിമമവരദനെന്നാ
കിലോ ചിന്തിതചിന്താമണേ ദേവേശജഗൽപ്രഭോ * അങ്ങി
നെതന്നെയതിന്നന്തരമില്ലേതുമേ മംഗലേപുണ്യതീർത്ഥേകാ
വേരിമഹാഭാഗേ * മററാരുവരത്തെയുംനല്കീടുന്നുണ്ടുതവ മു
റവുംവത്സേവാസകലാഭീഷ്ടപ്രദയല്ലോ * കിതവന്ദുരാചാരൻനാ
സ്തികൻപാഷണ്ഡനും പതിതൻപാപിഷ്ഠനെന്നാകിലുംതുലാ

മാസേ * യത്രകുത്രാപിതവതീർത്ഥത്തിൽസ്നാനംചെയ്തു ചി
ത്രമാംമാഹാത്മ്യവുംശ്രദ്ധയുൾക്കൊണ്ടുകേട്ടു * ധർമ്മവക്താവാം
പൌരാണികനെ ദിവ്യഗന്ധനിർമ്മലപുഷ്പാക്ഷതാദ്യങ്ങളാലർച്ചി
ക്കിലോ * മല്ലൂടാക്ഷത്താലവൻരക്ഷിതനായനന്തരമുൽകൃഷ്ട
ഗുണശീലപുത്രപൌത്രന്മാരോടും * സകലഭോഗങ്ങളുമൈഹി
കത്തിങ്കൽഭുജിച്ചഖിലപിതൃക്കളുംതാനുമാനന്ദാത്മകം * മത്സാ
യൂജ്യവുംപ്രാപിച്ചീടുമെന്നറിഞ്ഞാലും വത്സേകാവേരിഭദ്രേസന്ദേ
ഹമില്ലേതുമേ * ഈവണ്ണംവരങ്ങളുംവാങ്ങിലോകേശവാസുദേ
വശങ്കരസ്വരൂപിണിയാംകാവേരിയേ * സുജ്യോതികനകയും
വന്നുവന്ദിച്ചതദാ സുജ്യോതിഷ്മതികളാംപുണ്യവാഹിനിരണ്ടും*
സ്മരണമാത്രംകൊണ്ടുപാപങ്ങളകററുന്ന സരിതാംവരകളാമവ
രെയഥാന്യായം * സ്വാഗതപൂർവ്വംപ്രതിപൂജിച്ചുകാവേരിയും
ഭാഗധേയാംഭോനിധിതെളിഞ്ഞുവിളങ്ങിനാൾ * ചൈത്രമാം
മാസത്തിങ്കലുദിച്ചുപൊങ്ങീടുന്ന ചിത്രഭാനുവിന്മഹാപ്രഭയെന്ന
തുപോലേ * ദുർമ്മതിപാതിത്യംവന്നുള്ളവനെന്നാകിലുമിമ്മഹാ
സരിത്തുകൾതമ്മുടെസംഗമത്തിൽ * ചെമ്മേമജ്ജനംചെയ്കി
ൽബ്രഹ്മലോകംപ്രാപിച്ചു നിർമ്മലന്മാരാൽപരിപൂജ്യനായ്വസി
ച്ചീടും * നൈമിശാരണ്യത്തിലർദ്ധോദയകാലത്തിങ്കൽ ക്ഷേമമ
ന്നൂതുലാപൂരുഷദാനംചെയ്താൽ * സിദ്ധിച്ചീടുന്നഫലമേകമ
സ്നാനംകൊണ്ടേസിദ്ധിക്കാത്രിവേണിയിലേവർക്കുമെന്നുനൂനം *
തുളസീദളങ്ങളാൽശ്രീവാസുദേവൻതന്നെ തെളിവിൽസഹസ്ര
നാമാർച്ചനംനൂറുവർഷം * ചെയ്തുള്ളമഹാപുണ്യപുരുഷന്മാർക്കഗത
കൈതവന്ത്രിവേണിയിൽമജ്ജനംലഭിച്ചീടും * കംസാരിനാരാ
യണൻതന്നുടെകാരുണ്യത്താൽ സംസാരവിമോചനംവരുന്ന
കാലത്തിങ്കൽ * സംഗമമുഖത്തിങ്കൽമജ്ജനംചെയ്കീടുവാൻ
സംഗതിവരുംമുൻജന്മാന്തരതപോബലാൽ * ഏകദാസംഗമ
ത്തിൽകുളിച്ചതിലോദകമേകുകിൽ പിതൃക്കളുമത്യന്തതൃപ്തന്മാരാ
യ്*ബ്രഹ്മലോകംപ്രാപിച്ചുസുഖിച്ചുവസിച്ചീടും ബ്രഹ്മകല്പത്തോ
ളവുമില്ലസംശയമേതും * പാഷണ്ഡൻവർണ്ണഭ്രഷ്ടൻനിരോഗിപി

ത്തുമാത്രൃഭൂഷകൻ പരാന്നാദൻ ദുഷ്ടനെന്നിരിക്കിലും * ഉള്ളത്തി
ൽ ത്രിവേണിയെസ്മരിച്ചുതടാകാദിവെള്ളത്തിൽസ്നാനംചെയ്കിൽ
ശുദ്ധനായ്വരുമദ്ധതം * പുണ്യയാംത്രിവേണിയിൽതന്നെമജ്ജ
നംചെയ്യും പുണ്യപൂരുഷന്നുപിന്നെന്തൊന്നുചൊല്ലേണമോ *
സൎവ്വഭൂതേഷു കാരുണ്യാന്വിതമന്നദാനം സൎവ്വദാജന്മാന്തരേചെ
യ്തുള്ളപുണ്യത്തിനാൽ * സജ്ജനങ്ങളിൽമുഖ്യന്മാരായപുരുഷൎക്ക്
മജ്ജനംത്രിവേണിയിൽകൈവന്നുകൂടുംദൃഢം * സുജ്യോതികന
കകാവേരിയുംഹേമവതി സജ്ജവാകപിലയെന്നിതിനെമഹാ
മന്ത്രം * വേദഗാപിതംജപിച്ചേകദാകുളിച്ചീടിൽ സ്നാതനാം
രാമസേതൗമകരേമാസേദൃഢം * സുജ്യോതിയോടുംസപൎണ്ണമു
ഖിതന്നോടുമൊന്നിച്ചുജലപ്രവാഹയാംകാവേരീമഹാനദി *
ഹേമവത്യാഖ്യയോടുംകപിലയോടുംചേൎന്നു മാമുനീന്ദ്രന്മാരാലും
സ്നാനതല്പരന്മാരാം * സുരന്മാരാലുംതത്രതത്രപൂജിതയായിതപ
രിതംസമുദ്രത്തെപ്രാപിച്ചാളനഘ്നളം * കാവേരീഹേമാവതിസം
ഗമേമഹാപുണ്യേ പാവനേസ്നാനംചെയ്യുംജനത്തിൻപുണ്യഫ
ലം * ആവതല്ലേതുംചൊൽവാൻദേവദേവനാംവാസുദേവനെ
യൊഴിച്ചുമററാൎക്കുമെന്നറിഞ്ഞാലും * എന്തുവേദങ്ങൾകൊണ്ടും
തീൎത്ഥങ്ങൾകൊണ്ടുമവന്നെന്തുധൎമ്മങ്ങൾകൊണ്ടും മഖമുഖ്യങ്ങ
ൾകൊണ്ടും * അവിടെസ്നാനംചെയ്കിൽപിതൃക്കൾഗയയിങ്കൽ
ദിവിസംസ്ഥിതന്മാരായ്ഗ്രഹിക്കുംമഹാഫലം * കപിലാകവേ
രജാപുണ്യസംഗമത്തിങ്കൽ സപിതൃകുലംനിത്യംപ്രത്യക്ഷംത
ന്നെയല്ലോ * തത്രമാഘസ്നാനത്തെച്ചെയ്കിൽമൂന്നരക്കോടിയു
ത്തമതീൎത്ഥസ്നാനഫലവുംലഭിച്ചീടും * കാൎത്തികേഹൈമവ
തീകാവേരീസംഗസ്നാനമാസ്ഥയാചെയ്തീടിലോരണ്ടുവംശത്തിലു
ള്ള * പിതൃക്കൾനരകത്തിലുള്ളവർപോലും സുഖംമൃതൃക്കുംസ്വ
ൎഗ്ഗംപുക്കുവസിക്കുംനിസ്സംശയം * അന്നത്തെഗ്രാസമാത്രമവി
ടെക്കൊടുക്കിലോ മന്നിടംതന്നിൽസാൎവ്വഭൌമനായ്ജനിച്ചീടും *
കപിലാകാവേരീസംഗമത്തെദ്ധ്യാനിച്ചുള്ളിൽ സപദിവല്ലജലാ
ശയത്തിൽകുളിക്കിലും * സംഗമസ്നാനപുണ്യം ലഭിച്ചുമഹാപാപ

സംഗംവേർപെട്ടുപരിശുദ്ധനായ്ഭവിച്ചീടും *കേദാരത്തിലുംതഥാ
കുരുക്ഷേത്രത്തിങ്കലും യാതൊരുമൎത്ത്യൻജനിച്ചീടുന്നതുവൃജന്മം *
കപിലാകവേരജാസംഗമസ്നാനമവന്നഭിമോദേനലഭിച്ചീടും പു
ണ്ണ്യാതിരേകാൽ * ശ്രാദ്ധത്തെത്തത്രചെയ്കിൽപതിനായിരംഗ
യാശ്രാദ്ധത്തിൻഫലംപരിപൂൎണ്ണമായ്ഭവിച്ചീടും* ദുൎല്ലഭംതന്നെ
യല്ലോകപിലാസ്നാനംകലൌ ദുൎല്ലഭമത്രേഹരികീൎത്തനമതുനൂ
നം * ദുൎല്ലഭയല്ലോമഹാവിഷ്ണുപൂജയുമോൎക്കിൽ ദുൎല്ലഭന്മാരാ
സ്സരുംവൈഷ്ണവന്മാരുംതഥാ * ദുൎല്ലഭയല്ലോഭഗവൽഗീതമുക്തി
പ്രദാ ദുൎല്ലഭംഹരികഥാപീയൂഷമഭിഷ്ടദം * ദുൎല്ലഭമത്രേരാമച
രിതംസൎവ്വോത്തമം ദുൎല്ലഭംസൎവ്വോൽകൃഷ്ടതുളസീദളാൎച്ചനം *
ദുൎല്ലഭംഗംഗാസ്നാനംദുൎല്ലഭാസൽബുദ്ധിയും ദുൎല്ലഭമേകാദശീ
വ്രതത്തിന്നനുഷ്ഠാനം * ദുൎല്ലഭയല്ലോപിതൃശുശ്രൂഷാസൎവ്വാൎത്ഥ
ദാ ദുൎല്ലഭംനാരായണഭക്തിയുംകലിയുഗേ * ദുൎല്ലഭംമഹാപു
ണ്ണ്യകാവേരീതീൎത്ഥസ്നാനം ദുൎല്ലഭമതുതുലാമാസത്തിൽവിശേഷി
ച്ചാ* ദുൎല്ലഭംരംഗനാഥദൎശനംമഹാഭാഗ്യാ ദുൎല്ലഭംമഹോചന്ദ്ര
പത്മിനീതീൎത്ഥസ്നാനം * ദുൎല്ലഭംതദംബുനാപിതൃതൎപ്പണംശു
ഭം ദുൎല്ലഭൻധൎമ്മവക്താദുൎല്ലഭംസദാചാരം* ദുൎല്ലഭംപരിശുദ്ധ
തുളസിമഹാപൂജാ ദുൎല്ലഭംതത്വജ്ഞാനംദുൎല്ലഭംസാധുസംഗം*
ദുൎല്ലഭംസമസ്തഭൂതങ്ങളിലനുകമ്പാ ദുൎല്ലഭയല്ലോസമബുദ്ധിയുംമ
ഹീപതേ * ദുൎല്ലഭംരാമസേതുദൎശനംമഹാമൂല്യം ദുൎല്ലഭംമാ
ഘസ്നാനംകാൎത്തികസ്നാനംതഥാ * കപിലാകവേരജാസംഗമ
സ്നാനമൊഴിഞ്ഞഭിലാഷാപ്തിക്കുമററില്ലെടോഗതിയൊന്നും * സ
ഹ്യനന്ദിനീസാക്ഷാദ്വിരജാനദിയത്രേ മദ്ധ്യാവൈകുണ്ഠംശ്രീ
രംഗസ്ഥലമനോഹരം * അമൃതാംബുധിഹേമവതിയെന്നറി
ഞ്ഞാലു മമലാകപിലയുംശുദ്ധവാരിധിയെടോ * ഇച്ചൊന്ന
പുണ്ണ്യതീൎത്ഥസാദൃശ്യംചൊല്ലീടുവാൻ വിശ്വത്തിൽതീൎത്ഥമേ
തൊന്നുള്ളതുനിരൂപിച്ചാൽ * ഉണ്ടോരുതീൎത്ഥമിതിനോടുനേ
രെന്നാൽനീലകണ്ഠനാംമഹേശ്വരൻതാനിക്കേയറിയാവൂ * ക
ണ്ടോളംമഹാത്ഭുതംകാവേരീനദിയുടെ രണ്ടുഭാഗത്തിങ്കലുംശിവ

ലിംഗങ്ങൾകോടി * പുണ്ഡരീകാക്ഷപുണ്യക്ഷേത്രങ്ങളനേകമു ണ്ടെണ്ണമില്ലാതമുനിമണ്ഡലമെല്ലാടത്തും * സഹ്യാദ്രിതൊട്ടസ മുദ്രത്തോളം ബ്രഹ്മജ്ഞാനപ്രധാനന്മാരുഗ്രതപോയോഗനിഷ്ഠന്മാ രായേ * കാവേരീതീരത്തിങ്കൽ വസിക്കുംദ്വിജേന്ദ്രന്മാരേവരുംമു നീശ്വരന്മാരെന്നുധരിക്കേണം * പശ്വാദിമൃഗങ്ങളോപുണ്യരൂ പാലരല്ലോ നിശ്ശേഷചണ്ഡാലരുംപുണ്യവൃക്ഷങ്ങളല്ലോ * കീ ടാദിസാരമേയാദ്യങ്ങളുംപൂർവ്വകാലേ മൂഢന്മാരായയവനന്മാരെ ന്നറിയേണം * പശ്ചാത്തപ്തന്മാരായിട്ടിങ്ങിനെഭവിച്ചിതു നി ശ്ചയംസഹ്യോത്ഭവാതീരത്തിൽജന്തുക്കളായ് * കേവലംപ്രാണി മാത്രമാകിലുമവരെല്ലാം കാവേരീജലംകൊണ്ടുരഹിതദോഷന്മാ രായ് * പരിശുദ്ധന്മാരായിസ്വർഗ്ഗലോകവുംപുക്കു പരിചിൽസു ഖിച്ചുവാണീടുമെന്നറിഞ്ഞാലും * മൂഢനെന്നാലുംശ്രീകണ്ഠേശ സന്നിധിയിങ്കൽ പ്രൌഢമാഹാത്മ്യംതകുംകാവേരീജലത്തി ങ്കൽ * മജ്ജനംചെയ്യുന്നാകിലുടനേവിശുദ്ധനായ്സജ്ജനപ്രാ പ്യംശ്രീമൽകൈലാസംപ്രാപിച്ചീടും * ദരിദ്രൻതത്രസ്നാനം ചെയ്കിലേഴജന്മം പെരുത്തധനാഢ്യനായ്വേദവേദാംഗജ്ഞ നാം * കപിലാകവേരജാസംഗമേമഹാപുണ്യേ കൃപയോദ്രി ക്തശ്രീകണ്ഠേശസന്നിധിയിങ്കൽ * മാഘസപ്തമിദിനേശ്രാദ്ധ ത്തെച്ചെയ്യുന്നവൻ ശ്ലാഘനീയാത്മാകുലകോടിയെക്കരേറീടും * ശ്രീകണ്ഠേശ്വരനുടെ സന്നിധൌകാചമാത്രമാകിലും സല്പാത്ര ത്തിൽശ്രദ്ധയാദാനംചെയ്കിൽ * മൂന്നരുചെയ്തതുലാപുരുഷദാ നത്തിന്റെ പൂർണ്ണമാംഫലംലഭിച്ചീടുമെന്നതുധ്രുവം * ശ്രീക ണ്ഠൻതന്നെസ്മരിച്ചന്നത്രകാവേരിതന്നോഘത്തിൽസ്നാനംഭക്തി ശ്രദ്ധാസംയുതംചെയ്കിൽ * ദുർജ്ജനത്തിന്നുംസഹ്യാമലകസന്നി ധാനമജ്ജനംകൊണ്ടുണ്ടാകുംപുണ്യവുംലഭിച്ചീടും * സോമവാ സരത്തിങ്കൽശ്രീകണ്ഠധ്യാനത്തോടും ഭൂമിനിർജ്ജരന്മാരെബ്ഭോജ നംചെയ്യിക്കിലോ * നൂറുജന്മങ്ങൾതോറുംതദ്വംശ്യന്മാരെല്ലാരു മേറിനപുത്രപൌത്രധനസമ്പന്നന്മാരാം * വിടനാകിലുംവി ധിഹീനനാകിലുമതിശഠനായ്ശൌചാചാരഹീനനെന്നീരിക്കി

ല്ലും * ശ്രീകണ്ഠൻതിരുനാമമേകദാജപിച്ചീടിൽ ഫോംകുംഭഘോഷ്കൃ
തമെല്ലാമുടനേനിസ്സംശയം * യത്രകുത്രാപിവസിച്ചീടിലുംപാ
പിഷ്ഠന്മാര് നിസ്തുപംശ്രീകണ്ഠനെസ്സൃഷ്ടമാകീർത്തിക്കിലോ * അ
ന്ത്യകാലത്തിങ്കൽതല്ലൂർണ്ണേതാരകബ്രഹ്മമന്തകാന്തകനുപദേശി
ക്കുംകൃപയാലെ * കാവേരിസമുദ്രസംഗമത്തിൽസ്നാനംചെയ്യാ
നാവതല്ലെന്നുള്ളവൎക്കതിന്നുപായവും * സംവൎത്തശങ്കരനു
ടെനാമകീർത്തനത്തിനാൽ സംവൃദ്ധസംഗമുഖസ്നാനത്തിൻഫല
മുണ്ടാം * തന്നാമംമുഴക്കുമ്പോളേകദാജപിച്ചീടിലെന്നുമേനൂ
റുജന്മംയജ്ഞവാപായ്ഭവിച്ചീടും * സംവൎത്തമുനിശങ്കരൻപ്രതിഷ്ഠി
ച്ചതിനാലെ സംവൎത്തലിംഗമെന്നുചൊല്ലുന്നുമഹാജനം * മദ്യ
പനെന്നാകിലുംതൻലിംഗസ്മരണത്താൽ സദ്യശ്ശുദ്ധനായ്കൃപാ
പാത്രമായ്ഭവിച്ചീടും * ചുരുക്കിച്ചൊല്ലുന്നിതുകാവേരീമാഹാ
ത്മ്യത്തെപ്പരപ്പിൽചൊൽവാൻനൂറുവൎഷത്താലാമല്ലെടോ * മോ
ക്ഷാൎത്ഥംമഹാമുനിപുംഗവന്മാരിവണ്ണം ശ്രീക്ഷണലിംഗങ്ങളെ
പ്രതിഷ്ഠിച്ചിതുകോടി * കാവേരീതീരദേശത്തിങ്കലുംതത്തല്ലിംഗ
സേവയാമനോരഥംലഭിക്കുംസമസ്തക്കും * എങ്ങുംസേവിച്ചുലഭി
ക്കുംഫലംസിദ്ധിച്ചീടും രംഗസന്നിധിയിങ്കൽകാവേരിസ്നാന
ത്തിനാൽ * ശ്രീരംഗത്തിങ്കലിരുന്നേകദാതുലാമാസേ
വരുംവാരംകാവേരിസ്നാനമാചരിപ്പവൻ * വിരജാതീൎത്ഥ
സ്നാനംചെയ്യവൻതന്നെയവൻവിരജൻ കൃതകൃത്യൻസന്ദേഹ
മില്ലതുമെ * തൌലിമാസത്തിൽശ്രീരംഗസന്നിധിയിങ്കൽ കാ
ലത്തുകാവേരിയിൽകുളിച്ചുവിശുദ്ധനായ് * കബളമാത്രമന്നം
ദ്വിജന്നുദാനംചെയ്യുന്നവനോധനാഢ്യനാംനൂറുജന്മങ്ങൾതോ
റും * കാൎത്തികമാസത്തിലുംശ്രീരംഗേകവേരജാ തീൎത്ഥത്തിൽ
സ്നാനംചെയ്യുംമാനുഷൎക്കെല്ലാൎക്കും * സന്തതിദീൎഘായുസ്സംസ
മ്പത്തുമെന്നുവേണ്ടാ ചിന്തിതാൎത്ഥങ്ങളെല്ലാംസിദ്ധിക്കുംനിശ്ചി
ഷ്ണകം * ശ്രീരംഗസ്ഥലേതുലാസംക്രമേപിതൃക്കൾക്കു ചേരുന്ന
വണ്ണംശ്രാദ്ധമാചരിച്ചീടുന്നാകിൽ * നിത്യതൃപ്തിയെപ്രാപിച്ചു
നന്ദസന്തോഷത്താൽ നൎത്തനംചെയ്യുംദിവിമത്തരായ്പിതൃ

ക്കളും * ശ്രീരംഗേ തുലാമാസേ സഹ്യപർവ്വതപുത്രീ വാരിണാപി തൃക്കൾക്കു തിലതർപ്പണം ചെയ്കിൽ * കുരുക്ഷേത്രത്തിൽ ഗയയിങ്കലും ശ്രാദ്ധം ന്യായാചരിച്ചു സിദ്ധിക്കുന്നോരൂർജ്ജിതപുണ്യമുണ്ടാം * ശങ്കരവിഷ്ണുസ്ഥലോജ്ജ്വലയായിവണ്ണമേ പങ്കത്തെപ്പോക്കിലോകമൊക്കപ്പാവനമാക്കി * പങ്കജാസനപുത്രി കാവേരീ പതിയായവങ്കടൽതന്നെദ്രുതം പ്രാപിച്ചു സന്തുഷ്ടയായ് * ഇരുപത്തെട്ടദ്ധ്യായം കഴിഞ്ഞു ശിഷ്ടം കേൾപ്പാൻ ചെവിക ശ്രദ്ധയുണ്ടെന്നാകിലിന്നതും ചൊല്ലാം *

## ഏകോനത്രിംശോദ്ധ്യായഃ — പ്രാരംഭഃ

തദനു മഹാത്മാവാം വരുണനനയച്ചിട്ടു വദനമാരായുള്ളോരപ്സരഃസ്ത്രീകളോടും * മന്ദമാരുതൻ ദേവദുന്ദുഭിഘോഷത്തോടും വന്നെതിരേറ്റാൻ ദ്വിജസ്വസ്തിവാദേന സാകം * ദേവകളുടെ സാധുവാദവും കേൾക്കായ്വന്നു കേവലം പത്തുദിക്കും വിദിക്കും മുഴങ്ങവേ * നമസ്തേസ്ത്വെന്നും കൃതാർത്ഥോസ്മീതാനെന്നും തഥാ സമസ്തലോകങ്ങൾക്കും സന്തോഷമുണ്ടാമെന്നും * സമൃദ്ധശബ്ദംപൂട പുഴങ്ങീടിവ്യജനവിമർദ്ദത്തിങ്കലെങ്ങുമെന്തൊരു മഹാഘോഷം * അമർത്ത്യപരിവൃഢനമരകദംബവും സമതാപംപൂണും സനകാദിയോഗീന്ദ്രന്മാരും * സമർത്ഥന്മാരാം സിദ്ധാദികൾ മറ്റെല്ലാവരും സമുക്തോചിതവാദംവന്നു സല്ക്കാരം ചെയ്താർ * സമുദ്രവൈവാഹികോത്സവത്തിന്മഹാഘോഷം സമുദ്രിക്തമായ് ശേതാരണ്യത്തിപത്യത്ഭുതം * സമുത്താമംഭോജസംഭവനും മഹേശനും സമിത്യാമെഴുന്നെള്ളിഭഗവാൻമുകുന്ദനും * ക്രമത്താലീശം പുരസ്കൃത്യ വൈവാഹകൃത്യം സമർത്ഥിപ്പിച്ചു സർവ്വം വേധാവും യഥാന്യായം * സമുദ്രരാജനു നൽകീടിനാൻ കാവേരിയെ നിമിത്തമത്യന്തമംഗലമെന്നതേവേണ്ടു * സമിത്തുകൊണ്ടു ഹോമം കഴിച്ചു കുണ്ഡത്തിങ്കൽ സമിദ്ധനായിവലം ചുഴന്നു വഹ്നിദേവൻ * തിമർത്തും

പുളച്ചിതുജനങ്ങളത്യാനന്ദപ്രമത്ത ചിത്തന്മാരായ് മംഗലമ
ഹോത്സവേ * ദിവ്യകന്യകാത്തുയ്ഗ്നിസ്വനംകെട്ടുകെട്ടും ദിവ്യ
സ്ത്രീജനനൃത്തംകണ്ടുകൊണ്ടാനന്ദിച്ചും * ദേവന്മാരുടെ ചാരുപു
ഷ്പവൎഷണംകൊണ്ടും കാവേരീയശശ്ലാഘനീയദൎശനംകൊണ്ടും *
കേവലംമനോഹരമെന്നതേപറയാവു ഗോവില്പുന്ദ്വാവില്പുംപ
ണ്ടേവമുണ്ടായിലെങ്ങും * ഭൂവിങ്കൽഗൃഹേഗൃഹേഗൃഹമേധികളെ
ല്ലാം കാവേരീമഹോത്സവമംഗലംവളൎത്തിനാർ * പാവനിയാ
യേററവുംവിളങ്ങിവിശ്വംഭരാ ദേവിയുന്നാമത്തിൻറയാഥാ
ൎത്ഥ്യംപ്രാപിച്ചിതു * വരുണൻതാനുംശ്രീമൽക്കാവേരീപാണി
ഗ്രഹേ ധരണീസുരന്മാൎക്കനവ്യഭൂഷണങ്ങളും * ഹിരണ്യകോടി
രത്നസഞ്ചയങ്ങളുംലോകശരണ്യൻമഹാമനസ്സായ്മുദാദാനംചെ
യ്താൻ * ഇങ്ങിനെസൎവ്വലോകവന്ദ്യയാംകാവേരിയെ മംഗലം
മേല്ക്കുമേലെ വൎദ്ധിച്ചുവരുംവണ്ണം * തിങ്ങിനരസംപൂൎണ്ണവേട്ടവ
ളോടുചേൎന്നു തുംഗമാംരത്നസിംഹാസനത്തിൽവിളങ്ങിനാൻ *
വന്ദിച്ചോരനന്തരംമൂന്നുമൂൎത്തികളേയും നന്ദിച്ചുവന്ദാരുമന്ദാര
രാംദേവന്മാരും * മന്ദമെന്നിയെയാശീൎവ്വാദവുംചെയ്തശേഷം
മന്ദഹാസംപൂണ്ടുമന്ദാകിനീധരന്താനും * അരുണാധരിയാ
യകാവേരീമഹാദേവി യ്ക്കരുളീട്ടിനാൻവരമധികംപ്രസന്നനാ
യ് * ഒരുവനിങ്കലത്രവന്നുമജ്ജനംചെയ്കിൽ വരികസൎവ്വംവൃ
ദ്ധിസ്നാനജന്മനാപുണ്യം * അരവിന്ദജൻപുനരരുളിച്ചെയ്തീടി
നാ നരുണൻതുലാൎക്കിൽനിന്നരുളീടുനാകാലം * പരിചിൽതീ
ൎത്ഥസ്നാനംചെയ്തമാഹാത്മ്യത്തെയും പരമാത്ഭുതംതവകേൾക്ക
ന്നജനമെല്ലാം * ധരണീതലത്തിങ്കൽഭുജിച്ചുഭോഗങ്ങളും തര
സാകൈവല്യത്തെപ്രാപിക്കുമന്ത്യകാലേ * വരദൻനാരായണൻ
തെളിഞ്ഞുലോകങ്ങളെ പരിപാലിപ്പാനായ്നൽകീടിനാനനുഗ്ര
ഹം * കരുണാപരവശഹൃദയന്മാരായേവം സരസീരുഹഭവഹ
രിശങ്കരന്മാരും * സരിതാംവരക്കനുഗ്രഹവുംനൽകിതദാ സുരദി
വ്യൎഷിസംഘസ്തുതിസന്തുഷ്ടന്മാരായ് * തരയാതങ്ങൾതങ്ങൾ
ക്കുള്ളോരുപദംപുക്കു സരസഭാവേനവാണരുളീയഥായഥം *

വാരിയെക്കൊണ്ടു ലോകമൊക്കപ്പാവനമാക്കി വാരിധിയോടും
ചേൎന്നുതെളിഞ്ഞ കാവേരിയും * കാവേരീസമുദ്രസംഗമത്തിൽത്തു
ലാമാസേ ഭാവശുദ്ധിയുംപൂണ്ടു മജ്ജനം ചെയ്യുന്നോൎക്കു * കൈവരും
പുണ്യം ചൊൽവാൻ ശ്രീനാരായണനൊഴിഞ്ഞാരാവതല്ലല്ലോ പി
ന്നെമറെറാരുവൎക്കുമോൎത്താൽ * പൂതസംഗമത്തിങ്കൽകുളിച്ചുവി
ശുദ്ധനായ് ശ്വേതാരണ്യാധീശ്വരൻതന്നെയുംസേവിപ്പവൻ *
ചേതസ്സിലിച്ഛിക്കുന്നതൊക്കവേ കൊടുത്തീടും ഭൂതേശനെന്നുപി
ന്നെ ദുൎല്ലഭം ലോകത്രയേ * സംഗമതീൎത്ഥത്തിങ്കലേകദാസ്നാന
ത്തിനാൽ സംഗതമായ്വന്നീടുമാത്മജ്ഞാനവുംനൂനം * മംഗല
ബ്രഹ്മജ്ഞാനംകൊണ്ടു മോക്ഷവും വരുമങ്ങന്യതീൎത്ഥങ്ങളാലെ
ന്തൊരുകാൎയ്യമെടോ * മാൎത്താണ്ഡഗ്രഹണകാലത്തിങ്കൽസംഗ
മത്തിൽ തീൎത്ഥസ്നാനംചെയ്തൊരുകാശെന്നാകിലുംനല്ല * പാത്ര
ത്തിൽദാനംചെയ്കിൽ നൂറുജന്മങ്ങൾതോറും ധാത്രീദേവനായ്വേദ
വിത്താദിസമ്പന്നനാം * കാവേരീദേവിതന്റെയുത്ഭവം കല്യാണ
വും സാവധാനമായ്കേൾക്കുംമനുഷ്യരുടെവംശം * പാവനയശോ
ധനധാന്യസമ്പത്തിയോടും ഭാവിയാംകാലംനൂറുവത്സരം വൎദ്ധി
ച്ചീടും * കാവേരീസമുദ്രസംഗമത്തിൻമാഹാത്മ്യത്തെ ഭാവമേ
കാഗ്രമാക്കിക്കൊണ്ടു കേൾക്കുന്നജനം * സൎവ്വപാപങ്ങളോടും
വേർപെട്ടു വിശുദ്ധമായ് സൎവ്വാസംലഭിച്ചുസന്തോഷിച്ചുവസി
ച്ചീടും * തീൎത്ഥകോടികൾപുണ്യസ്ഥലകോടികളിവ പാൎത്ത
ലത്തിങ്കലുണ്ടുപലതെന്നിരിക്കിലും * തീൎത്തുചൊല്ലീടാംശ്രീ
രംഗത്തിങ്കലുള്ളവിരജ തീൎത്ഥത്തില്ലതിറുകലയാലൊന്നിനൊ
വ്വാ * സ്വൈരിണീമുഖ്യയായ ചന്ദ്രകാന്തയുംമുന്നം ക്രൂരകൎമ്മ
ങ്ങളേറെച്ചെയ്താളെന്നിരിക്കിലും * ശ്രീരംഗസ്നാനമാത്രംകൊണ്ടു
പാപങ്ങൾനീങ്ങി സ്വൈരമേസത്യലോകംപ്രാപിച്ചീടിനാള
ല്ലോ * ദൃഷ്ടാന്തമിതുതന്നെ മൂഢന്മാൎക്കെല്ലാവൎക്കും ദിഷ്ടവാരി
ധേ ധരണീപതേ മഹാമതേ * പൂൎവ്വാൎത്ഥങ്ങളാമഗസ്ത്യാദിതങ്ങ
ളെക്കേട്ടു ഹൃഷ്ടനാം ഹരിശ്ചന്ദ്രനന്നേരം ചോദ്യംചെയ്താൻ * ദു
ഷ്ടയാംചന്ദ്രകാന്താമനന്തരത്താളുവും കഷ്ടനരകങ്ങളിൽ

പെട്ടകഷ്ടിച്ചിട്ടല്ലോ * പെട്ടന്നുദേഹാന്തരേകാവേരീസ്നാനമക
പ്പെട്ടതുമതെങ്ങിനെദൃഷ്ടാന്തമാകുന്നതും * പൃഷ്ടവാനായൊരു
മേസന്ദേഹംതീരുമാറി ന്നൊട്ടൊഴിയാതെയരുൾചെയ്യേണംമ
ഹാമുനേ * ധൃഷ്ടനാംനൃപശ്രേഷ്ഠൻതന്നുടെവാക്യംകേട്ടു തുഷ്ട
നായ്മുനീശ്വരനരുളിച്ചെയ്തിടിനാൻ * ദൃഷ്ടാന്തമിതുതന്നെ
കാവേരീപ്രഭാവത്തിന്നൊട്ടുമന്തരമില്ലകേട്ടുകൊണ്ടാലുംഭവാൻ *
വൈധവ്യംവന്നശേഷംകേശത്തെവളൎക്കയും ശ്വേതമല്ലാതെയു
ള്ളവസ്ത്രത്തെധരിക്കയും * ബോധവുംവൈരാഗ്യവുമില്ലാതെവ
ൎത്തിക്കയും സ്വോദരമെന്നുചെയ്തുംമൃഷ്ടമായ്പൂരിക്കയും * സാദരം
ചെയ്തുവിധിഹീനമാരായിമേവും കാതരമിഴിമാരുംപാംസുലമാ
രായോരും * നാഥസന്ത്യക്തമാരുംപ്രിയനുംഗുരുക്കൾക്കും പ്രാ
തികൂല്യേനമരുവീടുന്നനാരിമാരും * തന്നുടെബാന്ധവന്മാൎക്കിഷ്ട
മാരായുള്ളോരും വന്ധ്യനാംഭൎത്താവിനെനിന്ദിക്കുംദുഷ്ടമാരും *
ദുന്നയംബുദ്ധിയിങ്കലേറുന്നവാമമാരും ധന്യമാംപുണ്യതീൎത്ഥ
ജലത്തിൽകുളിക്കിലും * എന്നുമേശുദ്ധമാരായിടുകയില്ലനൂന
മെന്നല്ലാകല്പമേഴുമുഴുവൻകഴിവോളം * വൻനരകങ്ങളിരുവ
ത്തൊന്നുമനുഭവിച്ചനന്തരം നരകാഗ്നിജ്വാലാസന്തപ്തമാരാ
യ് * മന്നിടത്തിങ്കൽവന്നുപിറന്നുദാസിമാരായ് പിണ്ഡദാതാ
ക്കന്മാരാൽമൎദ്ദിക്കപ്പെട്ടെപ്പോഴും * കണ്ണാന്ത്യസ്ഥാനങ്ങളിൽ
കൃമിച്ചശുനികളായ് മുന്നൂറുകല്പകാലംജനിച്ചുമരിച്ചവർ * എ
ണ്ണമില്ലാതകീടയോനികളോരോന്നിലേ ബന്ധമുൾക്കൊണ്ടുപിറ
ന്നുഴന്നുചുഴന്നീടും * വന്നുകൂടുകയില്ലമോചനമവൎക്കെന്നും പി
ന്നെയുമിച്ചവാളാലീരുകെന്നതേയുള്ളു * മന്നവചന്ദ്രകാന്തയ
ങ്ങിനെയല്ലകേൾനീ മന്നംധൎമ്മജ്ഞാപതിപ്രിയയാംപതിവ്ര
താ * നന്നായശ്രാന്തംനിജഭൎത്തൃശുശ്രൂഷയുംചെയ്തന്നതഭക്തി
ശ്രദ്ധാസംപൂൎണ്ണയാകയാലേ * ശ്രീരംഗേതുലാമാസേകാവേരി
സ്നാനത്തിനും സാരമാഹാത്മ്യശ്ലോകമൊന്നിനെശ്രവിപ്പാനും *
യോഗംവന്നിതുപിന്നെസ്നാനപുണ്യത്താലുൽഭലോകപ്രാപ്തിയും
ദൃഢംവന്നിതെന്നറിഞ്ഞാലും * ഈവണ്ണമുള്ള മഹാപാപകാരി

ക്കെല്ലാവൎക്കും ഭൂവിനെപ്രദക്ഷിണംചെയ്കിലുംപ്രായശ്ചിത്തം *
കാവേരീതീൎത്ഥസ്നാനമെന്നിയില്ലെങ്ങുമൊന്നു മേവൎക്കുംസൎവ്വശു
ദ്ധിപ്രദമാമിടമെടോ * സഹ്യജാതീരത്തിങ്കൽപതിയെദ്വേ
ഷിക്കയും ഗൎഹ്യപാംസുലാധൎമ്മമാചരിക്കയുംചെയ്യും * മൂഢ്യ
ന്മാനസമാരാംനാരികൾനൂറുവൎഷം സഹ്യജാസ്നാനത്തെച്ചെയ്കി
ലുമില്ലൊരുഫലം * സഹ്യജല്ലാതെയുള്ളതീവ്രഃവേദനയാലേ ദ
ഹ്യമാനാന്തരംഗമാരായ്ക്കല്പങ്ങൾതോറും * മക്ഷികാദികളാ
യദൃഷ്ടജന്തുക്കളുംഗം ഭക്ഷിപ്പനരകത്തിൽകിടന്നുതപിച്ചീടും *
സപക്ഷേമമാഗ്രഹിച്ചിട്ടുള്ളവരൊരുത്തരുമിക്ഷിതിയിങ്കൽ വിശേ
ഷിച്ചുംകാവേരീതീരെ * കൎമ്മണാവാചാവിവാമനസാജ്ഞാന
പൂൎവ്വം കന്മഷകരംകൃത്യംചെയ്യരുതൊരുനാളും * ദുൎമ്മദംകൊ
ണ്ടുചെയ്യുംപാപവുമതുപോലെ നന്മയുംകാവേരീതീരത്തിലക്ഷ
യമല്ലോ * ദുഷ്കൃതമററുപുണ്യസ്ഥലത്തിൽചെയ്തുള്ളതിൻ നിഷ്കൃ
തിവിധിച്ചിരിക്കുന്നിതുകാവേരിയിൽ * പുഷ്കരാസനപുത്രീതീര
ത്തിൽനിന്നുചെയ്യും ദുഷ്കൎമ്മങ്ങൾക്കുംപുനരില്ലെങ്ങുംപ്രായശ്ചി
ത്തം * ആകയാൽസഹ്യപുത്രീതീരത്തിലിരിപ്പവരാകുന്നവ
ൎണ്ണംപുണ്യംതന്നെചെയ്യാവുനൂനം * ഏകദാപോലുംചിത്തചാ
ഞ്ചല്യംഭവിക്കരുതേകാന്തപഥ്യംമമവചനംസത്യംസത്യം *
കാവേരീദേവിയുടെദൎശനംകൊണ്ടുതന്നെ ധാവനംചെയ്യും
പാപംനിശ്ശേഷംദ്രുതതരം * പാവനതീൎത്ഥസ്നാനപാനാ
ദികൊണ്ടുള്ളതെന്താവതോ വൎണ്ണിപ്പതിന്നിനിക്കുംധരാപതേ *
ചിന്തനംകൊണ്ടുംപാനംകൊണ്ടുംദൎശനംകൊണ്ടും കിന്തുകീൎത്ത
നംകൊണ്ടുംസേവനംകൊണ്ടുമെല്ലാം * ഹന്തനീങ്ങീടുംപാപ
മുടനാമരണാന്തമെന്തുവാനിതിമിതെ വരുത്തുവാനുള്ളതോ
ൎത്താൽ * നൂറുകല്പവുംകുരുക്ഷേത്രത്തിൽതപസ്സുചെയ്തേറിനപു
ണ്യമുള്ളമാനുഷന്മാൎക്കുതന്നെ * ശ്രീരംഗേകാവേരിയിൽസ്നാന
വുംദാനങ്ങളും നേരോടേപിതൃക്കൾതൎപ്പണവുംസിദ്ധിച്ചീടൂ *
കാവേരീകല്യാണത്തെശ്രദ്ധയാപഠിപ്പോൎക്കും ദൈവയോഗേന
കേൾക്കുന്നോൎക്കുമനപായത്തിങ്കൽ * കൈവരാദാരിദ്ര്യവുമശുഭങ്ങ

ളുമെന്നും സർവ്വദാമേല്ക്കുമേലെവളരുംകല്യാണവും * മാഹാത്മ്യം
കേട്ടുപൌരാണികനെപ്പൂജിപ്പവൻ മാഹാത്മ്യംചൊല്ലാവത
ല്ലിനിക്കുംഗോവിന്ദനം * തൌലിസംക്രമംതൊട്ടുനിത്യവുംകാ
വേരിയിൽ കാലേമജ്ജനംചെയ്തുവിധിക്കുതക്കവണ്ണം * പുഷ്പ
ഗന്ധാക്ഷതാദിപൂജാസാധനങ്ങളാൽ ചൊല്ലൊങ്ങുംപൌരാ
ണികൻതന്നെപ്പൂജിച്ചുതുഷ്ട്യാ * സ്വല്പവുമസൂയയുണ്ടാകാതെ
മാഹാത്മ്യവുമുൾപ്പൂവിൽശ്രദ്ധയോടുംകേൾക്കേണംബുധജ
നം * ലോഭത്താൽപൌരാണികൻതന്നെയാദരിയാതെ പാ
പചേതസ്സായവമാനിച്ചീടുന്നമർത്ത്യൻ * നിർജ്ജനേഭയങ്കരേരു
ഗ്ദ്രുമേമഹാരണ്യേ നിശ്ചയംബ്രഹ്മരക്ഷസ്സായിട്ടുഭവിച്ചീടും *
കോവിദന്മാരിലഗ്രഗണ്യനാംശേഷൻതന്നെ യാവോളംശ്രവി
ച്ചീടിലായിരംമുഖംകൊണ്ടും * കാവേരീദിവ്യമാഹാത്മ്യംത
ന്നെവർണ്ണിപ്പതിന്നാവതാം നൂറുകല്പംകൊണ്ടെന്നെന്നുടെമതം *
ആകയാൽശേഷൻതന്നെധർമ്മവാചകനിവ നാകുന്നതെന്നുസ
ങ്കല്പിച്ചുപൂജിച്ചീടേണം * ആശുതഫലപ്രദമിമ്മഹാവ്രതമല്ലെ
ന്നാകിലോ ഫലിക്കയില്ലെന്നതുധരിച്ചാലും *രാജസൂയാതിയത
വ്രതധർമ്മാദ്യങ്ങളും വ്യാജവർജ്ജിതംചെയ്യുംതപസ്സുമെന്നിതെ
ല്ലാം * കാവേരികീർത്തിപാഠകലകൾപതിനാറിൽ കേവലമൊ
ന്നിനോടുസമമല്ലറിഞ്ഞാലും * പുണ്യരൂപിണിയായകാവേരീ
സ്നാനംചെയ്യും പുണ്യപൂരുഷൻമുക്തൻസന്ദേഹമില്ലേതുമേ *
സഹ്യനന്ദിനിയുടെമഹിമലേശമെത്രേ മഹ്യധിപതേസൂചിപ്പി
ച്ചിതുഞാനുമിപ്പോൾ * പതിനായിരംകല്പംകൊണ്ടുമാകവേ
ചൊൽവാൻമതിയാമവനുണ്ടോകേൾപ്പാനുംജഗത്രയേ * പെ
രികജന്മങ്ങളിൽദുഃഖിച്ചപൂരുഷനു കരുണാശാലിയായഗോവി
ന്ദനനുഗ്രഹം * വരികിൽകാവേരിമാഹാത്മ്യത്തെശ്രവിപ്പാനും
ഹരിപൂജയ്ക്കുംയോഗംവരുമെന്നറിഞ്ഞാലും * ധർമ്മനന്ദനനേ
വംകാവേരിമാഹാത്മ്യത്തെ ധൌമ്യമാമുനികനിഞ്ഞരുൾചെയ്ത
തുകേട്ടു * കണ്മിഴിയിണയിൽനിന്നാനന്ദാശ്രുക്കൾ പൊഴിച്ചമ്മു
നീശ്വരൻതന്നെപ്പൂജിച്ചുഭക്തിപൂർവ്വം * നിർമ്മലഹാരാംഗദകട
കാംഗുലീയങ്ങളും ചരകടിസൂത്രമുഖ്യാലംകാരങ്ങളും * വെണ്മയി
ലണിയിച്ചന്തോളങ്ങളിലേറിച്ചുററും ബ്രഹ്മജ്ഞതപസ്വിവാദംമുഴ
ങ്ങുംവണ്ണംമുദാ * ചെമ്മേവെഞ്ചാമരംതാനെടുത്തുവീയി മന്ദമ
മ്മഹാപുരപ്രദക്ഷിണവുംചെയ്തശേഷം * ധർമ്മജ്ഞൻരത്നസിം
ഹാസനത്തിലിരുത്തി തൻധർമ്മദാരങ്ങളോടുംവന്ദിച്ചപാദാംബു
ജം * തന്മതമറിഞ്ഞുചെയ്യുന്നസോദരരോടും സമ്മദംപൂണ്ടുപു

കഴ്ത്തിടിനാൻസഗൽഗദം * എന്നാൽവൈകാതെനീയുംകാവേ
രിസ്നാനത്തിനായ് ചെന്നാലുംതത്രസ്നാനംചെയ്തുവിപ്രന്മാൎക്കെ
ല്ലാം * പൊന്നുമന്നവുംവസ്ത്രംവെള്ളരെദാനംചെയ്തു ചന്ദ്രപത്മി
നിയിലുംമജ്ജനംചെയ്തുപിന്നെ * ധന്യമാംശ്രീരംഗമാഹാത്മ്യ
വുംകേട്ടുതത്ര മന്നിലുമ്പക്ദാനംവെള്ളരെചെയ്തുകൂപ്പി * പി
ന്നെപ്പോയ്സൎവ്വാഭീഷ്ടപ്രദനാംശ്രീരംഗേശൻതന്നെ വന്ദിച്ചഭി
വ്യസ്തോത്രത്താൽസ്തുതിചെയ്തു * തന്നുടെയഭീഷ്ടവുംപ്രാൎത്ഥിച്ചു
വിശേഷിച്ചും മന്നവകാവേരീമാഹാത്മ്യവുംപഠിച്ചഥ * ത
ത്രൈവത്രിരാത്രംവാണെത്രയുംപവിത്രനാം യത്രവനാശ്വമേധ
സത്രവുംചെയ്തുഭവാൻ * പത്രിപത്രൻകൃപാപാത്രമായ് ശ
ത്രുസത്രചിത്രഭാനുവായ്ച്ചക്രവൎത്തിയായ്മിത്രഗോത്രേ * പുത്ര
പൌത്രാമാത്യമിത്രങ്ങളോടൊത്തു പത്മപത്രനേത്രയാംകളത്ര
ത്തോടുംയഥാസുഖം * വൃത്രശാത്രവൻത്രിവിഷ്ടപത്തിലെന്നപോ
ലെ ഗോത്രയാൽഗോത്രഗോത്രാത്രിദശത്രാണംചെയ്തു * വൎദ്ധി
പ്പിച്ചുത്രിലോകേകീൎത്തിയുമജ്ഞനെക ച്ഛത്രനായ്മുദാകൃതകൃ
ത്യനായ്ഭവിച്ചാലും * സിദ്ധാഗ്രഗണ്യനായോരഗസ്ത്യനരുൾ
ചെയ്തസിദ്ധാന്തധൎമ്മങ്ങളെശ്രവിച്ചുഹരിശ്ചന്ദ്രൻ * സിദ്ധാന
ന്ദാതിരേകാലശ്രുക്കൾപൊഴിച്ചുടനത്ഥായനമസ്കരിച്ചിടിനാൻ
മുഹുൎമ്മുഹുഃ * ഗന്ധപുഷ്പാദ്യങ്ങളെക്കൊണ്ടുപൂജിച്ചുഭക്ത്യാബന്ധു
രശ്രീപാദാബ്ജേവീണുവന്ദിച്ചുവീണ്ടും * അന്തരാകൃതാൎത്ഥനായ്വി
നയത്തോടഞ്ജലിബന്ധവുംപൂണ്ടുപുനരിതിനേയുണൎത്തിച്ചാൻ *
നിന്തിരുവടിതന്നെയവിടെക്കെഴുന്നെള്ളി ച്ചിന്തയിലെഴുന്നുള്ള
കാരുണ്യപൂൎത്തിനാൽ * അന്ധനാമടിയനിന്നറിവാൻതക്കവ
ണ്ണമെൻതമ്പുരാനേധൎമ്മങ്ങളിച്ചൊല്ലുകയാലേ * ഹന്തഞാൻ
കൃതാൎത്ഥനായ്ശുദ്ധനായ്വന്നേനഹോ സന്ധിച്ചുമമജന്മസാഫ
ല്യമ്മഹാമുനേ * എൻതപസ്സിന്നുമിന്നുസാഫല്യംവന്നുകൂടി
കിന്തുസാഫല്യംവന്നുമാമകവ്രതങ്ങൾക്കും * സംതൃപ്തന്മാരായ്വ
ന്നിതിന്നുമൽപിതൃക്കളും. സന്തതംസഫലതപംഭവിച്ചുകുലത്തി
നും * പണ്ടേജന്മത്തിൽമഹൽപൂജനംചെയ്തേൻ ദൃഢംകൊ
ണ്ടാടിപ്പലതീൎത്ഥസേവയുംചെയ്തീടിനേൻ * ഉണ്ടോസത്സം
ഗംലഭിച്ചീടുന്നിതല്പാത്മാക്കളിലിന്നുണ്ടോ സല്പുഥകേൾപ്പാൻയോ
ഗവുംവരുംപാൎത്താൽ * പുണ്ഡരീകാക്ഷനായഭഗവാൻഭ
ക്തിയോഗം കൊണ്ടേവേഗത്തിൽപ്രസാദിച്ചീടുസമസ്ത
ൎക്കും * ഇഷ്ടാപൂൎത്താദിധൎമ്മാനുഷ്ഠാനംകൊണ്ടുതന്നെ വാഷ്ടര
ത്ര്യവസ്സിന്റെചരിത്രംകേൾക്കായതും * പെട്ടെന്നുകാവേരീമാ

ഹാത്മ്യമിന്നഹോ കേൾക്കപ്പെട്ടിതു ചിത്രംചിത്രംസാധുസംഗ
തിയാലെ * സത്സംഗംതന്നെ പാപഭീരുവാംവിദ്വജ്ജനമ
ത്സുകത്തോടനചെയ്തീടേണ്ടതുസദാകാലം * സത്സംഗംലഭിക്കി
ലോസംസാരപാരാവാരം വത്സത്തിൻപദത്തോടുതുല്യമെന്നതു
നൂനം * കാവേരിസ്നാനംദാനംസൽക്കഥാശ്രവണവും ഗോവി
ന്ദപ്രീതിക്കുള്ളമുഖ്യസാധനംധ്രുവം * പാവനതപോയോഗദാ
നാദികൊണ്ടു വാസുദേവനവ്വണ്ണംപ്രസാദിക്കയില്ലൊരുവൎക്കും *
സഹിച്ചുകൂടാതെയുള്ളാപത്തുവന്നീടിലും മഹൽസംസൎഗ്ഗംത
ന്നെചെയ്യേണംബുധജനം * സാധുസംഗമംതന്നെസംസാര
രോഗത്തിന്നു സാധുവാംമഹൌഷധംമറെറാന്നില്ലതുപോലെ *
മൃച്ഛിലാമയന്മാരായുള്ളോരുദേവന്മാരും സ്വച്ഛതകലൎന്നുള്ളോര
മ്മയതീൎത്ഥങ്ങളും * നിശ്ചയംകാലംകൊണ്ടുശുദ്ധിനല്കീടുംപി
ന്നെ നിശ്ചലാത്മകന്മാരാംസാധുക്കളെന്നാകിലൊ * കണ്ടതുമാ
ത്രംകൊണ്ടേനൽകീടുമനുഗ്രഹ മുണ്ടതുകൊണ്ടുഭേദമെന്നതു
ചൊല്ലേണമൊ * പ്രാകൃതൻസംസാരിയജ്ഞാനിയാമിനിക്കി
ന്നവ്യാകൃതസ്വരൂപനാം നിന്തിരുവടിതന്നെ * കണ്ടുകിട്ടിയ
തോൎക്കിൽപണ്ടുചെയ്തോരുപുണ്യംകൊണ്ടേ നിൎണ്ണയമിപ്പോളു
ണ്ടായസത്സംഗത്താൽ * നിൎണ്ണയംകൃതാൎത്ഥനായ്വന്നുഞാൻ
സംസാരമാമൎണ്ണവത്തെയുംകടന്നീടിനേൻസൎവ്വാത്മനാ * അ
ൎണ്ണോജവിലോചനചരിതംകാവേരിതൻ പുണ്യമാഹാത്മ്യംകേ
ൾപ്പാൻസംഗതിവന്നിതല്ലോ * സമസ്തയജ്ഞങ്ങളുംസമസ്ത
ധൎമ്മങ്ങളും സമസ്തനിഗമങ്ങൾസമസ്തതീൎത്ഥങ്ങളും * ഇവിട
ത്തന്നെദ്ധ്വംഗോവിന്ദകഥാമൃതശ്രവണത്തിന്നുയോഗംവന്നതു
നിമിത്തമായ് * ആനന്ദാശ്രുക്കളോടുംമന്ദമിങ്ങിനെചൊല്ലിഭാ
നുവംശത്തിൻമകുടാഫലമാംഹരിശ്ചന്ദ്രൻ * മാനനീയന്മാ
രിൽവെച്ചാദ്യനാംമുനീന്ദ്രനെ മാനിച്ചുഗന്ധപുഷ്പധൂപദീപാദി
കൊണ്ടും * പതിനായിരംസ്വൎണ്ണപുഷ്പങ്ങൾകൊണ്ടുംയഥാവി
ധി പൂജനംചെയ്തവണ്ണങ്ങിഭക്തിപൂൎവ്വം * അധികംസന്തുഷ്ട
നായഗസ്ത്യമുനീന്ദ്രനും പൃഥിവീപതിക്കാശീൎവ്വാദവുംചെയ്തീ
ടിനാൻ * മററുംമാമുനിമാരെമുററുംവന്ദിച്ചുകനിഞ്ഞുററവരരു
ളിനോരാശിസ്സുമനുജ്ഞയും * കുററമെന്നിയെവാങ്ങിച്ചെററും
താമസിയാതെപററലർകുലകാലൻ കൊററവൻഹരിശ്ചന്ദ്രൻ *
ചിററംചഞ്ചമ്മേകലൎന്നാററമില്ലാതസൈന്യം ചുററുംചൂഴവേ
തേരിൽതെററെന്നുകരേറിനാൻ * തേററമുൾക്കൊണ്ടീടുമാരൂററ
മാംവാദ്യഘോഷാലേററവും പത്തുദിക്കുംമാറെറാലികൊണ്ടുത

ദാ * ഏകോനത്രിംശാദ്ധ്യായംകഴിഞ്ഞിതിന്നുംകേൾപ്പാനേ കാന്തശ്രദ്ധയുണ്ടെന്നാകയാൽചൊല്ലീടുവൻ * * *

---

## ത്രിംശോദ്ധ്യായഃ- പ്രാരംഭഃ

---

ശ്രീരംഗനാഥശ്രീപാദാംബുജംകണ്ടുകൊൾവാൻ ഭൂരി കൌതുകശ്രദ്ധാഭക്തികളുൾക്കൊണ്ടവൻ * പാരാതെപുറപ്പെട്ടുകടന്നുചെല്ലുന്നേരമോരോരോജനപദംകാണാഉന്നിതുമുദാ * ധർമ്മിഷ്ഠന്മാരായ്നിജകർമ്മനിഷ്ഠന്മാരായ സന്മഹീസുരക്ഷത്രവൈശ്യശൂദ്രാദിയോടും * സമ്മതമായപൂർണ്ണകുംഭവുംഫലങ്ങളും സമ്മദസമന്വിതംകൊണ്ടുവന്നെതിരേററു * സന്മുഖ്യന്മാരാം മഹാബ്രാഹ്മണശ്രേഷ്ഠന്മാരാൽ സമ്മാനപൂർവ്വമഭിനന്ദിതനായെങ്ങുമേ * ചെമ്മേദേശങ്ങൾപലവുംകടന്നങ്ങു ചെന്നാനമ്മഹാഭാഗ്യശാലികാവേരിപുണ്യതീരെ * സർവ്വതീർത്ഥങ്ങളോടുമൈത്രയുംമനോജ്ഞയായ് പർവ്വശീതാംശുസ്വച്ഛവാലുകാശോഭാഢ്യയായ് * സാരസഹംസസമാകുലയായ്വീചീലോല്ലലസാരസസൌഗന്ധികകുമുദസംകീർണ്ണയായ് * പുണ്യക്ഷേത്രോല്യത്തടദ്വയിയായ്മഹാമുനിപുണ്യാശ്രമൌഘനിരന്തരിതപ്രതീരയായ് * ദേവർഷിഗണത്താലുമപ്സരോവർഗ്ഗത്താലും സേവിക്കപ്പെട്ടപുരുഷാർത്ഥൈകപ്രദാത്രിയായ് * ശ്രീരംഗേശാംഘ്രിപത്മപവിത്രീകൃതപുണ്യനീരയായ്നാളികേരക്രമുകവനാഢ്യയായ് * ദിവ്യാമ്രപനസസംഛന്നതീരയായ്നാനാനവ്യപല്ലവപുഷ്പഫലവൃക്ഷോപേതയായ് * സമസ്തജഗന്നമസ്കൃതയായ്മഹോത്സവസമൃദ്ധ്യന്മഹാജനപൂർണ്ണയായ്വിളങ്ങീടും * ദക്ഷിണഗംഗയായകാവേരിതന്നെക്കണ്ടു തൽക്ഷണേനമഹാപാപനാശനേമഹാതീർത്ഥേ * സ്നാനവുംചെയ്തുസദ്യഃസ്വച്ഛമാംപുണ്യതീർത്ഥപാനവുംചെയ്താൻമഹാരാജനാംഹരിശ്ചന്ദ്രൻ * തർപ്പണംചെയ്തുപിതൃദേവതകളെദ്ധർമ്മതല്പരാത്മനാസ്നാനദാനവൈഭവത്തിനാൽ * ദേവർഷിപിതൃസമുദായങ്ങളുടെകടം മൂവകയോടുമുടൻവേർചെട്ടുവിശുദ്ധനായ് * കുംഭജനരുൾചെയ്തതൊക്കെയുംചെയ്തുരമാകുംഭിനീധവൻരംഗശായിനംകണ്ടുകൂപ്പി * കുംഭിനീസുരക്കന്നവസ്ത്രസ്വർണ്ണാദിനല്കിക്കുംഭിനീപാലരത്നംസമ്പൂർണ്ണമനസ്സോടും * ഗോപുരപ്രാകാരമണ്ഡപങ്ങളനേകധാ ശോഭനമാകുംവണ്ണംചമച്ചവിളംബം * തത്രത്യന്മാരാംമഹാബ്രാഹ്മണരേയുംപൂജിച്ചുത്ത

മൻവന്ദിച്ചാശീൎവ്വാദവുംവാങ്ങിക്കൊണ്ടു * നിസ്തുലഭിവ്യൈശ്വ
ൎയ്യംകണ്ടുവിസ്മയംപൂണ്ടു വിദ്രുതംപുറപ്പെട്ടുകുരുക്ഷേത്രത്തിൽവ
ന്നു * ഭക്ത്യാമാമുനിമാരെവണങ്ങീടിനാൻനൃപസത്തമനാശീ
ൎവ്വാദംചെയ്തിതുമുനീന്ദ്രരും * ചിത്താനന്ദേനപിന്നെശ്ശൌനകാ
ദികൾകൃതകൃത്യനാംഹരിശ്ചന്ദ്രരാജേന്ദ്രനെക്കൊണ്ടു * സ
ത്വരംചെയ്യിപ്പിച്ചാരശ്വമേധാഖ്യയാ യോരദ്ധ്വരമ്മഹത്തരം
ശാസ്ത്രോക്തവിധിയാലെ * പൃഥ്വീശൻപത്നിയോടുംദീക്ഷിച്ചു
ഹയമേധസത്രവുമാരംഭിച്ചുവൈഷ്ണവന്യായത്തിനാൽ * ഇത്രി
ലോകത്തെച്ചമച്ചോരുപത്മജൻകാഞ്ചീ. പത്തനേപുരാപ്രയാഗ
ത്തിലുമെന്നപോലെ * പൃഥ്വീദേവോത്തംസാഗസ്ത്യാദിയാജ
കന്മാരു മുത്തമോത്തമമായയജ്ഞനംയജിപ്പിച്ചാർ * ഇത്ഥംപ
ണ്ടൊരുയാഗമുണ്ടായില്ലെന്നിങ്ങിനെ പൃഥ്വീവാസികളെല്ലാം
ചൊല്ലുമാറത്യുൽക്കടം * വൃത്രനാശനനായസുത്രാമാവെന്ന
പോലെസപ്തമേധാഖ്യമഹാസത്രവുംചെയ്തുനൃപൻ*ഋത്വിഗാ
ദികൾക്കെല്ലാംദക്ഷിണചെയ്തുപത്നിയുക്തനായവഭൃഥസ്നാനവും
ചെയ്തീടിനാൻ * കൃതദാനവുംചലവെത്രയുംകൃതാൎത്ഥനായ്
സ്വസ്ഥനായ്ശോഭിച്ചിതുരാകാചന്ദ്രനെപ്പോലെ * മൎത്ത്യേ
ന്ദ്രൻപിന്നഭുഗ്നകുംഭജന്മാദ്യന്മാരേ നത്വാഭൂയോപിഭൂയോദിവ്യാ
ശീൎവ്വാദങ്ങളും * ലബ്ധ്വാപിപ്രദക്ഷിണംകൃത്വാദിവ്യാലങ്കാരവ
സ്ത്രാദികൊണ്ടുപൂജിച്ചുൾത്തളിരലിയിച്ചു * മുക്താഗ്രഗണ്യ
ന്മാരാമവരോടനുജ്ഞയു മത്യന്താനുഗ്രഹമാനപൂൎവ്വകംവാങ്ങിക്കൊ
ണ്ടു * മുക്താന്മാവാശ്വോദംസാധ്യവിശ്ലേഷംനിരൂപിച്ചു മുഗ്ദ്ധപ്ര
ജ്ഞയാഹരിശ്ചന്ദ്രഃമഹീന്ദ്രചന്ദ്രൻ * അത്യന്തംമുഴക്കിനവാദ്യ
ഘോഷത്തെക്കൊണ്ടു പത്തുദിക്കുകളെങ്ങുമ്മാറൊലികൊള്ളുംവ
ണ്ണം * മുഗ്ദ്ധകുണ്ഡലകിരീടാംഗദകടീസൂത്രമുക്താഹാരാംഗുലീ
യകടകാദികൾപൂണ്ടു * ഹസ്ത്യശ്വപത്തിരഥാദികളാംസൈന്യ
ത്തിനാലബ്ധിമേഖലയെങ്ങുമാച്ഛാദിച്ചനൃഗ്ഗളും * പ്രസ്ഥാനം
ചെയ്തുചെന്നുനവ്യാലങ്കാരങ്ങളാ ലത്രൈവവന്നീടിനോരമരാവ
തിപോലെ * ചിത്രശോഭമാമയോദ്ധ്യാപുരംപുക്കതൻറെപുത്ര
മിത്രാദിയോടുംസുഖിച്ചുവാണീടിനാൻ * കാഃവരീപാണിഗ്രഹ
മംഗലമിതുകേൾക്കിലേവർക്കുംമഹാപാപമെപ്പേരുമകന്നുപോം *
ഭാൎഗ്ഗവവാരത്തിങ്കൽശ്രവിക്കിൽപുത്രപൌത്ര ഭാഗ്യസൌഭാഗ്യാ
രോഗ്യസമ്പത്തുഭവിച്ചിടും * ഭൎത്താവിനാരോഗ്യംകാംക്ഷിണി
യാനാരികേൾക്കിൽ ഭൎത്തൃസൌഖ്യാദിസൎവ്വാഭീഷ്ടവുംലഭിച്ചി
ടും * അസ്മന്മാർപംഗുക്കളുംരുഗ്ണന്മാർദരിദ്രന്മാരെന്തുപാപം

ചെയ്യവരെങ്കിലുംകാവേരിതൻ * ഉല്പത്തികല്യാണവുംശ്രവി
ക്കിൽദുഃഖംനീങ്ങിയത്ഭുതംപരിശുദ്ധന്മാരായ്വന്നീടുംധ്രുവം * പ
തിതന്മാരുമതിപാപികളായുള്ളോരും വിധിനാചാന്ദ്രായണമ
പ്യാനുഷ്ഠാനംവിനാ * ഏതദദ്ധ്യായമാത്രംപഠിക്കിൽപാപ
ങ്ങൾപോയ് പൂതന്മാരായ്വന്നീടുമെന്നതുധരിച്ചാലും * വേദപാ
ഠവുംഹോമന്തപസ്സുംദാനങ്ങളുമേതുമില്ലെന്നാകിലും ഭക്തിശ്ര
ദ്ധകളോടും * കാവേരീമാഹാത്മ്യത്തെശ്രവിക്കുംമഹാഭാഗൻ
ദേവന്മാരാലുംപൂജ്യനായ്വരുമെന്നുനൂനം * ഗർഭിണികേൾക്കുന്നാ
കിൽശിഷ്ടനായ്കീർത്തിമാനാം മൽകനുണ്ടായ്വരുംസന്ദേഹമില്ലേതു
മേ * ഭക്താഗ്രഗണ്യൻഭവാനെന്നോടുചോദിക്കയാലുക്തമായി
തുമയാരാജേന്ദ്രശിഖാമണേ * തീർത്ഥസേവാദിയൊന്നുംകൂടാതെ
മരുദ്വൃധാകീർത്തികീർത്തനത്തിനാകർണ്ണനംകൊണ്ടുതന്നെ * ഭു
ക്തിമുക്തികൾകരസ്ഥകളായ്വന്നിതെന്നേ ചിത്രമേഭവാന്മഹാ
സുകൃതിമഹീപതേ * ഭുക്തിമുക്തികൾക്കുള്ളസാധനംരണ്ടുത
ന്നെയിത്രിലോകത്തില്പിന്നെമറ്റൊന്നില്ലതുപോലെ * ഗോവി
ന്ദകഥാമൃതാകർണ്ണനമെന്നുപിന്നെ കാവേരീമാഹാത്മ്യത്തെശ്രു
വിക്കെന്നതുംതഥാ * എന്നിവരണ്ടുമെന്നിദുഃഖങ്ങൾപോക്കീട്ടു
വാനൊന്നുമില്ലൊരേടത്തുമെന്നതുധരിച്ചാലും * വൈകാതെയ
നന്യസാധാരണസമ്പത്തുകൾ വൈകുണ്ഠപ്രാപ്തിയന്ത്യത്തിങ്ക
ലുംവേണ്ടുന്നവർ * കാവേരീദേവിതന്നെസ്മരിച്ചീടേണംവാസു
ദേവനെയെന്നാകിലുമ്മനസ്സിൽസാർവ്വകാലം * അച്യുതാനന്ത
ഗോവിന്ദോപേന്ദ്രനാരായണ സച്ചിദാനന്ദരൂപേകാവേരിയെ
ന്നിങ്ങിനെ * ജപിക്കെന്നിയേകലിയുഗത്തിലൊരുവർക്കു ന്തപ
സ്സെന്നതുനാസ്തിനാസ്ത്യേവമഹാമതേ * കാവേരീമാഹാത്മ്യമാ
ന്തന്നുടെമാഹാത്മ്യത്തെ പ്പാവനാത്മനാകേൾക്കുന്നവർക്കുകൃപ
യാലെ * സർവ്വാഭീഷ്ടവുംപ്രദാനംചെയ്യുന്നാരായണൻ സർവ്വലോ
കൈകനാഥൻഭൂമീന്ദ്രതിലകമേ * ഇങ്ങിനെമഹായോഗികരു
ണാലുവാംദാല്ഭ്യന്മാംഗലപ്രദങ്ങളാം സദ്ധർമ്മങ്ങളെയെല്ലാം * ധ
ർമ്മിഷ്ഠന്മാരിൽശ്രേഷ്ഠനായ്മെഴുംചോളൻ ധർമ്മവർമ്മാവിന്നുപദേ
ശിച്ചുസസമ്മദം * എഴുന്നെള്ളുവാൻതുടങ്ങുന്നേരംനൃപനുള്ളി
ലെഴുന്നഭക്തിശ്രദ്ധാപൂർണ്ണനായ്കൃതാർത്ഥനായ് * ഗോവിന്ദന്തി
രുവടിവൈഭവമഹാത്ഭുതം കാവേരീമാഹാത്മ്യംകേട്ടാനന്ദാ
ശ്രുക്കളോടും * ഗന്ധപുഷ്പാക്ഷതാദികൊണ്ടുംരത്നങ്ങൾകൊണ്ടും
ഹന്താനർഘങ്ങളായഭൂഷണങ്ങളെക്കൊണ്ടും * പൂജിച്ചുനമസ്ക
രിച്ചീടിനാൻപുനഃപുനഃ പൂജനീയനാന്ദാല്ഭ്യശ്രീപാദാംബുജംഭ

കൃത്വാ * തൊഴുതുതൊഴുതേററംവിനയത്തോടമ്മുനിയെഴു
ന്നെള്ളുന്നതോൎത്തുകാതരമനസ്സോടും * ഭാഗവതന്മാരിൽവെ
ച്ചാദ്യനാന്ദാഭ്യനോടു ഭാഗധേയാംഭോനിധിയീവണ്ണമുണ്ണത്തി
ച്ചാൻ * ഇന്നല്ലോസഫലമായ്വന്നുമാമകജന്മമിന്നല്ലോവന്നു
സാഫല്യമ്മമവംശത്തിനും * ഇന്നല്ലോതൃപ്തന്മാരായ്ഭവിച്ചു
പിതൃക്കളുമിന്നല്ലോതുഷ്ടന്മാരായ്ദേവകൾമുനിമാരും * ഒന്നിലു
മപെക്ഷയില്ലാതനിന്തിരുവടി മന്ദനാമടിയന്റെമന്ദിരെയെഴു
ന്നെള്ളി * എന്നുമെകടന്നുകൂടാതൊരുഭവാൎണ്ണവമ്മന്ദമെന്നിയേ
കടന്നീടുവാനുപായമാം * ഇന്ദിരാനാഥപ്രിയധൎമ്മങ്ങളുപദേ
ശിച്ചിന്നടിയനെകൃതകൃത്യനാക്കിയതോൎത്താൽ * ധൎമ്മിഷ്ഠശ്രേ
ഷ്ഠനഹമിങ്ങിനെയുള്ള യുഷ്മത്സമ്മതനായിഹരിചരിതംകേട്ടേ
നെല്ലോ * ത്വന്മുഖോൽഗളിതമാംഗോവിന്ദകഥാമൃതംജന്മി
നാംഭക്തിമുക്തിദായകംപാനഞ്ചെയ്തി * ട്ടെന്മനസ്സിങ്കൽതൃപ്തി
വന്നതില്ലേതുംവിഭൊ ബ്രഹ്മജ്ഞന്മാരിലഗ്രഗണ്യനാംതപോനി
ധെ * കന്മഷാഹരംകലിനാശനംമഹാത്ഭുതംബ്രഹ്മജകാവെരി
തന്മാഹാത്മ്യന്തന്നെയിന്നും * ചെമ്മെവൎണ്ണിപ്പാന്തിരുവുള്ളമു
ണ്ടായിടേണംമെന്മേലേതച്ചരിത്രാകൎണ്ണനഞ്ചെയ്തതന്നെ * നി
ൎമ്മലംവിഷ്ണുപദം പ്രാപിക്കായ്വന്നിടെണമെന്നതിന്നനുഗ്രഹന
ൽകേണമാദയാനിധെ * ധൎമ്മവൎമ്മാവീവണ്ണംപ്രാൎത്ഥിച്ചുവന്ദി
ച്ചപ്പോളമ്മുനീന്ദ്രനുമേററംപ്രസന്നഹൃദയനായ് * അംബുജ
ന്തൊഴുന്നതൃക്കൈകൾകൊണ്ടെഴുനില്പിച്ചമ്മന്നനോടുചിരിച്ചരു
ളിചെയ്തീടിനാൻ * ബ്രഹ്മണ്യോത്തമധൎമ്മനിഷ്ഠനാംനിങ്കൽത
ന്നെയിമ്മൂന്നുലോകത്തിങ്കലുള്ളവരെല്ലാരെക്കാൾ * ചിന്മയൻ
ജഗന്മയൻഭഗവാന്നാരായണൻകൺമുനകൃപാപൂൎണ്ണമരുളീടിനാ
ൻദൃഢം * അംബുജേക്ഷണകഥാശ്രവണത്തിങ്കലല്ലോവേണ്മ
കോലുന്നൊരുള്ളമുറച്ചമഹാത്ഭുതം * അംബുധിപുത്രീപതികാ
രുണ്യംലഭിയാഞ്ഞിട്ടിമ്മഹാസംസാരചക്രത്തിങ്കൽഭ്രമിപ്പതും *
കന്മഷത്തിങ്കൽതന്നെമുഴുകുംസദാകാലം തന്മനൊവൃത്തിനാനാ
വാസനാവശത്തിനാൽ * സൽകൎമ്മില്ലാഞ്ഞകൃത്യത്തെചെയ്തിട്ടു
ചിലജനംസൽകൎമ്മിനാൽമദമൂണ്ടുദുഷ്ക്കൎമ്മഞ്ചെയ്തുംചിലർ * ദു
ൎമ്മോഹസംസാരസാഗരത്തിൽമുങ്ങിമുങ്ങിജന്മജന്മങ്ങൾതോറും
സന്തപിച്ചുഴലുന്നു * അംബുജനാഭന്തന്റെകാരുണ്യമുണ്ടാകു
മ്പോൾസമ്യൿസമ്പന്നോപിവാദരിദ്രനെന്നാകിലും * സമ്മദം
കലൎന്നുസത്സംസൎഗ്ഗത്തിങ്കൽതന്നെസമ്മുഖനായ്വന്നീടും സൎവ്വദാ
സൎവ്വാത്മനാ * ഉണ്മയിങ്ങിനെസാവധാനമനാമഹീപന്തന്നു

യെന്തതിന്നീതെ വരുവാനൊന്നുള്ളതും * സമ്മതേകൃതകൃത്യനാ
യിതുഭവാനെടോ സമ്മതംമമവാക്യംകേട്ടാലുംഖേദിക്കേണ്ടാ *
പിന്നെഞാനിതുപോന്നുപന്നഗശായിയുടെ പുണ്യമാംകഥാമൃ
തംനിന്നോടുചൊല്ലീടുവൻ * വന്നീടുത്തിതുമഹാപുണ്യമാമ
ദ്ധോദയംമന്നവ പഞ്ചമഹാപാതകവിനാശനം * ഉന്നനഫ
ലന്നൽകുംസ്നാനദാനാദ്യങ്ങളാൽ നന്നേററം പുഷ്യമാസേധന്യ
മാംപുണ്യകാലം * എന്നിവണ്ണമേമുനിയരുളിച്ചെയ്തുകേട്ടവന്നൊ
രാനന്ദമുൾക്കൊണ്ടനേരംനൃപോത്തമൻ * വന്ദിച്ചുമുനിശേഖര
നന്നോടുചോദ്യംചെയ്താനെന്നാകിലദ്ധോദയലക്ഷണം മാ
ഹാത്മ്യവും * ഇന്നരുൾചെയ്തീടേണംശ്രീപാദദാസനായോരെ
ന്നോടുമഹാമുനേകാരുണ്യവാരാന്നിധെ * ശ്ലാഘ്യമാഞ്ചൊദ്യം
കേട്ടാശ്ചര്യമരുൾചെയ്താൻ കേൾക്കനീയെന്നാകിലൊധരിത്രീ
പതിമൌലെ * അൎക്കചാന്ദ്രദ്ധോദയമാഹാത്മ്യഞ്ചൊല്ലാവതു
മോക്കിൽബ്രഹ്മാവുതന്നെയാകല്ലംചൊല്ലീടിലാം * തിരുവോ
ണത്തിന്മദ്ധ്യഭാഗവും വ്യതീപാതചരമഭാഗമമാവാസ്യതന്നാ
ദ്യാംശവും * ഒരുമിച്ചഹസ്കരനുദയത്തോടുചേന്നുതരണിവാര
ത്തിങ്കൽവരികിലദ്ധോദയം *കരുതീടിവയെല്ലാംപരിചോടൊ
ത്തുശശധരവാസരത്തിൽവന്നീടുകിൽമഹോദയം * ചൊല്ലേറു
ള്ളമദ്ധോദയംകോടിയജ്ഞത്തിൻഫലംവിഖ്യാതസർവ്വതീൎത്ഥസ്നാ
നത്തിൻഫലത്തെയും * ഒക്കവേനൽകുംപുണ്യകാലങ്ങളെല്ലാ
ററിലുംമുഖ്യമെത്രയുമ്മഹോദയവുമവ്വണ്ണമെ * പഞ്ചമപാപ
ഞ്ചെയ്തുള്ളവനെന്നിരിക്കിലുമഞ്ചാതെമഹാനദീ പ്രമുഖതീൎത്ഥ
ത്തിലാം * ചെന്നഞ്ചമ്മെസ്നാനഞ്ചെയ്കിൽപാപസഞ്ചയമെല്ലാന്തു
ഞ്ചീടുംകാവേരിയിലെങ്കിലൊചൊല്ലേണമൊ * പതിതനെ
ന്നാകിലുംപാഷണ്ഡനെന്നാകിലും മതിപെട്ടുന്യമുള്ളോനാ
സ്തികനെന്നാകിലും* നദിയിലദ്ധോദയകാലേമജ്ജനഞ്ചെയ്കിൽ
ഗതകിൽബിഷംപരിശുദ്ധനായ്ഭവിച്ചീടും* കാവേരിയിങ്കൽത്തു
ലാമാസസ്നാനവുമഹാ പാവനപ്രയാഗത്തിൽമാഘമജ്ജനമ
തും* സേതുവിലദ്ധോദയസ്നാനവുംകോടിജന്മത്തെതോവാക്കായ
ങ്ങളാൽചെയ്തോരുതപഃഫലം *തീരാതപാപംചെയ്യുംദാനഷോ
ധമൻപോലുംശ്രീരാമസേതുവിങ്കലേകദാസ്നാനഞ്ചെയ്കിൽ*പാരാ
തെപാപന്നീങ്ങിസ്വൎഗ്ഗപ്രാപ്തിയുമുണ്ടാം പോരെഴുംപുണ്യകാല
ത്തിങ്കലേചൊല്ലേണമൊ * ജരസ്സിന്ധുവിൽമുങ്ങിക്കനത്ത
ദുഃഖംപൂണ്ടുമനുഷ്യജന്മത്തിന്നുള്ളനർത്ഥം പോക്കീടുവാൻ *
മനസ്സിലതിവേലംജനിച്ചകൃപയാലേ ധനുസ്സിൻകോടികൊ

ണ്ടുരാഘവന്തിരുവടി * പണ്ടുകീറിയരേഖാസേതുവിൽധ
നുഃഷ്കോടികണ്ടാൽ വന്നീടുംമോക്ഷം ദുർജ്ജനങ്ങൾക്കുപോ
ലും * കൊണ്ടാടിസ്നാനംചെയ്യൊൽക്കുണ്ടാകുംഫലമെന്നാൽ
കിൽ കുണ്ഡനായ്ഭവിച്ചീടുംകുണ്ഡലീശയനൻപോലും * കൊ
ണ്ടൽനേർവർണ്ണന്തന്നാലുണ്ടാക്കപ്പെട്ടസേതു കണ്ടുകൊള്ളുവാ
ൻകുറിക്കൊണ്ടമാനസന്തന്നിൽ * കണ്ടദേശങ്ങൾതോറുമ്മ
ണ്ടിസ്നുഞെരിച്ചുടനിണ്ടൽപൂണ്ടങ്ങെത്താതെകണ്ടവന്മരിക്കിലും *
അണ്ടർകോൻപുരത്തിങ്കൽകണ്ടോളമഴകേറും കണ്ടിവാർകുഴലി
മാർകണ്ടുകൌതുകംപൂത്ത * തണ്ടലർശരകേളികൊണ്ടേറുമാനന്ദ
മുൾക്കൊണ്ടിടുമാറാംജ്ഗല്ലുണ്ടകനെന്നാകിലും * കൊണ്ടാടി
തസ്സേതുകല്പടുത്തരാമവാക്യം കൊണ്ടിമ്മാഹാത്മ്യമുണ്ടായ്ലോ
കോപകാരാർത്ഥമായ് * പ്രത്യഹംപ്രഭാതത്തിൽസേതുവെസ്മ
രിപ്പവൻ ശുദ്ധനായ്സേതുസ്നാനഫലത്തോടുപേതനായ് * സു
ത്രാമലോകംപുക്കുസുഖിച്ചുവസിച്ചീടും പൃഥ്വീന്ദ്രകുലമൌലേസ
ത്യമെന്നറിഞ്ഞാലും * ചിത്തത്തിൽസേതുസ്നാനസക്തരാംമ
ഹാമുനി സത്തമന്മാരങ്ങുഞാനെത്തുവാൻപാർത്തുവാഴ്വോർ *
സതപരംചെന്നുഞാനുംസത്യസങ്കല്പന്മാരോടൊത്തുസേതുസ്നാന
വുംകൃതപാസമ്പൂർണ്ണമോദം * അത്രവവന്നുതവപത്ഥ്യമെന്നെ
ന്നാലര.ിന്നൊത്തവണ്ണമേതന്നെവർത്തിപ്പൻനിസ്സംശയം * ഇ
ങ്ങിനെമഹാമുനിപുംഗവൻധർമ്മങ്ങളെ സ്സംഗതാനന്ദമരുൾചെ
യ്തുസന്നിധിയിങ്കൽ * തിങ്ങിനഭക്തിയോടുംതൊഴുതുനില്ക്കുന്നോ
രു തുംഗനാംനൃപന്ദ്രനെനന്ദിച്ചുപുനഃപുനഃ * മംഗലാശീർവ്വാ
ദവുമരുളിമേല്ക്കുമേലെ മങ്ങാതതേജസ്സിനാലെങ്ങുംമേവിളങ്ങവേ *
ഇംഗിതജ്ഞന്മാരായതത്രത്യവിപ്രരോടു മങ്ങിനെപണിപ്പെട്ടനൃ
പതിശ്രേഷ്ഠനോടും * ഭംഗ്യായാത്രയുംചൊല്ലിശിഷ്യന്മാർചു
റ്റുംചുഴന്നങ്ങെഴുന്നെള്ളീടിനാൻദാല്ഭ്യനാംമുനിശ്രേഷ്ഠൻ * കാവേ
രീമാഹാത്മ്യത്തിൻസഹസ്രാംശത്തിലൊന്നു കേവലംസംക്ഷേ
പിച്ചുസൂചിപ്പിച്ചിതുഞാനും * പാവനംദിവ്യമാമിക്കാവേരീമാ
ഹാത്മ്യത്തെ സാവധാനാന്തരംഗംശ്രവിച്ചുഭക്തിയോടും * വി
ത്തശാഠ്യത്തെച്ചെറ്റുംചെയ്യാതെ വൃത്താന്തത്തിലുത്തമനായ
പൌരാണികനെയഥാന്യായം * ശ്രദ്ധയാദക്ഷിണാദികൊ
ണ്ടുപൂജിച്ചീടുകിലത്രഭോഗങ്ങളെല്ലാംഭുജിച്ചുയഥാരസം * ദുഗ
ദ്ധാബ്ധിശായിലോകംവൈകുണ്ഠമകംപുക്കു ബദ്ധസമ്മദംസദാവാ
ഴുമെന്നറിഞ്ഞാലും * ഏവരുമറിയേണമെല്ലതായ്പുരുഷാർത്ഥം
കൈവരുംമാർഗ്ഗമെന്നുസങ്കല്പിച്ചിട്ടുതന്നേ * കേവലമറിയപ്പോ

കാൎത്തിലും ചൊന്നേൻ തുലാക്കാവേരിമാഹാത്മ്യമദ്ധ്യായം മുപ്പത്തു
മേവം * ശ്രദ്ധയാ പഠിപ്പോൎക്കും കേൾക്കുന്ന ജനത്തിനും സിദ്ധി
ക്കുമായുരാരോഗ്യൈശ്വൎയ്യാദികളെല്ലാം * ബുദ്ധിയും സദ്വൃത്തി
യാൎന്നീടുമത്രയല്ല സിദ്ധിക്കും പുരുഷാൎത്ഥം സത്യമെന്നറിഞ്ഞാ
ലും * [illegible]രസപ്രിയന്മാൎക്കു ഗോകുലമെന്നപോലെ ഘോരസം
സാരക്കടൽ കടപ്പാനിച്ഛിച്ചീടും * സാരജ്ഞന്മാൎക്കിത്തുലാകാ
വേരിമാഹാത്മ്യമുൾത്താരിലോൎത്തനാരതം ഗോപനീയമാം ധ്രു
വം * മുനിവേദാദിസേവ്യൻ കലിയാമിക്കാലത്തിൽ ജനതാര
ക്ഷണത്തിന്നായ്ക്കൊണ്ടു കൃപയാലേ * ജനിതാദരം പെരുങ്കുറി
ശ്ശിതന്നിൽ വാഴും വനിതാൎദ്ധാംഗമീനാക്ഷീശ്വരപാദഭക്തൻ *
ഹേമാംബുജന്മാലയവാക്പ്രസാദാഢ്യായി ശ്രീഹേമാംബാപാ
ദാംബുജാലംബലോലംബസ്വാന്തൻ * ധീമന്മാനസഹംസ മണ
ല്ലൂരാചാൎയ്യേന്ദ്ര ശ്രീമൽപാരംപൎയ്യക്ഷീരാബ്ധിശീകരഭൃതൻ * മ
നസാവാചാതനപാൎശ്വസേവയാതീൎണ്ണജനി സാഗരനായസു
ബ്രഹ്മണ്യോഹം മുദാ * ഫലസാരാൎത്ഥയാമിക്കഥയെസ്സാധു
സംവിദനുസാരേണ ചൊന്നേനവക്കുറിവാനായ് * പേരായി
രത്തിലേററം പേരാളും തിരുനാമം പേരായധീരോദാത്തൻ സൎവ്വ
ദാ ജയിക്കേണം * പാരിച്ചോരാപത്തുകൾ ദൂരത്തു നീങ്ങീടേണം
പൂരിച്ച കല്യാണങ്ങൾ നേരൊത്തു വന്നീടേണം * സജ്ജനമനു
ഗ്രഹിച്ചീടുവൻ വണങ്ങുന്നോരിജ്ജനത്തിങ്കൽ കനിഞ്ഞരുളീടേ
ണം സദാ * ദുൎജ്ജനം നിന്ദിക്കിലുമേകദാ കാവേരിയിൽ മജ്ജനം
ചെയ്കിലതുനമുക്കു മഹാലാഭം * നിശ്ചലശ്രീമൽഗുരുകാരുണ്യാ
മൃതം തന്നേ നിശ്ചയം പാലിപ്പതു സൎവ്വദാ സൎവ്വാത്മനാ * മെച്ച
മെന്നതില്പരമുള്ളതു ലോകത്തിങ്കൽ തച്ചരണാബ്ജം വണങ്ങീ
ടുന്നോൻ സദാകാലം * അച്യുതാനന്തവിഷ്ണോ ഗോവിന്ദ നാരാ
യണ സച്ചിദാനന്ദമൂൎത്തേ ജയിക്കെന്നേവം ചൊല്ലി * സച്ഛമാ
നസയായ പൈങ്കിളിപ്പൈതൽ താനും സ്വച്ഛന്ദം വാണാളപ്പോൾ
സമ്പൂൎണ്ണസുമംഗലം *

ശ്രീമൽക്കാവേരിമാഹാത്മ്യം സമാപ്തം.

കല്യാണം കലയത്വനന്തമഹിമാ കല്യാണപത്മാലയാ
കല്യാണാചലവൎയ്യചാപമഹിഷീ കല്യാമയദ്ധ്വംസിനീ
കല്യാമല്ലരദേവതാ ഭഗവതി കല്ലാൎത്ഥളം വാണെഴും
കല്യാണി മമ സൎവ്വദാപി കരുണാകല്ലോലലോലേക്ഷണാ.

ശുഭമസ്തു.

MUL
034792

20 OCT 1938